# കൃഷ്ണം ശരണം ഗച്ഛാമി



ആയുശ്ശിലെന്റ് പരമേശ്വരൻപിള്ള

ശ്രേയസ്

ഭാരതത്തിന്റെ ആദ്ധ്യാത്മികജ്ഞാനവും സാംസ്കാരികപൈതൃകവും പരിപോഷിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന മഹദ്ഗ്രന്ഥങ്ങൾ, അവയുടെ മൂല്യവും വ്യക്തതയും ഒട്ടും ചോർന്നുപോകാതെതന്നെ, നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പരിരക്ഷിക്കുകയും ജിജ്ഞാസുകൾക്ക് സൗജന്യമായി പകർന്നുകൊടുക്കുകയും ചെയ്യുക എന്ന ശ്രേയസ് ഫൗണ്ടേഷന്റെ ലക്ഷ്യ സാക്ഷാത്കാരമാണ് ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറി.

ഗ്രന്ഥശാലകളുടെയും ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെയും വ്യക്തികളുടെയും സഹകരണത്തോടെ കോർത്തിണക്കിയിരിക്കുന്ന ഈ ഓൺലൈൻ ലൈബ്രറിയിൽ അപൂർവ്വങ്ങളായ വിശിഷ്ടഗ്രന്ഥങ്ങൾ സ്കാൻചെയ്ത് മികവാർന്ന ചെറിയ പി ഡി എഫ് ഫയലുകളായി ലഭ്യമാക്കിയിരിക്കുന്നു. ഇവ കമ്പ്യൂട്ടറിലോ പ്രിന്റ് ചെയ്തോ എളുപ്പത്തിൽ വായിക്കാവുന്നതാണ്.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയിൽ ലഭ്യമായ ഗ്രന്ഥങ്ങൾ വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി സൗജന്യമായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ വാണിജ്യപരവും മറ്റുമായ കാര്യങ്ങൾക്കായി ഇവ ദുരുപയോഗം ചെയ്യുന്നത് തീർച്ചയായും അനുവദനീയമല്ല.

ഈ ഗ്രന്ഥശേഖരത്തിന് മുതൽക്കൂട്ടായ ഈ പുണ്യഗ്രന്ഥത്തിന്റെ രചയിതാവിനും പ്രകാശകർക്കും നന്ദി രേഖപ്പെടുത്തുന്നു.

ശ്രേയസ് ഓൺലൈൻ ഡിജിറ്റൽ ലൈബ്രറിയെക്കുറിച്ചും ശ്രേയസ് ഫൗണ്ടേഷനെക്കുറിച്ചും കൂടുതൽ വിവരങ്ങൾ അറിയാനും പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും ശ്രേയസ് വെബ്സൈറ്റ് സന്ദർശിക്കുക.

http://sreyas.in



കൃഷ്ണം ശരണം ഗച്ഛാമി

(Malayalam)

# KRISHNAM SARANAM GACCHAMI

(A Collection of the Authors' Essays on LORD SRI KRISHNA)

By

Sadhuseelan K. Parameswaran Pillai

Kanyakumari

Published by:

**Manager, Sri Krishna Mandir**
**Madhavapuram, Kanyakumari**

First Published 27 - 7 - 1980

Printed At
Pioneer Muthu Printing House, Krishnancoil, Nagercoil.

Rights reserved by the Author

Price Rs. 10-00

# കൃഷ്ണം ശരണം ഗച്ഛാമി

ഗ്രന്ഥകർത്താ:

സാധുശീലൻ കെ. പരമേശ്വരൻപിള്ള

പ്രകാശനം

**ശ്രീകൃഷ്ണ മന്ദിർ,**

മാധവപുരം കന്യാകുമാരി–629702

വില രൂപ 10–00

സാധുശീലൻ

# കെ. പരമേശ്വരൻ പിള്ളയുടെ കൃതികളിൽ ചിലത്:-

ജയ ജഗജ്ജനനി

ഹിന്ദുധർമ്മ പരിചയം

കന്യാകുമാരിയും ചുററുക്ഷേത്രങ്ങളും

കന്യാകുമാരി മുതൽ കപിലവാസ്തുവരെ

കന്യാകുമാരി

സംസ്കാരകർമ്മങ്ങൾ


മഹാത്മാഗാന്ധി: മാർഗ്ഗവും ലക്ഷ്യവും

കൃഷ്ണം ശരണം ഗച്ഛാമി

ധർമ്മരശ്മികൾ

പുണ്യചരിതാവലി

ഓം ഇച്ഛാശക്തി ജ്ഞാനശക്തി ക്രിയാശക്തി സ്വരൂപിണ്യൈനമഃ
ഓം ജന്മമൃത്യു ജരാതപ്തജന വിശ്രാന്തിദായിന്യൈ നമഃ
ഓം കാമേശ്വര ബ്രഹ്മവിദ്യായൈ നമഃ



ഓം ധർമ്മിണ്യൈ നമഃ ഓം ധർമ്മവർദ്ധിന്യൈ നമഃ
ഓം പത്മനാഭ സഹോദര്യൈ നമഃ
ഓം വിഷ്ണുമായായൈ നമഃ ഓം ആത്മവിദ്യായൈ നമഃ

ഓം

ഓം മുകുന്ദായൈ നമഃ ഓം നന്ദിന്യൈ നമഃ
ഓം നാരായണ്യൈ നമഃ ഓം ഗോവിന്ദരൂപിണ്യൈ നമഃ
ഓം വിഷ്ണുരൂപിണ്യൈ നമഃ ഓം വൈഷ്ണവ്യൈ നമഃ
ഓം ശ്രീസുധാബ്ധിമണിദ്വീപമദ്ധ്യഗായൈ നമോനമഃ
ഓം അന്തർമ്മുഖജനാനന്ദ ഫലദായൈ നമോനമഃ

**കൃഷ്ണം ശരണം ഗച്ഛാമി**

# വിഷയാനുക്രമണിക

(കൃഷ്ണം ശരണം ഗച്ഛാമി)


| ക്രമനമ്പ്ര്: | | പുറം |
|---|---|---|
| I | അവതാരിക | 1 |
| II | ആശംസ | 5 |
| III | ആമുഖം | 6 |
| 1 | കൃഷ്ണം ശരണം ഗച്ഛാമി | 9 |
| 2 | ലീലാതരംഗം | 13 |
| 3 | ശ്രീകൃഷ്ണൻ–ചരിത്രപുരുഷൻ | 17 |
| 4 | ശ്രീകൃഷ്ണൻ–നേതാവും മാർഗ്ഗദർശിയും | 23 |
| 5 | ''പരിത്രാണായ സാധൂനാം'' | 30 |
| 6 | ശ്രീകൃഷ്ണഭക്തി പ്രാചീന അറേബ്യയിൽ | 39 |
| 7 | ബ്രഹ്മം–ശ്രീകൃഷ്ണരൂപത്തിൽ | 45 |
| 8 | അനാദി ബ്രഹ്മചാരിണേ നമഃ | 52 |
| 9 | യത്രയോഗേശ്വരഃ കൃഷ്ണോ | 57 |
| 10 | ശ്രീകൃഷ്ണൻ–ശിഷ്യനും ഗുരുവും | 65 |
| 11 | ശ്രീകൃഷ്ണഃ ശരണം മമ | 72 |
| 12 | 'വെണ്ണ കവർന്നുണ്ണും കണ്ണൻ' | 76 |
| 13 | 'കൃഷ്ണസ്തുഭഗവാൻ സ്വയം' | 84 |
| 14 | 'ത്വമാദിദേവപുരുഷഃ പുരാണഃ' | 94 |
| 15 | 'കൃഷ്ണം വന്ദേജഗൽഗുരും' | 101 |
| 16 | രാധാകൃഷ്ണനും രാസലീലയും | 109 |
| 17 | ശ്രീകൃഷ്ണ ഭക്തന്റെ ലക്ഷണം | 122 |
| 18 | ധർമ്മം ശരണം ഗച്ഛാമി | 128 |
| 19 | ത്രിശരണതത്വം | 136 |
| 20 | ജീവിതമെന്ന ഗോകുലത്തിൽ | 142 |
| 21 | ദ്വാരകാനാഥന്റെ ദിനചര്യ | 147 |

| ക്രമനമ്പ്ര്: | | പുറം |
|---|---|---|
| 22 | യതോ ധമ്മസ് തതഃ കൃഷ്ണോ | 154 |
| 23 | ഗോപാഷ്ടമിയും ഗോരക്ഷയും | 162 |
| 24 | ''ശ്രീകൃഷ്ണനെ ഭജിച്ച് കാര്യം കാണുക'' | 168 |
| 25 | ഭാഗവതധമ്മത്തിൻെറ പുനരാഖ്യാനം | 174 |
| 26 | ഉദ്ധവോപദേശം | 181 |
| 27 | ഇരുട്ടും വെളിച്ചവും | 192 |
| 28 | ഭഗവൽഗീതയുടെ ജന്മദിനം | 196 |
| 29 | പാർത്ഥസാരഥി | 202 |
| 30 | ഗീതയിലെ സമരസന്ദേശം | 209 |
| 31 | സംഘം ശരണം ഗച്ഛാമി | 215 |
| 32 | വിവേകവാണി | 226 |
| 33 | ജന്മാഷ്ടമിയും ആഘോഷവും | 231 |
| 34 | പൂർണ്ണ പുണ്യോത്സവം | 236 |
| 35 | അവതാരവും സ്വർഗ്ഗാരോഹണവും | 243 |
| 36 | കൃഷ്ണ കൃഷ്ണേതി നാമം | 254 |
| 37 | അന്യമതസ്ഥരുടെ കൃഷ്ണഭക്തി | 261 |
| 38 | കൃഷ്ണഗീതാമന്ദിരം | 269 |
| 39 | കൃഷ്ണസാഹിത്യം തമിഴിൽ | 274 |
| 40 | വാർക്കരി തീർത്ഥാടനം | 281 |
| 41 | കൃഷ്ണഭക്തനായ ശങ്കരദേവൻ | 287 |

അനുബന്ധം-ഓം ശ്രീകൃഷ്ണാർപ്പണമസ്തു—ശ്രീകൃഷ്ണ ശരണാഗതി
ഗ്രന്ഥകാരൻെറ രണ്ടു കൃതികളെപ്പററി. 296

ഓം

ഓം ശ്രീകൃഷ്ണായ നമഃ ഓം നാരായണായ നമഃ

ഓം ലീലാമാനുഷ വിഗ്രഹായ നമഃ

ഓം നരനാരായണാത്മകായ നമഃ

**ഓം വേണുനാദ വിശാരദായ നമഃ**

**ഓം യോഗമായാസമാവൃതായ നമ**

**ഓം മായായന്ത്രഭ്രാമയിത്രേ നമഃ**

**ഓം ധർമ്മസംസ്ഥാപനോദ്യുക്തായ നമഃ**

**ഓം ഗീതാമൃത മഹോദധയേ നമഃ**

**ഓം അനന്യഭക്തിസുലഭായ നമഃ**

**ഓം സർവ്വഗുഹ്യതമ ജ്ഞാനദാത്രേ നമഃ**

**ഓം വേദവേദ്യായ നമഃ ഓം സനാതനായ നമഃ**

**ഓം ജഗദ്ഗുരവേ നമഃ ഓം ജഗന്നാഥായ നമഃ**

ഓം പരബ്രഹ്മണേ നമഃ ഓം പരമാത്മനേ നമഃ

# കൃഷ്ണം ശരണം ഗച്ഛാമി

ബ്രഹ്മശ്രീ

സ്വാമി ജ്ഞാനാനന്ദസരസ്വതി തിരുവടികളുടെ

# അവതാരിക

"കൃഷ്ണം ശരണം ഗച്ഛാമി" എന്ന ഈ പുതിയ പുസ്തകം ശ്രീകൃഷ്ണ ഭഗവാന്റെ മഹിമകളെ പ്രകീർത്തിക്കുന്നതും, ഒരു ശ്രീകൃഷ്ണ ഭക്തന്റെ ശരണാഗതിയുടെ പ്രതീകവുമാണെന്ന് പേരുകൊണ്ടു തന്നെ അനുവാചകർ ധരിച്ചിട്ടുണ്ടാവാം. അതു ശരിയാണ്. എന്നാൽ അത്രമാത്രമല്ല; ഈശ്വരദാഹംകൊണ്ടാർത്തനായ ഒരു യഥാർത്ഥ ഭക്തന്റെ തൊണ്ട പൊട്ടുമാറുള്ള നിലവിളിയാണ് ഈ പുസ്തകത്തിലെ ഉള്ളടക്കമെന്നുകൂടി പറയേണ്ടിയിരിക്കുന്നു.

പീലിത്തിരുമുടിയും ഗോപിക്കുറിയും പീതാംബരവും ഓടക്കുഴലും വനമാലയുമായി ഭക്തിജ്ഞാന വൈരാഗ്യങ്ങളില്ലാത്ത മൂഢന്മാരായ മനുഷ്യരുടെ ഇടയിലേക്കിറങ്ങിവന്ന മേഘശ്യാമള വർണ്ണനായ ഭഗവാനെ! ഗോപാലകൃഷ്ണ! അങ്ങെവിടെയാണ്? എന്നെ അങ്ങയിലേക്കടുപ്പിക്കൂ! അല്ലെങ്കിൽ അങ്ങെന്നിൽ വന്നു ചേരൂ! ലോകത്തിലുള്ള രൂപങ്ങളെയെല്ലാം പരിശോധിച്ചുനോക്കി; അവിടത്തെ ദിവ്യസ്വരൂപത്തെമാത്രം കണ്ടില്ല. അമൃതായമാനമായ വേണുനാദത്തിന്റെ ഒരിററ് ആസ്വദിക്കാൻവേണ്ടി ശബ്ദപ്രപഞ്ചത്തെ മുഴവൻ പരതിനോക്കി; ആ ബ്രഹ്മനാദത്തെമാത്രം കിട്ടിയില്ല. മായാമയനായ അങ്ങെവിടെയാണ്! എന്നിലേക്കൊന്നിറങ്ങിവരൂ!

ഈ വാക്യങ്ങൾ പുസ്തകത്തിൽ എഴുതപ്പെട്ടവയല്ല. എന്നാൽ പുസ്തകത്തിലെ വാക്യങ്ങളുടെയെല്ലാം സാരസംഗ്രഹമാണ് ഇവ എന്നു പറഞ്ഞാൽ തെററില്ല. അതെ; സഗുണഭക്തിയുടെ ഉയർന്ന മണ്ഡലത്തിലേക്ക് കയറുമ്പോൾ ഉണ്ടാവുന്ന ഭാവവിശേഷങ്ങൾ.

ഗ്രന്ഥകാരൻെറ ഭാവനകൾ എവിടേക്കെല്ലാം പാളിപ്പോകുന്നുവോ; അവിടെയെല്ലാം തൻെറ ഇഷ്ടദേവതയും ജീവിത സർവ്വസ്വവുമായ ശ്രീകൃഷ്ണനെ മാത്രം കാണുന്നു. അതിൻെറ ഫലമായി ഗ്രന്ഥകർത്താവ് ശ്രീകൃഷ്ണനെ രാഷ്ട്രനേതാവായും, പരമാചാര്യനായും, മാതൃകാശിഷ്യനായും, പരമത്യാഗിയായും, ഭക്തവത്സലനായും, നിത്യബ്രഹ്മചാരിയായും, ജീവകാരുണ്യത്തിൻെറ ഉറവിടമായും എന്നു വേണ്ട പല നിലകളിലും കാണുകയും സമർത്ഥിക്കുകയും ചെയ്യുന്നു.

ശ്രീകൃഷ്ണനെ അറിയുകയോ അറിയാൻ ശ്രമിക്കുകയോ, ആരാധിക്കുകയോ, ഉപാസിക്കുകയോ, അനുകരിക്കുകയോ ചെയ്യാത്തവരോടെല്ലാം ഒരുതരം ഈർഷ്യതന്നെയുണ്ടോ ഗ്രന്ഥകാരനെന്ന് സംശയിക്കത്തക്ക നിലയിലുള്ള പ്രതിപാദനങ്ങളും ധാരാളമുണ്ട്. പ്രേമഭക്തിയുടെ പല പടികളിൽക്കൂടെ കയറിപോവുമ്പോഴുണ്ടാകാവുന്ന ഭാവവിശേഷങ്ങളാണ് അവയെല്ലാമെന്നേ കരുതേണ്ടതുള്ളു. അദ്ധ്യാത്മജ്ഞാനത്തിന്നു ഒഴിക്കാൻ വയ്യാത്ത ഒന്നാണ് ചിത്തശുദ്ധി. വിഷയചിന്തകളെക്കൊണ്ടും കർമ്മവാസനകളെക്കൊണ്ടും രാഗാദിവികാരങ്ങളെക്കൊണ്ടും പ്രായേണ മിക്കപേരുടെയും മനസ്സ് മിക്കസമയത്തും ആത്മതത്വഗ്രഹണത്തിനു പററാത്ത നിലയിൽ അശുദ്ധമായിക്കൊണ്ടിരിക്കും. അന്തഃക്കരണത്തിലെ രജസ്തമോഗുണങ്ങളാണതിന് കാരണം. നിഷ്ക്കളങ്കയായ പ്രേമഭക്തി ഒന്നുകൊണ്ടുമാത്രമേ അവയെ അകററി മനസ്സിനെ ശുദ്ധവും ഏകാഗ്രവും അന്തർമുഖവുമാക്കിത്തീക്കാൻ കഴിയുകയുള്ളു. ഈ പരമാർത്ഥം അനാദികാലം മുതൽക്കേ ഉള്ള ഒരു സിദ്ധാന്തമാണ്. അതിനാൽ ജിജ്ഞാസുക്കളും മുമുക്ഷുക്കളുമായ സാധകന്മാക്ക് ഒഴിവാക്കാൻ വയ്യാത്ത ഒന്നാണ് പ്രേമഭക്തി; പ്രത്യേകിച്ചും ശ്രീകൃഷ്ണഭക്തി

മനുഷ്യൻെറ അദ്ധ്യാത്മാദി ത്രിവിധതാപങ്ങളെ തീർത്തു സുഖസമാധാനങ്ങളിലേക്കുയർത്താൻവേണ്ട ജ്ഞാനത്തെയും കർമ്മത്തെയും ഉപദേശിച്ച വ്യാസമഹർഷി അവ സഫലങ്ങളായില്ലെന്നുകണ്ട് നിരാശപ്പെടേണ്ടിവന്നു. അറിവും പ്രവർത്തിയുമാകുന്ന രണ്ടു സംസ്ക്കാരങ്ങളേ മനുഷ്യനിലുള്ളു; അവ ദൂഷിച്ചാണ് അധഃപതിക്കുന്നതു്. ആ സ്ഥിതിക്ക് അവ രണ്ടും നന്നായാൽ ഉൽഗതിക്കാതിരിക്കാൻവയ്യ എന്ന നിഗമനത്തിലാണ് വ്യാസാചാര്യൻ കർമ്മ

ജ്ഞാനങ്ങളെ ഉപദേശിച്ചതു്. അവ പരാജയപ്പെട്ടപ്പോരം ഇനി എന്താണു് ചെയ്യേണ്ടതെന്നറിയാതെ അദ്ദേഹം ചിന്താവിഷ്ടനായി. അപ്പോഴാണു് ശ്രീ നാരദമഹർഷി വന്നു പറഞ്ഞതു്. മനുഷ്യനു് അറിവും പ്രവർത്തിയും മാത്രമല്ല; വിചാരമെന്ന മറെറാരു സംസ്ക്കാരം കൂടിയുണ്ടു്. മനസ്സാണതിൻെറ ഉപാധി. മനസ്സും ചിന്തകളും ദുഷിച്ചാൽ മററു രണ്ടിനെയും തകർക്കും. അതിനാൽ മനസ്സാണാദ്യം നന്നാവേണ്ടിയിരിക്കുന്നതു്. ഈശ്വരപ്രേമംകൊണ്ടുമാത്രമേ മനസ്സിനെയും ചിന്തകളെയും ശുദ്ധീകരിക്കാൻ കഴിയൂ; അതിനാൽ ശ്രവണമാത്രത്തിൽ ഈശ്വരനിൽ പ്രേമം വളരത്തക്ക നിലയിൽ ഭഗന്മഹിമകളെ വർണ്ണിക്കു എന്നു് അതിൻെറ ഫലമായിട്ടാണു് ഭാഗവതം എഴുതപ്പെട്ടതെന്നുപോലും പറയപ്പെട്ടുവരുന്നു.

ഭാഗവതത്തിലെ മുഖ്യകഥാനായകൻ ശ്രീകൃഷ്ണനാണു്. മററു സംസ്കാരമൊന്നുമില്ലെങ്കിലും ശ്രീകൃഷ്ണോപാസനം ഒന്നുകൊണ്ടുമാത്രം ജ്ഞാനിയും മുക്തനുമായിത്തീരുമെന്നതിന്നു് അനേകം ഉദാഹരണങ്ങരം ഭാഗവതത്തിൽ പ്രകാശിപ്പിച്ചിട്ടുമുണ്ടു്. ഉദാഹരണത്തിനു് ഗോകുലത്തിലെ ഗോപസ്ത്രീകളെ എടുക്കാം. അവർക്കു് ജന്മശുദ്ധിയോ കർമ്മശുദ്ധിയോ വിദ്യാഭ്യാസമോ സൽസംഗമോ ഒന്നുമുണ്ടായിരുന്നില്ല, ശ്രീകൃഷ്ണപ്രേമം ഒന്നുകൊണ്ടുമാത്രം അവർ സർവ്വാരാദ്ധ്യകളും ജീവന്മുക്തരുമായെന്നു വെളിപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ഭാഗവത ഗ്രന്ഥംതന്നെയാണു് ഈ ഗ്രന്ഥകർത്താവിനെയും ശ്രീകൃഷ്ണഭക്തിയിലേക്കുയർത്തിയിരിക്കുന്നതെന്നു അവിടവിടെ ഉദാഹരിക്കുന്ന ഭാഗവതകഥകളെക്കൊണ്ടും ഉദ്ധരിക്കപ്പെട്ട ശ്ലോകങ്ങളെക്കൊണ്ടും ബോധിക്കാൻ കഴിയുന്നതുമാണു്. ഏതായാലും ശ്രീകൃഷ്ണമാഹാത്മ്യങ്ങളുടെയും ശ്രീകൃഷ്ണഭക്തിയുടെയും ശ്രീകൃഷ്ണോപാസനത്തിൻെറയും ഒരു സാമാന്യ ഉൽബോധനമാണു്. ഈ ഗ്രന്ഥത്തിലെ ഉള്ളടക്കമെന്നു ചുരുക്കിപ്പറയാം. ആവർത്തനങ്ങളും ഇല്ലായ്കയില്ല. പക്ഷെ ഭക്തിപരങ്ങളായ പ്രതിപാദനങ്ങരംക്കു് അതലങ്കാരമാണെന്നു പറയാം.

''ഹിന്ദുധർമ്മ പരിചയം'', ''കന്യാകുമാരി മുതൽ കപിലവസ്തു വരെ'' ''സംസ്ക്കാര കർമ്മങ്ങരം'' തുടങ്ങിയ അനേകം പുസ്തകങ്ങരം ഇതിനു് മുമ്പുതന്നെ എഴുതി പ്രസിദ്ധീകരിച്ച സാധുശീലൻ കെ. പരമേശ്വരൻ പിള്ള അവർകളാണു് ഈ പുസ്തകത്തിൻെറയും

കർത്താവു്. പ്രസ്തുത പുസ്തകങ്ങൾവഴിക്കും, ലേഖനങ്ങൾവഴിക്കും. പ്രസംഗങ്ങൾവഴിക്കും, പൊതുപ്രവർത്തനങ്ങൾവഴിക്കും ശ്രീ പിള്ള യും അദ്ദേഹത്തിന്റെ സാഹിത്യവും കേരളീയക്കു് സുപരിചിതങ്ങ ളാണു്. അതിനാൽ ഇതിലെ സാഹിത്യത്തെപ്പററി കൂടുതൽ നിരൂ പിക്കേണ്ട ആവശ്യമില്ല. ലളിതമായ ഭാഷയിൽ പ്രമേയത്തെ സ്പ ഷ്ടമായി പ്രകാശിപ്പിക്കുകയെന്നതാണു് അദ്ദേഹത്തിന്റെ പ്രതിപാ ദനശൈലി. ആ സമ്പ്രദായത്തെയാണു് ഈ ഗ്രന്ഥത്തിലും അവ ലംബിച്ചിരിക്കുന്നതു്. ഗ്രന്ഥകാരൻ അപ്പോഴപ്പോൾ പല മാസിക കളിലും വാരികകളിലുമായി പ്രസിദ്ധീകരിച്ച നാൽപത്തൊന്നു് ലേഖനങ്ങളാണു് ഈ പുസ്തകത്തിലെ ഉള്ളടക്കത്തിന്റെ സ്ഥൂല സ്വരൂപം. എല്ലാ ലേഖനങ്ങളുടേയും അന്തർധാര ഒന്നു മാത്ര മാണു്—''ശ്രീകൃഷ്ണ ഭക്തി''.

''കൃഷ്ണം ശരണം ഗച്ഛാമി'' ''സംഘം ശരണം ഗച്ഛാമി'' ''ധർമ്മം ശരണം ഗച്ഛാമി'' എന്ന മൂന്നു വാക്യങ്ങളെ തന്റെ മുദ്രാവാക്യങ്ങ ളായി ഗ്രന്ഥകർത്താവു് അംഗീകരിച്ചിട്ടുണ്ടെന്നു് ഈ ഗ്രന്ഥ ത്തിൽനിന്നു് കാണാൻ കഴിയുന്നുണ്ടു്. ആ വീക്ഷണത്തിൽക്കൂടെ നോക്കുമ്പോൾ പ്രസ്തുത മൂന്നു് സമ്പ്രദായത്തിൽ ഇതിലെ ലേഖന ങ്ങളെ—വഴിക്കുവഴിയായി അങ്ങനെ ചെയ്തിട്ടില്ലെങ്കിലും—വേർ തിരിക്കാൻ കഴിയുമെന്നു കാണാവുന്നതുമാണു്.

ഭക്തന്മാക്കു് പൊതുവേയും, ശ്രീകൃഷ്ണഭക്തന്മാക്കു് പ്രത്യേക മായും സന്തോഷത്തെ കൊടുക്കുന്ന ഒന്നാണു് ''കൃഷ്ണം ശരണം ഗച്ഛാമി'' എന്ന ഈ പുതിയ പ്രസിദ്ധീകരണം. ഗ്രന്ഥകർത്താ വിന്റെ ഷഷ്ടിപൂർത്തിയോടനുബന്ധിച്ചു് പ്രസിദ്ധീകരിക്കാൻ നിശ്ചയിച്ച മൂന്നു പുസ്തകങ്ങളിൽ ഒന്നാമത്തെ പ്രസിദ്ധീകരണമാണു് ഈ പുസ്തകമെന്നും മററു രണ്ടു് പ്രസിദ്ധീകരണങ്ങളും അചിരേണപുറ ത്തുവരുമെന്നും അറിയാൻ കഴിഞ്ഞതിൽ പ്രത്യേക സന്തോഷമുണ്ടു്. ഷഷ്ടിപൂർത്തിക്കു്ശേഷമുള്ള ഏകാന്ത വിശ്രമസമയത്തും ശ്രീ പരമേ ശ്വരൻ പിള്ള അവർകൾ ഇതുപോലുള്ള അദ്ധ്യാത്മ ഗ്രന്ഥങ്ങളെ ക്കൊണ്ടു അനുവാചകരെയും, ഭക്തന്മാരെയും അനുഗ്രഹിക്കാനിടവര ട്ടെയെന്നു പ്രാർത്ഥിക്കുന്നു. അതിനു് തക്ക സുഖസമാധാനങ്ങളും ആരോഗ്യത്തോടുകൂടിയ ദീർഘായുസ്സും കരുണാനിധിയായ ശ്രീകൃഷ്ണ ഭഗവാൻ അദ്ദേഹത്തിനനുഗ്രഹിച്ചുകൊടുക്കാനിടവരട്ടെ എന്നാശം സിച്ചുകൊണ്ടു ഈ പുതിയ പ്രസിദ്ധീകരണത്തെ ഭക്തന്മാരുടെ മുന്നിൽ അവതരിപ്പിച്ചുകൊള്ളുന്നു.

ആനന്ദകുടീരം,
കന്യാകുമാരി
29–6–1980

സ്വാമി ജ്ഞാനാനന്ദസരസ്വതി

ബ്രഹ്മശ്രീ

സ്വാമി അഭേദാനന്ദഭാരതി തിരുവടികളുടെ

# ആശംസ

## ശ്രീ രാധാകൃഷ്ണാഭ്യാം നമഃ

ഭക്തവരനും, പ്രതിഭാശാലിയും, നിഷ്ഠാവാനും, സാധകാഗ്രേസരനും, മനീഷിയും, സാഹിത്യകുശലനുമായ 'സാധുശീലൻ പരമേശ്വരൻ പിള്ള' ഭക്തജനങ്ങൾക്ക് സുപരിചിതനാണ്. അദ്ദേഹം അപ്പോഴപ്പോൾ പല പത്ര—മാസികകൾക്കായി എഴുതിക്കൊടുത്തിട്ടുള്ള ലേഖനങ്ങളുടേയും, പല സ്ഥാനങ്ങളിൽ വിശേഷാവസരങ്ങളിൽ ചെയ്തിട്ടുള്ള പ്രഭാഷണങ്ങളുടേയും ഒരു സമാഹാരമാണ് പ്രസ്തുത ഗ്രന്ഥത്തിലെ ഉള്ളടക്കം. ഈ വിശിഷ്ടഗ്രന്ഥത്തിൽ ഭക്തിയുടേയും ശാസ്ത്രീയചിന്തനത്തിന്റേയും അത്ഭുതസമന്വയം നാം ദർശിക്കുന്നു. ഈ ഗ്രന്ഥത്തിന് 'കൃഷ്ണം ശരണം ഗച്ഛാമി' എന്ന് അദ്ദേഹം നൽകിയിരിക്കുന്ന നാമം, 'സാധുശീലൻ' എന്ന അന്വർത്ഥനാമത്തിന് ഏററവും അനുയോജ്യമായിത്തന്നെയിരിക്കുന്നു.

ചിന്തനവും മനനവും നിരന്തരം അനുഷ്ഠിക്കുന്ന മഹത് വ്യക്തികൾക്കുണ്ടാകുന്ന ഗംഭീരാനുഭൂതിയാണ് ധ്യാനം. ഇപ്രകാരം സാധന—സമ്പത്താകുന്ന ധ്യാനംകൊണ്ടും, അനന്യസാധാരണ പാണ്ഡിത്യത്തിന്റെ സംയോഗംകൊണ്ടുമാണ് ശ്രീ സാധുശീലൻ ഈ സദ്ഗ്രന്ഥം രചിച്ചിട്ടുള്ളത്. ധാർമ്മികസാഹിത്യഗ്രന്ഥങ്ങൾ അത്യന്തം ആദരവോടും അധ്യവസായ പൂർവ്വകവും അധ്യയനംചെയ്തശേഷമാണ് പ്രസ്തുത ലേഖനങ്ങൾ തയ്യാറാക്കിയിട്ടുള്ളത് എന്നു പറയുന്നതിൽ അശേഷം അതിശയോക്തിയില്ല. ആദ്ധ്യാത്മിക ജീവിതം നയിക്കുന്ന—പ്രയത്നശീലരായ മഹാജനങ്ങൾ ഈ മഹത്ഗ്രന്ഥം പഠനവും പാഠനവും അവശ്യം ചെയ്യേണ്ടതാണ്. ഈ ഭവ്യകൃതിക്കും ഗ്രന്ഥകാരനും സകല ഭാവുകങ്ങളും ആശംസിച്ചുകൊള്ളുന്നു.

ശ്രീ രാധാ—ചരണ—രേണു—കൃപാകാംക്ഷി

**അഭേദൻ**

അഭേദാശ്രമം
തിരുവനന്തപുരം
26–6–1980

ശ്രീ ഹരിഃ ശരണം

# ആമുഖം

'കൃഷ്ണം ശരണം ഗച്ഛാമി'—ഞാൻ കൃഷ്ണനെ ശരണം പ്രാപിക്കുന്നു—എന്നതു് മന്ത്രമുഗ്ദ്ധമായ ഒരു വാക്യമാണു്; അനുഷ്ഠാനപ്രധാനമാകുന്നു. ശ്രീകൃഷ്ണപരമായ ലേഖനങ്ങളിലൂടെ പ്രതിധ്വനിക്കുന്ന അന്തർനാദം അതാണാകയാൽ ഗ്രന്ഥനാമവും അങ്ങനെയായി. മററു പലർക്കും ഇതു ഉപകാരപ്രദമായിരിക്കുമെന്ന ശരാശരി മനുഷ്യാഭിപ്രായം മാനിച്ചുകൊണ്ടു് പുസ്തകരൂപത്തിലിതാ പ്രസിദ്ധപ്പെടുത്തുന്നു.

കേസരി, കേരളം എന്നീ വാരികകളിലും; മാതൃഭൂമി, മലയാളി, ദേശബന്ധു എന്നീ വാരാന്തപ്പതിപ്പുകളിലും; ലോകശാന്തി, ധർമ്മകാഹളം, സാരഗ്രാഹി, ഗുരുകുല ദീപം, ക്ഷേത്രപത്രിക, പ്രബുദ്ധ കേരളം എന്നീ മാസികകളിലും പലപ്പോഴായി എഴുതിയ ലേഖനങ്ങളിൽ ചിലതും സ്വന്തം പ്രസംഗ കുറിപ്പുകളുമാണു് ഇതിലെ ഉള്ളടക്കം. ഈ പത്ര—മാസിക പ്രവർത്തകരോടൊപ്പം ഭാഗവതവ്യാഖ്യാതാക്കളായ പുണ്യാത്മാക്കളെയും കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

ഈ പുസ്തകത്തിനു അവതാരിക എഴുതി അനുഗ്രഹിച്ച ബ്രഹ്മശ്രീ സ്വാമി ജ്ഞാനാനന്ദ സരസ്വതി തൃപ്പാദങ്ങളിൽ സാഷ്ടാംഗപ്രണാമങ്ങൾ. ആശംസ നൽകി ആശീർവ്വദിച്ച ബ്രഹ്മശ്രീ സ്വാമി അഭേദാനന്ദ ഭാരതി തൃപ്പാദങ്ങളിലും സാദരപ്രണാമം.

ഒരെളിയ സാമൂഹികപ്രവർത്തകനെന്ന നിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്നതിന്റെ പരിചയത്തിലും പഴക്കത്തിലും പലതും എഴുതാനാവേശമുണ്ടായി. അങ്ങനെ ധർമ്മം, സംസ്ക്കാരം, സമുദായം, ദേശീയം, ധന്യജീവിതങ്ങൾ— ഇത്യാദി വിവിധ വിഷയങ്ങളെപ്പററി എഴുതീട്ടുണ്ടു്. അവയിൽ ശ്രീകൃഷ്ണലീലാ സംബന്ധമായ ഏതാനും ലേഖനങ്ങളുടെയും കുറിപ്പുകളുടെയും സമാഹാരമാണു് "കൃഷ്ണം ശരണം ഗച്ഛാമി" എന്ന ഈ പുസ്തകം. ഇതു് അനുവേ

പ്പെടുത്തുന്നതിന്നു 'സംഘം ശരണം ഗച്ഛാമി', 'ധർമ്മം ശരണം ഗച്ഛാമി' എന്നീ ശരണങ്ങളും ശരിക്കു് അറിഞ്ഞു ജീവിക്കണമെന്ന തിനാൽ അവയുടെ ഒരു രൂപരേഖയും ഇതിനകത്തു കാണാം..

ഒരു തുടർ ലേഖനത്തിൻെറ സമാഹാരമല്ലാത്തതിനാൽ ആവർത്തനങ്ങളും, ഒഴുക്കിലെ ഏററക്കുറവുകളും ഉണ്ടാവും. പൂജ്യശ്രീ സ്വാമിജി സമാധാനപ്പെടുത്തുന്ന വിധം ഇത്തരമൊരു പുസ്തകത്തിൽ അതു ക്ഷന്തവ്യവുമാണു്. ഒരു പണ്ഡിതനോ, സാഹിത്യകാരനോ ആണെന്നു ഈയുള്ളവൻ അവകാശപ്പെടുന്നില്ല. എന്നാൽ ഇന്നത്തെ പുസ്തകപ്പെരുപ്പത്തിൻെറ കൂട്ടത്തിൽ ചിലക്കെങ്കിലും ഉപകാരമല്ലാതെ ഉപദ്രവം ചെയ്യില്ലെന്ന ആത്മവിശ്വാസമുണ്ടു്. അഥവാ ഈ സാഹിത്യ സൃഷ്ടികൾ തന്നെയെന്താണു്? പ്രാകൃതവാസനകളെ സമർത്ഥമായി പ്രജ്വലിപ്പിച്ചു് ചാരിതാർത്ഥ്യംകൊള്ളുന്നതായിരിക്കാം പലക്കും സാഹിത്യസൃഷ്ടി. പരിണാമം എങ്ങനെയായാലും അതിൽ ആമോദിക്കുന്നവരാണു് ബഹുഭൂരിപക്ഷമെന്നതിനാൽ പലവിധ പ്രോത്സാഹനവും പ്രചാരവും സിദ്ധിക്കുകയും ചെയ്യും.

എതുതരം സൃഷ്ടിക്കുമുണ്ടു് ഒരു മൂലസൃഷ്ടി. ഓരോരുത്തക്കും ലഭിച്ച ഭാഷ, പഠിപ്പു്, പരിചയം, സംസ്ക്കാരം എന്നിവയുടെ സാഹചര്യത്തിൽ 'സൃഷ്ടിച്ചുരസിക്കുകയും, സ്വന്തമാണെന്നു അവകാശപ്പെടുകയും ചെയ്യുന്നു. അതിനപ്പുറം നോക്കുമ്പോഴറിയാം ഈ സൃഷ്ടികൾക്കെല്ലാം പരമ്പരാഗതമായ ഒരു മൂലസൃഷ്ടി വേറെ ഉണ്ടെന്നു്.

അറിവു് അനാദ്യന്തരഹിതമാണു്. ആ അറിവിൻെറ ആദ്യ പ്രകാശകരായ മനീഷികളുടെ പ്രാതിനിധ്യം വഹിക്കുന്ന പുണ്യനാമമാണു് കൃഷ്ണദ്വൈപായനൻ എന്ന ശ്രീ വേദവ്യാസൻ. ആ മഹൽവിഭൂതിയുടെ ജയന്തിദിനമാണു് ആഷാഢമാസത്തിലെ ഗുരുപൂർണ്ണിമ ഈ പുണ്യദിനത്തിൽ ''കൃഷ്ണം ശരണം ഗച്ഛാമി'' പ്രകാശിപ്പിക്കുവാൻ തക്കവിധം കനിഞ്ഞനുഗ്രഹിച്ച ശ്രീകൃഷ്ണഭഗവാൻെറ പാദപത്മങ്ങളിൽതന്നെ ഈ പുസ്തകവും സാഷ്ടാംഗപ്രണാമപൂർവ്വം സമർപ്പിച്ചു് ചരിതാർത്ഥനാവട്ടെ!

ഓം ശ്രീകൃഷ്ണാർപ്പണമസ്തു.

ശ്രീകൃഷ്ണമന്ദിർ,
കന്യാകുമാരി,
27–7–1980.
(ഗുരുപൂർണ്ണിമ)

ഗ്രന്ഥകർത്താ
സാധുശീലൻ പരമേശ്വരൻ പിള്ള

നാരായണം പദ്മഭവം വസിഷ്ഠം
ശക്തിംചതത്പുത്രപരാശരം ച
വ്യാസം ശുകം ഗൗഡപദം മഹാന്തം
ഗോവിന്ദ യോഗീന്ദ്രമഥാസ്യ ശിഷ്യം

ശ്രീശങ്കരാചാര്യമഥാസ്യ പദ്മ-
പാദം ച ഹസ്താമലകംച ശിഷ്യം
തം ത്രോടകം വാർത്തികകാരമന്യാ-
നസ്മദ്ഗുരൂൻ സന്തതമാനതോസ്മി

വംശീവിഭൂഷിതകരാന്നവനീരദാഭാത്
പീതാംബരാദരുണബിംബഫലാധരോഷ്ഠാത്;
പൂർണ്ണേന്ദുസുന്ദരമുഖാദരവിന്ദനേത്രാത്
കൃഷ്ണാത് പരം കിമപി തത്ത്വമഹം ന ജാനേ.


ഓം

ഓം നമോ ധർമ്മായ മഹതേ നമഃ കൃഷ്ണായ വേധസേ



# കൃഷ്ണം ശരണം ഗച്ഛാമി

# 1 കൃഷ്ണം ശരണം ഗച്ഛാമി



ജിഹ്വേ! ശ്രീകൃഷ്ണമന്ത്രം ജപ ജപ സതതം ജന്മസാഫല്യമന്ത്രം

ശ്രീകൃഷ്ണൻ..? —ബ്രഹ്മം— ബൗദ്ധം— സർവ്വേശ്വരൻ-സർവ്വജ്ഞൻ....

കൃഷ്ണം ശരണം

ഗച്ഛാമി

ശ്രീകൃഷ്ണൻ....?— പ്രവാചകൻ—ദീർഘദർശി — ജഗദ്ഗുരു— തുരീയൻ....

കൃഷ്ണം ശരണം

ഗച്ഛാമി

ശ്രീകൃഷ്ണൻ....? —രക്ഷകൻ–ശിക്ഷകൻ–അമ്മ–അച്ഛൻ–ബന്ധു–സമ്പത്ത്–വിദ്യ....[1]

## കൃഷ്ണം ശരണം ഗച്ഛാമി!

ശ്രീകൃഷ്ണൻ....?–ധർമ്മം–അർത്ഥം–കാമം–മോക്ഷം–ത്യാഗം–യോഗം–ഭക്തി–ജ്ഞാനം........

കൃഷ്ണം ശരണം ഗച്ഛാമി
ധർമ്മം ശരണം ഗച്ഛാമി

ശ്രീകൃഷ്ണൻ....? മനുഷ്യൻ—ജീവൻ—ഏകൻ—അനേകൻ—തന്ത്രം—യന്ത്രം—മന്ത്രം—ദർശനം—സുദർശനം....

കൃഷ്ണം ശരണം ഗച്ഛാമി
ധർമ്മം ശരണം ഗച്ഛാമി
സംഘം ശരണം ഗച്ഛാമി

ശ്രീകൃഷ്ണൻ....?–സത്വം–ശുദ്ധം–സനാതനം–സത്യം–സമത്വം–സ്വാതന്ത്ര്യം–സർവ്വം–ശരണം ശരണം!....[2]

ശ്രീകൃഷ്ണൻ....?–സത്യം–ശിവം — സുന്ദരം — സത്–ചിത്–ആനന്ദം–പരമാനന്ദം.

കൃഷ്ണം ശരണം ഗച്ഛാമി

പരസഹസ്രം പ്രകൃതികരം, ആകൃതികരം, വികൃതികരം, അനന്തകോടി ജീവജാലങ്ങരം. എല്ലാം പുറപ്പെട്ട ഇടത്തിലേയ്ക്കു പോകുകയും വേണം. അതിനിടയ്ക്കു എത്രയെത്ര ജനനങ്ങരം, എത്രയെത്രമരണങ്ങരം. എന്തെല്ലാം ദുരിതങ്ങരം, സുഖങ്ങരം, ദുഃഖങ്ങരം!!

—ഭ്രാമയൻ സർവ്വഭൂതാനിയന്ത്രാരൂഢാനി മായയാ—

---

1 ത്വമേവ മാതാ ച പിതാ ത്വമേവ
ത്വമേവ ബന്ധുശ്ചസഖാത്വമേവ.
ത്വമേവ വിദ്യാ ദ്രവിണം ത്വമേവ
ത്വമേവ സർവ്വം മമ ദേവ ദേവ.

2 സർവ്വേ വേദാഃ സർവ്വവേദ്യാഃ സശാസ്ത്രാഃ
സർവ്വേ യജ്ഞാഃ സർവ്വ ഇജ്യാശ്ച കൃഷ്ണഃ
വിദുഃ കൃഷ്ണം ബ്രാഹ്മണാസ്തത്വതോ യേ
തേഷാം രാജൻ സർവ്വയജ്ഞാഃ സമാപ്താഃ (മഹാഭാരതം)

ജന്മാന്തരസുകൃതംകൊണ്ടു് സത്സംഗേച്ഛ ഉണ്ടാവുന്ന ജീവന്മാരിൽ സജ്ജന സംസർഗ്ഗമുണ്ടാവുന്നു.[3] സംസ്കാരമനുസരിച്ചു് ശരീരത്തിനു ഭക്ഷണമെന്നപോലെ മനസ്സിനു പ്രാർത്ഥനയുമാവശ്യമാണെന്നറിയുന്നു. തനിച്ചും കൂട്ടായും പ്രയത്നിക്കുന്നു—സംഘം ശരണം ഗച്ഛാമി.

ആ അസംഖ്യം പേരിൽ പലർ ശ്രവണ കീർത്തനാദികൾവഴി ധർമ്മമാചരിക്കുന്നു. ശരീരമനക്ലേശങ്ങളെല്ലാം പരമ ധർമ്മപ്രാപ്തിയ്ക്കുവേണ്ടി സഹിക്കുന്നു. മറകളെ മാററാൻ വെമ്പൽകൊള്ളുന്നു, തെററിദ്ധാരണകളകററാൻ വ്യഗ്രപ്പെടുന്നു—ധർമ്മം ശരണം ഗച്ഛാമി.

അത്തരം പലരിൽ ചിലർ, പുറപ്പെട്ട ഇടത്തെപ്പററി ബോധവാന്മാരാവുന്നു. വന്നിടത്തെ ന്യലാമാലകൾ പലവിധം. മനുഷ്യരൂപമെടുത്ത ഭഗവാൻെറ കൃപയാൽ കുരുക്കുകളോരോന്നും അഴിഞ്ഞഴിഞ്ഞു് വീഴുമ്പോൾ, ദുഃഖത്തിലെ സുഖവും സന്താപത്തിലെ സന്തോഷവും അനുഭവപ്പെടുമ്പോൾ ഭഗവൽപാദങ്ങളിൽ മുറുകെ പിടിക്കുന്നു. —കൃഷ്ണം ശരണം ഗച്ഛാമി.

[5] തമേവ ശരണം ഗച്ഛ സർവ്വഭാവേന ഭാരത
തൽപ്രസാദാൽ പരാം ശാന്തിം സ്ഥാനം പ്രാപ്സ്യസിശാശ്വതം

---

3 ഹേ ലോകാ: ശൃണത പ്രസൂതിമരണവ്യാധേശ്ചികിത്സാമിമാം
യോഗജ്ഞാസ്സമുദാഹരന്തി മുനയോയാം യാജ്ഞവല്ക്യാദയഃ
അന്തർജ്ജ്യോതിരമേയമേകമമൃതം കൃഷ്ണാഖ്യമാപീയതാം
തത്പീതം പരമൗഷധം വിതനുതേ നിർവ്വാണമാത്യന്തികം
—കുലശേഖരപെരുമാൾ [മുകുന്ദമാല]

4 മയാഹന്തേഽർപ്പയിത്വാ ഭരണകൃതികൃതേ
മോഹമൂലോത്ഭവം മാം
മാതഃ കൃഷ്ണാഭിധാനേ ചിരസമയമുദാസീനഭാവം ഗതാഽസി
കാരുണ്യൈകാധിവാസേ സകൃദപി വദനം
നേക്ഷസേത്വം മദീയം
തത്സർവ്വജ്ഞേനകർത്തും പ്രഭവസി ഭവതീ കിംനു
മൂലസ്യ ശാന്തിം
—ശ്രീശങ്കരഭഗവദ്പാദർ (പ്രബോധസുധാകരം 244)

5 ഭഗവത്ഗീത–18–62

ജീവിതത്തിലെ, കീറാമുട്ടി പ്രശ്നങ്ങൾക്കെല്ലാം പോംവഴിയെന്താണ്?

ശരണാഗതി! മനസാ, വാചാ, കർമ്മണാ സച്ചിദാനന്ദസ്വരൂപനായ ഭഗവാനെത്തന്നെ ശരണം പ്രാപിക്കുക. അങ്ങനെ മനോബുദ്ധ്യഹങ്കാര ചിത്തങ്ങളുടെ—അന്തഃകരണത്തിന്റെ—ശുദ്ധീകരണം സാധിച്ചാൽ, ശ്രീകൃഷ്ണകൃപയാൽ ശാശ്വതമായ ശാന്തിയും സനാതനമായ പരമപദവും പ്രാപിക്കും—അതുതന്നെ പരമധാമം, പരമസുഖം!

മുരളീധരനായ ജഗന്മോഹനന്റെ—ശ്രീകൃഷ്ണന്റെ—ശാശ്വതാനന്ദസന്ദായകമായ മുരളീനാദമാണിത്.

കൃഷ്ണം ശരണം ഗച്ഛാമി
ധർമ്മം ശരണം ഗച്ഛാമി
സംഘം ശരണം ഗച്ഛാമി

## ഓം ശ്രീകൃഷ്ണാർപ്പണമസ്തു



# 2 ലീലാതരംഗം

"പരബ്രഹ്മം തന്റെ അപ്രാകൃതാനന്ദഘനമൂർത്തിയെ ഭക്തജീവന്മാക്ക് ദൃഷ്ടിഗോചരമാക്കിത്തീക്കുന്നു." എന്നു വേദവാക്യം.

"തസ്യൈഷ ആത്മാ വിവൃണുതേ തനും സ്വാം"

മഹാഭാഗവതം, മഹാഭാരതം, ഹരിവംശം, ബ്രഹ്മവൈവർത്തം എന്നീ മഹൽ ഗ്രന്ഥങ്ങളിൽ ശ്രീകൃഷ്ണചരിതം വിസ്താരമായി വണ്ണിച്ചിരിക്കുന്നു. ഉല്പത്തി, പ്രളയം, പ്രാണിജാലങ്ങളുടെ ആഗതിയും ഗതിയും, വിദ്യ, അവിദ്യ ഇവയെ അറിയുന്നവനും, ജ്ഞാനവൈരാഗ്യൈശ്വര്യാദിഗുണങ്ങൾ സമ്പൂണ്ണമായുള്ളവനുമാണ് ഭഗവാൻ.*

ഒരു പറമ്പിൽ ആൽവൃക്ഷമില്ലെങ്കിലും അതിന്റെ ഒരു ബീജം അങ്കുരിച്ച് അനുകൂലപ്രകൃതിയിൽ പില്ക്കാലത്ത് വളൻ വലുതായി. അതിന്റെ പിന്നിലെ ചൈതന്യശക്തി ആരും കാണുന്നില്ല, കാണാൻ ശ്രമിക്കുന്നുമില്ല, അവതാര തത്വമറിയാൻ ആസ്തിക്യവും ശ്രദ്ധയും അത്യാവശ്യം.

ശ്രീകൃഷ്ണചരിതത്തിൽ ആദ്യവസാനം അനേകം അത്ഭുതകൃത്യങ്ങൾകാട്ടി മനുഷ്യരെയും ദേവന്മാരെയും ആശ്ചര്യപരതന്ത്രരാക്കിയെങ്കിലും ഗോപാലനായി, ഗോപന്മാരുടെ ഉററ ചങ്ങാതിയായി തുടരുന്നു. ഒരപ്പംകൊണ്ട് അനേകംപേരെ തീററിക്ക മാത്രമല്ല ബ്രഹ്മപരീക്ഷണത്തിൽ പകരത്തിനു സൃഷ്ടിച്ചു തീററി പോററിയ വലിയൊരു സമൂഹമുണ്ട്. ഇന്ദ്രദർപ്പമടക്കാൻ ഗോവർദ്ധനഗിരി കട

യാക്കിപ്പിടിച്ച് പേമാരിയിൽനിന്നു ഗ്രാമങ്ങളെയും നഗരങ്ങളെയും രക്ഷിച്ച ലീലയിൽ സാമൂഹികവും സംസ്കാരികവുമായ വമ്പിച്ച പരിവർത്തനം കാണാം.

പഞ്ചഭൂതങ്ങളിൽ ഓരോന്നും തനിക്കു അധീനമാണെന്നു കാട്ടുന്ന ലീലകളിൽ ഒന്നാണ് ദാവാനലപാനം. രണ്ടു് പ്രാവശ്യം ആളിപ്പടർന്നുപിടിച്ച ഭയങ്കര കാട്ടുതീയെ സ്വയം പാനം ചെയ്തു, അതിനാൽ എത്രയെത്ര ജീവജാലങ്ങളും ഗ്രാമങ്ങളും രക്ഷപ്പെട്ടു!

നന്ദബാബയെ വരുണകിങ്കരന്മാർ പിടിച്ചുകൊണ്ടു പോയതു കാരണമാക്കി വരുണൻെറ അധീനത്വവും പൂജാസ്തുതികളും ദർശിപ്പിക്കുന്നു.

എതിരാളികളായി വരുന്ന വൻശക്തികളെ അവരുടെ ശക്തികളെല്ലാം പ്രയോഗിക്കുവാൻ സന്ദർഭം കൊടുത്തിട്ടു് അവസാനം അവരെ ശിക്ഷിക്കുകയോ രക്ഷിക്കുകയോ മോചിപ്പിക്കുകയോ ചെയ്യുന്നതും ശ്രീകൃഷ്ണലീലയിൽ സർവ്വസാധാരണം. ചിലപ്പോൾ ജാരചോര ഭീരുക്കളെപ്പോലെ അഭിനയിച്ചുകൊണ്ടു് "അപ്പനെ, നിൻെറ കഥയും ഞാനിതാ നടിച്ചിരിക്കുന്നതു നോക്കു" വെന്നു അരുൾ ചെയ്യുന്നതുപോലെ പുഞ്ചിരിക്കും.

ജരാസന്ധൻെറ ആക്രമണങ്ങൾ, ശിശുപാലൻെറ അധിക്ഷേപങ്ങൾ, പൗണ്ഡ്രകൻെറയും, ശാല്വൻെറയും മായാജാലങ്ങൾ അവരുടെ ആവനാഴിയിലുള്ളതെല്ലാം പുറത്തേയ്ക്കു വിടുവിച്ചശേഷം അർഹിച്ചതു നൽകുന്നു.

---

* ഉത്പത്തിം പ്രളയം ചൈവ ഭൂതാനാമാഗതിം ഗതിം
വേത്തി വിദ്യാമവിദ്യാംച സവാച്യോ ഭഗവാനിതി.

ശരണാഗതി തത്വം ഭൗതിക ജീവിതത്തിലും അത്ഭുതങ്ങൾ സൃഷ്ടിക്കുമെന്നതിന്റെ മകുടോദാഹരണങ്ങളാണ് കൗരവസഭയിൽ ദ്രൗപദിയുടെ മാനം കാക്കുന്നതും ഇലക്കറിയുടെ ഒരു തരി സ്വീകരിച്ചുകൊണ്ട് ദുർവ്വാസാവിനും വമ്പിച്ച അനുയായികൾക്കും മൃഷ്ടാന്നഭോജന പ്രതീതിയുളവാക്കുന്നതും മററും. ഒരു പിടി അവൽ സ്വീകരിച്ച് കുചേലനെ കുബേരനാക്കി. രാജകീയ വിരുന്നിനേക്കാൾ വിദുരപത്നി കൊടുത്ത ഒരു പഴത്തൊലികൊണ്ട് സന്തുഷ്ടനായി.

മിഥിലാപുരിയിൽ ചെന്നപ്പോൾ, ഭക്തന്മാരായ ശ്രുതദേവനും, രാജാബഹുലാശ്വനും സർവ്വസന്നാഹങ്ങളോടുകൂടി ഒരേ സമയം ശ്രീകൃഷ്ണനെ സല്ക്കരിക്കാനൊരുങ്ങിനില്ക്കുന്നു. അവരുടെ മന്ദിരങ്ങളിൽ ഒരേസമയം സന്നിഹിതനായി സന്തുഷ്ടരാക്കി. മണ്ണിലും, വിണ്ണിലും, ജലത്തിലുമെല്ലാം തന്റെ ഈശ്വരത്വ ദർശനവും വിവിധ വിരാട് സ്വരൂപദർശനവും അർഹിക്കുന്നവർക്കെല്ലാം നൽകുന്നു.

സമുദ്രദ്വീപിൽപെട്ടെന്നു നിർമ്മിച്ച ദ്വാരകാപുരിയിൽ 160008–അന്തഃപുരകൊട്ടാരങ്ങൾ, എല്ലാററിലും ഒരേസമയം കർത്തവ്യനിരതനായ ശ്രീകൃഷ്ണൻ. മരിച്ചുപോയ ദേവകീ പുത്രന്മാരെയും ഗുരുപുത്രനെയും ബ്രാഹ്മണ പുത്രരെയും മററും അവരുടെ പ്രാർത്ഥനയനുസരിച്ച് അതേ ആകൃതിയിൽ കാട്ടുന്നു. ഗർഭസ്ഥനായ പരീക്ഷിത്തിനെ രക്ഷിക്കുന്നു. സുദർശനം തിരിച്ചു സൂര്യാസ്തമനം കാട്ടുന്നു.

ബലിഷ്ഠനായ ജാംബവാൻ കണ്ണു തുറക്കാതെ തന്നെ എതിരാളിയെതമർത്താൻ അടവുകളെല്ലാം പ്രയോഗിച്ചു

ഫലിക്കാതായപ്പോൾ കണ്ണു തുറന്നുനോക്കി. ശ്രീകൃഷ്ണ നെകണ്ടു കൃതാർത്ഥനായി. നേരത്തേ കണ്ണുതുറന്നു നോക്കാ ത്തതിൽ പശ്ചാത്തപിച്ചു.

വിശ്വരൂപദർശനം അർജ്ജുനനോടൊപ്പം രഥപതാക യിൽ സാന്നിദ്ധ്യംകൊണ്ടിരുന്ന ശ്രീഹനുമാനും ലഭിച്ചു വത്രെ. അദ്ദേഹം താഴെ ഇറങ്ങി ശ്രീകൃഷ്ണനെ പ്രണാമ പൂർവ്വം പ്രാർത്ഥിച്ചു:– "അവിടുന്നു് സൃഷ്ടിസ്ഥിതിലയ കാരണനായ ത്രിമൂർത്തിസ്വരൂപനാകുന്നു" എന്നു്. *

ലീലാസമാപനത്തിനുമുൻപു് ഒരിക്കൽക്കൂടി ശ്രീകൃ ഷ്ണൻ കുരുക്ഷേത്രത്തിൽ പോയപ്പോൾ യജ്ഞം നടത്തിയ പിതാവിനു് ബ്രഹ്മോപദേശം ചെയ്തു. ശേഷിച്ചവരെ യെല്ലാം അവിടെവെച്ചു സന്ധിക്കുകയും മിക്കമഹർഷി മാരും അവിടെ വന്നു ഭഗവാനെ പ്രകീർത്തിക്കുകയും ചെയ്തു.

ശ്രീകൃഷ്ണഭഗവാൻ മറഞ്ഞതിനുശേഷം എണ്ണമററ, നവംനവമായ രൂപഭാവങ്ങളിൽ ഭക്തന്മാർക്കു അനുഭവഗോ ചരനായി പ്രകാശിച്ചുകൊണ്ടിരിക്കുന്നു!

---

* ബ്രഹ്മണോ വാചകഃ 'ക' 'ശ്ച' 'ഋ' കാരോ ഽനന്തവാചകഃ
ശിവസ്യ വാചക 'ഷ' 'ശ്ച' 'ണ' കാരോ ധർമ്മവാചകഃ



# 3 ശ്രീകൃഷ്ണൻ–ചരിത്രപുരുഷൻ

ഭഗവാൻ ശ്രീകൃഷ്ണൻ – കോടാനുകോടി ജനതതിയുടെ ആശ്രയ സ്ഥാനമാണ് ആപുണ്യനാമം. ഈ സന്ദർഭത്തിൽ ഭക്തവത്സലനായ ഭഗവാന്റെ സ്മരണ ഉള്ളിലൊതുക്കിക്കൊണ്ട് ശ്രീകൃഷ്ണാവതാരകാലത്തെക്കുറിച്ച് ചരിത്രപരമായി എത്തി നോക്കാൻ ശ്രമിക്കുകയാണ്. ഹിന്ദുസമുദായത്തെ സമുജ്ജ്വലമാക്കിത്തീർത്ത പുണ്യപുരുഷോത്തമന്മാരിൽ ശ്രീകൃഷ്ണന്റെ സ്ഥാനം അത്യുന്നതമാണ്. ഭാരതവർഷത്തിലെ വിഭിന്നഭാഷകളിലുള്ള സാഹിത്യഭണ്ഡാരങ്ങൾ, ശ്രീകൃഷ്ണപരമായ പ്രബന്ധങ്ങളാലും കാവ്യങ്ങളാലും പരിപൂതവും പൂർണ്ണവുമായിത്തീർന്നിട്ടുണ്ട്. ഇന്നും വിവിധഭാഷകളിലെ ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ശ്രീകൃഷ്ണാഷ്ടമിവിശേഷാൽ പതിപ്പുകളിൽക്കൂടി സഹസ്രക്കണക്കിനു സാഹിത്യകൃതികൾ രൂപമെടുത്തുകൊണ്ടിരിക്കുന്നു. നമ്മുടെയെല്ലാം ശ്രദ്ധാകേന്ദ്രമായ ആ മംഗളാത്മാവിന്റെ ഭൂലീലകളെക്കുറിച്ച് പാടിസ്തുതിക്കുംതോറും ഉപര്യുപരിഗാനം ചെയ്യുന്നതിനുള്ള ആവേശവും ആർത്തിയും പെരുകുകയാണ് ചെയ്യുന്നത്. ഭക്തിക്കും ശൃംഗാരാദിരസങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ടുള്ള സാഹിത്യസൃഷ്ടികളാണ് പ്രായേണ ഭൂരിഭാഗവും. ആ മഹൽവിഭൂതിയുടെ ഗീതയെയും ദിവ്യലീലകളെയും അവലംബിച്ചുകൊണ്ട് തത്വശാസ്ത്രപരവും, കർമ്മസിദ്ധാന്തപരവുമായ കൃതികളും

രചിയ്ക്കപ്പെട്ടന്നുണ്ട്. എന്നാൽ ശ്രീകൃഷ്ണന്റെ അവതാര കാലത്തെക്കുറിച്ച് ചരിത്രപരമായി ചിന്തിച്ചെഴുതുന്നവർ നന്നേ വിരളവുമാണ്.

വിദേശികളും വിമതസ്ഥരുമായ പ്രചരണസാഹിത്യകാരന്മാരുടെ കരവലയങ്ങളിൽ കുടുങ്ങിപ്പോയവരാണ് നമ്മുടെ നവയുവസാഹിത്യകാരന്മാരിലധികവും. അവരുടെ കവിഹൃദയങ്ങളിൽ കുത്തിവച്ചിട്ടുള്ള ഒരുതരം വിഷബീജങ്ങൾ നിമിത്തം ഭാരതീയപുണ്യാത്മാക്കളെ നേരായി വീക്ഷിക്കുവാൻ അപ്രാപ്തരാക്കുകയാണ് ചെയ്തിട്ടുള്ളത്. അശ്രദ്ധാപരവും അശ്ലീലപൂർണ്ണവുമായ സാഹിത്യരചനകൾകൊണ്ടവരെപ്പോഴും സ്വയനാശത്തിനുതന്നെ കളമൊരുക്കുന്നു. ചരിത്രപരമായി എഴുതുന്ന പണ്ഡിതന്മാർതന്നെ മഹാഭാരതത്തിന്റെയും രാമായണത്തിന്റെയും കാലം ബി. സി. 300 അല്ലെങ്കിൽ 350 വരെ കണക്കാക്കിയിട്ട് വിശ്രമിക്കുന്നവരാണ്. മററു ചിലരാകട്ടെ പ്രാചീന ചരിത്രപരമായും പുരാതത്വഗവേഷണഫലപ്രദവുമായ പ്രമാണ രേഖകളൊന്നും ശ്രീകൃഷ്ണ കാലത്തെക്കുറിച്ച് ലഭ്യമല്ലെന്ന കാരണവുമുന്നയിച്ചു കൊണ്ട് കൃഷ്ണനും ഭാരതാദിഗ്രന്ഥങ്ങളും മററും പൌരാണികമുത്തശ്ശിക്കഥകളോ, സ്വകപോലകല്പിത കഥകളോ, ആണെന്നു സമർത്ഥിയ്ക്കുവാനും മടിയ്ക്കുന്നില്ല.

യഥാർത്ഥമെന്താണ്? നമ്മുടെ പുരാണേതിഹാസങ്ങളിലെല്ലാം ചരിത്രപരമായ വിജ്ഞാനം നിറഞ്ഞു കിടക്കുന്നു. ഗവേഷണപരങ്ങളായ പരിശ്രമങ്ങളിൽ മുഴുകിയിരിക്കുന്നവർ ഈ മഹാഗ്രന്ഥങ്ങളെ ആധാരമാക്കി സശ്രദ്ധവും നിഷ്പക്ഷവുമായ അന്വേഷണം നടത്തുകയാണെങ്കിൽ പൌരാണികചരിത്രകാലത്തെക്കുറിച്ച് നമുക്ക്

കൂടുതൽ വെളിച്ചം ലഭിക്കുന്നതാണ്. ഭഗവാൻ ശ്രീകൃഷ്ണനെക്കുറിച്ച് ചരിത്രപരമായ അടിസ്ഥാനത്തിൽ നമുക്കൊന്നു എത്തിനോക്കാം.

ചരിത്രപരമായ അവലോകനത്തിന് സർവ്വപ്രധാനമായി വേണ്ടതു് കാലനിർണ്ണയമാണ്. ശ്രീകൃഷ്ണാവതാരചരിത്രകാലത്തെക്കുറിച്ച് നമ്മുടെ സാഹിത്യഗ്രന്ഥങ്ങൾ ഒന്നു മറിച്ചുനോക്കുകയാണെങ്കിൽ മനസ്സിലാവുന്നതു് ശ്രീകൃഷ്ണന്റെ അവതാരകാലം 5000 (അയ്യായിരം) വർഷങ്ങൾക്കുമുമ്പായിരിക്കുമെന്നാണ്. പുരാണേതിഹാസങ്ങളിൽ, യുധിഷ്ഠിരസംവത്സരത്തിന്റെ പ്രാരംഭത്തിന്, ദ്വാപരയുഗത്തിന്റേയും കലിയുഗത്തിന്റേയും സന്ധികാലത്തെക്കുറിച്ച് പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്. സൃഷ്ടിസംവത്സരാടിസ്ഥാനത്തിൽ ഹൈന്ദവസങ്കല്പപ്രകാരം കലിയുഗത്തിന്റെ പ്രഥമപാദം 432436 സംവത്സരം കഴിഞ്ഞിരിക്കുന്നു. രണ്ടു യുഗങ്ങളുടേയും സന്ധികാലഘട്ടമായ 653 കൊല്ലങ്ങൾക്കൂടി കൂടിയാൽ 433089 വർഷങ്ങൾ ആകുന്നുണ്ട്. ഇതൊരു വലിയ കാലഗണനയാണ്. എന്നാൽ ഇതിനേക്കാൾ കൂടുതൽ ആധാരപൂർവ്വവും വിശ്വസനീയവുമായ പ്രമാണം മഹാജ്യോതിഷാചാര്യനായ വരാഹമിഹിരനിൽനിന്നും കിട്ടുന്നുണ്ട്. അദ്ദേഹത്തിന്റെ ഗണിത ശാസ്ത്രമനുസരിച്ച് ശ്രീകൃഷ്ണന്റെ അവതാരകാലം 5126 വർഷങ്ങൾക്ക്മുമ്പാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. കുറേക്കൂടി മുൻപോട്ടു വന്നാൽ 'മെഗസ്തനീസ്'' എന്ന യവനസഞ്ചാരിയുടെ ഭാരത പര്യടനക്കുറിപ്പുകൾ പ്രാധാന്യമർഹിക്കുന്നു.

മെഗസ്തനീസിന്റെ സഞ്ചാരക്കുറിപ്പുകൾ ചരിത്രപരമായി സർവ്വാദരണീയവും, വിശ്വാസയോഗ്യവുമായി പരിഗണിക്കുന്നുണ്ടല്ലോ; അദ്ദേഹത്തിന്റെ ഭാരതയാത്ര

യിൽ മഥുരാപുരിയിൽ വസിച്ചുകൊണ്ടു് അവിടത്തെ സ്ഥിതിഗതികളെക്കുറിച്ചും വർണ്ണിച്ചെഴുതിയിട്ടുണ്ടു്. മഥുരാപുരിയിലെ ജനങ്ങളെല്ലാം വലിയ ശ്രീകൃഷ്ണ ഭക്തന്മാരാണെന്നും, ശ്രീകൃഷ്ണൻ അവതരിച്ചതു് ഡയാനോസിൻെറ 15-ാം പുസ്തവിലാണെന്നും അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. കൃഷ്ണനാമത്തെ ഗ്രീക്കു് സാഹിത്യത്തിൽ 'ഹീരാക്ലീസ്' എന്നാണു് വ്യവഹരിച്ചിട്ടുള്ളതു്. മെഗസ്തനീസിൻെറ കാലത്തു് ഡയാനോസിസ് സംവത്സരം 153-ാം പാദമായിരുന്നു. അതായതു് മെഗസ്തനീസിനു് 138 'പുസ്ത' മുമ്പാണു് ശ്രീകൃഷ്ണൻെറ അവതാരകാലം. മെഗസ്തനീസ് B.C. 312–ലാണു് ഭാരതത്തിൽ വന്നതു്. ഡയാനോസിസ് സംവത്സരം ഓരോ 'പുസ്തം' 20 വർഷം കൂടിയതാണു്. അതനുസരിച്ചു് മെഗസ്തനീസിനു് 2760-ാം വർഷം മുമ്പാണു് ശ്രീകൃഷ്ണൻെറ അവതാരകാലമെന്നു് സ്പഷ്ടമാകുന്നു. ഈ 2760 നോടു കൂടി മെഗസ്തനീസിൻെറ ഭാരതപര്യടനകാലമായ B.C. 312-20 ഇപ്പോഴത്തെ A.D. 1980-ഉംകൂടി കൂട്ടുമ്പോൾ 5060 എന്ന സംഖ്യയാകുന്നുണ്ടു്. ഈ കണക്കുകളനുസരിച്ചും ശ്രീകൃഷ്ണാവതാരം 5000 വർഷങ്ങൾക്കു് മുമ്പാണെന്ന, പൌരാണികകാലഗണനയാണു് ശരിയായിട്ടുള്ളതെന്നു് വ്യക്തമാകുന്നു.

ദുർഭാഗ്യവശാൽ മോഹൻജദാരോ ഹാരപ്പ എന്നീ പ്രദേശങ്ങളെപ്പോലെ സശ്രദ്ധവും, വിപുലവുമായ ഭൂഖനനഗവേഷണങ്ങൾ നടത്താനോ, പുരാതനാവശിഷ്ടങ്ങൾ തേടിപ്പിടിയ്ക്കാനോ ഭാരതത്തിൻെറ ഇതര പ്രദേശങ്ങളിൽ ഇതുവരേയും സാദ്ധ്യമായിട്ടില്ല. യഥാർത്ഥ ദ്വാരകാപുരിയാണെങ്കിൽ സമുദ്രാവൃതമായി. 5000 വർഷങ്ങൾക്കു മുൻപുള്ള മഥുരാപുരിയുടെ സ്ഥാനവും എവി

ടയാണെന്നു നിശ്ചയിക്കുവാൻ പ്രയാസം ഏർപ്പെട്ടിരിക്കുന്നു. അനേകവർഷങ്ങളായി യമുനാനദിയുടെ പ്രവാഹഗതികൾക്കു മാററങ്ങൾ ഉണ്ടായിട്ടുണ്ട്. യമുനാ നദിയുടെ പ്രവാഹ പരിവർത്തനങ്ങളെ അടിസ്ഥാനമാക്കി പണ്ടത്തെ മഥുരാപുരി എവിടെയായിരുന്നു എന്നു കണ്ടെത്താൻ പുരാണവസ്തുഗവേഷണ പണ്ഡിതന്മാർ വേണ്ട യത്നങ്ങൾ ചെയ്തുതുടങ്ങിയിട്ടുണ്ട് അവരുടെ ശ്രമഫലമായി പക്ഷേ, വിളംബംവിനാ കൃഷ്ണാവതാരകാലത്തെ ചരിത്രപരമായ പല അറിവുകളും നമുക്ക് ലഭിച്ചേക്കാം. മഥുരാപുരിയിൽ കംസന്റെ കാരാഗൃഹത്തിൽ ശ്രീകൃഷ്ണൻ ജനിച്ച സ്ഥാനം ഇപ്പോൾ കണ്ടെത്തി. പക്ഷേ, അവിടെ മുസ്ലീങ്ങൾ പള്ളികെട്ടിയിരുന്നതിനാൽ മുഴുവനും തോണ്ടി നോക്കാൻ സാധിച്ചിട്ടില്ല. അതുവരെ അത്തരം പൗരാണികാവശിഷ്ടങ്ങളുടേയും രേഖകളുടേയും അഭാവത്തിൽ, ശ്രീകൃഷ്ണാവതാരകാലത്തെ സംബന്ധിച്ച നിർണ്ണായകാവലംബം നമുക്ക് ലഭിച്ചിട്ടുള്ളതു് ഇതിഹാസപുരാണങ്ങളിലൂടെമാത്രമാണ്. മഹത്തായ നമ്മുടെ സാഹിത്യ ഭണ്ഡാരങ്ങളിൽക്കൂടി തന്നെ ശ്രീകൃഷ്ണാവതാരകാലത്തെ രാഷ്ട്രീയവും സാമുദായികവും മതപരവുമായ സ്ഥിതിഗതികളെക്കുറിച്ച് നമുക്ക് ഏകദേശജ്ഞാനമെങ്കിലും ലഭിക്കുന്നുമുണ്ട്.

ഭഗവാൻ ശ്രീകൃഷ്ണൻ ബി. സി. 3228 ജൂലായി 20—ാം തീയതി (ശ്രീമുഖവർഷം ശ്രാവണമാസം വെളുത്ത പക്ഷത്തിൽ അഷ്ടമിയും രോഹിണിയും ചേരുന്ന നാൾ അർദ്ധരാത്രിയ്ക്കുശേഷം) ജനിച്ചതായും, 3102 ഫെബ്രുവരി 20—ാം തീയതി (പ്രമാദിവർഷം ചൈത്രമാസം വെളുത്തപക്ഷ പ്രഥമയ്ക്കു) അവിടുന്നു ശരീരം വെടിഞ്ഞതായും ശ്രീസത്യസായിബാബയെപ്പോലുള്ള മഹാത്മാർ

ഖണ്ഡിതമായി പറയുന്നു. ഭഗവാന്റെ സ്വർഗ്ഗാരോഹണത്തോടുകൂടിയാണ് നാം ജീവിക്കുന്ന ഈ കലിയുഗത്തിന്റെ തുടക്കം കുറിച്ചതു്.

ശ്രീകൃഷ്ണ ജന്മസമയത്തെ ഗ്രഹനില രേഖപ്പെടുത്തി ജാതകം കുറിച്ച ഗാർഗ്ഗാചാര്യന്റെ പൗരാണിക ഗണനയനുസരിച്ച് നോക്കിയാലും ഇന്നേയ്ക്കു 5187 വർഷങ്ങൾക്കു മുൻപാണ് ശ്രീകൃഷ്ണജനനമെന്നു വ്യക്തമാകുന്നു.

ദേശീയേതിഹാസങ്ങളുടെ പഠിപ്പും ആർജ്ജവവുമുള്ള ഗവേഷണ വിദഗ്ധർ പരസ്പരധാരണാപൂർവ്വം അന്വേഷിക്കുകയാണെങ്കിൽ മറ്റേതൊരു പ്രവാചകനെക്കാളും, മതസ്ഥാപകനേക്കാളും സ്പഷ്ടവും സുനിശ്ചിതവുമായ തെളിവുകൾ ചരിത്രപുരുഷനായ ശ്രീകൃഷ്ണനെ സംബന്ധിച്ചു നിരൂപിക്കുവാനുണ്ടു്. പുരാണ പുരുഷനായ ശ്രീകൃഷ്ണൻ ചരിത്ര പുരുഷനുമാകുന്നു.*



1954 ലെ "കേസരി" വാരികയിൽ "ശ്രീകൃഷ്ണഭഗവാന്റെ അവതാരകാലം" ശീർഷകത്തിൽ പ്രസിദ്ധപ്പെടുത്തിയ ലേഖനം പിൻകുറിപ്പോടുകൂടിയതു്.

# 4 ശ്രീകൃഷ്ണൻ - നേതാവും മാർഗ്ഗദർശിയും

ഭഗവാൻ ശ്രീകൃഷ്ണൻ ഈ ഭൂമണ്ഡലത്തിൽ അവതരിച്ചിട്ട് അനേകായിരം വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. "ജന്മാഷ്ടമി" പ്രതിവർഷവും നമ്മെ ആചിരസ്മരണീയ മഹത്വത്തെക്കുറിച്ച് നവംനവമായ ഉത്തേജനം നൽകിക്കൊണ്ടു സമീപിക്കുന്നു. സൂര്യൻ അനാദികാലം മുതൽ ഉദിക്കുകയും അസ്തമിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. എങ്കിലും നമുക്കു അതു പഴഞ്ചനായി തോന്നാത്തതു പോലെതന്നെ ജന്മാഷ്ടമിദിനവും എന്നന്നേയ്ക്കും പുതുമയുള്ളതും പുതുജീവിതത്തിനു് പ്രചോദനം നൽകുന്നതുമാണു്. ഹൈന്ദവ സമുദായം ഏററവും ശ്രദ്ധാഭക്തിപൂർവ്വമാണു് പരമപാവനമായ ഈ മഹോത്സവത്തെ ആഘോഷിച്ചിട്ടുള്ളതും ആഘോഷിക്കേണ്ടതും. വിശ്വത്തിൻെറ ആ അലൗകിക വിഭൂതിയുടെ കീർത്തനങ്ങളാൽ കോടിക്കണക്കിനുള്ള ജനങ്ങൾ തങ്ങളുടെ ഹൃദയങ്ങളെ പവിത്രമാക്കിത്തീർക്കുന്നു. ഭാരതത്തിൻെറ കലങ്ങിമറിഞ്ഞ ഈ അന്തരീക്ഷത്തിൽ, ആശങ്കകളുടേയും പരാധീന ചിന്താഗതികളുടേയും ഈ അന്തരാള ഘട്ടത്തിൽ ആ ദിവ്യ ജ്യോതിയെ ധ്യാനപൂർവ്വം ദർശിച്ച് സന്തുഷ്ടരായി ഭവിക്കുന്നവർ കോടിക്കണക്കിനുണ്ടു്. സാമ്പത്തികവും സാംസ്കാരികവുമായി പരാധീനതയിൽ കുടുങ്ങിയ—ദുഃഖാഗ്നിയിൽ വരളുന്ന ഭാരതം ശ്യാമസുന്ദരൻെറ അമൃത വർഷത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണു്. അധർമ്മ

ജഡിലമായ നേതൃത്വത്തിൻ കീഴിൽ 'ജനതാദ്രൌപദി' ആർത്തത്രാണനാർത്ഥം ദീനദീനയായി മുറവിളിക്കുകയാണ്—ധർമ്മത്തിൻെറ ദുർഗ്ഗതിയോർത്തു്—

യദായദാഹി ധർമ്മസ്യ ഗ്ലാനിർഭവതി....
....പരിത്രാണായ സാധൂനാം........

എന്ന പ്രതിജ്ഞയെ അനുനിമിഷവും അനുസ്മരിച്ചുകൊണ്ടു് ആവലാതിപ്പെടുകയാണ്. സമുദായജനനി അധർമ്മ കംസൻെറ നിഷ്ഠൂര കാരാഗ്രഹത്തിൽപ്പെട്ടുഴലുന്നു. ഗോവൃന്ദങ്ങൾ തങ്ങളുടെ പ്രാണനാഥനായ ഗോപാലൻെറ നാമങ്ങൾ ഉച്ചരിച്ചുകൊണ്ടു് പ്രാണാഹുതി ചെയ്യുന്നു.

ഇങ്ങനെ ഭഗവാൻെറ പുണ്യാവതാര ദിനത്തിലും നമുക്കു് നമ്മുടെ വിധി വൈപരീത്യത്തിൻെറ ധ്വനികൾ മാത്രമേ കേൾക്കാൻ കഴിയുന്നുള്ളു. ആനന്ദോല്ലാസത്തിൻെറ ഈ ശുഭ ദിനത്തിലും സ്വയം കൃതാനർത്ഥമായ ദുരവസ്ഥയെക്കുറിച്ച് കരഞ്ഞുകൊണ്ടിരിക്കുകയാണ് നാം. വിധിയുടെ വിഡംബനങ്ങളാൽ പ്രഭാതഭേരിയുടെ ശുഭമുഹൂർത്തത്തിലും ദുഃഖാലാപനം ചെയ്യുകയാണ് നാം.

ലോകത്തിലെ ഇതര ജനവിഭാഗങ്ങൾ വളരെ അധികം കല്പിതങ്ങളായ ആദർശങ്ങളുടെ കീഴിൽ അണിനിരന്നുകൊണ്ടിരിക്കുന്നു, ഉത്തമാദർശം ഉന്നമനത്തിനുള്ള പ്രധാനാവലംബം തന്നെയാണ്. അധഃപതനത്തിൻെറ അത്യഗാധതയിൽ നിന്നും ഉദ്ധാരണത്തിനുള്ള പടിയാണ് ആദർശം. ഹൈന്ദവ സമുദായത്തിനു് ആദർശങ്ങളുടെ അഭാവമില്ല. എല്ലാ പ്രകാരത്തിലും ഉത്തമ

മെന്നുകാണുന്ന ആദർശങ്ങരം നമുക്കു സുലഭമാണ്. ലോകത്തിലെ മറെറാരു സമുദായത്തിനും ഇത്ര വളരെ ആദർശങ്ങരം ലഭിച്ചിട്ടില്ല. വേണ്ടുവോളം മഹത്വപൂർണ്ണമായ ആദർശങ്ങരം ഉണ്ടായിരുന്നിട്ടും ഹൈന്ദവസമുദായം അസംഘടിതമായി ഛിന്നിച്ചിതറിക്കിടക്കുന്നതെന്തുകൊണ്ടാണ്? സല്ക്കർമ്മവിമുഖതകൊണ്ട് തന്നെ. ചില കാലങ്ങളിൽ ആദർശവാദികളും കർമ്മഭ്രംശംകൊണ്ട് ദുർദ്ദശക്കു വിധേയരായിത്തീരാറുണ്ടല്ലോ!

ഏതു ദേശത്തേക്കും എക്കാലത്തേയ്ക്കുമുള്ള സമ്പൂർണ്ണാദർശമാണ് ഭഗവാൻ ശ്രീകൃഷ്ണൻ. അതുകൊണ്ടു തന്നേയാണ് ഹിന്ദുക്കരം ഷോഡശകലാപൂർണ്ണനായി ഭഗവാനെ കാണുന്നതും "കൃഷ്ണസ്തുഭഗവാൻ സ്വയം" എന്ന പാവന വിശ്വാസത്തോടുകൂടി ആരാധിക്കുന്നതും. അവതാരത്തെക്കുറിച്ച് ഭിന്നാഭിപ്രായമുള്ളവരും ശ്രീകൃഷ്ണനെ യോഗിവര്യനായും, യോഗേശ്വരനായും, സർവ്വശ്രേഷ്ഠ മഹാപുരുഷനായും പൂജിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. ജീവിതപുരോഗമനത്തിന് ആവശ്യമായ എല്ലാ ആദർശങ്ങളും ശ്രീകൃഷ്ണചരിത്രത്തിൽ സ്പഷ്ടമായും ദർശിക്കാവുന്നതാണ്. ഗോപാലൻ, ശാന്തിദൂതൻ, തേരാളി, യോദ്ധാവ്, നേതാവ്, നീതിധുരന്ധരൻ, രാജ്യതന്ത്രജ്ഞൻ, ജ്ഞാനി, കർമ്മയോഗി, യോഗേശ്വരൻ എന്നിങ്ങനെ ഏതു ദൃഷ്ടികോണിലൂടെ നോക്കി അപഗ്രഥനം ചെയ്താലും ശ്രീകൃഷ്ണൻ അദ്വിതീയ സ്ഥാനത്തു തന്നെ. സംസ്കൃത സാഹിത്യവും ഭാരതത്തിലെ ഇതര ഭാഷാ ചരിത്രങ്ങളും ശ്രീകൃഷ്ണലീലാകീർത്തനങ്ങളാൽ സുശോഭിതമാണ്.

ദുർഭാഗ്യവശാൽ നമ്മളിന്നെന്താണ് ചെയ്യുന്നത്? ശ്രീകൃഷ്ണലീലാദർശങ്ങളനുഭവപ്പെടുത്താൻ ഒരടിപോലു,

മുന്നോട്ട വയ്ക്കുന്നില്ല! ഉദരാദി പ്രശ്നങ്ങളുടെ പേരിൽ ആത്മീയ ഭാവത്തെ പൊതിഞ്ഞു മറയ്ക്കാനുള്ള വിഫല ശ്രമം നടത്തുകയാണ്. ദുർവ്വാസനകാംക്ഷം, സ്വാർത്ഥ പൂരണത്തിനും ഉതകുന്ന ന്യായങ്ങളെ തേടിപ്പിടിക്കുവാൻ തിരയുകയാണ്. ഭഗവാന്റെ ദിവ്യലീലകളെ ഗ്രഹിക്കുവാൻ കഴിയാത്ത താമസബുദ്ധി, ഈശ്വരനിലും കളങ്കം കണ്ടെത്തുന്ന ദയനീയനിലയിലേക്കു പതിക്കുകയാണ്. ഭൌതികശാസ്ത്രങ്ങൾപോലും ശരിയായി ഗ്രഹിക്കേണമെങ്കിൽ കുറേയേറെ യത്നിക്കണമെന്നിരിക്കെ, മനുഷ്യ ജീവിതത്തിന്റെ ബാഹ്യവും ആന്തരീകവുമായ ജീവിതസമുൽകർഷത്തിന്നടിസ്ഥാനമായ ആദ്ധ്യാത്മിക ശാസ്ത്രം അഥവാ ഭഗവല്ലീലകൾ ഗ്രഹിക്കുന്നതിനും അചഞ്ചലമായ ഭക്തിയും നിരന്തരമായ അഭ്യാസവും അത്യന്താപേക്ഷിതമാണെന്നവസ്തുത മറക്കാവതല്ല. ഭക്തിയെന്തന്നറിയാതെ ഭക്തിയുടെപേരിൽ വെണ്ണകവന്നുണ്ട കൃഷ്ണനേയും ഗോപസ്ത്രീകളുടെ ഉടുവസ്ത്രങ്ങൾ വാരിക്കൊണ്ടരയാലിൻ കൊമ്പത്തിരുന്ന കൃഷ്ണനേയും കുറിച്ചുമാത്രം പാടി രസിക്കുന്നതിനിടയ്ക്കു കുചേലസഖാവും, പാർത്ഥസാരഥിയും, അവതാരവരിഷ്ഠനമായ ശ്രീകൃഷ്ണനെ കാണാതായതിൽ അത്ഭുതമില്ല. പുരാണകഥകളുടെ സജീവമായ ഭാവാർത്ഥം ഗ്രഹിക്കുന്ന രീതിയിലല്ല ഇപ്പോഴത്തെ പുരാണപഠനമെന്നു താല്പര്യം. ശ്രീകൃഷ്ണചരിത്രലേഖകന്മാരിൽ സർവ്വശ്രേഷ്ഠനായ ശ്രീബങ്കിമ ചന്ദ്രചതോപാദ്ധ്യായ ഒരിടത്തു് വ്യസനാക്രാന്തനായിട്ടെഴുതുകയാണ്:—

"ഹിന്ദുക്കളായ നാം നമ്മുടെ മഹനീയാദർശങ്ങളെ വിസ്മരിക്കുവാൻ തുടങ്ങിയപ്പോൾ, ശ്രീകൃഷ്ണചരിതത്തെ അവമതിക്കുവാൻ ആരംഭിച്ചപ്പോൾ—ആ നിമിഷം മുതൽ

നമ്മുടെ സാമൂഹികാധഃപതനവും തുടങ്ങി. ജയദേവൻെറ "ഗീതാഗോവിന്ദ" കൃഷ്ണനെ സ്തുതിച്ച് രസിക്കാനാണ് എല്ലാവർക്കും താല്പര്യം. എന്നാൽ 'മഹാഭാരത' കൃഷ്ണനെ യാകട്ടെ ആരും ഓർമ്മിക്കുകൂടിചെയ്യില്ല!....സനാതന ധർമ്മത്തിനു വിരുദ്ധമായി നിലകൊള്ളുന്നവർ പറയുന്നുണ്ട്, കൃഷ്ണചരിതത്തിൻെറ കലുഷിതമായ സങ്കല്പംകൊണ്ടാണ് ഭാരതത്തിൽ കൂടുതൽ പാപജന്യമായ അനാചാരങ്ങൾ ഉണ്ടായിട്ടുള്ളതെന്ന്. ഇവരോടു പ്രതിവാദംചെയ്തു ജയിക്കാൻ കഴിവുള്ളവർ വളരെ അപൂർവ്വമായിട്ടാണ് കാണപ്പെടുന്നതു്. ഞാനാകട്ടെ ശ്രീകൃഷ്ണനെ സാക്ഷാൽ ഈശ്വരനായി വിശ്വസിക്കുന്നു. ഇംഗ്ലീഷു വിദ്യാഭ്യാസം കൊണ്ടു എൻെറ ഈ വിശ്വാസം ഒന്നുകൂടി ദൃഢപ്പെടുകയാണ് ചെയ്തതു്. ഇന്നുവരെ ഉണ്ടായിട്ടുള്ള പുരാണേതിഹാസങ്ങളിലെല്ലാംകൂടി ശ്രീകൃഷ്ണചരിതത്തെ ഞാൻ നല്ലപോലെ പഠിച്ചു മഥനം ചെയ്തുനോക്കി. പ്രചാരത്തിലിരിക്കുന്ന ശ്രീകൃഷ്ണലീലാവർണ്ണനകൾ അധികാരി ഭേദമനുസരിച്ച് യോഗ്യതപോലെ പഠിക്കട്ടെ. ഭഗവാൻെറ ചരിത്രത്തിൽ കൂടി അടിസ്ഥാനരഹിതമായിരുന്നാലും പാപജന്യമായ കഥകളും ഒരു വിഭാഗക്കാർ പ്രചരിപ്പിക്കാതിരുന്നിട്ടില്ല. ആഖ്യായികാകാരന്മാർ സാങ്കല്പികങ്ങളായി എഴുതിച്ചേർത്തിട്ടുള്ളവയെ മാററിനോക്കുകയാണെങ്കിൽപോലും ശേഷിക്കുന്നവ ശ്രീകൃഷ്ണൻെറ അതിവിശുദ്ധവും അതിശയ മഹത്വവുമായ ചരിത്രമാണെന്നു ബോദ്ധ്യമാവും. ഇത്രത്തോളം സർവ്വഗുണാന്വിതവും സർവ്വാദർശ സമ്പൂർണ്ണവുമായ മഹൽ ചരിത്രം മററൊരു ദേശത്തും ഒരു കാലത്തും ഒരു കാവ്യത്തിലും ഉണ്ടായിരിക്കുന്നതല്ല".

ശ്രീകൃഷ്ണചരിത പരായണരായ ഭാഗ്യവാന്മാർ മേലു ദ്ധരിച്ച ശ്രീബങ്കിമ ചന്ദ്രൻെറ വാക്യങ്ങളെക്കുറിച്ച് മന സ്സിരുത്തി ചിന്തിക്കേണ്ടതാണ്. ശ്രീകൃഷ്ണലീലാതത്വത്തെ വേണ്ടവണ്ണം ധരിക്കയും ആ മഹനീയാടിസ്ഥാനത്തിൽ നമ്മുടെ സാമാജിക ജീവിതനിർമ്മാണത്തിനൊരുങ്ങുകയുമാണെങ്കിൽ സർവ്വ ദുരിതങ്ങളും സൂര്യോദയത്തിൽ അന്ധകാരമെന്നപോലെ അകന്നുപോകും. ഉദാഹരണത്തിനു നേതാക്കന്മാരെതന്നെ നോക്കുക. ഇന്നെവിടെ നോക്കിയാലും നേതാക്കന്മാരുടെ പ്രളയമാണ്. ഏതു തരത്തിലും നേതാവാകണമെന്ന മോഹത്തിനു ഒരെത്തും പിടിയും കാണുന്നില്ല. 'ആറം ഇൻഡ്യാ ലീഡർ' ആകാൻ കഴിയാത്തപക്ഷം ഗ്രൂപ്പുകൾ സൃഷ്ടിക്കുകയായി. ഭാഷാപരമായും സംസ്ഥാനപരമായും മററും, മററും ഭിന്നിപ്പിച്ച് നേതൃത്വം കരസ്ഥമാക്കാൻ വെമ്പൽകൊള്ളുകയായി. ഈ 'നേതൃത്വവടംവലി' രാജ്യത്തെ ഏതെല്ലാം വഴികളിൽ ക്കൂടിയാണ് പുരോഗമിപ്പിക്കുന്നതെന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. പരമനേതാവായ ഭഗവാൻ ശ്രീകൃഷ്ണൻെറ ചരിത്രത്തിൽനിന്ന് ഈ നേതാക്കന്മാരാരെങ്കിലും ഒരു പാഠമെങ്കിലും പഠിച്ചിട്ടുണ്ടോ എന്നു നാമൊന്നു ആരായേണ്ടതാണ്.

ഒരു മുന്നറിവിപ്പെന്ന നിലയിൽ മാത്രം. മഹാത്മാ ഗാന്ധിയുടെ വാക്കുകളിൽക്കൂടി ഈ ഖണ്ഡിക സമാപിക്കട്ടെ. ആ മഹാനേതാവ് പറയുകയാണ്. "ഹിന്ദുധർമ്മ പ്രകാരം ശ്രീകൃഷ്ണൻ സമ്പൂർണ്ണാവതാരസ്ഥാനത്തെ അലങ്കരിക്കുന്നതെന്തുകൊണ്ടാണ്? ജീവിതകാലത്തു ധർമ്മജാഗ്രത ഏതൊരാളിലാണോ ഏററവുമധികമുള്ളത്, അദ്ദേഹത്തെ വിശേഷാവതാരമാണെന്നു എല്ലാവരും ഗണിക്കുന്നു. അവതാരത്തിലുള്ള ഈ വിശ്വാസം മനുഷ്യൻെറ അന്തിമമായ ശുഭാഭിലാഷങ്ങളെയാണ് സൂചിപ്പിക്കുന്നതു്. ഈശ്വരരൂപമായാലല്ലാതെ മനുഷ്യനു സമാ

ധ്യാനമോ ശാന്തിയോ ലഭിക്കില്ല......യജ്ഞാർത്ഥമായ കർമ്മംകൊണ്ടു സമസ്തകർമ്മങ്ങളും കൃഷ്ണാർപ്പണമായി ചെയ്തിട്ടു—അതായതു് മനോവാക്ശരീരങ്ങളെ ഈശ്വരന്നായി ആഹുതി ചെയ്തുകൊണ്ടു് വേണം മനുഷ്യജന്മം സഫലമാക്കുവാൻ.

“യദ്യദാചരതിശ്രേഷ്ഠ....” നേതാക്കന്മാരെന്നു ഗണിക്കപ്പെടുന്നവർ നേരേയായാൽ ജനങ്ങളും നേരെയായിക്കൊള്ളും. വഴിപിഴച്ച ജനകീയത്തിൽക്കൂടി മാത്രമെ ആത്മശുദ്ധീകരണത്തിനും ഒരുക്കമുള്ളൂ എന്നുവന്നാൽ 'വിനാശകാലെ വിപരീതബുദ്ധി'യെന്നു സമാധാനിക്കാനേ പററൂ! പാണ്ഡവന്മാരും കൗരവന്മാരും—ഇരു ഭാഗക്കാരും ശ്രീകൃഷ്ണൻെറ ബന്ധുക്കളായിരുന്നു. ഓരോരുത്തരുടേയും പക്ഷത്തേക്കു ശ്രീകൃഷ്ണനെ കൊണ്ടുവരുവാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരുന്നു. 'ലോകസംഗ്രഹ' തത്വവേത്തായ ശ്രീകൃഷ്ണൻ ഭൂരിപക്ഷക്കാരുടെ അപ്രിയം ഭയന്നു ധർമ്മത്തെ അധർമ്മമായി വ്യവഹരിച്ചില്ല. തൻെറ സമത്വ ബോധത്തേയും ഔദാര്യത്തേയും പ്രദർശിപ്പിക്കുവാനായി നിരപരാധികളെ അപരാധികളായി മുദ്രയടിച്ചില്ല! അപകീർത്തികരവും അപായകരവുമായ സന്ദർഭങ്ങളിൽപ്പോലും ശ്രീകൃഷ്ണൻ കർത്തവ്യപരാങ്മുഖനായി മാറിയിട്ടില്ല! ഭാരത സമുദായത്തിൻെറ നേതാക്കന്മാരും അഭ്യസ്ത വിദ്യരെന്നറിയപ്പെടുന്ന യുവാക്കന്മാരും ശ്രീകൃഷ്ണചരിതത്തെ ആദ്യത്തെയും അവസാനത്തെയും ജീവിതാദർശമായി സ്വീകരിക്കുമെങ്കിൽ സമുദായത്തേയും രാഷ്ട്രത്തേയും അവരവരെത്തന്നെയും സംരക്ഷിക്കുന്നതിന്നു സമർത്ഥരായിത്തീരുമെന്നുള്ളതിന്നു സംശയമില്ല. ആയതിലേക്കു ഭഗവാൻ അനുഗ്രഹിക്കുമാറാകട്ടെ!

കൃഷ്ണം വന്ദേ ജഗദ്ഗുരും.

---

1952 സെപ്റ്റംബർ 16–ാംനു ലക്കം “കേസരി” യിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 5 "പരിത്രാണായ സാധൂനാം"

"സജ്ജനങ്ങളെ സംരക്ഷിക്കുന്നതിനും ദുർജ്ജനങ്ങളെ സംഹരിക്കുന്നതിനും, ധർമ്മ സംസ്ഥാപനത്തിനുമായി ഭഗവാൻ യുഗം തോറും അവതരിക്കുന്നു." എന്ന വിശ്വോത്തരമായ ഭഗവൽ പ്രതിജ്ഞ എന്നെന്നും ആശ്വാസവും പ്രത്യാശയുമേകിക്കൊണ്ട് വിരാജിക്കുന്നു. ധർമ്മപ്രിയരായ സജ്ജന ഹൃദയങ്ങളിൽ കർത്തവ്യബോധവും, ധർമ്മ പ്രതിപത്തിയുമുളവാക്കുകയും, ആശയും ആനന്ദവുമേകുകയും ചെയ്തുകൊണ്ടിരിക്കുന്ന അമരത്വസന്ദേശമാണിതു്. ഷോഡശകലാപൂർണ്ണനായ ഭഗവാന്റെ അവതാരലീലകളിൽ ആദ്യന്തം പ്രതിഫലിച്ചു് മുഴങ്ങുന്ന ആശ്വാസവാണിയാണു്—"പരിത്രാണായ സാധൂനാം" എന്ന ഭഗവദ്വചനം.

ഈശ്വരൻ, മഹാപുരുഷൻ സാധാരണക്കാരൻ എന്നിങ്ങനെ വിവിധ ഭാവങ്ങളിൽ നിഗ്രഹാനുഗ്രഹ ശക്തികളോടുകൂടിയതാണു് ശ്രീകൃഷ്ണചരിതം. അതു് അത്യൽഭുതകരമാണു്. 'കന്നാലിപ്പിള്ളേർ മുതൽ ചക്രവർത്തിമാർ വരെ ശ്രീകൃഷ്ണലീലകളിൽനിന്നും, അവരവരുടെ വാസനാബലവും മനോബുദ്ധി വ്യാപാരങ്ങളുമനുസരിച്ചു് ജീവിത പ്രചോദനവും, ശക്തിയും ഉൾക്കൊണ്ടിട്ടുള്ളവർ അസംഖ്യം. അതു് എന്നെന്നും തുടർന്നുകൊണ്ടിരിക്കും.

ഈശ്വരാവതാരം അത്യന്താപേക്ഷിതമായിത്തീർന്ന ഒരു അന്തരാളഘട്ടമായിരുന്നു ദ്വാപരയുഗത്തിന്റെ അവസാനകാലം. ശ്രീരാമാവതാരംകൊണ്ടു് പിതൃഭക്തി, നീതിനിഷ്ഠ, ധർമ്മതല്പരത എന്നിവയുടെ ഉത്തമ മാതൃകകൾ കാട്ടിത്തന്ന ഭാരതവർഷത്തിൽ സ്വപിതാവിനെ കാരാഗൃ

ഹത്തിൽ പിടിച്ചടച്ചിട്ട് സിംഹാസനം കയ്യിലാക്കുന്ന കംസനെപ്പോലെയുള്ള രാജാക്കന്മാർ പെരുകിവന്നു. അവരുടെ അധർമ്മാചരണങ്ങളും അന്യായമായ സമ്മർദ്ദങ്ങളുംകൊണ്ട് ജനങ്ങൾ പീഡിതരും ദുഃഖിതരുമായിത്തീർന്നു. അത്യാചാരികളുടെ ആസുരവൃത്തികൾക്ക സഹായകമായില്ലെങ്കിൽ ധർമ്മാത്മാക്കൾക്കും ധർമ്മസ്ഥാപനങ്ങൾക്കും നിൽക്കപ്പൊറുതിയില്ലെന്നായി. മഹർഷിമാരെ നാനാവിധത്തിൽ അവമതിക്കുകയും ജനാഭിലാഷങ്ങൾ ചവുട്ടിമെതിക്കപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. ജരാസന്ധൻ, കംസൻ തുടങ്ങിയ മഹാപരാക്രമികളും സദാ സ്വാർത്ഥലോലുപരുമായ കുട്ടാളികൾ ഭാരതഖണ്ഡം മുഴുവനും അരാജകത്വത്തിൻേറയും അശാന്തിയുടേയും വിഷാണുക്കൾ വിതറിക്കഴിഞ്ഞിരുന്നു. ജരാസന്ധൻ തുടങ്ങിയ ആസുരശക്തികളുടേയും തൻേറയും രാക്ഷസബലത്തിൽ മതിമറന്ന കംസൻ സ്വസഹോദരിയെ കൂസലെന്യേ വധിക്കാൻ മുതിന്നു. നിർദ്ദോഷികളായ നിരവധി മനുഷ്യശിശുക്കളെ നിർദ്ദയം കൊലചെയ്തു. ധർമ്മാധർമ്മ വിവേചനംകൂടാതെ എല്ലാം സ്വാർത്ഥസിദ്ധിക്കുവേണ്ടിയാണ് കംസൻ പ്രവർത്തിച്ചുകൊണ്ടിരുന്നത്. ബാലസഹജമായ ലീലകളിൽക്കൂടി, കംസൻെറ പരാക്രമങ്ങളേയും ചതിപ്രയോഗങ്ങളെയും ആദ്യമാദ്യം ചെറുത്തു നശിപ്പിച്ചുകൊണ്ടിരുന്ന ശ്രീകൃഷ്ണൻ അവസാനമായി കംസനേയും നാമാവശേഷനാക്കിത്തീർത്തു. മഥുരാപുരിവാസികൾ അങ്ങനെ സന്തുഷ്ടരും സമാധാനചിത്തരുമായിത്തീർന്നു. തങ്ങളുടെ ജീവിത സുഖവും ശാന്തിയും വീണ്ടെടുത്ത് അനുഗ്രഹിച്ച ശ്രീകൃഷ്ണൻതന്നെ മഥുരാപുരിയിലെ രാജാവാകണമെന്ന് അവർ പ്രാർത്ഥിച്ചുവെങ്കിലും ശ്രീകൃഷ്ണൻ ചെയ്തതെന്താണ്? ബന്ധനസ്ഥനാക്കപ്പെട്ടിരുന്ന ഉഗ്രസേനനെ

വിമുക്തനാക്കി അദ്ദേഹത്തിനെത്തന്നെ വീണ്ടും രാജാവാക്കി വാഴിച്ചുകൊണ്ടു് ഉത്തമ നേതാവിന്റെ ലക്ഷണം അധികാരമോഹമല്ല കർത്തവ്യപാലനമാണെന്നു് ശ്രീകൃഷ്ണൻ കാണിച്ചുതന്നു.

യുദ്ധക്കൊതിയനായ ജരാസന്ധൻ പലയാവർത്തി മഥുരാപുരിയെ ആക്രമിച്ചു. അപ്പോഴെല്ലാം ശ്രീകൃഷ്ണൻ അവരെ വിരട്ടിയോടിച്ചു. ഭഗവാൻ മഥുരാപുരിവിട്ടു് പോകുന്ന സന്ദർഭം നോക്കി ജരാസന്ധൻ സൈന്യസമേതം അദ്ദേഹത്തെ പിൻതുടന്നു. ഗോമാക്ഷ പർവതനിരകളിൽ വച്ചു് ആ അധമന്മാരുമായി ശ്രീകൃഷ്ണൻ ഏററുമുട്ടുകയും ജരാസന്ധാദികളെ വീണ്ടും തിരിച്ചോടിക്കുകയും ചെയ്തു. എന്നിട്ടു് ദ്വാരകാനഗരം നിർമ്മിച്ചു് അവിടെ വസിച്ചു വരവേയാണു്, ദുഷ്ക്കർമ്മങ്ങളുടെ മൂർത്തിമാനും, പ്രാഗ്ജോതിഷ രാജ്യത്തിലെ രാജാവുമായ നരകാസുരനെ ഭഗവാൻ വധിച്ചു് ആ രാജ്യവാസികൾക്കു് ക്ഷേമവും സ്വാതന്ത്ര്യവും നൽകി രക്ഷിച്ചതു്.

പഞ്ചപാണ്ഡവന്മാരും മാതാവും തീപിടിച്ച അരക്കില്ലത്തിൽ നിന്നും രക്ഷപ്പെടുന്ന കാലത്തു് ശ്രീകൃഷ്ണൻ മദ്ധ്യവയസ്സനായിരുന്നു. പാണ്ഡവന്മാർ ജീവിക്കുന്നുവെന്നറിഞ്ഞ ദുര്യോധനാദികൾ അവരുടെ വാസത്തിനു് തെരഞ്ഞെടുത്തുനൽകിയതു് യമുനാതീരത്തിലെ ഒരു വന്യപ്രദേശമായിരുന്നു. ശ്രീകൃഷ്ണ ഭഗവാന്റെ അനുമതിയും അനുഗ്രഹവുംകൊണ്ടു് പാണ്ഡവന്മാർ അവിടെ ഇന്ദ്രപ്രസ്ഥമെന്നു ഭൂലോകസുന്ദരമായ ഒരു മഹാനഗരം നിർമ്മിച്ചു. ധർമ്മ നിഷ്ഠനായ യുധിഷ്ഠിരൻ ശ്രീകൃഷ്ണാനുമതിയോടുകൂടി രാജസൂയമഹായജ്ഞം സമംഗളം നടത്തി. ഈ മഹായജ്ഞത്തോടനുബന്ധിച്ചു് ആസുര ശക്തികൾക്കും, അധർമ്മ

ത്തിനെതിരായി ശ്രീകൃഷ്ണശക്തി പ്രവർത്തിച്ചുകൊണ്ടിരുന്നു. ധർമ്മ പ്രാണരായ പാണ്ഡവന്മാരുടെ ഐശ്വര്യ പ്രഭാവങ്ങളിൽ ഈർഷ്യാലുക്കളും ബുദ്ധിഭ്രഷ്ടരുമായിത്തീർന്ന പല രാജാക്കന്മാരും മദമത്തരായി തങ്ങളുടെ ഭുജബല പരാക്രമങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു മുന്നേറിവരികയും ഭഗവൽ സന്നിധിയിൽ അവരെല്ലാം അഗ്നിയെ കണ്ടുകൊണ്ട് കുതിച്ചു പൊങ്ങിയ ഈയ്യൽ പാററകളെപ്പോലെ അന്ത്യം വരിക്കയും ചെയ്തു. നിരവധി രാജാക്കന്മാരെ ജയിലിലടച്ചിരുന്ന ജരാസന്ധനും, താനാണ് അവതാര പുരുഷനായ വാസുദേവനെന്നും, ധർമ്മസ്വരൂപനെന്നും പ്രചരണം നടത്തി അധർമ്മവും അക്രമവും പ്രവർത്തിച്ചുകൊണ്ടിരുന്ന പൗണ്ഡ്രകനും ശ്രീകൃഷ്ണകരങ്ങളാൽ അന്ത്യം വരിച്ചു.

രാജസൂയം മുഖേന പാണ്ഡവന്മാരുടെ ധർമ്മനിഷ്ഠയും പ്രാബല്യവും ഇതര രാജാക്കന്മാർക്കുകൂടി അനുകരണീയമായിത്തീരണമെന്നും, അങ്ങനെ രാജാക്കന്മാരും രാജ്യങ്ങളും തമ്മിൽ കാണിക്കുന്ന വിരോധങ്ങളും അസൂയവൈരങ്ങളും, ഇല്ലാതാക്കണമെന്നും, പരസ്പരധാരണയിലും സൗഹാർദ്ദത്തിലുംകൂടി യുദ്ധങ്ങളൊഴിവാക്കി സമാധാനം നിലനാട്ടണമെന്നും ശ്രീകൃഷ്ണ ഭഗവാൻ ഒരു സമാധാന ദൂതനെപ്പോലെ പരിശ്രമിച്ചിരുന്നു. പക്ഷെ, മാനസികമായി അധഃപ്പതിച്ചിരുന്ന ദുഷ്ടന്മാർ ധർമ്മശക്തിക്കെതിരായി രഹസ്യതന്ത്രങ്ങൾ പ്രയോഗിച്ചുകൊണ്ടിരുന്നു. രാജസൂയയജ്ഞത്താൽ പാണ്ഡവർക്കുണ്ടായ യശസ്സും ഐശ്വര്യവും കണ്ട് അസൂയാകലുഷിതരും മദമത്തരുമായിത്തീർന്നവർ വക്രമാർഗ്ഗങ്ങളും വഞ്ചനകളും അവലംബിച്ചു. അവർക്ക് ദുര്യോധനാദികൾ നേതൃത്വം നൽകി. 'ചോററിന്റെ കൂറ്' കാണിക്കാനായി കൗരവപക്ഷം ചേർന്ന

നിന്ന ഭീഷ്മർ, ദ്രോണർ തുടങ്ങിയ മഹാപുരുഷന്മാർക്ക പോലും ദുര്യോധനാദികളുടെ നീചകർമ്മങ്ങളെ ശക്തി പൂർവ്വം എതിർക്കാനോ, കർശനമായി നിയന്ത്രിക്കാനോ സാദ്ധ്യമായില്ല. അക്കാരണത്താൽതന്നെ ആ മഹാന്മാർ ബുദ്ധിഭ്രഷ്ടരും ധർമ്മഹീനരുമായി അധഃപതിച്ച് കഴി ഞ്ഞിരുന്നു. കൗരവസഭയിൽ ദ്രൗപതിവസ്ത്രാക്ഷേപം നടത്തിയപ്പോഴും സമാധാനദൗത്യവുമായി കൗരവസഭയി ലെത്തിയ ശ്രീകൃഷ്ണനെ ബന്ധിച്ചിടാൻ തുനിഞ്ഞ പ്പോഴുമെല്ലാം ദുര്യോധന രാഷ്ട്രസിദ്ധാന്തത്തിനും, നിയമ ങ്ങൾക്കും വിധേയരായി നിൽക്കുവാൻ മാത്രമേ ഈ മഹാ രഥന്മാർക്ക് കരണീയമായിരുന്നുള്ളൂ. ശ്രീകൃഷ്ണന്റെ സമാധാന ദൗത്യം പാണ്ഡവന്മാരുടെ ദൗർബല്യത്തി ന്റേയും ഭീരുത്വത്തിന്റേയും അടയാളമായിട്ടാണ് ദുർബു ദ്ധികളായ ദുര്യോധനാദികൾ വ്യാഖ്യാനിച്ചത്.

ഇതിനിടക്ക് കടൽ-വ്യോമസൈന്യങ്ങളെക്കൊണ്ട് പ്രതാപവാനും അഹങ്കാരിയുമായിത്തീർന്ന ശാല്വൻ, ദ്വാരകാപുരിയെ ആക്രമിച്ച് കീഴ്പ്പെടുത്താൻ ശ്രമിച്ചു കൊണ്ടിരുന്നു. ശ്രീകൃഷ്ണൻ ശാല്വന്റെ വൈമാനിക ശക്തിയെ നിഷ്പ്രയാസം തോൽപ്പിക്കുകയും ശാല്വനെ കാലപുരിക്കയക്കുകയും ചെയ്തു. അതിനുമുമ്പ് പാണ്ഡ വന്മാരുടെ വനവാസകാലമത്രയും ഭഗവാൻ ദ്വാരകയിൽ തപോനിഷ്ഠനായിരിക്കയായിരുന്നു. മഹാഭാരത യുദ്ധമാ രംഭിച്ചു.—കാലോസ്മിലോകക്ഷയ കൃത് പ്രവൃദ്ധോ, ലോകാൻ സമാഹർത്തുമിഹ പ്രവൃത്ത:—മഹാകാല സ്വരൂപനായ ഭഗവാൻ പാർത്ഥസാരഥിയായി പ്രത്യക്ഷപ്പെട്ടു. വിശ്വകല്യാണാർത്ഥം അർജ്ജുനനെ നിമിത്തമാക്കിക്കൊണ്ട് ഗീതോപദേശം നൽകി.

വിശ്വരൂപ ദർശനം നൽകി പാർത്ഥനെ മോഹവിമുക്തനും കർത്തവ്യനിരതനുമാക്കിത്തീർത്തു. ഈ ധർമ്മ മഹാസമരത്തിൽ സഹസ്രക്കണക്കിനു ഭാഗഭാക്കുകളായ യുദ്ധവീരന്മാരിൽ അവസാനം ശേഷിച്ചതു് ഒൻപതുപേർ മാത്രമാണു്. കൗരവപക്ഷത്തിൽ ദ്രോണപുത്രനായ അശ്വത്ഥാമാവും കൃപാചാര്യരും ഒഴിച്ചു് മററെല്ലാവരും ചത്തൊടുങ്ങി. പാണ്ഡവപക്ഷത്തിൽ സാതൃകി, യുയുത്സു, പഞ്ചപാണ്ഡവന്മാർ ഇത്രയും പേരാണു് അവശേഷിച്ചതു്. ധർമ്മരാജ്യം പുനഃസ്ഥാപിതമായി. അന്യായവും അധർമ്മവും അമർന്നൊതുങ്ങി. ശ്രീകൃഷ്ണാജ്ഞപ്രകാരം പാണ്ഡവന്മാർ അശ്വമേധയജ്ഞം നടത്തി. രാജ്യമെങ്ങും സുഭിക്ഷതയും സമാധാനവും നിറഞ്ഞു വ്യാപിച്ചു.

ഭൗതികസുഖമാണു് ജീവിതലക്ഷ്യമെന്നു കരുതിയ ഭോഗലോലുപന്മാരെക്കൊണ്ടു് നിറഞ്ഞിരുന്ന ആ കാലത്തിൽ, ദ്വാപരയുഗാന്ത്യത്തിൽ നിവൃത്തിനിഷ്ഠരായ മുനിമാരും വിരളമല്ലായിരുന്നു. പക്ഷെ, അവർ ലോകകാര്യങ്ങളിൽ അലസമനോഭാവമാണു് പ്രകടിപ്പിച്ചിരുന്നതു്. ഇങ്ങനെ രണ്ടു പ്രകാരത്തിലും—ലൗകികവും ആത്മീയവുമായി—ക്ഷീണദശയിലായിരുന്ന ജനതക്കു് ഭഗവത്ഗീതാ രൂപത്തിൽ ഒരു നവീന മാർഗ്ഗം ഭഗവാൻ വെട്ടിത്തുറന്നുകൊടുത്തു.

ഗീതയിൽ ഭഗവാൻ സ്വയം അരുൾ ചെയ്യുന്നതു പോലെ ഓരോ യുഗത്തിലും നല്കിയ സനാതന ധർമ്മത്തിന്റെ നവീനരൂപം.

അതു് യോഗത്തിന്റെയും കർമ്മത്തിന്റെയും സമന്വയരൂപവും സനാതന ധർമ്മത്തിലധിഷ്ഠിതവുമായ രാജപാ

തയാണ്. കർത്തവ്യനിഷ്ഠയുടേയും നിഷ്കാമ കർമ്മത്തിന്റേതുമായ ജീവിതാദർശമാണത്. ഈശ്വരീയ സാധനയിൽ നിന്നും വ്യതിചലിക്കാതെ അവരവരുടെ കർത്തവ്യ കർമ്മങ്ങൾ അനുഷ്ഠിക്കണമെന്ന് ഭഗവാൻ ഗീതയിൽക്കൂടി ഉപദേശിച്ചു. ഫലത്തിലോ, മാനാപമാനങ്ങളിലോ മനസ്സിരുത്താതെ സ്വധർമ്മം ചെയ്യുക—ഈശ്വരാർപ്പണ ബുദ്ധിയോടുകൂടി ലൗകിക കാര്യങ്ങളിലിടപെട്ടുകൊണ്ടിരിക്കുക. ജീവിതസാഫല്യം അഥവാ മോക്ഷത്തിനുള്ള രാജമാർഗ്ഗമാണിതെന്ന് സ്വയം ഭഗവാൻതന്നെ വെളിപ്പെടുത്തി.

ശ്രീകൃഷ്ണ ലീലകൾ ഓരോന്നും വിശ്വസംഗ്രഹാർത്ഥമായിരുന്നുവെന്ന് ഫൽഗുനന് ബോദ്ധ്യമായി. സുഖദുഃഖാദി ദ്വന്ദ്വഭാവങ്ങൾക്കെല്ലാം അതീതമായി കണ്ടറിഞ്ഞ അനുഭവങ്ങളാണ്.

ഭീമന്റെ പ്രിയപുത്രനായ ഘടോൽക്കചൻ, ഭുജബലത്തിൽ അഹംഭാവിയും ജനദ്രോഹിയുമായിരുന്നു. ഘടോൽക്കചനെ, ഇന്ദ്രന്റെ വരശക്തികൊണ്ട് കർണ്ണൻ വധിച്ചപ്പോൾ പാണ്ഡവരെല്ലാം ശോകമൂകരായിത്തീർന്നു. ശ്രീകൃഷ്ണനാവട്ടെ, അതുകണ്ട് ആനന്ദനൃത്തം ചെയ്തു. അതിന്റെ കാരണമന്വേഷിച്ചപ്പോൾ ഭഗവാൻ പറഞ്ഞത് സൽക്കർമ്മങ്ങളുടെ വിഘ്നകാരിയും ആതതായിയുമായ ഘടോൽക്കചൻ കർണ്ണനാൽ കൊല്ലപ്പെട്ടതു നന്നായി. ഇല്ലെങ്കിൽ അവനെ വധിക്കേണ്ടിവരുമായിരുന്നു എന്നാണ്. സ്വയം നന്നാവുകയോ, നന്നാവാൻ ശ്രമിക്കുകയോ ചെയ്യാത്തവർ ആരായാലും അവർക്കു നാശംതന്നെ. ധർമ്മിഷ്ഠരായിരുന്ന യാദവന്മാർ മദ്യപാനം മുതലായ ദുർവൃത്തികളിൽ ആമഗ്നരായി ആത്ത

ഹസിച്ചു. അവസാനം അവർ അന്യോന്യം തമ്മിലടിച്ച് നശിക്കുന്നതു് സുസ്മേരവദനനായി കയ്യുംകെട്ടി കണ്ടുകൊണ്ടുനിന്ന ഭഗവാൻ സ്വകുടുംബാംഗങ്ങളായിരുന്നാൽകൂടി ദുഷ്കർമ്മങ്ങളുടെ ദുരന്ത ഫലങ്ങളനുഭവിക്കുന്നതെങ്ങിനെയെന്നു് കാട്ടിത്തരികയായിരുന്നു.

രാജ്യതന്ത്രജ്ഞരിൽ സർവ്വശ്രേഷ്ഠനും, ആചാര്യനുമായ ശ്രീകൃഷ്ണനിൽ കപടാരോപണത്തിനു് ഒരുമ്പെടുന്നവർ ധർമ്മ സംസ്ഥാപനമെന്ന പാവനലക്ഷ്യം വിസ്മരിക്കുകയാണു് ചെയ്യുന്നതു്. ഭീഷ്മ ദ്രോണാദികളെപ്പോലുള്ള മഹാരഥന്മാർപോലും യുദ്ധനിയമങ്ങളെ ലംഘിച്ചുകൊണ്ടു് സാധാരണ സൈനികരുടെ നേരേ ദിവ്യാസ്ത്രങ്ങൾ പ്രയോഗിച്ചുതുടങ്ങിയപ്പോൾ അവരുടെ അന്ത്യകാലവും സമീപിച്ചതായി ഭഗവാൻ കണ്ടു. ശാസ്ത്രാസ്ത്രകുശലന്മാരായ അവരുടെ കഥ നേരത്തേ കഴിഞ്ഞില്ലെങ്കിൽ ധർമ്മഭാവം ക്ഷീണിക്കപ്പെടും. ധർമ്മ സംസ്ഥാപനമെന്നതു വെറും സ്വപ്നമായി ശേഷിക്കും. ശ്രീകൃഷ്ണൻ മഹാഭാരതയുദ്ധം നടത്തിച്ചിട്ടു് ഭാരതരാഷ്ട്രത്തെ ഒരു ദുർബലരാജ്യമാക്കിത്തീർത്തുവെന്ന ധാരണയും സത്യവിരോധമാണു്. ഭാരതയുദ്ധാനന്തരം 2500 വർഷങ്ങൾവരെ ഭഗവാൻ പുനസ്ഥാപിച്ച ധർമ്മനിഷ്ഠയും ക്ഷേമജീവിതവും ഭാരതവർഷത്തിൽ നിലനിന്നിരുന്നു. ഇതിനിടക്കു് രാജ്യദുർമ്മോഹംകൊണ്ടു് വിദേശികളാരുംതന്നെ ഭാരതത്തിലേക്കു് എത്തിനോക്കാൻപോലും ധൈര്യപ്പെട്ടിരുന്നില്ല. മഹാഭാരതയുദ്ധാനന്തരവും അസംഖ്യം മഹാത്മാക്കളേയും കർമ്മവീരന്മാരേയും ഭാരതമാതാവു് പ്രസവിച്ചു. അവസാനം വിദേശികളാൽ ഭാരതം ആക്രമിക്കപ്പെട്ടതും ഭാരതീയരുടെ അശക്തികൊണ്ടല്ല. ഭരണാധികാരികളിൽ തമ്മിലസൂയയും കിടമത്സരങ്ങളും രൂപമെടുത്തപ്പോഴാണു്

ഇവിടെ വിദേശാധിപത്യം ഉണ്ടായതു്. ശ്രീകൃഷ്ണാവതാര കാലത്തു് ഭാരതത്തിൽ ഏതുപ്രകാരമുള്ള പരിതസ്ഥിതിക ളാണോ ഉണ്ടായിരുന്നതു് അവ മറെറാരുവിധത്തിൽ 2500 വർഷങ്ങൾക്കുശേഷം വീണ്ടും ഉണ്ടാകയാണു് ചെയ്തതു്.

കാളിയമർദ്ദനൻ, ഗോവർദ്ധനഗിരിധാരി, ഗോപീ കാരമണൻ. കംസഹന്താവു് എന്നീ നിലകളിൽ ശ്രീകൃഷ്ണൻ സജ്ജനരക്ഷകനായി ദർശനമരുളുന്നു. നരകാ സുരൻ, പൗണ്ഡ്റകൻ, ശാലപൻ തുടങ്ങിയ രാക്ഷസ ശക്തികളെ വംശവിഛേദം ചെയ്തുകൊണ്ടു് ധർമ്മം പുനഃ സ്ഥാപിക്കുന്നു. കുചേലതോഴൻ, ദ്രൗപതീരക്ഷകൻ, രുഗ്മ ണീപതി തുടങ്ങിയ രൂപങ്ങളിൽ ഭഗവാൻ ശരണാഗത വൽസലനായി പ്രത്യക്ഷപ്പെടുന്നു. ഗോപാലൻ, പാണ്ഡ വദൂതൻ, ഗീതോപദേഷ്ടാവു് എന്നീ ഭാവങ്ങളിൽ ഭഗ വാന്റെ ദിവ്യാവതാര തത്വദർശനമേകുന്നു. എല്ലാവർക്കും എന്നെന്നും ജീവിതപ്രചോദനവും ശക്തിയും പ്രദാനം ചെയ്തുകൊണ്ടിരിക്കുന്ന ആ ദിവ്യാവതാരചരിതം നാം ശരിക്കു അനുഭവിച്ചറിയാൻ ശ്രമിക്കുകയാണാവശ്യം. ഈ ശപരീയ സാധനാനിഷ്ഠമായ ജീവിതത്തിൽക്കൂടി മാത്രമേ യുഗങ്ങൾതോറും അവതരിക്കുന്ന ആ മഹൽ വിഭൂ തിയെ അറിയാനും അനുഭവപ്പെടുത്താനും സാദ്ധ്യമായി ത്തീരൂ!.

"പരിത്രാണായ സാധൂനാം
വിനാശായച ദുഷ്കൃതാം
ധർമ്മസംസ്ഥാപനാർത്ഥായ
സംഭവാമിയുഗേ യുഗേ.

---

13–9–1955 ലെ "മലയാളി" വാരാന്തപ്പതിപ്പിൽ പ്രസിദ്ധപ്പെ ടുത്തിയതു്.

# 6 ശ്രീകൃഷ്ണ ഭക്തി-
# പ്രാചീന അറേബ്യയിൽ

മുഹമ്മദ് നബിക്ക മുൻപ് അറബി സാഹിത്യം വളരെ ഉച്ചനിലയിലായിരുന്നു. ഇന്നും അനവധി അറേബ്യൻ കവികൾക്ക് പ്രചോദനം നൽകിക്കൊണ്ടിരിക്കുന്ന അന്നത്തെ കാവ്യശാഖയുടെ വൈശിഷ്ട്യം പ്രത്യേകം എടുത്തു പറയേണ്ടതായിട്ടുണ്ട്. മുഹമ്മദ്നബിയുടെ ആവിർഭാവത്തോടുകൂടി ഇസ്ലാം മതത്തിന വിരുദ്ധമാണെന്ന ധാരണയിൽ പരിപുഷ്ടമായിരുന്ന അന്നത്തെ അറേബ്യൻ സാഹിത്യ വളർച്ചയെ മനപ്പൂർവ്വം മുരടിപ്പിച്ചു. എന്നാൽ സഹൃദയരായ അന്നത്തെ അറേബ്യൻ കലാകാരന്മാർ നിസ്തുലമായ കാവ്യരത്നങ്ങളെ സുരക്ഷിതമാക്കുന്നതിന് പണിപ്പെട്ടു ശ്രമിക്കാതെയുമിരുന്നില്ല. മക്കാനഗരത്തിലെ ഇന്നു "കാബാ" എന്നറിയപ്പെടുന്ന അന്നത്തെ പ്രസിദ്ധ ക്ഷേത്രം അറബികളുടെ മുഖ്യ തീർത്ഥാടനകേന്ദ്രമായിരുന്നു. ആണ്ടിലൊരിക്കൽ അവിടെ ആഘോഷിക്കാറുള്ള ഉത്സവത്തിൽ അറേബ്യയിലെ എല്ലാ ഭാഗങ്ങളിൽനിന്നും ജനങ്ങൾ തടിച്ചുകൂടാറുണ്ടായിരുന്നു. ഉത്സവമാസത്തിന്റെ മുൻപിൻ മാസങ്ങളുംപ്പെടെ മൂന്നു മാസക്കാലത്തെ ഉത്സവകാലമാണെന്ന അർത്ഥത്തിൽ "ശഹരുംഹരാം" എന്നറിയപ്പെട്ടിരുന്നു. ഈ മൂന്നു മാസങ്ങളിലും പരിപൂർണ്ണ സമാധാനം പാലിക്കുവാൻ ബദ്ധശ്രദ്ധരായ ജനങ്ങൾ അന്യോന്യം മൈത്രീഭാവേന പെരുമാറിയിരുന്നു. പരസ്പരം രക്തപിപാസുക്കളായ ശത്രുക്കൾപോലും സൗഹാർദ്ദത പ്രകടിപ്പിച്ചിരുന്നു. ഈ ഉത്സവത്തിന്റെ ഒരു പ്രത്യേകത, തെരഞ്ഞെടുക്കപ്പെട്ട

പതിനൊന്നു പ്രധാന കവികളുടെ സമ്മേളനമാണ്. ഇതിൽ അറേബ്യയിലെ പ്രസിദ്ധ കവികളെല്ലാം പങ്കെടുക്കുകയും അവരുടെ കാവ്യകലയുടെ വൈദഗ്ദ്ധ്യം വെളിപ്പെടുത്തുകയും ചെയ്തുപോന്നു. കാവ്യമത്സരത്തിൽ ഒന്നാം സമ്മാനാർഹമായ കവിത സ്വർണ്ണത്തകിടിൽ എഴുതിച്ച് ക്ഷേത്രാന്തർഭാഗത്തും, രണ്ടാം സമ്മാനാർഹമായ മററു പത്തു കവിതകൾ മററു ലോഹത്തകിടുകളിൽ എഴുതിച്ച് ക്ഷേത്രഭിത്തികളിലും പതിച്ച് പ്രദർശിപ്പിക്കുമായിരുന്നു. ഇങ്ങനെ പ്രതിവർഷം സമ്മാനാർഹമായ പതിനൊന്നു കവിതകൾ വീതം ആ ക്ഷേത്രത്തിൽ വേണ്ടവണ്ണം സംരക്ഷിച്ചുപോന്നു. മുഹമ്മദ്നബി മക്കാ നഗരത്തെ ജയിച്ചടക്കിയപ്പോൾ ഇസ്ലാമിൻെറ ദൃഷ്ടികോണത്തിൽ കൂടി അവിശ്വാസികളുടേതായ സ്ഥാപനങ്ങളെല്ലാം സംഹരിക്കപ്പെട്ടതിൻെറ കൂട്ടത്തിൽ ഈ അമൂല്യ കവിതാ സമാഹാരങ്ങളും നഷ്ടപ്പെട്ടുപോയി.

എന്നാൽ ഇസ്ലാമിക സൈന്യത്തിലും സഹൃദയനായ ഒരു വ്യക്തിയുണ്ടായിരുന്നു. അദ്ദേഹം ഹസ്സൻബിനേസാബിത് എന്ന പ്രസിദ്ധ കവിയായിരുന്നു. അദ്ദേഹത്തിൻെറ കയ്യിലകപ്പെട്ട കവിതകളെല്ലാം സുരക്ഷിതമാക്കിവച്ചിരുന്നു. നാലാം മുറയായ "ഖലീഫാഹാരൂം റഷീദ്"' വിദ്യാപ്രേമത്തിൽ മുസ്ലീം ചക്രവർത്തിമാരിൽ പ്രധാനിയായിരുന്നു. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന അറേബ്യയിലെ പ്രാചീന കാവ്യങ്ങൾ തേടിപ്പിടിച്ച് സംരക്ഷിക്കുവാൻ അദ്ദേഹം രാജകീയ കവികൾ മുഖേന ശ്രമിച്ചതിൻെറ ഫലമായി പേരുകേട്ട പ്രചീന അറേബ്യൻ കവികളുടെ പല ഒന്നാംകിട കവിതകളും വീണ്ടെടുക്കുവാൻ കഴിഞ്ഞു. പ്രജകളുടെ കൈവശമിരുപ്പുള്ള കവിതകളെല്ലാം തന്നെ ഏൽപ്പിക്കണമെന്ന് ചക്രവർത്തി സ്വയം

വിളംബരം ചെയ്കയും അതനുസരിച്ച് കവിതകൾകൊണ്ടുചെന്നേൽപ്പിക്കുന്നവർക്ക് തക്കതായ പ്രതിഫലം നൽകുകയും ചെയ്തു. ചക്രവർത്തിയുടെ ആജ്ഞാനുസരണം രാജകീയ കവിയായ "അബൂ അമീർ അബ്ദുള്ളാ അസമയി" കവിതാന്വേഷണാർത്ഥം പുറപ്പെട്ടിരുന്നു.

ഹസ്സൻബ്നേസാബിതിന്റെ പൗത്രനായ "ഹാരിസ്ബിനേ ഉസ്താൻ" ചക്രവർത്തിയുടെ വിളംബരം അറിഞ്ഞ ഉടനെ തന്റെ പൂർവ്വീകന്മാർ മുഖേന മക്കായിലെ നഷ്ടശിഷ്ടമായ ക്ഷേത്രഭാഗങ്ങളിൽനിന്നും എടുത്തു സൂക്ഷിച്ചിരുന്ന കവിതകളും എടുത്തുകൊണ്ട് ബാഗ്ദാദിൽ ചെന്ന് അബ്ദുള്ളാ അസമയി കൈവഴിയായി ചക്രവർത്തിയെ ഏല്പിച്ചു. അസമയീ ശേഖരിച്ച ആ കവിതാ സമാഹാരത്തിന്റെ മുഖവുരയിൽ, ഈ പ്രാചീന കവിതകൾ തനിക്ക് ഹാരീസ് മുഖാന്തിരമാണ് ലഭിച്ചതെന്ന് അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. "സേ അരുൾ ഉക്കൂൽ" എന്ന നാമകരണം ചെയ്തിട്ടുള്ള ഈ കവിതാ സമാഹാരം ഇസ്താംബൂളിലെ ഗവണ്മെൻറ് ഗ്രന്ഥാലയത്തിൽ ഇന്നും സൂക്ഷിച്ചിട്ടുണ്ട്. 1933—ൽ പാലസ്തീനിലെ ഒരു പ്രസിദ്ധീകരണ കമ്പനി പുസ്തകരൂപമാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള പ്രസ്തുത ഗ്രന്ഥത്തിനു് 20 രൂപ വിലയാണ്. മുഹമ്മദ്നബിക്കുമുമ്പുള്ള മക്കാ നഗരത്തെക്കുറിച്ചുള്ള വർണ്ണന ആ ഗ്രന്ഥത്തിലുണ്ട്. ഭാരതീയ സംസ്കാരത്തിന്റെ വിശ്വജനീനതയെക്കുറിച്ച്–അത്രെത്ര മാത്രം വിശ്വജനതയെ ഉൽബുദ്ധരാക്കിയിരുന്നുവെന്ന്—നമുക്ക് പ്രസ്തുത അറബി ഗ്രന്ഥത്തിൽക്കൂടി മനസ്സിലാക്കാവുന്നതാണ്. ഭാരതത്തേയും ഭാരതത്തിന്റെ പ്രാചീന സംസ്കാരത്തെയും അതിൽ മുക്തകണ്ഠം സ്തുതിച്ചിരിക്കുന്നതു

കാണാം. അറേബ്യയുടെ മാനവത്വ പരിശീലനവും ഭാര തീയ സംസ്കാരത്തിന്റെ പ്രചോദനമായിരുന്നുവെന്നത് പ്രസ്പഷ്ടമാകുന്നു.

മുഹമ്മദ്നബിക്ക് 160 വർഷങ്ങൾക്ക് മുമ്പ് മക്കാ ക്ഷേത്രത്തിലെ കവിസമ്മേളനത്തിൽ തുടരെ എട്ടുവർഷം ഒന്നാം സമ്മാനം നേടിയ അറേബ്യയിലെ പ്രസിദ്ധ സാഹിത്യകാരനാണ് "ജരഹംബിനേതായി". എട്ട സ്വർ ണ്ണത്തകിടുകളിലായി എഴുതിച്ച് ക്ഷേത്രാന്തർഭാഗത്ത് തൂക്കിയിരുന്ന ഒന്നാം സമ്മാനാർഹമായ അദ്ദേഹത്തിന്റെ കവിതകളിൽ ഒന്ന് ശ്രീകൃഷ്ണഭഗവാനെ സ്തുതിച്ചുകൊണ്ടു ള്ളതായിരുന്നു. അത് 'സേ അരുൾ ഉക്കുലി'ൽ പ്രസി ദ്ധീകരിച്ചിട്ടുണ്ട്. ഇതു വായിക്കുന്ന ഒരു ഭാരതീയന് തങ്ങളുടെ ഭക്തികവിതയുടെ ഒരു ശരിപ്പകർപ്പാണെന്നു തോന്നിപ്പോവും. അത്രകണ്ട് ഭാരതത്തിലെ ശ്രീകൃഷ്ണ കീർത്തനങ്ങളുമായി താദാത്മ്യം പ്രാപിച്ചിട്ടുണ്ട്. ആ കവിതയിൽ കവി, തന്റെ ഇഷ്ടദേവതയെ ഈശ്വരാവ താരമായി സ്തുതിക്കുന്നു. ഈശ്വരാവതാരമഹിമയെ ഏററവും ചമൽക്കാരത്തോടുകൂടി ഭക്തിപൂർണ്ണമായ വാക്കു കളിൽ വർണ്ണിച്ചിരിക്കുന്നു. 1500 വർഷങ്ങൾക്കു മുമ്പുള്ള പ്രസ്തുത അറേബ്യൻ കവിതയുടെ സാരമാണ് ചുവടെ ചേർക്കുന്നത്:—

1. "എന്റെ പ്രഭോ! അവിടന്ന് സമസ്തലോക ത്തിന്റെയും ഉദ്ധാരണത്തേയും ക്ഷേമത്തേയും നിമിത്ത മാക്കി ഈ മാനവലോകത്തിൽ പാദാർപ്പണം ചെയ്തു. നാഥാ! "എപ്പോഴെല്ലാം ധർമ്മത്തിന് ഗ്ലാനിയും ധർമ്മാ ത്മാക്കളെ ദുഷ്ടന്മാർ പീഡിപ്പിക്കുകയും ചെയ്യുന്നുവോ അപ്പോഴെല്ലാം സ്വയം ജന്മമെടുത്ത് ധർമ്മാത്മാക്കളെ

രക്ഷിക്കുകയും ദുഷ്ടതയെ നശിപ്പിക്കുകയും ചെയ്യുന്നു.'' എന്ന് നിന്തിരുവടി സ്വയം അരുളിചെയ്തപോലെ പ്രപഞ്ചത്തിന്മേൽ പാപികളുടെ അധികാരം നടന്നിരുന്നപ്പോഠം അങ്ങ് അവതരിച്ചു.''

2. അങ്ങ് ഭൂജാതനായ ആ ഗ്രാമം ധന്യയാണ്; കൂട്ടുകാരോടുകൂടി കാലികളേയും മേയ്ച്ച് ലീല നടത്തിയതായ ആ പുണ്യ ഭൂസ്ഥലങ്ങഠം സർവ്വദാ പൂജിക്കുവാൻ യോഗ്യതകഠം തികഞ്ഞവയാണ്.

3. പ്രാണനാഥ! എനിക്കു നിന്തിരുവടിയുടെ ദിവ്യദർശനമേകിയാലും, മെയ്യിൽ പീതാംബരവും തൃക്കരത്തിൽ ഓടക്കുഴലും ശിരസ്സിൽ പ്രഭാപൂരം വീശുന്ന മകുടവും ഉണ്ടായിരിക്കട്ടെ. അവിടത്തെ ഹൃദയം കവരുന്ന ശ്യാമവർണ്ണം കണ്ടിട്ട് സത്യസൗന്ദര്യങ്ങഠം സാക്ഷാൽ മനുഷ്യ ദേഹധാരിയായതാണെന്ന് മനസ്സിലാക്കുന്നു.

4. ഹേ പ്രഭോ! അവിടത്തെ മുരളീഗാനം ശ്രവിക്കുന്ന മാത്രയിൽ ഗർഭസ്ഥരായ ശിശുക്കഠംപോലും അമ്മമാരുടെ ഉദരങ്ങളിൽ ആനന്ദതുന്ദിലരായി നർത്തനം ചെയ്യുന്നു: ഗൃഹകാര്യങ്ങളിലേർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ കരങ്ങഠം സ്വയം പിൻവലിയുകയും ദിവ്യപ്രേമവിഹ്വലരായ അവർ അങ്ങയുടെ ചന്ദ്രസമാനമുഖ ദർശനാകാംക്ഷിണികളായി ഓടുകയും ചെയ്യുന്നു.

5. ഹേ പ്രഭോ! അങ്ങയുടെ അവതാരോദ്ദേശം വർണ്ണിക്കുവാൻ ഞാനാളല്ല; അങ്ങ് ഉദ്ധരിച്ചതെന്തെല്ലാമാണെന്നതിനൊരു സീമയില്ല—പാഷാണമായിത്തീർന്ന സ്വർഗ്ഗത്തിലെ അപ്സരസ്സ് ശാപമോക്ഷം നൽകുകയും;

ഒററവിരലിൽ ഒരു പർവ്വതത്തെത്തന്നെ കുടയാക്കി ഉയർത്തുകയും ചെയ്തുവല്ലോ. ഞങ്ങളുടെ മേലും കരുണാകടാക്ഷം ഉണ്ടാകേണമേ!

6. പ്രഭോ! ദരിദ്രനും ദുഃഖിതനുമായ, നിന്തിരുവടിയുടെ സച്ചരിതനായ സഹപാഠിയെ-അദ്ദേഹത്തിൻെറ ദാരിദ്ര്യ ദുഃഖങ്ങളകററി—ഐശ്വര്യവാനാക്കിത്തീർത്തു. ഞങ്ങളും അവിടുത്തെ ഭക്തന്മാരും ഉപാസകന്മാരും ആകുന്നു. ഞങ്ങളേയും നേർവഴി കാട്ടി ഉദ്ധരിക്കുമാറാകണേ!

ഭാരതത്തിലെ വൈഷ്ണവ ഭക്തന്മാർ ഭഗവാൻ ശ്രീകൃഷ്ണൻെറ രൂപഭാവഗുണഗണങ്ങളേക്കുറിച്ച് സ്തുതിക്കുന്ന അതേ രീതിയിൽ ആ അറേബ്യൻ കവിയും പകർത്തിയിരിക്കുന്നതു നോക്കുക. ഇതിൽ നിന്നും ഇന്നേയ്ക്കു 1500 വർഷങ്ങൾക്കുമുമ്പ് ഭാരതവാസികൾ വിദേശങ്ങളിൽ തങ്ങളുടെ ധർമ്മവും സംസ്കാരവും സീമാതീതമായി പ്രചരിപ്പിച്ചിരുന്നുവെന്നും വിവിധ ഭൂവിഭാഗങ്ങളിലുണ്ടായ ധാർമ്മിക പ്രേരണാശക്തി ഭാരതീയ സംസ്ക്കാരമായിരുന്നുവെന്നും വ്യക്തമാണല്ലോ.



1953 സെപ്റ്റംബർ 22 ലെ "ദേശബന്ധു" വാരാന്തപതിപ്പിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 7 ബ്രഹ്മം-ശ്രീകൃഷ്ണ രൂപത്തിൽ

ശൈവർ ശിവമെന്നും, വേദാന്തികൾ ബ്രഹ്മമെന്നും, ബൗദ്ധർ ബുദ്ധനെന്നും, നൈയാമികർ കർത്താവെന്നും, ജൈനർ അർഹൻ എന്നും, മീമാംസകർ കർമ്മമെന്നും വണങ്ങുന്നത് ഏതു സദ്വസ്തുവിനെയാണോ സർവ്വലോകങ്ങൾക്കും മൂലപ്പൊരുളായ ആ "ശ്രീഹരി" നമ്മുടെ ഇച്ഛകളെ നയിക്കുമാറാകട്ടെ, നമുക്ക് വാഞ്ഛിത ഫലത്തെ നൽകി അനുഗ്രഹിക്കുമാറാകട്ടെ. 'സോയം വോവിദധാതു വാഞ്ഛിത ഫലം ത്രൈലോക്യനാഥോ ഹരി:' ഈശ്വരന്റെ ഏകത്വത്തെ ഉൽബോധിപ്പിക്കുന്ന ഇത്തരം പ്രാർത്ഥനകൾ സംസ്കൃത സാഹിത്യത്തിലുട നീളം കാണാം. വേദത്തിലാവട്ടേ 'ഏകം സത് വിപ്രാ ബഹുധാ വദന്തി' ആ ഏക സത്യത്തെ പണ്ഡിതന്മാർ പല പേരുകളിൽ പ്രകീർത്തിക്കുന്നതായി ഉൽഘോഷിക്കുന്നു. പഞ്ചഭൂതങ്ങളിലൊന്നായ ജലം, കിണർ, നദി, തടാകം, സമുദ്രം മുതലായ വിഭിന്ന നാമങ്ങളിലും, ഗുണങ്ങളിലും നാം അറിയുകയും അനുഭവപ്പെടുത്തുകയും ചെയ്യുന്നതുപോലെ അഖണ്ഡ സച്ചിദാനന്ദ സ്വരൂപനായ മഹേശ്വരനെ നാം വിവിധ നാമഗുണങ്ങളിൽ അനുഭവപ്പെടുത്തുകയാണ ചെയ്യുന്നത്. സർവ്വ ചരാചരങ്ങൾക്കുള്ളിലും പുറത്തുമായി പരിലസിക്കുകയും സർവ്വസീമകൾക്കതീതമായി നിലകൊള്ളുകയും ചെയ്യുന്ന ആ ജഗന്നിയന്താവിന്റെ ദിവ്യമംഗളദായകമായ പൂർണ്ണാവതാരമാണ് ശ്രീകൃഷ്ണഭഗവാൻ.

നാമരൂപങ്ങളിൽ പരിമിതമല്ലാത്തതും മനോ വാക്ക കർമ്മങ്ങൾ അഗോചരനമായ ബ്രഹ്മം ജീവാത്മാക്കളുടെ സമുദ്ധാരണാർത്ഥം അവതാരമെടുക്കുന്നു. ഒരുപക്ഷേ, യുക്തിവാദമൂശയിൽ ഇതു മാനവ സങ്കൽപ്പം തന്നെയായിരുന്നാലും മനുഷ്യരുടെ നന്മയ്ക്കുള്ള മഹേഛയാണതു്. ഈശ്വരീയ പരമധാമത്തിൽനിന്നും പരബ്രഹ്മശക്തി താഴോട്ടിറങ്ങുകയും മാനവ ധർമ്മോദ്ധാരണാർത്ഥം പ്രവർത്തിക്കുകയും ചെയ്യുമ്പോഴാം അവതാരമായി. ഗുണാതീതനായ ഈശ്വരന്റെ സഗുണ ബ്രഹ്മസ്വരൂപത്തെയാണു് അവതാരമെന്നു നിർവ്വചിക്കപ്പെടുന്നതു്. സാധാരണ മനുഷ്യരെപ്പോലെയാണു് അവതാര പുരുഷന്മാർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെങ്കിലും അവതാര തത്ത്വത്തെ പരമോന്നത നിലയിൽ പരിഗണിക്കുന്നതിനുള്ള മൂലകാരണങ്ങൾ പലതാണു്. അവതാര ലക്ഷണങ്ങളെല്ലാം ഒത്തിണങ്ങിയ ശ്രീകൃഷ്ണൻ പൂർണ്ണാവതാരമത്രെ. യോഗേശ്വരൻ, ആദിമദ്ധ്യാന്തരഹിതൻ, ശാശ്വതപുരുഷൻ എന്നീ വിവിധ നിലകളിൽക്കൂടി ശ്രീകൃഷ്ണ ഭഗവാൻ ദർശനമരുളുന്നു.

പാണ്ഡവന്മാരുടെ രാജസൂയ മഹായജ്ഞം മംഗളകരമായി പര്യവസാനിച്ചു. വിവിധ രാജ്യങ്ങളിൽനിന്നും വന്നിരുന്ന അതിഥികൾ—രാജാക്കന്മാരും പണ്ഡിതന്മാരും മററും—ധർമ്മപുത്രരോടു യാത്ര ചോദിച്ചു പിരിയുകയും ചെയ്തു. എന്നാൽ പൂജ്യപാദരായ യോഗികളും മഹർഷികളും അവരവരുടെ സ്ഥാനങ്ങളിൽതന്നെ അമർന്നിരിക്കുകയാണു്. എന്താണിതിന്റെ കാരണമെന്നു് യുധിഷ്ഠിരൻ വിചാരമഗ്നനായി. എത്രതന്നെ താണുകേണപേക്ഷിച്ചാലും നിശ്ചിതസമയത്തിൽക്കൂടുതൽ രാജധാനിയിൽ ഇരിക്കാൻ ഇഷ്ടപ്പെടാത്ത ഈ മാമുനീന്ദ്രർ

മററുള്ളവരെല്ലാം പൊയ്ക്കഴിഞ്ഞിട്ടും വിടകൊള്ളാതിരിക്കുന്നതെന്തുകൊണ്ടാണെന്നു് യുധിഷ്ഠിരൻ ആശ്ചര്യപ്പെട്ടു. അദ്ദേഹം അവസാനമായി സംശയ നിവാരണാർത്ഥം ശ്രീനാരദമുനിയെ സമീപിച്ചു. സഭാമണ്ഡപത്തിൽ പുഞ്ചിരിതൂകിക്കൊണ്ടു് വിരാജിക്കുന്ന ശ്രീകൃഷ്ണഭഗവാങ്കലേക്കു മുഖംതിരിച്ച് മന്ദഹസിക്കുകയായി മാമുനീന്ദ്രൻ. യുധിഷ്ഠിരനെ തന്റെ സമീപത്തിലേക്കണച്ചു പിടിച്ചുകൊണ്ടു് ശ്രീനാരദൻ പ്രതിവചിക്കുകയാണു്— 'പ്രിയ വത്സ, തപസ്വികൾക്കും മുമുക്ഷുകൾക്കും സദാ ലക്ഷ്യമായിരിക്കുന്ന, നിഗൂഢതത്വമായ ആ സാക്ഷാൽ പരബ്രഹ്മം തന്നെയാണു് മനുഷ്യാകൃതിയിൽ ഇവിടെയെഴുന്നെള്ളിയിരിക്കുന്നതു്. ധർമ്മപ്രാണനായ അങ്ങയുടെ രാജധാനിയിൽ അതിഥിയായും, ആതിഥേയനായും, തോഴനായും, ബന്ധുവായും പ്രവർത്തിച്ചുകൊണ്ടിരുന്ന ആ ഭഗവാൻ കൃഷ്ണൻ ഇവിടെനിന്നും വിടകൊള്ളുന്നതുവരെ മഹർഷിമാരാരും പുറപ്പെടുകയില്ല!'' ശ്രീനാരദവചനംകേട്ടു് ധർമ്മപുത്രൻ കൃതാർത്ഥനായിട്ടാനന്ദപുളകം കൊണ്ടു. യാതൊന്നിന്റെ മഹിമകൊണ്ടാണോ പ്രപഞ്ചവ്യവഹാരങ്ങൾ മുറതെററാതെ പുരോഗമിക്കുന്നതു്, സൂര്യചന്ദ്രാദികളുടെ ഉദയാസ്തമനങ്ങളും അതതു് ഋതുക്കളിൽ അതാതു് പുഷ്പലതാദികളുടെ വളർച്ച വികാസങ്ങൾ മുതലായ പ്രകൃതികാര്യങ്ങളും ഏതൊരു മഹച്ഛക്തിക്കധീനമായി നടന്നുകൊണ്ടിരിക്കുന്നുവോ, യാതൊരു മഹേച്ഛയ്ക്കു വിധേയമായി സൃഷ്ടിസ്ഥിതി സംഹാര കർമ്മങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നുവോ ആ മഹൽശ്ശക്തിവിശേഷമാണു് ഭഗവാൻ ശ്രീകൃഷ്ണൻ' എന്നെല്ലാം മഹർഷികൾ പാടിയിരിക്കുന്നതിന്റെ രഹസ്യമിതാണു്. സ്ഥൂലപ്രാപഞ്ചികാവസ്ഥയിൽ വിരാട്പുരുഷനായി കാണുന്ന ശ്രീകൃഷ്ണനെ സൂക്ഷ്മപ്രപഞ്ചത്തിലെ പരബ്രഹ്മമായും

യോഗികൾ പ്രകീർത്തനം ചെയ്യുന്നു. പ്രാപഞ്ചികാവസ്ഥയിലുള്ള മഹാസങ്കല്പങ്ങളാണിതെല്ലാം. പ്രപഞ്ചാതീതമായ നിലകളിൽ ശ്രീകൃഷ്ണനെ തുരീയ ബ്രഹ്മമായി ദർശിച്ചുകൊണ്ടാണ്, നാരദാദി ബ്രഹ്മർഷികൾ ദിവ്യഗാനങ്ങളാൽ സ്തുതിക്കുന്നതു്. കൃഷ്ണനാമത്തിന്റെ വാച്യാർത്ഥം തന്നെ പരമോൽകൃഷ്ടമാകുന്നു. 'കൃഷ'' എന്ന ധാതുവും 'ന' എന്ന ശബ്ദവും ചേർത്താണല്ലോ 'കൃഷ്ണ' എന്ന ശബ്ദമുണ്ടായതു്. 'കൃഷ' എന്ന ധാതുവിനു് സത് (അനശ്വരമായ സ്ഥിതി) എന്നും, 'ന' എന്നതിനു് ആനന്ദം എന്നുമാണർത്ഥം. അപ്പോൾ 'കൃഷ്ണ' ശബ്ദത്തിനു് ശാശ്വതമായ പരമാർത്ഥം എന്നാണു് താല്പര്യം. കൂടാതെ പ്രപഞ്ചത്തിലെ പാപങ്ങളെ നശിപ്പിക്കുന്നു എന്ന അർത്ഥവും കൃഷ്ണ ശബ്ദത്തിനുണ്ടു്. 'കൃഷ'' എന്ന ധാതുവിനു് 'ആകർഷിക്കുക' എന്ന ധാത്വർത്ഥവുമുണ്ടു്. സൂക്ഷ്മവും സ്ഥൂലവുമായ കാഴ്ചപ്പാടിലൂടെയുള്ള അർത്ഥവിവരണങ്ങളാണിവ. ഓരോ നിലകളിൽ ഇവയെല്ലാം ആവശ്യവും അർത്ഥവത്തുമത്രേ. സാകാര നിരാകാരോപാസനാപരമായ വീക്ഷണ വ്യത്യാസങ്ങൾ മാത്രം. സകലതിനേയും തങ്കലേയ്ക്കു് ആകർഷിക്കുന്ന ശ്രീകൃഷ്ണൻ സഗുണോപാസകന്മാർക്കു് സഗുണബ്രഹ്മമായും, നിർഗ്ഗുണോപാസകർക്കു് നിരാകാര ബ്രഹ്മമായും ദിവ്യദർശനം നല്കുന്നുവെന്ന സത്യത്തെയാണു് മഹാഭാഗവതാദി മഹൽ ഗ്രന്ഥങ്ങളിൽ കൂടി ഉൽഘോഷിക്കുന്നതു്. ഈ ആകർഷണ ശക്തിക്കു് ഇന്നും കുറവൊന്നുമുണ്ടായിട്ടില്ല. നേരേമറിച്ചു് ജനപ്പെരുപ്പംപോലെ ദൈവീകാകർഷണശക്തി വർദ്ധിക്കുകയാണു്. ആകൃഷ്ടരാകുന്നവർ അധികമുണ്ടെങ്കിലും ആത്മജ്ഞാനരസ്സു് വിധേയരായി ജീവിതപ്രയാണം ചെയ്യാൻ ഒരുങ്ങുമുള്ളവർ വളരെ വിരളമാണെന്നു് മാത്രം.

സർവ്വത്തേയും സമാകർഷിച്ചുകൊണ്ടു് ഭഗവാൻ തൻെറ ദിവ്യമുരളിയിൽ മധുരക്കൂജനം ചെയ്യുന്നതെന്താണു്? ദുരാശ, സ്വാർത്ഥലോലുപത, മനശ്ചാഞ്ചല്യം തുടങ്ങിയ പലവിധ ബാധകളെ ഉച്ചാടനം ചെയ്യുന്നതിനും, ധർമ്മാധിഷ്ഠിത ജീവിതം നയിക്കുന്നതിനുമായി മാനവലോകത്തോടാകമാനമുള്ള ഒരു ശാശ്വത സന്ദേശമാണു് പരമാനന്ദദായകമായ ശ്രീകൃഷ്ണമുരളിയിൽക്കൂടി മുഴങ്ങിക്കൊണ്ടിരിക്കുന്ന ദിവ്യാഹ്വാനഗീതം.

ഈശ്വരാവതാര തത്വത്തിൽ ശ്രദ്ധിക്കാതെ ശ്രീകൃഷ്ണനെ പുരാണ പുരുഷനായോ, ചരിത്രനായകനായോ ദർശിക്കുന്നവരിലും ഉദ്ദേശശുദ്ധിയുണ്ടെങ്കിൽ അബദ്ധമില്ല ലക്ഷ്യപ്രാപ്തിയ്ക്കു് സഹായകമായിരിക്കണമെന്നു് മാത്രമാണു് വിവക്ഷ. എന്നാൽ മനുഷ്യരാരുംതന്നെ പരിപൂർണ്ണരല്ലാതിരിക്കുന്നിടത്തോളം ത്രികാലജ്ഞാനികളായ ഋഷിമാരുടെ അമൃതവാണികൾ മാത്രമാണാശ്രയം. "ശ്രീകൃഷ്ണൻ എന്തുകൊണ്ടു് അവതാരവരിഷ്ഠനായി?" എന്ന പ്രസിദ്ധീകരണത്തിലെ സംക്ഷിപ്ത സമാധാനമുച്ചരിച്ചുകൊണ്ടു് ഈ തത്വത്തിൽ ഒന്നുകൂടി ശ്രദ്ധിക്കാം:— "ബ്രഹ്മപരീക്ഷയിൽ പശുക്കളെ സൃഷ്ടിക്കുകയും ഇന്ദ്രയാഗത്തിൽ മഹാമാരിയിൽ നിന്നും പശുക്കളേയും ഗോപന്മാരേയും രക്ഷിക്കുകയും കൊടുങ്കാററു, കാട്ടുതീ മുതലായവയിൽ നിന്നു് ഗോകുലത്തെ രക്ഷിക്കുകയും, ദുഷ്ടന്മാരായ കംസൻ, ശിശുപാലൻ മുതലായവരെ കൊല്ലുകയും ചെയ്കയാൽ താൻ സൃഷ്ടിസ്ഥിതി കർത്താവാണെന്നു് ശ്രീകൃഷ്ണൻ ലോകത്തിനു് വെളിവാക്കി. താൻ കൊന്നവരുടെയെല്ലാം ജീവനെ തന്നിൽതന്നെ ലയിപ്പിച്ചുകൊണ്ടു് താൻ പരമാത്മാവുതന്നെയെന്നു് ശ്രീകൃഷ്ണൻ

വ്യക്തമാക്കി. ആമ്പാടിയിൽ യശോദയ്ക്കും, കൗരവസഭയിൽ വിദുരർ, ധൃതരാഷ്ട്രർ മുതലായവക്കും ഭാരത സമരാങ്കണത്തിൽ അർജ്ജുനനും, തന്നിലാണ് സകല ലോകങ്ങളും നിലനില്ക്കുന്നതെന്ന് ശ്രീകൃഷ്ണൻ കാണിച്ചു കൊടുത്തു. വൃന്ദാവനത്തിൽ യോഗമായയെ ആശ്രയിച്ച് ഭക്തകളായ ഗോപികളെ രാസക്രീഡകൊണ്ടനുഗ്രഹിച്ചപ്പോഴും, നാരദൻ പരീക്ഷിച്ചപ്പോഴും താൻ ഒരു ശരീരത്തിലും പരിമിതനല്ലെന്ന് ഭഗവാൻ ലോകത്തിന്ന് വെളിപ്പെടുത്തിക്കൊടുത്തു. തൻെറ കയ്യാൽ വധിക്കപ്പെട്ടവക്കും തൻെറ അനുഗ്രഹം വാങ്ങിയവക്കുമെല്ലാം മോക്ഷവും സ്വർഗ്ഗവും കൊടുത്ത് ശ്രീകൃഷ്ണൻ ഈശ്വരൻ തന്നെയെന്ന് സ്പഷ്ടമാക്കി.''

തമയം മന്യതേ ലോകോ
ഹ്യസംഗമപിസംഗിനം
ആത്മൗപമ്യേന മനുജം
വ്യാവൃണ്വാനം യതോബുധ;

അജ്ഞപ്രായമായ ലോകത്തിൽ അവരവരുടെ മനോഗതിയെ മാത്രം ആശ്രയിച്ച്, വാസ്തവത്തിൽ സംഗരഹിതനായ ശ്രീകൃഷ്ണനെ സാധാരണക്കാരേപ്പോലെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവനായും സംഗത്തോടുകൂടിയവനായും കരുതുന്നു എന്ന് മഹാഭാഗവതത്തിൽ പറയുന്നു. ശ്രീകൃഷ്ണപരമായ, പരമമായ ജ്ഞാനമാണ് ആദ്യമായുണ്ടാകേണ്ടത്. അതെങ്ങനെയാണുണ്ടാകേണ്ടതെന്ന് ശ്രീധരസ്വാമികൾ വ്യക്തമാക്കുന്നുണ്ട്:—

സ്വധർമ്മേണ സമാരാദ്ധ്യ
ഭക്ത്യാ മുക്തിമിതാഹരാ;
തംകൃഷ്ണം പരമാത്മനം
തോഷയേത് സർവ്വകർമ്മഭി:

ശ്രീകൃഷ്ണപരമാത്മാവിനെ സകല കർമ്മങ്ങൾകൊണ്ടും സന്തോഷിപ്പിക്കണം. ഭഗവദിച്ഛയ്ക്കു് വിധേയരായി പ്രവർത്തിച്ചുകൊണ്ടിരിക്കണം. എല്ലാം ഭഗവദാരാധന ഭാവയുക്തരായി, ഭക്തിപൂർവ്വം സ്വധർമ്മ നിരതരായി ത്തീരുന്നവർ ശരിയായ ജ്ഞാനികളും മോക്ഷപ്രാപ്തിക്കർ ഹരുമാകുന്നു. സാക്ഷാൽ ഭഗവാനാണു് ശ്രീകൃഷ്ണൻ എന്ന റിഞ്ഞു് ജന്മസാഫല്യം നേടുന്നതിനുള്ള ഉപായങ്ങളാണു് ഗീതയിലുടനീളം പ്രതിപാദിക്കുന്നതു്. ശ്രീകൃഷ്ണലീലാ പ്രതിപാദനങ്ങളുള്ള പുസ്തകങ്ങൾ ശതക്കണക്കിനു് നോവൽ രസികതയോടുകൂടി പാരായണം ചെയ്തു കൊണ്ടും പ്രയോജനമില്ല. തീപ്പെട്ടി പരിമാണമുള്ള ശ്രീമദ് ഭഗവത്ഗീതതന്നെ ശ്രീകൃഷ്ണചരിത്രത്തിന്റെ യഥാർത്ഥ പ്രതീകമത്രേ. അതാണു് മഹാന്മാർ വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുന്നതു്, സ്വാർത്ഥാഹങ്കാരങ്ങൾക്കു് വശഗതനാവാതെ പവിത്രമാനസരായി ഭഗവത്ഗീത സ്വാദ്ധ്യായം ചെയ്തുകൊണ്ടതിൽക്കൂടി ശ്രീകൃഷ്ണനെ ദർശി ക്കുവാൻ. ഗീതയിലെ പ്രതിപാദ്യവിഷയം പരബ്രഹ്മ സ്വരൂപനായ ശ്രീകൃഷ്ണൻതന്നെ. ജ്ഞാനഭക്തി, കർമ്മ യോഗാദി സാധനാ മാർഗ്ഗങ്ങളേതെങ്കിലും ഒന്നവലംബി ച്ചുകൊണ്ടു് മുന്നോട്ടു് പോകാനാണു് മഹാത്മാക്കൾ ആഹ്വാനം ചെയ്യുന്നതു്. സ്വധർമ്മാനുഷ്ഠാനം, ജ്ഞാനം, വിഷയവൈരാഗ്യം എന്നിവയാൽ സിദ്ധിക്കുന്ന ഭക്തി യെന്ന ഒന്നിനാൽമാത്രം അറിവാൻ കഴിയുന്ന പരബ്രഹ്മ മായ ശ്രീകൃഷ്ണനെക്കുറിച്ചാണു് ഗീതാശാസ്ത്രം പ്രതിപാദി ക്കുന്നതു്.

---

26–3–1956 ''ദേശബന്ധു'' വിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 8 അനാദിബ്രഹ്മ ചാരിണേ നമഃ

അർദ്ധമാത്രാത്മക: കൃഷ്ണോ യസ്മിൻ വിശ്വം പ്രതിഷ്ഠിതം
വ്രജസ്ത്രീജനസംഭൂത: ശ്രുതിഭ്യോ ബ്രഹ്മസങ്ഗത;
പ്രണവത്വേന പ്രകൃതിത്വം വദന്തി ബ്രഹ്മവാദിന:
(ശ്രീഗോപാലോത്തരതാപിന്യുപനിഷത്ത്)

**പ**തിവുപോലെ ശ്രീകൃഷ്ണന് പ്രിയപ്പെട്ട വിഭവങ്ങൾ തയാറാക്കിക്കൊണ്ട് ഓരോ ഗോപിയും ശ്രീകൃഷ്ണസന്നിധിയിലെത്തി, ഭർത്തൃമതികളും കന്യകകളും യുവതികളും വൃദ്ധകളും എല്ലാ പ്രായത്തിലും നിലയിലുമുള്ള ഗോപസ്ത്രീകൾ. പൂർവ്വജന്മസുകൃതവും തജ്ജന്യമായ സംസ്കാരവും നിമിത്തം അവർ ഒന്നുചേർന്നിരിക്കുന്നു, ശ്രീകൃഷ്ണസന്നിധിയിൽ. വ്യാവഹാരികഭാഷകളിൽ വർണ്ണിക്കാനാവാത്ത അലൗകികദിവ്യപ്രേമാവിഷ്ടരാണ്. ഭഗവാന് ഹിതകരമായതെന്തെന്നവർക്കറിയാം. ജ്ഞാനികളിൽ ചിലർക്ക് ശ്രീകൃഷ്ണൻ ഒരത്ഭുതകിശോരനാണ്. സ്ത്രീ–പുരുഷഭേദജന്യമായ സന്ദേഹങ്ങളുമുണ്ട്. പക്ഷേ ധന്യാത്മാക്കളായ ഗോപാംഗനമാർക്കാകട്ടെ തങ്ങളുടെ സർവ്വസ്വവും മുരളീമനോഹരനായ ശ്രീകൃഷ്ണൻ മാത്രം. അങ്ങനെ യമുനാകുഞ്ജത്തിൽ വിരാജിക്കുന്ന ശ്രീകൃഷ്ണൻെറ സവിധത്തിൽ വിശിഷ്ടഭോജ്യങ്ങളുമായെത്തിയവർ അപേക്ഷാസ്വരത്തിൽ പറഞ്ഞു:—

"ഞങ്ങൾ സ്വയം പാകം ചെയ്തതും അങ്ങേക്കു പ്രിയംകരമായതുമായ ഭക്ഷണപദാർത്ഥങ്ങളിതാ കൊണ്ടുവന്നിരിക്കുന്നു. ഹേ ശ്യാമസുന്ദരാ! ഇവ ആസ്വദിച്ചിട്ട് ഞങ്ങളുടെ മനസ്സിനെ കുളിർപ്പിച്ചാലും."

ശ്രീകൃഷ്ണൻ പുഞ്ചിരതൂകി: "പക്ഷെ, ഞാൻ ഇപ്പോഠം തന്നെ ശ്രീനന്ദബാബയുമൊന്നിച്ച് ഭക്ഷണം കഴിച്ചുവന്നതേയുള്ളു. വയറിൽ എള്ളിടപോലും ഒഴിവില്ല. അതിനാൽ ഇപ്പോഠം കഴിക്കാനാവുകയില്ല. നിങ്ങഠം എന്നെ ഇവ ഭക്ഷിച്ചു സന്തുഷ്ടനായി കാണാനാഗ്രഹിക്കുന്നുവെങ്കിൽ ഈ ഭക്ഷണപദാർത്ഥങ്ങഠം തന്നെ ഏതെങ്കിലും സാധുബ്രാഹ്മണർക്കു വിളമ്പിക്കൊടുക്കുക."

പ്രേമസ്വരൂപിണികളായ ഗോപികമാക്കു അവരുടെ പ്രിയതമന്റെ വാക്കുകഠം ലംഘിക്കാനാവുകില്ല; അവർ പറഞ്ഞു: ഞങ്ങഠം ഏതു സാധുബ്രാഹ്മണർക്കാണ് ഭക്ഷണം കഴിപ്പിക്കേണ്ടതെന്നുകൂടി അങ്ങ് അരുഠം ചെയ്യണം.

അനുസരണശീലരായ ഗോപികളുടെ അപേക്ഷ സന്തോഷപൂർവ്വം ഏറ്റുകൊണ്ട് ശ്രീകൃഷ്ണൻ പറഞ്ഞു:— യമുനയുടെ അങ്ങേക്കരയിൽ കാണുന്ന പർണ്ണശാലയിൽ ശ്രീ ദുർവ്വാസാമുനി ഇരിക്കുന്നുണ്ട്. ഈ ഭക്ഷണം കൊണ്ടു ചെന്നു അദ്ദേഹത്തിനു കൊടുക്കുക.

ഗോപികഠം:— യമുനാനദി നിറഞ്ഞു കവിഞ്ഞൊഴുകുന്നു വല്ലോ! മറുകരയിലേക്കു പോകാൻ തോണിയും കാണുന്നില്ല. ഭക്ഷണവുമെടുത്തുകൊണ്ട് ഞങ്ങഠം എങ്ങനെയാണ് അക്കരെയ്ക്കു പോവുക?

ശ്രീകൃഷ്ണൻ:— ജലം സ്പർശിക്കാതെ നിങ്ങഠംക്കു അക്കരെ ചെന്നെത്താൻ സാധിക്കും.

ഗോപി:— അതെങ്ങനെ?

ശ്രീകൃഷ്ണൻ:— നിങ്ങഠം പോയി യമുനയോടുപറയൂ! "നിത്യബ്രഹ്മചാരിയാണ് കൃഷ്ണനെങ്കിൽ ഞങ്ങഠംക്ക് അക്കരെ

കടക്കാനുള്ള വഴിതരിക''. ഉടനെ വഴി തെളിഞ്ഞുകാണും.

ശ്രീകൃഷ്ണവചനങ്ങളിൽ പൂർണ്ണ വിശ്വാസമാണ് ഗോപിമാർക്ക്. കള്ളമെന്തെന്നറിയാത്തവരായിത്തീർന്നിരിക്കുന്ന ഗോപാംഗനമാർ സന്തോഷനിർഭരരായി—മായാമയൻെറ പുതുമയാർന്ന ലീലകൾ അനുഭവിക്കുവാൻ. അവർ നേരെ യമുനാനദിക്കരയിൽ ചെന്നു ''നിത്യബ്രഹ്മചാരിയാണ് ശ്രീകൃഷ്ണനെങ്കിൽ ഞങ്ങൾക്കു അക്കരെ കടക്കാനുള്ള വഴിതരിക.''

യമുനാപ്രവാഹം പെട്ടെന്നു നിലച്ചു; കുറുകെ തെളിഞ്ഞ ഒരു പാത കാണായി. ഗോപിമാർ നന്ദലാലനെ കീർത്തിച്ചുകൊണ്ടു് ഉത്സാഹപൂർവ്വം മറുകരയിൽ ചെന്നെത്തി. ആശ്രമത്തിൽ ദുർവ്വാസാമുനി തയ്യാറായിരിക്കുന്നതുപോലെ കാണപ്പെട്ടു. ഓരോരോ ഗോപിയും വെവ്വേറെ പാചകം ചെയ്തുകൊണ്ടുപോയ ഭക്ഷണവിഭവങ്ങൾ മഹർഷിയുടെ മുമ്പിൽ ശ്രദ്ധാ—ഭക്തിപൂർവ്വം നിരത്തിവെച്ചു. ഒന്നൊന്നായി അവ മുഴുവനും ഭക്ഷിച്ചിട്ടു് ശ്രീ ദുർവ്വാസാവു് അവരെ ആശീർവ്വദിച്ചു.

ആശ്ചര്യചകിതരും കൃതാർത്ഥരുമായ ഗോപാംഗനമാർ യമുനാതടത്തിൽ നിമിഷനേരം സ്തംഭിച്ചുപോയി. ഇക്കരെയ്ക്കു വരുമ്പോൾ തെളിഞ്ഞുകണ്ട പാത മറഞ്ഞുപോയിരിക്കുന്നു; മാത്രമല്ല, യമുനാനദി പൂർവ്വാധികം ശക്തിയായി പ്രവഹിക്കുകയും ചെയ്യുന്നു. മറ്റൊന്നും ആലോചിക്കാതെ അവർ ദുർവ്വാസാവിൻെറ അടുക്കലേയ്ക്കുതന്നെ മടങ്ങി.

അപ്പോൾ പർണ്ണശാലയ്ക്കു പുറത്തേയ്ക്കുവന്ന മഹർഷി ''എന്താ ഗോപിമാരെ! നിങ്ങൾ വീടുകളിലേയ്ക്കു പോകാതെ തിരിച്ചുവന്നതെന്തിനു്?''

ഗോപി:- മഹാത്മൻ! അക്കരെ പോവാൻ ഞങ്ങരം ഉപായം കാണുന്നില്ല.

ദുർവ്വാസാവ്:— ദേവിമാരെ, നിങ്ങരം എപ്രകാരം ഇക്കരെ വന്നുചേർന്നുവോ അതുപോലെ അങ്ങോട്ടും പോവുക. 'ദുർവ്വാസാമുനി സദാ നിാഹാരിയാണെങ്കിൽ വഴിതരുവെന്നു യമുനയോടു പറയുക.

അനേക പ്രകാരത്തിൽ രാസമണ്ഡലികരം രചിച്ച് ലീല നടത്തുന്ന ശ്രീകൃഷ്ണൻ നിത്യബ്രഹ്മചാരി! അല്പം മുൻപ് നൂറുകണക്കിന് വിഭവങ്ങളോടുകൂടിയ ഭക്ഷണപദാർത്ഥങ്ങരം മുഴുവൻ ഒററ ഇരുപ്പിൽ ഭക്ഷിച്ച ദുർവ്വാസാ മഹർഷി നിരാഹാരി! ഇതെന്തൊരാശ്ചര്യം!"

മഹർഷിതന്നെ ഇതിന്നു സമാധാനം നല്കിയെങ്കിൽ എന്നു ആശ്ചര്യഭരിതരായ ഗോപിമാർ ആശിച്ചു.

അവരുടെ ഇംഗിതമറിഞ്ഞ ദുർവ്വാസാമുനി പറഞ്ഞു:- ഭഗവാനിൽ ശരണാഗതപ്രാണരായ ഹേ ഗോപിമാരേ! ഞാൻ ശബ്ദാദിഗുണങ്ങളിൽനിന്നും ആകാശാദി പഞ്ചഭൂതങ്ങളിൽനിന്നും വേറിട്ട് അകത്തും പുറത്തും നില്ക്കുന്നു. ഈ ഗുണങ്ങളും മഹാഭൂതങ്ങളും എന്നെ അറിയാതെ തന്നെ എൻെറ ഉള്ളിലും പുറത്തുമായി സ്ഥിതി ചെയ്യുന്നു. ഞാൻ സർവ്വസംഗനിരതനായ ആത്മാവാകുന്നു, ഭോക്താവല്ല. വ്യവഹാരനിലയിൽമാത്രം വിഷയങ്ങളെ ഗ്രഹിക്കും; പാരമാർത്ഥികനിലയിൽ സർവ്വത്ര ആത്മമയമായിരിക്കുമ്പോരം വിഷയഗ്രഹണത്തിനുള്ള മനസ്സില്ലാതാവുന്നു. അപ്പോരം യാതൊരു വിഷയവും ഗ്രഹിക്കുവാനോ ഭുജിക്കുവാനോ ഇല്ല.

ശ്രീകൃഷ്ണന് യഥാർത്ഥത്തിൽ സ്ഥൂല—സൂക്ഷ്മകാരണശരീരങ്ങളില്ല. ആഗ്രഹപൂർവ്വം വിഷയങ്ങളനുഭവി

ക്കുന്നു കാമിയല്ല ശ്രീകൃഷ്ണൻ. ഭഗവാൻ അകാമി (ആഗ്രഹ രഹിതനും) യും, നിഷ്കാമിയും, നിത്യബ്രഹ്മചാരിയും, നിരാഹാരിയും ആകുന്നു. യാതൊരാൾ ഈശ്വരാർപ്പണ പൂർവ്വം ഭുജിക്കുന്നുവോ അദ്ദേഹം നിത്യബ്രഹ്മചാരി യാണ്, സദാ നിരാഹാരിയാണ്.

ശ്രീ ദുർവ്വാസാവിന്റെ വാക്കുകൾ ശ്രവിച്ച് ആശ്ചര്യവിമുക്തരായ ഗോപിമാർ ഇക്കരെ വരുമ്പോഴെന്നപോലെ ജലസ്പർശമേല്ക്കാതെ യമുനയുടെ മറുകരയ്ക്കെത്തി. ശ്രീകൃഷ്ണന്റെ ബാലബ്രഹ്മചാരിത്വം അറിഞ്ഞ് ഗോപികൾ പൂർവ്വാധികം ശ്രീകൃഷ്ണങ്കൽ പ്രേമബദ്ധരായി. തങ്ങളുടെ സർവ്വസ്വവുമായ ശ്രീകൃഷ്ണചരണകമലങ്ങളിൽ സുദൃഢചിത്തരായി. ബ്രഹ്മവാദികളുടെ അനുഭവപ്രകാരം ശ്രുതിസാരമായ പ്രണവത്തിനുപരി വിരാജിക്കുന്ന 'അർദ്ധമാത്ര'യാണ് ശ്രീകൃഷ്ണൻ. ശ്രീകൃഷ്ണനോട്-ചേർന്നിരിക്കുന്നു-പ്രതിഷ്ഠിതമായിരിക്കുന്നു- വിശ്വം മുഴുവൻ. വ്രജഗോപികളുടെ അഭൗമദിവ്യപ്രേമകാരണത്താലാണ് അർദ്ധമാത്ര നിർഗ്ഗുണബ്രഹ്മം ശ്രീകൃഷ്ണ സ്വരൂപത്തിൽ അവതരിച്ചത്.

---

1979 സെപ്റ്റംബർ "ധർമ്മകാഹളം" മാസികയിൽ പ്രസിദ്ധപ്പെടുത്തിയത്.

# 9 "യത്രയോഗേശ്വര: കൃഷ്ണോ........"

"**യോ**ഗേശ്വരനായ ഭഗവാൻ ശ്രീകൃഷ്ണനും, സദാ ധർമ്മതല്പരനായ വില്ലാളിവീരൻ അർജ്ജുനനും നില്ക്കുന്നതെവിടെയാണോ, അവിടെയാണ് നീതിയും ധർമ്മവും, ഐശ്വര്യവും, ശ്രീവിഭൂതികളും, വിജയവും ഉണ്ടാവുന്നതു്." ഭഗവത്ഗീതയിലെ അവസാന വാക്കുകളാണിവ. അതായതു് ഭഗവാന്റെ ഐശ്വര (ദൈവീക) ത്വവും, ധനർധരനായ പാർത്ഥന്റെ കർത്തവ്യകർമ്മാനുഷ്ഠാനവും ഏകീഭാവത്തിൽ സമ്മേളിക്കുന്നതെവിടെയോ• അവിടെയാണ് യഥാർത്ഥവിജയവും, ക്ഷേമസമാധാനങ്ങളും നടപ്പിലാവുന്നതെന്നു താല്പര്യം. ഈശ്വരശക്തിക്കും, ധർമ്മനിയമങ്ങൾക്കും വിധേയരായി സ്വധർമ്മമനുഷ്ഠിക്കുന്നതിലാണ് ജീവിതവിജയവും ലോകസമാധാനവും അന്തർഭവിച്ചിരിക്കുന്നതു്. ജീവിതലക്ഷ്യം ഉന്നംവെച്ചുകൊണ്ടു്, നിരന്തരവും നിർവ്യാജവുമായ മനുഷ്യപ്രയത്നം താഴെനിന്നും മേലോട്ടും, ഈശ്വരാനുഗ്രഹം മേലെനിന്നു താഴോട്ടും വന്നു് ഒന്നിച്ചു സന്ധിക്കുമ്പോൾ ജീവിത സാക്ഷാല്ക്കാരമായി. അനുദിനജീവിതത്തിൽ, വ്യക്തികളായാലും സമൂഹമായാലും, സാധനാപാഠമായി സ്വീകരിക്കേണ്ടുന്ന ഈയൊരു തത്വമാണ് ശ്രീകൃഷ്ണോപദേശത്തിന്റെ ഫലശ്രുതിയിൽ നിഗൂഹനം ചെയ്തിരിക്കുന്നതു്.

സാധാരണക്കാരൻ, യോഗേശ്വരൻ, ഭഗവാൻ എന്നീ വിവിധഭാവങ്ങളിൽ, ഷോഡശകലാപൂർണ്ണനായി ദിവ്യജീവിതം നയിച്ച ശ്രീകൃഷ്ണഭഗവാൻ പൂർണ്ണാവതാരപുരു

ഷനാണ്. ധർമ്മത്തിന് ഗ്ലാനിയും, അധർമ്മത്തിന് വളർച്ചയും സംഭവിച്ചുകൊണ്ടിരുന്ന ദ്വാപരയുഗത്തിൻെറ അന്ത്യഘട്ടത്തിലാണ് ഭഗവാൻ അവതരിച്ചത്. സ്വാർത്ഥസിദ്ധികൾക്കവേണ്ടി എന്തു ക്രൂരതകളും പ്രവർത്തിക്കുവാൻ മടിക്കാത്ത ഭരണാധികാരികളും, അന്യായികളും പെരുകിക്കൊണ്ടിരുന്ന കാലമാണത്. കംസൻെറ കാരാഗൃഹത്തിൽ അവതരിച്ച ഭഗവാൻ ശൈശവകാലം തൊട്ട് പരമധാമത്തിലേക്ക് പ്രയാണം ചെയ്യുന്നതുവരെ, സാമ–ദാന–ഭേദ–ദണ്ഡനീതികളാൽ അധർമ്മത്തേയും ആധർമ്മികളേയും ഒടുക്കുകയും, സജ്ജനങ്ങളെ സമാശ്വസിപ്പിച്ച് ധർമ്മം പുനസ്ഥാപിക്കുകയും ചെയ്തു.

ഗോപാലകനായ ഉണ്ണികൃഷ്ണൻ ജനഹൃദയങ്ങളെ ഹഠാദാകർഷിച്ചു. ഭക്തവത്സലനായ മുരളീധരൻെറ ദിവ്യാനന്ദഗാനങ്ങൾ ധർമ്മജിജ്ഞാസുക്കളെയെല്ലാം ഉണർത്തിവിട്ടു, സത്യധർമ്മാദികൾക്കൊരു രക്ഷകനുണ്ടെന്ന് ലോകം കണ്ടറിഞ്ഞു കൃതാർത്ഥമായി. ദൈവീകവും മാനുഷികവുമായ ഭാവങ്ങൾ കോർത്തിണക്കിയ ജീവിതാദർശം മാനവലോകത്തിന് ഭഗവാൻ സ്വജീവിതംകൊണ്ട് കാട്ടികൊടുത്തു. ഭഗവാൻെറ ഭ്രൂചലനത്താൽ രാജാക്കന്മാരും ചക്രവർത്തിമാരും സിംഹാസനങ്ങൾ ഒഴിഞ്ഞുകൊടുക്കാൻ ഒരുക്കമൊണെങ്കിലും അധികാരമോഹം അദ്ദേഹത്തെ തീണ്ടുന്നില്ല, സർവ്വാരാധ്യനായ ശ്രീകൃഷ്ണഭഗവാൻ ആനന്ദപൂർവ്വം പശുക്കളെ മേയ്ക്കുകയും വിറക് ചുമക്കുകയും ചെയ്യുന്നു, അംഗവൈകല്യം ഭവിച്ച കബ്ജയേയും, ചേറുപുരണ്ട കുചേലനേയും കുറവുകൾതീർത്തു സന്തുഷ്ടരാക്കി. മുടന്തന്മാർക്ക് പാദങ്ങളും, മൂകന്മാർക്ക് വാചാലതയും നൽകി, ദീനരും ദുഃഖിതരും ശ്രീകൃഷ്ണനെ ആശ്രയിച്ച് സുഖവും സന്തോഷവും വീണ്ടെടുത്തു. ഇവയെല്ലാം, നേതാക്കന്മാർക്കു

സാധാരണക്കാർക്കുമുള്ള ഗുണപാഠങ്ങളല്ലേ? പക്ഷെ, 'ഞാൻ' എന്നും 'എന്റേ'തെന്നുമുള്ള 'അഹംഭാവത്തിൽ' പൊതുജന സേവനങ്ങളും, ഉദ്ധാരണങ്ങളും നടത്തുന്നുവെന്ന തമ്പേറടിക്കുന്നവർക്ക് 'ധർമ്മശക്തി'യുടെ പൊരുളറിവാൻ നിർവ്വാഹമില്ല.

സ്വാർത്ഥരാഹിത്യം, ത്യാഗം, സർവ്വസ്വാർപ്പണം' നവധാഭക്തി എന്നിവയുടെ അനുപമവും, അഭൗമവുമായ സന്ദേശമാണ്, ശ്രീകൃഷ്ണന്റെ വെണ്ണക്കളവ്, രാസക്രീഡ, എന്നീ ബാല്യലീലകളും, ദ്രൗപതീ വസ്ത്രദാനവും നൽകുന്നത്. കൗരവസഭയിൽ ദ്രൗപതീവസ്ത്രാക്ഷേപത്തിനൊരുങ്ങുന്ന ദുര്യോധന—ദുഃശ്ശാസനാദികളുടെ നികൃഷ്ടമനോഭാവത്തേക്കാൾ, ഈശ്വരങ്കലേക്കുള്ള ദ്രൗപതിയുടെ സർവ്വസ്വാർപ്പണഭാവമാണ് ചിന്തിക്കേണ്ടത്. അശരണശരണനായ ശ്രീകൃഷ്ണനെത്തന്നെ ദ്രൗപതി മുറയിട്ടുവിളിക്കുന്നു. വസ്ത്രത്തിൽ ഇരുകരങ്ങൾകൊണ്ടും മുറുകെ പിടിച്ചുകൊണ്ട് 'കൃഷ്ണാ! കൃഷ്ണാ! എന്ന് അന്തരീക്ഷം പിളക്കുമാറ് അവർ വാവിട്ട് കരയുന്നു. ദുഷ്ടദുശ്ശാസനനൊരു ഉപേക്ഷഭാവവുമില്ലെന്നുകണ്ടപ്പോൾ ദ്രൗപതി ഒരു കരമുയർത്തി 'ത്രായസ്വമാം കേശവലോകനാഥാ' എന്നിങ്ങനെ കാതരനേത്രയായി പ്രാർത്ഥിച്ചു. ഫലമില്ല, പരീക്ഷണം തുടരുകയാണ്. കരുണാമൂർത്തിയായ കൃഷ്ണനേയോ, ഭഗവാന്റെ ദിവ്യപ്രഭാവത്തേയോ കാണുന്നില്ല. അവസാനം, ഞാനെന്നും, എന്റെ വസ്ത്രമെന്നും മാത്രമല്ല, തന്നെത്താൻ മറന്ന് 'എല്ലാംനീ, നിന്നെയെന്ന ഭാവത്തിൽ ദ്രൗപതി വിളിച്ചപ്പോൾ ശ്രീകൃഷ്ണശക്തി പ്രവഹിക്കുകയായി. സ്വാർത്ഥതകളെ

മുറുകെ പിടിച്ചുകൊണ്ടു് ഭഗവാനെ പ്രീതിപ്പെടുത്താൻ സാദ്ധ്യമല്ലെന്ന ഗുണപാഠമാണു് ഈ സംഭവം പഠിപ്പിക്കുന്നതു്.

അധർമ്മശക്തികളെ ആദ്യമാദ്യം നിർവ്വിഘ്നം വളരാൻ വിടുകയും അവസാനം പെട്ടെന്നു് നാശഗർത്തത്തിലേക്കാഴ്ത്തുകയും ചെയ്യുന്നു. ധർമ്മമാർഗ്ഗമാകട്ടെ ആദ്യമാദ്യം കല്ലും മുള്ളും നിറഞ്ഞതാണു്. നല്ലതു് ആദ്യം കയ്ക്കുകയും പിന്നീടു് മധുരിക്കുകയും ചെയ്യും, തീയതു് ആദ്യം മധുരിക്കുകയും പിന്നീടു് കയ്ക്കുകയുമാണു് പ്രകൃതിനിയമം. ധർമ്മമാർഗ്ഗം കൈവിട്ട അസുരന്മാരുടേയും, ധർമ്മപ്രിയരായ സജ്ജനങ്ങളുടേയും ലോകാരംഭം മുതല്ക്കുള്ള ജീവചരിത്രങ്ങൾ വെളിപ്പെടുത്തുന്ന തത്വവുമിതാണു്. ശിശുഹത്യ തുടങ്ങിയ ക്രൂരകർമ്മങ്ങളിൽ ഉല്ലസിച്ചിരുന്ന പൂതന ശകടാസുരാദികളേയും, സ്വപിതാവിന്റെ 'രാജസ്ഥാനം' തട്ടിപ്പറിച്ചു് അദ്ദേഹത്തെ കൽത്തുറുങ്കിലടച്ചിട്ടിരുന്ന കംസനേയും ശ്രീകൃഷ്ണൻ സഹജമായ ബാല്യലീലകളിൽക്കൂടിതന്നെ ഹനിച്ചു. പല ഭരണാധികാരികളേയും പിടിച്ചുകെട്ടിയിട്ടിരുന്ന പരാക്രമശാലിയായ ജരാസന്ധൻ, സ്ത്രീജനങ്ങളെ അവമാനിക്കുന്നതിലും തടങ്കലിലാക്കുന്നതിലും വിരുതനായ നരകാസുരൻ, താനാണു് ഈശ്വരാവതാരമെന്നും പറഞ്ഞു് ധർമ്മത്തിന്റേയും ഈശ്വരന്റേയും പേരിൽ ജനങ്ങളെ പീഡിപ്പിച്ചുകൊണ്ടിരുന്ന പൗണ്ഡ്രകൻ, തന്റെ വൈമാനികശക്തിയിൽ മതിമറന്നു് അട്ടഹസിക്കുകയും, അകാരണമായി ഇതര രാജ്യങ്ങളെ ആക്രമിച്ചു് കീഴ്പ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്ന ശാല്വൻ എന്നിങ്ങനെ രാക്ഷസബലത്തിലും, ഭൗതികപ്രതാപത്തിലും മുന്നിട്ടുനിന്ന ആസുരശക്തികളെയെല്ലാം ശ്രീകൃഷ്ണൻ വിവിധയുദ്ധങ്ങളിൽ

കൂടി നിർമ്മാർജ്ജനം ചെയ്കയും ആ രാജ്യങ്ങളിൽ ജീവിതക്ഷേമവും സാമാധാനവും നിലനാട്ടുകയും ചെയ്തു.

സാന്ദീപനിമുനിയുടേയും, അംഗിരസ്സ് മഹർഷിയുടേയും കീഴിൽ ഗുരുകുല വിദ്യാഭ്യാസം പൂർത്തിചെയ്ത ഭഗവാൻ കൃഷ്ണൻ ലഘുജീവിതത്തിൻേറയും ഉന്നതാദർശത്തിൻേറയും ഉത്തമമാതൃകയാണ് കാട്ടിത്തരുന്നതു്. കൊട്ടാരങ്ങളുടെ രാജകീയ സംസ്കാരങ്ങളെയല്ല, വിദുരൻേറയും കുചേലൻെറയും ഫലമൂലങ്ങളും ദ്രൗപദിയുടെ ഇലക്കറിയുമാണ് അദ്ദേഹം കൂടുതൽ ഇഷ്ടപ്പെട്ടതു്. ഗോപരിപാലനം ഭഗവാനു പ്രിയങ്കരമാണ്. ഭാരതസംസ്കാരത്തിൻെറ തുസിക്കുന്ന ജീവനാഡികളാണ് ഗോക്കൾ. കൃഷ്ണൻെറ ഗോകുലലീലകളും ഗോവർദ്ധനോദ്ധാരണവും അതിൻെറ പ്രത്യക്ഷ ദൃഷ്ടാന്തവുമാണ്. മുപ്പതു് വർഷങ്ങൾക്കു മുൻപൊരു ശ്രീകൃഷ്ണ ജന്മാഷ്ടമി പ്രസംഗത്തിൽ മഹാത്മാഗാന്ധി പറഞ്ഞിതിപ്രകാരമാണ്:– “ശ്രീകൃഷ്ണൻ ബാല്യകാലത്തു് ഗോക്കളെ മേച്ചുനടന്നു. അദ്ദേഹത്തെ ഗോപാലൻ എന്നു് വിളിച്ച് പൂജിക്കുന്നവരായ നാം ഇന്നു് ഗോക്കളെ നിസ്സാരമാക്കി തള്ളിയിരിക്കുന്നു. ഇപ്പോൾ ചിലർ ഗോക്കളെ ഹിംസിക്കുകയും ഗോമാംസം ഭക്ഷിക്കുകയും ചെയ്യുന്നു; എന്നിട്ടു് നമ്മുടെ കുഞ്ഞുങ്ങൾക്കും രോഗികൾക്കും നല്ലപാൽ കിട്ടാതെ കഷ്ടപ്പെടാനിടയാകുകയും ചെയ്യുന്നു.” ഈ ദയനീയാവസ്ഥ ഇന്നും ശക്തിയായി നിലനില്ക്കുന്നുവെന്നതാണ് ഏറ്റവും പരിതാപകരം!

മനുഷ്യജീവിതത്തിൽ, ഇങ്ങേയററത്തെ സദാചാരബോധംപോലുമില്ലെങ്കിൽ സ്വധർമ്മബോധമുണ്ടാവുന്നതെങ്ങനെ? സ്വധർമ്മബോധവും നിഷ്ഠയുമില്ലെങ്കിൽ

അവികലവും അനശ്വരവുമായ ഐശ്വര്യമോ ആത്മബോധമോ ഉണ്ടാവുന്നതെങ്ങനെ? യോഗേശ്വരൻെറ ആശ്വാസവാണികഠം വേണ്ടവിധം ശ്രവിക്കുന്നതിനും വേണം ത്രികരണശുദ്ധി. ത്രികരണശുദ്ധിയുള്ളവക്കേ ശുദ്ധവും സത്വവുമായ ശ്രദ്ധയുണ്ടാവു. ശ്രദ്ധയുള്ളവരിൽ ശ്രീകൃഷ്ണനും ശ്രീകൃഷ്ണോപദേശവും പ്രകാശമാനമായി തങ്ങിനില്ക്കുകയും ചെയ്യും.

പൂർവ്വപുണ്യവും ഗുരുകൃപയും ചേർന്നു യോജിച്ച യോഗം—ഭാഗ്യം-കൊണ്ടു് യോഗേശ്വരനായ ശ്രീകൃഷ്ണൻെറ ശ്രീമുഖത്തുനിന്നു, യോഗശാസ്ത്രത്തിൻെറ ആധികാരികമായ തിരുവായ്മൊഴികഠം നേരിട്ടു് ശ്രവിക്കുവാൻ സാധിച്ചുവെന്നു സന്ദേശവാഹകനായ സഞ്ജയൻ അത്യത്ഭുതഭാവാവേശനായി ധൃതരാഷ്ട്രരെ ഉണർത്തിക്കുകയാണു്:—

> യോഗം യോഗേശ്വരാൽ കൃഷ്ണാൽ
> സാക്ഷാൽ കഥയത: സ്വയം.

''ഞാനിതാ അങ്ങയെ ശരണം പ്രാപിച്ചു് അങ്ങയുടെ ശിഷ്യനായിരിക്കുന്നു. എനിക്കു യുക്തമായതെന്തോ അതു അങ്ങു് ഉപദേശിച്ചാലും.''

—ശിഷ്യസ്തേഹം ശാധിമാം ത്വാം പ്രപന്നം—

എന്നു കൃഷ്ണശരണാഗതനായ അർജ്ജുനനു് വേദശാസ്ത്രത്തിലധിഷ്ഠിതമായ സനാതന തത്വങ്ങഠം ഗ്രഹിക്കുവാൻ സാധിച്ചു. അങ്ങനെ കർത്തവ്യകർമ്മോന്മുഖനായ പാർത്ഥൻ കൃതകൃത്യനും കൃതാർത്ഥനുമായി.

ഇവിടെ ഭഗവാൻ ശ്രീകൃഷ്ണൻ യോഗേശ്വരനും ജഗദ്ഗുരുവുമായി ദർശനമരുളുന്നു. വിഭൂതിയോഗവും വിശ്വരൂപദർശനവും മററും അതിൻെറ ഉജ്ജ്വല ദൃഷ്ടാന്തങ്ങളാണു്.

എന്നാൽ സാധാരണ ബുദ്ധികൾക്കും പരിശ്രമിച്ചാൽ പ്രാപ്യനാണു് ഭഗവാൻ. ആധിഭൗതിക നിലവാരത്തിൽ അനുഭവജ്ഞനും കർമ്മത്തിൻെറ മർമ്മജ്ഞനുമായ ആചാര്യനാണു് ശ്രീകൃഷ്ണൻ. ശൗര്യവീര്യപരാക്രമങ്ങളിൽ അദ്വിതീയനായ അർജ്ജുനൻ ആ ആചാര്യൻെറ അനുസരണയുള്ള ശിഷ്യനുമാകുന്നു. ഈ രീതിയിലാണു് കർമ്മഭക്തിയോഗങ്ങളുടെ ജ്ഞാനം സമ്പാദിക്കുന്നതു്.

ആധിഭൗതികം, ആദ്ധ്യാത്മികം, ആധിദൈവികം— ഇങ്ങനെ മൂന്നുതരം ദുഃഖങ്ങളെകൊണ്ടു് ആർത്തരാണു് മനുഷ്യർ. "യാതൊന്നുകൊണ്ടാണു് എൻെറ ഈ ത്രിവിധ താപങ്ങളെ നിശ്ശേഷം ത്യജിക്കുവാൻ കഴിയുന്നതു്, ആ ധർമ്മത്തെ ഹേ ശോകനാശകനായ ഭഗവൻ! അങ്ങു് എനിയ്ക്കു ഉപദേശിച്ചാലും എന്നാണു് അർജ്ജുനൻ അർത്ഥിക്കുന്നതു്. "ശാധിമാം" എന്നപദംകൊണ്ടു് കേവലം ഉപദേശമെന്നു ധരിച്ചാൽ പോരാ, ധർമ്മമാർഗ്ഗത്തിൽ സ്ഥിരചിത്തനായി ചരിക്കത്തക്കവണ്ണം അനുശാസിച്ചാലും എന്ന ശക്തിമത്തായ ഇച്ഛ ഉൾക്കൊള്ളുന്നു.

ശ്രീവേദ വ്യാസാചാര്യൻെറ കൃപാപാത്രമായ സഞ്ജയനും സാധാരണക്കാരനായ ഒരു സന്ദേശവാഹകനല്ലെന്നു ഓർക്കണം. ദൈവീകമായ ദിവ്യദൃഷ്ടി തുറക്കപ്പെട്ട പുണ്യാത്മവാണു്. ആ സഞ്ജയനാണു് പറയുന്നതു്:—

യോഗേശ്വരനായ ശ്രീകൃഷ്ണ ഭഗവാനും മഹാനുഭാവനായ അർജ്ജുനനും തമ്മിലുള്ള അത്യന്തവിസ്മയകരമായും

രോമാഞ്ചകരമായുമുള്ള ഈ സംവാദത്തെ (ഗീതോപദേശം) ഞാൻ കേട്ടു. ആശ്ചര്യകരമായും പുണ്യമായുമുള്ള ഈ സംവാദത്തെ ഇടവിടാതെ സ്മരിച്ചിട്ട് വീണ്ടും വീണ്ടും ഞാൻ സന്തോഷത്തെ പ്രാപിക്കുന്നു. സാക്ഷാൽ ശ്രീകൃഷ്ണഭഗവാന്റെ അത്യന്താശ്ചര്യകരമായ ആ വിശ്വരൂപത്തെ സർവ്വദാ സ്മരിച്ചിട്ട് എന്റെ വിസ്മയം അധികരിക്കുന്നു. ഞാൻ ധന്യനാകുന്നു. ഞാൻ ധന്യനാകുന്നു. കൃതകൃത്യനായ ഞാൻ സന്തോഷസാഗരത്തിൽ മുങ്ങുന്നു!

സ്വധർമ്മനിഷ്ഠ സാത്വികപ്രധാനമായിത്തീരുമ്പോഴ് ഭഗവൽഭക്തി സ്വാഭാവികമായും ഉദ്ദീപ്തമാവും, ഭഗവൽപ്രസാദത്താൽ, ഭക്തിവൈഭവത്താൽ ആത്മാനുഭൂതി അനുഭവപ്പെടും. ത്രികരണശുദ്ധനായ ആ പുണ്യാത്മാവ് സന്തുഷ്ടനും സന്തോഷപ്രദനുമായിരിക്കും. അനായാസേന സംസാരബന്ധത്തിൽനിന്നു മോചിക്കുന്നവനായും ഭവിക്കുന്നു. സകല യോഗങ്ങൾക്കും ഈശ്വരനായ ശ്രീകൃഷ്ണഭഗവാനും സ്വധർമ്മ നിഷ്ഠനായ (ഗാണ്ഡീവധാരിയായ) അർജ്ജുനനും ഏതു പക്ഷത്തിലാണോ, അവിടെ രാജ്യലക്ഷ്മിയും ജയവും മേൽക്കുമേലുള്ള അഭിവൃദ്ധിയും ക്ഷേമവും, ന്യായവും ഉറച്ചിരിക്കുന്നുവെന്നാണ് എന്റെ ദൃഢനിശ്ചയം എന്നു അനുഭവജ്ഞനായ സഞ്ജയൻ വിളിച്ചുപറയുന്നതിന്റെ സാരമിതാണ്.

യത്രയോഗേശ്വര: കൃഷ്ണോ യത്രപാർത്ഥോ ധനുർദ്ധര:
തത്ര ശ്രീർവിജയോഭൂതി: ധ്രുവാ നീതിർമ്മതിർമ്മമ.

11–9–1955 ലെ "കേസരി"യിൽ പ്രസിദ്ധപ്പെടുത്തിയത്.

# 10 ശ്രീകൃഷ്ണൻ— ശിഷ്യനും ഗുരുവും

ശ്രീകൃഷ്ണൻ പ്രപഞ്ചരഹസ്യങ്ങളുടെയെല്ലാം ഉറവിടമായ അത്യത്ഭുതമായാവി ആകുന്നു. ഗുരുജനങ്ങളെയും മഹർഷിമാരെയും മററും യഥാവിധി ബഹുമാനിച്ചാദരിക്കുന്നതിലും ഭഗവാൻ അദ്വിതീയനാണ്. സാധാരണരിൽ വെച്ച് സാധാരണനാണെന്ന മട്ടിലാണ് ശ്രീകൃഷ്ണന്റെ അപ്പോഴത്തെ നില. തന്റെ ഗുരുസ്ഥാനം നല്കി ബഹുമാനിക്കപ്പെട്ട മഹർഷിമാർക്ക ഈ വന്നിരിക്കുന്ന 'ശിഷ്യൻ' ജഗദ്ഗുരുവാണെന്ന ബോദ്ധ്യപ്പെടാനും ശ്രീകൃഷ്ണപാദകമലങ്ങളിൽ ശരണം പ്രാപിക്കുവാനും കാലതാമസമുണ്ടായിട്ടില്ല.

സാന്ദീപനി മഹർഷിയുടെ അവന്തീപുരഗുരുകുലത്തിൽ വിദ്യാർത്ഥിയായി ചേർന്ന ശ്രീകൃഷ്ണൻ നിമിഷനേരത്തെ ഗുരുശുശ്രൂഷകൊണ്ടുതന്നെ ഗുരുവിനെ ഏററവും സന്തുഷ്ടനാക്കി. അങ്ങനെ 64 ദിവസംകൊണ്ട് സമസ്ത വേദശാസ്ത്രങ്ങളും ഗ്രഹിച്ചുവെന്നുമാത്രമല്ല അവ ഓരോന്നും പരീക്ഷിച്ചുകാട്ടുകയുംചെയ്തു, 64 ദിവസംകൊണ്ട് 64 കലാ വിദ്യകളും അഭ്യസിച്ചു. അഥവാ സർവ്വവിദ്യകളുടെയും ആദിപ്രവർത്തകനായ ആ പുരുഷോത്തമൻ ഗുരുവിന്റെ ഒരു ഉച്ചാരണംകൊണ്ടുതന്നെ സർവ്വ വിദ്യകളും ഗ്രഹിച്ചുവെന്നാൽ എന്താണാശ്ചര്യം?

ഗുരുവും ഗുരുപത്നിയും തങ്ങളുടെ മുമ്പിൽ ഗുരുദക്ഷിണ സമർപ്പിച്ചിട്ട് മടങ്ങാൻ വിനയാന്വിതനായി വന്നുനില്ക്കുന്ന ആ അത്ഭുത ശിഷ്യനെ കണ്ണിമവെട്ടാതെ

നോക്കി. ദക്ഷിണയൊന്നും വേണ്ടെന്നു പറഞ്ഞിട്ടും ശിഷ്യൻ നിർബ്ബന്ധിക്കുകയാണ്. എന്നാൽ ഗുരുദക്ഷിണയിലും അത്ഭുതം സൃഷ്ടിച്ചു കാണിക്കട്ടെ. പ്രഭാസത്തിൽവെച്ച് സമുദ്രത്തിൽ വീണുമരിച്ച തങ്ങളുടെ പുത്രനെ ഗുരുദക്ഷിണയായി അവർ ചോദിച്ചു. കേൾക്കേണ്ട താമസം, ശ്രീകൃഷ്ണൻ, പ്രഭാസകടൽക്കരയിൽ ചെന്നു സമുദ്രരാജാവിനെ സന്ധിച്ചു. പഞ്ചജനനെന്ന ശക്തനായ അസുരൻ ശംഖരൂപത്തിൽ സമുദ്രത്തിൽ വസിക്കുന്നു. അയാളിൽനിന്നു പാഞ്ചജന്യവുമെടുത്തുകൊണ്ടു യമപുരിയിൽ പോയി ഋഷികുമാരനെ വീണ്ടെടുത്തുകൊണ്ടുവന്നു സാന്ദീപനീ സമക്ഷം ഗുരുദക്ഷിണ സമർപ്പിച്ചു. അപ്പോഴം ആ ഗുരുവിന്റെയും ഗുരുപത്നിയുടെയും സതീർത്ഥ്യന്മാരുടേയും അത്ഭുതം എങ്ങിനെയാണു വർണ്ണിക്കുക! പരമാനന്ദപരവശനായ ഗുരുനാഥന്റെ പരമമായ പ്രകീർത്തനാശീർവ്വാദപൂർവ്വം രാമകൃഷ്ണന്മാർ മഥുരാപുരിയിലേയ്ക്കുമടങ്ങി.

'ഛാന്ദോഗ്യോപനിഷ'ത്തിൽ ഘോര അംഗിരസ് മഹർഷിയുടെ ശിഷ്യത്വം സ്വീകരിക്കുന്നതായ സൂചനയുണ്ട്. ദേവകീപുത്രനായ ശ്രീകൃഷ്ണനെ പ്രാഥമികമോ മാദ്ധ്യമികമോ ആയ വിദ്യകളൊന്നും പഠിപ്പിക്കാനാവില്ലെന്നുകണ്ട അംഗിരസ് സൂത്രരൂപത്തിൽ മൂന്നു വാക്യങ്ങൾ ഉപദേശിക്കുകയാണുണ്ടായത്. അതു മനുഷ്യജീവിതത്തിന്റെ അന്ത്യകാലത്തു ഉണർവ്വുണ്ടായി ഉച്ചരിക്കേണ്ടതുമാണ്.

എന്നാൽ ഘോരഅംഗിരസിന്റെ ശിഷ്യത്വവ്യാജേന അദ്ദേഹത്തെ മോഹമുക്തനാക്കുന്ന ഉദ്ദേശവും ഭഗവാന്ന് ഉണ്ടായിരുന്നതായി "സുന്ദരീതന്ത്ര"ത്തിൽ

കാണുന്നു. അംഗിരസിന്റെ ഇഷ്ടദേവത ശ്രീരാമനാണ്. അതേ ശ്രീരാമനാണ് ഇപ്പോൾ ശ്രീകൃഷ്ണനായി അവതരിച്ചിരിക്കുന്നതെന്നു ബോദ്ധ്യമായില്ല. അയോദ്ധ്യാപുരിയിലെ മഹാരാജാവായ ബഹുലാശ്വൻ ശ്രീകൃഷ്ണഭക്തനാണ്. അദ്ദേഹത്തിന്റെ പ്രാർത്ഥനപ്രകാരം ശ്രീകൃഷ്ണൻ അവിടെ പ്രത്യക്ഷപ്പെട്ടു. ബഹുലാശ്വൻ സപരിവാരം മുമ്പോട്ടുചെന്നു ശ്രീകൃഷ്ണനെ സ്വീകരിച്ച് രാജോചിതമായ രീതിയിൽ ഉപചരിച്ച് ഉപവിഷ്ടനാക്കി. അപ്പോൾ അവിടെ നാരദാദിമുനിമാരോടൊപ്പം ഘോര അംഗിരസ്സും ആഗതനായിരുന്നു, സല്ക്കാരങ്ങൾക്കുശേഷം 'ശ്രീകൃഷ്ണരഹസ്യം' അറിയണമെന്ന ആഗ്രഹപൂർവ്വം ബഹുലാശ്വൻ അരമന പാർശ്വത്തിലുള്ള പ്രമോദവനത്തിലേയ്ക്കു ശ്രീകൃഷ്ണനെ ആനയിച്ചു. മററു അതിഥികളും അവരെ അനുഗമിച്ചു. ആ ഉദ്യാനമദ്ധ്യത്തിൽവെച്ച് ശ്രീകൃഷ്ണൻ തന്റെ പാരമാർത്ഥികസ്വരൂപം പ്രകാശിപ്പിച്ചു. സവിശേഷമായി ത്രേതായുഗത്തിലെ ശ്രീരാമനും സീതാദേവിയും ഇപ്പോൾ ശ്രീകൃഷ്ണനും രാധാദേവിയുമായി ദർശനമരുളുന്നതു ദർശിച്ച അംഗിരസ്മഹർഷി മോഹമുക്തനായി. കപടനാടകസൂത്രധാരനായ ഭഗവാന്റെ അത്ഭുതലീലകളാണിതെല്ലാമെന്നു ബോദ്ധ്യപ്പെട്ടു കൃതാർത്ഥനും സന്തുഷ്ടനുമായി.

ഇനി അംഗിരസ് ഉപദേശിച്ച മൂന്നു വാക്യങ്ങൾ എന്താണെന്നല്ലേ?

> തദ്ധൈതദ് ഘോര അങ്ഗിരസ; കൃഷ്ണായ
> ദേവകീ പുത്രായോ ക്തോ വാച ഽപിപാസ
> ഏവ സ ബഭൂവ സോഽന്തവേലായാമേതത്രയം
> പ്രതിപാദ്യേതാക്ഷിതമസ്യച്യുതമസി
> പ്രാണസങ്ശിതമസി,
>
> — ഛാന്ദോഗ്യോപനിഷത്ത്—പ്ര: 3 ഖ: 17

1. ത്വം അക്ഷിതമസി—ഈശ്വരാ, അവിടന്ന് അനശ്വരമാണ്.

2. ത്വം അച്യുതമസി—അങ്ങ് ഒരിക്കലും 'ച്യുതൻ' ആയിട്ടില്ല, (വ്യതിചലിച്ചിട്ടില്ല); അതിനാൽ അച്യുതൻ ആകുന്നു.

3. ത്വം പ്രാണസംശിതമസി—അങ്ങ് പ്രാണികളുടെ ജീവനദാതാവാണ്.

ഈ മൂന്നു വാക്യങ്ങളും ശ്രവിച്ച ശ്രീകൃഷ്ണൻ അപിപാസാവാനായിട്ട്, അതായത് ഇതിൽ കൂടുതൽ ഒന്നും ഗ്രഹിക്കേണ്ടതായിട്ടില്ല എന്ന ഭാവത്തിൽ അവിടെ നിന്നും വിരമിച്ചു.

എന്നാൽ സാധാരണ ലൗകികനായ ഒരാൾക്ക ഇതും സംശയകാരണമായിത്തീരുന്നു. അതിനാൽ വേറൊരു വേദമന്ത്രത്തിലേക്ക നോക്കുക—

> വായുര നിലമമൃതമഥേദം ഭസ്മാന്തം ശരീരം
> ഓം ക്രതോസ്മരകൃതംസ്മര ക്രതോസ്മര കൃതം സ്മര

ഓരോ ശരീരത്തിലൂടെ വന്നും പോയുമിരിക്കുന്ന ജീവൻ മരണമില്ലാത്തതാണ്. ശരീരം നശിക്കും, ചാമ്പലായിത്തീരുന്നതുവരേയുള്ള അതിന്റെ അസ്തിത്വം. ഈ ശരീരത്തിൽനിന്നു ജീവൻ വേർപെടുമ്പോൾ ഹേ ക്രതോ (ജീവൻ) ബലപ്രാപ്തിയ്ക്കായി 'ഓം' എന്നു ഈശ്വരസ്മരണ ചെയ്യുക. ചെയ്തിട്ടുള്ള ധർമ്മകാര്യങ്ങളെപ്പററി ഓർമ്മിക്കുക.

ഒരു മനുഷ്യജീവിതത്തിൽ രണ്ട് പ്രധാന ഘട്ടങ്ങളുണ്ട്. മരണശയ്യയിൽ വീഴുന്നതിനുമുമ്പുള്ള ഘട്ടമാണ് തനിയ്ക്കു സ്വാധീനമായതു്. അപ്പോൾ തന്റെ ഇഷ്ടംപോലെ കർമ്മം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യമുണ്ട്.

മൃത്യുശയ്യയിൽ കിടക്കുന്ന രണ്ടാം ഘട്ടത്തിൽ കർമ്മ സ്വാതന്ത്ര്യം കഷ്ടിയാണ്. കർമ്മനിരതമായിരുന്ന ആദ്യ ഘട്ടത്തിലെ ഓർമ്മകളാണ് അയവിറക്കുന്നത്. അതായത് ആദ്യദശയിലെ കർമ്മങ്ങളെല്ലാം വാസനാരൂപത്തിൽ പതിയുന്ന സന്ദർഭം-ഒരുതരം ഫോട്ടോ എടുക്കലാണത്!

വിത്തൈഷണ, പുത്രൈഷണ, ലോകൈഷണ— എന്നീ ഏഷണത്രയങ്ങളിൽ മുഴുകി ആദ്യഘട്ടം കഴിച്ചവർക്ക ദുഃഖകരമാണ് രണ്ടാംഘട്ടമെന്നുമാത്രമല്ല പിന്നീട് പരിഹാരമൊന്നും ചെയ്യാനും ആവുന്നില്ല. കർമ്മഗതിയനുസരിച്ച് വീണ്ടും ജനന—മരണചക്രത്തിൽ പെടുന്നു. സുദുർല്ലഭമായ മനുഷ്യജന്മം കിട്ടണമെങ്കിലും നേരത്തേ തദനുസരണമായ സൽക്കർമ്മങ്ങൾ ചെയ്തിരിക്കണം. അങ്ങനെ ശുദ്ധീകരണം സാധിച്ച ജീവൻ പുണ്യപുമാനായി ജനിച്ചുവേണം നിവൃത്തിനേടാൻ.

അംഗിരസിൻെറ മേൽപറഞ്ഞ മൂന്നു ഉപദേശവാക്യങ്ങൾ മനുഷ്യജീവിതാന്ത്യത്തെ ഊന്നിക്കൊണ്ടുള്ളതാണെങ്കിലും ജീവിതകാലം മുഴുവനും എങ്ങനെ നയിക്കണമെന്നതിൻെറ സ്പഷ്ടമായ രൂപരേഖയാണ്. ആദ്യഘട്ടത്തിൽ "ത്വം അച്യുതമസി" "ത്വം പ്രാണസംശിതമസി" ഈ രണ്ടു വാക്യങ്ങളുമനുസരിച്ച് ജീവിക്കുകയും ജീവശുദ്ധി സാധിക്കുകയും ചെയ്തിട്ടുള്ളവർക്ക അന്ത്യഘട്ടത്തിൽ "ത്വം അക്ഷിതമസി" അനുഭവഗോചരമാവുന്നു. അഥവാ ജീവിതകാലം സൽക്കർമ്മങ്ങളിലൂടെ നയിച്ചവർക്ക—മനഃശുദ്ധിയുണ്ടായി ഈശ്വരഭക്തി ഉദ്ദീപ്തമാക്കിയവർക്ക്— അന്ത്യനിമിഷം ഈശ്വരനാമം ഉച്ചരിക്കാറാവുന്നു. 'ഓം' ഉച്ചരിച്ചുകൊണ്ടു് ഈശ്വരസ്മരണയോടുകൂടി ശരീരമുപേക്ഷിക്കുന്നു.

പ്രഥമ മന്ത്രത്തിൽ നിവൃത്തിനിഷ്ഠ ഊന്നിപ്പറഞ്ഞ ശേഷം ദ്വിതീയ മന്ത്രത്തിൽ ധർമ്മനിഷ്ഠ ഉണർത്തുന്നു. അതായത് നിവൃത്തിനിഷ്ഠനാവാൻ പരിശ്രമിച്ചാലും വിപരീതവാസനകളാൽ അതു സാധിക്കുന്നില്ലെങ്കിൽ രക്ഷപ്പെടാൻ ഒരു മാർഗ്ഗമുണ്ട്,—

ഓം കർവ്വന്നേവേഹ കർമ്മാണിജിജീവിഷേച്ഛതം സമാ;
ഏവം ത്വയിനാന്യഥേതോ/സ്തിനകർമ്മലിപ്യതേ നരേ.

"കർമ്മാനുഷ്ഠാനത്തിനുള്ള ബുദ്ധിയും യോഗ്യതയും മനുഷ്യജന്മത്തിൽ മാത്രമാണു സിദ്ധിക്കുന്നതു്. അതിനാൽ ഭാഗ്യവശാൽ ലഭിച്ചിരിക്കുന്ന ഈ ജന്മത്തിൽതന്നെ സൽക്കർമ്മങ്ങൾ—ധർമ്മനിഷ്ഠാപൂർവ്വം ചെയ്തുകൊണ്ടു് പൂർണ്ണജീവിതം നയിക്കണം. വിഹിതകർമ്മം-കർത്തവ്യകർമ്മം -ചെയ്യാൻ മാത്രമാണു് തൻെറ ജീവിതമെന്നു ബോദ്ധ്യപ്പെട്ട ധർമ്മാത്മാവിനെ കർമ്മഫലം ഒട്ടിപ്പിടിക്കയില്ല," ഇതിലും ഭഗവൽ ഭക്തി ഭാവം സ്വാഭാവികമായും വളന്നുകൊണ്ടിരിക്കും.

ശ്രീകൃഷ്ണ ഭഗവാൻ സദ്ഗുരുനാഥൻ എന്ന നിലയിൽ നൽകിയ ഉപദേശങ്ങളിലെല്ലാം ഈ കർമ്മരൂപ ഭാവങ്ങളെ പ്രസ്പഷ്ടമായി ഉദ്ബോധിപ്പിച്ചിരിക്കുന്നതായി കാണാം. ഭഗവൽഗീതയിൽ അരുൾചെയ്യുന്നു:—

"നിത്യനൈമിത്തികങ്ങളായ സകല കർമ്മങ്ങളേയും എപ്പോഴും ചെയ്തുകൊണ്ടു് എന്നെത്തന്നെ ആശ്രയിച്ചിരിക്കുന്നവർ എൻെറ അനുഗ്രഹംകൊണ്ടു് അനാദിയായും നിത്യമായുമുള്ള പരമപദം പ്രാപിക്കുന്നു."—ഗീത—18-56

"അതിനാൽ 'ഓം' എന്നു് ഉച്ചരിച്ചു് ചെയ്യപ്പെടുന്ന (വേദത്തെ നല്ലവണ്ണം അറിഞ്ഞിരിക്കുന്നവരുടെ) ശാസ്ത്രോ

ക്തങ്ങളായ യജ്ഞദാന തപസ്സുകളായ **കർമ്മങ്ങൾ സർ**വ്വദാ പ്രകർഷേണ വർത്തിക്കുന്നു." —ഗീത—17—24

"അങ്ങനെ ഈശ്വരാർപ്പണഭാവ പൂർണ്ണമായ ധർമ്മങ്ങൾ അനുഷ്ഠിക്കുന്ന ഒരാൾ—അദ്ദേഹം കർമ്മിയോ ഭക്തനോ, ജ്ഞാനിയോ യോഗിയോ ആകട്ടെ—അന്ത്യത്തിൽ ജീവിതലക്ഷ്യമാകുന്ന പരമപദം പ്രാപിക്കുന്നു."

"യാതൊരാൾ ബഹിരിന്ദ്രിയവശഗനല്ലാതെ അന്തർമുഖനായി ബ്രഹ്മവാചകമായ 'ഓം' എന്ന പ്രണവാക്ഷരം ഉച്ചരിച്ച് എന്നെ (ബ്രഹ്മത്തെ) ഇടവിടാതെ സ്മരിച്ചുകൊണ്ട് ദേഹത്തെ വിട്ടുപോകുന്നുവോ അയാൾ ശ്രേഷ്ഠമായ ഗതിയെ പ്രാപിക്കുന്നു."

ഓം ഇത്യേകാക്ഷരം ബ്രഹ്മവ്യാഹരൻ മാമനുസ്മരൻ
യ: പ്രയാതിത്യജൻ ദേഹം സയാതിപരമാംഗതിം
— ഗീത—3—13



1965 ശ്രീകൃഷ്ണജയന്തി ദിനത്തിൽ കുലശേഖരത്തുവെച്ച് ചെയ്ത പ്രസംഗത്തിന്റെ സംഗ്രഹം

## 11 ശ്രീകൃഷ്ണ:ശരണം മമ

**ഓം,** ഈശ്വരൻ, പരമാത്മാ, പരമേശ്വരൻ, സദാശിവം, ബ്രഹ്മം തുടങ്ങിയ തിരുനാമങ്ങളിൽ വ്യവഹരിക്കുന്ന പ്രപഞ്ച നിയാമക ശക്തിയെ 'ശ്രീകൃഷ്ണൻ' എന്ന സംജ്ഞയിൽ ആരാധിക്കുവാനും, ആ സച്ചിദാനന്ദ സാകാര ഭാവ രൂപങ്ങളിൽ ഭജിക്കുവാനും തുടങ്ങിയിട്ട് സഹസ്രാബ്ദങ്ങളായി. ആ പൂർണ്ണാവതാര ശേഷമാണ് ഭൂലോകത്തിൽ ചരിത്രദൃഷ്ട്യാ പ്രകീർത്തിക്കപ്പെടുന്ന പുരോഗതികളെല്ലാം ഉണ്ടായിട്ടുള്ളത്. പ്രകീർത്തിക്കപ്പെടുന്നവയെല്ലാം ഭഗവാനു പ്രീതികരമായിരിക്കണമെന്നില്ല, ഭക്തനു ഹിതകരമായിരിക്കണമെന്നുമില്ല. അങ്ങനെ ഭഗവല്ലീലകൾ ദ്വാപരയുഗത്തിൽ നിന്നു കലിയുഗത്തിലേയ്ക്കു കടന്നു വായുവേഗ മായാജാലങ്ങൾ തന്നെ സൃഷ്ടിച്ചിരിക്കുന്നു.

ഗോപി – ഗോപാംഗനമാരുടെ പ്രേമാസ്പദമാണ് ശ്രീകൃഷ്ണൻ എന്നു പറയുമ്പോൾ, ആ പ്രേമസാഗരത്തിലെ ഉപരിതലത്തിലെ നുരകളും പതകളും മാത്രം കാണുന്നവരാണ് ആധിഭൌതികർ. കുറെക്കൂടി ആഴത്തിൽ ചെന്നു അവിടത്തെ അടിയൊഴുക്കും അത്ഭുത ദൃശ്യങ്ങളും കാണുന്നവരാണ് ആദ്ധ്യാത്മികത്തിലെ ബുദ്ധിജീവികൾ. അടിയററത്തോളം ചെന്നു മുത്തുരത്നങ്ങൾ വാരിയെടുക്കുന്നവരാണ് ആധിദൈവീകരായ ഭക്തജ്ഞാനികൾ. അങ്ങനെ എല്ലാ വിഭാഗത്തിലും, എല്ലാ ദേശത്തിലും പെട്ട എത്രയെത്ര ഭഗവൽ ഭക്തന്മാർ, എത്രയെത്ര കർമ്മയോഗികളും ജ്ഞാനികളും ഉണ്ട്. എണ്ണിയെണ്ണി

പറയാനാവാത്ത വിധം അസംഖ്യമാണവരുടെ പട്ടിക. അഞ്ചുസഹസ്രാബ്ദങ്ങളുടെ പാരമ്പര്യമുണ്ട് ഏക നിഷ്ഠരായ ശ്രീകൃഷ്ണ ഭക്തന്മാരുടെ പാരമ്പര്യത്തിന്.

എന്നാൽ ശ്രീകൃഷ്ണഭഗവാൻെറ അവതാരമാഹാത്മ്യം വേണ്ടവിധം ഗ്രഹിച്ച് ധന്യരാവാൻ സാധിക്കാത്തവർ എക്കാലത്തും ഭൂരിപക്ഷം ഉണ്ടായിരിക്കുമെന്നതും ലോക സ്വഭാവമാണ്. നാസ്തികൻമാരിൽ മാത്രമല്ല ആസ്തികരിലും താമസബുദ്ധി ജീവികൾ ധാരാളമുണ്ട്. പ്രാകൃത സമുദായത്തിൽ പശുക്കളെ മേച്ചു നടന്ന ഒരു ഇടയനായി വെണ്ണ കവർന്നുണ്ണും കുസൃതിക്കുട്ടനായി, ഗോപബാലികമാരെ കബളിപ്പിക്കുന്ന ഗോപബാലനായി വർണ്ണിക്കുന്നവർ അതിനപ്പുറം കടന്നു ചെല്ലുന്നില്ലെങ്കിൽ ഭഗവത് മാഹാത്മ്യം എങ്ങനെ ഗ്രഹിക്കും! മഹർഷിമാരുടെ തപസ്സിദ്ധമായ വരംകൊണ്ട് മനുഷ്യപ്പിറവിയെടുത്ത ശ്രീകൃഷ്ണ സഖാക്കളും, സഖികളുമായ ഗോപ—ഗോപാംഗനമാരും അവരുടെ പരമ പവിത്രമായ പ്രേമഭക്തിയും സാത്വി ശുദ്ധമായ ബുദ്ധിയിൽ മാത്രമേ വിളങ്ങുകയുള്ളൂ. അതായത് തനി ഭൗതികതലത്തിലായാലും അതിൻേറതായ സത്വശുദ്ധിപോലുമില്ലെങ്കിൽ പിന്നെ നിരാകാരനായ ഈശ്വരൻെറ സാകാരലീലകൾ മനസ്സിലാവുകയില്ല. വികാരോത്തേജനപരമായ എഴുത്തുകളും ശബ്ദജാലങ്ങളും ഉപരിതലത്തിലെ നുരകളും കുമിളകളും മാത്രം. ഭഗവാൻ എങ്ങനെ എന്നു സംശയിച്ചുകൊണ്ടിരിക്കുന്നവർക്കു ഭഗവാനെ കാണാനാവില്ല; കാണണമെങ്കിൽ കാണുന്നവൻെറ ദൃഷ്ടി ശരിപ്പെടണം. ഇവിടെയാണ് ഗോപ—ഗോപാംഗനമാരുടെ, പുറമേ പ്രാകൃതരായിരുന്ന ആ അസാധാരണ ജനങ്ങളുടെ ജീവിതോദ്ദേശ്യവും ലക്ഷ്യവും വെളിവാകുന്നത്. ശ്രീ ശുകദേവൻ ചോദിക്കുന്നു:—

യത്പാദപാംസുർബഹുജന്മ കൃച്ഛ്രതോ
ധൃതാത്മഭി: ര്യോഗിഭിരപ്യലഭ്യ:
സഏവയദ്ദൃഗ്‌വിഷയ: സ്വയം സ്ഥിത:
കിം വർണ്ണ്യതേ ദിഷ്ടമതോ വ്രജൗകസാം.

(അനേക ജന്മങ്ങളായി വളരെ കഷ്ടങ്ങളനുഭവിച്ച് ഇന്ദ്രിയങ്ങളെയും മനസ്സിനേയും ദമനം ചെയ്ത യോഗികാംക്കപോലും ആരുടെ ചരണധൂളി പ്രാപ്തമാക്കാൻ സാധിക്കുന്നില്ലയോ, ആ സ്വരൂപത്തെ തങ്ങളുടെ ദൃഷ്ടികാംക്ക വിഷയമാക്കുവാൻ സാധിച്ച ഈ വൃന്ദാവനവാസികളുടെ ഭാഗ്യത്തെ എങ്ങിനെ വർണ്ണിക്കാം!) ശ്രീകൃഷ്ണലീലകളിൽ പങ്കാളികളായ പലരും ഭഗവാനെ കണ്ടതു പല വിധത്തിലാണ്. ഭക്തന്മാക്കു തങ്ങളുടെ ഇഷ്ടദേവനായ ഭഗവാനായും, ഭഗവാൻ മായാമോഹിതർക്കു നന്ദഗോപപുത്രനായ ഗൊപാലനായും, തത്വജ്ഞാനികാംക്കു നടമാടുന്ന ബ്രഹ്മാനന്ദമായും അനുഭവപ്പെട്ടു എന്തിനേറെ ബലരാമനും, ബ്രഹ്മാവ് തന്നെയും ഭഗവൻ മായാ വിലാസത്തിൽപെട്ടു അത്ഭുതസ്തബ്ധരായിയെന്നു പറഞ്ഞാൽ സാധാരണ മനുഷ്യരുടെ സ്ഥിതിയെന്തായിരിക്കും.

ശ്രീകൃഷ്ണപാദാരവിന്ദങ്ങളിൽ സാഷ്ടാംഗം വീണു നമസ്കരിച്ചുകൊണ്ടു ഭഗവൽസ്വരൂപത്തെ വർണ്ണിക്കുന്നിടത്തു സാക്ഷാൽ ബ്രഹ്മാവുതന്നെ അരുളംചെയ്യുന്നു:– ആകാശംപോലെ ശ്യാമവർണ്ണനും, പീതാംബരധാരിയും, പീലിക്കിരീടത്താൽ സുശോഭിതമായ മുഖാരവിന്ദത്തോടുകൂടിയവനും, വനമാലയും, കയ്യിൽ കാലിമേയ്ക്കുന്ന കോലും, കൊമ്പും, മുരളിയും ധരിച്ച് ഗോപാലവേഷധാരിയും ആയ അങ്ങയെ ഞാൻ നമസ്കരിക്കുന്നു. ഹേ ദേവേശ! അവിടുന്ന് എന്നിൽ കൃപതോന്നി സ്വേച്ഛയാ ദേഹധാ

രണം ചെയ്തിട്ടുള്ളതാകുന്നു അവിടത്തെ ഈ സ്വരൂപം പഞ്ചഭൂതാത്മകമല്ല. ശുദ്ധസത്വമയമായ ഈ ശരീരത്തിന്റെ മഹിമയറിയുന്നതിനു ഞാനോ മററാരും തന്നെയോ സമർത്ഥരല്ല. ആത്മാനന്ദാനുഭവ സ്വരൂപനായ അവിടുത്തെ മഹിമ ആർക്കറിയാൻ കഴിയും?.... ഞാനുംപ്പെടെ സകലതും അങ്ങയിൽ സ്ഥിതിചെയ്യുന്നു. സകല ജീവന്റേയും ആത്മാവും സകല ജീവികളുടേയും സാക്ഷിയുമാകയാൽ അവിടന്നു് 'നാരായണ'നെന്ന പേരിൽ അറിയപ്പെടുന്നു. 'നാരം' എന്നാൽ ജീവനെന്നും 'അയന'മെന്നാൽ ആശ്രയം അഥവാ ജ്ഞാനമെന്നും അർത്ഥം. അതിനാൽ ജീവന്റെ ആശ്രയരൂപം അഥവാ ജ്ഞാനരൂപം അവിടുന്നാണു്. അങ്ങു് ജീവികളുടെ അധീശ്വരനും സാക്ഷിയും ആകുന്നതിനാലും നാരായണനാണു്.

ഈ വിധം സഹസ്രനാമങ്ങളാൽ വർണ്ണിക്കപ്പെടുന്ന ഭഗവാനെ അറിഞ്ഞുണരാൻ സാധ്യമല്ലെന്നോ? സാധിക്കും; എല്ലാവർക്കും സാധിക്കും. എന്നു മാത്രമല്ല ഈ മനുഷ്യപ്പിറവിയുടെ ഉദ്ദേശവും ലക്ഷ്യവും തന്നെ ഭഗവദനുഗ്രഹവും ഭഗവൽപ്രാപ്തിയുമാകുന്നു. തന്നെത്താൻ നിരീക്ഷിക്കുക. തുലാസ്സിന്റെ ഒരു തട്ടിൽ സർവ്വാഗ്രഹങ്ങളും മറേറ തട്ടിൽ ശ്രീകൃഷ്ണ പ്രേമവും വെച്ചു് തൂക്കി നോക്കുക. ശ്രീകൃഷ്ണ പ്രേമത്തിന്റെ തൂക്കം കൂടുന്നതനുസരിച്ചു് ഭഗവദനുഗ്രഹത്തിനു പാത്രമാവും. ഭഗവൽപ്രാപ്തിക്കു അർഹരാവും. ശ്രീകൃഷ്ണശ്ശരണം മ മ!

---

1976 നവമ്പർ ''ലോകശാന്തി'' മാസികയിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 12 "വെണ്ണകവർന്നുണ്ണും കണ്ണൻ"

ശ്രീകൃഷ്ണലീലകളെ അനുസ്മരിപ്പിക്കുന്ന ആഘോഷങ്ങളും കലാപരിപാടികളും ഭാരതത്തിലെങ്ങും കാണാം. അവയിൽ, ഭൂരിപക്ഷം ജനങ്ങളെയും ആകർഷിച്ച് ആമോദിപ്പിക്കുന്ന ഒരിനമാണ് നവനീതകൃഷ്ണലീല. നവനീതമെന്നാൽ വെണ്ണയെന്നർത്ഥം. ഗോകുലഭവനങ്ങളിൽ കൂട്ടുകാരോടുകൂടി കടന്നുചെന്നു വെണ്ണകവർന്നു പങ്കുവെച്ച് ഭുജിക്കുന്ന ബാലകൃഷ്ണന്റെ ലീലാവിശേഷമാണിത്. അനായാസമായി വെണ്ണയെടുക്കാൻ തടസ്സമുണ്ടാവുന്നയിടങ്ങളിൽ തൽപാത്രങ്ങൾ ഉടച്ച് വെണ്ണകൊണ്ടൊരു അഭിഷേകക്കളിതന്നെ നടത്തും. സാധാരണ നിലയിൽ ഈ കുസൃതിക്കുട്ടികളുടെ കളി നഷ്ടവും ശല്യവുമുളവാക്കുന്നതാകയാൽ അതു ആരും തുടരാൻ അനുവദിക്കുകയില്ല. എന്നാൽ ഗോകുലവാസികൾക്ക് കണ്ണന്റെ വെണ്ണക്കളി പറഞ്ഞറിയിക്കുവാൻ വയ്യാത്തവിധം നിർവൃതിദായകവും പരമാനന്ദപ്രദവുമായിരുന്നു; കണ്ണിന്നുകർപ്പൂരജ്യോതിയായിരുന്നു!

വെണ്ണകവർന്നുണ്ണുന്ന കണ്ണനെ സുകൃതികളായ പാമരന്മാരും പണ്ഡിതന്മാരും നിർല്ലോഭം വാഴ്ത്തി സ്തുതിക്കുന്നു മഖൻചോർ, ഉള്ളംകവർകൾവൻ, കള്ളക്കൃഷ്ണനെ കീർത്തനം ചെയ്യാൻ ഭക്തന്മാരും ഭാഷകളും മത്സരിക്കുന്നു മോഹനകൃഷ്ണൻ പാൽ, തൈരു് വെണ്ണ എന്നീ സാത്വികസാധനങ്ങൾ കവർന്നെടുത്തു കള്ളം കപടമറിയാത്ത ചങ്ങാതിമാർക്ക്, പക്ഷിമൃഗാദികൾക്കും വിതരണം ചെയ്യും. പുറമേ പരിഭവം നടിക്കുമെങ്കിലും അകം ആറ്റാ

ദിക്കുന്ന വീട്ടമ്മമാർ ഈ മോഹനലീല നീണ്ടുനിൽക്കാൻ മോഹിച്ചു. അവർ വെണ്ണ, പാൽ മുതലായവ ഉയരമുള്ള ഉറികളിലും ഇരുട്ടറകളിലും ഒളിച്ചുവെച്ചു. കണ്ണൻ കൂട്ടുകാരിൽ ഒരുവൻെറ തോളിൽ ഒരാൾ എന്ന കണക്കിൽ കുനിച്ചുനിർത്തി അവരുടെമേൽ കയറിനിന്നു വെണ്ണയും തൈരും കട്ടെടുക്കുമെന്നുമാത്രമല്ല ചിലപ്പോൾ അവ സൂക്ഷിച്ചിരിക്കുന്ന മൺപാനകളും തട്ടിയുടക്കും.

'യശോദാ, നിങ്ങളുടെ ആ മായക്കുട്ടി ഞങ്ങളെ വല്ലാതെ വലക്കുന്നു. പാൽ കറന്നെടുക്കുന്നതിനുമുൻപ് പൈക്കിടാങ്ങളെ അഴിച്ചുവിട്ട് കുടിപ്പിക്കും. ഞങ്ങൾ ദേഷ്യപ്പെട്ടാൽ ചിരിക്കുകയാണ്. പിന്നെ പാലും തൈരും മോഷ്ടിച്ച് കുടിക്കുകയും കുരങ്ങന്മാർക്കും മററും വീതിച്ചുകൊടുക്കുകയും ചെയ്യുന്നു, പാത്രത്തിൽ ഒന്നുമില്ലെങ്കിൽ അവ തല്ലി ഉടക്കുകയോ കുഞ്ഞുങ്ങളെ കരയിച്ചിട്ട് ഓടിക്കളയുകയോ ചെയ്യും." ഇങ്ങനെ പരാതിപ്പെടുന്ന ഗോപികളോട് "അവ ഇരുട്ടറയിൽ ഒളിച്ചു വച്ചുകൂടേ" എന്നു യശോദ ദേവി ഗുണദോഷിക്കുന്നു. "അയ്യോ കൃഷ്ണൻെറ കഴുത്തിലുള്ള കൗസ്തുഭമണിയുടെ പ്രഭ കൊണ്ട് അവൻ ചെല്ലുന്നേടമെല്ലാം പ്രകാശമാണല്ലോ." ശുദ്ധമാനസരായ ഗോപികൾക്കാകട്ടെ ആ പ്രകാശം ആനന്ദപ്രദവുമാണ്, അപ്പോൾ ഈ പരാതിയും ശിക്ഷയുമെല്ലാം ഒരു സൗന്ദര്യപ്പിണക്കമായി കലാശിക്കുകയാണ്. സകല ജഗത്തും ഭഗവാൻെറയാകയാൽ ഭഗവാൻേറതല്ലാതെയെന്തുണ്ട് ."സംസാരസുഖമെന്ന മായാജാലത്തിൽ നിന്നു വിമുക്തരാവാൻ തൻേറതായ ധനശകടങ്ങൾ ഉടക്കപ്പെടുകതന്നെ വേണം " തങ്ങളുടേതാണെന്നു നിനച്ച ഗോപികളാണത്രെ കള്ളത്തരം കാട്ടിയത്.

ഈശ്വരനിഷ്ഠയെ ഇളക്കാൻപോന്ന വൃത്തികൾ എങ്ങനെ വന്നുവെന്നു വിചാരം ചെയ്യുമ്പോൾ മായാമയൻെറ പുഞ്ചിരിയിൽ മയങ്ങാത്തവരാരുണ്ട്.

വേദവ്യാസ മഹർഷി, ശ്രീകൃഷ്ണചരിത പ്രതിപാദകമായ ശ്രീമദ്മഹാഭാഗവതം രചിച്ചതു് സമാധിഭാഷയിലാണെന്നു ആപ്തവാക്യം. ഭഗവല്ലീലകൾ വർണ്ണിച്ചുകൊണ്ടിരിക്കെ മഹർഷിമാർ ജ്ഞാനികൾ യോഗികൾ, ഭക്തന്മാർ എല്ലാവരും സമാധിയിൽ ലയിച്ചുപോവുമത്രെ. ഈ അടുത്തകാലത്തും ശ്രീരാമകൃഷ്ണദേവൻ, സ്വാമി രാമതീർത്ഥൻ, ശ്രീ അരവിന്ദയോഗി തുടങ്ങിയ മഹാത്മാക്കളുടെ അനുഭവങ്ങൾ എത്രയെങ്കിലുമുണ്ടു്. ശ്രീകൃഷ്ണചൈതന്യൻ, ജയദേവൻ, വിദ്യാപതി, സൂരദാസ്, മീരാബായി, ആണ്ടാൾ, പൂന്താനം, രസഖാൻ, റഹിയാന, ശ്രീകൃഷ്ണപ്രേമം എന്ന റൊനാൾഡ്നിക്കോൾസൻ എന്നിങ്ങനെ എത്രയെത്ര ശ്രീകൃഷ്ണഭക്തന്മാരാണ് ആ പരമാനന്ദലബ്ധിയിൽ —പൂർണ്ണതയിൽ—സമാധിസ്ഥരായതു്! അസംഖ്യമാണവരുടെ എണ്ണം.

ജപ്പാനിലെ ഒരു പൊതുരംഗത്തു ശ്രീകൃഷ്ണൻെറ ബാലലീല വർണ്ണിച്ചുകൊണ്ടു് പ്രസംഗിക്കവേ സ്വാമിരാമതീർത്ഥൻ സമാധിയിൽ ലയിച്ചുപോയി. സ്വാമിജി സമാധിയിൽ നിന്നു പൂർവ്വസ്ഥിതിയിലേക്കു വരുന്നതുവരെ സദസ്യരും അത്ഭുതസ്തബ്ധരായിരുന്നുപോയി. അലിപ്പൂർ ജയിലിൽവെച്ചു് അനുഭവപ്പെട്ട അത്യത്ഭുതകരമായ ശ്രീകൃഷ്ണദർശനമാണ് വിപ്ലവകാരിയായ ശ്രീ അരവിന്ദനെ മഹായോഗപഥത്തിലേക്ക് ഉയർത്തിയതു്. എന്തിനേറെ സൃഷ്ടികർത്താവുകൂടി പരീക്ഷണത്തിൽ തോററു കൃഷ്ണകിശോരൻെറ മുമ്പിൽ ശരണാഗതനായിട്ടു്

പറയുന്നു:— നന്ദഗോപരാൽ പരിപാലിക്കപ്പെടുന്ന ഈ വ്രജവാസികളുടെ പരമഭാഗ്യത്തെപ്പററി എന്തു പറയട്ടെ. അത്ഭുതം, സനാതനവും പൂർണ്ണബ്രഹ്മവും പരമാനന്ദ സ്വരൂപനുമായ ഭഗവാൻ, ശ്രീകൃഷ്ണസ്വരൂപത്തിൽ അവരുടെ പരമബന്ധുവായി ലഭിച്ചിരിക്കുന്നു.

അഹോഭാഗ്യമഹോഭാഗ്യം നന്ദഗോപ വ്രജൗകസാം
യന്മിത്രം പരമാനന്ദം പൂർണ്ണം ബ്രഹ്മസനാതനം.

"പ്രഭോ, കൃഷ്ണാ നിന്തിരുവടി വേദമന്ത്രങ്ങളുടെ താൽപര്യസ്വരൂപത്തിൽ വേദത്തിൽ മറഞ്ഞു നില്ക്കുന്ന പരമജ്യോതിസ്വരൂപനായ പരബ്രഹ്മമൂർത്തിയാണ്. നിർമ്മലമായ അന്തഃകരണത്തോടുകൂടിയവർ മാത്രമാണ് പ്രഭോ, സർവ്വവ്യാപിയും നിർവ്വികാരനും നീർല്ലേപനുമായ നിന്തിരുവടിയെ ദർശിക്കുന്നതു്." എന്നു് മൂർത്തരൂപമെടുത്ത സാക്ഷാൽ ശിവൻതന്നെ ഭഗവാനെ സ്തുതിക്കുന്നു.

ത്വംഹിബ്രഹ്മപരം ജ്യോതിർഗൂഢം ബ്രഹ്മണിവാങ്മയെ
യം പശ്യന്തമലാത്മാനമാകാശ ഇവ കേവലം!!

"കോടി കോടി മന്മഥൻമാരെ ലജ്ജിപ്പിക്കുന്ന, മോഹിപ്പിക്കുന്ന, സൗന്ദര്യത്തോടുകൂടിയവനും വാഞ്ഛിത ഫലത്തെ പ്രദാനം ചെയ്യുന്നവനും ദയാസമുദ്രവുമായ സാക്ഷാൽ ഭഗവാൻ ശ്രീകൃഷ്ണചന്ദ്രനെ വിട്ടിട്ട് ഈ കണ്ണുകൾ, കഷ്ടം, മറെറന്തിനെ കാണുവാനാണഗ്രഹിക്കുന്നതു്?" എന്നു അദ്വൈതാചാര്യനായ ശ്രീശങ്കരഭഗവദ്പാദർ ചോദിക്കുന്നു—

കന്ദർപ്പകോടിസുഭഗം വാഞ്ഛിതഫലദം ദയാർണ്ണവം കൃഷ്ണം!
ത്യക്ത്വാകമന്യവിഷയം നേത്രയുഗം ദ്രഷ്ടുമുത്സഹതെ.

പൂർവ്വജന്മ സുകൃതങ്ങളുടെ പരമഫലമായാണ് വ്രജവാസികൾക്ക ശ്രീകൃഷ്ണജ്ഞാതികളും ചങ്ങാതികളുമാവാൻ സാധിച്ചതെന്ന ശ്രീമൽമഹാഭാഗവതം വിസ്തരിച്ചു പറയുന്നു. ഭഗവാൻ തന്റെ ബാലലീലകളിലും ഭൗതികവും ആദ്ധ്യാത്മികവും ദൈവീകവുമായ ജീവിത തത്വരഹസ്യങ്ങൾ പ്രകാശിപ്പിച്ചുവെന്നതാണ് പരമപ്രധാനം. ശ്രീകൃഷ്ണലീലയുടെ അഭൗമവും അപ്രമേയവുമായ ദൈവഭാവത്തെ, വിക്ഷേപാവരണങ്ങളെ നീക്കി ഗ്രഹിക്കുവാൻ സാധിച്ചുവെന്നതാണ് പുണ്യാത്മാക്കളുടെ മഹദനുഭവങ്ങൾക്ക നിദാനം. ഹൃദയഗുഹയിൽ ഒളിച്ചിരുന്നുകൊണ്ടു് ഒളി ചിതറുന്ന ഈശ്വരന്റെ 'കള്ളത്തര'ത്തിൽ പരമസത്യം നിഗൂഹനം ചെയ്യിരിക്കുന്നു. അതുകൊണ്ടത്രു് സ്ഥൂത്യർഹവും ആനന്ദപ്രദവുമായനുഭവപ്പെടുന്ന ഈ വ്യാവഹാരികലോകത്തിൽ മുഴുസത്യം കാണാനാവില്ല. സ്വയം പാരമാർത്ഥിക നിലയിലേക്കുയരുമ്പോൾ ഇക്കാണുന്നതെല്ലാം മായാമയനായ ഭഗവാന്റെ ജഗൻമോഹനലീലയാണെന്നു ബോദ്ധ്യപ്പെടുകയും ചെയ്യും. ഇവിടെ ആധുനിക മനീഷികളുടെ ശൈലിയിൽ ശ്രീ അരവിന്ദയോഗി പറയുന്നതു ശ്രദ്ധേയമാണ്:- ഈ പ്രപഞ്ചത്തെ ഈശ്വരൻ സ്വയം തന്നിൽതന്നെ കണ്ടെത്തുന്ന ഒരു ആനന്ദാനുഭൂതിയായോ ഒരു കവിയുടെ ഭാവനാവിലാസത്തിൽ മതിമറന്നുള്ള ഒരു ലയനമായോ വേണമെങ്കിൽ നിർവ്വചിക്കാം. ഒരു സനാതനോദ്യാനത്തിൽ, ഒരു സനാതനലീലയിൽ മുഴുകിയിരിക്കുന്ന ഒരു സനാതനശിശു മാത്രമാണ് ഈശ്വരൻ.''

വെണ്ണ കവർന്നുണ്ണും കണ്ണന്റെ ഈ ദിവ്യലീലപ്രാകൃതമോ പരിഷ്കൃതമോ ആയ ഭാവങ്ങളിൽ ഭാരതത്തിലങ്ങോളമിങ്ങോളം ഇന്നും ആഘോഷിച്ചുവരുന്നു. ആകൃ

തിയിൽ മാററങ്ങളുണ്ടാവാമെങ്കിലും എല്ലാ പ്രദേശങ്ങളിലും പ്രകൃതിയും വികാരങ്ങളും സദൃശ്യമുള്ളതാണ്. തെക്കൻ പ്രദേശങ്ങളിൽ ഉറിയടി ആഘോഷങ്ങളുടെ രൂപത്തിലും ഉത്തരപ്രദേശങ്ങളിൽ, അഞ്ചുനിലയുള്ള മനുഷ്യപിരിമേടിൽ നിന്നു 'മഖൻചോർ' കളിരൂപത്തിലും മററും നവനീത കൃഷ്ണലീല സഹസ്രാബ്ദങ്ങളായി ആഘോഷിക്കുന്നുണ്ട്. അറിഞ്ഞോ അറിയാതെയോ അതിൽ പങ്കുകൊള്ളുന്നവരെല്ലാം ആഹ്ലാദിക്കുന്നുണ്ട്. നിരാകാര ബ്രഹ്മംതന്നെ സാകാരസഗുണരൂപത്തിൽ നടത്തിയ കുട്ടിക്കളി അന്നു നിത്യാനന്ദപ്രദമായിരുന്നുവെങ്കിൽ ഇന്നു താൽക്കാലികാഹ്ലാദ പ്രകടനമായിരിക്കുന്നുവെന്നുമാത്രം. അതു പരമാത്മാവിൻേതാണെങ്കിൽ ഇതു പലവിധം ജീവൻമാരുടേതാണെന്ന വ്യത്യാസമുണ്ട്. അവിടെ പവിത്രമാനസരായ ഗോപക്കിടാങ്ങളുടെ ആനന്ദോൻമത്തതയും തന്മാകാരമായി കേന്ദ്രീഭവിച്ചിരുന്നുവെങ്കിൽ ഇവിടെ പ്രായേണ ശരീരബലമുള്ളവരെല്ലാം മമതാകാരമായി ആഹ്ലാദിക്കുകയും നൈമിഷികവും സുഖദുഃഖസമ്മിശ്രവുമായ അനുഭവങ്ങൾക്കു പങ്കാളികളാവുകയും ചെയ്യുന്നു.

ആനന്ദരസ സ്വരൂപമായ രസാനുഭൂതിയ്ക്കു പഞ്ചഭൗതിക ശരീരനിലവാരത്തിനുപരി ഏറിച്ചെല്ലണം. ജ്ഞാനസ്വരൂപമായ വെണ്ണ ഭുജിക്കുവാൻ പഞ്ചകോശസ്വരൂപമായ മനുഷ്യപിരിമേടിനുമേൽ ഏറണം. ശ്രവണമനന നിദിധ്യാസങ്ങളാകുന്ന മത്തുകൊണ്ടു മഥനം ചെയ്യുവേണം ഉറഞ്ഞ തയിരിൽനിന്നു വിജ്ഞാനമാകുന്ന വെണ്ണ ഉരുത്തിരിച്ചെടുക്കാൻ. അതു സംസാര രൂപമായ ജലത്തിൽ കലരാതെ ജീവിതത്തെ ധന്യമാക്കിച്ചെയ്യും. ഈ വെണ്ണ മോഷണലീല ഭക്തിയോഗം, ജ്ഞാനയോഗം, കർമ്മ

യോഗം, ധ്യാനയോഗം എന്നീ സാധനപന്ഥാക്കളെ പോലെ ഒരു തീവ്രഭക്തിയോഗമാണ്. ഈ പ്രേമാനുരാഗഭക്തിയെ സ്നേയയോഗമെന്നു ശ്രീ ശുകബ്രഹ്മർഷി വിശേഷിപ്പിച്ചിരിക്കുന്നു. ആ അത്ഭുത ബാലൻെറ ലീലകളെപ്പററി എപ്പോഴും ചിന്തിച്ചും അന്യോന്യം പറഞ്ഞും ചേഷ്ടിച്ചും അവസാനം ശരണാഗതിയിലെത്തി നിർവൃതികൊള്ളുന്ന പ്രേമഭക്തിയോഗമാണിതു്.

അവരവരുടെ സമ്പാദ്യത്തെപ്പററി മമതയുണ്ടാവുക സ്വാഭാവികമാണ്. കരുണാമയനായ ഈശ്വരൻ അവരുടെ കണക്കുകൂട്ടലുകളിൽ കനത്ത പ്രഹരമേൽപ്പിച്ചുകൊണ്ടും സമുദ്ധരിക്കുവാൻ നോക്കും. കൈവശമുള്ള പദാർത്ഥങ്ങൾ തന്നെപ്പോലെ മററുള്ളവക്കും ഉപയോഗപ്രദമാക്കണം. അല്ലെങ്കിൽ മമതയാകുന്ന; അഹങ്കാരമാകുന്ന പാത്രങ്ങൾ —തൈർക്കലങ്ങൾ— തട്ടിയുടച്ചിട്ടായാലും പുറമേ ചിന്തപ്പെടും. ഈ നിലയിൽ ദാരിദ്ര്യവും ദുഃഖവുമെല്ലാം ജീവൻെറ ശുദ്ധീകരണത്തിനുള്ള ഉപായങ്ങളായി ഭക്തന്മാർ സ്വീകരിക്കുന്നു. അസുരന്മാരെ ജയിച്ചടക്കുന്നതിനു ദേവന്മാരെ അനുഗ്രഹിച്ച അതേ ഭഗവാൻതന്നെ ദേവൻമാക്കു അഹന്തയും അജ്ഞതയും വളരുമ്പോൾ അസുരൻമാക്കു വരസിദ്ധികളും ശക്തിയും വർദ്ധിപ്പിച്ച് ദേവൻമാരെയും അമർത്തുന്നു. അതുപോലെ ആത്മസാക്ഷാൽക്കാരത്തിനുള്ള വിവേക വൈരാഗ്യങ്ങളെ പുച്ഛിച്ചുകൊണ്ടു് തമസ്കൃതമായ ഭോഗസുഖങ്ങളിൽ മുഴകുന്നവരുടെ മനോരാജ്യക്കോട്ടകളെ നിമിഷനേരംകൊണ്ടു് തട്ടിത്തകക്കുന്നതിൻെറ ബാലലീലയാണ് സംസാരസുഖാകാരമായ തൈർക്കലങ്ങളെ തട്ടിയുടച്ചതും. വിപത്തുകളും ദുഃഖങ്ങളും ഇല്ലെങ്കിൽ മനുഷ്യർ അസുരന്മാരേക്കാൾ മേലെയേറുമെന്നു

ഭഗവാനറിയാം. അതാണ് അദ്ധ്യാത്മ ഭാഗവതം ഉപദേശിക്കുന്നതു്—എന്തു പരിണാമമായാലും ശരി സംസാരം സുഖരൂപമെന്നു കരുതി കഴിയുന്നവരുടെ സുഖത്തിന്റെ കടങ്ങൾ ഭഗവാൻ അന്നും, ഇന്നും, എന്നും ഉടച്ചുകൊണ്ടിരിക്കുകയാണ്, ഭഗവാൻ ഇങ്ങനെ ചെയ്യില്ലെങ്കിൽ ഭക്തജനങ്ങൾക്കു നിരോധാവസ്ഥ ഉണ്ടാവുകയില്ല. മനുഷ്യസമുദായം നേർവഴിക്കു പുരോഗമിക്കയില്ല.

അതിനാൽ പ്രഭാതത്തിൽ മംഗളദായകമായതിനെ കണികണ്ടു്, അന്നേ ദിവസം മുഴുവനും ശുഭകാര്യങ്ങൾ ഇച്ഛിക്കുന്ന മാതിരി ജീവിതപ്രഭാതത്തിൽ ആത്മവിശ്വാസപൂർവ്വം കൃഷ്ണനെ കണികണ്ടു് ജീവിതകാലം മുഴുവൻ ശുഭപ്രദവും ധന്യവുമാക്കിത്തീർക്കുവാൻ—

വിശക്കുമ്പോൾ വെണ്ണകവർന്നുണ്ണും കൃഷ്ണാ
വരത്തുവാ ഉണ്ണീ കണികാൺമാൻ.

എന്നു പ്രാർത്ഥിക്കുകയും ആ വഴിക്കു പ്രവർത്തിക്കുകയുമാണ് കരണീയം.



---

1977 ഫെബ്രുവരി "ലോകശാന്തി" മാസികയിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 13 കൃഷ്ണസ്തു ഭഗവാൻ സ്വയം

ഒരു പുരാണകഥ തുടരുന്നു: ശ്രീകൃഷ്ണ ഭക്തരായ അഞ്ചു് തോഴിമാർ പുഷ്പവനപാർശ്വത്തിൽ പലതരം പുഷ്പങ്ങളെക്കൊണ്ടു് വനമാല കെട്ടിക്കൊണ്ടിരിക്കുന്നു. അപ്പോഠം അതുവഴി കടന്നുവന്ന ഒരു താപസനെ ചെറുത്തുകൊണ്ടവർ ചോദിച്ചു: മഹാത്മൻ, ഞങ്ങളുടെ പ്രാണനാഥനായ ശ്രീകൃഷ്ണനെ ഈ വനാന്തരത്തിലെങ്ങാനും കണ്ടുവോ. കണ്ടെങ്കിൽ എവിടെയാണെന്നു പറഞ്ഞുതരണേ.

താപസൻ: കൃഷ്ണകൃഷ്ണ ഹരേ കൃഷ്ണ! ....കുട്ടികളേ നിങ്ങഠം മഠയർതന്നെ. ശ്രീകൃഷ്ണനെ എവിടെയെങ്കിലും ഇങ്ങനെ സുലഭമായി കാണാൻ കിട്ടുമോ? രാജരാജേശ്വരനാണു് ശ്രീകൃഷ്ണൻ. തൻതിരുവടിദർശനം കിട്ടണമെങ്കിൽ കഠിനതപസ് ചെയ്യണം. അതിനിടക്കു തെറ്റുപറ്റിയാൽ ശിക്ഷിക്കപ്പെടും. ഭഗവാൻ പ്രസന്നനായാലോ, അഭീഷ്ടവരം നൽകി പ്രസാദിക്കുകയും ചെയ്യും.

ഭക്തതോഴികഠം: മഹാത്മൻ! അങ്ങു് പറയുന്ന ശ്രീകൃഷ്ണൻ വേറെ ആരോആയിരിക്കും. ഞങ്ങളുടെ ശ്രീകൃഷ്ണനാകട്ടെ, ഞങ്ങളുടെ പ്രാണനാഥനാണു്. രാജരാജേശ്വരനാണോ, ഭഗവാനാണോ എന്നുംമറ്റും ഞങ്ങഠംക്കു് അറിഞ്ഞുകൂടാ. എന്തു വരപ്രസാദമാണു് തരാനിരിക്കുന്നതു്. അത്തരം പാരി

തോഷിതങ്ങളുടെ കലവറ....അതിൻെറ താക്കോൽ ഞങ്ങളുടെ പക്കലുണ്ടു്. അദ്ദേഹം ആരെയും ശിക്ഷിക്കുന്നില്ല; അനുചിതമായിട്ടെന്തെങ്കിലും ആചരിച്ചാൽ പ്രതിവിധിയായി കയ്പ്പുള്ള കഷായം കുടിപ്പിക്കും. അതു ശിക്ഷയല്ല, പ്രേമമാണു്. പ്രേമാമൃതപാനത്തിൻെറ മുന്നോടി....

ശ്രീകൃഷ്ണശരണാഗതരായ ആ പരമഭക്തകളുടെ വാക്കുകൾ കേട്ട താപസൻ അനിർവ്വചനീയമായ ഒരു ദിവ്യഭാവത്തിൽ, നിർവൃതിയിൽ ആണ്ടുപോയി ....ഹരേ കൃഷ്ണ! ഹരേ കൃഷ്ണ!.... മന്ത്രം ചുണ്ടുകളിൽ നിന്നും ഹൃദന്തത്തിലേക്കു് ആഞ്ഞിറങ്ങി പ്രതിധ്വനിക്കുവാൻ തുടങ്ങി:

ഭക്തിഭാവംകൊണ്ടു പ്രജ്വലിതമായ ഭക്തമനസ്സിനു ഭഗവാൻ എപ്പോഴും അനുഭവഗോചരനാണു്. ഈ സാകാരത അഥവാ സാകാരനിരാകാരഭാവം ശ്രീകൃഷ്ണൻെറ അവതാര സ്വരൂപത്തെയോ പൂർണ്ണബ്രഹ്മസ്വരൂപത്തെയോ ബാധിക്കുന്നില്ല. മായാധീനരായ ജീവൻമാർക്കു് മായാതീതനായ ഭഗവാനെ പ്രാപിക്കുവാൻ അവതാരാദിസ്വരൂപങ്ങളിലൂടെ സാധിക്കുന്നു. ഭക്തൻമാരുടെ ഭാവന ബ്രഹ്മത്തോടു് ചേർത്താൽ അതിൽനിന്നും സഗുണഭഗവാൻ അവതരിക്കും — ഇഷ്ടദേവതാസ്വരൂപത്തിൽ ഇങ്ങനെ എത്രയോ അവതാരങ്ങൾ സംഭവിച്ചു, സംഭവിക്കുന്നു, സംഭവിക്കുകയും ചെയ്യും.

വിവിധകൽപ്പങ്ങളിൽ ശ്രീകൃഷ്ണാവതാരങ്ങളുടെ വർണ്ണനകളുണ്ടെങ്കിലും പൂർണ്ണാവതാരത്വം കൽപ്പിച്ചിരിക്കുന്നതു് ദ്വാപരയുഗത്തിലെ ശ്രീകൃഷ്ണ

നാണ്. ആ ഭഗവൽ ജീവിതം ആദ്യവസാനം പൂർണ്ണമായി പ്രകാശിച്ചിരിക്കുന്നു. സങ്കൽപ്പിക്കാവുന്ന സർവ്വഭാവങ്ങളുടെയും സമ്പൂർണ്ണത ശ്രീകൃഷ്ണഭഗവാനിൽ പ്രകടമാണ്. അവരവരുടെ സംസ്കാര നിലവാരമനുസരിച്ച് അതറിയുന്നതിനാൽ സാർവ്വജനീനവും സമന്വയാത്മകവുമായ പൂർണ്ണാവതാരമഹത്വത്തിനു കോട്ടം തട്ടുന്നില്ല. "ഈശ്വരന്റെ അടുത്തെത്തിയവരാരോ അവർക്കുള്ളിലാണ് ഭക്തിയും ഭാവവുമുണ്ടാകുന്നത്....തന്നുള്ളിൽ തന്നെ കാണാൻ കഴിഞ്ഞാൽ ഒക്കെയായി. ഇതു കാണാറാകുന്നതിനു വേണ്ടിയാണ് സാധന. ഈ സാധനക്കു വേണ്ടിയാണ് ശരീരം. എന്നാൽ ഈശ്വരൻ അകത്തുമാത്രമല്ല, അകത്തുംപുറത്തുമുണ്ട്; എല്ലായ്പ്പോഴും എല്ലായിടത്തുമുണ്ട്. ആ സർവ്വേശ്വരൻ സ്വമായോപാധിഗതനായി ഭക്തൻമാർക്കുവേണ്ടി ലോകസംഗ്രഹത്തിനായി, ധർമ്മ സംസ്ഥാപനത്തിനായി വിവിധരൂപഭാവങ്ങളിൽ അവതരിക്കുന്നു. അത്തരം അവതാരങ്ങളിൽ ആ സച്ചിദാനന്ദസ്വരൂപൻ പൂർണ്ണഭാവത്തിലും ശക്തിയിലും പ്രകടമായത് ശ്രീകൃഷ്ണരൂപത്തിലായതിനാൽ 'മഹാഭാഗവതം' കൃഷ്ണസ്തുഭഗവാൻ സ്വയം" എന്നു വിശേഷിപ്പിച്ചിരിക്കുന്നു.

മറ്റു അവതാരങ്ങളെ അപേക്ഷിച്ചു ഭൂതഭവിഷ്യദ്വർത്തമാന കാലങ്ങളെ സംബന്ധിക്കുന്ന വിഭൂതിവിശേഷങ്ങൾ ശ്രീകൃഷ്ണഭഗവാനിൽ പരിപൂർണ്ണമായി തിളങ്ങുന്നതിനാലും ശ്രീകൃഷ്ണനെ പൂർണ്ണാവതാരം അഥവാ നിർഗുണ ബ്രഹ്മത്തിന്റെ സഗുണപ്രതിരൂപമായി–കൃഷ്ണസ്തു ഭഗവാനെന്നു –

–അറിയുന്നു. മറ്റുമഹൽ വിഭൂതികളിൽ ഭഗവാന്റെ ഏതാനും ലക്ഷണങ്ങരം പ്രകടമായിരിക്കും. ശ്രീകൃഷ്ണനിലാകട്ടെ എല്ലാ ലക്ഷണങ്ങളുടെയും സീമാതീതമായ സമഷ്ടി ഭാവം അടങ്ങിയിരിക്കുന്നു. ശ്രീകൃഷ്ണൻ സർവ്വ കലാവല്ലഭനാണു്. അറുപത്തിനാലു് കലകളും യഥേഷ്ടമായി വിളങ്ങുന്നതു ശ്രീകൃഷ്ണനിൽമാത്രം. അനന്തതയുടെ ചിഹ്നമായ നീലിമ നിറത്തോടു കൂടിയ ശ്രീകൃഷ്ണനിൽ ഐശ്വര്യം, ധർമ്മം, യശസ്സു്, ശ്രീ, വൈരാഗ്യം, മോക്ഷം എന്നീ ഭഗവൽ ലക്ഷണങ്ങരം സമ്പൂർണ്ണമായും സമന്വയാത്മകമായും സമ്മേളിച്ചിരിക്കുന്നു.

ഐശ്വര്യസ്യ സമഗ്രസ്യ ധർമ്മസ്യ യശസഃ ശ്രിയഃ
വൈരാഗ്യസ്യാഥ മോക്ഷസ്യഷണ്ണാം ഭഗ ഇതീംഗനാ

ശ്രീകൃഷ്ണന്റെ ശിശു–ബാലലീലകരം, ദ്രൗപദീ വസ്ത്രാക്ഷേപത്തിലെ സന്ദർഭം, ആയിരക്കണക്കിനുള്ള ശ്രീകൃഷ്ണ പത്നീഗൃഹങ്ങളിൽ നാരദമുനികണ്ട ദൃശ്യങ്ങരം, പൂതനാമോക്ഷം മുതലായവ ശ്രീകൃഷ്ണന്റെ സർവേശ്വരത്വം അഥവാ സർവ്വൈശ്വര്യങ്ങളുടെയും ഉറവിടമാണു് ശ്രീകൃഷ്ണനെന്നു വ്യക്തമാക്കുന്നു.

ജഗത്തിനെ ധാരണം ചെയ്യുന്ന ധർമ്മം സാംഗോപാംഗമായി ശ്രീകൃഷ്ണനിൽ തിളങ്ങുന്നുവെന്നു മാത്രമല്ല ഭഗവാന്റെ ഇരിപ്പിടമാണു് ധർമ്മം. വ്യഷ്ടിധർമ്മവും സമഷ്ടിധർമ്മവും ഒരേ സമയം ശ്രീകൃഷ്ണനിൽ പ്രകാശിക്കുന്നതിനാൽ ആർക്കും അതു അനുകരിക്കാനാവില്ല. പക്ഷെ, ഭഗവൽ കാരു

ണ്യവും അനുഗ്രഹവും സിദ്ധിച്ച ജീവനു് സത്യ സുന്ദരമായ മാർഗ്ഗദർശനം കാണാം. ഉത്തമനായ ഒരു പിതാവിൻെറ പുത്രനെന്നപോലെ തൻെറ ബുദ്ധിവികാസത്തിനും ശക്തിക്കും ചേർന്നവിധം ധർമ്മമാർഗ്ഗത്തിൽ ചരിക്കാനുള്ള സാമാന്യ ധർമ്മ ങ്ങളും ശ്രീകൃഷ്ണൻ ആചരിച്ചുകാട്ടി. മാതാപി താക്കളോടുള്ള കർത്തവ്യം, ഗുരുഭക്തി, ജ്യേഷ്ഠഭ്ര താവിനോടു് വിധേയത്വം, ബ്രഹ്മജ്ഞൻമാരോടു് ബഹുമാനം, പക്ഷിമൃഗാദികളോടും ഗോക്കളോടും കാട്ടുന്ന ജീവകാരുണ്യം, പത്നീഗൃഹങ്ങളിലെ ഗൃഹാ ശ്രമസംവിധാനങ്ങൾ, രാജനീതി നിപുണരായ വിദു രൻ, ഉദ്ധവൻ, ഭീഷ്മർ തുടങ്ങിയ മഹാൻമാരെ പ്പോലും ആശ്ചര്യപ്പെടുത്തുന്ന രാജ്യതന്ത്രജ്ഞത, ആർത്തത്രാണപരായണത, ശരണാഗത രക്ഷകത്വം, ഭക്തവൽസലൻ, ശിഷ്യരുടെ അജ്ഞാനാന്ധകാര മകറ്റുന്ന തീവ്രത, കുചേലനോടു കാട്ടിയമാതിരി മൈത്രീഭാവം, ശത്രുക്കളെ ചതുർവ്വിധോപായങ്ങളെ ക്കൊണ്ടു് അധീനപ്പെടുത്തൽ, സുഖത്തിലും ദുഃഖ ത്തിലും എല്ലായ്പ്പോഴും മാധുര്യഭാവം, സ്വയം അഹ ങ്കാര രഹിതനായി മറ്റുള്ളവരെ ആദരിക്കുകയും ബഹു മാനിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന സേവ നഭാവം (രാജസൂയയജ്ഞത്തിലെന്നപോലെ) ഇത്യാദി ആദർശ ഗുണങ്ങൾ എത്രയെങ്കിലുമുണ്ടു് ശ്രീകൃഷ്ണ ചരിതത്തിൽ. പരമധർമ്മത്തിൻെറ സാമാന്യ—വ്യവ ഹാര—ഭാവങ്ങളാണവ.

ശ്രീകൃഷ്ണഭഗവാൻ ഗർഭസ്ഥനായിരിക്കു മ്പോൾ തുടങ്ങിയ കൃഷ്ണയശോഗാനം വിശ്വവ്യാ പകമായി കോടാനുകോടി കണ്ഠങ്ങളിൽ നിന്നും

ഇപ്പോഴും മുഴങ്ങികൊണ്ടിരിക്കുന്നു. ദേവകീ വസുദേവൻമാരെ അടച്ചിരുന്ന കംസൻെറ കാരാഗൃഹത്തിൽ വെച്ചു് അന്നു് ദേവതകഠം ഗർഭസ്ഥനായ ശ്രീകൃഷ്ണനെ ദീനാർത്തപരിത്രാണനനായി സ്തുതിച്ചു. പിന്നീടു് ബ്രഹ്മാവു് വീനയാന്വിതനായി ബാലകൃഷ്ണനെ സ്തുതിക്കുന്നു. ഭീഷ്മപിതാമഹൻ സഹസ്രനാമങ്ങളെക്കൊണ്ടു സ്തുതിക്കുന്നു. ഇങ്ങനെ എത്രയെത്ര ഈശ്വരതത്വ പ്രതിപാദകങ്ങളായ സ്തോത്രങ്ങളെക്കൊണ്ടു് പൂർണ്ണമാണു് പുരാണങ്ങഠം! പുരാണകാലശേഷം ഭക്തകോടികഠം, കവികഠം, താത്വജ്ഞാനികഠം, രാഷ്ട്രതന്ത്രജ്ഞർ എന്നിങ്ങനെ വിവിധനിലകളിൽ ജീവിക്കുന്നവരെല്ലാം ശ്രീകൃഷ്ണകീർത്തനം കൊണ്ടു് കൃതാർത്ഥരും ധന്യധന്യരുമായി. ഭാരതഖണ്ഡത്തിൽ മാത്രമല്ല വിശ്വമെങ്ങും ധാർമ്മികവും തത്വചിന്താപരവുമായ പരിവർത്തനങ്ങളുടെ പിന്നിലെ പ്രചോദനശക്തി ശ്രീകൃഷ്ണാവതാരമാണെന്നു കാണാം.

ശ്രീബുദ്ധദേവൻെറ ധർമ്മസിദ്ധാന്തങ്ങളും ശ്രീയേശുക്രിസ്തുവിൻെറ ഉൽബോധനങ്ങളും ശ്രീകൃഷ്ണോപദേശങ്ങളിൽ നിന്നും പ്രചോദനമുഠം ക്കൊണ്ടു് പ്രകാശിക്കപ്പെട്ടവയാണു്. ശ്രീയേശുദേവൻ പത്തുപതിനഞ്ചു് വർഷക്കാലം (16 മുതൽ 30 വയസ്സുവരെ) ഭാരതത്തിലെ ഗുരുകുലത്തിൽ വസിച്ചു് ശ്രീകൃഷ്ണോപദേശം (ഭഗവൽഗീത) അദ്ധ്യയനം ചെയ്തിരുന്നതായി ചരിത്രരേഖകഠം ഉണ്ടു്. വിദേശീയരായ പ്രാരംഭതത്വജ്ഞാനികളും പിൽക്കാലത്തുവന്ന ചിന്തകൻമാരും ഗീതയെയും

ഗീതോപദേശകനായ ശ്രീകൃഷ്ണനെയും പ്രകീർത്തിക്കുന്നു. അറേബ്യയിലെയും മറ്റും പ്രാചീനവാസികൾ ശ്രീകൃഷ്ണനെയും ശ്രീകൃഷ്ണജൻമഭൂമിയെയും സ്തുതിച്ചിരുന്നവരാണ്. വിശ്വമെങ്ങും "ഹരേകൃഷ്ണ പ്രസ്ഥാനം" രൂപംകൊണ്ടിരിക്കുന്ന ഇക്കാലത്തുപോലും നിർബ്ബന്ധിച്ചോ പ്രലോഭനപ്പെടുത്തിയോ ആരെയും ശ്രീകൃഷ്ണഭക്തരാക്കിട്ടില്ലെന്നതാണ് ശ്രീകൃഷ്ണയശസിന്റെ സവിശേഷത.

മഹാലക്ഷ്മിയുടെ ശ്രീകലകൾതന്നെയാണ് ശ്രീകൃഷ്ണപത്നിമാരായ രുഗ്മണി—സത്യഭാമാദി ശ്രീമൂർത്തികൾ. ശ്രീകരമല്ലാതെ അശ്രീകരത്തിനു് അവിടെ സ്ഥാനമില്ല. തന്റെ സങ്കൽപ്പം മാത്രം കൊണ്ടു് കുചേലാദി ഭക്തൻമാരെ ധനികസമ്പന്നരാക്കിയ 'ശ്രീ'യും പൂർണ്ണരൂപത്തിൽ ശ്രീകൃഷ്ണനിൽ ഉപസ്ഥിതമാകുന്നു.

സാധാരണപൗരൻ മുതൽ സാമ്രാജ്യാധിപതിവരെ എന്തിനെല്ലാംവേണ്ടി അഹോരാത്രം പ്രയത്നിക്കുകയും പോരാടുകയും ചെയ്യുന്നുവോ ആ വക സമ്പത്തുക്കളെല്ലാംതന്നെ ശ്രീകൃഷ്ണനു് അധീനമാണു്. എന്നാൽ എല്ലായ്പോഴും വൈരാഗ്യസമ്പത്തിനെ ശ്രീകൃഷ്ണൻ സമുന്നതമാക്കിവെച്ചിരുന്നു. ശ്രീകൃഷ്ണനുവേണ്ടി രാജാക്കൻമാർ സിംഹാസനങ്ങൾ ഒഴിഞ്ഞുകൊടുത്തുവെങ്കിലും പുഞ്ചിരികൊണ്ടു് അവ തിരസ്കരിച്ചു. കംസൻ, ജരാസന്ധൻ, നരകാസുരൻ മുതലായവരുടെ സാമ്രാജ്യങ്ങൾ അവകാശികൾക്കു ഏൽപ്പിച്ചുകൊടുത്തു.

ലോകൈഷണ, വിത്തൈഷണ, പുത്രൈഷണ ഈ വക ലൗകികത്വങ്ങളൊന്നിനും ഭഗവാനെ തീണ്ടാൻ സാധിച്ചിരുന്നില്ല. ധർമ്മസമ്പത്തിയും വൈരാഗ്യ സമ്പത്തിയും ശ്രീകൃഷ്ണനിൽ സദാ വിളങ്ങി. അനേകായിരം സ്ത്രീകളുടെ മദ്ധ്യേ വിഹരിക്കുമ്പോഴും ജിതേന്ദ്രിയനായ യോഗേശ്വരനായ ശ്രീകൃഷ്ണനെയാണു് യോഗികൾ ദർശിച്ചതു്. അനാസക്തിയോഗത്തിന്റെ ഉറവിടം വൈരാഗ്യസ്വരൂപമായിരിക്കണമല്ലോ.

ദുഷ്ടതകളെ നശിപ്പിക്കുന്നതിലും, ധർമ്മസംസ്ഥാപനത്തിലും, സജ്ജനങ്ങളെ പരിത്രാണനം ചെയ്യുന്നതിലും മാത്രമല്ല, സാമാന്യ—വിശേഷ ധർമ്മാചരണങ്ങളിലും വ്യവഹാര വൃത്തികളിലും എല്ലാം ശ്രീകൃഷ്ണൻ 'പത്മപത്രമിവാംഭസാ' (താമരയിലയിലെ വെള്ളത്തുള്ളിപോലെ) യാതൊന്നിലും ഒട്ടിയില്ല. സദാ എല്ലാവിധബന്ധങ്ങളിൽനിന്നും വിമുക്തനും പ്രസന്നചിത്തനുമായി ജീവിച്ചുകാട്ടി. സച്ചിദാനന്ദസ്വരൂപനായ ഭഗവാൻ സ്വയം മോക്ഷസ്വരൂപനുമാണല്ലോ. അതു തന്റെ പൂർണ്ണാവതാര ജീവിതത്തിലും—അപരിഛിന്നഭാവത്തിൽനിന്നു പരിഛിന്നരൂപമെടുത്തപ്പോഴും — പ്രകാശിപ്പിച്ചു. അവസാനം ജീവകോടികൾക്കു് അവരവരുടെ പ്രാപ്തിയനുസരിച്ചു് സത്യധർമ്മാധിഷ്ഠിതമായ ഏതെങ്കിലും ഒരു മാർഗ്ഗമവലംബിച്ചു് ലക്ഷ്യമടയാനുള്ള നിത്യനൂതന സന്ദേശം നൽകിക്കൊണ്ടാണു് ശ്രീകൃഷ്ണാവതാര ലീലകളുടെ സ്ഥൂലനാടകത്തിനു വിരാമമിടുന്നതു്.

അതിനാൽ ഭഗവാൻസ്വയം ശ്രീകൃഷ്ണരൂപത്തിൽ അവതരിച്ചതു്—കൃഷ്ണസ്തു ഭഗവാൻസ്വയം—സർവ്വസമ്മതമായിരിക്കുന്നു. ശ്രീശുകബ്രഹ്മർഷി പരീക്ഷിത്തുമഹാരാജാവിനോടു പറയുന്നു: ഹേ രാജാവേ! യദുകുലത്തിൽ ജനിച്ചു്, തന്റെ സുയശസാകുന്ന തീർത്ഥത്താൽ തന്റെ ചരണോദകതീർത്ഥമായ ഗംഗയെ തരംതാഴ്ത്തിയതും ശത്രുമിത്രഭാവമില്ലാതെ രണ്ടു കൂട്ടർക്കും ഒന്നുപോലെ തന്റെ സ്വരൂപപ്രാപ്തി നൽകിയതും സർവ്വ ദേവൻമാരും യത്നിച്ചിട്ടും ലഭിക്കാത്ത ആ ലക്ഷ്മിയാൽ നിരന്തരം സേവിക്കപ്പെടുന്നതും നാമോച്ചാരണം അഥവാ നാമശ്രവണമാത്രംകൊണ്ടു് സകല അമംഗളങ്ങളേയും നശിപ്പിക്കുന്നതും ഋഷിവംശങ്ങളിൽ പ്രചലിതമായിട്ടുള്ള ധർമ്മങ്ങളുടെയെല്ലാം സംസ്ഥാപകനായതും ശ്രീകൃഷ്ണ ഭഗവാനായിരുന്നു. ആ ഭഗവാൻ പൃഥിവിയുടെ ഭാരം തീർത്തതിൽ എന്താണാശ്ചര്യമുള്ളതു്!

‘‘ഭഗവാൻ ഭഗഹാനന്ദീ....’’ എന്ന വിഷ്ണുസഹസ്രനാമങ്ങളുടെ ഭാഷ്യത്തിൽ ശ്രീശങ്കരഭഗവദ്പാദർ—

**ഉല്പത്തിം പ്രളയം ചൈവ ഭൂതാനാമാഗതിം ഗതിം**
**വേത്തി വിദ്യാമവിദ്യാം ച സ വാച്യോ ഭഗവാനിതി**

എന്ന നിർവ്വചനവും ഉദ്ധരിച്ചിരിക്കുന്നു. അതായതു് ‘ഉൽപ്പത്തി, പ്രളയം, പ്രാണി ജാലങ്ങളുടെ ആഗതിയും ഗതിയും, വിദ്യ, അവിദ്യ ഇവയെല്ലാററിന്റേയും അറിവുള്ളതാർക്കോ അതാണു് ഭഗവാൻ. ശരണാഗതരായ ഭക്തജനങ്ങൾക്കും, ധർമ്മനിഷ്ഠ

രായ കർമ്മയോഗികൾക്കും ജ്ഞാനികൾക്കും എപ്പോഴും അനുഭവഗോചരനായ ആ ശ്രീകൃഷ്ണഭഗവാനെ ജയദേവരോടൊപ്പം നമക്കും പ്രാർത്ഥിക്കാം:

വേദാനുദ്ധരതേ ജഗന്നിവഹതേ ഭൂഗോളമുദ്ബിഭ്രതേ
ദൈത്യം ദാരയതേ ബലിം ഛലയതേ ക്ഷത്രക്ഷയം കുർവ്വതേ
പൗലസ്ത്യം ജയതേ ഹലം കലയതേ കാരുണ്യമാതന്വതേ
മ്ലേച്ഛാന്മൂർച്ഛയതേ ദശാകൃതികൃതേ കൃഷ്ണായ തുഭ്യം നമഃ

"മത്സ്യാവതാരത്തിൽ വേദങ്ങളെ ഉദ്ധരിക്കുന്നതും, കൂർമ്മാവതാരത്തിൽ ലോകങ്ങളെ വഹിക്കുന്നതും, വരാഹാവതാരത്തിൽ ഭൂഗോളത്തെ എടുക്കുന്നതും, നരസിംഹാവതാരത്തിൽ ഹിരണ്യകശിപു എന്ന ദൈത്യനെ പിളർക്കുന്നതും, വാമനാവതാരത്തിൽ മഹാബലിയെ ചതിക്കുന്നതും, പരശുരാമാവതാരത്തിൽ ക്ഷത്രിയൻമാരെ ക്ഷയിപ്പിക്കുന്നതും ശ്രീരാമാവതാരത്തിൽ രാവണനെ ജയിക്കുന്നതും, ബുദ്ധാവതാരത്തിൽ കരുണയെ പരത്തുന്നതും, കൽക്ക്യവതാരത്തിൽ മ്ളേച്ഛൻമാരെ നിഗ്രഹിക്കുന്നതും എല്ലാം ഒരാൾതന്നെയാണ്. അങ്ങിനെയുള്ള പത്തു രൂപങ്ങളെ ധരിച്ച് അവതാരം ചെയ്യുന്ന ശ്രീകൃഷ്ണ പരമാത്മാവായ നിന്തിരുവടിയ്ക്കു നമസ്ക്കാരം."



1979–80–ഡി; ജനുവരി "ശ്രീ അയ്യപ്പൻ" മാസികയിൽ പ്രസിദ്ധപ്പെടുത്തിയത്.

# 14 "ത്വമാദിദേവ: പുരുഷ: പുരാണ:

ശ്രീകൃഷ്ണഭഗവാൻ മന്വന്തരങ്ങൾക്കുമുൻപു സൂര്യനു വേദാർത്ഥം ഉപദേശിച്ചുവെന്നു കേട്ടപ്പോൾ നിമിഷനേരം അർജ്ജുനനു് സംശയഗ്രസ്തമായ ഞെട്ടലുണ്ടായി. ശ്രീകൃഷ്ണസഖാവായ വീര അർജ്ജുനൻപോലും ശ്രീകൃഷ്ണൻെറ പാരമാർത്ഥികസ്ഥിതി അറിയാനാവാതെ "ഇക്കാലത്തു ദേവകീ വസുദേവപുത്രനായി ജനിച്ച ശ്രീകൃഷ്ണൻ എങ്ങനെ സഹസ്രാബ്ദങ്ങൾക്കുമുമ്പു മനുവിന്റെ പിതാവായ സൂര്യനു് ഈ ഗീതോപദേശം ചെയ്തു? എന്നു് ആശ്ചര്യപ്പെട്ടു.

സ്വാഭാവികപുഞ്ചിരിയോടെ ഭഗവാൻ അരുൾ ചെയ്തു: അല്ലയോ അർജ്ജുന, എൻെറയും നിൻെറയും അനേകം ജന്മങ്ങൾ കഴിഞ്ഞുപോയിട്ടുണ്ടു്. അവയെല്ലാം ഞാനറിയുന്നു, അല്ലയോ പരന്തപ, നീ അറിയുന്നില്ല, എന്തുകൊണ്ടെന്നാൽ നിൻെറ ജ്ഞാനശക്തി പൂർവ്വകൃത ധർമ്മാധർമ്മങ്ങളിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഞാനവയെ അറിയുന്നു. എന്തെന്നാൽ സ്വഭാവേന ഞാൻ നിത്യനായും ശുദ്ധനായും മുക്തനായും സത്യസ്വരൂപനമായിരിക്കുന്നതിനാൽ എൻെറ ജ്ഞാനശക്തി അപ്രതിബദ്ധമായിരിക്കുന്നു. ഞാൻ ജന്മമില്ലാത്തവനായാലും നാശമില്ലാത്തവനായാലും പ്രാണികളുടെ ഈശ്വരനായിരുന്നാലും ശുദ്ധസത്വാത്മികയായ എൻെറ മായയെ സ്വീകരിച്ചു് സ്വേച്ഛയാ അവതാരം ചെയ്യുന്നു.'

ജീവൻ ജനിക്കുകയും മരിക്കുകയും ചെയ്യുമ്പോൾ ഈശ്വരൻ പ്രകാശിക്കുകയും മറയുകയും ചെയ്യുന്നുവെന്നും

പറയാം. തപസ്വികളും തത്വജ്ഞരുമായ മഹാത്മാക്കൾ പോലും ഈശ്വരാവതാരതത്വം ഗ്രഹിക്കാനാവാതെ കറങ്ങിയിട്ടുണ്ടെങ്കിൽ മററു മനുഷ്യരുടെ പഞ്ചേന്ദ്രിയനിബദ്ധമായ അറിവുകൊണ്ട് എന്തറിയാനാണ്? ആധിഭൗതികനിലയിൽപോലും ധർമ്മനിഷ്ഠയോ സത്യകാംക്ഷയോ ഇല്ലാതെ ഇന്ദ്രിയസുഖത്തിനുവേണ്ടി അഹോരാത്രം ചെലവഴിക്കുന്നവർ എത്ര ബുദ്ധിശക്തരായാലും ആ അറിവിന്ന് പ്രാപ്തരോ യോഗ്യരോ ആവുന്നില്ല. സൂക്ഷ്മതലത്തിൽ ആദ്ധ്യാത്മികാധിദൈവീകമായി ചെയ്യുന്ന തപശ്ചര്യകൾകൊണ്ടും പൂർണ്ണമായി അറിഞ്ഞുവെന്നുവരില്ല. മൂന്നുനിലകളിലും ത്രികരണശുദ്ധി സമ്പാദിച്ച് പരിശ്രമിക്കുന്നവർക്കുമാത്രമെ പാരമാർത്ഥികബോധം സ്ഥായിയായി സംപ്രാപ്തമാവൂ. കർമ്മശുദ്ധി, വിചാരശുദ്ധി, സങ്കല്പശുദ്ധി- ഇവ സമാന്തരമായിട്ടില്ലെങ്കിൽ അറിവിനും കോട്ടങ്ങൾ ഉണ്ടാവും. പണ്ടും പല ഋഷികൾക്കുപോലും സാധനയിലെ താളപ്പിഴകൾക്കു കാരണം ഏതെങ്കിലും ഒരു പ്രകാരത്തിലുള്ള അശുദ്ധിനിമിത്തമാണെന്ന് കാണാം. ശ്രീകൃഷ്ണന്റെ പൂർണ്ണാവതാരമഹിമ അറിയാത്ത മനീഷികൾ അന്നും ഉണ്ടായിരുന്നു. അപ്പോൾ മനുഷ്യരുടെ കാര്യം പറയാനുണ്ടോ?

ലൗകികവിദ്യ അഭ്യസിക്കുന്നത്രപോലും ആദ്ധ്യാത്മിക വിദ്യ ഗ്രഹിക്കുവാൻ പ്രയത്നിക്കാത്തവർക്ക് എങ്ങനെയാണ് ഭഗവതാരതത്വം അറിയുക! അറിയാം, വികലതകളോടുകൂടിയോ, വികടമായോ ഭാഗികമായോ അറിയാം. അറിയാതിരിക്കുക അല്ലെങ്കിൽ തെററിദ്ധരിക്കുക എന്നിട്ടും ആധികാരികമായി എന്തിനെപ്പററിയും സംസാരിക്കുക, ഇതും ഭഗന്മായയുടെ ശക്തിതന്നെ! ഓരോ

ങ്ങത്തരുടേയും അർഹതക്ക് ഒത്തവിധം വിധിച്ചതേ കിട്ടൂവെന്ന തത്വരഹസ്യവും ഇതിൽ ഉൾക്കൊള്ളുന്നു.

ഗുരുഭക്തിയിലും തപശ്ശക്തിയിലും അനേക വർഷത്തെ പാരമ്പര്യവും സിദ്ധികളുമുള്ള മഹാത്മാവാണ് മഹാഭാരതത്തിലെ ഉദങ്കമഹർഷി. അദ്ദേഹം ആദ്ധ്യാത്മികമായി ഉന്നതി പ്രാപിച്ചിരുന്നു. എന്നാൽ ആധിഭൗതിക ദൈവീകതലങ്ങളിലെ ക്രമക്കേടുകൾ കാരണം നിസ്സാരകാര്യങ്ങളിലും തപശ്ശക്തി ക്ഷയിപ്പിക്കേണ്ടിവന്നു. ശ്രീകൃഷ്ണൻ അത്ഭുതശക്തിമാനും അവതാരപുരുഷനുമാണെന്നു ധരിച്ചിരുന്നുവെങ്കിലും ശരിയായ ഈശ്വരീയബോധത്തിന്റെ അഭാവത്തിൽ തന്റെ നീണ്ടകാലത്തെ തപശ്ശക്തിയിലാണ് അഭിമാനിച്ചിരുന്നത്.

മഹാഭാരതയുദ്ധവും അനന്തര ചടങ്ങുകളും കഴിഞ്ഞ് ഭഗവാൻ ശ്രീകൃഷ്ണൻ ദ്വാരകയ്ക്കു മടങ്ങുമ്പോൾ മരുധന്വമെന്ന (രാജസ്ഥാൻ) സ്ഥലത്തെത്തി. കുറേക്കാലമായി തന്റെ പർണ്ണശാലയ്ക്കു പുറത്തിറങ്ങാതിരുന്ന ഉദങ്കർ അന്നു ശ്രീകൃഷ്ണദർശനാർത്ഥം പുറത്തേയ്ക്കുവന്നു. ശ്രീകൃഷ്ണനും മഹർഷിയെ സ്വരഥത്തിൽനിന്നിറങ്ങി മുന്നോട്ടുവന്നു ബഹുമാനിച്ചു. ഭഗവാൻ ഹസ്തിനപുരത്തുനിന്നാണ് മടങ്ങുന്നതെന്നറിഞ്ഞ് പാണ്ഡവരുടേയും കൗരവരുടേയും കുശലാന്വേഷണങ്ങൾ തുടങ്ങി. അവിടെ നടന്ന വിശ്വവിഖ്യാതമായ യുദ്ധത്തെപ്പററിയും നാശനഷ്ടങ്ങളെപ്പററിയും മററും യാതൊന്നും ഉദങ്ക മഹർഷി അറിഞ്ഞിരുന്നില്ല. ഭാരതയുദ്ധത്തെയും കൗരവയുദ്ധത്തെയുംപററി ശ്രീകൃഷ്ണൻ ചുരുക്കിപ്പറഞ്ഞുകേട്ടപ്പോൾ അല്പം കൗരവപക്ഷപാതം കൂടിയുണ്ടായിരുന്ന ഉദങ്കന് അസഹ്യമായ കോപതാപങ്ങളുണ്ടായി. ശ്രീകൃഷ്ണൻ നിനച്ചിരുന്നെങ്കിൽ മഹാഭാരതയുദ്ധം

ഒഴിവാക്കാമായിരുന്നു. പാണ്ഡവന്മാരേയും കൗരവന്മാരേയും പരസ്പരം രഞ്ജിപ്പിക്കാമായിരുന്നു. അങ്ങനെ ചെയ്യാത്തതുകൊണ്ടു് ശ്രീകൃഷ്ണനെ ശപിക്കാനൊരുങ്ങി ഉദങ്കമഹർഷി-

സ്വാഭാവികപുഞ്ചിരി വിടാതെ ശ്രീകൃഷ്ണൻ പറഞ്ഞു: എന്നെ ശപിച്ചിട്ടു് കാര്യമില്ല. അങ്ങയുടെ തപശ്ശക്തി കൂടി നഷ്ടപ്പെടുത്തേണ്ട. അവതാരപുരുഷനായ എന്റെ ഇച്ഛയില്ലെങ്കിൽ അങ്ങയുടെ ശാപവും ഫലിക്കുവാൻ പോകുന്നില്ല. എന്തൊക്കെ നടക്കണമോ അവ നടന്നു കഴിഞ്ഞു. അങ്ങു് അങ്ങയുടെ സ്ഥിതി ഭദ്രപ്പെടുത്തിക്കൊള്ളുക.

നിമിഷനേരത്തേക്കു ഭഗവാന്റെ വിശ്വരൂപദർശനം കൂടി ലഭിച്ചപ്പോൾ ഉദങ്കന്റെ കോപതാപങ്ങൾ ശമിച്ചു. അവതാരപുരുഷനായ ശ്രീകൃഷ്ണനിൽനിന്നു ഒരു വരം വാങ്ങി വിധേയനാവാനും നിശ്ചയിച്ചു. മരുഭൂമിയിലൂടെ തനിക്കു സഞ്ചരിക്കേണ്ടിവരുമ്പോൾ കുടിയ്ക്കാൻ ജലം കിട്ടണം. ഭഗവാനെ സ്മരിച്ചാൽമതി ജലം കിട്ടുമെന്നാണു് വരം. അടുത്ത ദിവസം മരുഭൂമിയിലൂടെ സഞ്ചരിക്കുമ്പോൾ ജലത്തിനുവേണ്ടി ഭഗവാനെ സ്മരിച്ചപ്പോൾ ഇന്ദ്രൻ തന്നെ അമൃതവുംകൊണ്ടു് മഹർഷിയുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. പക്ഷെ, ചണ്ഡാലവേഷത്തിൽ വൃത്തികെട്ട പാത്രത്തിൽ. ഭഗവദാജ്ഞ അനുസരിക്കുകയും വേണം അമൃതം ഉദങ്കൻ സ്വീകരിക്കയുമരുതു്. ഇതായിരുന്നു ഇന്ദ്രന്റെ ഇച്ഛ. തെററിദ്ധരിച്ച ഉദങ്കൻ അമൃതത്തെ വെറുപ്പോടെ തിരസ്കരിച്ചിട്ടു് വീണ്ടും കൃഷ്ണനെ സ്മരിച്ചപ്പോൾ അമൃതവുംകൊണ്ടു് തന്റെ മുമ്പിൽവന്നതു് ഇന്ദ്രനാണെന്നു് ബോധ്യമായി. അതോടൊപ്പം വിധിച്ചതേ

കിട്ടുവെന്ന ബോധവും, പിന്നീട് മഹർഷിയുടെ ദാഹശമനത്തിനു ശുദ്ധജലം വർഷിച്ചുകൊടുത്തു ഭഗവാൻ.

ഈ ഋഷിചരിതത്തിൽ ഭാഗ്യവാദത്തിൻെറയും ശിരോലിഖിതത്തിൻെറയും സൂക്ഷ്മാർത്ഥം ഉൾക്കൊണ്ടിട്ടുണ്ട്. അതിനേക്കാൾ യഥാകാലം വേണ്ടതു വേണ്ടവിധം ആചരിച്ചില്ലെങ്കിൽ ഉണ്ടാവുന്ന പിഴകളും പൊരുത്തക്കേടുകളും ബോധ്യപ്പെടുത്തുന്നുമുണ്ട്. ഇന്നത്തെ പരിതസ്ഥിതിയിൽ സാധാരണയായി ധാർമ്മികവും ആദ്ധ്യാത്മികവുമായ തലങ്ങളിൽ വേണ്ടവിധം ശാസ്ത്രീയജ്ഞാനമോ സത്സംഗമോ സാധനനിഷ്ഠയോ അനുസരിക്കാതെ കിട്ടിയേടത്തോളം വെച്ചുകൊണ്ട് സർവ്വജ്ഞത്വം നടിക്കുകയും അടുക്കുന്നവരെ വഴിതെററിക്കയും ചെയ്യുന്നവരെ കാണാമല്ലോ. ഭൗതികതലത്തിൽപോലും ഉദ്ദേശശുദ്ധിയോ കർമ്മശുദ്ധിയോ ഇല്ലാതെ സ്വാർത്ഥനിഷ്ഠരായിരുന്നുകൊണ്ട് ആസുരമായ വക്രബുദ്ധിവിശേഷം കൊണ്ട് സ്വയം ആവരണനിബദ്ധരായി സമുദായത്തേയും വഴിതെററിക്കുന്ന വാചാലന്മാർക്കു പാരമാർത്ഥികബോധമുണ്ടാകുന്നതെങ്ങിനെ?

ഭഗവൽഗീത 16—ാം അദ്ധ്യായത്തിലെ ദേവാസുരസമ്പദ്വിഭാഗത്തിലും ഗുണത്രയവിഭാഗയോഗത്തിലും മനുഷ്യപ്രകൃതിയുടെ പടം പിടിച്ചുകാണിക്കുന്നു. അതിനാൽ ദൈവികസമ്പത്തിനു യോഗ്യനായി പിറന്ന അർജ്ജുനനുപോലും രജോഗുണാധിക്യം ബാധിച്ച് ശ്രീകൃഷ്ണൻെറ അവതാരതത്വം ഗ്രഹിക്കാനാവാതെ കുഴങ്ങിയെങ്കിൽ ആസുരീകവും രാക്ഷസീകവുമായ സമ്പത്തിൻെറ ഉടമകൾക്ക് എത്രത്തോളം അറിയാനാവും? മനസ്സിൻെറ

ആഴത്തോളം ഉറഞ്ഞിരിക്കുന്ന ഭയം നിമിത്തമാണ് മനുഷ്യൻ അധർമ്മിയാവുന്നത്. ധർമ്മനിഷ്ഠനും ഈശ്വരാശ്രയബുദ്ധിമാനും മാത്രമേ ആന്തരികമായും നിർഭയനായിരിക്കുവാൻ പററു. ദൈനംദിന ജീവിതത്തിൽ സത്വശുദ്ധി പ്രകാശിക്കത്തക്കവിധം ദൈവീസമ്പത്തു സമ്പാദിച്ചുകൊണ്ടിരിക്കുന്ന ഇത്തരം ധീരാത്മാക്കൾക്കേ വസ്തുതകളുടെ യഥാർത്ഥബോധമുണ്ടായിരിക്കൂ. അന്യരുടെ സ്ഥായിയായ ക്ഷേമത്തിന് എന്തെങ്കിലും സംഭാവന ചെയ്യാനും സാധിക്കൂ. മററതൊക്കെ പ്രായേണ പടക്കം പൊട്ടിക്കലുകളുടെ കോലാഹലമായിരിക്കാനേ ഇടയുള്ളു.

ഭയമില്ലായ്മ, മനഃശുദ്ധി, ആത്മജ്ഞാനോപായത്തെ അന്വേഷിച്ചറിഞ്ഞ് ആ നിഷ്ഠയിൽ ചരിക്കുക, സൽപാത്രത്തിൽ ദാനം ചെയ്യുക, ഇന്ദ്രിയനിഗ്രഹപൂർവ്വം യജ്ഞങ്ങൾ ചെയ്യുക, തപോനിഷ്ഠ, അവക്രത, അന്യർക്ക് ഉപദ്രവമുണ്ടാകാതിരിക്കുക, സത്യം, കോപമില്ലായ്മ ഔദാര്യം, ദീനന്മാരായ പ്രാണികളിൽ ദയ, വിഷയങ്ങളിൽ ഇച്ഛയില്ലായ്മ, ക്രൂരഭാവമില്ലായ്മ, അകൃത്യം ചെയ്യുന്നതിൽ ലജ്ജ, ചാപല്യമില്ലായ്മ, പ്രാഗത്ഭ്യം, ക്ഷമ, ധൈര്യം, ശരീരത്തിൻെറയും മനസ്സിൻെറയും ശുദ്ധി, ഗർവ്വില്ലായ്മ, എന്നിവ ദൈവസമ്പത്തുകളെ പ്രാപിപ്പാൻ യോഗ്യതയോടുകൂടി ജനിക്കുന്നവന് ഉണ്ടാകുന്നു. (ഗീത 16-1, 2, 3)

അല്ലയോ, അർജ്ജുന, ഡംഭം, ധനം, വിദ്യ മുതലായതുകൊണ്ടുണ്ടാകുന്ന മദം, അതിയായ അഭിമാനം, കോപം, കഠിനവചനം, അവിവേകം ഇവയെല്ലാം അസുരന്മാരുടെ സമ്പത്തുകളെ, പ്രാപിക്കത്തക്കവനായി, ജനിക്കുന്നവനുണ്ടാകുന്നു. (ഗീത 16-4)

ദൈവിയായ സമ്പത്തുസംസാരനിവൃത്തിക്കും ആസുരീസമ്പത്തു് ബന്ധമുണ്ടാകുന്നതിനും കാരണമാകുന്നു. അസുരസ്വഭാവമുള്ള ജനങ്ങൾ ധർമ്മത്തിൽ പ്രവൃത്തിയും അധർമ്മത്തിൽനിന്നുള്ള നിവൃത്തിയുമറിയുന്നില്ല. അവരിൽ ശുദ്ധിയോ, സദാചാരമോ സത്യപ്രേമമോ കാണുകയില്ല. (ഗീത 6, 7,) ആസുര സ്വഭാവത്തോടുകൂടിയതല്ലെന്നും ഈശ്വരനോടുകൂടിയതല്ലെന്നും സ്ത്രീപുരുഷന്മാരുടെ അന്യോന്യസംയോഗംകൊണ്ടുണ്ടായതെന്നും സ്ത്രീപുരുഷന്മാരുടെ കാമംതന്നെയാണു് അതിനു കാരണമെന്നും മററും പറയും. ഈ വിധനിലകളിൽ കാലം കഴിക്കുന്നവക്കു് ശ്രീകൃഷ്ണൻെറ അവതാരരൂപം അറിയാനാവില്ല.

ധീരനായ അജ്ജുനനെന്നപോലെ നിമിഷനേരത്തേക്കെങ്കിലും ഭഗവാൻെറ അവതാരസ്വരൂപം അനുഭവപ്പെട്ടാൽ മതി, വിളിച്ചു പ്രാർത്ഥിക്കും.

ത്വമാദി ദേവ: പുരുഷഃ പുരാണ—
സ്ത്വമസ്യ വിശ്വസ്യപരം നിധാനം
വേത്താസിവേദ്യം ച പരം ച ധാമ
ത്വയാ തതം വിശ്വമനന്തരൂപ

(ഗീത 11–38)

അല്ലയോ അനന്തരൂപ. അങ്ങു ദേവന്മാക്കു് ആദിയായവനും ആദിപുരുഷനുമാകുന്നു. ഈ പ്രപഞ്ചത്തിൻെറ ശ്രേഷ്ഠമായ ലയസ്ഥാനവും അങ്ങാകുന്നു. അപ്രകാരം തന്നെ ഈ വിശ്വത്തെ അറിയുന്നവനും അറിയപ്പെടേണ്ട വസ്തുവും ഉത്തമമായ വൈഷ്ണവപദവും അങ്ങാകുന്നു. അങ്ങയാൽതന്നെ ഈ പ്രപഞ്ചമാസകലം വ്യാപിക്കപ്പെട്ടിരിക്കുന്നു. അങ്ങു് ഒന്നുമാത്രമാണു്, പരമാശ്രയസ്വരൂപൻ.

★

---

1980 എപ്രിൽ ''ഗുരുകുലദീപം'' മാസികയിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 15 കൃഷ്ണം വന്ദേ ജഗദ് ഗുരും

ജർമ്മൻകവി മിറേറയോടു്, അർക്കമൊൻ ചോദിച്ചു—''ഗുരോ വിശ്വസാഹിത്യം എന്താണു്?''

വിശ്വസാഹിത്യങ്ങളുമായി നല്ലവണ്ണം പരിചയപ്പെട്ട വിശുദ്ധ സാഹിത്യകാരനായിരുന്നു മീറ്റോ. അദ്ദേഹം തൻെറ പ്രിയശിഷ്യനു സമാധാനം നൽകിയതിപ്രകാരമാണു്. ''അർക്കമൊൻ! വിശ്വസാഹിത്യം വിശ്വത്തിൻെറ നിശ്വാസമാണു്. പ്രപഞ്ചത്തിൻെറ പ്രാണനാണതു്. ധനധാന്യാദികരം കൊണ്ടുമാത്രം ലോകം പുലരുകയില്ല, ഉന്നതവും ഉദാരവുമായ ചിന്തകളാലാണു് ലോകം പുരോഗമിക്കുന്നതു്. ഈദൃശ ചിന്തകളുടെ—ജ്ഞാനവിജ്ഞാനങ്ങളുടെ ചിരന്തന പ്രകാശമാണു് വിശ്വസാഹിത്യം''.

ഭഗവാൻ ശ്രീകൃഷ്ണൻ മാനവസമുദായക്ഷേമാർത്ഥം തൻെറ ദിവ്യമുരളിയിൽകൂടി മധുരകൂജനം ചെയ്ത ശാശ്വതഗീതങ്ങളാണു് ഭഗവത്ഗീത. വിശ്വമാസകലം അതൊരു ചിന്താവിപ്ളവംതന്നെ സൃഷ്ടിച്ചു. വിശ്വവശ്യയായ ആ പുല്ലാങ്കുഴലിൻെറ മാഹാത്മ്യം എത്ര പ്രകീർത്തിച്ചാലും മതിയാവില്ല. പ്രാചീനവും, അർവാചീനവുമായ വിവിധ കാലഘട്ടങ്ങളിൽ നമ്മുടെ തത്വവേത്താക്കളും സമുദായ പരിഷ്കർത്താക്കളും രാജ്യതന്ത്രജ്ഞൻമാരും ഗീതയെ കീർത്തനംചെയ്തു് മതിയാവാതെ മടങ്ങിയിട്ടുണ്ടു്. വിശ്വമഹാകവി ടാഗോറിൻെറ ഗീതാഞ്ജലി തന്നെ

യെന്താണു്? ഗീതാഞ്ജലി ഗീതങ്ങൾ കൊണ്ടുള്ള അഞ്ജലിയേക്കാൾ ഗീതക്കുള്ള അഞ്ജലിയാണു്.

"ഗീതക്കു തുല്യമായൊരു ഗ്രന്ഥം സംസ്കൃതത്തിലെന്നല്ല; മറെറാരു സാഹിത്യത്തിലും കണ്ടുകിട്ടുന്നതല്ല" എന്നു് ലോകമാന്യതിലകനും "ഗീത ദേവദേവനായ മഹേശ്വരൻെറ ദിവ്യസംഗീതമാണു്" എന്നു് ഡോ. ജോർജ് അരുൺഡേലും പ്രസ്താവിച്ചിട്ടുള്ളതു് പ്രത്യേകം അനുസ്മരണീയമാണു്.

ഗീതാ കൃഷ്ണനോടു ലോകത്തിനുള്ള കടപ്പാടു് അറിഞ്ഞുവരുന്നതേയുള്ളു. ഭാവിയിലതു, കൂടുതൽ വെളിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും. സമുദായ മൽസരങ്ങളും, വർഗ്ഗസമരങ്ങളും, രാഷ്ട്രപ്പോരുകളും അധികരിച്ചു കൊണ്ടിരിക്കുന്നതിന്നിടയിലും ഏകത്വത്തിനുവേണ്ടി ശബ്ദമുയരുന്നതുതന്നെ ആയതിൻെറ നാന്ദിയാണു്. ജീവാർപ്പണം ചെയ്തും ചിരസ്ഥായിയായ സമാധാനം സംജാതമാക്കാനുള്ള പ്രയാണത്തിൽ ശാശ്വതമാർഗ്ഗദീപമായി പ്രശോഭിക്കുന്നതു് ഗീതമാത്രമാണു്. വ്യക്തിധർമ്മങ്ങൾക്കും, യുഗധർമ്മത്തിനും, കാലധർമ്മത്തിനും ഒരുപോലെ വഴികാട്ടുന്ന ഗീതമാത്രമാണു് എല്ലാവർക്കും ഏകാശ്രയമായിത്തീരുന്നതു്. "ഭഗവത്ഗീത യഥാർത്ഥത്തിൽ ഹിന്ദുക്കളുടെ മതഗ്രന്ഥം മാത്രമല്ല; ഈശ്വരവാദികളുടെയെല്ലാം ധർമ്മഗ്രന്ഥമാണു്" എന്നു് വിപിനചന്ദ്രപാലൻ പറഞ്ഞതു് എത്രയോ പരമാർത്ഥമാണു്. ഭാരതീയ സംസ്കാരത്തിൻെറ മഹത്വമാണതു്. ചുരുക്കത്തിൽ ലോകത്തിലേക്കുള്ള ഭാരതത്തിൻെറ സംഭാവന സർവശ്രേ

ഷ്ഠമായ ഉപനിഷത്തുകളും അവയുടെ സാരസർവ സ്വമായ ഭഗവത്ഗീതയും ആകുന്നു. "ഗീതയുടെ സുന്ദരമായ സന്ദേശം വിശ്വപ്രേമവും നിസ്വാർത്ഥ സേവനവും ആണെന്നു് ലിയോണൽ ഡി. ബേ റട്ടും., "സർവസമന്വയത്തിൻെറ സർവ്വശ്രേഷ്ഠമായ പ്രതി പാദനം ഗീതയാണു് നൽകിയതു്" എന്നു് പ്രഫ. ഫിറോസ്കാവസ്ജിദാവരും പ്രസ്താവിച്ചിട്ടുള്ളതു നോക്കുക.

ഒരു കാലത്തു് ഇറാനിലും അറേബ്യയിലും ചെന്നെത്തിയിട്ടു് വിശ്വപ്രേമത്തിലധിഷ്ഠിതമായ "സൂഫിസത്തെപ്പോലുള്ള മതങ്ങൾക്കു ജൻമംകൊടു ത്തതു് ഭഗവത്ഗീതയുടെ പ്രഭാവമാണു്. ശ്രീകൃ ഷ്ണന് രസഖാനെപ്പോലുള്ള മുസ്ലീം ഭക്തൻമാർ മാത്രമല്ല മംസൂറിനെപ്പോലുള്ള സൂഫിജ്ഞാനികളും ഉണ്ടായിരുന്നു. ശൂലാഗ്രത്തിൽ തറക്കപ്പെട്ടു പിടയു മ്പോഴും മംസൂർ ആനന്ദതുന്ദിലനായി വിളിച്ചുപറ യുകയാണു്. — "ആരെന്തുവേണമെങ്കിലും വിധിച്ചു കൊള്ളട്ടെ. ശൂലാഗ്രത്തിൽ തറക്കപ്പെട്ടിരിക്കുന്ന അ ന്ത്യനിമിഷത്തിലും ഞാനിതാ ഉറക്കെ പറയുന്നു— എൻെറ പാപകർമ്മങ്ങളുടെ ഫലമാണു് ഞാൻ അനു ഭവിക്കുന്നതെന്നു്. വെള്ളത്തുള്ളികൾ ആനന്ദമനു ഭവിക്കുന്നതു് അവ സമുദ്രത്തോടു് ഒഴുകിച്ചേരു മ്പോഴാണു്. ദുഃഖവും സീമകൾക്കപ്പുറം സുഖമായി പരിണമിക്കുന്നു." ഈ ചിന്താഗതി തനി ഭാരതീയ മല്ലാതെന്താണു്? ഡാ. മുഹമ്മദ്ഹഫീസ്സെയ്യദ് പറയുന്നു–"ഭഗവത്ഗീതയോടു് ഭാരതീയർക്കും ഹി ന്ദുക്കൾക്കുമുള്ളത്ര ബന്ധം വിദേശിയർക്കും അഹി ന്ദുക്കൾക്കുമുണ്ടു്".

സുഖദുഃഖസമ്മിശ്രമായ ജീവിതവീക്ഷണം, ദുഃഖ സീമകളെ അതിലംഘിച്ചുകൊണ്ടുള്ള ആനന്ദാനുഭൂതി ലോകത്തിനാദ്യം കാട്ടിക്കൊടുത്തതു് ഗീതയല്ലാതെ മറേറതു ഗ്രന്ഥമാണു്? സ്വർഗ്ഗസുഖം പോലും താൽക്കാലികമാണെന്നും ജ്ഞാനി അതിനെ കാര്യമാക്കുന്നില്ലെന്നുള്ള പരമാർത്ഥ ജ്ഞാനോപദേശം നൽകിയതു് ശ്രീകൃഷ്ണനല്ലാതെ മററാരാണു്? ഭാരതീയ സംസ്കാരത്തിൻെറ പ്രത്യേകതയായ കർമ്മമാർഗ്ഗവും പുനർജ്ജൻമസിദ്ധാന്തവും ലോകമാദ്യം പഠിച്ചതു് ഗീതയിൽകൂടിയാണു്.

സംസ്കൃത സാഹിത്യങ്ങൾ പടിഞ്ഞാറൻ രാജ്യങ്ങളിലേക്കു കൊണ്ടുപോയവർ ആരായാലും എന്തുദ്ദേശത്തോടുകൂടിയായാലും അവർ ധീരകൃത്യമാണു് ചെയ്തതു്. എത്രതന്നെ അപരാധങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും ഗീത പഠിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത ശ്രേയസ് വാറൺഹേസ്റ്റിംഗിനുണ്ടു്. അദ്ദേഹം 1748—ൽ ഭഗവത്ഗീത ഇംഗ്ലീഷിലേക്കു് തർജ്ജമചെയ്തു പ്രസിദ്ധപ്പെടുത്തണമെന്നു് ഈസ്റ്റ്ഇൻഡ്യാ കമ്പനിക്കെഴുതി. പ്രസ്തുത ഗ്രന്ഥത്തിൻെറ മുഖവുരയിൽ ആ പ്രഥമ ഇൻഡ്യൻ ഗവർണ്ണർ ജനറാൾ എഴുതിയിരിക്കുന്നതു് നോക്കുക— "ബ്രിട്ടീഷ് മേധാവിത്വം ഇൻഡ്യയിൽനിന്നു വിട്ടുപോകുകയും നഷ്ടപ്പെടുകയും നമ്മുടെ ചെയ്തികളെ ലോകം മറക്കുകയും ചെയ്താലും നമുക്കു് ധനവും പ്രഭുത്വവും നേടിത്തന്ന ആ ദേശത്തിൻെറ (ഭാരതത്തിൻെറ) ധർമ്മശാസ്ത്ര ദ്രഷ്ടാക്കൾ ജനഹൃദയങ്ങളിൽ എന്നെന്നും ജീവിച്ചിരിക്കും". ഗീതയുടെ വിശ്വവശ്യതയും വിശ്വസാഹിത്യത്തിൽ ഉള്ള

പരമോച്ച സ്ഥാനവും എത്ര ഹൃദയസ്പൃക്കയി ട്ടാണു് അദ്ദേഹം ദീർഘദർശനം ചെയ്തിരിക്കുന്ന തെന്നു് നോക്കുക!

ഗീത പഠിച്ചതിനുശേഷം അമേരിക്കൻ തത്വ ശാസ്ത്രജ്ഞനായ ഥോറോ പറഞ്ഞുപോയി: വെളി ച്ചം എപ്പോഴും ഏഷ്യയിൽ നിന്നുമാണു് വരുന്ന തെന്നു്. അദ്ദേഹം തന്റെ മുഖ്യഗ്രന്ഥങ്ങളിൽ കൂടി ഗീതയെ നിർല്ലോഭം സ്തുതിച്ചിരിക്കുന്നതു് കാണാം. അവസാനം "ഭഗവത്ഗീതയേക്കാൾ ശ്രേ ഷ്ഠതരമായി ലോകത്തു് ഒന്നുംതന്നെയില്ലെന്നു" കൂടി ഥോറൊ പ്രഖ്യാപിച്ചു. എമേഴ്സനും, ഥോറോ യും ഗീതയുടെ ഫ്റഞ്ചു്പരിഭാഷയാണു് ആദ്യ മായി പഠിച്ചതു്. പ്രസിദ്ധ പണ്ഡിതനായ ബ്യൂർണഫ് 1940—ൽ തർജ്ജമചെയ്തതായിരുന്നു അതു്. അതിനുശേഷം ചാറൽസ്വില്ലി എഴുതിയ ഗീതയുടെ ഇംഗ്ലീഷ്പരിഭാഷ അമേരിക്കയിലും ലണ്ടനിലും ഒരേസമയം അച്ചടിച്ചു പ്രസിദ്ധപ്പെടു ത്തുകയുണ്ടായി. എമേഴ്സനെ ഹഠാദാകർഷിച്ച ഗീതാതത്വങ്ങൾ സ്വകൃതികളിലും പ്രതിഫലിപ്പിച്ചു കൊണ്ടിരുന്നു. "ഭഗവത്ഗീതയെ സ്വന്തമാക്കിയി ല്ലെങ്കിൽ ആംഗലേയ സാഹിത്യം തീർച്ചയായും അപൂർണ്ണമായിരിക്കുമായിരുന്നു" എന്നു് സർ എഡ്വിൻ ആർണോൾഡ് പ്രസ്താവിച്ചിരിക്കുന്നതു് എത്രയോപരമാർത്ഥം!

അമേരിക്കയിൽ "കൃസ്ത്യൻ സയൻസ്" എന്ന നാമധേയത്തിൽ പ്രചരിക്കപ്പെടുന്നതു ഗീതാധർമ്മ മല്ലാതെ മറ്റൊന്നുമല്ല. കൃസ്ത്യൻ സയൻസിന്റെ

പ്രണേതാവായ എഡ്വിൻബേക്കർ വേദാന്ത പ്രചോദിതയായ ഒരു മഹതിയാണു്. അവർ ക്രമപ്രകാരം പ്രാണായാമംപോലും അനുഷ്ഠിച്ചിരുന്നുവത്രെ. ''ശ്രീകൃഷ്ണൻെറ ഗീത വിശ്വജ്യോതിയാണെ''ന്നു് വാംട്ടു്വിറ്റ്മാൻ രേഖപ്പെടുത്തിയിട്ടുണ്ടു്. ''ഇതേവരെയുണ്ടായിട്ടുള്ള തത്വശാസ്ത്രങ്ങളിൽ പ്രഥമഗണനീയമാണു് ഗീത, അതിൻെറ ആവശ്യം ഇൻഡ്യക്കു മാത്രമല്ല, മാനവസമുദായത്തിനാകമാനം ഉണ്ടു്''. എന്നു് ആംഡസ്ഹക്സലി അനുസ്മരിപ്പിക്കുന്നു. ''ഭാവിയിൽ ഏകലോകമതത്തിൻെറ മതഗ്രന്ഥം ഭഗവത്ഗീത ആയിരിക്കു''മെന്നു് എഫ്. റ്റി. ബ്രൂക്കംസ് പ്രവചിച്ചിരിക്കുന്നതും പ്രത്യേകം ശ്രദ്ധേയമാണു്.

വിശ്വസാഹിത്യത്തിൻെറ ഉന്നതവും ശാശ്വതവുമായ പ്രാമാണികഗ്രന്ഥമാണു് ഗീതയെന്നസത്യം ലോകത്തിലെ രണ്ടായിരത്തിൽപരം ഭാഷകളിൽകൂടിയുള്ള അതിൻെറ പ്രചുരപ്രചാരം വ്യക്തമാക്കുന്നുണ്ടു്. ജർമ്മൻഭാഷയിൽമാത്രം ഗീതക്കു് 23ൽപരം പരിഭാഷകാം ഉണ്ടായിട്ടിണ്ടു്. ''ജർമ്മനിക്കാരായ ഞങ്ങളിൽ ഭഗവത്ഗീത വമ്പിച്ച പ്രഭാവമുളവാക്കിയിരിക്കുന്നു''. എന്നാണു് ഡാ. എൽ. ജെ. ല്യൂഡസ് പ്രസ്താവിച്ചിരിക്കുന്നതു്. ഇറ്റാലിയൻ ഭാഷകളിലാകട്ടെ ഗീതായെന്ന പേരുകണ്ടുകൊണ്ടു അഷ്ടാവക്രഗീത മുതലായ ഇതരസംസ്കൃത ഗ്രന്ഥങ്ങാംകൂടി തർജ്ജമചെയ്തു് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. രണ്ടാം ലോക മഹായുദ്ധാനന്തരം ലോകത്തു് പൊതുവേയും പോളണ്ടു്, ബാംഗേറിയ, റഷ്യ തുടങ്ങിയ

നാടുകളിൽ പ്രത്യേകിച്ചും ഗീതക്ക് സീമാതീതമായ പ്രചാരം ഉണ്ടായിട്ടുണ്ടു്. പോളണ്ടിൽ ഗീതക്കു് 9 തർജ്ജമകഠം പ്രചാരത്തിലിരിക്കുന്നു. ഇംഗ്ലീഷിൽ 50ൽപരം പരിഭാഷകഠം കാണാൻ കഴിഞ്ഞിട്ടുണ്ടു്. അവയിൽ പലതും പലപതിപ്പുകളിലായി കോടിക്കണക്കിനു് കാപ്പികഠം ചെലവഴിഞ്ഞിട്ടുള്ളവയാണു്. കൂടാതെ പല ചിന്തകൻമാരും എഴുതിയിട്ടുള്ള ഗീതാപ്രബന്ധങ്ങഠം നിരവധിയാണ്.

ഭാരതീയത്വമായതെന്തും പാടെ വിസ്മരിച്ചുകൊണ്ട് വിദേശീയ പരിഷ്ക്കാരത്തിൽ ഭ്രമിച്ചുപോയ നമ്മുടെ പല പ്രമുഖ വ്യക്തികളിൽ പലരും പാശ്ചാത്യരെ കണ്ടുകൊണ്ടാണ് ഭഗവത്ഗീത പഠിക്കുവാൻ തുടങ്ങിയതെന്നു് അവർതന്നെ തുറന്നു സമ്മതിച്ചിട്ടുണ്ടു്. സർദാർ കെ. എം. പണിക്കർ പോലും അക്കാര്യം എടുത്തു പറഞ്ഞിട്ടുണ്ടു്. ഇൻഡ്യയിൽവച്ചു് തനിക്കു് ഗീതാ ക്ളാസുകഠം കാണാൻപോലും കഴിഞ്ഞില്ലെന്നും എന്നാൽ വിയന്നായിൽ ഞായറാഴ്ചതോറും പതിവായി സംസ്കൃതത്തിൽതന്നെ ഗീതാശ്ളോകങ്ങഠംചൊല്ലി ജർമ്മൻ ഭാഷയിൽ വ്യാഖ്യാനിച്ചുകൊണ്ടുള്ള പ്രസംഗങ്ങഠം കേഠംക്കാൻ ഇടയുണ്ടായപ്പോഴാണ് ഗീത പഠിക്കാതിരുന്നതിൽ നിരാശയുണ്ടായതെന്നും ഒരിൻഡ്യൻ രാജ്യതന്ത്രജ്ഞൻ ക്ഷമാപണപൂർവം രേഖപ്പെടുത്തിയിരിക്കുന്നു.

രണ്ടു വർഷങ്ങഠംക്കുമുൻപു് പാരീസ് സന്ദർശിച്ച ഒരു ഭാരതീയസംഘം തങ്ങളെ ഇരുത്തിചിന്തിപ്പിച്ച കാഴ്ചകളാണ് കണ്ടതെന്നു് രേഖപ്പെടുത്തി

യിരിക്കുന്നു. ഭഗവത്ഗീതയിൽ ഭക്തിപരവശരായി ജീവാർപ്പണം ചെയ്തിരിക്കുന്ന ഒരു യൂറോപ്യൻ കുടുംബത്തെ അവരവിടെ കണ്ടു. വിവിധഭാഷകളിലുള്ള ഭഗവത്ഗീതാ ഗ്രന്ഥങ്ങൾ സംഭരിച്ച് അഴകാർന്ന കണ്ണാടി അലമാരകളിൽ കമനീയമായലങ്കരിച്ച് നിരത്തി വെച്ച് പ്രദർശിപ്പിക്കുന്നതിൽ അവർ വ്യാപൃതരായിരിക്കുന്നു. അന്വേഷണബുദ്ധിയോടുകൂടി ഭഗവത്ഗീത പഠിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി ജീവിതംതന്നെ അർപ്പണം ചെയ്തിരിക്കുന്ന ആ യൂറോപ്യൻ ദമ്പതികളെ കണ്ടിട്ടു് നമ്മുടെ ഭാരതീയ സന്ദർശകർ വിസ്മയിച്ചുപോയി. പ്രസ്തുത പാശ്ചാത്യ കുടുംബസന്ദർശനാനന്തരമാണ് തങ്ങൾ ഗീതാ മാഹാത്മ്യം ശരിക്കു് ഗ്രഹിച്ചതെന്ന് അവർ തിരിച്ചുവന്നേററു പറയുകയുണ്ടായി.

ഗീതാജയന്തി ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ നമ്മുടെ ദുർബലതകളോർത്തു് പശ്ചാത്തപിക്കുകയും നമ്മുടെ പൂർവികൻമാർ നൽകിയ വിശോത്തര ജീവിതസന്ദേശം ചെവിക്കൊള്ളുകയും ചെയ്യുക. ഭഗവത്ഗീതയെപ്പോലുള്ള വിശ്വജനീനമായ ധർമ്മശാസ്ത്രങ്ങളും ദർശന ശാസ്ത്രങ്ങളും മാത്രമല്ല കർമ്മധീരരായ ജ്ഞാനികളും ഋഷിമാരുമടങ്ങിയ സമുന്നത പൂർവിക പാരമ്പര്യം ഉണ്ടായിരുന്നിട്ടും നാം ഭീരുക്കളും പരാശ്രയചിത്തരുമായി പോകുന്നതിൻെറ കാരണങ്ങൾ സ്വമാർഗത്തിൽകൂടി ആരായുക. ശാന്തിക്കും സമാധാനത്തിനുംവേണ്ടി ലോകം ഭാരതത്തിലേക്കു ഉററുനോക്കുന്ന ഈ സന്ദർഭത്തിൽ ഭഗവത്ഗീതയുടെ അമരത്വസന്ദേശം സ്വീകരിച്ചുകൊണ്ടു് കർമ്മനിരതരാവാൻ മനസ്സിരുത്തുക.

---

1954 ഡിസംബർ 7 ''മലയാളി'' വാരാന്തപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 16 രാധാകൃഷ്ണനും രാസലീലയും

ഈ വ്യവഹാരിക പ്രപഞ്ചത്തിൽ സുഖസ്വരൂപമെന്നു തോന്നിക്കുന്ന അസംഖ്യം സാധനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് യുവതീയുവാക്കന്മാരുടെ പരസ്പരാകർഷണവും 'കാമ' മെന്ന ആഗ്രഹവും. തലേന്നാറുവരെ അന്യരും അപരിചിതരുമായിരുന്നവർ വിവാഹിതരാവുന്നതോടെ ഉററ ബന്ധുക്കളാവുന്നു. അന്നുവരെ അവരുടെ എല്ലാമായിരുന്ന മാതാപിതാക്കളും സഹോദരങ്ങളും മററും ബന്ധത്തിൽ രണ്ടാം തരമായി മാറുന്നു. നവദമ്പതികൾ ആദ്യം കിട്ടുന്ന സന്ദർഭത്തിൽ തന്നെ തനിച്ചിരുന്നു സല്ലപിക്കുവാനാഗ്രഹിക്കുന്നു. അപ്പോൾ മൂന്നാമതൊരാൾ കടന്നുചെല്ലുന്നതു സ്വർഗ്ഗത്തിലെ കട്ടുറുമ്പിനെപ്പോലെ തോന്നും. ഇതൊക്കെ ഏതാനും ദിവസങ്ങൾക്കുമുണ്ടാവുന്ന മനഃപ്പരിവർത്തനങ്ങൾ മാത്രം. ജീവേശ്വര ചേർച്ചയെന്ന പ്രേമാനന്ദസാഗരത്തിലെ ക്ഷണികവും നശ്വരവുമായ ഒരു ചെറുതുള്ളിയുടെ പ്രഭാവമാണിതു്.

[ഇതിലെ ധർമ്മാധർമ്മ വശങ്ങളെ സംബന്ധിക്കുന്ന വിഷയം വേറെയാണ്. വർഗ്ഗസംവർദ്ധനക്കുവേണ്ടി ജീവജാലങ്ങളെല്ലാം ഇണചേരുന്നതിന്റെ പ്രേമം പ്രകൃത്യാ കാട്ടുന്നുണ്ടു്. സ്ഥലകാല വ്യത്യാസമെന്യേ സ്വാതന്ത്ര്യവും വിവേകവും സിദ്ധിച്ചിട്ടുള്ള മനുഷ്യനു വിവേകവും ധർമ്മവും ധരിക്കുവാൻ കഴിഞ്ഞില്ലെൽ കാമവശഗരായി നാല്ക്കാലികളെക്കാൾ ഗതികെട്ടവരാവും. മനു

ഷ്യേതര പ്രാണികൾക്കു പ്രകൃത്യാ ഋതുഭേദമനുസരിച്ച് പ്രേരണ ഉണ്ടാവുന്നതിന്റെ രഹസ്യം, മനുഷ്യൻ ഈശ്വരദത്തമായ വിവേകം ഉപയോഗപ്പെടുത്തണമെന്നതാണ്. പക്ഷേ, പരിഷ്കൃതരെന്നു അഭിമാനിക്കുന്ന അത്യന്താധുനിക മനുഷ്യർ അവരവരുടെ കാമക്കഥകളെഴുതി പ്രേമത്തിന്റെ പേരിൽ കാമവും സംസ്കാരത്തിന്റെ പേരിൽ മൃഗചാപല്യവും വർദ്ധിപ്പിക്കുവാൻ മത്സരിക്കുന്നു. ഇവയിൽ ഒട്ടുമുക്കാലും 'കരഞ്ഞു കരഞ്ഞു കാമം കളയുന്ന'' കഴുതകളുടെ നിലവാരത്തിലേയ്ക്കു മനുഷ്യത്വത്തെ ചാടിക്കുകയും ചെയ്യുന്നു!]

ആദ്യം പറഞ്ഞ ബന്ധം പോലും ആദ്ധ്യാത്മികമായി നോക്കുമ്പോൾ പ്രാകൃതമായിത്തോന്നും. നേരത്തെ എങ്ങോ ഒളിഞ്ഞിരുന്ന ജീവേശ്വര പ്രേമബന്ധം വികസിക്കുമ്പോഴും ഭാവചേഷ്ടകൾ കാണാം. ദേഹാബുദ്ധികൾക്കു അതു വേണ്ടവിധം മനസ്സിലാക്കുവാൻ പ്രയാസമുണ്ട്. ശരീരമെടുത്ത ജീവനെ ബാഹ്യരൂപത്തിൽ എല്ലാവർക്കും കാണാം. സൂക്ഷ്മരൂപത്തിലെ ഈശ്വരനെ കാണാൻ കഴിഞ്ഞില്ലെങ്കിലും അറിയാൻ സാധിക്കും ബുദ്ധി തെളിഞ്ഞവർക്ക്. എന്നാൽ അ പൂ ർ വ്വ മാ യി ജീവനും ഈശ്വരനും മനുഷ്യരൂപേണ പ്രേമഭാവത്തിൽ ഐക്യപ്പെട്ടു നല്കുന്ന ദർശനത്തെയാണ് ശിവ–ശക്തി തത്വമായറിയപ്പെടുന്നതു്. അതുതന്നെയാണ് രാധാ–കൃഷ്ണ തത്വവും.

ഹിന്ദുധർമ്മപ്രകാരം എല്ലാ ഈശ്വരമൂർത്തികളും പത്നീസമേതരാണു; ശക്തിസമേതരാണ്. ലക്ഷ്മീ–നാരായണൻ, ഉമാ–മഹേശ്വരൻ, സീതാ–രാമൻ, രാധാ–കൃഷ്ണൻ എന്നിങ്ങനെ. തത്വശാസ്ത്രപ്രകാരം പ്രകൃതിയും പുരു

ഷനം, മായയും ബ്രഹ്മവും എല്ലാം ഈ ശിവ—ശക്തി തത്വത്തിൻെറ ഉപാധി ഭേദമനുസരിച്ചുള്ള സംജ്ഞക ളാണ്.

ബ്രഹ്മവൈവർത്തപുരാണം—ശ്രീകൃഷ്ണജന്മ ഖണ്ഡത്തിൽ 124—ാം അദ്ധ്യായത്തിൽ ശ്രീകൃഷ്ണൻ ശ്രീരാധ യോടു പറയുന്നു:– ഹേ ദേവി, മിഥിലയിൽ നീ ശ്രീ സീതാ സ്വരൂപിണിയായിരുന്നു. അന്നു ശ്രീരാമസ്വരൂ പനായ എൻെറ പതിയായിരുന്നിട്ടുകൂടി രാവണൻ നിന്നെ അപഹരിച്ചുകൊണ്ടുപോകാനിടയായി. സതി യായ ദ്രൗപദിയും നിൻെറ ഛായയാകുന്നു——

തം സീതാ മിഥിലായാഞ്ച ത്വച്ഛായാ ദ്രൗപദീ സതീ
രാവണേനഹൃതാ ത്വഞ്ച രാമസ്യ കാമിനീ.

ബ്രഹ്മവൈവർത്താദി പുരാണങ്ങളിൽ ശ്രീരാധാദേവി യുടെ ചരിതം വർണ്ണിച്ചിട്ടുണ്ട്. വ്രജഭൂമിയിൽ വൃന്ദാവ നത്തിനടുത്തുള്ള 'ബർസാനാ' എന്ന സ്ഥലത്തു ശ്രീവൃഷ ഭാനുവിൻെറയും ശ്രീ കീർത്തിതാദേവിയുടേയും പുത്രി തായി ശ്രീരാധാദേവി പ്രകടയായി. ഗോപകന്യകമാ രിൽ നട്ടുനായികയായ ശ്രീരാധാദേവി മഹാഭാഗവത ത്തിൽ അനാമികയായി, സൂക്ഷ്മരൂപിണിയായി, മഹാ ഭാവമായി, ചേഷ്ടിക്കുന്ന ശക്തിസ്വരൂപിണിയായി ദർ ശനമരുളുന്നു.

രാധ കൃഷ്ണനിലും, കൃഷ്ണൻ രാധയിലും പരസ്പരം അനു രക്തരാണ്. ശ്രീകൃഷ്ണൻെറാഹ്ലാദിനീ ശക്തിയാണ് രാധ; പരാശക്തിസ്വരൂപിണിയാണ്. രാധയും കൃഷ്ണനും ആദ്യ ന്തരഹിതമായി നിത്യവും ഒന്നുതന്നെയാണെങ്കിലും പ്രേമാനന്ദമയമായ ദിവ്യലീലയുടെ രസാസ്വാദനത്തിനു

വേണ്ടി അനാദികാലം മുതല്ക്കുതന്നെ നിത്യവും രണ്ടു രൂപ ങ്ങളിൽ ശോഭിക്കുന്നു. "ശ്രീരാധാമാധവരസാമൃത" ത്തിൽ പറയുന്നു:—

രാധ മഹാഭാവത്തിൻെറ മൂർത്തിയാണ്. അനുസ്യൂതം വികസിക്കുന്ന പ്രേമത്തിൻെറ എട്ടു ദശകളുണ്ട്. പ്രേമം, സ്നേഹം, മാനം, പ്രണയം, രാഗം, അനുരാഗം, ഭാവം, മഹാഭാവം എന്നിവ. ഇതിൽ മഹാഭാവത്തിൻെറ അവ താരമാണ് രാധ. ശ്രീകൃഷ്ണൻ രസരാജനാണ്. ഹ്ലാദിനീ ശക്തിയായ ശ്രീരാധാദേവിയേയും സച്ചിദാനന്ദ വിഗ്ര ഹനും, സർവ്വകാരണ കാരണനുമായ ശ്രീമുരളീധരനേയും ഭജിക്കുവാൻ, ശ്രീവൃന്ദാവനംപോലെ മറെറാരു പുണ്യധാ മമില്ല. ഭക്തൻെറ ഹൃദയം വൃന്ദാവനം ആകുന്നു; ആ ഹൃദ യത്തിൽ വൃന്ദാവനവിഹാരി രാസലീല നടത്തുന്നു.

> ഭ്രാത: തിഷ്ഠ തലേ തലേ വിടപിനാം ഗ്രാമേഷു ഭിക്ഷാ മട—
> സ്വച്ഛന്ദം പിബയാമുനം ജലമലം ചീരാണി കന്ഥാം കുരു!
> സമ്മാനം കലയാതി ഘോരഗരളം നീചാപ—മാനം സുധാം
> ശ്രീരാധാ മുരളീധരൗ ഭജസഖേ വൃന്ദാവനം—മാത്യജ!!

പരാൽപര വസ്തുവായ ഒരേ നാണയത്തിൻെറ രണ്ടു വശങ്ങളാണ് 'രസ'വും 'ഭാവ'വും. ഭാവമില്ലെങ്കിൽ രസം അനുഭവപ്പെടുകയില്ല. ഭാവമുള്ളേടത്തു രസവുമുണ്ട്. രാസലീലയിലെ രസം—ഭഗവാനും ഭഗവതിയും തമ്മി ലുള്ള ലീലാരസം—നമുക്കു ആസ്വാദ്യമാകണമെങ്കിൽ നാം ഗോപീഭാവത്തിലേയ്ക്കു ഉയരണം. ശ്രീരാധാദേവി ഗോപീവൃന്ദത്തിലെ നട്ടനായകിയാണ്. സർവ്വാന്തര്യാ മിയായ ശ്രീകൃഷ്ണൻ നട്ടനായകനും. വൃന്ദാവനേശ്വരനാണ് ശ്രീകൃഷ്ണനെങ്കിൽ വൃന്ദാവനേശ്വരിയാണ് ശ്രീരാധാ.

വൃന്ദാവനേശ്വരീ രാധാ കൃഷ്ണോ വൃന്ദാവനേശ്വര;
ജീവനേ നിധനേ നിത്യം രാധാകൃഷ്ണൗ ഗതിർമ്മമ.

വൃന്ദാവനലീലയാകുന്ന നവരംഗമഞ്ചത്തിലെ പ്രധാന നടി ശ്രീരാധാ ഭഗവതിയും, സൂത്രധാരൻ ശ്രീകൃഷ്ണഭഗവാനും ആകുന്നു. ഇരുവരും സമപ്രായക്കാർ. ശ്രീകൃഷ്ണനു് പത്തു വയസ്സ്, ശ്രീരാധയ്ക്കും—പത്തു വയസ്സ്. മററു ഗോപികളിൽ പല പ്രായക്കാരുമുണ്ടായിരുന്നു, എല്ലാവർക്കും ശ്രീകൃഷ്ണൻ നാഥനും, പ്രഭുവും, ഭർത്താവും, സർവ്വേശ്വരനും ആകുന്നു.

ബ്രഹ്മാനന്ദത്തിന്റെ ഒരംശം ജഡരൂപത്തിൽ ശൃംഗാരത്തിൽ ലഭിക്കുന്നു. ചൈതന്യത്തെ വിട്ടു്, അപരിച്ഛിന്നതയെ വിട്ടു് പരിച്ഛിന്നതയെ സ്നേഹിക്കുകൊണ്ടു് ജീവൻ അധഃപതിക്കുന്നു. കുറച്ചെങ്കിലും ജഡതയെ സ്വീകരിക്കാതെ സംസാരസുഖം ലഭിക്കുകയുമില്ല. ചൈതന്യത്വത്തെ സ്വീകരിക്കാതെ ചൈതന്യത്തിന്റെ രസവും ലഭിക്കുകയില്ല.

രസത്തിനു് ആനന്ദമെന്നർത്ഥം. വേദശാസ്ത്രപ്രകാരം സച്ചിദാനന്ദമൂർത്തിയും പുരുഷോത്തമനുമായ ഭഗവാൻതന്നെയാണു് കൃഷ്ണരൂപത്തിൽവന്ന സീമാതീതനായ ആനന്ദമൂർത്തി. ലീലാനന്ദവും ശാന്താനന്ദവും ആനന്ദാനുഭവത്തിന്റെ രണ്ടു സ്വരൂപങ്ങളാണു്. വിവിധരൂപത്തിലുള്ള വിവിധ ലീലകളിൽനിന്നും ലഭ്യമാകുന്ന ആനന്ദത്തെ ലീലാനന്ദമെന്നു പറയുന്നു. അപ്രാകൃതവും സച്ചിദാനന്ദസ്വരൂപവുമായ ശൃംഗാരം ശ്രീകൃഷ്ണരൂപത്തിൽ ശോഭിതമായതിനാൽ ശ്രീകൃഷ്ണനെ രസരാജനെന്നും പ്രകീർത്തിക്കുന്നു. നവരസമൂർത്തിയാണു് ശ്രീകൃഷ്ണഭഗവാൻ—

രാസലീലയിൽ—ശൃംഗാരം
പൂതനാമോക്ഷത്തിൽ—ബീഭത്സം
കംസചാണൂരമർദ്ദനത്തിൽ—വീരത്വം
കംസവധത്തിൽ—രൗദ്രം
വെണ്ണക്കള്ളനിൽ—ഹാസ്യം
കാളിയമർദ്ദനത്തിൽ—ഭയാനകം
വിശ്വരൂപ ദർശനത്തിൽ—അത്ഭുതം
കുചേലോപാഖ്യാനത്തിൽ—കരുണ
അന്ത്യകാലത്തു—ശാന്തം.

ഈശ്വരന്റെ അംശമാണ് താനെന്നു ബോദ്ധ്യപ്പെട്ടാൽ പിന്നെ ജീവനു് ഇരിക്കപ്പൊറുതിയില്ല. ആനന്ദത്തിൽ ഉദിച്ച ദിവ്യമായൊരു വിരഹവേദനയാണ് ഭഗവാനോടുചേരാൻ. വാസ്തവത്തിൽ സച്ചിദാനന്ദമൂർത്തിയായ പരമാത്മാവിന്റെ അംശമായ ജീവാത്മാവ് തന്റെ പരമകാരണ സ്വരൂപനായ ഭഗവാനെ മറന്നിട്ട് അസത്തും, ജഡവും, ദുഃഖകരവുമായ പരിഛിന്നപ്രകൃതികളിൽ വ്യാമോഹിതനായി വലയുകയാണ്. അങ്ങനെ പല ജീവിതവും ദുഃഖാന്തമായി പരിണമിക്കുന്നു.

ഓരോ ജീവാത്മാവും പ്രാപഞ്ചിക ജീവിതത്തിൽ എത്രതന്നെ കൃത്രിമ സുഖങ്ങൾ കെട്ടിപ്പടുത്താലും അസംതൃപ്തരായി വീണ്ടുംവീണ്ടും ആനന്ദാന്വേഷണത്തിലാണ്. അജ്ഞാനവശാൽ പല ഏറ്റുമുട്ടലുകളും ഉണ്ടാവുന്നു. സൽക്കർമ്മങ്ങളുടെയും സത്സംഗത്തിന്റെയും പുണ്യം കൊണ്ടു് പിന്നീട് ഇഷ്ടദേവതയെ അഥവാ സദ്ഗുരുവിനെ അറിയുകയോ കണ്ടെത്തുകയോ ചെയ്യും. അതോടെ മൂലവസ്തുവിനെ അറിഞ്ഞു് പ്രാപിക്കുവാൻ വ്യഗ്രപ്പെടുകയായി. ഇവിടെവെച്ചാണ് യഥാർത്ഥ പ്രേമം അങ്കുരിച്ചുതുടങ്ങുന്നതു്. സദ്ഗുരൂപദേശം വരെയെന്നല്ല, അതിനപ്പുറം മുനിമാരുടെ സ്ഥാനം വരെ മുജ്ജന്മത്തിൽ എത്തിയിരുന്നവരുടെ പുനർജ്ജന്മമാണ് ഗോപിമാർ. ശ്രീകൃഷ്ണ സാന്നിദ്ധ്യത്തിൽ മതിമറന്നതിന്റെ മൂലകാരണമതാണ്.

വൃന്ദാവനത്തിലെ പരമപ്രേമലീല വ്യക്തിഗതമെന്നതിനെക്കാൾ സമഷ്ടിരൂപത്തിലാണെന്നറിയണം. അപൂർവവും അനുപമവുമായ ഈ ദിവ്യലീല മാനസികതലത്തിൽ നിന്നുമുയർന്നതും സർവ്വസാധാരണർക്കായി ജീവേശ്വരന്മാർ അഭിനയിക്കുന്നതുമായ ദിവ്യനാടകം. ഇതിന്റെ സൂത്രധാരനായ ശ്രീകൃഷ്ണകലേശ്ശ് ബാലികാ—ബാലന്മാർ, സ്ത്രീപുരുഷന്മാർ, വയോവൃദ്ധർ, പക്ഷിമൃഗാദികൾ, കുന്നുകൾ, വനങ്ങൾ, കൂപതടാകാദികൾ, വൈവിധ്യമാർന്ന ലതാകുഞ്ജങ്ങൾ എല്ലാം ആകർഷിക്കപ്പെട്ടു. എന്തെന്നാൽ സർവ്വാത്മാവായ ശ്രീകൃഷ്ണൻ പൂർണ്ണാകർഷണവസ്തുവാണ്.

> അസ്പന്ദനം ഗതിമതാം പുളകസ്തരൂണാം
> നിര്യോഗപാശകൃത ലക്ഷണയോർവ്വിചിത്രം.

ഭഗവൽപ്രേമത്തിന്റെ പാരമാർത്ഥികപൂർണ്ണഭാവത്തിൽ, ശുദ്ധവും മുക്തവുമായ ഭാവത്തിൽ ഗോപികളിൽ വിലസിയിരുന്നു:-

> "പതാ: ശ്രുതിഗണാ:ഖ്യാതാ ഏതാശ്ചമുനയസ്തഥാ"

എന്നു പത്മപുരാണത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ഈ ഗോപികൾ മുജ്ജന്മത്തിൽ ജീവന്മുക്താവസ്ഥയിലെത്തിയവരായിരുന്നു. ഭഗവാന്റെ വൃന്ദാവനലീലയിൽ, അഥവാ ആ ദിവ്യ നാടകത്തിൽ, വിശ്വപ്രേമനാടകനടികളായി ഭവിച്ചു. മുനിമാരും, ശ്രുതികളും ഗോപസ്ത്രീവേഷത്തിൽ വന്നുവെന്നു വിശ്വസിച്ചില്ലെങ്കിൽതന്നെയും പ്രേമം പരമപ്രേമസ്വരൂപനായ പരമാത്മാവിൽ മാത്രമാണെന്നു അനുഭവപ്പെട്ടെത്തിയ മഹാഭാഗ്യവതികളാണവർ.

ശ്രീമൽ ഭാഗവതം ദശമസ്കന്ധത്തിൽ 29 മുതൽ 33 വരെയുള്ള അദ്ധ്യായങ്ങളിൽ ഭഗവാന്റെ രാസലീല വർ

ണ്ണിച്ചിരിക്കുന്നു. 'രാസപഞ്ചാദ്ധ്യായി' എന്നറിയപ്പെടുന്ന ഈ രാസലീല നിവൃത്തിപരമാണ്; പ്രവൃത്തി പരമല്ല. ബഹുസഹസ്രം സുന്ദരിമാരുടെ മദ്ധ്യത്തിലും ആത്മാരാമനായി പത്മപത്രത്തിലെ വെള്ളത്തുള്ളി പോലെ വിളയാടുന്ന പത്തു വയസ്സു ബാലൻ 'സാക്ഷാന്മന്മഥമന്മഥനം' യോഗമായാമുപാശ്രിതനുമാകുന്നു. അതായത് യോഗമായയെ അവലംബിച്ച് കാമനെപ്പോലും മോഹിപ്പിക്കുന്നവനായി ജീവേശ്വരൈക്യലീല നടത്തി. കരുണാതിശയവും കാമവിജയവുമാണ് രാസലീലയിൽ ഉടനീളം കാണുന്നതു്.

ശ്രീശുകബ്രഹ്മർഷി പറയുന്നു:— (പ്രാകൃതകളെപ്പോലെ പ്രേമതാപത്തിലാണ്ട) ഗോപിമാരുടെ ദുഃഖസൂചകമായ പ്രലാപം കേട്ട യോഗേശ്വരന്മാർക്കെല്ലാം ഈശ്വരനായ ശ്രീകൃഷ്ണൻ ആത്മാരാമനാണെങ്കിലും മന്ദഹസിച്ച് കരുണാതിശയത്താൽ അവരെ രമിപ്പിച്ചു.

> ഇതി വിക്ലവിതംതാസാം ശ്രുത്വാ യോഗേശ്വരേശ്വരഃ
> പ്രഹസ്യസദയം ഗോപീരാത്മാരമോ ƒപ്യരീരമത്
>
> —ഭാഗവതം 10, 29–42

ഈ 'രമിപ്പിക്കൽ' ഗോപികളുടെ പരാഭക്തിയോഗത്തിന്റെ ആദ്ധ്യാത്മിക പരിണാമമാണ്. ഭഗവാന്റെ ദിവ്യവും പരമാനന്ദപ്രദവുമായ ഒളിച്ചുകളിതന്നെ ഗോപിമാർക്കു സഹിക്കാനാവുന്നില്ല. ഒരു നിമിഷനേരംപോലും പരിഹരിന്നാവസ്ഥയിൽ ഇരിക്കാനാവുകയില്ല ബോധോദയമുണ്ടായജീവനു്. അങ്ങനെ അവർ കാളിന്ദീതീരത്തിൽ കൂട്ടം കൂടിയിരുന്നു ഭഗവാനെ പ്രാർത്ഥിക്കുമ്പോൾ പറയുന്നു:- സർവ്വലോക പരിപാലനാർത്ഥം അവതരിച്ച അങ്ങേയ്ക്കു ഈ ഭക്തകളെ ഉപേക്ഷിക്കുന്നതു ഉചിതമാവില്ല—ഹേ

സഖേ! ഭഗവാൻ യശോദാനന്ദനൻഅല്ലെന്നു ഞങ്ങൾക്കറിയാം. സർവ്വചരാചരങ്ങളുടെയും അന്തര്യാമിയായയനിന്തിരുവടി ലോകരക്ഷാർത്ഥം ബ്രഹ്മാവിനാൽ പ്രാർത്ഥിതനായി യദുകുലത്തിൽവന്നു് അവതരിച്ചിരിക്കുകയാകുന്നു.

ന ഖലു ഗോപികാനന്ദനോ ഭവാനഖിലദേഹിനാമന്തരാത്മദൃക്ക്
വിഖനസാർത്ഥിതോ വിശ്വഗുപ്തയേ സഖഉദേയിവാൻ
സാത്വതാം കുലേ.

—ഭാഗവതം 10–31–4

ഒരു കേന്ദ്രാകർഷണ ശക്തിക്കുചുററും അതിനെ ആശ്രയിച്ചിരിക്കുന്ന ചലന ശക്തികളെല്ലാം ചുററിക്കൊണ്ടിരിക്കുന്ന ഭ്രമണപഥ സഞ്ചലനത്തെ 'രാസ' മെന്നു പറയാം. സൗരമണ്ഡലത്തിൽ സൂര്യൻ കേന്ദ്രമാണു്, അതിൻെറ അടുത്തുള്ള ഗ്രഹങ്ങളും ഉപഗ്രഹങ്ങളും ആ മണ്ഡലത്തിൽപ്പെട്ട മണ്ഡലിയാണു്. അവ കേന്ദ്ര സൂര്യൻെറ ആകർഷണാനുസരണം അതതിൻെറ പഥത്തിലൂടെ സദാചുററിക്കൊണ്ടിരിക്കുന്ന ഗതിയും ഒരു രാസലീലയാണു്.

മനുഷ്യ ശരീരത്തിൽ ഹൃദയം കേന്ദ്രമാണു്. ഈ ഹൃദ് ശക്തി പ്രകാരം വിഭിന്നാവയവ ശക്തികൾ അതതിൻെറ ചലനപഥത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ശരീരരക്ഷയ്ക്കാവശ്യമായ ഈ സഞ്ചലനവും ഒരു രാസലീലയാണു്.

ഇപ്രകാരം വിരാട്ടുപവൃത്തത്തിൽ ശ്രീകൃഷ്ണഭഗവാൻ പരമാകർഷണകേന്ദ്രമാകുന്നു. ആ വിശ്വവൃത്തത്തിൻെറ പ്രകൃതിയെന്ന പരിധിയിൽ ജീവാത്മാക്കളുടെ അസംഖ്യം രേഖകളുണ്ടു്. കേന്ദ്രത്തിൽനിന്നു തെറിച്ച് പ്രകൃതിയിലേക്കു വീണവർ. ഈ ജീവാത്മാക്കൾ പ്രകൃ

തിയിൽതന്നെ കറങ്ങിക്കൊണ്ടിരിക്കുന്ന ഗതാഗതം പ്രാകൃതലീലയാണ്. ജീവാത്മാക്കൾ ഈ പ്രാകൃതചക്രത്തിൽ കുടുങ്ങി തങ്ങളെയും തങ്ങളുടെ മൂലകേന്ദ്രത്തെയും മറന്നുപോയി. സംഗതിവശാൽ ജ്ഞാനവെളിച്ചത്തിൽ ജീവാത്മാക്കൾ പരമാത്മാവിനെ പ്രാപിക്കുവാൻ വ്യഗ്രപ്പെടുന്ന രാസലീല നിത്യവും നടത്തപ്പെടുന്നു. കർമ്മവാസനകളററവക്കേ സ്ത്രീപുരുഷഭേദവും നാനാത്വവും, മമതയും, ശരീരാഭിമാന (ജഡത്വം) വും വിട്ട് ജീവേശ്വര രാസലീല അനുഭവപ്പെടുത്താൻ സാധിക്കൂ. ഭഗവാന്റെ രാസലീല ദർശിക്കുവാൻ ഭൂവാസികൾ മാത്രമല്ല ദേവന്മാരും ഗാന്ധർവ്വാദികളും ആകാശമെങ്ങും നിരന്നു നിന്നിരുന്നു!

പിതാവ് പുത്രിയേയും മാതാവ് പുത്രനെയും ചുംബിക്കുകയും മാറോടു ചേർത്തുലാളിക്കുകയും ചെയ്യുന്നതിലെ ഭാവമെന്താണ്? ശുദ്ധമായ വാത്സല്യപ്രേമം, വൃന്ദാവനലീലയിൽ കാമശബ്ദാർത്ഥം തന്നെ ശുദ്ധപ്രേമമെന്നാണ് വിശേഷിപ്പിക്കേണ്ടത്. ആദികാരണ സ്വരൂപനായ ഭഗവാന്റെ സങ്കല്പത്തിനു 'കാമ' സംജ്ഞകൊടുത്തിരിക്കുന്നു.

"സോऽകാമയത് ബഹുസ്യാം പ്രജായേയേതി"

എന്നു വേദവും,

'കാമസ്തു ബ്രഹ്മണോ ഹൃദയാജ്ജാതഃ' എന്നു ശബ്ദകല്പദ്രുമത്തിലും പറയുന്നു. ഇക്കാരണത്താൽ മഹാവിഷ്ണുവിനു സ്മരഗുരുവെന്നും കാമഗുരുവെന്നും പേരുണ്ടായി.

വിഷയവൈരാഗ്യം സിദ്ധിച്ച ഭക്തർക്കും ജ്ഞാനികൾക്കും മാത്രമേ രാസലീല ശുദ്ധഭാവത്തിൽ ബോദ്ധ്യപ്പെടൂവെന്നു മുൻസൂചനയുണ്ട്. ഭഗവൽപ്രാപ്തിക്കായി ഏഷണാത്രയങ്ങളെ ഉപേക്ഷിക്കുവാൻ ഗോപികൾക്ക്

യാതൊരു പ്രയാസവുമുണ്ടായില്ല. അവസാനം ശേഷിച്ചിരുന്ന "അഹം" എന്ന ഭാവവും സദാ സ്മരണകീർത്തനാദി സാധനാനുഷ്ഠാനം കൊണ്ടു് ത്യജിക്കുവാൻ അനായാസേന സാധിച്ചു.

തന്മനസ്കാസ്തദാലാപാസ്തദ്വിചേഷ്ടാസ്തദാത്മികാ:
തദ്ഗുണാനേവഗായന്ത്യോനാത്മാഗാരാണി സസ്മരു:

അവർ ശ്രീകൃഷ്ണനിൽത്തന്നെ അർപ്പിക്കപ്പെട്ട മനസ്സോടും ആലാപങ്ങളോടും കൂടിയവരായി തന്മയീഭവിച്ചു് അവിടത്തെ ഗുണഗണങ്ങളെത്തന്നെ പാടിക്കൊണ്ടു സ്ഥിതിചെയ്തു. അല്ലാതെ തങ്ങളുടെ ഗൃഹാദികളെപ്പററി തീരെ സ്മരിച്ചിട്ടില്ല.

–ഭാഗവതം 10–30–43

അവർ പിന്നെയും ശ്രീകൃഷ്ണദർശനം മുമ്പു് സിദ്ധിച്ച കാളിന്ദിയുടെ ആ മണൽത്തട്ടിലേയ്ക്കു തന്നെ വന്നു ഭഗവാനെത്തന്നെ ചിന്തിച്ചുകൊണ്ടും അവിടത്തെ എഴുന്നള്ളത്തിനെത്തന്നെ പ്രതീക്ഷിച്ചുകൊണ്ടും എല്ലാവരും ഒന്നിച്ചുകൂടി അവിടത്തെ ഭക്തവാത്സല്യാദി ഗുണഗണങ്ങളെ തന്നെ പാടുവാൻ തുടങ്ങി.

പുനഃപുളിനമാഗത്യ കാളിന്ദ്യാ:കൃഷ്ണഭാവനാ:
സമവേതാജഗു; കൃഷ്ണം തദാഗമന കാംക്ഷിതാ:

—ഭാഗവതം 10–30–44

ഇങ്ങനെ ശ്രീകൃഷ്ണഭാവത്തിൽ പൂർണ്ണമഗ്നരായ ധന്യരായ ഗോപിമാരുടെ മുമ്പിൽ കരുണാമൂർത്തിയായ ഭഗവാൻ ആവിർഭവിച്ചു. പീതാംബരം, വനമാല എന്നിവ ധരിച്ചു് കാമനെപ്പോലും മോഹിപ്പിക്കുന്ന ദിവ്യസൗന്ദര്യത്തോടും മന്ദഹാസ സുന്ദരമായ ശ്രീമുഖപത്മത്തോടും കൂടിയവനായി അവരുടെ മുമ്പിൽ പെട്ടെന്നു ആവിർഭവിച്ചു.

ഈശ്വരാന്വേഷണപരമായ പരസ്പര സംവാദവും കരച്ചിലും ബാഹ്യപ്രകടനമല്ല. ഹൃദയാന്തരാഗത്തിൽ നിന്നുത്ഭൂതമായ ആ കരച്ചിൽ— ആത്മക്രന്ദനം—സുന്ദരവും അന്തരാത്മാവിൽ തട്ടുന്ന പ്രഗാഢ പ്രേമാനുരാഗത്തിന്റേതുമാണ്. ഏറ്റവും പ്രിയതമനായ ഭഗവാന്റെ ദർശനത്തിനും സ്വരൂപസേവയ്ക്കും വേണ്ടിയുള്ള കരച്ചിലാണത്. അതു സാധിച്ചില്ലെങ്കിൽ ജീവിതമേ ഇല്ലെന്ന ഒരവസ്ഥ വരും. വെള്ളത്തിലല്ലെങ്കിൽ ജീവിക്കുവാൻ വയ്യാത്ത മത്സ്യത്തെപ്പോലെ ജീവാത്മാവ് തന്റെ പ്രാണപ്രിയനായ പരമാത്മാവിനോടു ചേരാതെ ജീവിക്കാനാവില്ലെന്ന അവസ്ഥയാണിത്. അവസാനം ഇത്തരം സാധനകളുടെ പരിണിതഫലമായി ഗോപിമാർക്ക ശ്രീകൃഷ്ണ ദർശനവും അനുഭൂതിയും സിദ്ധിക്കുന്നു.

"രാധാഭജതി ശ്രീകൃഷ്ണം സചതാം ച പരസ്പരം"

(ബ്രഹ്മവൈവർത്ത പുരാണം)

പിന്നീട് ഉപാസ്യനിലും ഉപാസകനിലുമുള്ള പ്രേമാധിക്യം ഏകീഭാവത്തിൽ ഉരുത്തിരിയുന്നതാണ് രാധാഭാവം. രാധാഭാവമെന്നതു് മഹാത്യാഗഭാവമാണ്. ശ്രീരാധാ ശ്രീകൃഷ്ണനും ശ്രീകൃഷ്ണൻ ശ്രീരാധയുമായി മാറി മാറി വരുന്നു. അവർ പരസ്പരം മഹാഭാവങ്ങൾ കൈമാറുന്നു.

ശ്രീകൃഷ്ണകൃഷ്ണേതിഗിരാ വദന്ത്യ;
ശ്രീകൃഷ്ണപാദാംബുജലഗ്നമാനസാ:
ശ്രീകൃഷ്ണരൂപാസ്തു ബഭൂവുരംഗനാ—
ശ്ചിത്രം ന പേശസ്കൃതമേത്യ കീടവത്

—ഗർഗ്ഗസംഹിത

ശ്രീകൃഷ്ണഭഗവാന്റെ നാമസ്മരണം ചെയ്തുകൊണ്ടു തന്നെ ഭഗവൽ ചരണങ്ങളെ ഹൃദയത്തിൽ താങ്ങിക്കൊണ്ട്

ഗോപികരം ശ്രീകൃഷ്ണ രൂപികളായി, ഇതിൽ ആശ്ചര്യ മില്ല, ചെറുപുഴപോലും തന്നെക്കാരം വലുതിനെ സ്മരിച്ചു കൊണ്ടു് തദാകാരമായിത്തീരുന്നില്ലേ.

ശ്രീരാധാകൃഷ്ണൻെറ ഈ രാസലീല-രാസപഞ്ചാദ്ധ്യായി—ഭക്തിഭാവത്തിൻെറ പരമോച്ചനിലയാണു് പ്രകാശിപ്പിക്കുന്നതു്. ഈ സ്ഥിതിയെപ്പററി ഇതുപോലെ മറ്റൊന്നു ചൂണ്ടിക്കാട്ടാനാവില്ല. ലൗകികമായി കാമുകീകാമുകന്മാരുടെ–നായികനായക ഭാവത്തിൽ ജീവബ്രഹ്മൈക്യം പ്രകാശിപ്പിക്കുകയും ഗ്രഹിക്കുകയും ചെയ്യുക എളുപ്പമല്ല. മനോവാക്കായങ്ങളെ അടക്കി ഈശ്വരനിഷ്ഠമാക്കിയവക്കേ ഈ തത്വം വേണ്ടവിധം ഗ്രഹിക്കാനാവൂ. എന്നാൽ ഉള്ളിൽ തട്ടുന്ന ഭക്തിഭാവത്തിൽ ജിതേന്ദ്രിയവ്രതരായി ശ്രീകൃഷ്ണൻെറ ഗോപിമാരോടുകൂടി ചെയ്ത ഈ രാസലീലയെ ശ്രദ്ധയോടുകൂടി പിന്നെയും പിന്നെയും കേരക്കുകയും വർണ്ണിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന പുണ്യാത്മാക്കരം ശ്രീകൃഷ്ണങ്കൽ പരമമായ ഭക്തിയെ പ്രാപിച്ചു കാമ ക്രോധ ലോഭ മോഹാദി ഹൃദ്രോഗങ്ങളെല്ലാം വിട്ടകന്നു് ധീരരും മുക്തരുമായി ഭവിക്കുമെന്നു് ഭാഗവതം ഉൽഘോഷിക്കുന്നു.

വിക്രീഡിതം വ്രജവധൂഭിരിദം ച വിഷ്ണോ;
ശ്രദ്ധാന്വിതോ ഽനു ശൃണുയാദഥ വർണ്ണയേദ്യ:
ഭക്തിം പരാം ഭഗവതി പ്രതിലഭ്യകാമം
ഹൃദ്രോഗമാശ്വപഹിനോത്യചിരേണധീര:

—ഭാഗവതം 10–39–40

1958 സെപ്തംബർ 5—ാം നു- മുതൽ കോഴിക്കോട്ടു് വെച്ചു് ''ശ്രീകൃഷ്ണജന്മാഷ്ടമി'' വാരമാഘോഷിച്ചപ്പോരം ബൈരാഗി മഠത്തിൽ ചെയ്ത പ്രഭാഷണത്തിൻെറ കുറിപ്പുകരം.

# 17 ശ്രീകൃഷ്ണഭക്തന്റെ ലക്ഷണം

ഈശ്വരഭക്തന്മാർ പലവിധം; അവരെ പൊതുവേ വിചാരപ്രധാനർ എന്നും വികാരപ്രധാനർ എന്നും രണ്ടായി തിരിക്കാം. ശ്രീകൃഷ്ണസ്വരൂപത്തിൽ ഈശ്വരഭജനം നടത്തുന്നവരിലും ഈ രണ്ടു തരക്കാരെ കാണാം. വിചാരത്തിലും വികാരത്തിലുമുണ്ട് പലയിനങ്ങൾ. സത്വരജസ്തമോഗുണങ്ങളുടെ ഏറ്റക്കുറവുകളനുസരിച്ച് വൈവിധ്യം സ്വാഭാവികമാണ്.

ഇവിടെ 'ഈശ്വരഭക്തൻ' എന്ന നിർവ്വചനത്തിൽ കർമ്മം, ഭക്തി, യോഗം, ജ്ഞാനം എന്നീ സാധനകളിൽ ഒന്നിന്റെ ആധിക്യമുള്ളതും ഈശ്വരാനുഭൂതി ലക്ഷ്യമാക്കീട്ടുള്ളതുമായ ജീവിതം നയിക്കുന്ന ആളിനെയാണുദ്ദേശിക്കുന്നത്.

അങ്ങനെയുള്ള ഭക്തന് ഭഗവദവലംബം മാത്രമായിരിക്കും അധിപ്രധാനം.

എല്ലാ മനുഷ്യരിലും, എല്ലാ ജീവജാലങ്ങളിലും സമത്വബുദ്ധിഭാവവും പ്രേമവും വളർന്നുകൊണ്ടിരിക്കും ശരിയായ ഭക്തനിൽ. ആന്തരികമായ അന്തഃകരണശുദ്ധി ബാഹ്യശുദ്ധിയേക്കാൾ മുഖ്യമായികരുതും.

സമ്പത്തിലും, വിപത്തിലും, ഭഗവാനിലല്ലാതെ വേറെങ്ങും ഓടാതിരിക്കുന്ന മനസ്സോടുകൂടിയവൻ സത്യനിഷ്ഠനും സദാചാരപരായണനും ആയിരിക്കും. പ്രാപഞ്ചിക കാര്യങ്ങളിൽ വിമുഖനും, വിചാരയുക്തനും, ഏകാന്തസേവകനും ഭഗവൽ പരായണനുമായിരിക്കും.

എല്ലായിടത്തും ഭഗവത്സാന്നിദ്ധ്യം ദർശിക്കുവാൻ സാധിക്കുന്ന ഭക്തൻ മററാരെയും ആശ്രയിക്കാൻ പോവുകില്ല, അദ്ദേഹം ലൗകികവിഷയങ്ങളിൽ ഉദാസീനനും ആശ്രമധർമ്മങ്ങളിൽ കുശലനുമായിരിക്കും. അദ്ദേഹത്തെ ആശ്രയിക്കുന്നവരെ സാന്ത്വനപ്പെടുത്തുകയും സർവ്വ പ്രാണികാംക്കും അഭയം നല്കാൻ കരുത്തുററവനുമായിരിക്കും.

ഈ ശരീരത്തിൽ ഇരിക്കുമ്പോൾതന്നെ ഭഗവൽ പ്രാപ്തിയാകുന്ന ഒരേ ലക്ഷ്യത്തിലേക്കുവേണ്ടി മനോവാക്കായങ്ങളെ പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കും. ഏതൊരു കാര്യവും ഭഗവദിഛയ്ക്കനുസൃതമായിമാത്രം, ആത്മസമർപ്പണപൂർവ്വം ചെയ്യുന്നു. ദീനരിലും ദുഃഖിതരിലും അപാരകരുണയുള്ളവനാണ് ഭക്തൻ. അന്യരെ സേവിക്കുന്നതു അവരുടെ ഇഷ്ടം നോക്കിയല്ല; ജീവഹിതം നോക്കിയാണ്.

ഇത്തരം ഭഗവത്ഭക്തന്മാരെ ദർശിക്കുന്നതും പ്രണമിക്കുന്നതും ജീവിതഭാഗ്യംകൊണ്ടു് സാധിക്കുന്നതാണ്. അഥവാ കുറേയെങ്കിലും പുണ്യമുള്ളവക്കേ യഥാർത്ഥഭക്തനെ ദർശിക്കുവാനും ശുശ്രൂഷിക്കുവാനും സാധിക്കൂ.

താനും തന്റെ ജീവിതവും സമ്പൂർണ്ണ സ്വരൂപത്തിൽ ഭഗവാന്റെ ശ്രീപാദപത്മങ്ങളിൽ സമർപ്പിക്കുന്ന ധന്യധന്യനാണ് ഭഗവൽഭക്തൻ. അങ്ങനെ ഭഗവാങ്കൽ ആത്മാഹുതി ചെയ്യുന്നതാണു സർവ്വശ്രേഷ്ഠമായ യജ്ഞം. ഇതാണ് പരമപുരുഷാർത്ഥം. ഒരാൾ ഏതു പദാർത്ഥത്തെ ആഗ്രഹിക്കുന്നുവോ അതിനെ പ്രാപിക്കുന്നു. ആരാണോ ഭഗവാനിൽ നിന്നു അന്യമായി യാതൊന്നും ആവശ്യപ്പെടാതിരിക്കുന്നതു് അയാൾ ഭഗവാനെ പ്രാപിക്കുന്നു.

ഭക്തന്റെ സമസ്തധനസമ്പത്തുകളും കേവലം ശ്രീകൃഷ്ണ ചരണകമലമാണ്. അതാകട്ടെ ഭഗവൽകൃപ ഒന്നുകൊണ്ടു മാത്രം പ്രാപ്യവുമാണ്.

ശ്രീമദ്ഭഗവദ്ഗീത 10-ാം അദ്ധ്യായത്തിൽ ശ്രീകൃഷ്ണ ഭഗവാൻ വിഭൂതിയോഗം ഉദ്ബോധിപ്പിച്ചിട്ട് 11-ാം അദ്ധ്യായത്തിലെ വിശ്വരൂപ ദർശനയോഗത്തിൽ സമസ്തജഗദാത്മരൂപമായും ഐശ്വരമായുമിരിക്കുന്ന സ്വസ്വരൂപം പ്രകാശിപ്പിച്ചു. 12-ാം അദ്ധ്യായത്തിൽ ഭക്തിയോഗവും ഭക്തലക്ഷണങ്ങളും ഉപദേശിച്ചുകൊണ്ട് ഭഗവാൻ അരുളിച്ചെയ്യുന്നു :-വിശ്വരൂപിയും പരമേശ്വരനുമായിരിക്കുന്ന എന്നിൽ സദാ മനസ്സിനെ സമാധാനം ചെയ്തുകൊണ്ട് യാതൊരു ഭക്തന്മാർ, സർവ്വയോഗേശ്വരന്മാർക്കുമധീശ്വരനായും, സർവ്വജ്ഞനായും, രാഗാദി ക്ലേശങ്ങളാകുന്ന തിമിരത്തിൽനിന്നു് മോചിച്ച ദൃഷ്ടിയോടുകൂടിയവനായും ഇരിക്കുന്ന എന്നെ അതിശ്രദ്ധയോടുകൂടി സതതയുക്തന്മാരായി ഉപാസിക്കുന്നുവോ അവർ അതിശ്രേഷ്ഠന്മാരായ യോഗികളാകുന്നു. എന്തെന്നാൽ അവർ രാവും പകലും ഇടവിടാതെ എന്നെത്തന്നെ ധ്യാനിച്ചുകൊണ്ടിരിക്കുന്നു.

“ശത്രുവിലും സ്നേഹിതനിലും അപ്രകാരം തന്നെ മാനാവമാനങ്ങളിലും ശീതോഷ്ണ സുഖദു:ഖങ്ങളിലും സമമായിരിക്കുന്നവനും നിന്ദാസ്തുതികളിൽ സമമായിരിക്കുന്നവനും വാക്കിനെ അടക്കിയവനും കിട്ടിയതുകൊണ്ട് സന്തോഷിക്കുന്നവനും, ഒരു ദിക്കിൽ സ്ഥിരമായി വാസം ചെയ്യാത്തവനും എന്നിൽ ഭക്തിയോടുകൂടിയിരിക്കുന്നവനുമായവൻ ആരോ ആ ഭക്തൻ എനിയ്ക്കു പ്രിയനാകുന്നു.”

ഏഴു ദ്വീപുകളോടുകൂടിയ ഈ ഭൂഖണ്ഡത്തിന്റെ ചക്രവർത്തിയായ ശ്രീ അംബരീഷൻ നശിക്കാത്ത ഐശ്വര്യത്തിന്റെയും പ്രഭാവത്തിന്റേയും ഉടമയായിരുന്നു. സ്വധ

ർമ്മമായ രാജ്യപരിപാലനം മാതൃകാപരമായി നിർവ്വഹി ക്കവേ ഭഗവദ്ഭക്തിയിലും അദ്ദേഹം ഉയന്നുകൊണ്ടിരുന്നു. ഐശ്വര്യങ്ങളും പ്രഭാവങ്ങളുമെല്ലാം നശ്വരമാണെന്നും സ്വപ്നതുല്യമാണെന്നും ബോദ്ധ്യമുണ്ടായിരുന്നിട്ടും ഒന്നിലും ആസക്തിയില്ലാതെ കർത്തവ്യ കർമ്മങ്ങൾ അനുഷ്ഠിച്ചി രുന്നു. അതിനാൽ വർദ്ധിക്കുന്ന ഭക്തികൊണ്ടും അനാ സക്തമായ കർമ്മംകൊണ്ടും ആ ജീവിതം ശുദ്ധവും മുക്ത വുമായിക്കൊണ്ടിരുന്നു.

അവസാനം അംബരീഷൻെറ സർവ്വേന്ദ്രിയങ്ങളും ഭഗവദ്പരങ്ങളായി മാത്രം ചേഷ്ടിച്ചുകൊണ്ടിരുന്നു. ഇതിനെ ശ്രീഭാഗവതം നവമസ്കന്ധത്തിൽ ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു:—

"മഹാത്മാവായ അംബരീഷചക്രവർത്തി മനസ്സിനെ സച്ചിദാനന്ദമൂർത്തിയായ ശ്രീകൃഷ്ണൻെറ ശ്രീപാദാരവിന്ദ ങ്ങളിലും വാക്കുകളെ തന്തിരുവടിയുടെ ദിവ്യഗുണഗണ ങ്ങളെ വർണ്ണിക്കുന്നതിലും കൈകളെ അവിടുത്തെ പുണ്യ ക്ഷേത്രങ്ങളെ വൃത്തിയാക്കുന്നതിലും ശ്രോത്രത്തെ ഭഗ വാൻെറ ഭക്തവാത്സല്യാദികളെ പ്രകാശിപ്പിക്കുന്ന പുണ്യകഥകളെ കേൾക്കുന്നതിലും ഏകാഗ്രമാക്കി.

"ഭഗവാൻെറ പുണ്യവിഗ്രഹങ്ങളുള്ള പുണ്യക്ഷേത്ര ങ്ങളുടെ ദർശനത്തിൽ നേത്രങ്ങളേയും, അവിടുത്തെ പ്രിയ ഭക്തന്മാരുടെ അംഗസ്പർശത്തിൽ ത്വഗിന്ദ്രിയത്തെയും തുളസിയുടെ ശ്രീപാദപത്മസ്പർശത്താലുണ്ടായ സുഗന്ധാ തിശയത്തിൽ ഘ്രാണത്തെയും തന്തിരുവടിക്കു് അർ പ്പിച്ച നിവേദ്യാദികളിൽ രസനേന്ദ്രിയത്തെയും അർപ്പിച്ചു.

"സർവ്വക്ലേശനാശകനായ ശ്രീഹരിയുടെ പുണ്യ ക്ഷേത്രങ്ങളെ പ്രദക്ഷിണം വെയ്ക്കുന്നതിൽ പാദങ്ങളെയും സർവ്വേന്ദ്രിയ നിയന്താവായ ഭഗവാൻെറ ശ്രീപാദപത്മങ്ങളെ നമസ്കരിക്കുന്നതിൽ ശിരസ്സിനെയും അർപ്പിച്ചു. ഭഗവാനിലും അവിടുത്തെ ശ്രീപാദഭക്തന്മാരിലും ഉത്തരോത്തരം രതി വർദ്ധിക്കത്തക്കവണ്ണം അവിടുത്തേയ്ക്ക് അർപ്പിച്ച സ്രക്ക് ചന്ദനാദികളെ പ്രസാദാർത്ഥം സ്വീകരിച്ചു. അല്ലാതെ ഭോഗാർത്ഥം സ്വീകരിച്ചില്ല. അങ്ങനെ ഭഗവാനിലും ഭക്തന്മാരിലുമുള്ള ദിവ്യഭക്തി പ്രകാശിപ്പിച്ചു.

"ഇപ്രകാരം സർവ്വത്ര ആത്മഭാവനയോടുകൂടിയ തൻെറ സർവ്വകർമ്മങ്ങളും സർവ്വയജ്ഞഫലദാതാവും ഇന്ദ്രിയാതീതനും പരാത്പരനുമായ ശ്രീ ഭഗവാങ്കൽ അർപ്പിച്ചുകൊണ്ടു് അവിടുത്തെ ശ്രീപാദ ഭക്തന്മാരാൽ ഉപദേശിക്കപ്പെട്ടു് ഈ ഭൂമിയെ മുഴുവൻ പരിപാലിച്ചു.


സവൈമന: കൃഷ്ണപദാരവിന്ദയോർ—
വാചാംസിവൈകുണ്ഠ ഗുണാനുവർണനേ
കരൗഹരേർമന്ദിരമാർജനാദിഷു
ശ്രുതിം ചകാരാച്യുത സത്കഥോദയേ

മുകുന്ദലിംഗാലയ ദർശനേ ദൃശൗ
തദ്ഭൃത്യ ഗാത്രസ്പർശേƒംഗ സംഗം
ഘ്രാണം ചതത്പാദ സരോജ സൗരഭേ
ശ്രീമത്തുളസ്യാ രസനാം തദർപിതേ

പാദൌ ഹരേ: ക്ഷേത്രപാദാനുസർപണേ
ശിരോ ഹൃഷീകേശ പാദാഭി വന്ദനേ
കാമം ചദാസ്യേനതു കാമകാമ്യയാ
യഥോത്തമ ശ്ലോക ജനാശ്രയാരതി:

ഏവം സദാ കർമ്മകലാപമാത്മന:
പരേഽധിയജ്ഞേ ഭഗവത്യധോക്ഷജേ
സർവ്വാത്മഭാവം വിദധന്മഹീമിമാം
തന്നിഷ്ഠ വിപ്രാഭിഹിത: ശശാസഹ.

**ശ്രീമത് ഭാഗവതം—9–4–18, 19, 20, 21**



ഒരു സത്സംഗയോഗത്തിലെ പ്രഭാഷണം.

II

# 18 ധർമ്മം ശരണം ഗച്ഛാമി




നമോ ധർമ്മായ മഹതേ
നമ: കൃഷ്ണായ വേധസേ

"വർണ്ണാശ്രമാദിലക്ഷണമായും പ്രാണികൾക്ക് അഭ്യുദയത്തിനും മോക്ഷത്തിനും സാധനമായുമിരിക്കുന്ന ധർമ്മത്തിന്ന് ഏതേതു കാലത്തിൽ ഹാനിവരുന്നുവോ, അപ്പോഴെല്ലാം ഞാൻ സ്വമായകൊണ്ടു് അവതാരം ചെയ്യുന്നു.

"സ്വധർമ്മത്തിലിരിക്കുന്നവരുടെ രക്ഷയ്ക്കായിക്കൊണ്ടും ദുഷ്കർമ്മം ചെയ്യുന്നവരുടെ നാശത്തിന്നായിക്കൊണ്ടും, ധർമ്മത്തെ നിലനിർത്താനായിക്കൊണ്ടും അതാതവസരത്തിൽ ഞാനവതാരം ചെയ്യുന്നു." *

ഭഗവാൻ ശ്രീകൃഷ്ണൻെറ പ്രതിജ്ഞയാണിതു്. ധർമ്മത്തിൻെറ ഹാനിയും അധർമ്മത്തിൻെറ അഭിവൃദ്ധിയും എപ്പോഴെങ്ങനെ ഉണ്ടാവുന്നുവെന്നു നമ്മെക്കാൾ ഈശ്വരനു നന്നായി അറിയാം. ജന്മജന്മാന്തരങ്ങളായി ഓരോ ജീവനും ചേർത്തുകൊണ്ടുവന്നിരിക്കുന്ന കർമ്മവാസനകളെ കണക്കാക്കാൻ നമ്മൾക്ക കഴിവില്ല. അതാണു് ധർമ്മവും സർവ്വാന്തര്യാമിയും സർവ്വവ്യാപകനും സർവ്വജ്ഞനുമായ സർവ്വേശ്വരനെ പരമാശ്രയമായി കരുതി അനുഷ്ഠിക്കണമെന്നു് ഭാരതസംസ്ക്കാരം പഠിപ്പിക്കുന്നതു്.

ബുദ്ധം ശരണം ഗച്ഛാമി, ധർമ്മം ശരണം ഗച്ഛാമി, സംഘം ശരണം ഗച്ഛാമി—എന്നു നാമിവിടെ ആവർത്തിച്ചുരിച്ച 'ത്രിശരണ'ങ്ങൾ ബുദ്ധധർമ്മത്തിൻെറ ചട്ടക്കൂടാണു്. ബോധോദയം—അഥവാ ഈശ്വരാനുഭൂതി—സിദ്ധിച്ച മഹാത്മാവിൻെറ മാർഗ്ഗദർശനത്തിലൂടെ ധർമ്മം ആചരിക്കുക. ഇടയ്ക്കിടെ വഴി തെററുമ്പോൾ തെററുതിരുത്തി നേരെയാവാൻ സത്സംഗം, ധർമ്മപഥത്തിൽ ജീവിക്കുന്ന സജ്ജനങ്ങളുടെ സംസർഗ്ഗം ആവശ്യമായിവരുന്നു. ഈ സംഗതികൾ ഈ 'ത്രിശരണ'ങ്ങളിൽ അനുരണനം ചെയ്യുന്നു; ധർമ്മപഥത്തിൽ നിന്നു വഴുതി വീഴാതിരിക്കാൻ ആന്തരീകമായി നിമന്ത്രണം ചെയ്തുകൊണ്ടിരിയ്ക്കുന്ന ധർമ്മസൂക്തമാണിതു്.

അവതാരപുരുഷനാണെങ്കിലും യുഗസ്വഭാവമനുസരിച്ചു് മനുഷ്യരെ ജീവകാരുണ്യവും ധർമ്മാചരണവും ഉൽബോധിപ്പിക്കുവാൻ സ്വയം തപോനിഷ്ഠയിലിരുന്നു സ്വാനുഭൂതി നേടിയ ബുദ്ധഭഗവാൻ സനാതന ധർമ്മത്തിൻെറ പ്രബോധകനാണു്. ഈശ്വരപരമായി പ്രസംഗിക്കുന്നതിനേക്കാൾ ധർമ്മാചരണത്തെപ്പററി അദ്ദേഹം

പ്രസംഗിക്കുകയും സ്വയം ജീവിച്ചുകാട്ടുകയും ചെയ്തു. ചിലർ പ്രചരിപ്പിക്കുന്നതുപോലെ ശ്രീബുദ്ധൻ നാസ്തികനല്ല. ധർമ്മം ദുർവ്യാഖ്യാനം ചെയ്ത ദുഷ്ക്കർമ്മങ്ങളും ദുഷ്ടതകളും വർദ്ധിച്ച അക്കാലത്തു ധർമ്മം നേരെയായാലേ ഈശ്വരബോധമുണ്ടാവൂ. അതുകൊണ്ടു ധർമ്മാചരണത്തിനും ധർമ്മബോധനത്തിനും അദ്ദേഹം പ്രാധാന്യംനല്കി.

അതിനാൽ ശ്രീബുദ്ധദേവൻ ഹിന്ദുധർമ്മ വിരുദ്ധനല്ല. അതൊക്കെ പില്ക്കാലത്തുണ്ടായ പ്രചരണങ്ങളാണ്. ഇന്നിവിടെ പ്രസംഗിച്ച നിങ്ങളുടെ പുരോഹിതനും ഹിന്ദുധർമ്മത്തെപ്പററി തെററിദ്ധരിച്ചിരിക്കുന്നുവെന്ന് സമ്മതിക്കേണ്ടിവരും. നവീന 'ബുദ്ധമത'മെന്നു പറയുന്നതു തന്നെ ചില സാമൂഹിക ദോഷങ്ങളെ പരിഹരിക്കാത്തതിലുള്ള അമർഷം കൊണ്ട് രാജനീതിപരമായുണ്ടായതാണ് * ബുദ്ധധർമ്മമനുസരിച്ച് ജീവിച്ചതു് ആരാണെന്നു് ചോദിച്ചാൽ ബഹു: അംബേദ്ക്കറെക്കാൾ മഹാത്മാഗാന്ധിയാണെന്നു ഞങ്ങൾ പറയും. താല്ക്കാലികാവേശങ്ങളും ആവലാതികളും കെട്ടടങ്ങുമ്പോൾ നിങ്ങൾക്കും ഇതു ബോദ്ധ്യമാവും.

ശ്രീകൃഷ്ണാവതാരശേഷം 2500 വർഷങ്ങൾ കഴിഞ്ഞു. ധർമ്മത്തെ ദുർവ്യാഖ്യനം ചെയ്തു തെററിദ്ധരിപ്പിക്കുവാൻ തുടങ്ങി. ധർമ്മത്തിൻെറ പേരിൽജീവകാരുണ്യശൂന്യമായ അധർമ്മാചരണങ്ങൾ വർദ്ധിച്ചു. പേരും പദവിയും പണവുമുള്ളവർ പ്രമുഖരായി. കർമ്മഠന്മാരായിരുന്ന പ്രബലന്മാരും പുരോഹിതന്മാരും വേദശാസ്ത്രത്തിൻെറ അദ്ധ്യാത്മീകവുംദൈവീകവുമായ ആന്തരാർത്ഥം ഗ്രഹിക്കാത്തതിൻെറ ഫലമായി അധർമ്മം വർദ്ധിച്ചു. ഭഗവാൻ വീണ്ടും ശ്രീബുദ്ധനായി അവതരിച്ചു. ആദ്ധ്യാത്മികഭാവം

ഉദ്ദീപിപ്പിക്കുവാനുള്ള സല്ക്കർമ്മങ്ങൾ ചെയ്യു. സല്ക്കർമ്മങ്ങൾ തന്നെയാണ് ധർമ്മം. ദുഷ്കർമ്മങ്ങൾ അധർമ്മവും. സൽകർമ്മങ്ങൾ എപ്പോഴും ഈശ്വരങ്കൽ ചേർന്നിരിക്കും. ദുഷ്കർമ്മങ്ങൾ നാസ്തികത്തെയും. ശ്രീബുദ്ധൻ ജനിച്ച് 500 വർഷങ്ങൾക്കുശേഷം അതിലും നാസ്തികത്വം കടന്നുകൂടി വിഭിന്ന ഭാവരൂപങ്ങളുളവാക്കിട്ടുണ്ട്. സത്വരജസ്തമോ ഗുണഭേദേന മനുഷ്യന്റെ ബുദ്ധിയും ധൈര്യവും പ്രവർത്തിക്കുന്നതെങ്ങനെയെന്നു ശ്രീകൃഷ്ണഭഗവാൻ കാട്ടിതന്നിട്ടുണ്ട്.

വാസ്തവത്തിൽ അവതാരപുരുഷനാണ് ശ്രീബുദ്ധൻ. ഹിന്ദുപുരാണങ്ങളിൽതന്നെ അതു പറഞ്ഞിട്ടുണ്ട്. ''ഗീതാഗോവിന്ദ''ത്തിൽ ശ്രീകൃഷ്ണൻ തന്നെ ബുദ്ധനായി അവതരിച്ചുവെന്നു സ്തുതിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ഉദ്ദേശം ''കൃണ്വന്തോ വിശ്വമാര്യം''— വിശ്വം മുഴവൻ ആര്യ (ശ്രേഷ്ഠ) ധർമ്മം പ്രചരിപ്പിക്കുകയെന്നതായിരുന്നു.

അണുരേഷധർമ്മ:- ഭഗവാൻ ധർമ്മ സ്വരൂപനാണെന്നും, ധർമ്മം അതിസൂക്ഷ്മമാകുന്നുവെന്നും വേദം അനുശാസിക്കുന്നു. സമസ്തഭൂതങ്ങളെയും ധരിക്കുന്നതിനാൽ അഥവാ ധർമ്മങ്ങളാൽ ആരാധിക്കപ്പെടുന്നുവെന്നതിനാൽ 'ധർമ്മൻ' എന്നും, ആർത്തന്മാരുടെ, ദുഃഖിതന്മാരുടെ ആർത്തിയെ ഹരിക്കുന്നവനാകയാൽ 'ശരണം' എന്നും ഈശ്വരനു പേരുണ്ട്. ശ്രീവിഷ്ണു സഹസ്രനാമത്തിൽ തന്നെ ഇതുപോലെ ഈശ്വരപര്യായങ്ങളായ ധർമ്മസംജ്ഞകൾ ഉണ്ട്:-

1. ധർമ്മാദ്ധ്യക്ഷ:— അനുരൂപമായ ഫലത്തെ പ്രദാനം ചെയ്യുന്നതിന് ധർമ്മാധർമ്മങ്ങളെ നേരിട്ടു നോക്കിക്കൊണ്ടിരിക്കുന്നതിനാൽ ധർമ്മാദ്ധ്യക്ഷൻ.

2. സത്യധർമ്മപരാക്രമ:- ഭഗവാൻെറ ധർമ്മം ജ്ഞാനം മുതലായ ഗുണങ്ങളും പരാക്രമവും സത്യമായിരിക്കുന്നതിനാൽ സത്യധർമ്മപരാക്രമൻ.

3. ധർമ്മവിദുത്തമ:— ശ്രുതികളും സ്മൃതികളും യാതൊരാളുടെ ആജ്ഞാസ്വരൂപങ്ങളാകുന്നുവോ അദ്ദേഹം സർവ്വധർമ്മവിത്തുകളിൽ ഉത്തമൻ,

4. ധർമ്മയൂപ:— യാഗമരത്തിൽ ബലിസാധനങ്ങൾ ബന്ധിക്കപ്പെടുന്നതുപോലെ ഭഗവാൻെറ ആരാധനാരൂപങ്ങളായ ധർമ്മങ്ങൾ ഭഗവാനിൽ ബന്ധിക്കപ്പെടുന്നതിനാൽ ധർമ്മയൂപൻ.

5. ധർമ്മഗുപ്:— ധർമ്മത്തെ രക്ഷിക്കുന്നതിനാൽ ധർമ്മഗുപ്.

6. ധർമ്മകൃത്:— ധർമ്മാധർമ്മങ്ങളോടുകൂടാത്തവനാണെങ്കിലും ധർമ്മമര്യാദയെ സ്ഥാപിക്കുന്നതിനുവേണ്ടി ധർമ്മംതന്നെ ചെയ്യുന്നവൻ.

7. ധർമ്മീ:— ധർമ്മങ്ങളെ ധരിക്കുന്നതിനാൽ ധർമ്മി.

8. സത്യധർമ്മാ:— ഭഗവാൻെറ ജ്ഞാനം മുതലായ ധർമ്മങ്ങൾ സത്യങ്ങളാകയാൽ സത്യധർമ്മാവാകുന്നു.

9. സത്യധർമ്മപരായണ:— കാര്യത്തിൽ നടന്നതുപോലെ പറയുന്നതിലും വിധിരൂപമായ ധർമ്മത്തിലും നിയതനാകയാൽ സത്യധർമ്മപരായണൻ.

"ബുദ്ധൗ ശരണമന്വിഛ...." ശ്രീകൃഷ്ണഭഗവാൻെറ ഉപദേശമാണിത്:- നീ യോഗവിഷയമായ ബുദ്ധിയിൽ പരമാർത്ഥ ജ്ഞാനത്തിൽ ശരണം പ്രാപിക്കുന്നവനായി ഭവിക്കുക. നിഷ്കാമ കർമ്മയോഗത്തെ ആശ്രയിക്കുക.

"അനേക പ്രാവശ്യം ശ്രവണം ചെയ്തിട്ടും ആത്മ ജ്ഞാനം ഉദിക്കാത്ത മുമുക്ഷുക്കരം സ്വധർമ്മാനുഷ്ഠാനം അവശ്യം ചെയ്യേണ്ടതാണ്, ഒരിക്കലും സ്വധർമ്മത്തെ ത്യജിക്കുവാൻ പാടില്ല.

"കർമ്മഫലത്തെ അപേക്ഷിക്കാതെ ശ്രദ്ധാഭക്തിക ളോടുകൂടി ഈശ്വരപ്രീത്യർത്ഥം കർമ്മം ചെയ്താൽ മാത്രമേ മോക്ഷപ്രാപ്തിയുള്ളൂ."

"അല്ലയോ അർജ്ജുന! നീ ഭഗവന്നിഷ്ഠയിലിരുന്നു കൊണ്ടു് താൻ കർത്താവാണെന്ന അഭിമാനത്തെക്കളഞ്ഞു്, ജ്ഞാനസിദ്ധിയെക്കൂടി പ്രാപിച്ചാലുമില്ലെങ്കിലും സമ ബുദ്ധിയോടുകൂടി കർമ്മം ചെയ്യുക....യോഗത്തിൽ സ്ഥി തിചെയ്തുകൊണ്ടു് കർമ്മം ചെയ്താലും."

എന്നിങ്ങനെ ഭക്തി, യോഗ, ജ്ഞാന മാർഗ്ഗങ്ങളിലെ ധർമ്മനിഷ്ഠയുടെ ആവശ്യകത ഭഗവാൻ ഊന്നിപ്പറഞ്ഞിരി ക്കുന്നു. വർണ്ണാശ്രമപരങ്ങളായ ധർമ്മങ്ങളെക്കൂടാതെ, ത്രി ഗുണാത്മകമായ ധർമ്മഭേദങ്ങളെയും മോക്ഷസാധനങ്ങ ളെയും വിസ്തരിച്ചിട്ടു് ഭഗവാൻ ശ്രീകൃഷ്ണൻ അരുളിചെ യ്യുന്നു:-

യേതു ധർമ്മ്യാമൃതമിദം യഥോക്തം പര്യുപാസതേ
ശ്രദ്ദധാനാ മൽപരമാ ഭക്താസ്തേതീവമേ പ്രിയാ:

"(ഗീതയിൽ) മേൽ വിവരിക്കപ്പെട്ട ധർമ്മ്യമായിരിക്കുന്ന മോക്ഷ സാധനത്തെ യാതൊരുവർ, ശ്രദ്ധയോടുകൂടിയ വരും ഞാൻ (ഭഗവാൻ) തന്നെയാണ് പരമമായ ഗതി യെന്നു് വിചാരിക്കുന്നവരുമായി അനുഷ്ഠിക്കുന്നുവോ ആ ഭക്തന്മാർ എനിക്കു് ഏററവും പ്രിയന്മാരാകുന്നു."

ഇനി ഈ വക ധർമ്മങ്ങരം വേണ്ടവിധം ഗ്രഹിക്കുന്നതിനോ, ധർമ്മ ശാസ്ത്രങ്ങളും ബ്രഹ്മവിദ്യയും മററും അഭ്യസിച്ച് അനുഷ്ഠിക്കുന്നതിനോ സാധിച്ചില്ലെന്നിരിക്കട്ടെ; നിരാശപ്പെടുകയോ വ്യസനിക്കുകയോ വേണ്ട. അവസാനമായ ഒരൊററ വഴിയുണ്ട്—ധർമ്മസ്വരൂപനായ ഭഗവാൻെറ ശ്രീപാദപത്മങ്ങളിൽ സർവ്വഭാവങ്ങളോടുകൂടി തന്നെത്താൻ സമർപ്പണം ചെയ്യുക. പറയാനെളുപ്പമാണെങ്കിലും അസാമാന്യമായ തീവ്രവൈരാഗ്യവും ശ്രദ്ധയുമുള്ളവക്കേ അതും സാദ്ധ്യമായി വരൂ. പക്ഷേ, ഇതിനു പഠിപ്പും മററു സാധനസാമഗ്രികളും മററും ആവശ്യമില്ല. ഇങ്ങനെ ചെയ്ത പല പുണ്യാത്മാക്കളും പണ്ഡിതശ്രേഷ്ഠന്മാരെക്കാരം, ആചാര്യന്മാരെക്കാരം, സമുദായോദ്ധാരകന്മാരെക്കാരം ശ്രേഷ്ഠതമന്മാരായി ആത്മമോക്ഷവും ബഹുജനഹിതവും സാധിച്ചിട്ടുണ്ടെന്നു എക്കാലത്തും കാണാൻ കഴിയും.

ഭഗവാൻ ശ്രീകൃഷ്ണൻെറ പരമമായ ആ ദിവ്യാഹ്വാനം, അന്തിമശാസനം എന്താണെന്നോ:—

മന്മനാ ഭവ മദ്ഭക്തോ മദ്യാജീ മാം നമസ്കുരു
മാമേ വൈഷ്യസി സത്യം തേ പ്രതിജാനേ പ്രിയോഽസി മേ
സർവ്വധർമ്മാൻ പരിത്യജ്യ മാമേകം ശരണം വ്രജ
അഹം ത്വാ സർവ്വപാപേഭ്യോ മോക്ഷയിഷ്യാമി മാ ശുചഃ

"നീ എന്നിൽ തന്നെ ചിത്തത്തെ ഉറപ്പിക്കുക. എന്നിൽ ഭക്തിയുള്ളവനായിരിക്കുക. എന്നെ ആരാധിക്കുന്നവനായി ഭവിക്കുക' എനിയ്ക്കായിട്ടുതന്നെ നമസ്കാരം ചെയ്യുക. എന്നാൽ നീ എന്നെത്തന്നെ പ്രാപിയ്ക്കും. നീ എനിയ്ക്കു പ്രിയനാകുന്നു, അതിനാൽ ഞാൻ നിനക്കു സത്യമായി പ്രതിജ്ഞ ചെയ്യുന്നു.

''സർവ്വ ധർമ്മങ്ങളേയും പരിത്യജിച്ചിട്ട് എന്നെ ഒരുവനെതന്നെ ശരണം പ്രാപിക്കുക. ഞാൻ നിന്നെ സകല പാപങ്ങളിൽ നിന്നു മോചിപ്പിക്കും. നീ വ്യസനിക്കേണ്ട''

സമസ്തധർമ്മങ്ങളും ഭഗവാനെ ആശ്രയിച്ചിരിക്കുന്നതിനാൽ ആ പരമധർമ്മസ്വരൂപനെ പരമമായി ആശ്രയിച്ചാൽ സിദ്ധിക്കാത്തതായെന്തുണ്ട്!

''ധർമ്മാത് സുഖം ച ജ്ഞാനം ച ജ്ഞാനാന്മോക്ഷോ ƒ ധിഗമ്യതേ'' ധർമ്മത്തിൽ നിന്ന് സുഖവും ജ്ഞാനവും ഉണ്ടാകുന്നു, അതുപോലെ ജ്ഞാനത്തിൽ നിന്നു മോക്ഷവും സിദ്ധമായിത്തീരുന്നു. അതിനാൽ ഞാൻ ധർമ്മത്തെ ശരണം പ്രാപിക്കുന്നു.

ധർമ്മം ശരണം ഗച്ഛാമി

---

* യദാ യദാ ഹി ധമ്മസ്യ ഗ്ലാനിർഭവതി ഭാരത
അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സൃജാമ്യഹം
പരിത്രാണായ സാധൂനാം വിനാശായ ച ദുഷ്കൃതാം
ധർമ്മസംസ്ഥാപനാർത്ഥായ സംഭവാമി യുഗേ യുഗേ

---

1963 മാർച്ച് 5–ാം നു- വർദ്ധാ സേവാഗ്രാമിലെ ബുദ്ധവിഹാരത്തിൽ ചെയ്ത പ്രഭാഷണത്തിൽനിന്ന്. ഹിന്ദു ഹരിജനങ്ങളെ രാഷ്ട്രീയ ചിന്താഗതിക്കാർ 'നവീനബുദ്ധമത'ക്കാരാക്കി ഹിന്ദു ധർമ്മപരമായ വിശ്വാസാചാരങ്ങളെ വിരോധിക്കുന്ന മട്ടിൽ സംഘടിപ്പിച്ച സദസ്സ്.

# 19 ത്രിശരണതത്വം

ബുദ്ധമതത്തിലെ ഈ 'ത്രിശരണങ്ങൾ' പ്രസിദ്ധമാണല്ലോ. —ബുദ്ധം ശരണം ഗച്ഛാമി, ധർമ്മം ശരണം ഗച്ഛാമി, സംഘം ശരണം ഗച്ഛാമി—ശ്രീബുദ്ധദേവനെ നാസ്തികനായി ഗ്രഹിക്കുന്ന ബുദ്ധമതാനുയായികളും, വിപ്ലവകാരിയായി പ്രദർശിപ്പിക്കുന്ന നവീന ബുദ്ധിസ്റ്റുകളും ശ്രീബുദ്ധപ്രതിമയുടെ മുമ്പിലിരുന്നു തനിച്ചും കൂട്ടത്തോടെയും ചൊല്ലാറുള്ള മന്ത്രമാണിതു. സാധാരണ നിലയിൽ എല്ലാ ബുദ്ധമതചടങ്ങുകളുടെയും ആദ്യവസാനങ്ങളിൽ 'ത്രിശരണം' ഉച്ചരിക്കാറുണ്ട്. നവനാസ്തികരും യുക്തിവാദികളും ശ്രീബുദ്ധനെ കാണുന്നതു് 'പഴഞ്ചൻ' ഭാരതത്തിലെ വിപ്ലവകാരിയും നാസ്തികനുമെന്ന നിലയ്ക്കാണ്. അനേകവിധം 'വാത'ങ്ങളോടൊപ്പം ഇത്തരം പലേജാതി വാദങ്ങളുമുണ്ട് ലോകത്തു്. നമുക്ക് ആശ്വാസ പ്രദമായിട്ടുള്ളതു് വൈശാഖ പൗർണമിയുടെ പവിത്രാന്തരീക്ഷത്തിൽ നിന്നു ലഭിക്കുന്ന വിശുദ്ധജലമാണ്—അമൃതബിന്ദുവാകുന്നു.

പൂർവ്വീകരായ ഋഷി—മുനിമാരെപ്പോലെ ത്യാഗം വൈരാഗ്യം തപസ്സ് എന്നീവക സാധനകളുടെ ഫലസ്വരൂപമായി സംഭവിച്ചതാണ് ബുദ്ധൻ. യുഗസ്വഭാവമനുസരിച്ച് സിദ്ധാർത്ഥന്റെ തപോനിഷ്ഠയിലും ബോധനോപാധികളിലും പരിവർത്തനങ്ങൾ കാണാം. നിത്യനൂതനമായ ഉദ്ദേശ്—ലക്ഷ്യങ്ങളുടെ രൂപഭാവങ്ങൾ ഒന്നുതന്നെയാണ്. പാരമാർത്ഥിക ബോധപ്രാപ്തിവരെ രണ്ടിലൊന്നുറച്ച്-ഈശ്വരപ്രാപ്തി അല്ലെങ്കിൽ മരണം—തപോനിഷ്ഠനായി. അങ്ങനെ ആ ബോധിവൃക്ഷച്ചുവട്ടിൽവെച്ച്

അദ്ദേഹം നശ്വര മനുഷ്യരാജപദവിയിൽ നിന്നു വിമുക്ത നായി അനശ്വരവും ആത്യന്തികവുമായ ഐശ്വരബോധ രാജാവായി പരിണമിച്ചു. നിത്യനൂതന സുഖ—സമാ ധാനങ്ങളുടെ അത്യുജ്ജ്വല സംജ്ഞയാണ് ബുദ്ധനാമം.

ശ്രീബുദ്ധദേവൻ ആത്മസാക്ഷാല്ക്കാരം നേടിയ ശേഷം ലോകസംഗ്രഹാർത്ഥം ധർമ്മോപദേശം ചെയ്തു. കമ്മബാഹുല്യവും കമ്മാധിക്യവും കൊണ്ടു് ക്രൂരത പെരു കിയിരുന്ന സന്ദർഭത്തിൽ വേദത്തിൻെറയും ഈശ്വര ൻെറയും പേരും പറഞ്ഞു് തന്നിഷ്ടംപോലെ അധർമ്മവൃ ത്തികളിൽ മുഴുകി രാജാക്കന്മാരും പ്രജകളും പലേതരം പീഢകളെക്കൊണ്ടാവൃതരായിരുന്ന കാലഘട്ടത്തിൽ ഇന്നേയ്ക്കു 2500 വർഷം മുമ്പു് — നൽകിയ ധർമ്മോപദേശം തെററിദ്ധരിക്കപ്പെടേണ്ടതല്ല. സനാ തനമായ ഹിന്ദുധർമ്മം വഴിയാംവണ്ണം ഗ്രഹിച്ചിട്ടു ള്ളവർ തെററിദ്ധരിക്കയുമില്ല. അഥവാ പഠിച്ചറിഞ്ഞിട്ടു് തന്നിഷ്ടത്തിനു് മററുള്ളവരെ തെററിദ്ധരിപ്പിക്കുന്നവർ ബുദ്ധനുമുമ്പു് കർമ്മഠന്മാരായി യാഗംചെയ്തിരുന്നവരെ അനുകരിക്കുകയാണു്; ശ്രീ ബുദ്ധനെയോ ബുദ്ധൻെറ ധമ്മത്തെയോ അനുസരിക്കുന്നവരല്ല. ഹിന്ദുധർമ്മപ്രകാരം ശ്രീബുദ്ധൻ അവതാരപുരുഷനാകുന്നു; ധർമ്മസം സ്ഥാപകനാകുന്നു. മഹാനിർവ്വാണം പ്രാപിച്ചു് ആത്മ സ്വരൂപനായ ശ്രീ ബുദ്ധൻ ധർമ്മലക്ഷണങ്ങളിലൊ ന്നായ അഹിംസയിലൂന്നി യുഗസ്വഭാവമനുസരിച്ചു് ധർമ്മ പുനരുദ്ധാരണം ചെയ്തു. ലക്ഷ്യബോധത്തെക്കാൾ ധർമ്മ ബോധമുളവാക്കേണ്ടിയിരുന്നതിനാൽ, കാടുപിടിച്ച ധർ മ്മമാർഗ്ഗം വെട്ടിത്തെളിക്കയാണു് ആദ്യം ചെയ്തതു്. കർമ്മം ശുദ്ധവും കളങ്കമററതുമാകുമ്പോൾ ലക്ഷ്യമാർഗ്ഗം സുഗമമാവും. അങ്ങനെ അറിയേണ്ടതറിയുമ്പോൾ ജീവി

തലക്ഷ്യം സ്വയമേവ അനുഭവപ്പെടും. അതിനെപ്പററി വാദപ്രതിവാദങ്ങരം നടത്തി ജീവിതം നഷ്ടപ്പെടുത്തുന്നതിനേക്കാരം ഈ ധർമ്മപഥത്തിൽ ജീവിച്ചു മുന്നേറുകയാണു് വേണ്ടതു്. യുഗസ്വഭാവവും ഇതാണാവശ്യപ്പെടുന്നതു്. അതിനാൽ ധർമ്മമാണു് കരണീയമായിട്ടുള്ളതു്. ''ധർമ്മസാരം ഗ്രഹിക്കുന്നവർ, ധർമ്മരസം പാനം ചെയ്യുന്നവർ, ശാന്തിപൂർവം നിത്യസുഖം അനുഭവിക്കുന്നു. അവർ, അവർ മാത്രമേ ഇതരർക്കും ശാന്തിയും സുഖവുമേകാൻ പ്രാപ്തരാവൂ'' എന്നു ശ്രീബുദ്ധൻ ഉപദേശിച്ചു. ഇതിന്റെ അർത്ഥം ആത്മാവു് അഥവാ ഈശ്വരൻ ഇല്ലെന്നല്ല. ഈശ്വരപ്രാപ്തിയെന്ന പരമസുഖപ്രാപ്തിക്കു തല്ക്കാലസ്ഥിതിയിൽ താൻ കണ്ടെത്തിയ സുഗമമാർഗ്ഗം നിർദ്ദേശിക്കുകയെന്നതാണു്. അതു ധർമ്മമാർഗ്ഗമല്ലാതെ മററൊന്നുമല്ല.

ധർമ്മങ്ങളുടെയെല്ലാം പരമമായഭാവം സനാതനമാകുന്നു. സർവ്വധർമ്മജ്ഞം, ധർമ്മസർവ്വസ്വം, ധർമ്മഗുപ് ധർമ്മകൃത്, ധർമ്മി, ധർമ്മസ്യപ്രഭുരച്യുത, ധർമ്മോ വിഗ്രഹവാൻ രാമ, യതോധർമ്മസ്തതോകൃഷ്ണ ഇത്യാദി നിർവചനങ്ങരം പരമമായ ധർമ്മഭാവത്തിന്റെ ഈശ്വരപര്യായമാകുന്നു. മേലുദ്ധരിച്ച 'ത്രിശരണ' മാകട്ടെ ഇച്ഛ ക്രിയ ജ്ഞാനശക്തികളുടെ ബൗദ്ധാനുകരണവുമാകുന്നു. ശ്രീബുദ്ധന്റെ മഹാനിർവ്വാണ ശേഷം ഏതാനും നൂററാണ്ടുകരം കഴിഞ്ഞാണു് ബുദ്ധമതം രൂപമെടുത്തതു്. അപ്പോരം സ്വാഭാവികമായും മാതൃധർമ്മത്തേക്കാരം വിചിത്രമായി ചിലതൊക്കെ കാട്ടണമെന്നു മോഹവശരായ അനുയായികരംക്കുതോന്നി. അതിന്റേതായ പല പ്രശ്നങ്ങളും നേരിടേണ്ടിവന്നു. ഹിന്ദുധർമ്മപുരാണേതിഹാസങ്ങളെ അനുകരിച്ചു് ബൗദ്ധപുരാണേതിഹാസങ്ങരം

വിരചിക്കപ്പെട്ടു. അവയിൽ 'ത്രിപിടക' എന്ന ബൗദ്ധേതിഹാസത്തിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന ശ്രീബുദ്ധ ഉപദേശങ്ങളുടെ കാര്യമായ ഭാഗമാണ് 'ധർമ്മപദം' എന്ന ശ്രീബുദ്ധഗീത. മഹാഭാരതത്തിൽ ഭഗവൽഗീതയെന്നപോലെ വിശ്വവിഖ്യാതമായ ഗ്രന്ഥമാണിതു്. ആഭ്യന്തര ധർമ്മമാഹാത്മ്യവും ജീവശുദ്ധിക്കുള്ള ഉപായങ്ങളും ഇതിൽ ഉപദേശിച്ചിരിക്കുന്നു. നാസ്തികത്വത്തിൻെറയാതൊരു സൂചനയും ബുദ്ധോപദേശങ്ങളിലെങ്ങുമില്ല. നേരെ മറിച്ച് ധർമ്മമാർഗത്തിലൂടെ ചരിച്ചാൽ മഹാനിർവ്വാണം അഥവാ മോക്ഷം പ്രാപിക്കാമെന്നു് പ്രസ്പഷ്ടമായി വെളിവാക്കിട്ടുമുണ്ടു്.

നാസ്തികരും യുക്തിവാദികളും ശ്രീബുദ്ധനെ നാസ്തികനാക്കി പ്രദർശിപ്പിക്കുവാൻ ബുദ്ധചരിതത്തിൽനിന്നും ഉദ്ധരിക്കാറുള്ള ഒരു സന്ദർഭം തന്നെ നോക്കുക. ഒരിക്കൽ വൈദിക ബ്രാഹ്മണരുടെ ഇടയിൽ ചൂടുപിടിച്ച ചർച്ച നടക്കുകയായിരുന്നു. "ആർക്കു് ഈശ്വരപ്രാപ്തിക്കുള്ള നേർവഴി കാട്ടിത്തരാൻ കഴിയും?', —ഇതാണു് ചർച്ചാവിഷയം. അവസാനം തീരുമാനമൊന്നും ഉണ്ടാകാതെ എല്ലാവരുംകൂടി മഹാജ്ഞാനിയായ ശ്രീബുദ്ധമുനിയെ സമീപിച്ചു. "നിങ്ങൾ ഈശ്വരനെ കണ്ടിട്ടുണ്ടോ?" എന്നു ബുദ്ധദേവൻ അവരോടുചോദിച്ചു. "ഞങ്ങളാരും ഈശ്വരനെകണ്ടതായി ഓർക്കുന്നില്ല." അവരുടെ മറുപടി. വീണ്ടും ബുദ്ധദേവൻ ചോദിച്ചു: ആട്ടെ നിങ്ങളുടെ പിതാക്കളോ ഗുരുക്കന്മാരോ ഈശ്വരനെ കണ്ടിട്ടുണ്ടോ?

"അങ്ങനെ കണ്ടിട്ടുള്ളതായി അവരാരും പറഞ്ഞു കേട്ടിട്ടില്ല." വൈദികരുടെ മറുപടി.

"ശരി, നിങ്ങളോ നിങ്ങളുടെ പിതാക്കളോ ഗുരുനാഥന്മാരോ കണ്ടിട്ടില്ലാത്ത ഒന്നിനെ പ്രാപിക്കുവാനുള്ള മാർഗ്ഗം നിങ്ങൾക്കെങ്ങനെ കാണിക്കുവാൻ കഴിയും.?" എന്നു ശ്രീബുദ്ധൻ ചോദിച്ചു.

ശ്രീബുദ്ധൻ മുഴുത്ത നാസ്തികനാണെന്നു് തെളിയിക്കുവാൻ എടുത്തുദ്ധരിക്കുന്ന ഈ സംവാദത്തിൽ നാസ്തികത്വത്തിൻെറ കണികപോലും ഹിന്ദുധർമ്മം ഗ്രഹിച്ചവക്കു് കാണാനില്ല. വാസ്തവമെന്താണു്? ഉറങ്ങിക്കിടക്കുന്നവനോ കുരുടനോ അന്യക്കു വഴികാട്ടാൻ സാധിക്കുകയില്ല. പഠിച്ചു് പണ്ഡിതഗർവ്വത്തിൽ തർക്കവിതക്കങ്ങൾ നടത്തി രസിക്കാമെന്നല്ലാതെ ഈശ്വരജ്ഞാനം സിദ്ധിക്കുമോ? സാധനനിഷ്ഠനായി ഈശ്വരനെ അറിയാത്തവനു് ഈശ്വരപ്രാപ്തിക്കുള്ളവഴി കാണിച്ചുകൊടുക്കാനാവില്ല. ഈശ്വരനെപ്പററിയും മതത്തെപ്പററിയും എത്രവേണമെങ്കിലും വാദപ്രതിവാദങ്ങൾ നടത്താം. ബഹിർമ്മുഖമായ ബുദ്ധിസാമർത്ഥ്യത്തിൻെറ അത്ഭുതവിലാസങ്ങളെക്കൊണ്ടു് ജനങ്ങളെ വശീകരിക്കുകയും ചെയ്യാം. എന്നാൽ ബുദ്ധി ഉൾപ്പെടെ സർവ്വേന്ദ്രിയങ്ങളുടെയും അന്തർമുഖഗമനത്താൽ കണ്ടറിയേണ്ടതാണു് ഈശ്വരജ്ഞാനം. ഈ ഈശ്വരീയജ്ഞാനപ്രാപ്തി അഥവാ യഥാർത്ഥബോധോദയം സിദ്ധിച്ച ശ്രീബുദ്ധനെ ശരിക്കറിയാതെ അദ്ദേഹത്തിൻെറ മതം പ്രചരിപ്പിക്കുന്നതെങ്ങനെ?

സ്വാർത്ഥതയിലൂന്നിയ കാമ്യകർമ്മങ്ങൾ ധർമ്മമാവുകയില്ല. അവ കർത്തവ്യത്തിൻെറയും യജ്ഞത്തിൻെറയും പേരിലായാലും അധർമ്മമാവാനാണെളുപ്പം. ധർമ്മം പരാർത്ഥകർമ്മങ്ങളാണു്. അതു ഈശ്വരനുമായി ബന്ധപ്പെട്ടിരിക്കും. ക്രമേണ സത്വശുദ്ധി സാധിച്ചു്

പാരമാർത്ഥിക നിലയിലേയ്ക്കു ഉയർത്തുവാൻ ധർമ്മാചരണം കൊണ്ടു് സാധിക്കുന്നു. 'ത്രിശരണ'ത്തിൽ ഓരോന്നും ഓരോ ഗുണപ്രധാനമാകുന്നു. ലൗകീക കർമ്മങ്ങൾ താമസപ്രധാനവും ധർമ്മം രാജസപ്രധാനവും ബുദ്ധം (ജ്ഞാനം) സത്വപ്രധാനവുമാകുന്നു. ആധിഭൗതികം, അദ്ധ്യാത്മികം. ആധി ദൈവീകം എന്നീഭാവങ്ങളിൽ ത്രിശരണം സ്വീകരിക്കാം. എന്നാൽ ബോധോദയമുള്ള (ജ്ഞാനസിദ്ധിയുള്ള) ഒരാൾക്ക ധർമ്മവും സമുദായവും അതാതുതലങ്ങളിൽ പ്രഗത്ഭമാംവിധം പ്രശോഭിപ്പിക്കുവാൻ സാധിക്കും. ബഹിർമുഖവ്യാപാരത്തിന്റെ ആധിക്യത്താൽ ഈ ശ്വ ര ജ്ഞാ ന വും മറയ്ക്കപ്പെടുകയോ തെററിദ്ധരിക്കപ്പെടുകയോ ചെയ്തുകൊണ്ടിരിക്കുന്നു. ഇതിനെത്തന്നെ വേദാന്തഭാഷയിൽ "വിക്ഷേപാവരണ"ങ്ങളെന്നു പറയപ്പെടുന്നതു്.

പാപപ്പടുകുഴിയിലേക്കാണ്ട ഈ ശ്വ ര ജ്ഞാ ന ത്തെ ധർമ്മചക്രം തിരിച്ചു് പുനരുദ്ധരിച്ച ശ്രീ ബുദ്ധന്റെ 'ത്രിശരണ'മന്ത്രം, ബുദ്ധമതത്തിലേയ്ക്കു് ആളെച്ചേർക്കാനുള്ള മുദ്രാവാക്യമല്ല. വ്യഷ്ടിസമഷ്ടിയുമായി ഐക്യപ്പെട്ടു് ധർമ്മചക്രം തിരിച്ചാൽ ജ്ഞാനസാക്ഷാല്ക്കാരം (ബോധോദയം) നേടാം; അഥവാ ബദ്ധനായിരിക്കുന്ന ജീവാത്മാവിനെ ബുദ്ധനും മുക്തനുമാക്കുന്ന ആമന്ത്രണമാണിതു്. ഇതിന്റെ അസ്ഥിവാരമാകട്ടെ ചിരപുരാതനമായ വേദസൂക്തങ്ങളോളം ആഴത്തിൽ കെട്ടിപ്പടുത്തിട്ടുള്ളതുമാണു്. "സംഘച്ഛധ്വം സംവദധ്വം സം വോ മനാംസിജാനതാം" 'ആചാരപ്രഭവോധർമ്മ:—ധർമ്മോസ്യ കുലദൈവതം'– ഇത്യാദിവേദ—ശാസ്ത്രാദിസൂക്തങ്ങളോളം വ്യാപകമാണീ തത്വങ്ങൾ.

---

1975 മേയ് "ലോകശാന്തി" മാസികയിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 20 ജീവിതമെന്ന ഗോകുലത്തിൽ

ലൗകികജ്ഞാന - വിജ്ഞാനങ്ങൾ എത്ര തന്നെ സമ്പാദിച്ചിരുന്നാലും ആത്മജ്ഞാനം കൂടാതെ ആരും സംതൃപ്തരാവാൻ പോകുന്നില്ല. ആത്മജ്ഞാന ജിജ്ഞാസയെങ്കിലും ഒരാളിൽ ഉണ്ടെങ്കിൽ നേരിയ ജീവിതാഭിനിവേശവും സൽക്കർമ്മാഭിരുചിയും വളരും. അതുസത്സംഗത്തിലേയ്ക്കും, സത്സംഗം നിസ്സംഗത്വത്തിലേയ്ക്കും നിസ്സംഗത്വം നിർമ്മോഹത്വത്തിലേയ്ക്കും, നിർമ്മോഹത്വം ജീവിതലക്ഷ്യമായ ജീവന്മുക്തിയിലേയ്ക്കും നയിക്കും. സാധാരണനിലയിൽ സാമാന്യധർമ്മങ്ങളും വിശേഷധർമ്മങ്ങളും അനുക്രമം അനുഷ്ഠിക്കുവാൻ ഒരാൾ ബാദ്ധ്യസ്ഥനാണ്. അവ ജീവിതലക്ഷ്യപ്രാപ്തിയ്ക്കുള്ള ഉപാധിയായി ചെയ്യുന്നവരാണധന്യർ. അത്തരംധന്യാത്മാക്കളുടെ അഭിപ്രായത്തിൽ ശ്രീകൃഷ്ണഭഗവാൻ സ്ഥലകാലവ്യത്യാസമെന്യേ അവതരിയ്ക്കുന്നുണ്ട്. ഏതു പരിതസ്ഥിതിയിൽ, ഏതു രൂപഭാവങ്ങളിൽ ഭഗവാൻ അവതരിക്കുന്നു എന്നതു് ആധിഭൗതികഗ്രസ്തരും, രജസ്തമോഗുണമോഹിതരുമായവർ അറിയുന്നില്ല.ഭഗവാനും ആത്മജ്ഞാനികളായ ഭക്തജനങ്ങളും അതറിയുന്നുണ്ട്. ഈധാർമ്മികദൃഷ്ട്യാ ഒരേ ഗോകുലം തന്നെ ആദ്യം പ്രാകൃതമായും പിന്നീട് പരിഷ്കൃതമായും കാണപ്പെടുന്നു. അതായതു് നമ്മുടെജീവിതം തന്നെ ഓരോ ഗോകുലമാകുന്നു!

''ഗോ'' എന്നതിനു്, ഇന്ദ്രിയങ്ങളെന്നും 'കുലം' എന്നതിനു കൂട്ടമെന്നും അർത്ഥമുണ്ട്. അങ്ങനെ ഇന്ദ്രിയങ്ങളുടെ കൂട്ടമാണല്ലോ ഓരോശരീരവും. ഈ ശരീരാഭിമാനജീവിതത്തിൽ നിലയുള്ള സന്തോഷവും സമാധാനവു

മില്ല. ജീവിതമെന്ന ഗോകുലത്തിൽനൂറുകൂട്ടം തിരുമറി കരംനിമിത്തം ധാർമ്മിക വ്യവസ്ഥകരം താറുമാറാകുന്നു. തലങ്ങും വിലങ്ങും ഇന്ദ്രിയങ്ങരം അങ്ങോട്ടുമിങ്ങോട്ടും വലിയ്ക്കുമ്പോരം മനസ്സിലും കലക്കംതന്നെ. ആവേശവും ഏററുമുട്ടലുകളും ഉണ്ടാവാത്തസമയമില്ല. ആശകളാകുന്ന കാട്ടുതീ കത്തിപടരുന്നു. അതിനിടയ്ക്കു പാപമെന്ന അഘാസുരനും ദംഭമെന്ന ബകാസുരനും ഗോകുലത്തിൽ നുഴഞ്ഞു കേറുന്നു. ജീവഹൃദയം വാടിക്കൊഴിയുന്നമാതിരി തുടിയ്ക്കുകയും ശാന്തിരാഹിത്യത്താൽ തപിയ്ക്കുകയും ചെയ്യുന്നു. ഇങ്ങനെ മദമത്സരാദികരംക്കിടയിൽ, ജീവിതമെന്ന ഗോകുലത്തിൽ, യശസ്സരുളുന്ന സദാചാരത്തിനും ആത്മീയതയിലെ ആനന്ദത്തിനും പുത്രനായിപരമാനന്ദം പിറക്കുന്നു. നന്ദനൻ ആനന്ദത്തിൻെറയും യശോദ സദാചാരധർമ്മത്തിൻെറയും ബാലകൃഷ്ണൻ പരമാനന്ദത്തിൻെറയും മൂർത്തിമൽഭാവങ്ങളാണ്. എപ്പോഴും സുഖത്തിനും ആനന്ദത്തിനും വേണ്ടി പരിശ്രമിക്കുന്ന ജീവന് ധർമ്മനിഷ്ഠനാവണം. ധർമ്മാചരണത്തിൽ അധർമ്മങ്ങളോടും, തിന്മകളോടും മല്ലിട്ട് ജയിയ്ക്കേണ്ടതായിട്ടുണ്ട്. ഈ ജീവിതസമരത്തിൽ ജയിയ്ക്കുന്ന, അവിദ്യകളിൽ-തിന്മകളിൽനിന്നുമോചിതനാവുന്ന ജീവഹൃദയത്തിൽ പരമാനന്ദ സ്വരൂപനായ ശ്രീകൃഷ്ണൻ അവതരിയ്ക്കുന്നു.

ജീവിതം നന്നാകണമെങ്കിൽ, ശ്രേയസ്കരമാവണമെങ്കിൽ, ലക്ഷ്യംതെററാതെ മുന്നേറണമെങ്കിൽ അദ്ധ്വാനിച്ചേപററൂ. അതിൻെറ കഷ്ടപ്പാടുകളും ദുഃഖങ്ങളും ഒരു കര പററുന്നതുവരെയെങ്കിലും സഹിക്കണം. പവിത്രവും ഉന്നതവുമായ ജീവിതത്തിൻെറ കൂടപ്പിറപ്പാണ് കഷ്ടതകളും ദുഃഖവും. അവ വരാനിരിയ്ക്കുന്ന സ്ഥായിയായ സുഖ

സന്തോഷങ്ങളുടെ നാന്ദിയാണെന്നു ബോദ്ധ്യപ്പെടുമ്പോൾ ദുഃഖവും ഉത്സാഹപ്രദമായി വേദ്യമാം. ബോധപൂർവ്വം അനുഭവിക്കുന്ന ദുഃഖത്തിന്റെ പരിണാമം അമൃതോപമാണ് ത്യാഗമയമായ ജീവിതത്തിൽ ആദ്യം അന്ധകാരവും അജ്ഞതയും കടന്നുകൂടിവട്ടംചുററിക്കാൻ നോക്കും. എന്നാൽ ധർമ്മനിഷ്ഠനായ വ്യക്തി ആ വിഷയങ്ങളെയെല്ലാം തട്ടിയകററി മുന്നേറും.

വ്യക്തിയിലായാലും സമുദായത്തിലായാലും പോരായ്മകളും പീഡനങ്ങളും സ്വയം ശുദ്ധീകരണത്തിനുള്ള ഉപായങ്ങളാണ്. അർദ്ധരാത്രി, കൂരിരുട്ട്, അനിശ്ചിതാവസ്ഥ ഇടിമിന്നലുകളും കോരിച്ചൊരിയുന്ന മഴയും വഴിമുട്ടുന്ന വെള്ളപ്പൊക്കം, ശോകാകുലമായഅന്തരീക്ഷം ഈ സന്ദർഭത്തിലാണ് ശ്രീകൃഷ്ണന്റെ അവതാരം. വ്യക്തിയുടെ ദുഃഖവും ദാരിദ്ര്യവും കറുത്തിരുണ്ടുകൂടുമ്പോൾ, വെള്ളംപെരുകി കണ്ണുനീരായി വർഷിക്കുമ്പോൾ നിരാശയും ചതിയും നിമിത്തം നട്ടംതിരിയുമ്പോൾ ശരിയായ ശരണാഗതിക്കു മനം ഒരുക്കമാണെങ്കിൽ ആ ഹൃദയത്തിൽ ശ്രീകൃഷ്ണാവതാരം സംഭവിക്കുന്നു. സർവ്വത്തെയും തങ്കലേക്കു ആകർഷിക്കുന്ന കൃഷ്ണന്റെ അവതാരത്തോടുകൂടി ഗോകുലം സമാകർഷണീയമായി, കൃഷ്ണൻ ഗോപാലനാവുന്നതോടെ സർവ്വേന്ദ്രിയങ്ങളും അദ്ദേഹത്തിന്റെ ചൊല്പടിയിലാവുന്നു. പശുക്കളെ മേയ്ക്കുന്നതും നിയന്ത്രിക്കുന്നതും ഗോപാലന്റെ ചുമതലയിൽ തന്നെ. ഇന്ദ്രിയങ്ങളായപശുക്കൾ തോന്നിയേടത്തൊക്കെ ഓടിത്തിരിയാതിരിക്കാൻ ഭഗവാന്റെ മധുരോദാരമായ ഓടക്കുഴൽനാദം ഒന്നുമതി. ആ ദിവ്യസംഗീതശ്രവണത്താൽ മുഗ്ദ്ധരാവുന്നതിനുമുൻപ് പ്രാകൃതകളായിരുന്ന ഗോപികൾ

ശ്രീകൃഷ്ണചരണാരവിന്ദങ്ങളിൽ ശരണം പ്രാപിച്ച് ധന്യ കളാവുന്നു. നമ്മുടെ മനോഭാവങ്ങളും ആ ദിവ്യ സംഗീതശ്രവണത്താൽ സംശുദ്ധവും ഏകാഗ്രവുമായി ഈശ്വര പാദാന്തികത്തിലുറയ്ക്കുമ്പോൾ പ്രശ്നങ്ങൾ പരിഹൃതമായി പരിഷ്കൃതമാവുന്നതാണ്.

ഇത്രയുമായാൽപ്പിന്നെ ബഹുമുഖഫണമുയർത്തുന്ന കാളിയൻ എന്ന അഹങ്കാര സർപ്പം പൊത്തുകയായി. കൃഷ്ണനെ ശരണംപ്രാപിച്ചവർക്ക ഭയപ്പെടാനില്ല, അഹങ്കാരസർപ്പം കൃഷ്ണകിശോരൻെറ പാദചലനത്തിൽ അമ ന്നുകൊള്ളും. ഇങ്ങനെ ഗോകുലമാകുന്ന ജീവിതത്തിൽ നിന്ന് അനിശ്ചിതാവസ്ഥയും അസുഖങ്ങളും നീങ്ങി ഈശ്വരാർപ്പണബുദ്ധ്യാ മുന്നേറുമ്പോൾ, ഭഗവൽകാരുണ്യത്താൽ സാത്വികഭാവം വികസിച്ച് താറുമാറായി തിരിഞ്ഞമനോഭാവങ്ങൾ സംശുദ്ധവും ഏകാഗ്രവുമായി ഉറയ്ക്കുമ്പോൾ ധർമ്മാചരണത്തിൻെറയും സംതൃപ്തിയുടെയും സന്തതിയായി ഈശ്വരത്വം വിളങ്ങുന്നു. അതോടെ ജീവിതത്തിൻെറ കൃതാർത്ഥതയും, നിത്യാനന്ദവും, സമാധാനവും അനുഭവപ്പെടുകയും ചെയ്യുന്നു.

മനുഷ്യരെ ഐശ്വര്യസമ്പന്നരാക്കുന്ന അതേ ഭഗവാൻതന്നെ, അവരുടെ മദമത്സരാദികളെ ഒടുക്കുന്നതിനു ദരിദ്രരും, ദുഃഖിതരുമാക്കുന്നു. വ്യവഹാരലോകത്തിൽ ന്യായമായതെല്ലാം പാരമാർത്ഥികലോകത്തിൽ ന്യായമാകണമെന്നില്ല. ഭാഗവതത്തിൽ ഭഗവാൻതന്നെ അരുൾ ചെയ്യുന്നു:—ഐശ്വര്യത്താലും ധനത്താലും ഉള്ളമദത്താൽ

അന്ധരായിട്ടുള്ളവർ, ദണ്ഡപാണിയായ എന്നെ കാണുന്നില്ല. അതിനാൽ ഞാൻ അവരിൽ കൃപചെയ്യാൻ വേണ്ടി അവരെ ഐശ്വര്യഭ്രഷ്ടരാക്കുന്നു.

മാമൈശ്വര്യശ്രീമദാന്ധോ ദണ്ഡപാണിം നപശ്യതി
തം ഭ്രംശയാമി സംപദ്ഭ്യോ യസ്യ ചേച്ഛാമ്യനുഗ്രഹം
(ഭാഗവതം—10. 27. 16,)

---

1976 നവമ്പർ "ശ്രീമൂകാംബിക" മാസികയിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 21 ദ്വാരകാനാഥൻെറ ദിനചര്യ

പൂർണ്ണപുണ്യാവതാരപുരുഷനായ ഭഗവാൻ ശ്രീ കൃഷ്ണന് ഇഹ—പരലോകങ്ങളിൽ നേടാനോ തേടാനോ ആയിട്ട് യാതൊന്നുമില്ല. എങ്കിലും ഭഗവാൻ മനുഷ്യരുടേയും ദേവന്മാരുടെയും നിലകളിൽ, സാധാരണവും അസാധാരണവുമായ രൂപഭാവങ്ങളിൽ കർമ്മവ്യാപൃതനായിരുന്നു. ആപ്തവാക്യപ്രകാരം ഭഗവാൻെറ ശ്രീരാമാവതാര കർമ്മങ്ങൾ മനുഷ്യർക്ക് ഒട്ടൊക്കെ അനുകരിക്കാവുന്നതാണ്. ശ്രീകൃഷ്ണാവതാരത്തിലാകട്ടെ ഭഗവദുപദേശങ്ങൾക്കാണ് സർവ്വപ്രാധാന്യം. ഭഗവല്ലീലകൾ അനുകരിക്കാവുന്നതല്ല. എന്നാൽ മൃഗീയതയിൽനിന്നു മനുഷ്യത്വത്തിലേയ്ക്കും മനുഷ്യത്വത്തിൽനിന്നു ദേവത്വത്തിലേയ്ക്കും ദേവത്വത്തിൽനിന്നു ഈശ്വരപ്രാപ്തിയിലേയ്ക്കും യഥാക്രമം ഉയരാനുള്ള എല്ലാ പാതകളും ആ പൂർണ്ണജീവിതത്തിൽ മലർക്കെ തുറന്നു തന്നിരിക്കുന്നതായി കാണാം. വ്യവഹാരി, കർമ്മഠൻ, കർമ്മയോഗി, ഭക്തവത്സലൻ, യോഗേശ്വരൻ, ജ്ഞാനി, രാജർഷി, പരമഗുരു, അവതാരവരിഷ്ഠൻ, പരബ്രഹ്മം എന്നിങ്ങനെ ബാഹ്യാഭ്യന്തര നിലകളിലെല്ലാം അനുഭവൈകവേദ്യനാണ് ശ്രീകൃഷ്ണൻ. ആ അത്യത്ഭുത ജീവിതത്തിൻെറ നിത്യനൂതന പ്രമാണമാണല്ലോ ശ്രീമദ് ഭഗവദ്ഗീത.

കൈവല്ല്യാനുഭൂതി, മോക്ഷം, മുക്തി എന്നെല്ലാം അറിയപ്പെടുന്ന പാരമാർത്ഥിക ലക്ഷ്യപ്രാപ്തിവരെ മനുഷ്യനു കർമ്മം ചെയ്യാതിരിക്കാനാവില്ല. ചെയ്യുന്ന കർമ്മം ശുദ്ധമാകണമെങ്കിൽ ധർമ്മാനുഷ്ഠാനം പ്രഥമവും പ്രധാനവുമായി സ്വീകരിച്ചേ പററൂ. കർമ്മവും കർമ്മവാസനകളും ധർമ്മാനുഷ്ഠാനംകൊണ്ട് ശുദ്ധമാക്കിയാലേ

ജീവൻ ആത്മജ്ഞാനത്തിനു പാത്രമാവൂ. കർമ്മശുദ്ധി യില്ലാത്ത ജീവിതത്തിൽ ബുദ്ധിപരമായ കസർത്തുകൾ എത്രതന്നെ കാട്ടിയാലും ആത്മജ്ഞാനം സ്ഫുരിക്കയില്ല. ഭാഗികമായി സ്ഫുരിക്കുന്നെങ്കിൽ തന്നെ വികലതകളും വികടതകളും കൊണ്ടുതന്നെയും സമുദായത്തെയും വഴി തെററിക്കുന്നതായിരിക്കുകയും ചെയ്യും. അതാണ് അദ്ധ്യാ ത്മമാർഗ്ഗത്തിൽ അനുരഞ്ജനമില്ലാത്ത വിവാദവിഷയമാ കുന്നതും വീണ്ടും പതനത്തിനിടവരുത്തുന്നതും. അതിനാൽ കർമ്മത്തിൻെറ മർമ്മം ഗ്രഹിച്ചുകൊണ്ടു കർത്തവ്യകർമ്മ ങ്ങൾ ചെയ്യുകയെന്നതു് മനുഷ്യധർമ്മമാണ്. ധർമ്മാ നുഷ്ഠാനം ഭഗവദർപ്പണ സ്വരൂപമായിത്തീരുമ്പോൾ സ്വയംത്യാഗമയമായി,യജ്ഞാർത്ഥമായിപരിണമിക്കുന്നു ജീവിതത്തിൻെറ ആത്യന്തികലക്ഷ്യമായ കൈവല്ല്യാനുഭൂ തിയിലേയ്ക്കു ജീവനെ നയിക്കുവാൻ അതു സമർത്ഥമാ കുന്നു. ധർമ്മാനുഷ്ഠാനമെന്നു പറയുമ്പോൾ, സ്വന്തംനില യിൽ നിലയ്ക്കുനിന്നുകൊണ്ടു് വിഹിതകർമ്മങ്ങൾ ആവു ന്നത്ര ബോധപൂർവ്വം ആചരിക്കുകയെന്നതാണ്. പ്രസം ഗവും വിളംബരവുമല്ല വിചാരവും ആചാരവുമാണ് ഇവി ടെ പ്രധാനം. സ്വധർമ്മാചരണത്തിലൂടെ തൻെറപാരമാർ ത്ഥികലക്ഷ്യത്തിലേയ്ക്കുഎത്രത്തോളം സമീപിക്കുന്നുവെന്നു വിചാരം ചെയ്തുകൊണ്ടു് പുരോഗമിക്കണം. ബാല്യകൗ മാര പ്രൗഢവാർദ്ധക്യാവസ്ഥകളിലെല്ലാം ധർമ്മാചരണ ങ്ങൾക്കു് മാററമുണ്ടാകും. അവ ക്രമാനുഗതമായി ആച രിച്ചാൽ, സനാതനധർമ്മത്തിലെത്തിയ്ക്കും. പിന്നീടാണ് പാരമാർത്ഥികലക്ഷ്യം ബോദ്ധ്യപ്പെടുന്നതു്. അതായതു് മനുഷ്യജന്മത്തിൽ മാത്രം സാധിക്കുന്ന ജീവശുദ്ധീകരണ പ്രക്രിയ പൂർത്തിയായാൽ ജീവിതസാക്ഷാൽക്കാരമായി. സ്വാഭാവികമായ സന്യാസധർമ്മം അനായാസമായി കൈവരിക്കുന്നതിനും ലോകഹിതത്തിനും ആത്മമോക്ഷ

ത്തിനും അതു ഹേതുവായി ഭവിക്കുകയും ചെയ്യുന്നു. ഇതാണ് ''ഇഹത്തിലോ പരത്തിലോ യാതൊന്നും നേടാനോ തേടാനോ ഇല്ലാത്ത'' ശുദ്ധ സച്ചിദാനന്ദ സ്വരൂപനായ ഭഗവാൻ ശ്രീകൃഷ്ണൻ സദാകർമ്മ തല്പരനായി മാനവസമുദായത്തിനു് പ്രകാശിപ്പിച്ച നിത്യനൂതനതത്വം.

കൃതാർത്ഥനാണെങ്കിലും ശ്രേഷ്ഠനായവൻ ലോകത്തിനുവേണ്ടി കർമ്മം ചെയ്യണം. എന്തെന്നാൽ ''കുലശീലാദിമഹത്വ സമ്പന്നനായിരിക്കുന്ന; ശ്രേഷ്ഠനായവൻ ഏതു കർമ്മത്തെ ചെയ്യുന്നുവോ അതിനെത്തന്നെ മററുള്ള ജനങ്ങളും ചെയ്യുന്നു. ആദ്ധ്യാത്മികതയുടെയും സന്ന്യാസത്തിൻെറയും പേരിൽ കർത്തവ്യവിമുഖരായി തങ്ങളെയും ഇതാരെയും അലസരും അധഃസ്ഥിതരുമാക്കുന്ന സ്വപ്നജീവികളെ സവിശേഷമായി ഉണർത്തുന്ന മന്ത്രമാണിതു്.

ഉപജീവനത്തിനുള്ള വ്യവഹാര വൃത്തികളും, നിത്യ—നൈമിത്തിക കർമ്മങ്ങളും കർമ്മയോഗമായി പരിവർത്തനപ്പെടുത്തണം പൂർണ്ണജീവിതത്തിന്നു്. അതിന്നു് നിസ്സാരമായി തള്ളുന്ന ബാഹ്യവൃത്തികൾ പോലും സദാചാരനിഷ്ഠമാവണം. ആന്തരീകമായി വൈരാഗ്യ വിവേകങ്ങളും ത്യാഗോജ്ജ്വലമായ യജ്ഞ—ഈശ്വരാർപ്പണഭാവവും വികസിക്കണം. ചുരുക്കത്തിൽ വിചാരശുദ്ധി, വാക്കു്ശുദ്ധി, കർമ്മശുദ്ധി—ഇവ മൂന്നും സംയോജിച്ചു കൊണ്ടുള്ളതാണു് ഈശ്വരോപാസനമെന്ന കർമ്മം. അതാണു് മോക്ഷോപായങ്ങൾ ഉദ്ബോധിപ്പിച്ച ഭഗവാൻ ശ്രീകൃഷ്ണൻ ക്ഷേത്രാരാധനതൊട്ടു് നിത്യകർമ്മധർമ്മങ്ങളും അരുൾ ചെയ്തതു്. വ്യഷ്ടി—സമഷ്ടി മണ്ഡലങ്ങളിലെല്ലാം പ്രേരണ ഉൾക്കൊള്ളത്തക്കവിധം ഭഗവാൻ അവ സ്വയം ആചരിച്ചു കാട്ടുകയും ചെയ്തു. പ്രാകൃതരായ

ഗോകുലവാസികൾതൊട്ട് ബ്രഹ്മാവ്വരെ ജന്മംകൊണ്ടും വർഗ്ഗ—സംസ്കാരഭേദങ്ങൾ നിമിത്തവും കാലദേശ വ്യത്യാസങ്ങൾ കാരണവും ധ്രുവാന്തരങ്ങളോളം അകൽച്ചതോന്നിക്കുന്ന എല്ലാവിഭാഗങ്ങൾക്കും ശ്രീകൃഷ്ണൻ സ്വന്തമായിരുന്നു. പതിനാറായിരത്തിഎട്ട് പട്ടമഹിഷികളുടെ ഓരോ പ്രത്യേക ഗൃഹത്തിലും ശ്രീകൃഷ്ണൻ മാതൃകാഗൃഹസ്ഥനായിരുന്നു. അതേസമയം നാരദാദി മഹർഷിമാരുടെ മുന്നിൽ യോഗയോഗേശ്വരനുമായിരുന്നു. ഇതു ഭഗവാന്റെ അവതാര മാഹാത്മ്യമാണ്. എന്നാൽ മനുഷ്യസമുദായത്തിൽ ഏതു നിലയിൽ ജീവിക്കുന്നജീവനും പവിത്രമായി ലക്ഷ്യപ്രാപ്തി നേടാൻതക്കവിധം ആ കരുണാമൂർത്തി മാർഗ്ഗനിർദ്ദേശം നല്കുകയും ചെയ്തു. ദ്വാരകനാഥനും ഭരണകർത്താവുമായ ശ്രീകൃഷ്ണഭഗവാന്റെ ദിനചര്യനിഷ്ഠ ഓർക്കുമ്പോൾ ഒരു സാധാരണ മനുഷ്യൻ നിത്യകർമ്മങ്ങളിൽ എത്രത്തോളം ശ്രദ്ധിക്കണമെന്ന് ബോദ്ധ്യപ്പെടും. ശ്രീമദ്ഭാഗവതം ദശമസ്കന്ധം 70—ാം അദ്ധ്യായത്തിൽ പറയുന്നു:—

ബ്രാഹ്മേ മുഹൂർത്ത ഉത്ഥായ വാര്യുപസ്പൃശ്യ മാധവ:
ദധ്യൗ പ്രസന്നകരണ ആത്മാനം തമസ:പരം
ഏകം സ്വയം ജ്യോതിരനന്യമവ്യയം
സ്വസംസ്ഥയാ നിത്യനിരസ്ത കല്മഷം

ബ്രഹ്മാഖ്യമസ്യോത്ഭവനാശഹേതുഭി:
സ്വശക്തിഭിർല്ലക്ഷിതഭാവനിർവൃതിം
അഥാപ്ലുതോംഭസ്യമലേ യഥാവിധി
ക്രിയാകലാപം പരിധായ വാസസീ

ചകാര സന്ധ്യോപഗമാദി സത്തമോ
ഹുതാനലോ ബ്രഹ്മ ജജാപ വാഗ്യത:

ഉപസ്ഥായാർക്കമുദ്യന്തം തർപ്പയിത്വാത്മന: കലാ:
ദേവാനൃഷീൻ പിതൄൻ വൃദ്ധാൻ വിപ്രാനഭ്യർച്ച്യചാത്മവാൻ

....................................................................

ഗോ വിപ്രദേവതാ വൃദ്ധ ഗുരൂൻ ഭൂതാനി സർവ്വശ:
നമസ്കൃത്യാത്മസംഭൂതീർമ്മംഗലാനി സമസ്പൃശത്

....................................................................

ഗൃഹീത്വാ പാണിനാ പാണീ സാരഥേസ്തു മഹാരഥൽ
സാത്യകൃദ്ധവസംയുക്ത: പൂർവ്വാദ്രിമിവ ഭാസ്കര:

ശ്രീകൃഷ്ണൻ ബ്രാഹ്മമുഹൂർത്തത്തിൽ എഴുനീററിട്ട് ജലത്തെ ഉപസ്പർശിച്ചിട്ട് പ്രസന്നമായ അന്ത:കരണത്തോടുകൂടിയവനായിട്ട് അജ്ഞാനത്തിൻെറ അപ്പുറത്തിരിക്കുന്ന ആത്മാവിനെ ധ്യാനിച്ചു. രണ്ടില്ലാത്തതായും സ്വയമേവ വിളങ്ങുന്നതായും അന്യത്തോടു കൂടാത്തതായും നാശരഹിതമായും പ്രകൃത്യാതന്നെ നിത്യേന നിരസിക്കപ്പെട്ട അവിദ്യ സംബന്ധത്തോടുകൂടിയതും കാണപ്പെടുന്ന ഈ ലോകത്തിൻെറ ഉല്പത്തിയ്ക്കും നാശത്തിനും കാരണമായിരിക്കുന്ന സ്വന്തം ശക്തികളാൽ രക്ഷിക്കപ്പെട്ട ഭാവത്തോടും നിർവ്വൃതിയോടുംകൂടിയതും ബ്രഹ്മം എന്ന പേരോടുകൂടിയതുമായ ആത്മാവിനെ ധ്യാനിച്ചു. ഇങ്ങനെ ധ്യാനിച്ചശേഷം ശുദ്ധജലത്തിൽചെന്ന് സ്നാനംചെയ്തു ഒരു വസ്ത്രം ഉത്തരീയമായി ധരിച്ചു മറെറാന്നിനെ ഉടുത്തു. സന്ധ്യാവന്ദനം മുതലായ കർമ്മങ്ങളെ ക്രമമായിചെയ്തു. സജ്ജനങ്ങൾ അനുസരിക്കേണ്ട വിധത്തിൽ വാക്കുകളെ അടക്കിക്കൊണ്ടു് അഗ്നിഹോത്രം ചെയ്തു കർമ്മാവസാനത്തിൽ ഗായത്രിമന്ത്രത്തെ ജപിച്ചു. ഉദിച്ചുവരുന്ന സൂര്യനെ നോക്കിനിന്നു അർഘ്യംകൊടുത്തു. അനന്തരം പരമാത്മാവായ തൻെറ അംശഭൂതന്മാരായ ദേവന്മാരെയും ഋഷികളേയും പിതൃക്കളേയും വൃദ്ധബ്രാഹ്മണരേയും യഥാവിധി

പൂജിച്ചു. പിന്നെ പ്രതിദിനം ശ്രീകൃഷ്ണഭാര്യമാരുടെ എല്ലാ ഗൃഹങ്ങളിലും ഭഗവാൻ ഇരുന്നു പശുദാനം ചെയ്കയുണ്ടായി. ബ്രാഹ്മണർക്ക് അലങ്കാരങ്ങൾകൊടുത്തു അവരെ അലങ്കരിപ്പിച്ചു നിർത്തിയശേഷം കൊമ്പുകളിലും കുളമ്പുകളിലും സ്വർണ്ണവും വെള്ളിയും കെട്ടി മുത്തുമാലകളെ കഴുത്തിൽ ധരിപ്പിച്ചു ധാരാളം പാൽ കറക്കുന്നവയും സ്വഭാവഗുണമുള്ളവയും കടിഞ്ഞിൽ പെററവയും കുട്ടികളോടുകൂടിയവയുമായ 13084 പശുക്കളെ എല്ലാ ദിവസവും ശ്രീകൃഷ്ണൻ വെള്ള വസ്ത്രങ്ങളോടും കൃഷ്ണമൃഗചർമ്മങ്ങളോടും എള്ളോടുംകൂടെ ദാനം ചെയ്തു. ഗോബ്രാഹ്മണർ, ദേവതകൾ, വൃദ്ധന്മാർ, ഗുരുജനങ്ങൾ എന്നിവരെയും ശ്രേഷ്ഠഭൂതങ്ങളെയും നമസ്കരിച്ചിട്ട് തൻെറ തന്നെ വിഭൂതികളായിരിക്കുന്ന മംഗള പദാർത്ഥങ്ങളെ സ്പർശിച്ചു. അതിനുശേഷം ഈ ഭൂലോകത്തിനു അലങ്കാരമായിരിക്കുന്ന സ്വശരീരത്തെ ഭഗവാൻ പീതാംബരാദി സ്വകീയ വസ്ത്രങ്ങൾകൊണ്ടും കൗസ്തുഭം മുതലായ ആഭരണങ്ങൾകൊണ്ടും വനമാല മുതലായ മാലകൾകൊണ്ടും കുറിക്കൂട്ടുകൊണ്ടും അലങ്കരിച്ചു.

കർമ്മങ്ങൾക്കുശേഷം ശ്രേഷ്ഠപദാർത്ഥങ്ങളെ നോക്കണമെന്ന സ്മൃതിവാക്യമനുസരിച്ച് നെയ്യ്, കണ്ണാടി, പശു, കാള, ബ്രാഹ്മണൻ, താനുപാസിക്കുന്ന ദേവതാമൂർത്തി ഇവയെ ആലോകനം ചെയ്തശേഷം എല്ലാ വർണ്ണാശ്രമികൾക്കും അന്തേവാസികൾക്കും ആവശ്യങ്ങൾ സാധിച്ചുകൊടുത്തു സന്തോഷിപ്പിക്കുകയും തന്നെത്താൻ ഏററവും സന്തോഷിക്കുകയും ചെയ്തു. ബ്രാഹ്മണർ, സുഹൃത്തുക്കൾ, പ്രജകൾ, ഭാര്യമാർ എന്നിവർക്ക് യഥാക്രമം മാല, താംബൂലം, ചന്ദനം മുതലായവ വിഭജിച്ചു കൊടുത്തശേഷം താനും അവ സ്വീകരിച്ചു. എല്ലാവരെയും

സന്തോഷിപ്പിച്ചുതാനും ഭോജനാദികൾചെയ്തിരിയ്ക്കുമ്പോൾ സാരഥി ശൈബ്യം, സുഗ്രീവം, മേഘപുഷ്പം, വലാഹകം എന്നീ പേരുകളുള്ള നാലു കുതിരകളെ പൂട്ടിയ ഭഗവാന്റെ പരമാത്ഭുതമായ രഥം തെയ്യാറാക്കി ഭഗവൽ സന്നിധിയിൽവന്നു നമസ്കരിച്ചു നിന്നു. സാരഥിയോടുള്ള അതിവാത്സല്യത്തെ സൂചിപ്പിക്കുംവിധം അദ്ദേഹത്തിന്റെ ഇരുകരങ്ങളും പിടിച്ച് അടുപ്പിച്ച് സാത്യകിയോടും ഉദ്ധവരോടുംകൂടെ ചേർന്നു ഭഗവാൻ സൂര്യൻ ഉദയപർവ്വതത്തിൽ കരേറുന്നതുപോലെ തേരിൽ കരേറി. (ഭാഗവതം 10–70 –4 മു 16 വരെ)

ഓരോ കർമ്മവും യജ്ഞാർത്ഥമായി ചെയ്തുകൊണ്ട് ഈശ്വരോപാസന അനുഷ്ഠിക്കുവാൻ ഏതൊരു പാമരനും പാവപ്പെട്ടവനും പ്രായോഗികമാണെന്നും സുഖാനുഭവം പൊതുസ്വത്താണെന്നും ഭഗവല്ലീലകളിൽ പ്രകാശിപ്പിച്ചിട്ടുണ്ട്. ആരായാലും പ്രവൃത്തിയിലൂടെ നിവൃത്തിയിലെത്തേണ്ടതായിട്ടുണ്ട്. അതിന്നാദ്യം ത്രികരണശുദ്ധിയും ഈശ്വരാർപ്പണഭാവവും കഷ്ടപ്പെട്ടും സമ്പാദിച്ചേ പറ്റൂ. അതാണ് പരമാചാര്യനായ ശ്രീകൃഷ്ണൻകൂടി കർമ്മം ചെയ്തു കാട്ടിത്തന്നത്.

---

1977 ജനുവരി ഫെബ്രുവരി "ക്ഷേത്രപത്രിക" യിൽ പ്രസിദ്ധപ്പെടുത്തിയത്.

# 22
# 'യതോധർമ്മസ്തത:കൃഷ്ണോ യത: കൃഷ്ണസ്തതോ ജയ:'

ഒരു ഗൃഹത്തിൻെറ ഉടമസ്ഥന്ന തൻെറ സ്വന്ത ഗൃഹത്തിലുള്ള സകല ദ്രവ്യങ്ങളും എങ്ങനെ സ്വാധീനമായിരിക്കുന്നുവോ അതുപോലെ ബ്രഹ്മാണ്ഡത്തിലിരിക്കുന്ന സകല വസ്തുക്കളും ബ്രഹ്മാണ്ഡസ്വാമിയായിരിക്കുന്ന ഭഗവാന്ന് പ്രാപ്തമായിത്തന്നെയിരിക്കുന്നു. ഒന്നും തന്നെ അവിടുത്തേക്കു പ്രാപിക്കപ്പെടേണ്ടതായിട്ടില്ല. ഇപ്രകാരം മഹാഭാഗ്യവൈരാഗ്യജ്ഞാന സമൃദ്ധനാണെങ്കിലും ഭഗവാൻ ലോക സംഗ്രഹാത്മകമായിരിക്കുന്ന കർമ്മത്തിൽ പ്രവർത്തിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു.

''അല്ലയോ അർജ്ജുനാ! മൂന്നുലോകങ്ങളിലും എനിക്കു ചെയ്യേണ്ടതായിട്ടൊന്നുമില്ല. എന്തെന്നാൽ പ്രാപിക്കേണ്ടതായിട്ടുള്ളതിനെ ഞാൻ പ്രാപിക്കാതിരുന്നിട്ടില്ല. എങ്കിലും ഞാൻ കർമ്മത്തിൽ തന്നെ പ്രവർത്തിക്കുന്നു''.

(ഭഗവദ്ഗീത—3.22)

അക്ഷരമാല പഠിക്കാത്തവൻ വിദ്വാനെപ്പോലെ എഴുതാൻ ശ്രമിച്ചാൽ പററുമോ? സാമാന്യധർമ്മമറിയാതെ പരമ ധർമ്മജ്ഞനെ അനുകരിക്കുന്നതെങ്ങിനെ? ശ്രേഷ്ഠൻെറ മാർഗ്ഗത്തെ അർഹത നേടാത്തവൻ അനുവർത്തിച്ചാൽ കാര്യം നേരെയാവില്ല. അതിനാൽ മനുഷ്യരൂപമെടുത്ത ഭഗവാൻ മനുഷ്യർക്കുവേണ്ടി സ്വയം കർമ്മം ചെയ്യുന്നതായി, ധർമ്മാചരണ നിഷ്ഠനായി കാട്ടിത്തരുന്നു.

എന്നാൽ ഒരു പരമജ്ഞാനിയെ അഥവാ അവതാര പുരുഷനെ സംബന്ധിച്ചിടത്തോളം ജനങ്ങൾക്ക അനുകരിക്കാവുന്നതും അനുകരിക്കാനാവാത്തതുമായ കർമ്മങ്ങൾ ഉണ്ടായിരിക്കും. അതറിയാനുള്ള തിരിച്ചറിവെങ്കിലും മനുഷ്യർക്കു കൂടിയേ തീരൂ. സ്വാർത്ഥത്തിൽ ഊന്നിനിന്നുകൊണ്ടു് പരമാർത്ഥം പ്രവചിക്കുന്നവർ മൂടുപറിഞ്ഞു് വീഴുന്നതും, സാമാന്യധർമ്മം പോലും അനുഷ്ഠിക്കാതെ പരമധർമ്മജ്ഞനായി പ്രകടനം ചെയ്യുന്നവർ പരിഹാസപാത്രമായിത്തീരുന്നതും, പ്രായോഗിക ജീവിതത്തിലില്ലാത്ത വേദാന്തവക്താക്കൾ നിമിത്തം വേദാന്തം അവഗണിക്കപ്പെടുന്നതും ഉദാഹരണങ്ങളാണ്. വ്യാവഹാരിക ജീവിതത്തിൽ മുഴുകിയിരിക്കുന്നവരുടെ പ്രശ്നങ്ങൾ പോകട്ടെ, സന്യാസിമാരും വേദാന്തികളും ഉൾപ്പെടെ ആദ്ധ്യാത്മിക മണ്ഡലത്തിൽ ജീവിക്കുന്ന പലരിലും ഉഭയ വീഴ്ചകളും അസ്വസ്ഥതകളും കാണാം. കാരണം സാമാന്യധർമ്മ നിഷ്ഠയുടെ അഭാവവും അജ്ഞതയും തന്നെ. സാമാന്യധർമ്മ ബോധത്തിനുള്ള സാമാന്യ സഹിഷ്ണുതയും വിവേകവും, വിനയവും ഇല്ലെങ്കിൽ "ഹാകഷ്ടം" എന്നല്ലാതെ എന്തു പറയേണ്ടൂ?

ഭഗവാൻശ്രീകൃഷ്ണന്റെ അവതാരജീവിതത്തിൽ സാമാന്യധർമ്മം, പരമധർമ്മം—എല്ലാം സമഞ്ജസമായി സമ്മേളിച്ചിരിക്കുന്നതുകൊണ്ടാണ് പൂർണ്ണാവതാരമെന്നു വിശേഷിപ്പിച്ചിരിക്കുന്നതു്. "ശ്രീകൃഷ്ണസ്തുഭഗവാൻസ്വയം" ആയിരുന്നിട്ടു കൂടി ഭഗവാന്റെ സാമാന്യദിനചര്യകൾ കണ്ടറിയാൻ ദേവലോകത്തു നിന്നു നാരദാദിഋഷിമാരും വന്നിരുന്നു

വത്രേ. ശ്രീകൃഷ്ണൻ ബ്രാഹ്മമുഹൂർത്തത്തിൽ എണീററു ദിനചര്യകരം അനുഷ്ഠിക്കുന്നതിനെപ്പററി മഹാഭാഗവതത്തിലും മഹാഭാരതത്തിലും മററും മനോഹരമായി വർണ്ണിച്ചിട്ടുണ്ടു്. ജപതപഹോമാദി അനുഷ്ഠാനങ്ങളും നിത്യേന വിധിയാംവണ്ണം നിർവ്വഹിച്ചിരുന്നതോടൊപ്പം ദ്വാരകനാഥൻ (രാജാവു്) എന്ന നിലയിൽ രാജധർമ്മങ്ങളും പാലിച്ചിരുന്നു. അതേ സമയം അമാനുഷമായ അദ്വയബ്രഹ്മഭാവത്തിലും ദർശനമരുളിക്കൊണ്ടിരുന്നു. പതിനാറായിരത്തിയെട്ടു് ഭാര്യമാരും സന്താനങ്ങളും ഉണ്ടായിട്ടും ബ്രഹ്മചാരിയായിരിക്കുക! ഗോവർദ്ധനോദ്ധാരണം, ബ്രഹ്മാവിനെയും തലകുനിപ്പിക്കുമാറു് സൃഷ്ടിസംവിധാനം, വിശ്വരൂപദർശനം എന്നിങ്ങനെ അവതാരസഹജമായ കർമ്മങ്ങരം എല്ലാവർക്കും അനുകരിക്കാനാവില്ല.

പ്രാഗ്ജ്യോതിഷത്തിൽ ചെന്നു നരകാസുരനെ വധിച്ചപ്പോരം അയാരം അപഹരിച്ചു് അടച്ചിട്ടിരുന്ന പതിനാറായിരം രാജകുമാരിമാർ വിമോചിതരായി. അനാഥരായിത്തീർന്ന അവരുടെ പ്രാർത്ഥനപ്രകാരം ആ രാജകുമാരിമാരെ ഭഗവാൻ വേരംക്കുകയും ഓരോരുത്തരുടേയും ഹിതാനുസരണം രാജോചിതമായ കുടുംബജീവിതം നടത്തുകയും ചെയ്യുന്നു. ഭഗവാൻെറ അൽഭുതലീലകളിൽ മുഗ്ദ്ധനായ ദേവർഷി, ശ്രീകൃഷ്ണൻെറ ഗൃഹസ്ഥാശ്രമലീല ദർശിക്കുവാനും ഭൂമണ്ഡലത്തിലേക്കിറങ്ങി വന്നു. ദ്വാരകയിൽ പതിനാറായിരത്തിയെട്ടിൽ പരം സുസജ്ജീകരണയുക്തമായ ശ്രീകൃഷ്ണമന്ദിരങ്ങരം കണ്ടു. ഓരോ ഭവനത്തിലും നാരദർ സന്ദർശിച്ച

സമയമനുസരിച്ച ഗൃഹാശ്രമ കർമ്മത്തിൽ വ്യാപൃതനായ ശ്രീകൃഷ്ണനെ ദർശിച്ചു. ശ്രീകൃഷ്ണന്റെ നിജ സ്വരൂപമറിഞ്ഞ ശ്രീനാരദൻ അവസാനം അൽഭുത പരവശനായി ഭഗവാനെ സ്തുതിച്ചു:— യോഗേശ്വരനായ ഭഗവാനെ! അവിടത്തെ യോഗമായ ബ്രഹ്മാണ്ഡ മായാവിമാരായ ബ്രഹ്മാദികൾക്കു പോലും അഗമ്യമത്രെ; എന്നാൽ അങ്ങയെ ശരണം പ്രാപിച്ചിരിക്കുന്ന ഞങ്ങളുടെ മുമ്പിൽ അതു പ്രകടിതരൂപത്തിൽ കാണുന്നു; അതിനെ ഞങ്ങൾ കണ്ടറിഞ്ഞു; ദേവദേവേശ! ത്രിഭുവനങ്ങളും അങ്ങയുടെ യശസ്സു കൊണ്ടു് പൂർണ്ണമായിരിക്കുന്നു. ഇനി ഈയുള്ളവനെ സർവ്വ ജഗത്തിലും അങ്ങയുടെ ലീലാമൃതഗാനം ചെയ്തുകൊണ്ടു് സഞ്ചരിക്കുവാൻ അനുഗ്രഹിച്ചാലും".

ശ്രീകൃഷ്ണഭഗവാൻ അരുൾ ചെയ്തു:— നാരദ മുനേ! ധർമ്മോപദേശകനും, ഉപദേശാനുസരണം ആചരിക്കുന്നവനും ധർമ്മാനുഷ്ഠാനം ചെയ്യുന്നവരെ അനുമോദിക്കുന്നവനും ഞാൻ തന്നെ. സ്വയം ധർമ്മം ആചരിച്ചുകൊണ്ടു് ജനങ്ങൾക്കു് ധർമ്മമാർഗ്ഗം തെളിയിച്ചു കൊടുക്കുന്നു. വൽസ, നാരദ! എന്റെ മായയാൽ നീ മോഹവശനാകാതിരിക്കട്ടെ. (ഗൃഹസ്ഥിയെന്ന നിലയിൽ) ഞാൻ നിന്റെ പാദപൂജ ചെയ്തതിൽ വിഷാദിക്കേണ്ടതില്ല".

ബ്രഹ്മൻ ധർമ്മസ്യ വക്താഹം കർത്താ തദനുമോദിതാ
തച്ഛിക്ഷയംല്ലോകമിമമാസ്ഥിത; പുത്രമാഖിദ:
(ഭാഗവതം 10–69–40)

ശ്രീകൃഷ്ണാർജ്ജുന സംവാദരൂപമായ ഭഗവൽ ഗീതയുടെ അന്ത്യത്തിൽ "ധർമ്മ്യം സംവാദം" (ധർമ്മ

മാർഗ്ഗത്തിൽ നിന്നു തെറ്റാത്ത സംവാദം) എന്നാണതിനെ ഭഗവാൻ നിർവ്വചിച്ചിരിക്കുന്നതു്. ഗീതയിൽ ഭക്തിയോഗോപദേശത്തിലും അതിനെ "ധർമ്മ്യാമൃതം" (ധർമ്മമായ അമൃതം അഥവാ ധർമ്മ്യമായ മോക്ഷസാധനം) എന്നു വിശേഷിപ്പിച്ചിരിക്കുന്നു. "ധർമ്മസംസ്ഥാപനാർത്ഥായ സംഭവാമി" (ധർമ്മസംസ്ഥാപനത്തിന്നായി ഭഗവാൻ അവതരിക്കുന്നു) എന്ന തത്വം യഥോക്തം ധരിക്കാൻ സാധിച്ചിട്ടില്ലെങ്കിലും നിരാശപ്പെടേണ്ട. ശാസ്ത്രപഠനത്തിനും, ദാനയജ്ഞാദി കർമ്മങ്ങൾക്കും ഭാഗ്യമില്ലാത്തവർക്കു സമ്പൂർണ്ണശരണാഗതി കൊണ്ടു് പരമമായ ലക്ഷ്യം പ്രാപിക്കാമെന്നു— "സർവധർമ്മാൻ പരിത്യജ്യമാമേകം ശരണം വ്രജ"—ആഹ്വാനം ചെയ്യുന്നു. ഇവിടെ ധർമ്മവും അധർമ്മവും ഉൾപ്പെട്ട എല്ലാവിധ കർമ്മങ്ങളും മനസാ വാചാ കർമ്മണാ ഭഗവാങ്കൽ സമ്പൂർണ്ണമായി സമർപ്പിച്ചുകൊണ്ടുള്ള ശരണാഗതി ഭക്തിയാണു് വിവക്ഷ. പക്ഷെ ശാസ്ത്രപാണ്ഡിത്യവും സമ്പത്തും മറ്റും കരസ്ഥമാക്കീട്ടുള്ളവർക്കു പ്രായേണ പ്രയാസമേറിയ പന്ഥാവാണിതു്. അതുപോലെ തന്റേതായിഇപ്പുറത്തതൊന്നുമില്ലെങ്കിലും ആർത്തരും അർത്ഥാർത്ഥികളുമായിരിക്കുന്നവർക്കും സമ്പൂർണ്ണശരണാഗതി എന്ന രാജപാതയിൽ ചെന്നെത്താൻ സ്വയം ക്ളേശാനുഭവങ്ങൾ സഹിച്ചേപററൂ. ഭഗവാങ്കൽ അടിപതറാത്ത വിശ്വാസവും സർവ്വസംഗപരിത്യാഗവുമാണു് ക്ളേശാനുഭവങ്ങൾക്കു പോംവഴി.

ഭഗവാൻ ശ്രീകൃഷ്ണൻ ധർമ്മ സ്വരൂപനും പരമാത്മാവും ആകുന്നു. സത്യം അറിയാനും ധർമ്മനിഷ്ഠ വേണം. അസംഖ്യ ഗുണഗണങ്ങളുടെ മൂർത്ത രൂപമായിരിക്കെ നിർഗ്ഗുണനും നിരുപാധികനുമായി ശ്രീകൃഷ്ണനെ ദർശിച്ചവരാണ് ഋഷിമാരും ഭക്തകോടികളും. എല്ലാ അവതാരങ്ങളുടെയും പൂർണ്ണത–മൂലസ്വരൂപം–ഷഡൈശ്വര്യസമ്പന്നനും, സത്ചിദാനന്ദനിത്യവിഗ്രഹനും, സർവേശ്വരനും, സർവലോകമഹേശ്വരനും, നിർഗ്ഗുണനും, നിരാകാരനും, സർവാതീതനും, സർവമയനും, സർവാത്മാവും, പരമാത്മാവുമായ ആ പുരുഷോത്തമനിൽ ദശിച്ചവരാണ്. ത്രികാലജ്ഞാനികളായ ത്രിമൂർത്തികളും ഋഷീശ്വരന്മാരും ആ ജഗദീശ്വരൻ തന്നെ ഇതാ മനുഷ്യരായ നമ്മുടെ സമുദ്ധാരണാർത്ഥം. കരുണാമൂർത്തിയായി, ധർമ്മസംസ്ഥാപന സ്വരൂപനായി, ദേവകീ–വസുദേവ പുത്രനായി, നന്ദ–യശോദ ശിശുവായി ഭൂജാതം ചെയ്തു. ഗോപാലകന്മാരുടെ പ്രാണപ്രിയനായ തോഴൻ, ഗോപാംഗനമാരുടെ പ്രേമാസ്പദമായ പ്രാണ വല്ലഭൻ, കൗതുക പ്രിയനായ ബാലകൻ, സംഗീത–വാദ്യ നൃത്യാദി കലകളുടെ ആചാര്യൻ, രുഗ്മിണി-സത്യഭാമാദി ആയിരക്കണക്കിനു പതിവ്രതകളുടെ ആരാധ്യനായപതി, ദീനരും ദുഃഖിതരും ആലംബഹീനരുമായവരുടെ ആശ്രയം, പ്രേമികളുടെ പ്രേമാശ്രയം ഭക്തന്മാരുടെ ഭക്തവത്സലൻ, ഭക്തപ്രിയൻ, ഭക്തപരാധീനൻ ഭക്തവാഞ്ഛാകല്പതരു, വർദ്ധമാനമയമായ നിത്യമിത്രൻ, വിനോദപ്രിയൻ, വിചിത്രസാരഥി, മഹാരഥന്മാരുടെ മഹാരഥി അനുപമയോദ്ധാവ്, സമരനീതിയുടെ ആചാര്യൻ, സർവശാസ്ത്രാസ്ത്രസമ്പന്നൻ; മഹാബാഹു, സത്യ വിദ്യവിശാരദൻ, രാജ്യതന്ത്രനിപുണൻ, ബുദ്ധിമാന്മാരിൽ മഹാബുദ്ധിമാൻ, പരമചതുരൻ, നീതി

നിപുണൻ, ആദർശനിഷ്ക്കാമകർമ്മയോഗി, മഹാജ്ഞാനി, പരമതപസ്വി, പരമയോഗി, യോഗീശ്വരേശ്വരൻ, യോഗേശ്വരേശ്വരൻ, വേദജ്ഞൻ, വേദമയൻ, ദയാമയൻ, കരുണാമയൻ, പ്രേമമയൻ, പുണ്യമയൻ, ന്യായമയൻ, ക്ഷമാശീലൻ, പരമസുശീലൻ, നിരപേക്ഷൻ, സ്പഷ്ടവാദി, സത്യവാദി, പരമവാഗ്മി, പരമോപദേശകൻ, ജനനായകൻ, ലോകഹിതൈഷി, സർവഭൂതഹിതൈഷി, മമതാരഹിതൻ, അഹങ്കാരരഹിതൻ, കാമനാരഹിതൻ, ആസക്തിരഹിതൻ, വിശുദ്ധചരിതൻ, ശിഷ്ടപാലകൻ, ദുഷ്ടനാശകൻ, അസുരസംഹാരി, ഗോപാലകൻ, പശുപക്ഷികളുടെയും പ്രകൃതിയുടെയും പ്രേമി, പ്രകൃതിയുടെ സ്വാമി, പ്രകൃതിനടനത്തിൻെറ സൂത്രധാരൻ, മഹാമായാവി, മായയുടെ അധീശ്വരനും നിയാമകനും, ഭീഷണങ്ങളുടെ ഭീഷണൻ, പരമസുന്ദരൻ, പരമമധുരമന്ദസ്മേര മുരളീധാരി—ഇത്യാദി അസംഖ്യം ഗുണഗണദ്വാരാ ധർമ്മം രക്ഷിക്കുകയും സ്ഥാപിക്കുകയും ചെയ്യുന്നു.

നശ്വരകാമോപഭോഗതല്പരരായ ബുദ്ധി - വ്യക്ത്യാഭാസ ജീവികളുടെ അഹന്ത നേരത്തേ കണ്ടുകൊണ്ടുതന്നെ ഭഗവാൻ ശ്രീകൃഷ്ണൻ അരുാംചെയ്യുന്നു - പരമാത്മാവായും ആകാശം പോലെയും ആകാശത്തിനേക്കാളുമന്തരമായും സർവഭൂതങ്ങാംക്കമാത്മാവായും മഹേശ്വരനായുമിരിക്കുന്ന എൻെറ പ്രകൃഷ്ടമായിരിക്കുന്ന ഭാവത്തെ—പരമതത്വത്തെ അറിയാതെ അവിവേകികളായ മൂഢന്മാർ എന്നെ മനുഷ്യദേഹത്തെ സ്വീകരിച്ച് ലോകത്തിൽ (തങ്ങളുടെ കൂട്ടത്തിൽ ദേഹാഭിമാനത്തോടുകൂടി) പെരുമാറുന്നവനായി അപമാനിക്കുന്നു. ഇങ്ങനെ എന്നെ പിന്നെയും നിന്ദിക്കുന്നതുകൊണ്ട് നിസ്സാരന്മാരായ അവർ നഷ്ടപ്രായന്മാ

രായിത്തീരുന്നു! നിഷ്ഫലമായ (നേരല്ലാത്ത) ആശയോടുകൂടിയവരും നിഷ്ഫലമായ ധർമ്മങ്ങളോടുകൂടിയവരും നിഷ്ഫലമായ ജ്ഞാനത്തോടുകൂടിയവരും അവിവേകികളുമായിട്ടുള്ളവർ താമസമായും രാജസമായും ബുദ്ധിഭ്രംശത്തെ ഉണ്ടാക്കുന്നതുമായിരിക്കുന്ന സ്വഭാവത്തെ ആശ്രയിച്ചവരായി ഭവിക്കുന്നു,

(ഭഗവൽഗീത–9–11-, 11)

ധർമ്മം അറിഞ്ഞു് ആചരിച്ചു് സ്വയം ധർമ്മാത്മാവായിത്തീരുമ്പോഴാണു് ധർമ്മരക്ഷകനും ധർമ്മസ്ഥാപകനും ധർമ്മസ്വരൂപനുമായ ശ്രീകൃഷ്ണഭഗവാന്റെ സാക്ഷാത്കാരം സിദ്ധിക്കുക. ധർമ്മമാകട്ടെ സർവത്തെയും ധാരണം ചെയ്യുന്ന നിയാമകശക്തിയത്രെ. വിശേഷരൂപത്തിൽ മനുഷ്യരെ ധാരണം ചെയ്യുന്ന ഈ മഹത്തായ ധർമ്മത്തിനു പ്രണാമം—അഥവാ ധർമ്മസ്വരൂപനായ ഭഗവാങ്കൽ ശരണാഗതരായി ധർമ്മനിഷ്ഠരായി മനുഷ്യജീവിതം ധന്യമാക്കുവിൻ എന്നു് ശ്രീവേദവ്യാസൻ അരുൾചെയ്യുന്നു.

നമോ ധർമ്മായ മഹതേ ധർമ്മോ ധാരയതി!
യത സ്യാദ് ധാരണായുക്തം സധർമ്മ ഇത്യുദാഹൃതാ:

അതുകൊണ്ടു്, കർത്തവ്യകർമ്മത്തിന്റെ പേരിൽ അധർമ്മപക്ഷത്തിൽ ചേർന്നുപോയ ദ്രോണാചാര്യർ അവസാനം ധർമ്മപുത്രരോടു് ഉപദേശിച്ചു:— "എവിടെ ധർമ്മമുണ്ടോ, അവിടെ ഭഗവാൻ ശ്രീകൃഷ്ണൻ വിരാജിക്കുന്നു; ശ്രീകൃഷ്ണ സാന്നിദ്ധ്യം ഉള്ളേടത്തു വിജയവും സുനിശ്ചിതമാകുന്നു."

യതോധർമ്മസ്തതഃ കൃഷ്ണോ
യതഃ കൃഷ്ണസ്തതോ ജയഃ

(മഹാഭാരതം 43–60)

---

1975 ആഗസ്റ്റ് 'ലോകശാന്തി' മാസികയിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 23 ഗോപാഷ്ടമിയും ഗോരക്ഷയും

ഭാരതത്തിൽ അനാദികാലം മുതല്ക്ക് പശുവിനു് ധാർമ്മികവും സാംസ്കാരികവുമായ മഹത്വമാണ് നൽകീട്ടുള്ളതു്. പശുവംശത്തിൽനിന്നുള്ള സാമ്പത്തികനേട്ടങ്ങളെമാത്രം കണക്കാക്കിയല്ല, ഇന്നാട്ടിൽ പശുസംരക്ഷണം നടത്തിവരുന്നതെന്നു താല്പര്യം. ഈയൊരടിസ്ഥാനത്തിലാണ് ഗോഹത്യാനിരോധന സമിതി 'ഗോപാഷ്ടമി' വാരമാഘോഷിക്കുവാൻ തീരുമാനിച്ചിട്ടുള്ളതു്. ഗോവധങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ടു് സാമ്പത്തികദൃഷ്ട്യാ മാത്രം ഗോസംവർദ്ധനവാരമാഘോഷിയ്ക്കുന്ന പരിപാടി ഓട്ടപ്പാത്രത്തിൽ വെള്ളംനിറക്കാൻ ശ്രമിക്കുന്നതുപോലെ നിരർത്ഥകവും ബുദ്ധിശൂന്യവുമാണ്.

## ഗേപാഷ്ടമി

ഭാരതീയ ജീവിതവീക്ഷണത്തിൽ ധർമ്മത്തിനാണ് പ്രധാനവും പ്രഥമവുമായ സ്ഥാനം കല്പിച്ചിട്ടുള്ളതു്. സമ്പത്തു് ധർമ്മവളർച്ചക്കു് ഉപകരിക്കണം; അഥവാ സമ്പത്സമൃദ്ധി ധർമ്മപോഷണത്തിനുപയുക്തമാവണം. ധനം അത്യാവശ്യമാണ്; അതു് ധാർമ്മിക ജീവിതത്തിന്നുമത്രേ. ഈ ദേശീയാദർശപ്രകാരം വേദങ്ങളിൽ പ്രത്യേകിച്ചും അഥർവ്വ വേദത്തിൽ പശുവംശത്തെ ദേവസമാനമായി പ്രകീർത്തിച്ചിട്ടുണ്ടു്. വേദങ്ങൾക്കുശേഷം പുരാണേതിഹാസങ്ങളിലും മററു പുണ്യഗ്രന്ഥങ്ങളിലും ഗോവംശരക്ഷയെക്കുറിച്ചു് ഊന്നിപ്പറഞ്ഞിട്ടുണ്ട്.

തുലാമാസത്തിലെ ദീപാവലി കഴിഞ്ഞു് ഗോവർദ്ധനാരാധന നടത്തുന്നതും, ഇതേ മാസത്തിലെ ശുക്ളാഷ്ടമി 'ഗോപാഷ്ടമി'യായി ആചരിക്കുന്നതും, മാട്ടുപ്പൊങ്കൽ മുതലായ മററു വിശേഷദിനങ്ങളും ഗോവംശമാഹാത്മ്യമാണു് ഉൽഘോഷിച്ചുകൊണ്ടിരിക്കുന്നതു്, ശ്രീകൃഷ്ണഭഗവാൻെറ ദിവ്യലീലകളിൽ പശുവൃന്ദങ്ങളെപ്പോഴും ദൃശ്യമാണു്. ഗോപാഷ്ടമി ദിനത്തിൽ ഗോക്കളുടെ പ്രതനിധിയായ കാമധേനു ഭഗവാൻ ശ്രീകൃഷ്ണനെ ഗോവിന്ദൻ (ഗോക്കളെ രക്ഷിക്കുന്നവൻ) എന്ന തിരുനാമത്തിൽ കീർത്തനംചെയ്താരാധിച്ചു. അന്നുമുതൽ ഗോപാഷ്ടമി ഗോരക്ഷയുടെ വിജയദിനമായാചരിക്കുവാൻ തുടങ്ങി. ദിലീപനെപ്പോലുള്ള ചക്രവർത്തിമാർ ഗോരക്ഷയ്ക്കായി പ്രാണാഹൂതിക്കുപോലും തയാറായ ഭാരതത്തിൽ ഗോഹത്യയെ പ്രോൽസാഹിപ്പിക്കുന്ന ഇന്നത്തെ പരിതസ്ഥിതികൾ വെച്ചുപൊറുപ്പിക്കുന്നതു് രാജ്യദ്രോഹപരമാണെന്നോർക്കണം.

## പ്രീണനനയത്തിൻെറ പേരിൽ

പ്രധാനമന്ത്രി ഗോഹത്യനിശ്ശേഷം നിർത്തൽചെയ്യുന്ന കാര്യത്തിൽ അമാന്തിക്കുന്നതു് അദ്ദേഹത്തിൻെറ സഹജമായ മുസ്ലീം പ്രീണനനയംകൊണ്ടാണെന്നു് വ്യക്തമായിട്ടുണ്ടു്. ഇസ്ലാമിൽ ഗോഹത്യചെയ്യണമെന്നു് വിധിച്ചിട്ടില്ല; ഇതു് വർഗീയവിഷം തീണ്ടാത്ത മുസ്ലീം പണ്ഡിതന്മാർ അസന്നിഗ്ദ്ധമായിപ്രസ്താവിച്ചിട്ടുള്ളതും സുപ്രീംകോടതിവിധി വ്യക്തമാക്കി

യിട്ടുള്ളതുമാണ്. എന്നിട്ടും മുസ്ലീം പ്രീണനത്തിന്റെ പേരിൽ ഗോഹത്യ തുടരാനനുവദിക്കുന്നതു് എത്രത്തോളം കഷ്ടതരമാണ്?

ഒരിക്കൽ "അങ്ങ് ഗോമാംസം ഭക്ഷിക്കുമോ" എന്ന് ചോദിച്ച ഹൈദ്രബാദ് നവാബിനു് "ഞാൻ ഗോമാംസം ഭക്ഷിക്കാറില്ല; എന്നാൽ ഗോമാംസം ഭക്ഷിക്കുന്നവരുടെ മാംസത്തിൽ ഉപ്പും മസാലയും ചേർത്തു് ഉൽസാഹത്തിന്നുവേണ്ടി തിന്നാമെന്നുണ്ട്" എന്നു ചുട്ട മറുപടികൊടുത്ത പണ്ഡിററ് മോത്തിലാൽ നെഹറുവിൻെറ പുത്രനാണ് മുസ്ലീംപ്രീണനത്തിൻെറ മറവിൽ ഗോഹത്യ നിർത്തൽചെയ്യാൻ മടിക്കുന്നതെന്ന കാര്യം ആശ്ചര്യമായിരിക്കുന്നു. 'ഹിന്ദുക്കളേയും മുസ്ലീംകളേയും ഒരേ വേദിയിൽ ഒരുമിച്ചുകൊണ്ടുവരുന്നതിന്നു ഗോരക്ഷയെക്കാൾ വലുതായി മററൊരുപായമില്ല. "ദൈവപുസ്തകമായ ഖുറാൻ ശരീഫിൽ ഗോമാംസം ഭക്ഷിക്കണമെന്ന കല്പനയില്ലെന്ന് ഞാനെൻെറ മുസ്ലീം സഹോദരങ്ങളോടു് പറയുന്നു" എന്നാണ് പ്രസിദ്ധ മുസ്ലീം മതപണ്ഡിതനായ മൗലാനാ കാബിൽ സാഹേബ് പറയുന്നതു്. "ഗോമാംസഭക്ഷണം ഇസ്ലാംമതവിധിയല്ലെന്ന സംഗതി നാമെല്ലാവരും ആദ്യമായി മനസ്സിലാക്കണം. ഗോമാംസം തിന്നില്ലെങ്കിൽ അക്കാരണംകൊണ്ട് മുസ്ലീമിൽ നിന്നാരും തരംതാഴ്ത്തപ്പെടുന്നതുമില്ല" എന്നു ഡോക്ടർ മുഹമ്മദ് ഹഫീസ് സെയ്യദ് പറയുന്നു. ഇങ്ങനെ സംസ്ക്കാര സമ്പന്നരായ നിരവധി മുസ്ലീം പണ്ഡിതന്മാർ ഗോമാംസഭക്ഷണം മുസ്ലീമിങ്ങൾക്കു് ഒഴിച്ചുകൂടാത്ത താണെന്നവാദം ഖണ്ഡിച്ചിട്ടുണ്ടു്.

## ഗോഹത്യ നിരോധിക്കണം

മഹാത്മാഗാന്ധിയുടെ അഭിപ്രായമെന്താണെന്നു നോക്കുക.—'ഹിന്ദുസ്ഥാനത്തിൽ ഹിന്ദുക്കളോടൊപ്പം ജീവിച്ചുകൊണ്ട് ഗോഹത്യ ചെയ്യുന്നതു് ഹിന്ദുക്കളെ കൊല്ലുന്നതിനു തുല്യമാണ്, ഗോവധം കൊണ്ട് എനിക്കുള്ളത്ര ദുഃഖം മററാർക്കും ഉണ്ടാവുന്നതല്ല. നാം പശുവംശത്തെ സംരക്ഷിച്ചാൽ മാത്രമേ ഭാരതത്തിനു ശരിയായ സുഖസമൃദ്ധി ഉണ്ടാവുകയുള്ളൂ എന്ന സംഗതി എപ്പോഴും ഓർമ്മയിരിക്കട്ടെ''

''ഹൈന്ദവജീവിതത്തിൽ പശുവിനെ പാലിക്കുകയെന്നതു് ഒരു ധാർമ്മിക കർമ്മമായി ചേർന്നു ലയിച്ചിരിച്ചിരിക്കുന്നു.'' എന്നു് ഡോക്ററർ രാധാകുമുദ മുക്കർജി ചരിത്രപരമായ അവലോകനം ചെയ്തുകൊണ്ട് പ്രസ്താവിക്കുന്നു. രാഷ്ട്രപതി രജേന്ദ്ര പ്രസാദ് പറയുന്നതു്—''ഭാരതത്തിൽ പശുക്കളെക്കുറിച്ചു് നിലവിലിരിക്കുന്ന ധാർമ്മികഭാവം നിമിത്തം അതിനെ കൊല്ലുന്നതു് ജനങ്ങൾക്കിഷ്ടമുള്ള കാര്യമല്ല. പ്രായംചെന്ന പശുക്കളെകൊന്നുകളയണമെന്നുള്ള വാദഗതി വാസ്തവത്തിൽ ബുദ്ധിശൂന്യമായ ഒരു സാഹസമാണ്. അങ്ങനെ പ്രവർത്തിക്കുന്നതായാൽ നാം നമുക്കെതിരായ ഒരു വിപ്ളവം വിളിച്ചുണർത്തുകയായിരിക്കും ചെയ്യുക'' എന്നാണ്.

ഇങ്ങനെ എടുത്തുപറയാവുന്ന ദേശീയ നേതാക്കന്മാരുടെ പ്രസ്താവനകളും ഭാരതത്തിൻെറ സാമൂഹികവും, സാംസ്ക്കാരികവും സാമ്പത്തികവും, ആയ

ഇങ്ങനെ എടുത്തുപറയാവുന്ന ദേശീയ നേതാക്കൻമാരുടെ പ്രസ്താവനകളും ഭാരതത്തിൻെറ സാമൂഹികവും, സാംസ്ക്കാരികവും സാമ്പത്തികവും ആയ സ്ഥിതിവിവരക്കണക്കുകളും വെച്ചുകൊണ്ടു് പരിചിന്തനം ചെയ്താൽ അനായാസേന ഏതൊരാൾക്കും മനസ്സിലാക്കാൻ സാധിക്കുന്ന സത്യവസ്തുതയാണ് ഗോരക്ഷയുടേയും ഗോവധ നിരോധത്തിൻേറയും ആവശ്യകത. പശുവംശത്തെ കൊന്നുകൊണ്ടുള്ള ഗോസംരക്ഷണം സാദ്ധ്യമല്ലെന്നിരിക്കെ, ദേശവ്യാപകമായ ഗോഹത്യ പൂർണ്ണമായും നിരോധിക്കേണ്ടത് കേന്ദ്രസർക്കാറിൻേറയും സംസ്ഥാനസർക്കാറിൻേറയും പ്രാഥമിക കടമ മാത്രമാണ്.

പശുവിൻ പാലും, നെയ്യും, തൈരും കൂടുതൽ സ്വാദിഷ്ടവും ആരോഗ്യപ്രദവുമാണെന്ന ഭൂരിപക്ഷം ജനങ്ങളും സമ്മതിക്കുന്നു. അപ്പോൾ ഇതര മൃഗങ്ങളെക്കാൾ കൂടുതൽ ശ്രദ്ധ ഗോസംരക്ഷണത്തിൽ പതിയേണ്ടതാണല്ലോ. പക്ഷെ സർവ്വസാധാരണമായി പശുവിൻെറ പാലും നെയ്യുമെന്ന പറഞ്ഞു കമ്പോളത്തിൽ വാങ്ങാൻ കിട്ടുന്നതു് വേറെയാണെന്നതാണനുഭവം. കാരണം പശുവിൻപാലിനെക്കാൾ എരുമപ്പാലും മററും ലാഭദായകമാണത്രെ. പൊതുവേ വീടുകളിലും ഗോശാലകളിലും വളർത്തുന്നതും പശുക്കളെക്കാൾ എരുമകളെയാണ്. സാമ്പത്തികലാഭമാണ് ലക്ഷ്യം. പശുക്കളെ വളർത്തുന്ന അപൂർവ്വം സ്ഥലങ്ങളിലെ സ്ഥിതിയും ദയനീയമാണ്. പശുക്കളെ വേണ്ടവിധം വളർത്തുന്നവർ വളരെ അപൂർവ്വം.

ഈ ദയനീയാവസ്ഥ മാറ്റാൻ സർക്കാറിൻെറ പിന്തുണ ആവശ്യമില്ല. ഏതൊരു ഹിന്ദുഭവനത്തിലും ഒരു പശുവെങ്കിലും നന്നായി വളർത്തപ്പെടാനുള്ള ഒരു വ്യവസ്ഥ ഹിന്ദുജനത നടപ്പിലാക്കണം. ശ്രീകൃഷ്ണ ഭക്തിയും ധർമ്മചിന്തയും ഉള്ള ഓരോ ഹിന്ദുവും ശ്രദ്ധാപൂർവ്വം ശ്രമിച്ചു സാദ്ധ്യമാക്കാവുന്ന പ്രധാനപ്പെട്ട ഒരു ധാർമ്മിക കർത്തവ്യമാണിത്. ഇക്കാര്യം വേണ്ടവണ്ണം മനസ്സിലാക്കിക്കൊണ്ടു് "ഗോപാഷ്ടമി" വാരാചരണപരിപാടികളിൽ സർവ്വരും സർവ്വാത്മനാ സഹകരിച്ചു പ്രവർത്തിക്കേണ്ടതാണ്.



19–11–1958 "കേരളം" വാരികയിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 24 "ശ്രീകൃഷ്ണനെ ഭജിച്ച് കാര്യം കാണുക"

**ഈ** ഒരു ശീർഷകത്തിൽ ജനവരിലക്കം 'സാരഗ്രാഹി'യിൽ "ഭാരതഭാഗ്യവിധാതാ ശ്രീകൃഷ്ണൻ" എന്ന എന്റെ ലഘുപുസ്തകത്തെക്കുറിച്ചെഴുതിയ വിമർശനം വായിച്ചു. വിമർശകനായ ശ്രീ 'പരശു' 'സാരഗ്രാഹി' വീക്ഷണത്തിൽക്കൂടി സ്നേഹപൂർവ്വം ഉന്നയിച്ചിരിക്കുന്ന സംശയങ്ങൾ സംക്ഷേപത്തിലിതാണ്:—

"മതഭക്തിയും അതിരുകവിഞ്ഞ ദേശീയഭ്രാന്തും മൂലമല്ലെ ഇങ്ങനെയെഴുതിയത്? ശ്രീകൃഷ്ണനെ ഹൃദയംഗമമായി ആരാധിക്കാത്തതാണ് ഭാരതീയരുടെ ദാരിദ്ര്യകാരണമെങ്കിൽ ശ്രീകൃഷ്ണൻെറ പേരുതന്നെ ഹറാമായി കരുതുന്ന മുസ്ലീങ്ങളുടെയിടയിൽ ധനികന്മാരുണ്ടാവുന്നതും, മതവും ദൈവവും തന്നെയില്ലന്നു ശഠിക്കുന്ന റഷ്യക്കാർക്കു ദാരിദ്ര്യമില്ലാതാവുന്നതും എന്തുകൊണ്ടായിരിക്കും? ശ്രീകൃഷ്ണനെ ഇന്നത്തെക്കാൾ ഹൃദയംഗമമായി ആരാധിച്ചിരുന്ന കാലത്തല്ലെ ശ്രീകൃഷ്ണനെ നിഷേധിക്കുന്ന ഇതരമതസ്ഥർ ഇന്ത്യയെ ആക്രമിച്ചതും ശ്രീകൃഷ്ണഭക്തന്മാരായ ഹിന്ദുക്കൾ കീഴടങ്ങിയതും? ക്ഷേത്രനശീകരണങ്ങളും പുനർനിർമ്മാണങ്ങളും ഹൃദയംഗമഭക്തന്മാരുടെ കൂടുതൽകുറവനുസരിച്ചാണോ നടക്കുന്നത്? പൂർവ്വപുണ്യംകൊണ്ടു ഭാരതത്തിൽ ജനിച്ചവർ ദരിദ്രരും അമേരിക്കർ ധനികരും ആകുന്നതെന്തുകൊണ്ടു്? പൂർവ്വപുണ്യം ക്ഷയിച്ചതുകൊണ്ടാണോ ഭാരതത്തിൽ ജനിച്ച ആറേഴുകോടി ജനങ്ങൾ പിന്നീട് പാകിസ്ഥാനിൽപെട്ടുപോയത്.?

ഈ വിമർശനലേഖനത്തിൻെറ തലക്കെട്ടും അവസാനഭാഗവും ഹിന്ദുക്കളേവരും സമ്മതിക്കാൻ പ്രയാസമില്ല. കാര്യം കാണാൻ ശ്രീകൃഷ്ണനെ ഭജിക്കുന്നുവെന്നതും, മതവ്യത്യാസങ്ങളും ദേശവ്യത്യാസങ്ങളും ബോധസ്വരൂപനായ ഈശ്വരനു ബാധകമല്ലെന്നതും സ്വീകരിച്ചാൽ സമാധാനമായി! 'കാര്യംകാണൽ' എപ്രകാരമാണെന്നതിലാണ് വീക്ഷണവ്യത്യാസമുണ്ടാവുക. അവനവനു വേണ്ടിയും ദേശത്തിനുവേണ്ടിയും കാര്യം കാണലുണ്ട്. സമുദായത്തിനും ദേശത്തിനുംവേണ്ടി കാര്യം കാണാൻ ശ്രീകൃഷ്ണാരാധന നടത്തണമെന്നാണ് ശ്രീകൃഷ്ണഭക്തന്മാരോടുള്ള എൻെറ അഭ്യർത്ഥന. അപ്പോൾ ഈ 'ശ്രീകൃഷ്ണൻ' ബോധസ്വരൂപനായ ഈശ്വരനാണോ? ആണെന്നും അല്ലെന്നും പറയുന്നവരുണ്ടാവാം. എന്നാൽ അതിരുവരമ്പുകളില്ലാത്ത, സർവ്വഭൂതഹൃദയസ്ഥനായ 'ബോധസ്വരൂപനെ ശ്രീകൃഷ്ണനിൽക്കൂടിയും കാണാനും അനുഭവപ്പെടുത്താനും കഴിയുമെന്നാണ് എൻെറ വിവക്ഷ. അതിൽ യാതൊരു യുക്തിഭംഗവുമില്ലെന്നാണ് എൻെറ യുക്തിബോധം. വിശ്വാസങ്ങളും യുക്തിബോധങ്ങളും ഏതെല്ലാമാണെന്നു വേർതിരിച്ചറിയാം.

മുസ്ലീങ്ങളും, റഷ്യക്കാരും; അമേരിക്കരും മററും അവരവരുടെ ദേശീയധർമ്മത്തിൽക്കൂടി പുരോഗമിക്കുന്നവരാകയാൽ പുരുഷാർത്ഥങ്ങൾ നേടിക്കാണുന്നു. ഈശ്വരൻ എല്ലാവക്കും ഒരുപോലെയാണ്. എന്നാൽ ആരാധനാനിഷ്ഠകളിലും ആചരണങ്ങളിലും രൂപനാമഭേദങ്ങൾ ഉണ്ട്. മനുഷ്യജീവിതത്തിൻെറ ദേശകാല വർഗ്ഗസ്വഭാവജന്യമായ വൈവിധ്യങ്ങൾ ആരെല്ലാം ഇല്ലെന്നു പറഞ്ഞാലും ഉണ്ടായിക്കൊണ്ടുതന്നെയിരിക്കുന്നു.

[സാധുശീലൻ ശ്രീ. പരമേശ്വരൻപിള്ള അയച്ചുതന്ന സവിസ്തരമായ മറുപടിയുടെ പ്രധാന ഭാഗങ്ങൾ മാത്രമെ ഞങ്ങൾ സ്ഥലച്ചുരുക്കംനിമിത്തം ഇവിടെ കൊടുത്തിട്ടുള്ളു. ഈ ലേഖനത്തിന്നു "പരശ്രുവിന്റെ" വിശദീകരണവും കൂടി കൊടുത്തു് വാദപ്രതിവാദത്തിന്നിടയാക്കാതെ കഴിക്കണമെന്നു കരുതി, ശ്രീ. പിള്ളയുടെ ലേഖനം അദ്ദേഹത്തിന്നയച്ചുകൊടുക്കുകയും ചുരുക്കത്തിൽ അദ്ദേഹത്തിന്റെ വിശദീകരണവുംകൂടി താഴെ ചേർക്കുകയും ചെയ്യുന്നു. സാ. പ.]

## പരശ്രുവിന്റെ മറുപടി

ശ്രീ പരമേശ്വരൻപിള്ളയുമായി ഒരു വാദപ്രതിവാദത്തിൽ ഏർപ്പെടണമെന്നു ഉദ്ദേശമില്ലാത്തതിനാൽ എന്റെ ഒരു ചെറിയ വിശദീകരണംമാത്രം എഴുതുകയാണു്. ശ്രീകൃഷ്ണന്റെ ഭജനത്തിൽ തൃഷ്ണയും ശ്രദ്ധയും കുറഞ്ഞതുകൊണ്ടാണു് എല്ലാ കുഴപ്പങ്ങളും എന്നായിരുന്നു ശ്രീ പരമേശ്വരൻപിള്ളയുടെ ആ ലഘുഗ്രന്ഥത്തിൽ സാമാന്യമായി പറഞ്ഞിരുന്നതു്. ഭാരതം പുണ്യഭൂമിയാണെന്നുള്ള വർണ്ണനയുമുണ്ടായിരുന്നു. എന്റെ വിമർശനത്തിലാവട്ടെ അത്തരം ഭക്തികൊണ്ടു വിശേഷിച്ചൊന്നും കിട്ടാനില്ലെന്നു പറയുകയും ഭാരതത്തിന്നു പ്രത്യേകിച്ചൊരു ദിവ്യത്വമൊന്നുമില്ലെന്നു കാര്യകാരണസഹിതം സൂചിപ്പിക്കുകയും ചെയ്തിരുന്നു. അതിനൊന്നും മി. പിള്ളക്കു മറുപടി പറയാനില്ല. ഇതു വീക്ഷണവ്യത്യാസമാണെന്നാണു് ശ്രീ. പിള്ളയുടെ വാദം. അതിനെക്കാൾ നല്ലതു വിശ്വാസത്തിന്റെ വ്യത്യാസമാണെന്നു പറയുന്നതായിരിക്കും. സൂര്യനെ പ്രാർത്ഥിക്കുകയും വരുണജപം നടത്തുകയും ചെയ്തതുകൊണ്ടാണു് മഴ പെയ്തതെന്നു ഒരാൾക്കു വിശ്വസിക്കാം. പക്ഷെ അതു യുക്തിക്കും അനുഭവത്തിന്നും യോജിച്ചതായിരിക്കയില്ല. യുക്തിക്കും അനുഭവത്തിന്നും യോജിച്ചിരിക്കണം വിശ്വാസമെന്നു ഒരു നിയമവുമി

ല്ലല്ലൊ. അതുപോലെതന്നെ ജർമ്മൻകാർ ആര്യന്മാരാണെന്നും അവർക്കു പ്രത്യേകം മഹത്വമുണ്ടെന്നും ഹിറ്റ്ലർ വ്യഖ്യാനിച്ചിച്ചിരുന്നു. അതുകൊണ്ടു് താല്ക്കാലികമായി ജർമ്മൻകാർക്കൊരു ആത്മവിശ്വാസം—ഔന്നത്യബോധം —ഉണ്ടാക്കാൻ കഴിഞ്ഞു. പക്ഷെ അതുകൊണ്ടു വിശേഷിച്ചു ഫലമൊന്നുമുണ്ടായില്ല. ഇന്ത്യക്കാർക്കു ഇന്ത്യ പുണ്യഭൂമിയാണു്. റഷ്യക്കാർക്കു റഷ്യയും ചൈനാക്കാർക്കു ചൈനയും പുണ്യഭൂമിതന്നെയാണു്. അതൊരളത്തിവരെ. അതു് അതിരുകവിഞ്ഞാൽ ആപൽക്കരവുമത്രെ. അതു ചൂണ്ടിക്കാണിക്കുകയേ ഞാൻ ചെയ്തിരുന്നുള്ളു. മാതൃഭൂമിയോടുള്ള ഭക്ത്യാദരങ്ങൾ എനിക്കുമുണ്ടു്. പക്ഷെ ഇവിടുത്തെ മണ്ണിനും വായുവിനും വെള്ളത്തിനും മററു രാജ്യങ്ങളിലില്ലാത്തതായ എന്തോ ഒരു മഹത്വമുണ്ടെന്ന വ്യാഖ്യാനം ഒരു വക ഭ്രാന്താണു്. 1947 ആഗസ്റ്റ് 15 വരെ പാക്കിസ്ഥാനും ശ്രീ. പിള്ളയുടെ പുണ്യഭൂമിയായിരുന്നു. ഇന്നു് അതെങ്ങിനെ പുണ്യഭൂമിയല്ലാതായി? അങ്ങിനെ പലതും അതിന്നുപകരം ലോകത്തെല്ലാമുള്ള മനുഷ്യരുടെ പൊതുനിലയേയും നന്മതിന്മകളേയും കുറിച്ചു് സമഗ്രമായി ചിന്തിക്കണമെന്നും അങ്ങിനെ ചിന്തിക്കുമ്പോൾ ശ്രീകൃഷ്ണഭക്തിക്കും ഭാരതപുണ്യഭൂമിക്കും പ്രത്യേകം സ്ഥാനമില്ലാതാവുമെന്നും അതുണ്ടെന്നുഭാവിക്കുന്നതു ഒരു വക വെറും വിശ്വാസമാണെന്നും വ്യക്തമാവും. എന്റെ വീക്ഷണം ശ്രീ. പരമേശ്വരൻപിള്ളക്കു മനസ്സിലാവുന്നില്ലെങ്കിൽ അദ്ദേഹം ക്ഷമിക്കണം.

—പരശ്ശു.

## 'പരശ്ശു'വിനു പ്രത്യുത്തരം *

ഓരോരുത്തൎക്കും അവരവരുടെ അഛനും അമ്മയും ആദരണീയരാണു്. മകൻ ചിലപ്പോൾ അച്ഛനെക്കാൾ ഉന്നതനിലയിലും വിലയിലും ഉയർന്നാലും അഛനെ

അചരനല്ലെന്നു പറയാനാവില്ല. "ബ്രഹ്മം സത്യം ജഗദ് മിഥ്യ" എന്നുപദേശിക്കുന്ന ബ്രഹ്മജ്ഞാനിയായാലും ഈ ശരീരത്തിൽ ഇരിക്കുന്നിടത്തോളം കാലം തന്റെ മാതാവിനെ ബഹുമാനിക്കും.

അതുപോലെ മാതൃഭൂമിയോടും 'മാതൃധർമ്മ'ത്തിനോടും അതിൽ പിറന്നുവളർന്ന ഓരോരുത്തരും വിവിധനിലകളിൽ കടപ്പെട്ടിരിക്കുന്നു. 'സ്വധർമ്മ'ത്തിൽ അതും ഉൾപ്പെടും. സ്വധർമ്മത്തിൽനിന്നു വ്യതിചലിപ്പിക്കുന്നതേതും അന്യായമാണ്? അധർമ്മമാണ്. തന്റെ ശരീരം, സമ്പത്ത്, കുടുംബം, സമുദായം. ദേശം, കാലം, പ്രാണൻ എല്ലാം ശ്രീകൃഷ്ണനെ ഭജിച്ച് സംശുദ്ധവും സഫലവുമാക്കാൻ ശ്രമിക്കുന്ന വ്യാവഹാരികദശയിൽ വേദാന്തംപറഞ്ഞു് നിലതെററിക്കേണ്ട, അഥവാ 'വേദാന്തം' പറയുന്ന 'ശ്രീ പരശു' ലൗകികാവശ്യങ്ങളൊന്നുമില്ലാത്ത അവസ്ഥയിലാണെങ്കിൽ, സമ്മതിക്കാം. എഴുതണമെന്നും വിമർശിക്കണമെന്നും ഖണ്ഡനമണ്ഡനങ്ങൾ ചെയ്യണമെന്നും കരുതുന്നിടത്തോളം അദ്ദേഹം പാരമാർത്ഥികാവസ്ഥയിലാണെന്നു സമ്മതിക്കാനാവില്ല. പ്രത്യുത ശരീര–മനസ്സുകളെക്കൊണ്ടു് വ്യവഹാരം നടത്തുന്നവരെക്കാൾ മുററിയ ബുദ്ധിവ്യവഹാരിയാണ്. ഇത്തരമാളുകളുടെ അസ്ഥാനത്തുള്ള തത്വപ്രസംഗം സാമാന്യ ജനങ്ങളെ അവരുടെ സാമാന്യ ധർമ്മത്തിൽ നിന്നുംവഴിതെറ്റിക്കുവാനും തദ്വാരാ നിരാശരും നിത്യദുഃഖിതരുമാക്കാനുമേ ഉപകരിക്കൂ.

വ്യാവഹാരികനിലയിൽ ശ്രീകൃഷ്ണനെ ജേിച്ച കാര്യം കാണുന്നതിലൂടെ വേണം 'ലോകമേ തറവാട്' എന്ന നിലയിലും, അവിടെനിന്നു "ബ്രഹ്മം സത്യം ജഗത് മിഥ്യാ"ശ്രുതിയിലും ചെന്നെത്താൻ.

[1958 ലെ "ശ്രീകൃഷ്ണജന്മാഷ്ടമി" വാരാഘോഷ വേളയിൽ "ഭാരതഭാഗ്യവിധാതാ ഭഗവാൻ ശ്രീകൃഷ്ണൻ" എന്ന ഒരു ലഘുപുസ്തകമെഴുതി പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിനെ വിമർശിച്ചുകൊണ്ട് ആനന്ദമത "മുഖപത്രികയായ" 'സാരഗ്രാഹി' യിൽ പ്രസിദ്ധപ്പെടുത്തിയ ലേഖനത്തിനും മറുപടിയെഴുതിയെങ്കിലും അതിൻെറ ഒരു ഭാഗം മാത്രമാണ് ടി മാസികയിൽ പ്രസിദ്ധപ്പെടുത്തിയതു്. അതിൽതന്നെ പത്രാധിപക്കുറിപ്പും 'പരശ്രു'വിൻെറ വിശദീകരണവും ചേർത്തിരുന്നു. പിന്നീട് ഞാനെഴുതിയ കുറിപ്പ് ചേർക്കുംമുമ്പേ വിവാദത്തിൻെറ തിരശ്ശീല താഴ്ത്തുകയും ചെയ്തു.]

1959 മാർച്ച് 'സാരഗ്രാഹി' മാസികയിൽ പ്രസിദ്ധപ്പെടുത്തിയതും പിൻകുറിപ്പുമാണിതു്. (ഗ്രന്ഥകർത്താ)

---

* ഇതു് പ്രസിദ്ധപ്പെടുത്തിയില്ല.

# 25 ഭാഗവത ധർമ്മത്തിൻെറ പുനരാഖ്യാനം

**വേ**ദമാണ് ഹിന്ദുക്കളുടെ അഥവാ സനാതന ധർമ്മത്തിൻെറ പരമപ്രധാനമായ പ്രമാണഗ്രന്ഥം. വേദതത്വങ്ങളെ കാലദേശാനുസരണം പ്രകാശിപ്പിക്കുന്നവയാണ് സ്മൃതിപുരാണേതിഹാസാദി ധർമ്മഗ്രന്ഥങ്ങളെല്ലാം. അനർഘങ്ങളായ ഈ ആർഷവിജ്ഞാവാഗ്മയങ്ങളുടെ സമഗ്രസ്വരൂപമാണ് ശ്രീമദ്ഭാഗവതം. മനുഷ്യ പ്രകൃതിയുടെ നാനാവശങ്ങൾ പ്രദർശിപ്പിച്ചുകൊണ്ട് സാമാന്യധർമ്മം മുതൽ പരമ ധർമ്മംവരെ അതിൽ പ്രതിപാദിച്ചിരിക്കുന്നു.

സാധാരണ കേൾക്കപ്പെടുന്ന കൃത്യാന്തര ബഹുലതകൾക്കിടയിൽ ഈ ഗ്രന്ഥങ്ങളെല്ലാം പഠിക്കാൻ സമയം എവിടെ? ഈ പ്രശ്നത്തിനു സമാധാനം ഭാഗവത മാഹാത്മ്യം നൽകുന്നു. മനുഷ്യ ജന്മസാഫല്യം നേടാൻ അഥവാ ജീവൻെറ പരമലക്ഷ്യപ്രാപ്തിക്ക് ഈ ഗ്രന്ഥങ്ങളെല്ലാം പഠിച്ചു് പാണ്ഡിത്യം നേടണമെന്നില്ല, അനുഭവജ്ഞരായ വക്താക്കളിൽനിന്നു ശ്രീമൽഭാഗവതം ഒരാവർത്തി ശ്രദ്ധാ ഭക്തിപൂർവ്വം ശ്രവിച്ചാൽ മതി. അതാണ് ഭാഗവത മാഹാത്മ്യം. ജീവിതത്തിൽ അപൂർവമായി ലഭിക്കുന്ന ഒരു സന്ദർഭമാണിത്. സർവ്വപ്രധാനമായ ഒരു ജീവൽ പ്രശ്നമാണിതെന്ന ബോധമുണ്ടായാൽ മററെന്തെല്ലാം പ്രവൃത്തി ബാഹുല്യങ്ങൾ ചുററിപ്പററിയിരുന്നാലും അവയിൽ നിന്നെല്ലാം ഒഴിഞ്ഞു ഒരാഴ്ചക്കാലം "സപ്

താഹശ്രവണ വ്രതം'' സ്വീകരിക്കുവാൻ പ്രയാസമുണ്ടാവില്ല. അങ്ങനെ യഥാവിധി ഒരാവർത്തിയെങ്കിലും സപ്താഹശ്രവണവ്രതം സാധിച്ചുവെന്നിരിക്കട്ടെ, ആ ശ്രോതാവിനു് മറെറങ്ങും ലഭ്യമല്ലാത്ത അമൂല്യവും അത്ഭുതകരവുമായ ഉള്ളുണർവ്വും വിശ്രാന്തിയും അനഭവപ്പെടും. അതു പരമലക്ഷ്യപ്രാപ്തിക്കു വഴിതെളിക്കുന്നതുമായിരിക്കും,

ശ്രീ ഭാഗവതത്തിന്റെ ഈ സവിശേഷത കാരണമായി പിൽകാലത്തു് യാതൊരു പഠിപ്പും പരിഷ്കാരവുമില്ലാത്ത അനവധി ജീവൻമാർ സമുദ്ധരിക്കപ്പെട്ടിട്ടുണ്ട്. സംസ്കാരസമ്പന്നരും സാധനാനിഷ്ഠരുമായ പുണ്യാത്മാക്കൾക്കൊപ്പം പാമരൻമാരെയും ഭാഗവതശ്രവണ—മനനങ്ങൾ വഴി ഊർദ്ധ്വഗതിയിലേക്കു നയിച്ചിട്ടുള്ളതിന്റെ ഉദാഹരണങ്ങൾ എത്രയെങ്കിലുമുണ്ട്.

ജനനമരണഭ്രമണത്തിൽ നിന്ന വിമോചനം നേടാൻ ഒരു ജീവനെ ഏതെല്ലാം വിധത്തിൽ സഹായിക്കാമോ ആ ഉപായങ്ങളെല്ലാം ഭാഗവതത്തിൽ കാണാം. സത്സംഗതൽപരനായ നിമിമഹാരാജാവ് ഉന്നയിച്ച പ്രശ്നങ്ങൾക്കു സമാധാനമായി പരമജ്ഞാനികളായ നവയോഗികൾ ഭാഗവതധർമ്മം ഉപദേശിക്കുന്നു. കാലദേശ സ്വഭാവമനുസരിച്ച് വിധി—നിഷേധങ്ങളോടുകൂടി നിയന്ത്രിതമായ കർമ്മങ്ങളെ ധർമ്മമെന്നു പറയാം. പക്ഷേ, ഈ ധർമ്മം സനാതന ധർമ്മത്തിലേക്കു നയിക്കുവാൻതക്കവിധം യജ്ഞമയമായിത്തീരണം. സാമാന്യ ധർമ്മത്തിലൂടെ ഈ പരമധർമ്മത്തിലേയ്ക്കു ചെന്നെത്താൻ കലിയുഗത്തിൽ

സുഗമമാണെന്നു ഭാഗവത ധർമ്മം പ്രസ്പഷ്ടമായി തെളിയിച്ചിരിക്കുന്നു. ഇന്ദ്രിയ വിഷയമായ കർമ്മങ്ങൾ ധർമ്മനിഷ്ഠമാക്കിത്തീർത്താലേ ഇന്ദ്രിയങ്ങളുടെ ഇന്ദ്രനായ മനസ്സ് സംശുദ്ധമാവൂ. നേർവഴിക്കുവന്ന മനസ്സ് പവിത്രമായാലേ പരമധർമ്മത്തെ ഗ്രഹിക്കുവാനും പ്രാപിക്കുവാനും പ്രാപ്തിയുണ്ടാവൂ. ഇതിനു ഈശ്വരോൻമുഖമായ ധർമ്മനിഷ്ഠം വേണം. വിചാരത്തിലും വാക്കിലും പ്രവർത്തിയിലും ധർമ്മം ആചരിക്കണം.

ശരിയായ ധർമ്മനിഷ്ഠനാണ് ഭഗവാങ്കൽ ദൃഢഭക്തിയുള്ളവൻ. അഥവാ ഈശ്വരശരണാഗതനായ വ്യക്തിയുടെ മനോവാക്കായങ്ങൾ സദാ ധർമ്മനിഷ്ഠമായിരിക്കും. അയാൾക്കു ഒന്നിനെക്കുറിച്ചും ഒരു കാലത്തും ഭയമുണ്ടാവില്ല. ശരീരം, പ്രാണൻ, മനസ്സ് ബുദ്ധി മുതലായ കരണങ്ങളുടെ ധർമ്മങ്ങളായ ജനനമരണങ്ങൾ, ക്ഷുൽപിപാസകൾ, ഭയം, രാഗം, ദ്വേഷം മുതലായ വികാരങ്ങളൊന്നും ധർമ്മനിഷ്ഠനായ ഭഗവൽഭക്തനെ മോഹിപ്പിക്കുകയില്ല. സ്വാർത്ഥമായ ഭയമാണ് ഒരു കണക്കിൽ പാപകർമ്മങ്ങൾക്കെല്ലാം കാരണം. പൂർണ്ണമായ ഭഗവദാശ്രയം ഒന്നുകൊണ്ടുമാത്രമേ എല്ലാവിധ ഭയങ്ങളിൽ നിന്നും മോചനം ഉണ്ടാവൂ. നിർഭയനും സന്തുഷ്ടനുമായിരിക്കുവാൻ സാധിക്കൂ.

ഈ പ്രപഞ്ചം—പ്രകൃതി—തന്നെതുറന്നിട്ട മഹാഗ്രന്ഥമാണെന്നു പലചിന്തകന്മാരും പറയാറുണ്ട്. ഭാഗവതത്തിലെ യുഗാന്തര വർണ്ണനകൾ, മനുഷ്യവംശാന്തരപരിചയങ്ങൾ, അഭ്യുത്ഥാനാധ:പതനങ്ങൾ

സൃഷ്ടി—സ്ഥിതി—സംഹാരങ്ങൾ എല്ലാം ഭഗവത് മായാവിലാസങ്ങളായി പരമധർമ്മത്തിൽ—പരമഹംസ ധർമ്മത്തിൽ കരതലാമലകംപോലെ പ്രകാശിപ്പിച്ചിരിക്കുന്നു. ശ്രീദത്താത്രേയ ഭഗവാൻെറ 24 ഗുരുനാഥൻമാരിൽ മനുഷ്യർ മാത്രമല്ല, പക്ഷിമൃഗാദികളും ഉൾപ്പെടുന്നുണ്ട്. അപ്പോൾ ഇഹലോകത്തിലെ ഒരു ശരാശരി മനുഷ്യനു അല്പമെങ്കിലും അന്തർമുഖമായി ചിന്തിക്കാനാവുമെങ്കിൽ ധർമ്മാധർമ്മങ്ങൾ—സത്യാസത്യങ്ങൾ തിരിച്ചറിഞ്ഞു് ജീവിക്കുവാനുള്ള മാർഗദർശനം സ്വയം നേടാം. ഈ യോഗ്യത, അർഹത സമ്പാദിക്കുവാനാണ് വിധി നിഷേധങ്ങളോടുകൂടിയ കർമ്മങ്ങളെ വിധിച്ചിരിക്കുന്നതു്. അവ പ്രാഥമികമായ ഉപായം മാത്രമാണ്, ജീവിതോദ്ദേശവും ലക്ഷ്യവുമല്ല. വർണ്ണാശ്രമ ധർമ്മങ്ങളും മററും ഇതിലുൾപ്പെടും.

ധർമ്മാധർമ്മങ്ങൾ തിരിച്ചറിയാനുള്ള വിദ്യാഭ്യാസവും ഉത്തമവും സ്വാഭാവികവുമായ ഭക്ഷണവും രണ്ടു പ്രധാനാവശ്യങ്ങളാണ്. മനുഷ്യജീവിതത്തിൽ ഇന്നത്തെ ജനാധിപത്യ ഭരണത്തിൽ ഇവ സുദുർല്ലഭമായിത്തീർന്നിരിക്കുന്നതിനു കാരണം ഭൗതികാർത്തിയാണ്. രജസ്തമോഗുണ മൂർച്ഛയിൽ ജീവിക്കുന്ന മനുഷ്യൻെറ ഈശ്വരഭക്തിയും ധർമ്മവും പുറംപൂച്ചുകളായി പരിഗണിക്കുന്നു; പ്രകടനങ്ങളായി ഭൗതികാതിർത്തിവരെ കൊണ്ടെത്തിച്ചു സ്വയം അണഞ്ഞു പോകുന്നു. ആദ്ധ്യാത്മികതയിലും ദൈവീകതയിലും കടക്കണമെങ്കിൽ സ്വാത്വികഭാവം ഉദ്ദീപ്തമാവണം. അപ്പോൾ ധർമ്മം ഏതു് അധർമ്മം ഏതു് എന്നു തിരിച്ചറിയാനുള്ള വിവേകം സ്വയം തെളിയും. ഈ വിവേകം തെളിഞ്ഞവരുടെ ഭൂരിപക്ഷമുണ്ടായാലേ

ജനായത്ത ഭരണത്തിൻെറ സദ്ഫലം അനുഭവപ്പെടുകയുള്ളൂ. ജനപ്പെരുപ്പം, പരസ്പര വഞ്ചന, ത്രിവിധ താപങ്ങരം മുതലായവ പെരുകുന്നത് അധർമ്മത്തിൻെറ—രജസ്തമോഗുണങ്ങളുടെ വളർച്ചയും ധർമ്മത്തിൻെറ തളർച്ചയുമാണ് സൂചിപ്പിക്കുന്നത്. ശൈശവത്തിലേ സദാചാരം സാമാന്യമര്യാദ സ്വാഭാവികമായും ശീലിച്ചവർക്കു് സാത്വികഭാവം ഉദ്ദീപിക്കുവാൻ പ്രയാസമുണ്ടാവില്ല. അയാരംക്കു സ്വാഭാവികമായും ധർമ്മകാര്യങ്ങളിലും സത്സംഗത്തിലും അഭിരുചിയുണ്ടായിരിക്കും. ധൈര്യം, ക്ഷമ, ബാഹ്യവും ആന്തരവുമായ അച്ചടക്കം, ഭൂതദയ, പരസ്പരസൗഹൃദം, സന്തോഷം, സർവ്വോപരി ഈശ്വരാശ്രയത്വം തുടങ്ങിയ സദ്ഗുണങ്ങരം അയാളിൽ വളർന്നു വികസിച്ച് തനിയ്ക്കും ചുററിലുള്ളവർക്കും ശാന്തിയും സമാധാനവുമേകിക്കൊണ്ടിരിക്കും.

രജസ്തമോഗുണങ്ങരം തേർവാഴ്ച്ച നടത്തുന്ന ഇന്നത്തെ സാഹചര്യത്തിൽ എന്തൊക്കെ നേടിയാലും പ്രതീക്ഷിക്കുന്ന സുഖവും സന്തോഷവും പ്രാപിക്കാനാവുന്നില്ല. മറിച്ച് സുഖസ്ഥാനങ്ങളിലെല്ലാം ദുഃഖവും ഭയവും പതിയിരിക്കുന്നതായിട്ടാണനുഭവം. ഇവിടെ പ്രാഥമികമായ ധാർമ്മിക ജീവിതം മാത്രമാണ് പോംവഴിയെന്നു് ഭാഗവതത്തിലുടനീളം ഭഗവൽസ്തുതികളിലൂടെയും ഭക്തചരിതാഖ്യാനോപാഖ്യാനങ്ങളിലുടെയും, കപിലോപദേശം ഉദ്ധവോപദേശം മുതലായ അനർഘങ്ങളായ ദിവ്യോപദേശങ്ങളിലൂടെയും മനുഷ്യരെ ഉദ്ബോധിപ്പിക്കുന്നു. അനുദിനജീവിതത്തിൽ മനോവാക്കായങ്ങരം എത്രത്തോളം ധർമ്മനിഷ്ഠ

മായിരിക്കുന്നു, ഈശ്വരോന്മുഖമായി മുന്നേറുന്ന എന്ന ആത്മപരിശോധനയ്ക്കും ഇടയ്ക്കിടെ സന്ദർഭം നൽകുന്നുണ്ട്. ഉദാഹരണത്തിന്ന് ഒരൊററ ശ്ലോകം ശ്രദ്ധിക്കുക—

യാവൽ ഭ്രിയതേ ജഠരം താവത്സത്വം ഹിദേഹിനാം
അധികം യോഭിമന്യേന സസ്തേനോദണ്ഡമർഹതി.

''പ്രാരബ്ധവശാൽ അധികം ലഭിച്ചിരുന്നാലും അതിൽ ആസക്തിയെ ഉറപ്പിക്കരുത്. എത്രത്തോളമുള്ള അന്നാദിപദാർത്ഥത്താൽ ഉദരപൂരണദ്വാരാപ്രാണധാരണം ചെയ്‌വാൻ കഴിയുമോ അത്രത്തോളം പദാർത്ഥത്തിൽ മാത്രമേദേഹികൾക്ക് സ്വന്തമായിട്ട് കരുതുവാൻ അവകാശമുള്ളു. യാതൊരുവൻ അതിലധികം തന്റേതെന്ന് അഭിമാനിക്കുന്നുവോ അവൻ കള്ളനാകുന്നു. തന്റേതല്ലാത്തതിനെ കൈവശം വെയ്ക്കുന്നവനാണല്ലോ കള്ളൻ. തന്റെ ജീവധാരണത്തിനാവശ്യമില്ലാത്ത ധനത്തെ തന്റേതാണെന്നഭിമാനിക്കുന്ന ചോരൻ ശിക്ഷാർഹനാകുന്നു. ഈ അഭിമാനം നിമിത്തമുണ്ടാകുന്ന ജനനമരണരൂപ സംസാരക്ലേശം തന്നെ അവനനുഭവിക്കേണ്ടതായ് വരുന്നശിക്ഷ.

വാസ്തവത്തിൽ ഏകാഗ്രനിഷ്ഠയോടുകൂടി ഭാഗവത സപ്താഹശ്രവണം സാധിക്കുന്നതിന്നും പുണ്യം ചെയ്തിരിക്കണം. പന്ത്രണ്ട് സ്കന്ധങ്ങളിലായി 335 അദ്ധ്യായങ്ങളും പതിനെണ്ണായിരം ശ്ലോകങ്ങളും ഉള്ള ശ്രീമൽ മഹാഭാഗവതം മാഹാത്മ്യസഹിതം അനുഭവജ്ഞനായ ഒരു വക്താവിലൂടെ ശ്രവിക്കുവാൻ സാധിക്കുക—ജീവിതത്തിലെ ഒരപൂർവ്വ സന്ദർഭ

മല്ലേ! ആദിനാരായണൻ നാദബ്രഹ്മരൂപത്തിൽ നൽകുന്ന ഭാഗവതമന്ത്രം വഴിക്കുവഴി സാക്ഷാൽ ശുകബ്രഹ്മർഷിയുടെ സപ്താഹയജ്ഞംവരെ ഭാഗവതത്തിൽതന്നെ രേഖപ്പെടുത്തിയിരിക്കുന്നു. ലൗകിക സുഖദുഃഖങ്ങളെല്ലാം നശ്വരങ്ങളാണ്. ഭൗതിക ജീവിതത്തിലെ ഭയാശങ്കകൾ ഒടുങ്ങുമ്പോൾ മരണഭയത്തിന്റെ തുടക്കമായി. ഇതിൽ നിന്നുരക്ഷപ്പെടാൻ സ്വയം ഇന്ദ്രിയങ്ങൾക്കതീതമായി ആദ്ധ്യാത്മിക വ്രതം സ്വീകരിക്കുമ്പോൾ ശുകബ്രഹ്മത്തെപ്പോലെ അനുഭവജ്ഞനായ ഒരു പൗരാണികനിൽ നിന്നു ഭാഗവതശ്രവണത്തിനുള്ള മഹാഭാഗ്യം സിദ്ധിക്കുകയും മനുഷ്യജീവിതം ധന്യധന്യമായിത്തീരുകയും ചെയ്യുന്നു.

മോക്ഷ സ്വരൂപമായ ബ്രഹ്മവിദ്യയുടെ ബൃഹത്തായ വ്യാഖ്യാനമാണ് ഭാഗവതം, ലക്ഷ്യം ശ്രീകൃഷ്ണ പരമാത്മാവ്തന്നെ. അതായത്യ് ആദിനാരായണന്റെ പ്രതിപുരുഷനായി ശുകബ്രഹ്മർഷിയും, മനുഷ്യന്റെ—മോക്ഷേഛുവിന്റെ പ്രതിപുരുഷനായി പരീക്ഷിത്തും, സമുദായത്തിന്റെ പ്രാതിനിധ്യം വഹിക്കുന്ന മറ്റു ശ്രോതാക്കളും—യഥാക്രമം ശ്രീകൃഷ്ണഭഗവാൻ, സനാതനധർമ്മം, സമഷ്ടി—സമുദായം എന്നിങ്ങനെ വ്യവഹരിക്കാം. ധർമ്മാചരണപൂർവ്വം സമ്യക്കായി പരമപുരുഷാർത്ഥമെന്ന ശ്രീകൃഷ്ണനെ പ്രാപിക്കുക.

1979 ഫെബ്രുവരി 'ലോകശാന്തി' മാസികയിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 26 ഉദ്ധവോപദേശം

ശ്രീകൃഷ്ണഭഗവാൻ പാണ്ഡവയോദ്ധാവായ അർജ്ജുനനോടു ഉപദേശിച്ച "ഭഗവദ്ഗീത" മഹാഭാരതത്തിലും; ഭാഗവതോത്തമനായ ഉദ്ധവരോട് ഉപദേശിച്ച "ഉദ്ധവഗീത" മഹാഭാഗവതത്തിലും ഉൾക്കൊള്ളുന്നു. ഭഗവാൻെറ തത്വഗീതങ്ങൾ മററുപല രംഗങ്ങളിലും കേൾക്കാം. ഇനിയും കാണാനോ കേൾക്കാനോ സാധിക്കാത്ത എത്രയോ ഉപദേശമൊഴികൾ ഭഗവാൻേറതായി ഉണ്ടായിരിക്കും. പുരാണേതിഹാസങ്ങളിൽ രേഖപ്പെടുത്താത്തതായി, രേഖപ്പെടുത്തിയെങ്കിലും നമുക്കു ലഭിക്കാത്തതായി പലവിധം ശ്രീകൃഷ്ണോപദേശങ്ങൾ ഉണ്ടായിരിയ്ക്കും.

ലഭിച്ച ഭഗവദുപദേശമൊഴികൾ തന്നെ വേണ്ടവിധം അനുസന്ധാനം ചെയ്താൽ സ്വാനുഭൂതിയിലൂടെ വെളിപ്പെടുമെന്നതിനാലും, വേദവിദ്യയിൽ ഉൾക്കൊള്ളുന്നതിനാലും ജിജ്ഞാസുക്കൾക്കു നഷ്ടബോധമോ നിരാശയോ ഉണ്ടാവണമെന്നില്ല. ശ്രീകൃഷ്ണൻതന്നെ ഒന്നിലധികം പ്രാവശ്യം ഗീതാതത്വങ്ങൾ ആവർത്തിച്ച് ഉപദേശം ചെയ്തതായി കാണാം. അനുഗീത, ഉത്തരഗീത മുതലായവ.

ഉത്തമം, മദ്ധ്യമം, അധമം ഇങ്ങനെ മൂന്നുവിധം അധികാരികൾ വക്താക്കളിലും ശ്രോതാക്കളിലുമുണ്ട്. മാസങ്ങളോളം തത്വശ്രവണം ചെയ്താലും ഉള്ളിലോട്ടു കടന്നുചെല്ലാത്ത ശ്രോതാക്കളാണ് ബഹുഭൂരിപക്ഷം. അതുപോലെ ടൺ കണക്കിനു പ്രസംഗിച്ചാലും ഒരു തുള്ളിപോലും സ്വാനുഭൂതി നേടാത്തവരാണ് വക്താക്കളിൽ പലരും. അവരെ സംബന്ധിച്ചടത്തോളം വ്യാവഹാരി

കവ്യാപാരത്തിനപ്പുറം ഒന്നും വെളിപ്പെടുന്നില്ല. എന്നാൽ ഭാഗവതം ഉപദേശിച്ച ശ്രീശുകനും, ശ്രവിച്ച പരീക്ഷിത്തും ഉത്തമാധികാരികളാണ്. അതിനാൽ ഉപദേശിച്ചതിന്റെ കൃതാർത്ഥത ശുകനും, ശ്രവിച്ചതിന്റെ അനുഭവം പരീക്ഷിത്തിനും ഏഴു ദിവസത്തിനകം ഉണ്ടായി.

ഭാഗവതത്തിൽ മൂന്നുവിധഭാഷ പ്രയോഗിച്ചിരിക്കുന്നു. ഭാഗവതം മുഴുവൻ ഹൃദയത്തിൽ കാണാൻ കഴിയുന്ന വിധത്തിൽ പറഞ്ഞിരിക്കുന്ന സമാധിഭാഷ ഒന്ന്. ഉപനിഷത്തു് തുടങ്ങിയ പ്രമാണ ഗ്രന്ഥങ്ങളെ ഉദ്ധരിച്ചു കാട്ടുന്ന പരമതഭാഷ രണ്ട്. കഥയിൽ രസംകൊണ്ടു വരാൻവേണ്ടി ഉപയോഗിക്കുന്ന ലൗകികഭാഷ മൂന്ന്.

പരമസത്യ തത്വത്തെ ധ്യാനിക്കണമെന്നുപദേശിക്കുന്ന "സത്യം പരം ധീമഹി" മഹാഭാഗവതത്തിന്റെ ആദ്യവസാനങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ, ഭാഗവത സപ്താഹം ജ്ഞാനയജ്ഞമാണെന്ന് ആദ്യത്തിലും ജ്ഞാനപ്രദീപമാണെന്നു അവസാനത്തിലും പറഞ്ഞിട്ടുണ്ട്. ചന്ദ്രനെപോലെ ജ്ഞാനരൂപിയായ സമുദ്രത്തിൽ ശോഭിക്കുന്ന (ജ്ഞാനമഹാബ്ധിചന്ദ്രമാ:) വനും വർണ്ണാശ്രമങ്ങളിൽ നിന്നതീതനും സ്വരൂപാനുഭൂതിയാൽ പൂർണ്ണനും (അലക്ഷ്യലിംഗോ നിജലാഭതുഷ്ട:) സമസ്തവും ആത്മസ്വരൂപമായി കണ്ടിരുന്നവനുമായ ശ്രീശുകബ്രഹ്മർഷിയാണ് ഭാഗവതവക്താവ്. അടുത്തനിമിഷം മരിക്കുമെന്നറിഞ്ഞ സാത്വികനായ ഒരാൾക്കു പിന്നെയെന്തു പ്രതീക്ഷയാണുണ്ടാവുക! അങ്ങിനെ തീവ്രവൈരാഗ്യനിഷ്ഠനും ഗർഭസ്ഥശിശുവായിരുന്നപ്പോൾതന്നെ ഭഗവന്മായയുടെ പരീക്ഷയിൽ വിജയിച്ചവനുമായ പരീക്ഷി

ത്താണ് ഭാഗവതശ്രോതാവ്. ഈ ഉത്തമനിലയിൽ പരീക്ഷിത്ത് ഏഴുദിവസത്തിനകം ഭാഗവത ശ്രവണം ചെയ്തു മുക്തനായതിൽ യാതൊരത്ഭുതവുമില്ല.

മഹാ ഭാഗവതം ആദ്യവസാനം പ്രധാനംതന്നെയെങ്കിലും ദശമസ്കന്ധം ഭഗവാൻെറ ഹൃദയമെന്നും ഏകാദശസ്കന്ധം ഭഗവാൻെറ ശിരസ്സ് എന്നും പറയാറുണ്ട്. യഥാക്രമം നിരോധലീലയും മുക്തിലീലയുമാണ് ഇവയിലെ പ്രതിപാദ്യം. ഇതിൽ ഏകാദശത്തിൽ ഏഴുമുതൽ ഇരുപത്തി ഒൻപതാമത്തെ അദ്ധ്യായംവരെ ഉദ്ധവോപദേശമാണ്. അതായത് അർജ്ജുനനെ നിമിത്തമാക്കി ഉപദേശിച്ച ഭഗവത്ഗീതപോലെ മഹാനുഭാവനായ ഉദ്ധവരെ നിമിത്തമാക്കി വിശ്വകല്യാണാർത്ഥം ശ്രീകൃഷ്ണഭഗവാൻ അരുളിയ "ഉദ്ധവഗീത". ഭഗവദ്ഗീത ഉപദേശിക്കുമ്പോൾ 70–71 വയസ്സായിരുന്ന ശ്രീകൃഷ്ണന് ഉദ്ധവക്കു ഉപദേശിക്കുമ്പോൾ 120 വയസ്സ് പ്രായമുണ്ടായിരുന്നു.

ഉദ്ധവഗീത ശ്രീകൃഷ്ണൻെറ അന്തിമസന്ദേശമാണെന്നു വിശേഷിപ്പിക്കാറുണ്ട്. ഈ സംവാദത്തിനുശേഷം ചരിതാർത്ഥനായ ഉദ്ധവർ ഹിമാലയത്തിലേയ്ക്കുപോയി; ശ്രീകൃഷ്ണൻ ബ്രഹ്മനിഷ്ഠയിലിരുന്നു. ശ്രീ കൃ ഷ്ണ രൂ പ ത്തി ൽ ഇത്രയും ദീർഘമായ ഉപദേശം പിന്നീട് ചെയ്തില്ലെന്നു താല്പര്യം. ഭഗവാൻെറ സന്ദേശത്തിന്നുആദിമദ്ധ്യാന്തങ്ങളൊന്നുമില്ല. ലൗകികരീത്യാ അങ്ങനെ പറയാമെന്നു മാത്രം. കാലദേശാദി പരിമിതികളൊന്നുമില്ലാത്ത ഭഗവാൻെറ ഉപദേശങ്ങൾ നവംനവമായി ജനിക്കുന്ന ജീവാത്മാക്കൾക്കു നിത്യനൂതനമായ ദൈവീസന്ദേശത്തിൻെറ ദിവ്യസ്രോതമായനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു,

ഈ അത്ഭുതപ്രപഞ്ചം അത്യത്ഭുതവസ്തുവിന്റെ യോഗമായാവൃതമായ കേളീരംഗമാണെന്നു ചൂണ്ടിക്കാട്ടികൊണ്ടാണ് ശ്രീകൃഷ്ണൻ ഉദ്ധവരെ ഉപദേശിച്ചു തുടങ്ങുന്നതു്. അവധൂതനായ ഗുരുദത്താത്രേയന്റെ കഥയിൽകൂടി 24 ഗുരുനാഥന്മാരെയും അവരിലൂടെ ഗ്രഹിച്ചഗുണപാഠങ്ങൾ എന്തെല്ലാമെന്നും വർണ്ണിക്കുന്നു. മൂന്നു ശിരസ്സുകളുള്ള–ബ്രഹ്മാ, വിഷ്ണു, ശിവൻ എന്നീ ത്രിമൂർത്തി സ്വരൂപനായ–ദത്താത്രേയൻ അനസൂയയുടേയും അത്രി മഹർഷിയുടെയും പുത്രനാണ്. അദ്ദേഹത്തിന്റെ അനുഭവങ്ങൾ ഏതൊരു ജ്ഞാന ജിജ്ഞാസുവിനും മാർഗ്ഗദർശകമായിരിക്കും.

ഗുരുവിന്റെ ലക്ഷണം, ഗുരുശുശ്രൂഷ, ഗുരുവിനെ പ്രാപിക്കുവാനുള്ള യോഗ്യതകൾ, ആത്മതത്വപ്രാപ്തിക്കായി സാധനകൾ ചെയ്യേണ്ടുന്ന വിധം എന്നിവ തുടർന്നുള്ള അദ്ധ്യായങ്ങൾ വിവരിക്കുന്നു. ഒരു സാധകനെ സംബന്ധിച്ചെടത്തോളമെങ്കിലും "ആശതന്നെ ഏററവും വലിയ ദുഃഖം, വൈരാഗ്യംതന്നെ ഏററവും വലിയ സുഖം."

ആശാഹിപരമം ദുഃഖം നൈരാശ്യം പരമം സുഖം

മനസ്സിന്റെ അടിത്തട്ടിൽ എന്തോ ഒരു സുഖം പ്രതീക്ഷിച്ചുകൊണ്ടെല്ലാവരും ചലിക്കുന്നു. ഓരോ സുഖവും വരുമ്പോൾ പോരാ പോരാ എന്നോതുന്നു. ഓരോ സുഖത്തിന്റെ പിന്നാലെ ദുഃഖവും വന്നും പോയുമിരിക്കുന്നു. ഈ മായാവലയത്തിൽനിന്നു പുറത്തു വന്നു നോക്കാൻ ഈശ്വരകാരുണ്യം, അഥവാ അനുഭവവേദ്യനായ ഗുരുവിന്റെ തുണ വേണം. ആദ്യം ധർമ്മവിധികളനുസരിച്ച് കർമ്മം ചെയ്തുകൊണ്ടു് ഭക്തിജ്ഞാനവൈരാഗ്യങ്ങൾ

സമ്പാദിക്കണം. പിന്നീടു് ആത്മാനുഭൂതി നേടിയിട്ടുള്ള ഒരു ഗുരുവിനെ ആശ്രയിച്ച് വേണ്ടവിധം ആത്മജ്ഞാനത്തിനു പരിശ്രമിക്കണം. അങ്ങനെ പരോക്ഷജ്ഞാനമുണ്ടാവുന്നു, അരണി ഉരച്ച് അഗ്നി ജ്വലിപ്പിക്കുന്നതുപോലെ ഗു രു ശി ഷ്യ ബ ന്ധത്തിൻെറ തീഷ്ണതയും ശക്തിയുമനുസരിച്ചു് ജ്ഞാനപ്രാപ്തിയുണ്ടാവുന്നു.

''മനസ്സുതന്നെ അന്തർമ്മുഖമായാൽ നിത്യാനന്ദത്തിനും ബഹിർമുഖമായാൽ സർവ്വാനർത്ഥങ്ങൾക്കും കാരണമായിത്തീരുന്നു. സത്വപ്രധാനമായി ശാന്തമായിത്തീർന്ന ചിത്തം എപ്പോൾ ആത്മസ്വരൂപനായ എന്നിൽ തന്നെ അർപ്പിക്കപ്പെട്ടതായിത്തീരുന്നുവോ, അപ്പോൾ സാധകൻ ധർമ്മം ജ്ഞാനം വൈരാഗ്യം, ഐശ്വര്യം മുതലായവയെ അനായാസേന പ്രാപിക്കുന്നു,

മനുഷ്യർ അവരവരുടെ കർമ്മവാസനകളനുസരിച്ചു്, മനഃപക്വതയും ശരീരകൂറുമനുസരിച്ച് വിവിധമാർഗ്ഗങ്ങളിൽ ചരിക്കുന്നു. അവരിൽ ധർമ്മനിഷ്ഠയുള്ള ആസ്തികരും അധർമ്മ കർമ്മങ്ങളിൽ താൽപര്യമുള്ള നാസ്തികരുമുണ്ട്. യജ്ഞദാന തപസ്സുകളെപ്പററി ഭിന്നാഭിപ്രായക്കാരുണ്ട്, ഇതെല്ലാം അവരവരുടെ പ്രകൃതിഭേദംകൊണ്ടു്തന്നെ. പുരുഷാർത്ഥങ്ങളെ അഭിരുചിയ്ക്കു ഒത്തവിധം വ്യാഖ്യാനിക്കുന്നു. അവർക്കു പരിഛിന്നമായ ആനന്ദകണങ്ങൾ (അല്പ സുഖങ്ങൾ) അനുഭവിക്കുവാനും കഴിയുന്നു.

''എ ന്നാ ൽ പരമപുരുഷാർത്ഥസ്വരൂപനായ എന്നിൽ ഹേ ഉദ്ധവാ! അർപ്പിച്ച മനസോടുകൂടിയ

വനും ലൗകികാഗ്രഹങ്ങളില്ലാത്തവനുമായ പരമഭാഗവതന് പരമാനന്ദമൂർത്തിയായ ഞാൻ ആത്മസ്വരൂപനായി പ്രകാശിക്കുന്നതിനാൽ യാതൊരു പരമാനന്ദം സിദ്ധിക്കുന്നുവോ അതു ലൗകിക വിഷയങ്ങളിൽ അത്യാസക്തരായവർക്കു സിദ്ധിക്കുകയില്ല. അവർക്കു പരിഛിന്നമായ ആനന്ദാനുഭവമേ സിദ്ധിക്കൂ, ഭഗവത്ഭക്തനാകട്ടെ അപരിഛിന്നവും ശാശ്വതവുമായ സാക്ഷാൽ ബ്രഹ്മാനന്ദം സിദ്ധിക്കുന്നു.

ലോകവ്യവഹാരങ്ങളിൽ ബദ്ധരും അവയിൽ നിന്നും മുക്തരായവരും ഉണ്ട്. അവർ എങ്ങനെ വർത്തിക്കും, എങ്ങനെ വിഹരിക്കും, ഏതേതു ലക്ഷണങ്ങളാൽ വേർതിരിച്ച് അറിയപ്പെടും, ഇത്യാദി ഉദ്ധവരുടെ ചോദ്യങ്ങൾക്കു സമാധാനമരുളിക്കൊണ്ട് ശ്രീകൃഷ്ണൻ പറയുന്നു:— എത്രതന്നെ അഭ്യസ്ഥവിദ്യനായാലും ശാസ്ത്ര പണ്ഡിതനായാലും, വശ്യവാചാലനായാലും അനുദിന ജീവിതത്തിൽ അവ പ്രായോഗികമാക്കുന്നില്ലെങ്കിൽ അയാളുടെ ശ്രമമെല്ലാം പാലുവറ്റിയ പശുവിനെ പാലിനുവേണ്ടി പാലിക്കുന്നതുപോലിരിക്കും. ദുഃഖോപരി ദുഃഖം തന്നെ അയാൾക്കും ഫലമെന്നർത്ഥം.

> ശബ്ദബ്രഹ്മണി നിഷ്ണാതോ ന നിഷ്ണായാത്പരേ യദി
> ശ്രമസ്തസ്യ ശ്രമഫലോ ഹ്യധേനുമിവരക്ഷത:
>
> ഭാഗവതം 11–11–13.

സത്വവസ്തുവിൽ—ഈശ്വരനിൽ—ആസക്തി വർദ്ധിക്കുവാൻ തക്കവിധം ക്ഷേത്രാരാധനയുടെ നാനാവശങ്ങൾ, സത്സംഗത്തിൻെറ മഹിമാതിശയങ്ങളെന്നിവ ദൃഷ്ടാന്തസഹിതം ഭഗവാൻ വെളിപ്പെ

ടുത്തുന്നു. "സത്സംഗംകൊണ്ട് സിദ്ധിച്ച ഭഗവൽ ഭക്തികൊണ്ടു യാതൊരാറം നിരന്തരം ഉപാസനം ചെയ്യുന്നുവോ, ആ പുണ്യാത്മാവ് സജ്ജനങ്ങളാൽ കാണിച്ചുകൊടുക്കപ്പെട്ട എന്റെ സ്വരൂപത്തെ വിഷമംകൂടാതെ പ്രാപിക്കുന്നു."

എങ്ങനെയുള്ളവരാണ് സജ്ജനങ്ങൾ? സജ്ജനം പരദുഃഖം കാണവാൻ കഴിയാത്തവനും, ഒരു പ്രാണിയെയും ഉപദ്രവിക്കാത്തവനും, സഹനശീലനും, സത്യമാകുന്ന ബലത്തോടുകൂടിയവനും, അസൂയാദി ദോഷരഹിതനും, സുഖദുഃഖാദികളിൽ സമനും യഥാശക്തി സർവ്വർക്കും ഉപകാരം ചെയ്യുന്നവനുമാകുന്നു.

"സജ്ജനങ്ങൾ ലോകവിഷയങ്ങളിൽ വ്യാമോഹിതരാവുന്നില്ല, ഇന്ദ്രിയങ്ങളെ നിയന്ത്രിച്ചവരും, മൃദുചിത്തരും, പരിശുദ്ധരും, ഒന്നിലും മമത്വമില്ലാത്തവരും കാമ്യകർമ്മരഹിതരും, മിതമായി മാത്രം ഭക്ഷിക്കുന്നവരും, ശാന്തരും, സ്വധർമ്മനിഷ്ഠരും സർവ്വാത്മനാ എന്നെ (ഭഗവാനെ) ശരണം പ്രാപിച്ചവരും നിരന്തരം എന്നെ സ്മരിക്കുന്നവരുമാകുന്നു."

"സജ്ജനം പ്രമാദമില്ലാത്തവനും നിർവ്വികാരനും ഏതു ആപത്തിലും കാർപണ്യം കൂടാതെ ധീരതയോടുകൂടി വർത്തിക്കുന്നവനും, വിശപ്പ് ദാഹം ശോകമോഹങ്ങൾ ജന്മമൃത്യുക്കൾ എന്നിവയെ ജയിച്ചവനും, മാനം സ്വയമാഗ്രഹിക്കാത്തവനും, മററുള്ളവരെ മാനിക്കുന്നവനും, ജ്ഞാനദാനത്തിൽ സമർത്ഥനും, ആരെയും വഞ്ചിക്കാത്തവനും, കരുണയാൽതന്നെ പ്രവർത്തിക്കുന്നവനും, ജ്ഞാനിയുമായി ഭവിക്കുന്നു."

“പഠിപ്പും പാണ്ഡിത്യവും മററും ഇല്ലെങ്കിലും, അഭ്യസിച്ചുനേടിയ അറിവുകളെപ്പോലും കാര്യമാക്കാതെ സർവ്വാത്മനാ ശ്രീകൃഷ്ണനെത്തന്നെ ശരണം പ്രാപിച്ച സജ്ജനം സർവ്വശ്രേഷ്ഠരാണ്.” ഇങ്ങനെ സജ്ജന ലക്ഷണങ്ങൾ ഉൽബോധപ്പിച്ചുകൊണ്ട് സാധനഭക്തിലക്ഷണത്തെ വിവരിക്കുകയാണ്.

വീണ്ടും സത്സംഗ മാഹാത്മ്യം അനുസ്മരിപ്പിച്ചുകൊണ്ട് കർമ്മാനുഷ്ഠാന ത്യാഗങ്ങളുടെ വ്യവസ്ഥ ഉപദേശിക്കുന്നു. അനന്തരം ഭഗവാങ്കലുള്ള ദിവ്യഭക്തിതന്നെ പരമശ്രേയസ് എന്നതും അതിന്നായി സാധകൻ ആ ദിവ്യമംഗള വിഗ്രഹത്തെ ധ്യാനിക്കേണ്ടതായ സമ്പ്രദായവും വർണ്ണിക്കുന്നു. പതിനഞ്ചാം അദ്ധ്യായത്തിൽ യോഗസിദ്ധികളെപ്പറ്റിയും അവ എങ്ങിനെ ഈശ്വരസ്വരൂപപ്രാപ്തിയ്ക്കു തടസ്ഥമാവുന്നുവെന്നും, ഭഗവൽപ്രാപ്തിക്കു സാധകമായി യോഗമനുഷ്ഠിക്കേണ്ടതെങ്ങനെയെന്നും വിവരിക്കുന്നു. ബഹിർമുഖമായി പാഞ്ഞുകൊണ്ടിരിക്കുന്ന ഇന്ദ്രിയാദികരണങ്ങളെ ഈശ്വരോന്മുഖമാക്കാൻ പതിനാറാം അദ്ധ്യായത്തിൽ ഭഗവൽവിഭൂതികളെപ്പററി വർണ്ണിക്കുന്നു. പിന്നിടു് വർണ്ണാശ്രമ ധർമ്മങ്ങളെയും ജ്ഞാനഭക്തി യമനിയമാദികളെയും പ്രതിപാദിക്കുന്നു. തുടർന്നു ശാസ്ത്രം നിവൃത്തിപരമാണെന്നും പ്രവൃത്തിപരമല്ലെന്നും കാണിക്കുകയും ഭക്തിജ്ഞാന കർമ്മയോഗങ്ങളെ അധികാരിഭേദമനുസരിച്ച് വർണ്ണിക്കുകയും ചെയ്യുന്നു.

''ഗുരുമുഖത്തു നിന്നു വേണ്ടവിധമറിയുന്നതാണ് മന്ത്രശുദ്ധി; ഭഗവാങ്കൽ കർമ്മങ്ങളെ അർപ്പിക്കലാണ് കർമ്മശുദ്ധി. ഇപ്രകാരം കാലം, ദേശം, ദ്രവ്യം, മന്ത്രം, കർത്താവ്, കർമ്മം എന്നീ ആറിന്റേയും ശുദ്ധികൊണ്ടാണ് ധർമ്മം ഭവിക്കുന്നത്; ഇവയുടെ അശുദ്ധി അധർമ്മത്തിന്നും ഹേതുവാകുന്നു.''

മന്ത്രസ്യച പരിജ്ഞാനം കർമ്മശുദ്ധിർമദർപണം
ധർമ്മ: സംപദ്യതേ ഷഡ്ഭിരധർമ്മസ്തു വിപര്യയ:

—ഭാഗവതം 11–21–15

വൈവിധ്യത്തിൽ ഏകത്വമെന്ന തത്വപ്രകാരം ശാസ്ത്രപരമായ വിരോധപരിഹാരവും പ്രകൃതിപുരുഷവിവേകവും ജനനമരണവിഷയങ്ങളും വിവരിച്ചുകൊണ്ട് സല്ക്കാര്യങ്ങളിൽ ഉണ്ടാവുന്ന തടസ്ഥങ്ങളെ എങ്ങനെ നേരിടണമെന്നു പ്രസ്താവിക്കുന്നു. ഭിക്ഷുഗീത, പ്രകൃതിപുരുഷ വിവേകം, ഗുണവൃത്തികളെ ജയിക്കൽ പുരൂരവസിൻെറ ഗീതം മുതലായ ഉപാഖ്യാനങ്ങളും ഉപദേശങ്ങളുംകൊണ്ട് ഭഗവാൻ മനോജയത്തിന്നുള്ള ഉപായങ്ങളും ഉദ്ബോധിപ്പിക്കുന്നു. ദുർജ്ജന സംസർഗ തിരസ്കാരവും സജ്ജനസംസർഗ സ്വീകാരവും എടുത്തുപറയുന്നുണ്ട്.

ഇരുപത്തിയേഴാം അദ്ധ്യായത്തിൽ വേഗത്തിൽ ഹൃദയശുദ്ധിയെ ഉണ്ടാക്കുന്നതും സർവ്വാഭീഷ്ടപ്രദവുമായ ഭഗവൽ പൂജാവിധാനത്തെപ്പററി ഉപദേശിക്കുന്നു. 28—ാം അദ്ധ്യായത്തിൽ ജ്ഞാനയോഗസംഗ്രഹവും 29—ാം അദ്ധ്യായത്തിൽ ഭക്തിയോഗ സംഗ്രഹവും പ്രകാശിപ്പിക്കുന്നു. ''സർവ്വത്തിലും ഈശ്വരഭാവം ചിന്തിക്കുന്ന പുണ്യാത്മാവിന് സമൻ

മാരിൽ സ്പർദ്ധയും ഉത്തമൻമാരിൽ അസൂയയും അധമന്മാരിൽ തിരസ്ക്കാരവും അവനവനിൽ അഹങ്കാരവും ഉണ്ടാവുകയില്ല."

ഭക്തന്റെ പരമപുരുഷാർത്ഥം ഭഗവാൻ തന്നെ. അദ്ദേഹം എല്ലാ കർമ്മങ്ങളും ഭഗവദർപ്പണമായി ചെയ്യുമ്പോഠം സർവ്വ കർമ്മങ്ങളിൽ നിന്നും മുക്തനും സന്തുഷ്ടനുമായി ഭവിക്കും. അങ്ങനെ ഭഗവാങ്കൽ ആത്മസമർപ്പണം ചെയ്ത മഹാത്മാവ് ഭഗവാനു് ഏററവും പ്രിയപ്പെട്ടവനായിത്തീരുന്നു. ആ പുണ്യാത്മാവ് അമൃതത്വം പ്രാപിച്ച് ഭഗവൽസ്വരൂപ പ്രാപ്തിയ്ക്കു യോഗ്യനായിത്തീരുന്നു."

> **മർത്ത്യോ യദാ ത്യക്ത സമസ്തകർമ്മാ**
> **നിവേദിതാത്മാ വിചികീർഷിതോ മേ**
> **തദാ ഽമൃതത്വം പ്രതിപദ്യമാനോ**
> **മയാ ഽത്മഭൂയായ ച കല്പതേ വൈ:**
> **—ഭാഗവതം 11–29–34**

"ഈശ്വരഭക്തി സാധകങ്ങളായ ധർമ്മത്തെപ്പററി എനിയ്ക്കു ഉപദേശിക്കേണമേ" എന്നാണു് ഉദ്ധവരുടെ പ്രാർത്ഥന. "ആദിയിൽ നിന്തിരുവടി ഹംസരൂപിയായി ബ്രഹ്മ സഭയിൽ പരമസുഖസ്വരൂപമായ ധർമ്മം ഉപദേശിച്ചു. കാലാന്തരത്തിൽ അതു അദൃശ്യമായിത്തീരുന്നതിനാൽ അതിനെ ഇപ്പോഴത്തെ നിലയിൽ അങ്ങ് ഉപദേശിച്ചാലും. സർവ്വ ധർമ്മജ്ഞനായ അവിടുന്നു് ഈ അവതാര ലീലയ്ക്കു വിരാമമിട്ട് അദൃശ്യമായാൽ പിന്നെ ആരാണിതു ഉപദേശിച്ചുതരിക?"

ഉദ്ധവരുടെ അപേക്ഷ കേട്ട് സന്തുഷ്ടനായ ഭഗവാൻ ശ്രീകൃഷ്ണൻ ഉദ്ധവരെ നിമിത്തമാക്കി മനുഷ്യരാശിയുടെ പരമക്ഷേമത്തിന്നായ്ക്കൊണ്ട് സനാതനങ്ങളായ ധർമ്മങ്ങളെ ഉപദേശിച്ചു.

''ഈശ്വരോപാസനയാണ് മുഖ്യം, കല്പാരംഭത്തിൽ മനുഷ്യർക്കു ഹംസൻ എന്ന ഒരു വർണ്ണമേ ഉണ്ടായിരുന്നുള്ളൂ, മനുഷ്യരെല്ലാം അന്നു കൃതകൃത്യരായിരുന്നു. അതിനാൽ ആ യുഗത്തെ കൃതയുഗമെന്നു പറയുന്നു. അന്നു വിധി നിഷേധങ്ങളുടെ ശാസ്ത്രമാവശ്യമില്ലായിരുന്നു. വേദങ്ങളെല്ലാം ഓം എന്ന പ്രണവസ്വരൂപമായിരുന്നു.'' എന്നു പൂർവ്വസ്ഥിതി പ്രകാശിപ്പിച്ചുകൊണ്ടാണ് ശ്രീകൃഷ്ണൻ ദ്വാപര–കലിയുഗങ്ങളിലേയ്ക്കു പററിയ ഭാഗവതധർമ്മം ഉപദേശിക്കുന്നത്.

''ധർമ്മാനുഷ്ഠാനങ്ങളാൽ സത്വസമ്പന്നനായിത്തീർന്ന—ശുദ്ധ മനസ്കനായ—ഒരാൾ എന്നിൽതന്നെ രമിയ്ക്കുന്നു. അയാൾ ധർമ്മം, ജ്ഞാനം, വൈരാഗ്യം, ഐശ്വര്യം മുതലായവയെ അനായാസേന പ്രാപിയ്ക്കുന്നു.''

''ധർമ്മത്തെത്തന്നെ അഹങ്കാര മമതാദികളാൽ കർമ്മപ്രധാനമാക്കിയാൽ അതു അധർമ്മമാകുന്നു. അഥവാ ദ്വൈതപ്രപഞ്ചത്തിൽ അർപ്പിക്കപ്പെട്ട് ഇന്ദ്രിയങ്ങളോടുകൂടി നാനാ വിഷയങ്ങളിൽ ഓടി നടക്കുമ്പോൾ അതുതന്നെ രജോഗുണപ്രധാനവും നീചനീചവുമായിത്തീരുന്നു.

# 27 ഇരുട്ടും വെളിച്ചവും

സമയം മദ്ധ്യാഹ്നം. സൂര്യൻ കത്തിജ്വലി ച്ചുകൊണ്ടിരുന്നു. ഭൂമി സൂര്യാതപമേററു് കാഞ്ഞി രിക്കുന്നു, എവിടേയും ക്രൂടും ചൂടു് വ്യാപിച്ച് വശായി.

ലീലാവിനോദനായ കൊച്ചുണ്ണികൃഷ്ണൻ ബാ ലസ്നേഹിതൻമാരോടുകൂടി യമുനാനദി തീരത്തില ങ്ങിനെ കാലികളേയും മേച്ചു നടക്കുകയാണ്.

ദാഹിച്ചു കണ്ഠം വരണ്ട് ജീവജാലങ്ങൾ തണൽ പററി വിശ്രമംകൊള്ളുന്ന സമയം, കൂട്ടുകാരൊത്തു ഓടിക്കളിച്ച് ക്ഷീണിച്ചുവശായ നമ്മുടെ ഉണ്ണികൃ ഷ്ണൻ മാതൃ സന്നിധിയിലേക്ക് ഓടി. യശോദാ ദേവിയുടെ കാലുകളിൽ പററിപ്പിടിച്ചു നിലയായി. മാതാവ് തൻെറ കണ്ണിലുണ്ണിയായ കുഞ്ഞിൻെറ കന കമരവി കലർന്ന മുഖകമലത്തെ ഉററുനോക്കി. അത് ചുവന്നു വിവർണ്ണമായിരുന്നു. ആ മാതൃഹൃദയം ഒന്നു പിടഞ്ഞു. മകനെ വാരിയെടുത്ത് മാറോടണച്ചു കൊണ്ടാശ്ലേഷിച്ചു. തെരുതെരെ ചുംബനങ്ങളർപ്പി ച്ചുകൊണ്ട് "കൃഷ്ണാ! കൃഷ്ണാ!!" എന്നു തൊണ്ട യിടറിയ സ്വരത്തിൽ ശബ്ദിച്ചു.

ഉണ്ണികൃഷ്ണൻ മാതാവിൻെറ മാർവിടത്തിൽ തലചായ്ച്ചുകൊണ്ട് "അമ്മേ! അമ്മേ!" എന്നു മന്ത്രിച്ചു.

യശോദ:– നീ ഭയപ്പെട്ടിരിക്കുന്നതുപോലെ കാ ണുന്നുവല്ലോ മകനേ!. പറയൂ എന്തുപററി? നിനക്ക്

അഹിതമായി ആരെങ്കിലും വല്ലതും പ്രവർത്തിച്ചോ? പശുക്കുട്ടികറം ഉപദ്രവിച്ചുവോ? പറയൂ മകനേ!

ശ്രീകൃഷ്ണൻ:— ഊഹും. പശുക്കുട്ടികറം എന്നെ ഉപദ്രവിക്കുകയോ! ഒരിക്കലുമില്ല. ആരും എന്നെ ഉപദ്രവിച്ചില്ല അമ്മേ.

യശോദ തെല്ലാശ്വസിച്ചു:— പിന്നെയെന്താണ് നീ ഓടി തളർന്നു വന്നത്?

ശ്രീകൃഷ്ണൻ:— ആ പാൽക്കിണ്ണം ഒന്നിങ്ങോട്ടു എടുക്കൂ അമ്മേ!

യശോദ:— ഇപ്പോഴെന്തിനാണ് പാൽപ്പാത്രം?

ശ്രീകൃഷ്ണൻ ശിശുസഹജമായ നിഷ്കപടതയോടു മാതൃഭുജങ്ങളിൽ തലചായിച്ചു വാർകുന്തലൊതുക്കിക്കൊണ്ട് അമ്മയുടെ മുഖത്തേയ്ക്കു ദൃഷ്ടി പതിപ്പിച്ചു പറയുകയാണ്:— പാൽ കുടിക്കാനമ്മേ! പാൽ വേണം,

യശോദ:— കൊള്ളാം ഇപ്പോഴാരെങ്കിലും പാൽ കുടിക്കുമോ? ഇതെവിടത്തെ ഭ്രാന്താണ് കുഞ്ഞേ!

കൃഷ്ണൻ:— പിന്നെയെപ്പോഴാണ് പാൽ കുടിക്കുന്നത്?

യശോദ:— രാത്രിയാകുമ്പോറം.

ശ്രീകൃഷ്ണൻ:— പിന്നെ....രാത്രിയാകുന്നതെപ്പോഴാണ്?

യശോദ:— ഇരുട്ടാകുമ്പോറം.

ശ്രീകൃഷ്ണൻ (ഉൽക്കണ്ഠയോടുകൂടി):— അമ്മേ. ഈ ഇരുട്ടെങ്ങനെയാണുണ്ടാകുന്നതു്?

യശോദ:— മകനേ, നമുക്കു പരസ്പരം കാണാൻ കഴിയാതാകുമ്പോഠം ഇരുളാകുന്നു.

മാതൃവചനം കേട്ട ആ കൊച്ചുതത്വജ്ഞാനി ഉണ്ണികൃഷ്ണൻ നിമിഷനേരം മൗനമവലംബിച്ച ശേഷം കണ്ണുകഠം രണ്ടും പൊത്തിപ്പിടിച്ചുകൊണ്ട് പറയുകയായി:— അമ്മേ, അമ്മേ! ഇതാ ഇരുട്ടായിപ്പോയി! അമ്മ ഇതു വിശ്വസിക്കുന്നില്ലെങ്കിൽ അമ്മ കൂടി കണ്ണുകഠം പൊത്തിനോക്കൂ! ഇതാ കുററാംകുററിരുട്ട്! ഇനി പാൽപ്പാത്രമിങ്ങെടുക്കൂ!

മകൻെറ ഈ വാക്കുകഠം കേട്ട ആ ജനനിയുടെ നേത്രങ്ങഠം വാത്സല്യം നിറഞ്ഞ അശ്രുക്കളാൽ തിളക്കംകൊണ്ടു. യശോദ പുത്രനെ വീണ്ടും വീണ്ടും ആശ്ലേഷിച്ചു,

"മകനെ ഇരുട്ടായിപ്പോയെങ്കിൽ നിറഞ്ഞിരിക്കുന്ന പാൽപ്പാത്രവുമിതാ" എന്നു പറഞ്ഞുകൊണ്ടു യശോദ പാൽ കൊണ്ടുവന്നു ഗോപാലകൃഷ്ണൻെറ ഉണ്ണിക്കരങ്ങളിൽ നൽകി "ചശിയതീരെ കുടിച്ചുകൊള്ളൂമോനേ."

ഇത് ശ്രീകൃഷ്ണൻെറ ശിശുപ്രായത്തിൽ നടന്ന ഒരു സംഭവമാണ്. ഈ കഥാശകലത്തിലടങ്ങിയിരിക്കുന്ന സാരംഗ്രഹനമാണ്. വിജ്ഞാനസമ്പൂർണ്ണമായ ഒരു നേരിയ യാഥാർത്ഥ്യം ഇതിൽ ഒളിഞ്ഞു കിടപ്പുണ്ട്. അത് നാം മനസ്സിരുത്തി ചിന്തിക്കുകയാണെങ്കിൽ പൊരുളറിയാൻ കഴിയും. ശ്രീകൃഷ്ണൻ ബാലലീലയിൽ കണ്ണുപൊത്തി ഇരുട്ടുണ്ടാക്കി.

നമ്മളാകട്ടെ ഇന്നു യൌവ്വനത്തിലും വാർദ്ധക്യത്തിലും കണ്ണുകളിൽ കയ്യുംപൊത്തിയിരിക്കുകയാണു്! ജീവിതത്തെ അന്ധകാരാവൃതമാക്കിയിരിക്കുകയാണു്!

“ഭൂമിയിലെ പാപങ്ങളെല്ലാം ഇരുട്ടിലാണുണ്ടാകുന്നതെന്നു്” ഒരു പണ്ഡിതൻ ഉൽബോധിപ്പിക്കുന്നു’. ഇനിയൊരു പണ്ഡിതൻ പറയുന്നു:— “ഇരുളാകട്ടെ പല പ്രകാരത്തിലുണ്ടെ”ന്നു്. “ലോകത്തിൽ ഇരട്ടെന്നൊന്നു ഇല്ലെന്നു” മറ്റൊരു മഹാത്മാവു് പറയുന്നു.

ഞാനാലോചിക്കുവാൻ തുടങ്ങി. “പിന്നെ ഈ ഇരുട്ടു് എവിടെ നിന്നുണ്ടായി! ഭൂമി—ജോതിശ്ശാസ്ത്രങ്ങളെ തല്ക്കാലം ഒതുക്കിവച്ചിട്ടു ശ്രീകൃഷ്ണന്റെ ബാല്യലീല പഠിച്ചു. മേപ്പടി കഥാഭാഗം എന്നെ ഓർമ്മിപ്പിച്ചു. “ഇതു തന്നെയാണു് എന്റെ പ്രശ്നത്തിനു സമാധാന”മെന്നു്.

“ഓരോരുത്തരും ഇരുട്ടുണ്ടാക്കി സ്വയം കബളിപ്പിക്കപ്പെടുകയാണു്.” ഞാൻ ഹൃദയം തുറന്നു പ്രാർത്ഥിച്ചു:—

“തമസോ മാജ്യോതിർഗമയ”

(ഇരുട്ടിൽനിന്നു എന്നെ വെളിച്ചത്തിലേക്കു കൊണ്ടുപോകേണമേ!)

1952 “കേസരി”യിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 28 ഭഗവത്ഗീതയുടെ ജന്മദിനം

വിശ്വകല്ല്യാണാർത്ഥം കർമ്മവീരനായ അർജ്ജുനനെ നിമിത്തമാക്കി ശ്രീകൃഷ്ണഭഗവാൻ ഗീതോപദേശം ചെയ്ത ആ പുണ്യദിനം എന്നായിരിക്കണമെന്നു കണ്ടു പിടിക്കാൻ പണ്ഡിതന്മാരും ശാസ്ത്രജ്ഞന്മാരും ഉററുപരിശ്രമിക്കുകയായിരുന്നു. 1924–ൽ ഭാരതത്തിലെ പല ഭാഗങ്ങളിൽനിന്നും പണ്ഡിതന്മാർ ഒന്നിച്ചുകൂടി ഈ വിഷയത്തെക്കുറിച്ചു ചർച്ചകൾ നടത്തുകയുണ്ടായി. ഗീതാപ്രേമികളെ അത്യധികം ആകർഷിച്ച പ്രസ്തുത ചർച്ചാവിഷയം ഭിന്നാഭിപ്രായങ്ങൾക്കിടം നല്കാതിരുന്നില്ല. പണ്ഡിതന്മാർ തമ്മിൽ ചൂടുപിടിച്ച വാദപ്രതിവാദങ്ങൾ നടത്തി. അവസാനം അന്നത്തെ മാധവാ കോളേജ് പ്രിൻസിപ്പാളും, ഉജ്ജയിൻ ഒബ്സർവേററി സൂപ്രണ്ടും, പ്രസിദ്ധ ജോതിശ്ശാസ്ത്രജ്ഞനുമായ ശ്രീ. ജി. എസ്സ്. ആപ്തേയുടെ മദ്ധ്യസ്ഥതയിൽ മേൽപറഞ്ഞപ്രകാരം ഗീതോപദേശം ചെയ്ത പുണ്യദിനത്തെക്കുറിച്ചൊരു തീരുമാനത്തിലെത്തിച്ചേർന്നു.

പ്രസ്തുത പണ്ഡിതാഭിപ്രായത്തെ സമാദരിച്ചുകൊണ്ടു് അക്കാലത്തെ പത്രങ്ങളിൽ അനേകം ഉപന്യാസങ്ങൾ പ്രസിദ്ധീകരിക്കുകയും ഹൈന്ദവസ്ഥാപനങ്ങളും സംഘടനകളും ആയതു് സഹർഷം സ്വീകരിക്കുകയും ചെയ്തു. അന്നു മുതൽ മാർഗ്ഗശീർഷ (ധനു) ഏകാദശി (വെളുത്ത പക്ഷം) തോറും ഗീതാജയന്തി ആഘോഷിച്ചുവരികയാണു്. പൂനയിലെ ഗീതാധർമ്മമണ്ഡൽ, ഗോരഖ്പൂരിലെ ഗീതാ പ്രസ്സ്, മദ്രാസ്സ് ഗീതാപ്രചാരിണീസഭ,

പഞ്ചാബിലെ ഗീതാമിഷൻ മുതലായ സ്ഥാപനങ്ങരം ഗീതാജയന്തിദിനം രാജ്യവ്യാപകമായി ആഘോഷിക്കവാൻ മുന്നിട്ടുനിന്നു. ശ്രീരാമകൃഷ്ണമിഷൻ, ആര്യസമാജം, സനാതനധർമ്മപ്രതിനിധിസഭ, ഭാരതസേവാശ്രമസംഘം, ദിവ്യജീവനസംഘം, ഹിന്ദുമഹാസഭ മുതലായ സ്ഥാപനങ്ങളം സംഘടനകളം ദേശവ്യാപകമായി ഗീതാജയന്തി ആചരിക്കവാൻ തുടങ്ങി. സർവ്വമതാടിസ്ഥാനത്തിലുള്ള തിയോസഫിക്കൽ സൊസൈററി തുടങ്ങിയ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിലും ഇന്നു ഗീതാജയന്തിദിനം ആചരിച്ചു വരുന്നുണ്ട്.

## വിനോബയുടെ നിർദ്ദേശം

പൂജ്യവിനോബഭാവേയുടെ പത്രാധിപത്യത്തിൽ, വാർദ്ധാശ്രമത്തിൽനിന്നു പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന 'മഹാരാഷ്ട്രധർമ്മ' എന്ന പത്രപംക്തികളിൽ കൂടി ഗീതാജയന്തി ആഘോഷത്തിന്റെ ആവശ്യകതയേയും പ്രാധാന്യത്തേയും പുരസ്കരിച്ച് അദ്ദേഹം ലേഖനങ്ങളെഴുതിയിരുന്നു. കൊച്ചുകുട്ടികരം കൂടി ഗീത പഠിച്ചു മനസ്സിലാക്കത്തക്കനിലയിൽ ആചാര്യഭാവെ ഭഗവത്ഗീതയെ സംഗ്രഹിച്ചു ഒരു വ്യഖ്യാനമെഴുതി 'ഗീതാമാതാ' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തുകയും പതിനായിരക്കണക്കിനു വിററഴിക്കുകയും ചെയ്തു. ഡാക്ടർ കൈലാസനാഥകാട്ജുവിന്റെ നേതൃത്വത്തിൽ 1942-ൽ ഗീതാജയന്തിദിനത്തോടനുബന്ധിച്ചു ഗീതാമന്ദിരപ്രസ്ഥാനം തുടങ്ങി പ്രവർത്തിച്ചിരുന്നതു് സ്മരണീയമാണു്. ശ്രീ. കെ. എം. മുൻഷിയുടെ നേതൃത്വത്തിൽ ഭാരതീയവിദ്യാഭവനിനോടനുബന്ധിച്ചു സംസ്ഥാപിതമായ ഗീതാവിദ്യാലയവും ഗീതാജയന്തി വിപുല പരിപാടികളോടുകൂടി

ആഘോഷിച്ചുവരുന്നു. ശ്രീശങ്കരമഠങ്ങളിലെ ശങ്കരാചാര്യന്മാരും, ആചാര്യ പ്രണവാനന്ദ, അരവിന്ദഘോഷ്, സ്വാമി ശിവാനന്ദ സരസ്വതി, സാധു ററി. എൽ. വാസ്വാനി, ഗോസ്വാമി ഗണേശദത്തൻ തുടങ്ങിയ ആത്മീയഗുരുനാഥന്മാരും, മഹാത്മാഗാന്ധി, പണ്ഡിത മദനമോഹനമാളവ്യ, വീരവിനായകദാമോദരസവർക്കർ, ഡോ. ശ്യാമപ്രസാദ് മുക്കർജി, പണ്ഡിത ജവഹരിലാൽ നെഹറു, സി രാജഗോപാലാചാരി, ഡോക്ടർ എസ്സ്. രാധാകൃഷ്ണൻ, ഡാ. ഭഗവൻദാസ് തുടങ്ങിയ രാഷ്ട്രനായകന്മാരും ഗീതാജയന്തി സന്ദേശങ്ങൾ നല്കി പ്രസ്തുതദിനാചരണത്തെ ആദരിച്ചു അനുഗ്രഹിച്ചിട്ടുള്ള വസ്തുതയും പ്രത്യേകം പ്രസ്താവ്യമാണ്.

## ഗീതാവിവർത്തനങ്ങൾ

ഭഗവത്ഗീത ആദ്യമായി ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തിയതു് 1748 ലാണ്. ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ കോർട്ട് ഓഫ് ഡയറക്ടേഴ്സിൻെറ മേൽനോട്ടത്തിൽ ലണ്ടനിൽനിന്നും പ്രസിദ്ധപ്പെടുത്തിയ ആ ഇംഗ്ലീഷ് പതിപ്പിന്നു മുഖവുര എഴുതിക്കൊണ്ടു് ഇന്ത്യയിലെ ആദ്യത്തെ ഗവർണ്ണർ ജനറലായിരുന്ന വാറൻഹേസ്റ്റിംഗ്സ് പ്രഭു പ്രസ്താവിച്ചതു ഭഗവത്ഗീത സർവ്വമത ഗ്രന്ഥങ്ങളിൽവെച്ചേററവും പ്രഥമഗണനീയമെന്നാണ്. ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്തതിനുശേഷം ഗീതക്കു ക്ഷണത്തിൽ പ്രചാരമുണ്ടായി. ലോകത്തിലെ രണ്ടായിരത്തിൽപരം ഭാഷകളിലും ഭഗവത്ഗീത വ്യാപിച്ചു. ഇന്നാകട്ടെ, ഗീതയെ സ്വന്തമാക്കാത്ത ഭാഷയേ ഇല്ല. ഗീതയ്ക്കു ഇംഗ്ലീഷിൽ മാത്രം ഇതിനകം 50-ൽപരം തർജ്ജമകൾ

കാണാൻ കഴിഞ്ഞിട്ടുണ്ട്; അവയിൽ പലതും പല പതിപ്പുകളിലായി ലക്ഷക്കണക്കിന്നു കോപ്പികറം ചെലവഴിഞ്ഞിട്ടുള്ളവയാണ്.

ഭാരതത്തിലാവട്ടെ, ഭിന്നമതാചാര്യന്മാരെല്ലാവരും തന്നെ ഭഗവത്ഗീതയെ കീർത്തനം ചെയ്തിട്ടുണ്ട്. അവരവരുടെ മതസിദ്ധാന്തങ്ങറംക്കു യോജിച്ച പ്രമാണങ്ങറം ഉദ്ധരിച്ചുകൊണ്ട് ഗീതയ്ക്കു ഭാഷ്യങ്ങറം നിമ്മിക്കുകയും അങ്ങിനെ വിവിധത്വത്തിൽക്കൂടിയുള്ള ഏകത്വത്തെ പ്രദർശിപ്പിക്കുകയുംചെയ്തു. ജഗദ്ഗുരു ശ്രീശങ്കരൻ, മാദ്ധ്വാചാര്യർ ശ്രീരാമാനുജൻ, നിംബാർക്കൻ, ശ്രീധരാചാര്യർ, ശ്രീജ്ഞാനേശ്വരൻ തുടങ്ങിയ ആചാര്യശ്രേഷ്ഠന്മാരുടെ ഗീതാഭാഷ്യങ്ങളെല്ലാം ഇന്നു ഭാരതീയസംസ്കാരത്തിൻെറ പ്രമാണഗ്രന്ഥങ്ങളാണ്. ഭാരതീയ രാജ്യതന്ത്രജ്ഞന്മാരും തത്വചിന്തകന്മാരും സമുദായ പരിഷ്കർത്താക്കളും ആയ മഹാന്മാർ തങ്ങളുടെ ജീവിതത്തിന്നു മാർഗ്ഗദർശനം നൽകിയതു് ഭഗവത്ഗീതയാണെന്നു തുറന്നു സമ്മതിച്ചിട്ടുണ്ട്.

## ഗീതയുടെ സന്ദേശം

ഭാരതീയ ധർമ്മശാസ്ത്രങ്ങളുടെ സാരസർവ്വസ്വമായ ഭഗവത്ഗീത എല്ലാ ദേശകാലങ്ങറംക്കും യോജിച്ച ജീവിതസന്ദേശമാണ് നൽകുന്നതു്. വർണ്ണവർഗ്ഗലിംഗഭേദമെന്യേ സർവ്വർക്കും ശാന്തിയും സമാധാനവും നൽകാൻ കഴിവുററ ഏകഗ്രന്ഥം ഭഗവത്ഗീത മാത്രമാണ്. ഗീതയിലെ ഓരോ മന്ത്രവും നമുക്കു ആശ്വാസമരുളുന്നു. ഗീതയിലെ ധൈര്യവും സമാധാനവും ഉറപ്പും നൽകുന്ന അമൃതവാണികറം എന്നത്തേക്കാളും ഇന്നത്തെ സന്തപ്തലോകത്തിന്നു ഏററവും ആവശ്യമായിത്തീന്നിരിക്കുന്നു. ഏക

ലോക വ്യവസ്ഥിതിക്കും ലോകസമാധാനത്തിന്നും വേണ്ടിയുള്ള മനുഷ്യപ്രയാണത്തിൽ ഭഗവത്ഗീത ശാശ്വത മാർഗ്ഗദീപമായി പ്രശോഭിക്കുന്നു. അതുകൊണ്ടുതന്നെയാണ് ഭാവിയിലെ ഏകലോകമതത്തിൻെറ പ്രമാണ ഗ്രന്ഥം ഭഗവത്ഗീത ആയിരിക്കുമെന്നു എഫ്. ററി. ബ്രൂക്ക്സ് ദീർഘദർശനം ചെയ്തതു്.

## ആഘോഷം എങ്ങിനെ?

ലോകം ശാന്തിയും സമാധാനവും തേടി ഭാരതത്തെ ഉററുനോക്കുന്ന ഈ സന്ദർഭത്തിൽ ഭാരതീയരായ നാമോരോരുത്തരും നിർവ്വഹിപ്പാനുള്ള ഭാരിച്ച ചുമതലകൾ മനസ്സിലാക്കി ബോധപൂർവ്വം പ്രയത്നിക്കേണ്ടിയിരിക്കുന്നു. ഗീതാതത്വങ്ങൾ ദൈനംദിനജീവിതത്തിൽക്കൂടി വെളിപ്പെടുത്താൻ പാടുപെട്ടു പരിശ്രമിക്കുകതന്നെവേണം. സൃഷ്ടിപരമായ പരിപാടികളിൽക്കൂടിവേണം ഗീതാജയന്തി ആഘോഷിക്കുവാൻ. ഭാരതീയ ഭാഷകളിലെല്ലാം ഭഗവത് ഗീതയ്ക്കു ഒട്ടധികം തർജ്ജമകളും വ്യാഖ്യാനങ്ങളും ഉണ്ടായിട്ടുണ്ടു്. എന്നാൽ ജനതാമദ്ധ്യേ അവ വേണ്ടവിധം പ്രചരിക്കുകയോ, അവക്കു ജീവിതവുമായി ഗീതാതത്വങ്ങൾ പൊരുത്തപ്പെടുത്താൻ സാദ്ധ്യമാവുകയോ ഉണ്ടായിട്ടില്ല. ഗീതാജയന്തി ആഘോഷങ്ങളും ഒരു ചടങ്ങു മാത്രമായി പര്യവസാനിക്കാതിരിക്കാൻ തക്കവിധം മനസ്സിരുത്തി ആചരിക്കേണ്ടതാണ്. ഭഗവത്ഗീതയുടെ ഒരു ജനകീയ പതിപ്പ്—ചുരുങ്ങിയ വിലക്ക് എല്ലാവക്കും ലഭിക്കത്തക്ക വിധത്തിൽ സമാകർഷണീയമായ രൂപത്തിൽ—പ്രസിദ്ധപ്പെടുത്താൻ യത്നിക്കണം. ഗീതാജയന്തി ആഘോഷ

ങ്ങളിൽ ഗീതാകഥനമത്സരം, ഉപന്യാസമത്സരം, ഗീതാപ്രസംഗമത്സരം എന്നിവ ഏർപ്പെടുത്തി യുവാക്കന്മാരേയും വിദ്യാർത്ഥികളേയും പ്രോത്സാഹിപ്പിക്കണം. ഗീതഗ്രന്ഥങ്ങൾ പരസ്പരം പാരിതോഷികമായി കൈമാറുകയും ഗവേഷണപരമായ ഗീതാചർച്ചായോഗങ്ങൾ കൂട്ടുകയുമാവാം. പൊതുയോഗങ്ങളിൽക്കൂടി ജനങ്ങളുടെ വ്യക്തിഗതവും സാമൂഹികവുമായ ശോഭനജീവിതത്തിന്നു ഭഗവത്ഗീതയുടെ വെളിച്ചത്തിൽ പ്രചോദനമേകണം.



5–12–1954 ൽ "മാതൃഭൂമി"യിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 29 പാർത്ഥസാരഥി

ശ്രീവേദവ്യാസന്റെ അനുഗ്രഹംകൊണ്ട് പരിപാവനവും പരമാത്ഭുതവുമായ ശ്രീകൃഷ്ണാർജ്ജുനസംവാദം കേട്ടും കണ്ടും 'റിപ്പോർട്ട്' ചെയ്യാൻ സാധിച്ച സഞ്ജയൻ പരമഭാഗ്യവാനായി കരുതപ്പെടുന്നു. ആ മഹദ്സംവാദത്തോടൊപ്പം ഭഗവാൻ കൃഷ്ണന്റെ അത്യത്ഭുതകരമായ വിശ്വരൂപത്തെ സ്മരിക്കുമ്പോഴും അദ്ദേഹം വിസ്മയിക്കുകയും ആനന്ദമനുഭവിക്കുകയും ചെയ്യുന്നു, എന്നിട്ട് ധൃതരാഷ്ട്രരെ നിമിത്തമാക്കി വിശ്വസമക്ഷം സഞ്ജയൻ പ്രതിജ്ഞ ചെയ്യുന്നു:— "യോഗേശ്വരനായ കൃഷ്ണനും ധനുർദ്ധരനായ അർജ്ജുനനും എവിടെ ഉണ്ടോ, അവിടെ അഭിവൃദ്ധിയും നീതിയും വിജയവും ഉണ്ടാകുമെന്നാണ് എന്റെ ദൃഢമായ അഭിപ്രായം."

യത്രയോഗേശ്വര: കൃഷ്ണോ യത്രപാർത്ഥോധനുർദ്ധര;
തത്ര ശ്രീർവ്വിജയോഭൂതിർ ധ്രുവാനീതിർമ്മതിർമ്മമ.

ശ്രീമദ്ഭഗവദ്ഗീതയിലെ ഈ അവസാന ശ്ലോകം "ഏക ശ്ലോകിഗീത" എന്ന പേരിനാൽ പ്രസിദ്ധമാണ്. അതായത് ഗീതയിലെ ഈയൊരു ശ്ലോകമെങ്കിലും നന്നായി പഠിച്ചാൽമതി ഭഗവദ്ഗീത പൂർണ്ണമായി പഠിച്ച ഫലം സിദ്ധിക്കുവാൻ. ഭാരതം പ്രതിനിധാനം ചെയ്യുന്ന ബാഹ്യാഭ്യന്തര ധർമ്മങ്ങളുടെ സമഗ്രസന്ദേശമാണ് ഈ സഞ്ജയ വാക്യത്തിൽ നിഗൂഹനം ചെയ്തിരക്കുന്നതു്,

സനാതന ധർമ്മാവലംബിതമായ ഉപധർമ്മങ്ങളുടെ കൂട്ടത്തിൽ രാഷ്ട്ര ധർമ്മത്തിനുള്ള പ്രാധാന്യം സുവിദിതമാണല്ലോ. ഏതൊരു രാജ്യതന്ത്രത്തിനും

വേണം നിരായുധനായ ശ്രീകൃഷ്ണന്റെ ഉപദേശവും ആയുധധാരിയായ അർജ്ജുനന്റെ കർമ്മപ്രവണതയും. പരിവർത്തനോന്മുഖമായിക്കൊണ്ടിരിക്കുന്ന നവലോകത്തിൽ ജനാർദ്ദനന്റെ പ്രതിരൂപമായി രാഷ്ട്രജനതയേയും അർജ്ജുനന്റെ പ്രതിരൂപമായി മന്ത്രിസഭയേയും കണക്കാക്കാം. ജനതാജനാർദ്ദനന്റെ പരമഹിതമനുസരിച്ച് പ്രവർത്തിക്കുവാൻ മന്ത്രിസഭാർജ്ജുനൻ സദാസന്നദ്ധമായിരിക്കണമെന്നു താല്പര്യം. ശ്രീകൃഷ്ണാർജ്ജുന പ്രതീകാത്മകമായ ഈ രാഷ്ട്രധർമ്മം അവസരവാദത്തിന്നു വിധേയമാക്കാൻ ശ്രമിച്ചതിന്റെ ദുഷ്പരിണാമങ്ങളും നാം വളരെയധികം കണ്ടുകഴിഞ്ഞു. അതെങ്ങനെയായാലും ആയുധം തൊടില്ലെന്നു പറഞ്ഞിരുന്നവർ, അഹിംസമാത്രം ജപിച്ചുകൊണ്ടിരുന്നവർ ഇന്നു ആയുധം ധരിക്കുവാൻ നിർബ്ബന്ധിതരായിട്ടുണ്ട്; യുദ്ധവും സമരവീര്യവും പ്രസംഗിക്കുവാൻ ബാദ്ധ്യസ്തരായിട്ടുണ്ട്. എന്നാൽ നിരായുധനെങ്കിലും ത്രിവിധ ശക്തികളുടെ മൂർത്തിമദ്ഭാവമായ ഭഗവാൻ ശ്രീകൃഷ്ണന്റെ സാന്നിദ്ധ്യവും ഭഗവദാജ്ഞ അനുസരിക്കുവാനുള്ള അർജ്ജുനയോദ്ധാവിന്റെ കർമ്മസന്നദ്ധതയുംകൂടിയേ തീരൂ.

ആധുനിക പ്രവണതകളുടെ മദ്ധ്യത്തിൽ കർമ്മജ്ഞാന യോഗാത്മകമായ ഭക്തി വികസിക്കുവാനും യുഗധർമ്മാനുസരണം ജീവിതനിലവാരം ഉയരുവാനും ഭഗവാന്റെ പാർത്ഥസാരഥീഭാവഭജനം സഹായകമായിത്തീരും.

മാനവഹൃദയത്തിൻെറ ദുർബലതകളെപ്പററി നന്നായറിയുന്ന ശ്രീകൃഷ്ണൻ, പാണ്ഡവന്മാരിലാരേയും മഹാഭാരതയുദ്ധത്തിൽ സേനാനായകനാക്കിയില്ലെന്നു വെച്ച് ഭഗവാനു് അവരോട് കൂറില്ലെന്നു പറയാമോ? ദുര്യോധനാദികളുടെ ചൂതിലും, ചതിയിലും കുടുങ്ങി പതിമൂന്നു് വർഷത്തെ യാതനകഠം അനുഭവിച്ചവരാണെങ്കിലും യുദ്ധക്കളത്തിൽ ശത്രു പക്ഷത്തുനിൽക്കുന്ന ഭീഷ്മപിതാമഹനേയും ദ്രോണാചാര്യരേയും മററും കാണുമ്പോഠം പാണ്ഡവരുടെ ഹൃദയം എങ്ങനെയായിത്തീരുമെന്നു ആ വീരയോദ്ധാക്കളെക്കാഠം ശ്രീകൃഷ്ണനു് അറിയാമായിരുന്നു. സേനാപതിയെന്ന നിലയിൽ, കയ്യുംകാലും തളർന്നാൽപിന്നെ പാണ്ഡവസൈന്യത്തിൻെറ ഗതിയെന്തായിരിക്കും? ഭാരതയുദ്ധംതന്നെ എന്തായി പരിണമിക്കും? ത്രികാലജ്ഞനായ ശ്രീകൃഷ്ണൻ ഇതെല്ലാം അറിഞ്ഞുകൊണ്ടുതന്നെയാണു് പാണ്ഡവന്മാരിൽ ഒരാളേയും സേനാധിപതിയാക്കാതെ ദ്രുപദൻ, വിരാടൻ, സാത്യകി മുതലായവരെ സേനാധിപന്മാരാക്കി നിയോഗിച്ചതു്. യാതൊരു പരിതസ്ഥിതിയിലും പിൻതിരിയാത്ത യുദ്ധവീരന്മാരായിരുന്നു അവർ.

ധർമ്മപക്ഷത്തിലെ സഹജമായ സാത്വികഗുണങ്ങളും സമാധാനവാഞ്ഛയും പാണ്ഡവർക്കുണ്ടു്. ധർമ്മാധർമ്മയുദ്ധമായാലും യുദ്ധക്കളത്തിൽ യുദ്ധതന്ത്രത്തിൽനിന്നൊഴിയാനും പാടില്ല. ഈ സ്ഥിതിവിശേഷത്തിൽ അജ്ജുനനെപ്പോലുള്ള ഒരു വീരയോദ്ധാവിനു യുദ്ധാരംഭത്തിൽതന്നെ സമരവൈരാഗ്യവും സന്യാസവിചാരവും ഉണ്ടായതു് സ്വാഭാവികമെന്നപോലെ വിചിത്രവുമാണു്. ധർമ്മാധർമ്മങ്ങളു

ടേയും നീതിന്യായങ്ങളുടേയും പാപപുണ്യങ്ങളുടേയും, ഹിംസാഹിംസകളുടേയും മററും ഇത്തരം നാല്ക്കവലകളിൽനിന്ന ധർമ്മപ്രിയരായ പാണ്ഡവരെ ലക്ഷ്യമാർഗത്തിലേക്കു തിരിച്ചുവിട്ടതു് പാർത്ഥസാരഥിയായ ശ്രീകൃഷ്ണഭഗവാനാണല്ലോ.

അർജ്ജുനപുത്രനായ അഭിമന്യുവിനെ ചക്രവ്യൂഹത്തിൽ കുടുക്കി കൊലചെയ്ത സംഭവം മഹാഭാരതത്തിലേററവും കരളലിയിപ്പിക്കുന്ന ഘട്ടമാണ്. കാട്ടാനക്കൂട്ടത്താൽ വളയപ്പെട്ട സിംഹക്കുട്ടിയെന്നവിധം, രാക്ഷസദുര്യോധനാദികരം പരാക്രമിയായ അഭിമന്യുവിനെ വളഞ്ഞു. ആർത്തട്ടഹസിച്ചുകൊണ്ടണഞ്ഞ ദുര്യോധനപക്ഷത്തിലെ 6 മഹാരഥികളും അഭിമന്യുകിശോരനെ കുടുക്കി കൊല്ലുന്നതിൽ പങ്കാളികളായി. ഈ ക്രൂരവധത്തിന് മുൻകയ്യെടുത്ത ജയദ്രഥനെ സൂര്യാസ്തമനത്തിനു മുൻപ് വധിച്ച് പകരം വീട്ടിയില്ലെങ്കിൽ താൻ അഗ്നിയിൽ ചാടി മരിക്കുമെന്ന അർജ്ജുനൻ ശപഥവും ചെയ്തു. ഈ ശപഥവാർത്ത ദുര്യോധനപക്ഷത്തിൽ പൂർവ്വാധികം ഉത്തേജനം നൽകി. കാരണം, ഒരു ദിവസത്തേക്കു് ജയദ്രഥനെ ഒളിച്ച് രക്ഷിക്കുന്ന കാര്യം അത്ര പ്രയാസമുള്ളതല്ല. പക്ഷെ അടിക്കടി തല്ക്കാലാവേശത്താൽ അർജ്ജുനൻ ചെയ്യുന്ന തെററുകരം തിരുത്താൻ ശ്രീകൃഷ്ണനല്ലാതെ വേറെയാർക്കും സാധ്യമായിരുന്നില്ല. ഭഗവാൻ ശ്രീകൃഷ്ണൻെറ അത്ഭുത പ്രയോഗത്താൽ സൂര്യാസ്തമന പ്രതീതിയുളവാക്കുകയും തത്സമയം ആഹ്ളാദപൂർവ്വം യുദ്ധക്കളത്തിലിറങ്ങിയ ജയദ്രഥനെ വധിക്കുവാൻ അർജ്ജുനനു് സാധിക്കുകയും ചെയ്തു.

പാണ്ഡവരെപ്പോലെ ശാന്തിപ്രിയരായവർ വീരയോദ്ധാക്കളായിരുന്നാൽപോലും തങ്ങളുടെ വംശപാരമ്പര്യവും, ധർമ്മശാസ്ത്രവ്യം, ഗുരുത്വാദർശവും ഓർത്തു സ്വയം തളർന്ന അവസ്ഥകൾ ഉണ്ടാവാറുണ്ട്. അതാണ് ശ്രീകൃഷ്ണ ഭഗവാനെപ്പോലൊരു ശക്തിക്കേ ധർമ്മസമരത്തേയും ലക്ഷ്യപ്രാപ്തിവരെ കൊണ്ടെത്തിക്കുവാൻ കഴിയുവെന്നു പറഞ്ഞത്.

ഭാരതസമരത്തിലെ ഘോരമായ ഒരു ഘട്ടത്തിൽ അർജ്ജുനനും കർണ്ണനും ഏററുമുട്ടുകയാണ്. അത്ഭുത വില്ലാളിവീരന്മാരിരുവരും തൊടുത്തുവിടുന്ന ഘോരാസ്ത്രങ്ങളുടെ ചീറിപ്പാച്ചിലും ഞാണൊലികളും യുദ്ധരംഗത്തെ അത്യധികം ഭയാനകമാക്കി. ഈയവസരത്തിലെങ്ങനെയോ കർണ്ണന്റെ രഥചക്രം ഭൂമിയിൽ പുതഞ്ഞുപോയി. സന്ദർഭം പാഴാക്കാതെ പ്രബല മാർഗതടസ്ഥത്തെ നീക്കംചെയ്യാൻ അർജ്ജുനനു് ശ്രീകൃഷ്ണൻ സംജ്ഞ നൽകി. അർജ്ജുനന്റെ ഗാണ്ഡീവം ഉയരുന്നതു കണ്ടയുടെ കർണ്ണൻ ചോദിച്ചു: എതിരാളിയുടെ രഥചക്രം മണ്ണിൽ പുതഞ്ഞു വിവശനായിരിക്കുമ്പോൾ അയാളുടെ നേരേ അസ്ത്രമയക്കുന്നത് ക്ഷത്രിയ ധർമ്മമാണോ? എന്നു്.

കർണ്ണന്റെ ധർമ്മോപദേശപരമായ ചോദ്യം കേട്ട് ശ്രീകൃഷ്ണൻ പൊട്ടിച്ചിരിച്ചുകൊണ്ട് തിരിച്ചടിച്ചു; കർണ്ണാ! നിനക്കിപ്പോൾ മരണം സമീപിച്ചിരിക്കുക കാരണം ധർമ്മസ്മരണയുണ്ടായിരിക്കുന്നു! ധർമ്മപുത്രരെ ചതിച്ചൂതാട്ടത്തിൽ തോല്പിച്ച് 12 വർഷത്തെ വനവാസവും 13–ാം വർഷം അജ്ഞാതവാസവും വിധിച്ചപ്പോൾ ചിരിച്ചുകൊണ്ടിരുന്ന നിന്റെ ധർമ്മം

എവിടെപ്പോയി? എൻെറ സന്ധിസംഭാഷണവേള യിൽ ക്രൂദ്ധനായ ദുര്യോധനൻ സൂചികുത്തുന്നതിനി ടംപോലും പാണ്ഡവർക്കു് കൊടുക്കില്ലെന്നു അക്രോ ശിച്ചപ്പോൾ നിൻെറ ധർമ്മം എവിടെയായിരുന്നു? ഭീമ സേനനെ വധിക്കുവാൻ ഭക്ഷണത്തിൽ വിഷം ചേർ ക്കുകയും, പാണ്ഡവന്മാരെ കൊല്ലാൻ ലാക്ഷാഗൃ ഹത്തിന്നു് തീവെക്കുകയും ചെയ്തപ്പോൾ നിൻെറ ധർമ്മബോധം എവിടെയായിരുന്നു? നിറഞ്ഞ രാജ്യ സഭയിൽവെച്ചു സതിയും സാദ്ധ്വിയുമായ ദ്രൌപ തിയുടെ വസ്ത്രാക്ഷേപംചെയ്തപമാനിച്ചപ്പോൾ ഈ ധർമ്മത്തെപ്പററി ഓർമ്മയുണ്ടാവാത്തതെന്തേ? ആറു മഹാരഥന്മാരുംപ്പെടെ നിങ്ങളെല്ലാവരുംകൂടി അഭി മന്യുകുമാരനെ ചക്രവ്യൂഹത്തിൽ കുടുക്കി ക്രൂരമായി വധിച്ചപ്പോൾ നിൻെറ ധർമ്മം എവിടെയായിരുന്നു? രഥത്തിൻെറ ചക്രം തറയിലൊന്നു പുതഞ്ഞപ്പോഴാണു് ധർമ്മപ്രസംഗം! തന്നിഷ്ടംപോലെ ധർമ്മത്തെ ഉപ യോഗപ്പെടുത്തുന്ന ചതിയനും അവസരവാദിയും പാപിയുമായ ശത്രു ഏതവസ്ഥയിലായിരുന്നാലും 'ശഠന്മാരോടു് ശാഠ്യം' എന്ന നീതിയനുസരിച്ചു് അയാളെ യമലോകത്തിലേക്കു് അയക്കുവാൻ ബുദ്ധി മാനായ രാജാവ് മടിക്കുകയില്ല.

കർണ്ണൻെറ ധർമ്മബോധത്തെ ചോദ്യം ചെയ്യുന്ന തോടൊപ്പം തങ്ങൾക്കെതിരായി എതിരാളികൾ ചെ യ്തുകൊണ്ടിരുന്ന ക്രൂരതകളെപ്പററി അർജ്ജുനനെ ഓർമ്മിപ്പിക്കുവാനും സമരവീര്യം ജ്വലിപ്പിക്കുവാനും സാധിക്കണമെന്നതായിരിക്കണം ശ്രീ കൃ ഷ്ണ ൻെറ ഉദ്ദേശം. അർജ്ജുനൻ സന്ദർഭം പാഴാക്കാതെ കർ ത്തവ്യനിരതനായതോടെ അതു സാധിക്കുകയും ചെയ്തു.

അയ്യായിരം വർഷങ്ങൾക്കുമുമ്പ് ഭാരതമദ്ധ്യത്തിൽ വെച്ചു നടന്ന ഈ സംഭവം നമുക്കിന്നും ഗുണപാഠമായി നിലകൊള്ളുന്നു. ലോകസമുദ്ധാരണാർത്ഥം അന്നവതരിച്ച പരമശക്തിയാണ് യോഗേശ്വരനായ ശ്രീകൃഷ്ണൻ. ശ്രീകൃഷ്ണാവതാരം എന്നെന്നേക്കും പുതുമനിറഞ്ഞതാണ്. ശ്രീകൃഷ്ണൻെറ യോഗശക്തിയും, അർജ്ജുനൻെറ കർമ്മശക്തിയും സമജ്ജസപ്പെടുത്തി ജീവിതവിജയം നേടുകയാണ് നമ്മുടെ കർത്തവ്യം. 'എവിടെയാണോ ധർമ്മനിഷ്ഠയും കർമ്മവീര്യവും ഉള്ളത്, അവിടെ ശ്രീകൃഷ്ണൻ ഉണ്ട്; എവിടെയാണോ ശ്രീകൃഷ്ണൻ, അവിടെ അഭിവൃദ്ധിയും നീതിയും വിജയവും ഉണ്ടാവും. എന്ന ഗീതാവാക്യം നമുക്കും നമ്മുടെ ദേശത്തിനും നവജീവനും ഉത്തേജനവും നല്കാൻ കെല്പുററതാണ്. അതറിയാനും അനുഭവപ്പെടുത്താനും സാധിക്കത്തക്കവിധം ശ്രീകൃഷ്ണാവതാരദിനമാഘോഷിക്കുവാൻ നാം ശ്രമിക്കുകയാണ് വേണ്ടതു്.



22-8-1965 ലെ ''കേസരി'' വാരികയിൽ പ്രസിദ്ധപ്പെടുത്തിയതു്

# 30 ഗീതയിലെ സമര സന്ദേശം

എല്ലാവിധ യുദ്ധസാന്നഹങ്ങളോടുകൂടി പോർക്കളത്തിൽ അണിനിരന്നിരിക്കയാണ്‌ ഇരുപക്ഷത്തിലെ സൈന്യങ്ങളും. ലക്ഷോപലക്ഷമുള്ള പതിനെട്ട്‌ അക്ഷൌഹിണി പടകളാണ്‌ യുദ്ധസന്നദ്ധമായി നിലയുറപ്പിച്ചിരിക്കുന്നതു്‌, യുദ്ധാരംഭത്തെകുറിക്കുന്ന ശംഖദ്ധ്വനികളും കാഹളനാദങ്ങളും മുഴങ്ങിക്കൊണ്ടിരിക്കുമ്പോഴം പാണ്‌ഡവപക്ഷത്തിലെ നടുനായകനായ അർജ്‌ജുനനൊരു സന്ദേഹം; വമ്പിച്ച മനുഷ്യവധം കൊണ്ട്‌ ഈ യുദ്ധത്തിൽ ജയിച്ചാൽതന്നെയും എന്തു നേട്ടമാണുണ്ടാവുക? ശത്രുപക്ഷത്തിലെ മഹാരഥന്മാർ പോലും ബന്ധുക്കളാണ്‌. ഇവരെയെല്ലാം കൊന്നൊടുക്കുക ഭയാവഹംതന്നെ, ഈ മഹാപാപഫലം ഭുജിക്കുവാൻ താനാളല്ല....''അങ്ങനെ തളർന്നുവീണ അർജ്‌ജുനനെ പൂർവ്വസ്‌ഥിതിയിൽ കൊണ്ടുവന്നു്‌ യുദ്ധസന്നദ്ധനാക്കാൻ ശ്രീകൃഷ്‌ണൻ ചെയ്‌ത ഉപദേശമാണ്‌ ഭഗവദ്‌ഗീത''

## ജീവിതമൂല്യങ്ങളുടെ ശാശ്വതഭാവം

'തസ്‌മാദ്യുദ്ധ്യസ്വഭാരത'—അതിനാൽ നീ യുദ്ധം ചെയ്യുക—എന്ന ഗീതാപല്ലവിയിൽ മാത്രം ശ്രദ്ധിക്കുന്നവരുടെ ഒരഭിപ്രായമാണിത്‌. എന്നാൽ മാനവ മനോവൃത്തികളുടെ പരസ്‌പരസംഘർഷമാണ്‌ യുദ്ധാലങ്കാരരൂപേണ ഗീതയിൽ പറയുന്ന സമര'മെന്നു്‌ വ്യാഖ്യാനിക്കുന്നവരാണധികംപേരും, കാമക്രോധമദമാത്സര്യാദി ദുർഗ്‌ഗുണങ്ങളും ശമ ദമ ദയ സ്‌നേഹാദി

സദ്ഗുണങ്ങളും തമ്മിലുള്ള സംഘർഷത്തെയാണ് അവർ ഉദ്ദേശിക്കുന്നത്. ഈ രണ്ടഭിപ്രായങ്ങളും ഗീതയെ സംബന്ധിച്ചിടത്തോളം തുലോം ഭാഗികമാണ്. ഈ ഇരു വിചാരഗതികളും മററനേകം വിചാരഗതികളെയുംപോലെ ഗീതയിൽ കാണാമെന്നത് ശരിയാണ്. പക്ഷെ, ഗീത അതുമാത്രമല്ല; അതിന്നുപരി ഉയർന്നുനിൽക്കുന്ന ജീവിതമൂല്യങ്ങളുടെ ശാശ്വതഭാവമുറക്കൊള്ളുന്ന സമാധാന സംഗീതമാണ് ഭഗവദ് ഗീത. സമരത്തെ സാധനയാക്കി മാററുന്ന ശക്തിവിശേഷമാണ് ഗീതോപദേശം.

ജീവിതം ഒരു സമരമാണെന്നു വാദിക്കുന്ന ആദർശക്കാരുണ്ട്. അതേ മൂച്ചിൽതന്നെ മററുള്ളവരെ 'യുദ്ധക്കൊതിയന്മാർ' എന്നു അവർ പഴിക്കുകയും ചെയ്യും. അതുപോലെ 'സമാധാനം സമാധാനം' എന്നു വായ് തോരാതെ പറഞ്ഞുകൊണ്ടിരിക്കുന്നവർ സ്വന്തംകാര്യങ്ങളിൽ തൊടുന്നവരുടെ നേരെ മുഷ്ടി ചുരുട്ടുന്നതും കാണാം. ഗീത കാട്ടുന്ന, സമരത്തിൻെറയും സമാധാനത്തിൻെറയും മാനദണ്ഡം വേറെയാണ്. അവരവരുടെ വികാരങ്ങളുടെ അടിസ്ഥാനത്തിൽ സമരത്തിൻേറയും സമാധാനത്തിൻെറയും മൂല്യനിർണ്ണയം ചെയ്യാവുന്നതല്ല.

## സമരം രണ്ടുവിധം

ഭിന്നമനോവൃത്തികളുടെ സംഘർഷം രണ്ടാറം തമ്മിലുണ്ടാവുന്ന അടിപിടി, കുടംബകലഹം, സമുദായലഹള, പാർട്ടി മത്സരം, ആദർശസംഘട്ടനം, രാജ്യവും രാജ്യവും തമ്മിലുള്ള യുദ്ധം ഇത്യാദി സമരങ്ങറ പലവിധം. ഒരു രാജ്യത്തേയോ സമുദായത്തെ

യോ അതിമോഹത്താലല്ലെങ്കിൽ അസൂയയാൽ മറെറാരു രാജ്യം ആക്രമിക്കുന്നതും, ആക്രമണത്തെ പ്രത്യാക്രമണംകൊണ്ടു ചെറുക്കുന്നതും, ആത്മരക്ഷക്കുവേണ്ടി അടരാടുന്നതുമെല്ലാം യുദ്ധമാണ്. ഇതിൽ ധാർമ്മികവും അധാർമ്മികവുമായ രണ്ടു വശങ്ങളുണ്ട്. അതാണറിയേണ്ടത്.

സൗഹാർദ്ദവും സഹവർത്തിത്വവും പുലർത്തുന്ന ഒരു സമുദായത്തെ അല്ലെങ്കിൽ രാജ്യത്തെ ഒളിച്ചും പതുങ്ങിയും വഞ്ചിക്കുവാനും ആക്രമിക്കുവാനും ശ്രമിക്കുന്നത് അധാർമ്മികമെന്നു മാത്രമല്ല ആസുരീയവുമാണ്. പതുങ്ങിവന്നു സ്ത്രീകളെ ഉപദ്രവിക്കുന്നവർ, നുഴഞ്ഞുവന്നു വീടുകൾക്ക് തീ വെക്കുന്നവർ, നിരപരാധികളായ ഗ്രാമീണരേയും പശുക്കളേയും കൊലചെയ്യുന്നവർ, ആരാധനാ സ്ഥലങ്ങളെ നശിപ്പിക്കുന്നവർ ആതതായികളിൽവെച്ച് ആതതായികളാണവർ. അവർക്ക് മാപ്പു കൊടുക്കാവുന്നതല്ല. വധാർഹരാണവർ. അതതായികളെ വധിക്കണമെന്ന് ഗീത മാത്രമല്ല മററു ധർമ്മശാസ്ത്രങ്ങളും ഖണ്ഡിതമായി വിധിച്ചിട്ടുണ്ട്. ആതതായികളെയും ദുഷ്ടന്മാരെയും അമർച്ച ചെയ്യാൻ നീതിശാസ്ത്രവും നിഷ്കൃഷ്ടമായി നിർദ്ദേശിക്കുന്നു.

അഗ്നിദോ ഗരദശ്ചൈവ ശസ്ത്രപാണിർ ധനാപഹഃ
ക്ഷേത്രദാരാപഹർത്താ ച ഷഡേതേഹി ആതതായിനഃ
ആതതായി നമായാന്തം ഹന്യാദേവാവിചാരയൻ
നാതതായി വധേ ദോഷോ ഹന്തുർഭവതി കശ്ചന.

"കൊള്ളിവയ്ക്കുന്നവർ, വിഷം കൊടുക്കുന്നവർ, ആയുധധാരികളായ കൊള്ളക്കാർ, ധനാപഹരണം ചെയ്യുന്നവർ, ഭൂമിയേയും സ്ത്രീകളേയും അപഹ

രിക്കുന്നവർ—ഇവരെ ആതതായികളെന്നു പറയുന്നു. ആതതായികളെ വീണ്ടുവിചാരം ചെയ്യാതെ വധിക്കണം. അങ്ങനെ ചെയ്യുന്നതുകൊണ്ട് യാതൊരു വിധത്തിലുള്ള ദോഷവും പാപവും വധകർത്താവിനെ ബാധിക്കുന്നതല്ല. ഇതാണ് ചാണക്യനീതിയിലെ വിധി. സന്ദർഭമനുസരിച്ച് ശത്രുവിനോടു് സാമദാനഭേദനീതികൾ പരീക്ഷിക്കാം. അങ്ങനെ അവ പരാജയപ്പെടുന്നേടത്ത് അവസാനത്തെ ദണ്ഡനീതി കൈക്കൊള്ളണമെന്നും പറയുന്നു.

കൊല്ലാൻ വരുന്നവനേയും അനുഗ്രഹിച്ച് മനപ്പരിവർത്തനം ചെയ്തു നല്ലവനാക്കുന്ന ദൃഷ്ടാന്തങ്ങളുണ്ട് ധർമ്മശാസ്ത്രങ്ങളിൽ. അങ്ങനെ ആർക്കാണ് അപൂർവ്വമായിട്ടെങ്കിലും ചെയ്യാൻ സാധിച്ചിട്ടുള്ളത്? അദ്ധ്യാത്മികാചാര്യന്മാരും, സിദ്ധാത്മാക്കളുമായ അപൂർവ്വം ചിലർക്കു മാത്രമേ ഒരു പരിധിവരെയെങ്കിലും ഈ സാമനീതിയിൽ ജയിക്കുവാൻ സാധിച്ചിട്ടുള്ളൂ. കാരണം, ശത്രുമിത്രഭേദങ്ങളും, ധർമ്മവും അധർമ്മവും ശിഷ്ടതയും ദുഷ്ടതയും —ഇത്യാദി ദ്വന്ദശക്തികൾ എക്കാലത്തും എവിടേയും ഉണ്ടായിരിക്കുമെന്നതുതന്നെ. ഈ ലോകനിയതിയെ മാററാൻ ആർക്കും സാദ്ധ്യമല്ല. ഇതേവരെ ഉണ്ടായ അവതാരപുരുഷന്മാർക്കോ, പ്രവാചകന്മാർക്കോ, വരബലമുള്ള മഹർഷിമാർക്കോ അങ്ങനെയൊരു ശാശ്വതസമാധാനം ലോകത്ത് സ്ഥാപിക്കുവാൻ സാധിച്ചിട്ടില്ല; ഇനി സാധിക്കുകയുമില്ല.

അതുകൊണ്ട് ഒഴിവാക്കാൻ സാധിക്കാത്തതിനെപ്പററി വൃഥാ വിലപിച്ചിട്ട് കാരുമില്ലെന്നു ഗീത പറയുന്നു. സമരം—അതു ജീവിതസമരമായാലും ശരി,

മനോവൃത്തികളുടെ സമരമായാലും ശരി, ആക്രമണ മായാലും ശരി, പ്രത്യാക്രമണമായാലും ശരി, ആത്മ രക്ഷക്കുള്ള സമരമായാലും ശരി, രാജ്യരക്ഷക്കുള്ള യു ദ്ധമായാലും ശരി, സമരം സമരംതന്നെയാണ്. സമര മെങ്കിൽ സമരം, സമാധാനമെങ്കിൽ സമാധാനം. പക്ഷെ ശരിയായ സമരത്തിന്റെ മാനദണ്ഡം ധർമ്മ ശാസ്ത്രമാണ്: ധാർമ്മിക മൂല്യങ്ങളുടെ സംരക്ഷണ മാണ്. ആത്മരക്ഷക്കും രാജ്യരക്ഷക്കുംവേണ്ടി നട ത്തുന്ന യുദ്ധം ധർമ്മസമരമാണ്; ഈ ധർമ്മ സമര ത്തിന്നു വിരുദ്ധമായി നിലകൊള്ളുന്ന 'ബന്ധുമിത്ര ങ്ങളും' സ്വധർമ്മം ചെയ്യാത്തതിനാൽ ധർമ്മഭ്രഷ്ട രായി ഭവിക്കുന്നു—കൗരവ പക്ഷത്തിൽ ചേർന്നുനിന്ന ഭീഷ്മദ്രോണാദികളെപ്പോലെ.

ധർമ്മസമരത്തിൽ ലോകം നമ്മെ എങ്ങനെ സ്തുതി ക്കുന്നു; പഴിക്കുന്നു, എന്നൊക്കെ സംശയിക്കേണ്ടതില്ല. സ്വകർമ്മണതമഭ്യർച്ച്യ—സ്വകർമ്മം ഈശ്വരാർപ്പണമാ ക്കി ചെയ്യുക, എങ്കിൽ സമരവും സാധനയായി ത്തീരും. ജീവിതലക്ഷ്യപ്രാപ്തിക്കുപായമാണത്.

അന്തവന്ത ഇമേ ദേഹാ നിത്യസ്യോക്താഃ ശരീരിണഃ
അനാശിനോ ƒപ്രമേയസ്യ തസ്മാദ്യുദ്ധ്യസ്വഭാരത

(നിത്യവും നാശമില്ലാത്തതും അളവററതുമായ ആത്മാവിന്റെ ഈ ശരീരങ്ങൾക്കെല്ലാം നാശമുണ്ട്. അതിനാൽ ഹേ ഭാരത! നീ യുദ്ധം ചെയ്യുക)

ഹതോവാ പ്രാപ്സ്യസിസ്വർഗ്ഗം ജിത്വാ വാ ഭോക്ഷ്യസേമഹീം
തസ്മാദുത്തിഷ്ഠകൗന്തേയ യുദ്ധായ കൃത നിശ്ചയഃ

(ഈ ധർമ്മയുദ്ധത്തിൽ മരിച്ചാൽ വീരസ്വർഗ്ഗം, ജയിച്ചാൽ ഈ ലോകത്തിൽ മാനമായും സൗഖ്യമായും ജീവിയ്ക്കാം, അതിനാൽ ഹേ കൗന്തേയ! ദൃഢനിശ്ചയത്തോടെ യുദ്ധത്തിന്നായി എണീററു നിൽക്കുക)

സുഖദുഃഖേസമേകൃത്വാ ലാഭാലാഭൗ ജയാജയൗ
തതോയുദ്ധായയുജ്യസ്വ നൈവം പാപമവാപ്സ്യസി.

(സുഖം ദുഃഖം, ലാഭം നഷ്ടം, ജയം തോൽവി മുതലായവ സമമായി കരുതി യുദ്ധത്തിന്ന തയ്യാറാവുക. അതിനാൽ നീ പാപമുക്തനായി ഭവിക്കും)

അസക്തോഹ്യാചരൻ കർമ്മ പരമാപ്നോതി പൂരുഷഃ

'ക്ഷണികപ്രലോഭനങ്ങൾക്കു വഴങ്ങാതെ—അനാസക്തനായി—കർമ്മം ചെയ്യുന്നവർ ചിത്തശുദ്ധിനേടി ക്രമേണ മോക്ഷം പ്രാപിക്കും' എന്നാണ് ഭഗവദ്ഗീത ഉപദേശിക്കുന്നത്. അതായത് യുദ്ധാദി ഏതു കർമ്മവും ധാർമ്മിക മാദ്ധ്യമത്തിൽ വിലയിരുത്തി, ഈശ്വരാർപ്പണ ബുദ്ധ്യാ ചെയ്യണം. 'മാമനുസ്മരയുദ്ധ്യച'—ഈശ്വരസ്മരണയോടെ യുദ്ധംചെയ്യുക. ഈ ധർമ്മയുദ്ധം ഈശ്വരസാധനയാണ്. മഹായജ്ഞമാണ്, മോക്ഷത്തിന്റെ മാർഗ്ഗമാണ്, ഇതാണ് 'ഭഗവദ്ഗീത'യിലെ യുദ്ധസന്ദേശം.

---

5–12–1965 ലെ "കേസരി" വാരികയിൽ പ്രസിദ്ധപ്പെടുത്തിയത്

III

# 3. സംഘം ശരണം ഗച്ഛാമി



പ്രപന്ന പാരിജാതായ
തോത്രവേത്രൈകപാണയേ
ജ്ഞാനമുദ്രായ കൃഷ്ണായ
ഗീതാമൃതദുഹേ നമഃ

മനുഷ്യൻ സമൂഹജീവിയാണത്രെ; മനുഷ്യൻ മാത്രമല്ല പ്രാണികളിലെല്ലാം തന്നെ സമൂഹഭാവം കാണാം. പക്ഷി, മൃഗാദികളിലും, ഉറുമ്പുകളിലും എല്ലാം ഈ സംഘടിതഭാവമുണ്ട്. അപ്പോൾ മനുഷ്യനെ മാത്രം സമൂഹജീവിയാണെന്നു വിശേഷിപ്പിക്കുന്നതെന്തിന്? ഇതരജീവികൾക്കില്ലാത്ത വിവേകവും ബുദ്ധികൂർമ്മതയും ഉപയോഗിച്ച് മനുഷ്യന് സ്വർഗ്ഗത്തോളം ഉയരാം; പരമപുരുഷാർത്ഥം പ്രാപിക്കാം. വിപരീതമായി ഉപയോഗിച്ചാൽ നരകത്തോളം താഴാം; കൃമിജന്മത്തിലുമെള്ള

തായി പതിക്കാം. ഏതു വഴിക്കെന്നു തീരുമാനിക്കുവാനുള്ള സ്വാതന്ത്ര്യവും വകതിരിവും മനുഷ്യനുണ്ടെന്നതാണ് വിശേഷത.

ഓരോ മനുഷ്യനും ജീവിക്കുന്നതു് അറിയുന്നവരും അജ്ഞാതരുമായ അനേകം മനുഷ്യരുടേയും ഇതര പ്രാണികളുടേയും സഹകരണംകൊണ്ടാണ്. ആഗ്രഹങ്ങാം എത്രത്തോളം വർദ്ധിക്കുന്നുവോ അത്രകണ്ടു് അന്യരുടെ സഹകരണം വേണ്ടിവരുന്നു. ഇന്നാകട്ടെ, പ്രകൃത്യാ ലഭിച്ചുകൊണ്ടിരുന്ന വായു, ജലം, വെളിച്ചം, കിടപ്പാടം, ഒഴിവു് എല്ലാം വിലയ്ക്കു വാങ്ങേണ്ടിവന്നിരിക്കുന്നു. ഭൂമിപോലും വില്ക്കുകയോ വാങ്ങുകയോ ചെയ്യാതെ ജീവിച്ച ഒരു കാലമുണ്ടായിരുന്നു. അന്നും സംഘങ്ങളായി, സമൂഹങ്ങളായി ജീവിച്ചു. ആഗ്രഹങ്ങാം അധികരിച്ചിരിക്കുന്ന ഇക്കാലത്തു് പ്രകൃതിവിഭവങ്ങളുടെ ക്രയവിക്രയങ്ങാംപോലും നവംനവമായ പ്രശ്നങ്ങാം ഉളവാക്കിക്കൊണ്ടിരിക്കുന്നു. ഉല്പാദകരും ഉപഭോക്താക്കളും, ഭരണകർത്താക്കളും ഭരണീയരും, ഗുരുവും ശിഷ്യന്മാരും എല്ലാവരും അവരവരുടെ കാര്യസാദ്ധ്യത്തിന്നായി സംഘടിക്കുന്നു. കടമകളെപ്പററിയുള്ള ബോധം പരസ്പരം തെററിദ്ധരിച്ചുകൊണ്ടു് ചുരുക്കുകയും അവകാശവാദം കൊടികുത്തുകയും ചെയ്തു. ഫലമോ എവിടെയും അസ്വസ്ഥത, അന്യായം, അക്രമം, അധർമ്മാചരണം, അധഃപ്പതനം! ഭൗതികമായ പുരോഗതിയും മാനുഷികമായ അധഃപതനവും !! 'സത്യാഗ്രഹം' 'അസത്യാഗ്രഹ'മായിത്തീർന്നമാതിരി നീതിയും ധർമ്മവും അനീതിയും അധർമ്മവുമാക്കി മുതലെടുക്കാൻ ആക്കും യാതൊരു മനസ്സാക്ഷിക്കുത്തുമില്ല. ആാംബലവും ധനശക്തിയും മതി കള്ളനെ സത്യവാനും, സത്യവാനെ കള്ളനുമാക്കാൻ സംഘബലമുണ്ടെങ്കിൽ എന്തുമാവാമെന്ന സ്ഥിതിയാണിന്നു്.

ഹിന്ദുധർമ്മപ്രകാരം പരമപുരുഷാർത്ഥമാണ് മനുഷ്യജീവിതലക്ഷ്യം. ധർമ്മം ആചരിക്കുന്നതിനും മോക്ഷം സാധിക്കുന്നതിനുമാണ് അർത്ഥ (ധനവും) വും കാമ (ആഗ്രഹങ്ങളും) വും. ഈ ഉദ്ദേശലക്ഷ്യങ്ങളിൽ നിന്ന വ്യതിചലിക്കാത്ത സാമ്പത്തികാഭിവൃദ്ധിക്കും, കുടുംബ, സമുദായ, ദേശീയാഭിവൃദ്ധിക്കും തത്സംബന്ധമായ സംഘടനകളും സ്ഥാപനങ്ങളും വേണം; ധർമ്മാചരണത്തിന്റെ സ്ഥാനത്ത് സാംസ്ക്കാരിക വിദ്യാഭ്യാസ സംഘടനകളും സ്ഥാപനങ്ങളും വേണം; ആദ്ധ്യാത്മികമായ ആശ്രമങ്ങളും, ദേവാലയങ്ങളും, മഠങ്ങളും വേണം. ഇവ ഉണ്ടായാൽ മാത്രം പോരാ ഉദ്ദേശ ലക്ഷ്യങ്ങൾക്കനുസൃതമായി 75 ശതമാനമെങ്കിലും പ്രവർത്തിക്കുന്നതുമായിരിക്കണം.

ജന്മാന്തരസുകൃതങ്ങൾ നിമിത്തം അപൂർവ്വം ജീവന്മാർ ജന്മനാബന്ധമുക്തരായിരിക്കും; ചിലർ മുജ്ജന്മത്തിൽ പരമധർമ്മ പ്രാപ്തിക്കായി ധർമ്മമാചരിച്ചുകൊണ്ടിരിക്കവേ സംഗതിവശാൽ മരിച്ചു പിറന്നവരാണ്. അന്ന അനുഷ്ഠിച്ചുകൊണ്ടിരുന്നതിന്റെ ബാക്കി ഈ ജന്മത്തിൽ പൂർത്തിയാക്കുകമാത്രമാണ് അവരുടെ കർത്തവ്യം. ഇവക്കാർക്കും സംഘടനയുടെ ആവശ്യമില്ല. എന്നാൽ സ്വാഭാവികമായും സത്സംഗം ഉണ്ടായിരിക്കുകയും ചെയ്യും. സംഘങ്ങളും സ്ഥാപനങ്ങളും ഈ പുണ്യാത്മാക്കളെ സമീപിക്കുകയല്ലാതെ അവർ സംഘമാവണമെന്നില്ല. ഒററയ്ക്കും കൂട്ടമായും തങ്ങളുടെ ശരിയായ മാർഗ്ഗദർശനത്തിനുവേണ്ടി ജനക്ഷം അനുഭവജ്ഞരും ത്യാഗസമ്പന്നരുമായ മഹാ

ത്മാക്കളെ സമീപിക്കുകയെന്നതു കർത്തവ്യം മാത്രമാണ്. അപ്പോഠം അവർ സത്സംഗകേന്ദ്രങ്ങളായി ഭവിക്കുന്നു.

ശ്രീകൃഷ്ണ ജീവിതത്തിൽ ആദ്യവസാനം അദ്ദേഹത്തിനുചുററും വിവിധ സമൂഹങ്ങളിൽപെട്ടവർ സമീപിച്ചുകൊണ്ടിരുന്നു. ബാല്യത്തിൽ, തങ്ങളെ ആനന്ദിപ്പിക്കുന്ന ബാലമുകുന്ദൻെറ സാന്നിദ്ധ്യവും ദർശനവും കൊതിച്ചു കൂടുന്നവർ—ഗോപീ—ഗോപാലകന്മാർ; യുവതികളും യോദ്ധാക്കളും. ദുര്യോധനനു് ശ്രീകൃഷ്ണൻെറ സൈന്യം ലഭിച്ചാൽമതി, അർജ്ജുനന് സൈന്യം വേണ്ട ശ്രീകൃഷ്ണൻ മാത്രം മതി. ഇങ്ങനെ പോകുന്നു ഓരോരുത്തരുടെ സമീപനോദ്ദേശങ്ങഠം. ശ്രീകൃഷ്ണൻെറ വിദ്യാഭ്യാസരംഗത്തിലെ സതീർത്ഥ്യന്മാർ, പശുക്കൂട്ടത്തെ മേയ്ക്കുന്നിടത്തെ പശുപാലകന്മാർ, ഗോവർദ്ധനോദ്ധാരണത്തിലെ ആബാലവൃദ്ധം, രാസലീലയിലെ സത്സംഗം, യുദ്ധരംഗങ്ങളിലെ രാജാക്കന്മാരും യോദ്ധാക്കളും അവസാനത്തെ യാദവവംശം—എല്ലാം സംഘങ്ങളാണ്. അവരോടെല്ലാം കൗരവസഭയിലെന്നപോലെ ശ്രീകൃഷ്ണൻ പ്രസംഗിച്ചിരിക്കും. ഈശ്വരൻതന്നെ ഇറങ്ങിവന്നു പറഞ്ഞാലും കേഠക്കാത്തവർ എക്കാലത്തുമുണ്ട്. അന്നു അത്തരക്കാർ അപൂർവ്വമായിരുന്നുവെന്നമാത്രം. അയ്യായിരം വർഷങ്ങഠക്കു മുൻപുള്ള അവസ്ഥയാണിത്.

ശ്രീകൃഷ്ണൻ ജഗദ്ഗുരു എന്ന നിലയിൽ ഉപദേശം നല്കിയത് വ്യക്തികളിലൂടെയായിരുന്നു. പററിയ സന്ദർഭത്തിൽ അർഹതയുള്ള വ്യക്തികളെ നിമിത്തമാക്കി വിശ്വകല്യാണാർത്ഥം ഭഗവാൻ ഉപദേശിച്ചു.

അന്നു ഒരു അർജ്ജുനനോടോ ഉദ്ധവരോടോ ദേവനോടോ ഋഷിയോടോ ബ്രഹ്മാവിനോടോ ചെയ്ത ഉപദേശം ഇന്നും സഹസ്രക്കണക്കിനുള്ള മനുഷ്യർ തങ്ങളുടെ ക്ഷേമത്തിനും രക്ഷയ്ക്കുംവേണ്ടി ഉരുവിട്ടുകൊണ്ടിരിക്കുന്നു. ആദ്യത്തെ സ്ഥൂലാവസ്ഥയിലും രണ്ടാമത്തെ സൂക്ഷ്മാവസ്ഥയിലും ശ്രീകൃഷ്ണനു് സംഘങ്ങളോ സ്ഥാപനങ്ങളോ ആവശ്യമില്ല. പ്രത്യുത സംഘങ്ങളും സ്ഥാപനങ്ങളും ശ്രീകൃഷ്ണന്റെ ചുററും കൂടുകയാണുണ്ടായതു്. അവസാനം, ബന്ധം ഭാവിച്ചിരുന്നവരെയെല്ലാം വിട്ടിട്ടു് ശ്രീകൃഷ്ണൻ സിന്ധുസാഗരത്തിൽ (ദ്വാരക) ചെന്നു വസിച്ചതിന്റെ രഹസ്യവും ആലോചനാമൃതമാണു്.

ശ്രീകൃഷ്ണലീലകളിൽ ഭാഗഭാക്കുകളാവുന്നവരുടെ സംഘങ്ങൾ എതിരാളികളെ അപേക്ഷിച്ചു എണ്ണത്തിലും വണ്ണത്തിലും ചെറുതായിരുന്നു. എന്നാൽ ശ്രീകൃഷ്ണപരമായ ആദർശനിഷ്ഠയിലും വിശ്വാസത്തിലും അവർ അദ്വിതീയരാണു്. അന്തിമവിജയവും അവർക്കുതന്നെയായിരുന്നു. ഇങ്ങനെ മനുഷ്യാവസ്ഥയിൽ സംഘടനാശക്തിയുടെ ആവശ്യകത ശ്രീകൃഷ്ണൻ വെളിപ്പെടുത്തിയെങ്കിലും സംഘം അന്തിമലക്ഷ്യമല്ലെന്നും കാട്ടിത്തന്നു. സഹോദരങ്ങൾ തമ്മിലുള്ള ഭാരതയുദ്ധവും സ്വന്തമാളുകൾ എന്നു അഭിമാനിച്ചിരുന്ന യാദവകുലത്തിന്റെ സംഹാരവും അതിനു പ്രത്യക്ഷ ദൃഷ്ടാന്തമാണു്. വ്യഷ്ടിഭാവം വികസിക്കുന്നതിനു സത്സംഗവും, വികസിച്ചാൽ സമഷ്ടിഭാവവും ഉണ്ടാവുന്നു. അതു സത്യധർമ്മാദികളിൽ ദൃഢമായാൽ ആത്മമോക്ഷത്തിനും ലോകോപകാരത്തിനും ഹേതുവാകും. അസത്യത്തിലും അധർമ്മ

ത്തിലും ഉറച്ചാൽ അവസാനം സഹോദരങ്ങൾ തമ്മിൽ തല്ലി നശിക്കുവാനും ലോകോപദ്രവകരമാവാനുമിട വരും.

ജന്മനാ സദ്വാസനകളുള്ളവർ സത്സംഗത്തിലൂടെ പിഴയ്ക്കാത്ത ലക്ഷ്യബോധപൂർവ്വം മുമ്പോട്ടു പോകും, അതില്ലാത്തവർ—അവരാണധികം—സാമാന്യ ധർമ്മങ്ങൾതൊട്ടു പലതും അറിയാനും ആചരിക്കാനുമുണ്ട്. വ്യക്തിധർമ്മം, കുടുംബധർമ്മം, സമാജധർമ്മം, രാഷ്ട്രധർമ്മം, പരമധർമ്മം—എന്നിങ്ങനെ പടിപടിയായി ലക്ഷ്യത്തിലെത്തേണ്ടവരാണ് ബഹുഭൂരിപക്ഷം. ഇവ നേരായിക്കാട്ടുന്നവരും, നെറികേടായി കൊണ്ടുപോകുന്നവരുമായ മാർഗ്ഗപ്രദർശകരും പലവിധം. ഇവർക്കെല്ലാം സംഘടനകൾ വേണം. തങ്ങൾ നീതിയും ധർമ്മവും പുലർത്തുന്നവരാണെന്ന എല്ലാവരും അവകാശപ്പെടാറുമുണ്ടു്. പ്രവർത്തന രീതിയും ലക്ഷ്യബോധവും മനസ്സിലാക്കി ധർമ്മമാണോ അധർമ്മമാണോ എന്ന വേർതിരിച്ചറിയേണ്ടിയിരിക്കുന്നു.

തനിയ്ക്കു ഹിതവും അഹിതവുമായതെന്തെന്ന തിരിച്ചറിയാൻ കഴിവും കരുത്തുമുള്ളവരെയാണ്, പഞ്ചേന്ദ്രിയ പ്രലോഭനങ്ങൾക്കൊന്നും വഴിപ്പെടാതെ ആത്മനിർഭരരും നിർഭയരുമായി പ്രവർത്തിക്കുന്നവരെയാണ് ഉപനിഷത്തുകൾ 'ധീരന്മാ'രെന്ന പ്രശംസിച്ചിരിക്കുന്നതു്. ഭുജബലം, ധനബലം, ആൾബലം—എന്നീ ശക്തികളെമാത്രം വിശ്വസിച്ചിരിക്കുന്നവർക്ക ശത്രുഭയം നീങ്ങുകയില്ല. പുറമേ ഞെളിഞ്ഞു നടന്ന കുറേപ്പേരെ കൊല്ലുകയോ ഉപദ്രവിക്കുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്യുന്നവർ ദുഷ്ടബുദ്ധി

കളായ ഭീരുക്കളത്രെ. ഒരു കണക്കിൽ അവനവൻെറയും ലോകത്തിൻെറയും സർവ്വദുരിതത്തിനും ദുഃഖത്തിനും മൂലകാരണം ഭയം, ആന്തരികഭയമാണ്. ആത്മവിശ്വാസവും ബോധവുമുള്ളവൻ സദാസന്തുഷ്ടനും ചുററുമുള്ളവർക്കു ഹിതകാരിയും സമാധാനചിത്തനുമായിരിക്കും; കർത്തവ്യകർമ്മങ്ങൾ യാതൊരു പിറുപിറുപ്പും പരാതിയുമില്ലാതെ യഥാക്രമം ചെയ്യുന്നവനുമായിരിക്കും.

മനുഷ്യക്കും, ദേവന്മാക്കും, അസുരന്മാക്കും എല്ലാം ഉണ്ട് സംഘങ്ങൾ. ഓരോന്നിനുമുണ്ട് ജയാപജയങ്ങളുടേയും, സന്തോഷ സന്താപങ്ങളുടേയും ശാന്തിയുടേയും അശാന്തിയുടേയും ഏററക്കുറവുകളോടുകൂടിയ അനുഭവങ്ങൾ. ജന്മജന്മാന്തരങ്ങൾ പിന്നിട്ടുകൊണ്ടായാലും ഇവയെല്ലാം പരമമായ പ്രപഞ്ചാതീതമഹാശക്തിയിലാണാശ്രയം. അതാണ് വിരാട് രൂപങ്ങളിലൂടെ ശ്രീകൃഷ്ണൻ കാട്ടിത്തരുന്നതു്. അതിനാൽ ഐഹികമായ സംഘങ്ങളെല്ലാം ഓരോ ആവശ്യമനുസരിച്ചുള്ളവയാണെന്നും ആവശ്യത്തിൻെറ ധാർമ്മിക സ്വഭാവമനുസരിച്ച് ലക്ഷ്യത്തിലെത്തിക്കുമെന്നും സമാധാനിക്കാം. പരമാവശ്യവും, പരമലക്ഷ്യവും, സർവ്വസംഘസ്വരൂപവും ഭഗവാൻ മാത്രം.

സത്യത്തോടു ചേർന്നിരിക്കുക, അഥവാ പുണ്യാത്മാക്കളായ സജ്ജനങ്ങളുമായി സദാസംസർഗ്ഗമുണ്ടായിരിക്കുക എന്ന അർത്ഥത്തിൽ 'സത്സംഗം' എന്ന പദം വേദോപനിഷത്തുകളിലും പുരാണേതിഹാസങ്ങളിലും കാണാം.

"ചേർന്നിരിക്കുവിൻ, ഒന്നിച്ച ശബ്ദിക്കുവിൻ! നിങ്ങളുടെ മനസ്സ് സത്യവസ്തുവിൽ ഒന്നുപോലെ ഭവിക്കട്ടെ, ഒന്നു ചേർന്നു പ്രാർത്ഥിക്കുവിൻ, സംഘത്തിൻെറ —സഭയുടെ—പരമോദ്ദേശം ഒന്നായിരിക്കട്ടെ, സത്യവെളിച്ചത്തിൽ ഒന്നായി തീരുമാനിക്കുവിൻ, ഒന്നുപോലെ പ്രയത്നിക്കുവിൻ, ഒരുപോലെ ജാഗ്രൂകരായിരിക്കുവിൻ, ഐക്യം ദൃഢമാകട്ടെ, വിചാരം ഐകരൂപ്യമാകട്ടെ; എന്നെന്നും ഐക്യം നിലനില്ക്കട്ടെ." ഇതു ഒരു വേദമന്ത്രത്തിൻെറ ഏകദേശ താല്പര്യമാകുന്നു.

സംഗച്ഛധ്വം സംവദധ്വം സംവോ മനാംസി ജാനതാം
സമാനോ മന്ത്രസ്സമിതിസ്സമാനീ
സമാനം മനസ്സഹ ചിത്തമേഷാം !
സമാനീ വ ആകൂതിസ്സമാനാ ഹൃദയാനി വ: !!
സമാനമസ്തുവോ മനോയഥാ വ സ്സുസഹാ സതി !!

ശ്രീകൃഷ്ണൻ തൻെറ വിശ്വരൂപദർശനം കാട്ടിയ പല സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. ഓരോ സന്ദർഭത്തിനു മനുയോജ്യമായ വിരാട് സ്വരൂപങ്ങളാണ് കാട്ടിയത്. കാരാഗൃഹത്തിൽവെച്ച് അവതാരസന്ദർഭത്തിൽ തൻെറ വൈഷ്ണവ ശക്തിരൂപ ദർശനം നൽകി വസുദേവ—ദേവകീമാരെ അനുഗ്രഹിച്ചു. 'മണ്ണു തിന്നുന്ന ഉണ്ണി' യുടെ വായ് തുറക്കാൻ നിർബ്ബന്ധിച്ച യശോദ ആ കൊച്ചു വായ്ക്കകത്തു ഒരു നുള്ള മണ്ണിനു പകരം ഈ ഭൂമണ്ഡലമുൾപ്പെടെ സർവ്വ ബ്രഹ്മാണ്ഡങ്ങളും കണ്ട് മോഹാലസ്യപ്പെടുന്നു. പാണ്ഡവദൂതനായിവരുന്ന ശ്രീകൃഷ്ണനെ പിടിച്ചുകെട്ടണമെന്ന് അഹങ്കാരമത്തരായി അട്ടഹസിച്ചവർ—കൗരവസഭയിൽ—അവർ എത്രതന്നെ വീരശൂരപരാക്രമികളായിരുന്നിട്ടും തങ്ങളുടെ സിംഹാ

സനങ്ങളോടുകൂടിത്തന്നെ ഇളകിവീണു. കാലിമേയ്ക്കുന്ന കണ്ണന്റെ "വിശ്വരൂപം" ഒന്നു നോക്കാൻപോലും അവൾക്ക് കരുത്തുണ്ടായില്ല!

ധർമ്മക്ഷേത്രമായ കുരുക്ഷേത്രമദ്ധ്യത്തിലെ വിശ്വരൂപം അർജ്ജുനനും വ്യാസഗുരുകൃപകൊണ്ട് സഞ്ജയനും ദർശിക്കുവാൻ സാധിച്ചു. ഇരുവരും രണ്ടവസ്ഥകളിലൂടെയാണ് കണ്ടത്. ഈ വിശ്വരൂപത്തിൽ എല്ലാവിധ സംഘടനകളേയും സമൂഹങ്ങളേയും ഒരുമിച്ചു കാണുന്നു. മനുഷ്യർക്കും തിര്യക്കുകൾക്കും മാത്രമല്ല മനുഷ്യരിൽ രാജാക്കന്മാർക്കും ദേവഗണങ്ങൾക്കും സിദ്ധഗന്ധർവ്വാദികൾക്കുമുണ്ട് സംഘടനാസ്വഭാവം. * എല്ലാം വിരാട്സ്വരൂപനായ ഭഗവാനിൽ ഉള്ളടക്കം ചെയ്തിരിക്കുന്നു. ശാശ്വതധർമ്മഗോപ്താവായ ഭഗവാൻ ശ്രീകൃഷ്ണൻ പരമ സംഘ സ്വരൂപനുമാകുന്നു. ഭഗവാനാണ് പരമപൂജനീയൻ, പരമലക്ഷ്യം. അതിനാൽ ഞാൻ സംഘത്തെ ശരണം പ്രാപിക്കുന്നു—

സംഘം ശരണം ഗച്ഛാമി.

രണ്ടായിരം വർഷമായി ബുദ്ധമതത്തിലെ "ത്രിശരണ" മന്ത്രത്തിലൂടെ ഈ പദം പ്രതിദ്ധ്വനിച്ചു

---

* 1. പശ്യാമി ദേവാം സ്തവ ദേഹേ
സർവ്വാം സ്തഥാ ഭൂതവിശേഷ സംഘാൻ — ഗീത 11–15

2. അമീഹിത്വാം സുരസംഘാ വിശന്തി
കേചിൽ ഭീതാ: പ്രാഞ്ജലയോ ഗൃണന്തി
സ്വസ്തീത്യുക്ത്വാ മഹർഷിസിദ്ധസംഘാ:
സ്തുവന്തിത്വാം സ്തുതിഭി: പുഷ്ക്കലാഭി: — ഗീത 11–21

3. ഗന്ധർവ്വയക്ഷാസുരസിദ്ധസംഘാ — ,, 11–22

4. സർവേസഹൈവാവനിപാലസംഘൈ: — ഗീത 11–26

തുടങ്ങീട്ട്. തുടക്കത്തിൽ ബുദ്ധമത പ്രബോധകരുടെ ഉദ്ദേശം എന്തായിരുന്നുവെന്നോ?

''ആര്യ അഷ്ടാംഗമാർഗ്ഗം'' എന്നറിയപ്പെടുന്ന എട്ട അവസ്ഥകരം പ്രാപിക്കുകയോ, പ്രാപിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്നവർ മാത്രമാണ് ''ത്രിശരണ'ത്തിൽ പറയുന്ന സംഘം. സമ്യക് ദൃഷ്ടി, സമ്യക് സങ്കല്പം, സമ്യക്‌വചനം, സമ്യക്‌കർമ്മാന്തം, സമ്യക് ആജീവം, സമ്യക്‌വ്യായാമം, സമ്യക്‌സ്മൃതി, സമ്യക്‌സമാധി— ഇവയാണ് ശ്രേഷ്ഠമായ എട്ടുവിധമാർഗ്ഗം. ഈ വിധം അനുസന്ധാനം ചെയ്ത സംഘമായിരുന്നവർ എണ്ണത്തിൽ കുറവായിരുന്നുവെങ്കിലും അവരുട സന്ദേശം ലോകത്തിലെമ്പാടും പരത്താൻ കഴിഞ്ഞു. പില്ക്കാലത്തു ജീവിതാദർശത്തെക്കാരം എണ്ണത്തിലും വണ്ണത്തിലും സംഘത്തെ വലുതാക്കാൻ തുടങ്ങിയപ്പോരം അനാചാരങ്ങളും അധർമ്മവും കടന്നുകൂടി. അങ്ങനെ ഭോഗലോലുപതയും അലസതയും വഴിപ്പെട്ടപ്പോരം—ഭിക്ഷുസംഘവും ധർമ്മവും അധഃപതിച്ചു. ഈ അവസരത്തിൽ ഭാരതത്തിൽ ആക്രമണങ്ങരം നടത്തിക്കൊണ്ടിരുന്ന മുസ്ലീങ്ങരംക്കു നല്ലൊരു കൊയ്ത്തായിരുന്നു. അവർ ബുദ്ധവിഹാരങ്ങരം തീവെച്ചും തല്ലിത്തകർത്തും നശിപ്പിച്ചു. ബുദ്ധഭിക്ഷുക്കളേയും ഭിക്ഷുണികളെയും ബലാല്ക്കാരമായി മതം മാററുകയും കൊല്ലുകയും ചെയ്തു. മതഗ്രന്ഥങ്ങളെല്ലാം ചുട്ടുചാമ്പലാക്കി.

ഇതിനിടയ്ക്കു സുരക്ഷിത പ്രദേശങ്ങളിലേയ്ക്കു ഓടിരക്ഷപ്പെട്ട ബുദ്ധസംഘങ്ങരം മുഖേന അപൂർവ്വം ഗ്രന്ഥങ്ങളും രേഖകളും സംരക്ഷിക്കുവാൻ സാധിച്ചു.

ബോധോദയം, ജ്ഞാനോദയം, ഈശ്വരസാക്ഷാല്ക്കാരം എന്നെല്ലാം പറയപ്പെടുന്ന പരമപുരുഷാർത്ഥ പ്രാ

പിച്ച വ്യക്തികൾക്കു സംഘമാവശ്യമില്ല. എന്നാൽ അവരെ ആശ്രയിച്ചു സംഘങ്ങളും സ്ഥാപനങ്ങളും ഉണ്ടാവുക സ്വാഭാവികമാണ്. ലക്ഷ്യം താല്ക്കാലികമായാലും ശാശ്വതമായാലും കുടുംബം സമാജം ധർമ്മം രാഷ്ട്രം തുടങ്ങിയ നിലകളിൽ സംഘ—സ്ഥാപനങ്ങളും ഐക്യവും ആവശ്യമാണ്. പ്രത്യേകിച്ചും ഈ കലിയുഗത്തിൽ–സംഘേ ശക്തി: കലൗയുഗേ—സംഘടനയിലാണ് കലിയുഗത്തിലെ ശക്തി. ഇവയെല്ലാം പരമമായ ജീവിതലക്ഷ്യത്തിനു സഹായകമായാൽ ധർമ്മമാണ്; ബാധകമായാൽ അധർമ്മവും.

സംഘം ശരണം ഗച്ഛാമി.



---

1950–ൽ കോളിയൂരിൽ വെച്ച് "ശ്രീകൃഷ്ണജന്മാഷ്ടമി" ആഘോഷസമ്മേളനത്തിൽ ചെയ്ത പ്രസംഗം. 'ജീവിതം' കയ്യെഴുത്തു മാസികയിൽ ചേർത്തിരുന്നതു്.

# 32 വിവേകവാണി

**ഭാ**രതത്തിൻെറ ആശയാഭിലാഷങ്ങളെ പൂർണ്ണമായും പ്രതിനിധീകരിച്ചിരുന്ന രണ്ടു നരകേസരികളാണ്് സ്വാമി വിവേകാനന്ദനും നേതാജി സുഭാഷ്് ചന്ദ്രബോസും. സവിശേഷമായി യുവസമൂഹങ്ങളുടെ പ്രത്യാശാകേന്ദ്രമായിരുന്നു ഈ മഹാന്മാർ. ദേശീയവും ആദ്ധ്യാത്മികവുമായി ബാഹ്യവും ആന്തരികവുമായി ഉണർവ്വുണ്ടാക്കിയ സ്വാമി വിവേകാനന്ദൻ പിന്നീടുണ്ടായ രാഷ്ട്രീയവും ധാർമ്മികവുമായ ഉത്തമ പരിവർത്തനങ്ങളുടെ മാർഗ്ഗദർശിയാണ്്. രാഷ്ട്രീയമായി നിർഭയതാദർശത്തിൻെറ വിളനിലമാണ്് നേതാജി ബോസ്്.

മഹാന്മാരായ മററു നേതാക്കന്മാരെപ്പോലെ സ്വാമി വിവേകാനന്ദനെ സ്തുതിച്ചുകൊണ്ട്് നേതാജി സുഭാഷ്് ചന്ദ്രബോസ്് പറയുന്നു:– "സത്യവുമായി മുഖത്തോടു മുഖം സമ്പർക്കം പുലർത്തി വൈവിധ്യ വിശിഷ്ടതകളോടുകൂടി ഐഹികവും പാരത്രികവുമായി ഉന്നത സോപാനത്തിലെത്തിയ മഹാത്മാവും യോഗിയുമാണ്് സ്വാമി വിവേകാനന്ദൻ....ഇന്നു അദ്ദേഹം ഭൂതശരീരത്തിൽ ജീവിച്ചിരുന്നെങ്കിൽ ആ പവിത്രപാദ ശുശ്രൂഷയ്ക്കു ഞാൻ എന്നെത്തന്നെ ഉഴിഞ്ഞു വെയ്ക്കുമായിരുന്നു!" *

ഇങ്ങനെ സ്തുത്യർഹനായ സ്വാമി വിവേകാനന്ദൻെറ അമരവാണികളിൽ ചിലതാണ്് താഴെ ഉദ്ധരിക്കുന്നതു്:–

---

* നേതാജി ബോസ്് ഒരു സ്നേഹിതനു് അയച്ച കത്തിലെഴുതിയതു്.

"....കുറേ ചുറുചുറുക്കുള്ള രക്തം നിങ്ങൾക്കുണ്ടായാൽ, ശ്രീകൃഷ്ണൻെറ ബലിഷ്ഠമായ പ്രതിഭയും മഹത്തായ പ്രതാപവും നിങ്ങൾക്കു കൂടുതൽ മനസ്സിലാവും. നിങ്ങളുടെ ശരീരം നിങ്ങളുടെ കാലിൽ ഉറച്ചു നിന്നാൽ, ആണുങ്ങളാണെന്ന ബോധം നിങ്ങൾക്കുണ്ടായാൽ ഉപനിഷത്തുക്കളും ആത്മമഹിമയും കൂടുതൽ നന്നായി മനസ്സിലാകും.

സത്യമേ ബലപ്രദമാകു എന്നെനിക്കറിയാം. അതേ ജീവസ്സുണ്ടാക്കു. സത്യത്തിലേക്കുള്ള പ്രയാണമേ നമുക്കു ബലം തരൂ, ബലവാനാകാതെ സത്യപ്രാപ്തിയുണ്ടാവില്ല....അതുകൊണ്ട് ബലം ഒന്നുമാത്രം ആവശ്യം. ലോകവ്യാധിയ്ക്കു ഔഷധം ബലമത്രെ.

ഇവിടെയാണ് സത്യത്തിൻെറ പരീക്ഷണം—കായികമായോ മാനസികമായോ ആദ്ധ്യാത്മികമായോ നമ്മെ തളർത്തുന്നതെല്ലാം വിഷംപോലെ വർജ്ജിക്കുക. അതിൽ ജീവനില്ല, അതു സത്യമാവില്ല. സത്യം ബലപ്രദമാണ്, സത്യം വിശുദ്ധിയാണ്, സത്യം സർവ്വജ്ഞാനമാണ്, സത്യം ബലമിയററണം, വെളിപ്പെടുത്തണം, ചുണപ്പെടുത്തണം.

സത്വഗുണത്തിൻെറ പേരിൽ നാടാകെ ക്രമേണ തമസ്സിൻെറ കടലിൽ താണുപോയെന്നു കാണരുതേ? എവിടെ പരമവിഡ്ഢികൾ പരവിദ്യാപ്രേമം നടിച്ച് സ്വന്തം മൗഢ്യം മറയ്ക്കാൻ ശ്രമിക്കുന്നുവോ എവിടെ അലസന്മാർ സ്വന്തം കൊള്ളരുതായ്മയെ വൈരാഗ്യം പുതപ്പിച്ച് മറച്ചുവെയ്ക്കുന്നുവോ, എവിടെ ക്രൂരകർമ്മികൾ തപോ വ്യാജേന സ്വന്തം നിഷ്ഠൂരതയെ മതാനുഷ്ഠാ

നമാക്കിത്തീർക്കുന്നുവോ, എവിടെ സ്വന്തം കൊള്ളരുതായ്മകൾ കണ്ടറിവാൻ കണ്ണില്ലാത്തവർ മററുള്ളവരുടെ മേൽ കുററങ്ങളെല്ലാം അടിച്ചേല്പിക്കുന്നുവോ, എവിടെ കുറെ പുസ്തകങ്ങൾ കാണാപാഠം പഠിക്കുന്നതു വിദ്യയും ചതുർവ്വിധചർവ്വണം പ്രതിഭയും പൂർവ്വികരെ പേർ ചൊല്ലി വാഴ്ത്തുന്നതു മഹനീയതയുമായിരിക്കുന്നുവോ ആ നാട് പ്രതിദിനം തമസ്സിൽ മുങ്ങിച്ചാവുക യാണെന്നതിന്നു വേറെ തെളിവു വേണമോ?

## ഹിന്ദു ആർ?

മററുള്ളവരുടെ കുററങ്ങൾ ചെന്നു ചൂണ്ടിക്കാട്ടുന്നതിനുമുൻപ് നല്ലവണ്ണം ആലോചിക്കണം. സ്വാന്തത്തിൽ സത്യം നേരിട്ടു കാണാൻ ശ്രമിക്കുന്നേടത്തോളം അനുഭൂതിയിലേയ്ക്കുള്ള അവരുടെ മാർഗ്ഗം അവർ അവലംബിച്ചുകൊള്ളട്ടെ. വിശാലവും സ്പഷ്ടവുമായ സത്യം കാണപ്പെടുമ്പോൾ, ഭാരതത്തിലെ സിദ്ധന്മാരെല്ലാം സാക്ഷ്യപ്പെടുത്തീട്ടുള്ള സത്യം സാക്ഷാല്കരിച്ചിട്ടുള്ളവരെല്ലാം സാക്ഷ്യപ്പെടുത്തീട്ടുള്ള, ആ അത്ഭുതാനന്ദം നേരിട്ടറിഞ്ഞുകൊള്ളും. ആ ഹൃദയത്തിൽനിന്നു സ്നേഹത്തിന്റേതായ വാക്കുകളേ പുറപ്പെടൂ. അപ്പോൾ, അപ്പോൾ മാത്രമേ വിഭാഗീയ കലഹങ്ങളെല്ലാം തീരൂ. അപ്പോൾ ഹിന്ദുവെന്നു പേരുള്ളവരെയെല്ലാംതന്നെ, ഹൃദയത്തിലേയ്ക്കു കൊണ്ടുവന്നാശ്ലേഷിക്കാനും തീവ്രമായിസ്നേഹിയ്ക്കാനും നാം പ്രാപ്തരാകും.

എന്റെ വാക്കുകൾ ശ്രദ്ധിക്കുക: ഹിന്ദുവെന്ന വാക്കുതന്നെ കരുത്തേറിയ ഒരു വൈദ്യുതാഘാതം നിങ്ങളിലുളവാക്കുമ്പോൾ മാത്രമേ നിങ്ങളൊരു ഹിന്ദുവാകൂ. ഹിന്ദുവെന്നറിയപ്പെടുന്നവൻ, ഏതു രാജ്യത്തു

നിന്നെങ്കിലും വരട്ടെ, നമ്മുടെ ഭാഷയോ മറ്റേതെങ്കിലും ഭാഷയോ സംസാരിക്കട്ടെ, ഉടനടി നിങ്ങളോട് ഏറ്റവും നിങ്ങൾക്ക ഏറ്റവും പ്രിയപ്പെട്ടവനമാകുമ്പോൾ മാത്രമേ നിങ്ങളൊരു ഹിന്ദുവാകൂ.

ഹിന്ദുവെന്ന പേരുള്ള ഏതൊരുവൻെറയും കഷ്ടതകൾ നിങ്ങളുടെ കരളിൽ കടന്ന് നിങ്ങളുടെ പുത്രൻ തന്നെ കഷ്ടതയിൽ പെട്ടിരിക്കുന്ന എന്നതോന്നലുണ്ടാവുമ്പോൾ മാത്രമേ നിങ്ങളൊരു ഹിന്ദുവാകൂ.

മഹാനായ ഗുരുഗോവിന്ദസിംഹനെപ്പോലെ ഹിന്ദുക്കൾക്കുവേണ്ടി എല്ലാം സഹിക്കുവാൻ ഒരുക്കമാകുമ്പോൾ മാത്രമേ നിങ്ങളൊരു ഹിന്ദുവാകൂ.

നിങ്ങളുടെ നാട്ടുകാർക്കുള്ള ആയിരം കുറ്റങ്ങൾ നിങ്ങൾക്കു കാണാൻ കഴിഞ്ഞേയ്ക്കാം. പക്ഷെ അവക്കും ഹിന്ദു രക്തമാണുള്ളതെന്ന നിങ്ങൾ ധരിക്കണം. അവരുടെ പ്രവൃത്തികളെല്ലാം നിങ്ങളെ ഉപദ്രവിക്കാനാണെങ്കിൽ തന്നെ, അവരൊക്കെ നിങ്ങളെ ശപിക്കയാണെങ്കിൽ തന്നെ, നിങ്ങൾ അവക്ക സ്നേഹവചസ്സുകളാണയച്ചുകൊടുക്കേണ്ടതു്. ഇത്തരക്കാരാണ് ഹിന്ദുവെന്ന പേരിന്നർഹൻ. എല്ലായ്പോഴും ഇത്തരത്തിലുള്ള ഒരാദർശമാണ് നമ്മുടെ മുമ്പിൽ വേണ്ടതു്. നമുക്കു കലഹായുധങ്ങളെല്ലാം ദൂരെ വലിച്ചെറിയാം. ഉൽകൃഷ്ടമായ ഈ സ്നേഹ പ്രവാഹം ചുററുപാടും പ്രസരിപ്പിക്കാം...

## പ്രാർത്ഥന

ഹേ നാഥ! 'ഷ്ണ' എന്ന അക്ഷരത്തിൽ അവസാനിക്കുന്നതായ അങ്ങയുടെ തിരുനാമം പാപത്തെ പുണ്യമാക്കിത്തീർക്കുന്നതും, മായയെ ഇല്ലാതാക്കുന്നതും, മംഗ

ളത്തെ വർദ്ധിപ്പിക്കുന്നതും, അതിപവിത്രമായിരിക്കുന്നതുമാകുന്നു. അതുകൊണ്ട് ജഗത്തിലുള്ള എല്ലാ ജനങ്ങൾക്കും ഏകഗമ്യമായിട്ടുള്ളവനേ! അനന്യശരണനായിരിക്കുന്ന അടിയന് ദീനദയാലുവായിരിക്കുന്ന നിന്തിരുവടിതന്നെയാണ് ശരണം.

പ്രഭോ! പ്രാചീനമഹാത്മാക്കളെപ്പോലെ "ഓം ശ്രീകൃഷ്ണാർപ്പണമസ്തു" എന്നു പറയുവാൻ തക്കഉറപ്പും ത്യാഗവും എനിക്കു തരേണമേ."



* "വിവേകാനന്ദ സാഹിത്യ സർവ്വസ്വ"ത്തിൽ നിന്നു് ഉദ്ധരിച്ചതു്.

# 33 ജന്മാഷ്ടമിയും ആഘോഷവും

ചിങ്ങ മാസം കൃഷ്ണപക്ഷത്തിൽ, അഷ്ടമിതിഥിയും രോഹിണി നക്ഷത്രവും ബുധനാഴ്ചയും ചേന്ന അർദ്ധരാത്രി ചന്ദ്രോദയ മുഹൂർത്തത്തിൽ ശ്രീകൃഷ്ണാവതാരമുണ്ടായി.

ഈ ശ്രീകൃഷ്ണ ജന്മാഷ്ടമിനാളിൽ അർദ്ധരാത്രി ചന്ദ്രോദയംവരെ വ്രതോപവാസങ്ങളും, പൂജ—ജപ—തപസ്സുകളും അനുഷ്ഠിച്ച് ശരീരായാസവും ഇന്ദ്രിയനിഗ്രഹവും അന്തക്കരണശുദ്ധിയും സാധിക്കുന്നവരുണ്ട്.

മററു മഹാത്മാക്കളുടെ ജന്മദിനങ്ങൾപോലല്ല ശ്രീകൃഷ്ണജയന്തി. ശ്രീകൃഷ്ണൻ ഒരേ ഒരൊററവ്യക്തിത്വത്തിൽ നിന്നുകൊണ്ട്തന്നെ സമസ്തബ്രഹ്മാണ്ഡങ്ങളിലെയും വിഭൂതിവിശേഷതകൾ പ്രകടിപ്പിച്ചു. ഐഹികവും പാരത്രികവുമായ സവിശേഷതകൾ മാത്രമല്ല, നിജശുദ്ധസത്വ സച്ചിദാനന്ദ സ്വരൂപവും—പരബ്രഹ്മത്വം—പ്രകാശിപ്പിച്ചു.

അതുകൊണ്ട് ഭഗവാൻെറ ജയന്തിആഘോഷത്തിൻെറ വൈവിധ്യവും ആഴവും ഇതര ജയന്തികളെക്കാൾ സവിശേഷമായിരിക്കും. വ്യക്തികളുടെ ആദ്ധ്യാത്മിക ഭാവോദ്ദീപനത്തിനുതവത്തക്കവിധം വ്രതമനുഷ്ഠിക്കുക. ക്ഷേത്രം, മഠം, ആശ്രമം മുതലായ ദേവാലയങ്ങളിലും സാംസ്കാരിക സ്ഥാപനങ്ങളിലും കായികവും മാനസികവുമായ സല്കർമ്മങ്ങളിലൂടെ തനിച്ചും സമൂഹികവുമായും പൂജ, ഭജന, ഭഗവത്ഗീത—ഭാഗവത പാരായണപ്രവചനങ്ങൾ, ശ്രീകൃഷ്ണചരിത പ്രഭാഷണങ്ങൾ, ഘോഷയാത്ര,

ശ്രീകൃഷ്ണഭക്തന്മാരെയും അവരുടെ അനുഭവങ്ങളെയും സംബന്ധിച്ച കലാപരിപാടികൾ എന്നിവ നടത്താം. ഉദ്ദേശലക്ഷ്യങ്ങൾ ശുദ്ധമാണെങ്കിൽ ഫലവും ശുദ്ധമായിരിക്കും.

ഓരോരുത്തരുടെ സത്വരജസ്തമോ ഗുണങ്ങളുടെ ഏററക്കുറവുകളനുസരിച്ച് ആഘോഷങ്ങളുടെ ഫലപ്രാപ്തിയുണ്ടാവും. ഉദ്ദേശശുദ്ധിയും ലക്ഷ്യബോധവുമില്ലാതെ ആഘോഷിക്കുന്നതൊക്കെ താല്ക്കാലികാവേശത്തിൽ ഒതുങ്ങും; അതു് വിഭാഗീയ മത്സരത്തിനും, ക്ഷണികോല്ലാസത്തിനുമല്ലാതെ സ്ഥായിയായ നന്മയാവില്ല, ശുദ്ധാ–ഭക്തിപൂർവ്വം ശ്രീകൃഷ്ണചരിതം ഓർമ്മിച്ചും കീർത്തിച്ചും മനസാവാചാകർമ്മണാ സ്വജീവിതവും പവിത്രവും ലക്ഷ്യപ്രാപ്തിക്കു സഹായകവുമാക്കുന്ന പരിപാടികളനുസരിച്ച് ശ്രീകൃഷ്ണജയന്തി ആഘോഷിക്കണം.

ആരുമില്ലാത്തവർക്കു് ഈശ്വരൻ മാത്രമാണു് ആശ്രയം. ബന്ധുമിത്ര ധനശേഷിയുള്ളവർക്കും അവസാനഗതി അതുതന്നെ. പക്ഷെ അവർ അതു ഓർക്കുന്നില്ല. ഓർക്കുമ്പോഴെയ്ക്കും ജീവിതം വളരെ പിന്നിട്ടു്പോയിരിക്കും!

ശ്രീകൃഷ്ണാവതാരത്തിൽ ദീനരും ദുഃഖിതരുമായ ജനങ്ങൾക്കു ആശ്രയം നൽകുന്ന രംഗങ്ങൾ ധാരാളമുണ്ടു്. പല വമ്പന്മാരുടെയും ദുരഭിമാനങ്ങളെ തകർക്കുന്നതു കാണാം. ഇന്നു് ക്ഷേത്ര ദർശനത്തിനുപോകുന്നവർപോലും പലരും ദേവസന്നിധിയിൽ അഹങ്കാരമൂർത്തികളായി നില്ക്കുന്നതു് കാണാം. രാജാധിരാജനായിട്ടുപോലുംതന്നെ രാജാവെന്നു കീർത്തിക്കുവാൻ ശ്രീകൃഷ്ണൻ ഇഷ്ടപ്പെട്ടില്ല. സർവ്വശ്രേഷ്ഠമായ രാജസൂയയാഗത്തിൽ സസന്തോഷം അതിഥികളുടെ കാൽകഴുകുന്ന പണി സ്വയം ഏറെറടുത്തു.

ഇങ്ങനെ വ്യാവഹാരികലോകത്തിലെ ഒരു സാധാരണ ക്കാരനെപ്പോലെ പെരുമാറുന്ന ശ്രീകൃഷ്ണൻ വാസ്തവത്തിൽ ആരാണു്?

ഭഗദത്തൻെറ വൈഷ്ണവാസ്ത്രത്തിൽനിന്നും അജ്ജുനനെ രക്ഷിക്കുവാൻ ശ്രീകൃഷ്ണൻ സ്വന്തം കണ്ഠം കാട്ടിക്കൊടുത്തു. അതു തിരുകണ്ഠത്തിൽ വൈജയന്തിമാലയായി ഭവിച്ചു, കാരണം ചോദിച്ച അർജ്ജുനനോടു് ഭഗവാൻ പറഞ്ഞു:—

എനിക്കു സനാതനമായ നാലു് മൂത്തികളുണ്ടു്. ഈ വിശ്വത്തിൽ ലോകഹിതത്തിനുവേണ്ടി പ്രവർത്തിക്കുമ്പോഠം അതു ചതുരാകാരമായിരിക്കും. ഒരു മൂത്തിരൂപത്തിൽ ഭൂലോകത്തിൽ തപോനിഷ്ഠയിലാണു്, രണ്ടാമത്തെ മൂത്തി ഹൃദയത്തിൽ സാക്ഷിരൂപത്തിലിരുന്നുകൊണ്ടു് സംസാരത്തിലെ സത്തും അസത്തുമായ കർമ്മങ്ങളെ നിരീക്ഷിക്കുന്നു. മൂന്നാമത്തേതു മനുഷ്യലോകത്തിൻ്റെ ആശ്രയമേററു് കർമ്മം ചെയ്യുന്നു. നാലാമത്തു കാരണശരീരത്തിൻെറ സമഷ്ട്യഭിമാനി സൂത്രാത്മാവായി സഹസ്രാബ്ദങ്ങളോളം യോഗനിദ്രയിലിരിക്കുന്നു. ഉണരുമ്പോഠം ഉത്തമവരത്തിനു യോഗ്യരായിട്ടുള്ളവക്കു അവ നല്കി അനുഗ്രഹിക്കുന്നു. ഈ നാലാമത്തെ നിലയിൽ നിന്നു വരരൂപത്തിൽ പൃഥ്വി വൈഷ്ണവാസ്ത്രം നേടി. പൃഥ്വി കൈമാറിയപ്രകാരം അതു് പിന്നീടു് ഭഗദത്തനു കിട്ടി. ഇപ്പോഠം സ്വയം സ്വീകരിച്ചു വ്യർത്ഥമാക്കിയ ഈ അസ്ത്രത്തിനു് ഇന്ദ്രനെയും രുദ്രനെയും വധിക്കാനുള്ള ശക്തിയുണ്ടു്. അതു് ദുരുപയോഗപ്പെടുത്തുന്നതിൽനിന്നും തടയണമെന്നതാണു് ശ്രീകൃഷ്ണൻെറ ഇഛ. ശ്രീകൃഷ്ണൻ പൂർണ്ണാവതാരമാണെന്നു കാട്ടുന്ന ഈ കഥ മഹാഭാരതം ദ്രോണപർവ്വത്തിൽ ഉണ്ടു്.

"യാതൊരു മഹാപുരുഷനെ വിവേകികളും വിദ്വാന്മാരുമായ ചിലർ ബ്രഹ്മമെന്നും, ചിലർ ജഗദ്കാരണമെന്നും, ചിലർ ആത്മാവെന്നും, ചിലർ ഭഗവാനെന്നുമുള്ള സ്വരൂപങ്ങളിൽ സ്മരിക്കുന്നുവോ; ആരുടെ പരമതേജസ്സ് ദേശകാലപരിധികളാലും മാററാവുന്നതല്ലയോ ആ ഭക്തവത്സലനായ ഭഗവാൻ ഇന്നു യശോദയുടെ മടിത്തട്ടിൽ പരിചരിന്ന രൂപത്തിൽ, ശിശു രൂപത്തിൽ വിലസുന്നു."

യം ബ്രഹ്മേതി വദന്തികേചന ജഗൽകർത്തേതി കേചിൽപരേ
ത്വാത്മേതി പ്രതിപാദയന്തി ഭഗവാനിത്യേവകോ ഽപ്യുത്തമാഃ
നോദേശാന്നചകാലതോ ബതപരിച്ഛേദോ ഽസ്തിയസ്യൗജസോ
ദേവഃസോ ഽയമവാപനന്ദദയിതോത്സംഗേ പരിച്ഛിന്നതാം.

ഇങ്ങനെ വിവിധരൂപഭാവങ്ങളിൽ വിളങ്ങുന്ന സച്ചിദാനന്ദ ശ്രീകൃഷ്ണൻെറ ജയന്തിആഘോഷങ്ങൾക്കും വൈവിധ്യമുണ്ടാവും. വ്യക്തി ആത്മശുദ്ധിയ്ക്കായും, കുടുംബം കുടുംബക്ഷേമത്തിനായും, സമുദായം സമുദായക്ഷേമത്തിനായും, രാഷ്ട്രം രാഷ്ട്രഭദ്രതയ്ക്കായു, വിശ്വം വിശ്വശാന്തിക്കായും ശ്രീകൃഷ്ണജന്മാഷ്ടമി ആചരിക്കാം.

സർവ്വോപരി ശ്രീകൃഷ്ണാവതാരദിനമാഘോഷിക്കുമ്പോൾ ഓരോരുത്തരും അവരവരുടെ ഹൃദയം സംശുദ്ധമാക്കി അവിടെ ഭഗവാനെ അവതരിപ്പിക്കണം. ഇപ്രകാരം കുടുംബം, സമുദായം, ദേശം, ലോകം എന്നീ നിലവാരങ്ങളിൽ ശ്രീകൃഷ്ണഭഗവാന്റെ തിരുവവതാരം വിചാരം, വാക്ക്, പ്രവർത്തി രൂപങ്ങളിൽ സംഭവിക്കണം.

ശിവ, വിഷ്ണു, ബ്രഹ്മ, വഹ്നി, ഭവിഷ്യാദിപുരാണങ്ങളിൽ ജന്മാഷ്ടമിവ്രതോപവാസങ്ങളെപ്പററി പറയുന്നുണ്ട്—

ജന്മാഷ്ടമിദിവസം—

"മമാഖില പാപപ്രശമനപൂർവ്വക സർവ്വാഭീഷ്ട സിദ്ധയേ
ശ്രീകൃഷ്ണാഷ്ടമി വ്രതമഹംകരിഷ്യേ"

എന്ന സങ്കല്പപൂർവ്വം യഥാക്രമം വ്രതമനുഷ്ഠിക്കുന്നതു എല്ലാംകൊണ്ടും ഉത്തമമാണ്.

അർദ്ധരാത്രി പൂജാസമയം—

ധർമ്മായ ധർമ്മേശ്വരായ ധർമ്മപതയേ
ധർമ്മസംഭവായ ഗോവിന്ദായ നമോനമഃ

എന്നു ചൊല്ലി പുഷ്പാർച്ചന ചെയ്യണം. യശോദാദേവീ പൂജയും പന്നീട്—

സോമായ സോമേശ്വരായ സോമപതയേ
സോമസംഭവായ സോമായ നമോനമഃ

എന്നുച്ചരിച്ചുകൊണ്ടു ചന്ദ്രപൂജയും ചെയ്യണം.

'കലികല്മഷഹര ശ്രീകൃഷ്ണവ്രത'മെന്നു ഒരു പ്രത്യേകവ്രതംതന്നെ ജന്മാഷ്ടമിയ്ക്കു അനുഷ്ഠിക്കുന്നവരുണ്ട്. അന്നു പ്രഭാതത്തിൽ നല്ല സങ്കല്പങ്ങളോടുകൂടി കിണർജലത്തിലോ പുഴയിലോ സ്നാനം ചെയ്തിട്ട് സന്ധ്യാവന്ദനാദി നിത്യകർമ്മങ്ങൾ അനുഷ്ഠിക്കുക. എന്നിട്ട് ഉപവാസ സങ്കല്പം ചെയ്ത്—

"ഓം ക്ലീം കൃഷ്ണായ ഗോവിന്ദായ ഗോപീജന വല്ലഭായ നമഃ" എന്ന മന്ത്രം പകൽ മുഴവൻ ഏകാഗ്രമായി ജപിച്ചുകൊണ്ടിരിക്കുക. രാത്രി ശ്രീകൃഷ്ണപൂജ, ഭജന, പാരായണാദികൾ നടത്തി ഉറക്കമിളയ്ക്കണം.

പിറേറദിവസം സൂര്യോദയത്തോടുകൂടി വ്രതവിസർജ്ജനം ചെയ്തുപാരണ വീട്ടാം. ഈ വ്രതാനുഷ്ഠാനത്തിന്റെ പ്രഭാവത്താൽ ഭവസാഗര സംഭൃതമായിരിക്കുന്ന എല്ലാവിധ ബാധകളും വിട്ടുമാറും; പാപജന്യമായ രാഗാദിദോഷങ്ങൾ നീങ്ങി അപൂർവ്വമായ സുഖസൗഭാഗ്യങ്ങളെ പ്രാപിക്കുന്നതാണ്.

★

# 34 പൂർണ്ണ പുണ്യോൽസവം

ശ്രീകൃഷ്ണഭഗവാൻെറ പൂർണ്ണ പുണ്യാവതാരദിനമായ "അഷ്ടമിരോഹിണി" ആഘോഷിക്കുന്നതിൽ ഹൈന്ദവ ജനത ഇന്നും പിന്നണിയിലല്ല. പക്ഷെ ആഘോഷങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങരം പാടെ അവഗണിക്കപ്പെടുന്നതായി ധർമ്മബോധമുള്ളവർക്ക കാണാൻ കഴിയും. ആഘോഷങ്ങരം വെറും വഴിപാടു ചടങ്ങുകളും രസാസ്വാദനപരിപാടികളുമാക്കിക്കൊണ്ട് ഹിന്ദുക്കരം സ്വകർത്തവ്യങ്ങളിൽ നിന്നും ക്രമേണ വ്യതിചലിക്കാൻ തുടങ്ങി. സനാതന മതം കാണിച്ചുതന്ന ധാർമ്മികമൂല്യങ്ങരം ഹിന്ദുവിൻെറ പ്രതിദിന ജീവിതത്തിൽനിന്നും വിടവാങ്ങിക്കൊണ്ടിരുന്നു. ഹൈന്ദവാസ്തിക്യം ഏട്ടിലെ പശുവാണെന്ന ഒരു ധാരണ ഹിന്ദു സമുദായത്തിൽ ദൃഢമൂലമായിത്തീൻ. ഹിന്ദുഹൃദയങ്ങളിൽ കാലക്രമേണ വേരുറച്ച ഈയൊരപകർഷതാബോധം ഇരുത്തിയുറപ്പിക്കാനുള്ള പ്രവണതകളും പരിതസ്ഥിതികളുമാണ് ഇന്നും കാണപ്പെടുന്നതു്. ഹൈന്ദവരുടെ വ്യക്തിജീവിതത്തിലും സാമൂഹിക ജീവിതത്തിലും അടിഞ്ഞുകൂടിയ ദുസ്ഥിതികരംക്കുള്ള പരിഹാര നിർദ്ദേശങ്ങളിൽ ഒന്ന് ഹിന്ദു വിശേഷദിനങ്ങരം വേണ്ടവിധം—ധർമ്മപ്രചാരത്തിനും ധാർമ്മിക ജീവിതവികാസത്തിനും ഉതകുന്നവിധം-ആഘോഷിക്കുകയെന്നുള്ളതാണ്.

## ജന്മാഷ്ടമിയാഘോഷം

ശ്രീകൃഷ്ണജന്മാഷ്ടമി ഹിന്ദുക്കളുടെ സർവ്വോൽകൃഷ്ടമായ ഒരു പുണ്യദിനമാണല്ലോ. അദ്ധ്യാത്മികവും ഭൗതികവുമായി തുല്യപ്രാധാന്യമുള്ള ഈ പവിത്രദിനം സമുചി

തമായി ആഘോഷിക്കേണ്ട കത്തവ്യമാണ് ഹിന്ദുക്കളാകെയുള്ളത്. ശ്രീകൃഷ്ണജന്മാഷ്ടമി ആഘോഷങ്ങളിൽ സാമാന്യമായി സ്വീകരിക്കാവുന്ന പരിപാടികളാണ് ചുവടെ ചേക്കുന്നത്:—

(1) ഈശ്വരധ്യാനത്തിനും സല്ക്കമ്മത്തിനും പ്രചോദനമേകത്തക്കവിധം ജന്മാഷ്ടമിവ്രതം കാലോചിതമായി സ്വീകരിക്കാം. കരചരണാദികരംക്ക പവിത്രതയും മനസ്സിന് ഏകാഗ്രതയും നേടുന്നതിനു വ്രതോപവാസങ്ങരം അനുഷ്ഠിക്കേണ്ടതാണ്. ജന്മാഷ്ടമിനാളിൽ അർദ്ധരാത്രിക്കുശേഷം മൂന്നാംയാമത്തിലെ ഭഗവൽപൂജാനന്തരമുള്ള പാദതീർത്ഥസേവനത്തോടുകൂടിവേണം വ്രതം പൂത്തിയാക്കാൻ.

(2) ഓരോ സ്ഥലത്തും സത്സംഗയോഗങ്ങളും പൊതുയോഗങ്ങളുംകൂടി ഭഗവാന്റെ ദിവ്യലീലകളുടെ ഗുണപാഠങ്ങളെക്കുറിച്ചും ഭാഗവത–ഭഗവത്ഗീതാതത്വങ്ങളെക്കുറിച്ചും പ്രസംഗങ്ങരം നടത്തിക്കുക.

(3) ക്ഷേത്രങ്ങളിലും ഭജനമന്ദിരങ്ങളിലും ഭഗവന്നാമസങ്കീത്തനങ്ങളും അഖണ്ഡനാമജപങ്ങളും നടത്തിക്കുക. ധാർമ്മികജീവിതത്തിനും ധമ്മസംഘശക്തിക്കും പ്രേരകമാംവിധം കഥാപ്രസംഗങ്ങളും പാരായണപ്രവചനങ്ങളും നടത്തിക്കുക.

(4) ഭഗവാൻെറ ദിവ്യചിത്രമോ പ്രതിമയോ എഴുന്നള്ളിച്ചുകൊണ്ടുള്ള ഭജന ഘോഷയാത്രകരം നടത്തുക.

(5) ഭാഗവതം – ഭഗവത്ഗീത എന്നീ ധർമ്മഗ്രന്ഥങ്ങളെ ആസ്പദമാക്കി ഉപന്യാസ—കഥാകഥനമത്സരങ്ങളേർ

പ്പെടുത്തുകയും വിജയികളാകുന്നവക്ക് വ്യാഖ്യാനത്തോടു കൂടിയ ഭാഗവത–ഭഗവത്ഗീത ഗ്രന്ഥങ്ങൾ പാരിതോഷികമായി നൽകുകയും ചെയ്യുക.

(6) അടുത്തുള്ള ധർമ്മസ്ഥാപനത്തിൻെറയോ ക്ഷേത്രത്തിൻെറയോ വളർച്ചക്കുപകരിക്കത്തക്കവിധം സംഘടിതശക്തിപൂർവ്വമുള്ള സേവനമനുഷ്ഠിക്കുക. (ധർമ്മസ്ഥാപനങ്ങളുടെ അഭിവൃദ്ധിക്കു വേണ്ടപോലെ പ്രവർത്തിക്കുക. ക്ഷേത്രപരിസരങ്ങളോ, ക്ഷേത്രകുളങ്ങളോ ശുദ്ധിയാക്കുക, മുതലായവ)

(7) ദീനജനങ്ങളെയും പശുവൃന്ദത്തേയും ഈശ്വരാജ്ഞയനുസരിക്കുന്നുവെന്ന ബോധപൂർവ്വം കഴിവുകളനുസരിച്ച് പരിചരിച്ച് സമാധാനവും സന്തുഷ്ടിയും സംജാതമാക്കാൻ ശ്രമിക്കുക.

## പൊതുഒഴിവില്ലാതായി

സാക്ഷാൽ ശ്രീപത്മനാഭദാസന്മാരും ശ്രീ ഗുരുവായൂരപ്പൻെറ ഭക്തന്മാരും എന്നറിയപ്പെടുന്ന കേരളഹിന്ദുക്കൾക്കു കഴിഞ്ഞ രണ്ടു് കൊല്ലങ്ങളിൽ 'പൊതുഒഴിവു'' ഇല്ലാതെ കൃഷ്ണാഷ്ടമി ആഘോഷിക്കേണ്ടിവന്നു. പ്രത്യക്ഷത്തിൽ ഹിന്ദുഭൂരിപക്ഷമുള്ള ഒരു സർക്കാർ കേരളത്തിൽ വന്നപ്പോൾ കൃഷ്ണാഷ്ടമി, ആവണിഅവിട്ടം മഹാശിവരാത്രി എന്നീ ഹിന്ദുവിശേഷദിനങ്ങളെ പൊതുഒഴിവു പട്ടികയിൽനിന്നും നീക്കം ചെയ്തു!

ഈശ്വരചൈതന്യത്തിലും ധർമ്മമൂല്യങ്ങളിലും സംഘടനാശക്തിയിലും വിശ്വസിക്കുന്ന ഹിന്ദുക്കളിൽ ചിലർ ''ശ്രീകൃഷ്ണ ജന്മാഷ്ടമി'' വീണ്ടും പൊതുഒഴിവു്ദിന

മാക്കിക്കിട്ടാൻ സംഘടിതശ്രമം നടത്തി. 1958 ജൂലൈ 21-ാംനു- 'ശ്രീകൃഷ്ണജന്മാഷ്ടമിസമിതി' രൂപീകരിക്കുകയും ചുവടെ ചേർക്കുന്ന പ്രമേയം ഐകകണ്ഠ്യേന അംഗീകരിക്കുകയും ചെയ്തു.

"ഭാരതത്തിന്റെ അദ്വിതീയ സംസ്ക്കാരമൂർത്തിയും വിശേഷോത്തര ഭഗവത്ഗീതോപദേഷ്ടാവുമായ ശ്രീകൃഷ്ണന്റെ അവതാരദിനമായ അഷ്ടമിരോഹിണി പൊതു ഒഴിവുദിനപട്ടികയിൽ നിന്നും കേരള ഗവർമ്മെണ്ട് നീക്കം ചെയ്തതിൽ ഉൽക്കണ്ഠ പ്രകടിപ്പിക്കുകയും ഭാരതത്തിലാകമാനം സവിശേഷവും സർവ്വാരാധ്യവുമായ ആ പുണ്യദിനം ഒരു പൊതു ഒഴിവുദിനമായി പ്രഖ്യാപിച്ചുകൊണ്ട് ബഹുജനങ്ങളുടെ ധാർമ്മികവും സാംസ്ക്കാരികവുമായ ഹൃദയവികാരങ്ങളെ മാനിക്കണമെന്നു കേരള ഗവർമ്മേണ്ടിനോട് ആവശ്യപ്പെടുകയും ചെയ്യുന്നു."

ഹിന്ദുസ്ഥാപനങ്ങളും സംഘടനകളും രാഷ്ട്രീയ കക്ഷികളും കൃഷ്ണാഷ്ടമി പൊതുഒഴിവുദിനമാക്കാൻ ഗവർമ്മേണ്ടിനോടാവശ്യപ്പെടണമെന്ന് ഒരഭ്യർത്ഥനയും പുറപ്പെടുവിച്ചു.

ഇത്രയൊക്കെയായപ്പോഠ "ഒഴിവുദിനങ്ങഠ വേണ്ടുവോളം ഉള്ളതിനാൽ ജന്മഷ്ടമി പൊതുഒഴിവുദിനമാക്കാൻ സാദ്ധ്യമല്ല" എന്നു മുഖ്യമന്ത്രിയൊരു പ്രസ്താവനയിറക്കി. വാസ്തവത്തിൽ മലയാളബ്രാഹ്മണനും തമിഴ്ബ്രാഹ്മണനും ഉഠപ്പെട്ട ഒരു മന്ത്രിസഭയാണ് അഷ്ടമിരോഹിണിയും, ആവണിഅവിട്ടവും അവഗണിച്ചതെന്നതു് ഒരു വിരോധാഭാസമല്ലേ? ഇതെങ്ങനെ സംഭവിച്ചു?

## ഇതെങ്ങനെ സംഭവിച്ചു?

കാരണംകൂടാതെ കാര്യമുണ്ടാവുകയില്ലെന്ന ബോധപൂർവ്വം ഹിന്ദുക്കളുടെ ധാർമ്മികവും സാമുദായികവുമായ

ഉസ്ഥിതിയ്ക്കു പരിഹാരം കാണണം. മതവിചാരങ്ങളെ കച്ചവടമനസ്ഥിതിയോടുകൂടി വീക്ഷിക്കുകയും ഹിന്ദു ധമ്മഭാവം വളർത്തുന്നതിന്നു പകരം അതിനെ ക്രമേണ മുരടിപ്പിക്കുകയും ചെയ്തുവന്ന ഹിന്ദുക്കൾ ക്രമേണ നാസ്തികത്വത്തിലേക്കും ദേശീയവിരുദ്ധാശയങ്ങളിലേക്കും വഴ തിപ്പോയി. കക്ഷിരാഷ്ട്രീയത്തിന്റെ "മൈതാനപ്രവാചകന്മാർ" മതാചാരങ്ങളേയും തത്വങ്ങളേയും അട്ടക്കളക്കാര്യങ്ങളാക്കി. കക്ഷിരാഷ്ട്രീയങ്ങളുടെ കയ്യേററങ്ങളിൽപെട്ടു് നാട്ടും മൂട്ടും മറന്നവർക്കു് "ധർമ്മബോധം" കയ്പുള്ള കഷായമായിത്തീന്നു. കുടുംബഭദ്രതയും സമുദായസുസ്ഥിതിയും തകരാൻതുടങ്ങി.

പുറമേ മതഭക്തരെന്നു നടിച്ചിരുന്ന സ്വാധീനശക്തിയുള്ള ചിലരുടെ സ്വാർത്ഥപൂരണത്തിനായി ധമ്മസ്ഥാപനങ്ങൾ ചൂഷണവിധേയമാക്കപ്പെട്ടു. മതത്തിന്റെ പേരിൽ ആർഭാടപൂർവ്വമായ ഉത്സവങ്ങൾക്കു മുടക്കമുണ്ടായില്ലെങ്കിലും ജീവിതത്തിൽ നിന്നും മതാദർശങ്ങൾ തിരോഭവിച്ചുകൊണ്ടിരുന്നു. മതപരമായ ആഘോഷങ്ങൾ പലതും ഫലത്തിൽ മതവിരുദ്ധമായി കലാശിച്ചുകൊണ്ടിരുന്നു. ധമ്മാചരണത്തിൽനിന്നും വേറിട്ടുകൊണ്ടിരിക്കുന്ന ജനഹൃദയങ്ങളെ കാണാൻ ഉത്സവബഹളങ്ങളിൽ മുഴുകിയവർ മറന്നുപോയി.

ഈശ്വരചിന്തയും, ധാർമ്മികജീവിതവുമല്ല ദൈവത്തിന്റെ പേരിലുള്ള പണവും പണ്ടങ്ങളുമാണു് ഭരണാധികാരികളോടൊപ്പം ഭരണീയരുടേയും ശ്രദ്ധാകേന്ദ്രമായിഭവിച്ചതു്. ഇതേസമയം വൈദേശികമായ ജഡവാദങ്ങളും നിർമ്മതനാസ്തികത്വചിന്താഗതികളും സാഹിത്യകലാദികളുടേയും സംസ്കാരത്തിന്റേയും പേരിൽ ഹൈന്ദവഹൃദ

യങ്ങളിൽ ആധിപത്യം സ്ഥാപിക്കാൻ പ്രയത്നിച്ചു പോന്നു. സമ്പത് ദുസ്ഥിതിയേയും മതത്തിന്റെപേരിൽ നടക്കുന്ന അനാചാരങ്ങളെയുംമാത്രം ചൂണ്ടിക്കൊണ്ട് ധാർമ്മികമൂല്യങ്ങളെ നശിപ്പിക്കാനുള്ള ദുഷ്പ്രവണതകളുടെ അടവുകൾ ഭയാനകമായി തഴച്ചു വളരാൻ തുടങ്ങിയ കൂട്ടത്തിൽ 'ജന്മാഷ്ടമി' പോലുള്ള മഹത്തായ പുണ്യദിനങ്ങൾ അവഗണിക്കപ്പെട്ടു.

## സംഘടിതയത്നം

നാട്ടുമുടിക്കുന്ന മറ്റെന്തിനോവേണ്ടി ജീവിതം അടിയറവെച്ചുപോയ മന്ത്രിമാരെ വിശ്വസിച്ചുകൊണ്ടിരിക്കാൻ മതാഭിമാനമുള്ള ഹിന്ദുക്കൾ ഒരുക്കമല്ലായിരുന്നു. പുതുതായി ഒന്നും ചെയ്തില്ലെങ്കിലും ഉള്ളതിനെ നശിപ്പിക്കാതിരുന്നാൽമതിയെന്നു മന്ത്രിസഭയോടു ഹിന്ദുക്കൾ ഗുണദോഷിച്ചു. ശ്രീകൃഷ്ണജന്മാഷ്ടമി സമിതിയുടെ അഭ്യർത്ഥന തിരു: ദേവസ്വം ബോർഡ് സ്വീകരിച്ചുവെങ്കിലും അവക്ക് ഗവർമ്മണ്ടിനോട് ഇക്കാര്യത്തെക്കുറിച്ചു പറയാൻ വിഷമമാണെന്നറിയിച്ചു. അഖിലകേരളാടിസ്ഥാനത്തിൽ വിവിധ സ്ഥലങ്ങളിൽ യോഗങ്ങൾ കൂടുകയും "ജന്മാഷ്ടമി" പൊതു ഒഴിവുദിനമാക്കണമെന്നു പ്രമേയങ്ങൾ മുഖേന അധികാരസ്ഥാനങ്ങളോട് ആവശ്യപ്പെട്ടുകൊണ്ടും ഹിന്ദുമതാഭിമാനികളുടെ സംഘടിതശ്രമം തുടന്നുകൊണ്ടിരുന്നു.

പത്രങ്ങളിൽ "ജന്മാഷ്ടമി" പൊതുഒഴിവുദിനമാക്കണമെന്ന ആവശ്യം ആവർത്തിച്ചുകൊണ്ട് മുഖപ്രസംഗങ്ങൾ എഴുതിച്ചു. മഹാനായ ശ്രീ ടി. എൽ. വാസ്വാനി തന്റെ "East & West" എന്ന മാസികയിലെഴുതിയ ലേഖനത്തിൽ പറഞ്ഞു:—'കേരള സക്കാർ അവരുടെ പൊതു

ഒഴിവുദിനങ്ങളിൽ ശ്രീകൃഷ്ണജയന്തി ഉൾപ്പെടുത്തിയിട്ടി ല്ലെന്ന വാർത്ത അശാധദുഃഖത്തോടെയാണ് ഞാൻ വായി ച്ചറിഞ്ഞതു്." എന്നു്. കൃഷ്ണാഷ്ടമി പൊതുഒഴിവുദിന മാക്കാത്തതിൽ പ്രതിഷേധിച്ചു് കഴിഞ്ഞ കൊല്ലത്തെ കൃഷ്ണാഷ്ടമിദിനത്തിൽ പല ഹിന്ദു അഭിഭാഷകന്മാരും കോടതിയിൽപോയില്ല. ഹിന്ദുവിദ്യാലയങ്ങൾ പലതും അന്നു പൂട്ടിയിട്ടു.

## ഫലപ്രാപ്തി

ഇങ്ങനെ നിരന്തരമായി നടത്തിയ സംഘടിതശ്രമം കൊണ്ടാണു് 1959 മുതല്ക്കു് വീണ്ടും "അഷ്ടമിരോഹിണി" പൊതുഒഴിവുദിനമാക്കപ്പെട്ടതു്. എന്നാൽ കമ്മ്യൂണിസ്റ്റ് ഭരണകാലത്തു് അഷ്ടമിരോഹിണിയ്ക്കു് പൊതുഒഴിവനുവ ദിക്കപ്പെട്ടിരുന്നില്ല. കൂടാതെ ആവണി അവിട്ടത്തിനും മഹാശിവരാത്രിക്കും മുമ്പുണ്ടായിരുന്ന ഒഴിവു് കമ്മ്യൂ: ഗവമ്മേണ്ടു് നീക്കംചെയ്യുതു് തുടരുകയും ചെയ്യുന്നു.

ഇന്നത്തെ നെറികെട്ട രാഷ്ട്രീയക്കാരെയും അവരുടെ നിറം മാറിക്കൊണ്ടിരിക്കുന്ന സർക്കാരുകളെയും വിശ്വ സിച്ചുകൊണ്ടു് തങ്ങളുടെ ധർമ്മവും സംസ്കാരവും സം രക്ഷിക്കാമെന്നും ഹിന്ദുപുണ്യദിനങ്ങളെ അവർ ബഹുമാ നിക്കുമെന്നും ഹിന്ദുക്കൾ വ്യാമോഹിക്കരുതു്. സ്വധർമ്മ നിഷ്ഠരായി ഹിന്ദുസമുദായം ഉണരുകയും ജീവിക്കുകയും ചെയ്യുന്നെങ്കിൽമാത്രമേ ഹിന്ദുധർമ്മകാര്യങ്ങളും 'ജന്മാ ഷ്ടമി'പോലുള്ള പുണ്യദിനാഘോഷങ്ങളും നേരേചൊവ്വേ പ്രാവർത്തികമാകൂ

★

1959 ആഗസ്റ്റ് 25–ാം നു- കോഴിക്കോട്ടുവെച്ചു് പ്രസിദ്ധപ്പെട ത്തിയ ഒരു ചെറുലേഖയിലെ പ്രസക്ത ഭാഗമാണിതു്.

# 35 അവതാരവും സ്വർഗ്ഗാരോഹണവും

**ലോ**കത്തിൽ എന്തോ ഒരു മഹാത്ഭുതം സംഭവിക്കുന്നുവെന്ന മട്ടിൽ അർദ്ധരാത്രിസമയം സജ്ജനങ്ങളും, ഋഷിമുനിമാരും ദേവതകളും ഏകാഗ്രചിത്തരായി. പ്രകൃതി, അതിൻെറ മനോഹരവും അതിസുന്ദരവുമായ രൂപത്തിൽനിലകൊണ്ടു.

ദിക്കുകൾ പ്രസന്നങ്ങളായി, ആകാശമെങ്ങും നക്ഷത്രങ്ങൾ മിന്നിത്തിളങ്ങി, ഭൂമിയിലെങ്ങും മംഗളമയപ്രതീതി, നദികൾ ആഹ്ലാദപൂർവ്വം ഒഴുകി. സരസ്സുകൾ താമരപുഷ്പങ്ങൾകൊണ്ടു ശോഭിച്ചു. വനങ്ങളിലെങ്ങും വികസിച്ച പൂങ്കുലകൾ, മന്ദമാരുതൻ സുഗന്ധവാഹിയായി വീശി, ഹോമാഗ്നികൾ ശാന്തമായി ജ്വലിച്ചു, ആകാശത്തിൽ ദുന്ദുഭി മുതലായ ദിവ്യവാദ്യങ്ങൾ മുഴങ്ങി, കിന്നരഗന്ധർവ്വാദികൾ ഗാനമാലപിക്കുകയും, വിദ്യാധരിമാർ അപ്സരസ്സുകളോടുകൂടി നൃത്തം വെയ്ക്കുകയും ചെയ്തു. ഋഷീശ്വരന്മാരും ദേവന്മാരും ആനന്ദ പരവശരായി പുഷ്പങ്ങൾ വർഷിച്ചു. മേഘങ്ങൾ സമുദ്രത്തെ അനുസരിച്ച് മന്ദംമന്ദം ഗർജ്ജിച്ചു ...

തമോവ്യാപ്തമായ ആ അർദ്ധരാത്രി കിഴക്കുദിക്കിൽ ചന്ദ്രനെന്നപോലെ ദേവകീദേവിയിൽ ഈശ്വരഭാവത്തിൽതന്നെ ഭഗവാൻ ആവിർഭവിച്ചു. ചെന്താമരപോലെ മോഹനമായ തൃക്കണ്ണുകളോടും, ശംഖ, ചക്ര, ഗദാ, പത്മങ്ങൾ ധരിച്ച നാലു് തൃക്കൈകളോടും, ശ്രീവത്സാം

ഗന്നം, കൗസ്തുഭരത്നത്താൽ കണ്ഠാലംകൃതന്നം, നീലമേഘ ശ്യാമളന്നം, അമൂല്യമായ വൈഡൂര്യാദി രത്നഖചിതമായ കിരീടകുണ്ഡലാദികളോടും, ശ്രേഷ്ഠമായ മററു ആഭൂഷണങ്ങളോടും പ്രകാശമാനമായ ദിവ്യപ്രഭ വിതറുന്ന ആ അത്യത്ഭുത ബാലനെ വസുദേവാദികൾ ദർശിച്ച് പരമാനന്ദ തുന്ദിലരായി....1

കാളമേഘമിടതിങ്ങിവിങ്ങിബത ഭംഗിയേറുമിടിമിന്നലും
മേളമോട ജലധാരമാരികളുമെത്രയും ബഹുമനോഹരം
അർദ്ധരാത്രിസമയം സമാഗതമുദിച്ച ചന്ദ്രനമഹോ തദാ
സിദ്ധചാരണ സുരാവലിസ്തുതികളുദ്ധതം ദിവി മഹോത്സവം

പൂർണ്ണേഗർഭേ സമസ്തത്രിഭുവന ശുഭകർമ്മങ്ങളേകത്രകൂടി
പൂർണ്ണാനന്ദം വിളങ്ങീടിന ഘനപടലശ്യാമധാമാഭിരാമൻ
മംഗല്യേസുമുഹൂർത്തേ മഹിതഗുണമിയന്നഷ്ടമീ
രോഹിണീഭ്യാം
സംഗേ ഭംഗ്യാ ജനിച്ചാനഴകൊട ജഗതീമൂലകന്ദം മുകുന്ദൻ

മിന്നും പൊന്നിൻകിരീടം തരിവളകടകം കാഞ്ചി
പൂഞ്ചേലമാലാ
ധന്യ ശ്രീവത്സസൽക്കൗസ്തുഭമിടകലരും ചാരുദോരന്തരാളം
ശംഖം ചക്രം ഗദാ പങ്കജമിതി വിലസും നാലു തൃക്കൈകളോടേ
സങ്കീർണ്ണശ്യാമവർണ്ണം ഹരിവപുരമലം പൂരയേന്മംഗളം വഃ

ലോകൈകനാഥന്റെ ശുഭാവതാരേ
ലോകങ്ങളെല്ലാമുടനേ തെളിഞ്ഞു
മാകന്ദമന്ദാര സുഗന്ധവാഹീ
മാഴ്കാതവണ്ണം വിലസീ സമീരൻ
പ്രസന്നരായീതു ജനങ്ങളെല്ലാം
പ്രസൂനവർഷം ഗഗനേതുടങ്ങി
പ്രസൂതികാലേ മുരവൈരിതന്റെ
പ്രസൂജനം പൂർണ്ണസുഖേനമേവി....2

മനുഷ്യരെപ്പോലെ ജനിക്കുകയും മരിക്കുകയും ചെയ്യുന്നില്ല അവതാര പുരുഷൻ. പ്രകാശിക്കുകയും മറയുകയുമാണ് ചെയ്യുന്നത്. പൂർണ്ണാവതാരമായ ശ്രീകൃഷ്ണൻ ഒരേ സമയം അത്യത്ഭുത ബാലനായി പ്രകാശിക്കുകയും, ആശ്ചര്യാവേശരായ വസുദേവാദികളുടെ സ്തുതിയോടുകൂടി അവർക്ക് മമത_വാത്സല്യാദിഭാവമുളവാകത്തക്കവിധം മനുഷ്യശിശുവായി ഭവിക്കുകയും ചെയ്തു.

സദസത്മൂർത്തിയായും അമൂർത്തിയായും വിളങ്ങുന്ന ഭഗവാൻ ജനിച്ച് മനോഹരമനുഷ്യശിശുവായി കിടക്കുകയാണ്. 28 കഴിയുന്നതിനു മുൻപുതന്നെ ഗോകുലവാസികളെയെല്ലാം അത്ഭുതപരവശരാക്കിയ രണ്ടാമത്തെ മഹാത്ഭുതം!

സർവ്വാംഗസുന്ദരിയായ ഒരു സ്ത്രീ അമ്പാടിയിൽ പ്രവേശിച്ച് കൃഷ്ണശിശുവിനെ പ്രേമപൂർവ്വം കൊഞ്ചിതാലോലിച്ചെടുത്തു സ്തന്യപാനം ചെയ്യിക്കുന്നു. ശിശുവാകട്ടെ അവളുടെ കൃത്രിമപാലല്ല പ്രാണനെത്തന്നെ പാനം ചെയ്തു. അതാ ആ ലളിതാംഗി ഭീകര രാക്ഷസരൂപിണിയായി ചത്തുമലയ്ക്കുന്നു! ആ ഭീഭത്സശരീരത്തിൽ പററികിടക്കുന്ന ശിശുവിനെ യശോദ ഓടിവന്നു വേർപെടുത്തിക്കൊണ്ടുപോയി.

---

1 തമദ്ഭുതം ബാലകമംബുജേക്ഷണം
ചതുർഭുജം ശംഖഗദാദ്യുദായുധം
ശ്രീവത്സലക്ഷ്മം ഗളശോഭികൗസ്തുഭം
പീതാംബരം സാന്ദ്രപയോദ സൗഭഗം
മഹാർഹവൈഡൂര്യ കിരീടകുണ്ഡല–
ത്വിഷാ പരിഷ്വക്ത സഹസ്രകുന്തളം
ഉദ്ദാമകാഞ്ച്യം ഗദകങ്കണാദിഭിർ–
വിരോചമാനം വസുദേവ ഐക്ഷത.
—ഭാഗവതം 10–3–9, 10

ശ്രീകൃഷ്ണചരിതം (മണിപ്രവാളം)

പൂതനയുടെ ബൃഹത്തായ ശരീരം ഗോപയോദ്ധാക്കൾ വെട്ടിക്കീറി ദഹിപ്പിക്കേണ്ടിവന്നു അന്ത്യത്തിൽ കൃഷ്ണ ശിശുവിങ്കൽ സർവ്വസമർപ്പണം—പ്രാണാഹുതി—ചെയ്ത പൂതന പൂർവ്വജന്മാന്തര പുണ്യങ്ങളെല്ലാമൊന്നുകൂടി മോക്ഷംപ്രാപിച്ച രംഗമാണതു്. ആ ശരീരം അഗ്നിയിൽ ദഹിക്കുമ്പോൾഅസാധാരണസുഗന്ധമാണു്വ്യാപിച്ചതു്!

ശ്രീകൃഷ്ണൻെറ ലീലാസൂത്രങ്ങളുടെ തുടക്കമാണിതു്. അസത്തിന്നധീനരായ നാം ഇതിൻെറ കാര്യകാരണ ബന്ധം അറിയുന്നില്ല. സത്തിന്നുമസത്തിന്നുമതീതരായ പുണ്യാത്മാക്കൾക്കു് അതറിയാം. ഇവിടന്നങ്ങോട്ടു നടക്കുന്ന ശ്രീകൃഷ്ണലീലകൾ മുഴുവനും നിഗ്രഹങ്ങളും അനുഗ്രഹങ്ങളുമാകുന്നു. സൃഷ്ടിക്കുവാനും സംരക്ഷിക്കുവാനും കഴിയുന്ന ഭഗവാൻെറ നിഗ്രഹലീലകളുടെ കാര്യകാരണബന്ധവും ഹേതുക്കളും ഭഗവൽഭക്തന്മാരായ ജ്ഞാനികൾ നിസ്സംശയം അറിയുന്നു. ഓരോ ജീവൻെറയും ജന്മജന്മാന്തരങ്ങളായ കഥകൾ അതിലടങ്ങിയിരിക്കുന്നു.

അതുപോലെ കാലദേശനാമരൂപങ്ങൾക്കെല്ലാംഅതീതനെങ്കിലും ജീവകോടികളുടെയിടയിലേക്കു് അവതരിക്കുന്ന ഭഗവാൻെറ ദിവ്യചരിതവും കാലദേശാദിപരിമിതികൾക്കുള്ളിൽവെച്ചു നാം കാണാനാഗ്രഹിക്കുന്നു. ഈ ദൈവീകാഗ്രഹവും ജീവൻെറ പരിമിതമായ അറിവിനെ അപരിമിതവും ആദ്ധ്യാത്മികവുമായ പരമലക്ഷ്യത്തിലേക്കു് നയിക്കുവാൻവേണ്ടിയായിരിക്കണമെന്നതാണു് വിവക്ഷ.

അങ്ങനെ പൂതനാമോക്ഷശേഷം അഞ്ചാം വയസ്സിൽ തന്നിലുള്ള വിഷ്ണുമായ പ്രകടിപ്പിച്ചു് ശ്രീകൃഷ്ണൻ ബ്രഹ്മാവിനെപ്പോലും മോഹവിവശനാക്കി. ഒൻപതുവയസ്സ

റോരെ യശോദയുടെയും നന്ദഗോപരുടെയും ഔരസപുത്രനായി ആമ്പാടിയിൽ വിളങ്ങിയ സന്ദർഭത്തിലാണ് കൊടുങ്കാററിന്റെ ഭീഷണരൂപത്തിൽ വന്ന തൃണാവർത്തൻ, ശകടാസുരൻ, ബകൻ, അഘൻ മുതലായ ആസുരശക്തികളെ നിഹനിക്കുന്നത്.

ജീവന്റെ അഹന്തസ്വരൂപമായ കാളിയ മഹാസർപ്പത്തെ അടക്കി അതിന്റെ വിവിധോന്മുഖമായ ഫണങ്ങളിൽ ചവുട്ടി നൃത്തംചെയ്തു മദംകെടുത്തുന്ന ലീല, പരമസുഖത്തിന്നായി തുടിക്കുന്ന ജീവന്മാരുടെ മോഹവിരഹതാപങ്ങളുടെ പ്രകടനസമേതം നടത്തുന്ന രാസലീല, വൈശ്രവണപുത്രന്മാരും ശാപദോഷത്താൽ മരുത്വൃക്ഷങ്ങളായി പരിണമിച്ചവരുമായ നള-കുബേരന്മാൎക്ക് ശാപമോക്ഷം നൽകുന്നത്, ഗോവർദ്ധനപർവ്വതം കുടയാക്കിപിടിക്കുന്നതും ദേവേന്ദ്രദർപ്പമടക്കിയതുമായ ലീല—ഇവയെല്ലാം ഏഴ വയസ്സുമുതൽ 11 വയസ്സിനകം നടത്തപ്പെടുന്നു.

പതിനൊന്നാം വയസ്സിൽ കംസനിഗ്രഹവും, കാരാഗൃഹവാസം ചെയ്തിരുന്നവരെയെല്ലാം മോചിപ്പിക്കുകയും ചെയ്തു. അതിനുശേഷം 64 ദിവസംകൊണ്ടു് ഗുരുകുലവാസം പൂർത്തിയാക്കുന്നു.

25 മുതൽ 35 വരെ വയസ്സുകളിൽ വിവാഹങ്ങളും ഗൃഹസ്ഥാശ്രമജീവിതവും 16008 മാതൃകകളിൽ പ്രകടിപ്പിക്കുന്നു.

സ്യമന്തകതീർത്ഥത്തിൽവെച്ച് വിരഹതപ്തരായിരുന്ന നന്ദയശോദികളെയും ഗോപികളെയും സന്ധിക്കുന്നത് 55-ാം വയസ്സിൽ—12 വയസ്സിൽ അവരെവിട്ടു പിരിഞ്ഞതിനുശേഷം ആദ്യമായി.

എഴുപതാമത്തെ വയസ്സിൽ പാണ്ഡവദൂതനായി സമാധാനദൗത്യം നടത്തുന്നു. 70 മുതൽ 71 വരെ പാർത്ഥസാരഥിയായി കുരുക്ഷേത്രത്തിലെ മഹാഭാരതയുദ്ധം നയിക്കുകയും ഗീതോപദേശം നിർവ്വഹിക്കുകയും ചെയ്യുന്നു. 120-ാം വയസ്സിൽ ഭക്തോത്തമനായ ഉദ്ധവരെ നിമിത്തമാക്കി വിശ്വകല്ല്യാണാർത്ഥം ഭഗവദുദ്ധവസംവാദം നടത്തുന്നു.

ഭാരതയുദ്ധത്തിനുശേഷം 54 വർഷക്കാലം ദ്വാരകാപുരി കേന്ദ്രമാക്കി പ്രൗഢലീലകൾ നടത്തിയിരുന്ന ശ്രീകൃഷ്ണൻ 125 വയസ്സു പൂർത്തിയായപ്പോൾ സ്വർഗ്ഗാരോഹണം ചെയ്തു. ഭഗവാന്റെ ശ്രീകൃഷ്ണശരീരം ആദ്യന്താ സൗന്ദര്യപൂർണ്ണവും ദിവ്യകോമള മംഗള സ്വരൂപവുമായിരുന്നു. 'കൃഷ്ണ'ശബ്ദത്തിനു ശാശ്വതാനന്ദം എന്നും അർത്ഥമുണ്ട്. ഭഗവാന്റെ മോഹനകളേബരവും ശാശ്വതാനന്ദസ്വരൂപമാകുന്നു. ഭഗവാന്റെ മഹദിച്ഛയനുസരിച്ച് ഭൗതികദൃഷ്ടിയ്ക്ക് അദൃശ്യമാകാറായപ്പോൾ മാത്രം ജരാനരകൾ ഒരു വേടന്റെ രൂപത്തിൽ വരുന്നു. കാര്യകാരണബന്ധത്തിന്റെ ഒരു അസ്ത്രം മുഖേന ഭഗവൽപാദപത്മങ്ങളെ സ്പർശിക്കുന്നതോടെ 'ജര' യെന്ന വേടൻ മുക്തനാവുകയും ചെയ്തു. അങ്ങനെ അവസാന നിമിഷത്തിലും ഭഗവാന്റെ അപാര കാരുണ്യമാണ് ഭക്തന്മാർക്ക് കാണാൻ കഴിയുന്നത്.

ഉത്തരാർദ്ധത്തിൽ വീണ്ടും കുരുക്ഷേത്രത്തിൽ എല്ലാവരും സമ്മേളിച്ച് വസുദേവരുടെ മഹായജ്ഞത്തിൽ പങ്കെടുക്കുകയും അവിടെവെച്ച് ശ്രീകൃഷ്ണഭഗവാൻ എല്ലാവരോടും കുശലപ്രശ്നം നടത്തുകയും ചെയ്തു. പിതാവിനും മറ്റും ബ്രഹ്മോപദേശം നൽകി ചരിതാർത്ഥരാക്കുന്നു.

എല്ലാവരും ശ്രീകൃഷ്ണനെ പൂജിക്കുകയും സ്തുതിക്കുകയും ചെയ്തു. കുന്തി, ഗാന്ധാരി, ദ്രൌപതി, സുഭദ്ര തുടങ്ങിയ രാജസ്ത്രീകളും ഗോപികളുമുൾപ്പെടെ വലിയൊരു ജനസമൂഹം അവിടെ ചെന്നിരുന്നു. അപ്പോൾ ശ്രീകൃഷ്ണ–ബലരാമന്മാരെ ദർശിക്കുവാൻ മിക്ക മഹർഷിമാരും അവിടെ എത്തിയിരുന്നു. അവരിൽ വേദവ്യാസൻ, നാരദർ, ച്യവനൻ, ദേവലൻ, അസിതൻ, വിശ്വാമിത്രൻ, സതാനന്ദൻ, ഭരദ്വാജൻ, ഗൗതമൻ, പരശുരാമൻ, വസിഷ്ഠൻ, ഗാലവൻ, ഭൃഗു, പുലസ്ത്യൻ, കശ്യപൻ, അത്രി, മാർക്കണ്ഡേയൻ, ബൃഹസ്പതി, സനകാദികൾ, അംഗീരസ്, അഗസ്ത്യർ തുടങ്ങിയ ദേവർഷിമാരും ബ്രഹ്മർഷിമാരുമെല്ലാം ഉൾപ്പെടും. എല്ലാവരും ശ്രീകൃഷ്ണനെ പ്രകീർത്തിച്ച് പരമധന്യരായി.

സരസ്വതീനദി സമുദ്രത്തിൽ പതിക്കുന്ന പ്രഭാസതീർത്ഥഘട്ടത്തിൽപോയി പുണ്യകർമ്മങ്ങൾ അനുഷ്ഠിക്കുവാൻ യാദവരോട് അരുൾചെയ്തിട്ട് ശ്രീകൃഷ്ണനും ബലരാമനും അവിടെയെത്തി. ബ്രഹ്മജ്ഞാനിയായ ബ്രാഹ്മണന്റെ ശാപം ഏററിരിക്കുന്ന യാദവരുടെ നാശം അത്യാസന്നമാണെന്ന് ഭഗവാനറിയാം. തീർത്ഥഘട്ടത്തിൽവെച്ചും പരസ്പരസ്പർദ്ധനിമിത്തം അഥവാ ശ്രീകൃഷ്ണമായയാൽ മോഹിതരായ യാദവന്മാർ തമ്മിലടിച്ചു ചാകാൻതുടങ്ങി. ഒന്നൊന്നായും കൂട്ടായും അവരെല്ലാം ഒടുങ്ങിയപ്പോൾ ബലരാമനും ദേഹത്യാഗംചെയ്തു.

ശ്രീകൃഷ്ണൻെറ തിരുമുഖത്തെ സ്വാഭാവികമായ പ്രസന്നതയ്ക്കും, പുഞ്ചിരിയ്ക്കും അപ്പോഴും യാതൊരു ഭാവഭേദവുമുണ്ടായില്ല മറിച്ച് അവതാരാരംഭത്തിലെ സ്വരൂപത്തിൽ നാലുദിക്കുകളെയും ശോഭിപ്പിച്ചുകൊണ്ട് പ്രകാശിക്കുകയാണ്ചെയ്തത്.

"ശ്രീവത്സാങ്കാദികളാൽ അലംകൃതമായും നീലമേഘ ശ്യാമളമായും, പീതാംബരാവൃതമായ സുവർണ്ണശോഭയോടൊപ്പം മംഗളസ്വരൂപനായും മന്ദഹാസസുന്ദരമായ ശ്രീമുഖകമലത്തോടുകൂടിയതും നീലവർണ്ണത്തിലുള്ള മുടിയാൽ അലംകൃതവും ചെന്താമരപ്പൂവുപോലെ സുന്ദരങ്ങളായ തൃക്കണ്ണുകളോടുകൂടിയതും ശോഭായമായ മകരകുണ്ഡലങ്ങൾ ധരിച്ചതും, അരഞ്ഞാൺ, പൂണുനൂൽ കിരീടം. വളകൾ, തോൾ വളകൾ, മുത്തുമാലകൾ, ചിലമ്പുകൾ, കൗസ്തുഭരത്നം എന്നിവയാലംകൃതവും, വനമാലയാൽ ചുററപ്പെട്ടതും, സ്വരൂപമെടുത്ത തൻെറ ആയുധങ്ങളാൽ (എല്ലാം ദേവതാരൂപമെടുത്തതെന്നു്) വലത്തേ തുടമേൽ ഇടത്തേ ശ്രീപാദപത്മംവെച്ചു് ഇരിക്കുന്നതുമായ സ്വരൂപം ധരിച്ചുകൊണ്ടു് ശ്രീകൃഷ്ണഭഗവാൻ അശ്വത്ഥവൃക്ഷച്ചുവട്ടിൽ വർത്തിച്ചു." 1

അങ്ങനെ ചതുർഭുജ സ്വരൂപനായി അശ്വത്ഥവൃക്ഷച്ചുവട്ടിലിരിക്കുന്ന സന്ദർഭത്തിൽ ബ്രാഹ്മണശാപസംബന്ധമായ മുസലത്തിൻെറ അവശിഷ്ടംകൊണ്ടു നിർമ്മിച്ച അസ്ത്രത്തോടുകൂടി 'ജര' എന്നു പേരുള്ള കാട്ടാളൻ കാടിൻ പടർപ്പിനിടയിലൂടെ മൃഗത്തിൻെറ (മാനിൻെറ) മുഖം പോലെ ശോഭിക്കുന്ന ശ്രീകൃഷ്ണ പാദപത്മങ്ങളിലേക്കു മൃഗമുഖമെന്ന ശങ്കയാൽ അസ്ത്രമയച്ചു.

അനന്തരം ഓടി അടുത്തുവന്നപ്പോൾ അവൻ ഭയവും അപരാധബോധവുംകൊണ്ടു് വിറച്ചു. ശ്രീകൃഷ്ണപാദാന്തികത്തിൽ സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടു് താണുകേണപേക്ഷിച്ചു:– നിത്യനിർമ്മലനായ ഭഗവാനേ! ഈ നീചകൃത്യം, അറിയാതെയാണെങ്കിലും ചെയ്തുപോയ ഈ മഹാപരാധം പൊറുക്കേണമേ. അജ്ഞാനതിമിരത്തെ നശിപ്പിക്കുന്ന നിന്തിരുവടിയുടെ സ്മരണത്തിനു പകരം

ഈ നീചകൃത്യം ചെയ്യാനാണല്ലോ തുനിഞ്ഞതു്. അതു കൊണ്ടു് അടിയനിതാ തലകുനിച്ചിരിയ്ക്കുന്നു; ഇത്തരം മഹാപരാധം ഇനിയും തുടരാതിരിക്കത്തക്കവിധം എന്നെ നിഗ്രഹിക്കേണമേ. അങ്ങയുടെ യോഗമായയാൽ ബ്രഹ്മാദികളും ഋഷികളും മോഹിതരാണെന്നിരിക്കെ, ബ്രാഹ്മണശാപം ഹേതുവാക്കി അങ്ങു് ഇങ്ങനെ ചെയ്യിപ്പിച്ചതു് പാപയോനികളായ ഞങ്ങൾ എങ്ങനെ മനസ്സിലാക്കും?

കാരുണ്യമൂർത്തിയായ ശ്രീകൃഷ്ണഭഗവാൻ അങ്ങനെ ദീനദീനം രോദനം ചെയ്യുന്ന 'ജര'യെന്ന കാട്ടാളനെ പിടിച്ചെണീപ്പിച്ചുകൊണ്ടു് അരുൾചെയ്തു:– ജരേ! എഴുന്നേൽക്കു! എന്റെ അഭീഷ്ടമാണു് നീ ഇപ്പോൾ ചെയ്തതു്; നീ ഭയപ്പെടേണ്ട. എന്റെ ഇച്ഛപ്രകാരം നീ സുകൃതികളുടെ സ്ഥാനമായ സ്വർഗ്ഗം പ്രാപിച്ചാലും.

സ്വേച്ഛാശരീരനായും സർവ്വേശ്വരനുമായിരിക്കുന്ന ഭഗവാന്റെ ആജ്ഞപ്രകാരം 'ജര'യെന്ന കാട്ടാളൻ ശ്രീകൃഷ്ണനെ മൂന്നു പ്രദിക്ഷണം വെച്ചു് വിമാനത്തിലേറി സ്വർഗ്ഗം പ്രാപിച്ചു.

ശ്രീകൃഷ്ണനെ ശരീരത്തോടുകൂടി പരമധാമത്തിലേയ്ക്കു് ആനയിക്കുവാൻ രഥത്തോടുകൂടി അവിടെയെത്തിയ ദാരുകൻ എന്ന ദൂതൻ പൊട്ടിക്കരഞ്ഞുകൊണ്ടു് പ്രാർത്ഥിച്ചു:— ശ്രീകൃഷ്ണസാമീപ്യം ഉണ്ടായിരുന്നിട്ടും അന്തിമനിമിഷം അങ്ങയുടെ പാദതുളസീസുഗന്ധം മണത്തറിഞ്ഞിവിടേയ്ക്കു വരേണ്ടിവന്നു. ഈയുള്ളവന്റെ അജ്ഞാനതിമിരമാണു തിനു കാരണം........

സൂതൻ ശ്രീകൃഷ്ണപാദാന്തികത്തിൽ ഇങ്ങനെ പ്രാർത്ഥിച്ചുകൊണ്ടിരിക്കെ ഗരുഡാലംകൃതമായ ശ്രീകൃഷ്ണന്റെ

രഥം കുതിരകളോടും കൊടിമരത്തോടുംകൂടി ആകാശത്തിലേയ്ക്കു് ഉയൎന്നു. ദിവ്യങ്ങളായ ആയുധങ്ങളും തേരിനെ അനുഗമിച്ചു. അതുകണ്ടു് ആശ്ചര്യസ്തബ്ധനായി നില്ക്കുന്ന സൂതനോടു് ഭഗവാൻ പറഞ്ഞു:—

ഞാൻ മറയുമ്പോഴേയ്ക്കും ദ്വാരകാപുരി സമുദ്രത്തിൽ മുങ്ങും. അതിനുമുൻപു് അവിടെ അവശേഷിച്ചവരെല്ലാം ഇന്ദ്രപ്രസ്ഥത്തിലേയ്ക്കു്പോകാൻ പറയുക .......എന്നിട്ടു് ഭാഗവതധൎമ്മത്തെ അവലംബിച്ചു ജ്ഞാനനിഷ്ഠനും മറ്റൊന്നിലും ആസക്തികൂടാതെ ഇതെല്ലാം എന്റെ യോഗമായാവിലാസമെന്നറിഞ്ഞു് വ്യസനിക്കാതെ ഉപശമം പ്രാപിക്കുക.

എന്നു ഉപദേശിച്ചു് ദാരുകനെ അയച്ചപ്പോഴെയ്ക്കും ബ്രഹ്മാവും ശ്രീ പാൎവ്വതീപരമേശ്വരനും ഇന്ദ്രാദിദേവന്മാരും സനകാദിമഹൎഷിമാരും മരീച്യാദി പ്രജാപതിമാരും സിദ്ധഗന്ധൎവ്വ വിദ്യാധരന്മാരും മറ്റെല്ലാ വിഭൂതികളും ശ്രീകൃഷ്ണസന്നിധിയിൽ അണിനിരന്നു. ശ്രീകൃഷ്ണാവതാരലീലകൾ അവർ ആടിയും പാടിയും കീൎത്തിച്ചുംകൊണ്ടിരിക്കെ ആകാശമെങ്ങും വിമാനസംഘങ്ങൾകൊണ്ടു നിറഞ്ഞു. അവകളിൽനിന്നും ഭക്തി നിൎഭരമാംവിധം പുഷ്പവൃഷ്ടി തുടൎന്നുകൊണ്ടിരിക്കെ അമിതപ്രഭാവനായ ശ്രീകൃഷ്ണഭഗവാൻ ബ്രഹ്മാവിനെയും തന്റെ വിഭൂതികളായ ഇന്ദ്രാദിദേവന്മാരെയും വീക്ഷിച്ചു് ആത്മാവിൽ ആത്മാവിനെ യോജിപ്പിച്ചു് സമാധിചെയ്യുന്നവനെപ്പോലെ മനോഹരങ്ങളായ തൃക്കണ്ണുകൾ അടച്ചു. ദൃശ്യവും അദൃശ്യവുമായ സ്വൎല്ലോകങ്ങളെല്ലാം ഭഗവാനെസ്വീകരിക്കുവാൻ കാത്തിരിക്കെ തന്റെ മോഹനസ്വരൂപത്തെ മറച്ചുകൊണ്ടു സ്വസ്ഥാനം—പരമധാമം—പ്രാപിച്ചു.

മേഘമണ്ഡലം വിട്ടു് ഉപരിഭാഗത്തിലേയ്ക്കു് പോകുന്ന ഇടിമിന്നലിന്റെ ആകാശത്തിലുള്ള ഗതി എപ്രകാരം മനുഷ്യരാൽ കാണപ്പെടാതെ ഇരിയ്ക്കുകയും ദേവന്മാരാൽ കാണപ്പെടുകയും ചെയ്യുന്നുവോ അപ്രകാരം ശ്രീകൃഷ്ണന്റെ ഗതി ദേവന്മാരാലും കാണപ്പെടുന്നില്ല ആ പരമഗതി അംശാംശമായി ദർശിച്ച ബ്രഹ്മരുദ്രാദി ദേവഗണങ്ങളെല്ലാം ആശ്ചര്യപ്പെട്ടു. അപ്പോൾ ആകാശത്തിൽ ദേവന്മാരുടെ ദുന്ദുഭികൾ മുഴങ്ങുകയും പുഷ്പങ്ങൾ വർഷിക്കുകയും ചെയ്തു. 2

ഈ പരമഗതി ഉടലോടുകൂടിയോ കൂടാതെയോ ഉള്ള സർഗ്ഗാരോഹണമാണോ? അല്ല, യോഗമായയാൽ പ്രകാശിച്ച ആ അവതാരശരീരം യോഗമായയാൽതന്നെ അദൃശ്യമായി, മറഞ്ഞു!

ബുദ്ധിമാനായ ഉദ്ധവനു് ജ്ഞാനോപദേശം ചെയ്തു്, സ്വർഗ്ഗാരോഹണത്തിനു സമയമായിയെന്നു ദേവന്മാരെല്ലാം ചേർന്നു ഉണർത്തിക്കുകയാൽ വിസ്തൃതമായ സ്വമായ കൊണ്ടു് തന്റെ വംശത്തെ നിശ്ശേഷം ഒടുക്കിയിട്ടു് ദേഹത്യാഗംചെയ്തു പാലാഴിയിൽ പണ്ടേപ്പോലെ പള്ളികൊണ്ടരുളുന്ന ശ്രീകൃഷ്ണൻ നമ്മെ എല്ലായ്പ്പോഴും പാലിക്കുമാറാകട്ടെ! 3

---

1 ശ്രീമദ്ഭാഗവതം—"ഭക്തപ്രിയ" വ്യാഖ്യാനത്തിൽനിന്നും ഉദ്ധരിച്ചതു്.

2 ദേവാദയോ ബ്രഹ്മമുഖ്യാന വിശന്തം സ്വധാമനി
അവിജ്ഞാതഗതിം കൃഷ്ണം ദദൃശുശ്ചാതി വിസ്മിതാ:
സൗദാമിന്യാ യഥാകാശേയാന്ത്യാ ഹിത്വാഽഭ്ര മണ്ഡലം
ഗതിർന ലക്ഷ്യതേ മർത്ത്യൈസ്തഥാ കൃഷ്ണസ്യ ദൈവതൈ:
—ഭാഗവതം 11–31–8, 9.

3 അദ്ധാ ബുദ്ധിമദുദ്ധവായ വിമലജ്ഞാനം മുദൈവാദിശൻ
നാനാകിന്നികായചാരണഗണൈരുദ്ബോധിതാത്മാ സ്വയം
മായാം മോഹമയീം വിധായ വിതതാമുന്മൂലയൻ സ്വം കുലം
ദേഹം ചാപി പയസ്സമുദ്രവസതി: കൃഷ്ണോഽനിശം പാതു വ:
—ശ്രീദശമദ്വാദശശ്ലോകീ

# 36 കൃഷ്ണ കൃഷ്ണേതി നാമം....

ശ്രീകൃഷ്ണൻ അവതരിച്ചിട്ട് 5100-ൽപരം വത്സരങ്ങളായി, ശ്രീകൃഷ്ണനശേഷം 2600 വർഷം കഴിഞ്ഞാണ് ശ്രീ ബുദ്ധദേവൻ അവതരിച്ചത്. ശ്രീ ബുദ്ധനശേഷം 600 വർഷം കഴിഞ്ഞ് ശ്രീ യേശുക്രിസ്തു ആവിർഭവിച്ചു. ശ്രീ യേശുദേവനശേഷം 600 വർഷം കഴിഞ്ഞ് ശ്രീ മഹമ്മദ് നബി പ്രാദുർഭവിച്ചു, ഇന്ന ലോകത്തിലുള്ള പ്രബല മതങ്ങളുടെ പ്രവാചകന്മാരിലും അവരുടെ ഉപദേശങ്ങളിലും ധർമ്മവും ഭക്തിയും പ്രകാശിക്കുന്ന അംശങ്ങളിലെങ്കിലും ശ്രീകൃഷ്ണ ചരിതത്തിൻെറയും ഉപദേശങ്ങളുടെയും സ്വാധീനത സ്വായത്തമാക്കിട്ടുണ്ടെങ്കിൽ അതു് സ്വാഭാവികം മാത്രമാണ്.

## ലോക മതങ്ങളിൽ

ശ്രീ യേശുദേവൻെറ ജീവിതവും പർവ്വതപ്രസംഗവും ശ്രീകൃഷ്ണചരിതത്തോടും ഗീതോപദേശത്തോടും അടുപ്പമുള്ളതാവാം. ശ്രീ ബുദ്ധദേവന്റെ ഉപദേശങ്ങളടങ്ങിയ 'ത്രിപിടകം' ദേശീയധർമ്മ തത്വങ്ങളുടെ ഒരു സമാഹാരമാണ്. അതിലെ 'ധർമ്മപദ'മാകട്ടെ 'സ്വധർമ്മ'മനസരിച്ച് ജീവിക്കേണ്ടതിൻെറ ഉദ്ബോധനങ്ങളാണ്. മഹമ്മദ് മതവിഭാഗമായ സൂഫികൾ ശ്രീകൃഷ്ണഭക്തിസാധനയിൽ അതീവതാല്പര്യമുള്ളവരാണ്, അവരിൽനിന്ന ധാരാളം ശ്രീകൃഷ്ണഭക്തന്മാരുണ്ടായിട്ടുണ്ട്, ഇക്കാരണത്താൽ മതഭ്രാന്തരായ മുസ്ലീം വിഭാഗത്തിൻെറ ഹിംസകൾക്ക ഇവർ ഇരയാവാറുണ്ട്.

ഭാരതത്തിൽ വിവിധമതസമ്പ്രദായങ്ങളിൽപെട്ട ആചാര്യന്മാർ അവരവരുടെ മതസിദ്ധാന്തങ്ങൾക്കനസൃ

തമായി പരമാചാര്യൻ, യോഗേശ്വരൻ, ജഗദ്ഗുരു. പരമാത്മാവ്, ബ്രഹ്മം എന്നീവിധം ശ്രീകൃഷ്ണനെ പ്രകീർത്തിക്കുന്നു. എല്ലാവക്കും അവരവരുടെ ദർശനസിദ്ധാന്തസമർത്ഥനം ചെയ്യുന്നതിനു ശ്രീകൃഷ്ണോപദേശമാണാവലംബം. അദ്വൈതമതപ്രവാചകനായ ആദിജഗദ്ഗുരു ശ്രീ ശങ്കരാചാര്യർ തന്റെ പ്രകരണഗ്രന്ഥങ്ങളിലൊന്നായ "പ്രബോധസുധാകര"ത്തിൽ ശ്രീകൃഷ്ണഭക്തിയെപ്പററി വളരെ സ്പഷ്ടമായി ഉപദേശിച്ചിരിക്കുന്നു.

ശുദ്ധ്യതി ഹിനാന്തരാത്മാ
കൃഷ്ണപദാംഭോജഭക്തിമൃതേ
വസനമിവക്ഷാരോദ ഭൈർ–
ഭക്ത്യാ പ്രക്ഷാള്യതേ ചേതഃ

"ശ്രീകൃഷ്ണപരമാത്മാവിന്റെ പാദകമലങ്ങളിൽ ഭക്തിയില്ലാതെ ചിത്തം പരിശുദ്ധിയെ പ്രാപിക്കുന്നില്ല. കാരം കലക്കിയ വെള്ളത്തിൽ വസ്ത്രം പരിശുദ്ധമാക്കുന്നതുപോലെ ചിത്തം ഭക്തിയാൽ പരിശുദ്ധമാക്കപ്പെടുന്നു."

(പ്ര. സു. 167)

ശ്രീശങ്കര ഭഗവദ്പാദർ തുടർന്നുപദേശിക്കുന്നു:– ബ്രഹ്മചാരി, ഗൃഹസ്ഥൻ, വാനപ്രസ്ഥൻ സന്ന്യാസി എന്നീ ആശ്രമങ്ങളിലേതിൽപെട്ടവനായാലും ആ ആശ്രമത്തിനു വേണ്ട ധർമ്മങ്ങളെ അനുഷ്ഠിക്കുക, ശ്രീകൃഷ്ണവിഗ്രഹത്തിൽ പൂജ ചെയ്ത് സന്തോഷപ്പെടുക, എപ്പോഴും വിഷ്ണുഭക്തന്മാരുമായി ഇട ചേർന്ന് അവക്ക് പലതരത്തിലുള്ള ഉപചാരങ്ങൾ ചെയ്യുക, ശ്രീകൃഷ്ണകഥകൾ കേൾക്കുന്നതിൽ സന്തോഷമടയുക, സത്യം പറയുക, പരദാരങ്ങൾ പരധനം പരനിന്ദ ഇവയിൽ വിമുഖത, ലോകവ്യവഹാരങ്ങളിൽ വൈരസ്യം, പുണ്യനികേതനങ്ങളിൽ തീർത്ഥ

ങ്ങളിൽ ചെന്നു ചേരുവാനുള്ള താല്പര്യം, യദുനാഥനായ ശ്രീകൃഷ്ണന്റെ കഥാശ്രവണത്തിനു് പ്രതിബന്ധം നേരി ട്ടാൽ തന്റെ ആയുസ്സ് വ്യർത്ഥമായിപ്പോകുമല്ലോ എന്ന വിചാരം—ഇവകൊണ്ടു് ഭക്തിയെ നിലനിർത്തിയാൽ ശ്രീകൃഷ്ണകഥാശ്രവണമെന്ന അനുഗ്രഹത്തിൽനിന്നും സൂക്ഷ്മ ഭക്തി ഉണ്ടാകുന്നു. ആ സൂക്ഷ്മഭക്തിയുണ്ടായാൽ ശ്രീഹരി —ശ്രീകൃഷ്ണഭഗവാൻ—ഹൃദയത്തിൽ പ്രവേശിക്കുന്നു.''

—പ്രബോധസുധാകരം 172–175

## ശിഖമതത്തിൽ

ഹിന്ദുവിഭാഗമായ സിക്കുകാരുടെ പ്രത്യേക മതസമ്പ്ര ദായങ്ങൾകൊണ്ടു് അതൊരു പ്രത്യേക മതമാണെന്നുകൂടി പലരും തെററിദ്ധരിക്കാറുണ്ടു്. അവരുടെ ആദ്യത്തെ ഗുരുനാനാക്കു് അദ്വൈതചിന്താഗതിക്കാരനും ഭക്തനുമാ യിരുന്നു. രാമകൃഷ്ണഭക്തന്മാരായ പുണ്യാത്മാക്കളുടെ ഭജന രീതിയിൽ അദ്ദേഹം ഭജനം ചെയ്തിരുന്നു. അദ്ദേഹ ത്തിന്റെ അനുയായികൾ, മുസ്ലീം ആക്രമങ്ങളാൽ സഹി കെട്ടു് രൂപപ്പെടുത്തിയ സിക്കു്—ഖാൽസാ സമ്പ്രദായ ത്തിന്റെ ഉപജ്ഞാതാവു് പത്താം ഗുരുവായ ഗുരുഗോവി ന്ദസിംഹനാണു്. തന്റെ മാതാപിതാക്കന്മാരെപ്പോലെ ഇദ്ദേഹവും ശ്രീകൃഷ്ണഭക്തനാണു്. ഗുരുഗോവിന്ദസിംഹനെ ബാല്യത്തിൽ മാതാപിതാക്കളും മററും 'ശ്യാമൻ' എന്നാ ണു് വിളിച്ചിരുന്നതു്.

സിക്കുകാരുടെ ദേവാലയമായ ''ഗുരുദ്വാര''കളിൽ പ്രതിഷ്ഠിച്ചിരിക്കുന്നതു് ഒരു ഗ്രന്ഥമാണു്. രാമ—കൃഷ്ണ ഭക്തന്മാർ രചിച്ച ഭജനഗീതങ്ങളുടെ സമാഹാരമാണിതു്. പക്ഷെ പ്രസ്തുത ഗ്രന്ഥം ഗുരുമുഖിലിപിയിൽ മാത്രമേ ആകാവൂ എന്ന നിർബ്ബന്ധംകൊണ്ടു് മററാർക്കും എളുപ്പം

കണ്ടെത്താൻ സാദ്ധ്യമല്ല. ഗുരുഗോവിന്ദസിംഹൻ ധീരനും, ശൂരവീരനും മാത്രമല്ല പ്രതിഭാസമ്പന്നനുമായിരുന്നു. അദ്ദേഹം ശ്രീകൃഷ്ണലീലാഭക്തിപരവശനായി വർണ്ണിക്കുന്ന കവിതകൾ രചിച്ചിട്ടുണ്ട്. ഒരു മഹാകാവ്യത്തിന്റെ സ്വഭാവമുള്ള ഈ കവിതകൾ ഹിന്ദിയിലാണെങ്കിലും ഗുരുമുഖിലിപിയിലാണ് സിക്കുകാരുടെ 'ദസമഗ്രന്ഥ' ത്തിൽ ചേർത്തിരിക്കുന്നത്. ഈ "ദ സ മ ഗ്ര ന്ഥ" ത്തിൽ ശ്രീകൃഷ്ണലീലാവർണ്ണനം മാത്രമല്ല, 24–അവതാരങ്ങളെപ്പറ്റിയും, ചണ്ഡീചരിതത്തെപ്പറ്റിയും മററും വർണ്ണിച്ചിട്ടുണ്ട്. എന്നാൽ ഏറ്റവും കൂടുതൽ ശ്രീകൃഷ്ണലീലാവർണ്ണനമാണെന്നതും ഗുരുവിന്റെ ശ്രീകൃഷ്ണഭക്തി പ്രകാശിപ്പിക്കുന്നു.

### ഭക്തകോടികളുടെ ഭക്തവത്സലൻ

ഊർദ്ധ്വലോകത്തിൽ നിന്നു ശ്രീശുകനെപ്പോലുള്ള ബ്രഹ്മർഷികൾ, ശ്രീനാരദാദി ദേവർഷികൾ, ദേവതകൾ, ദേവേന്ദ്രൻ, ബ്രഹ്മാവ്, പരമേശ്വരൻ എന്നിങ്ങനെ എല്ലാ ഈശ്വരസ്വരൂപന്മാരും ശ്രീകൃഷ്ണനെയും ശ്രീകൃഷ്ണലീലകളെയും സ്തുതിക്കുന്നതായി പുരാണേതിഹാസങ്ങളിൽ കാണാം. അവയെല്ലാം തന്നെ മനുഷ്യരുടെയിടയിലെ മുഖസ്തുതികളോ കേവല മംഗളപത്രങ്ങളോ അല്ല; സത്വ ശുദ്ധസ്വരൂപമായ സച്ചിദാനന്ദപ്രകാശനങ്ങളാണ്. പ്രാകൃതരായ ഗോകുലവാസികൾ, ഉദ്ധവൻ, അക്രൂരൻ, കുചേലൻ, വിദുരൻ തുടങ്ങിയ എത്രയോ ഭൂലോകവാസികൾ—അവരിൽ ഭീഷ്മരെപ്പോലുള്ള മഹായശസ്വികളും പാണ്ഡവരെപ്പോലുള്ള രാജാക്കന്മാരും ഉൾപ്പെടുന്നു—ശ്രീകൃഷ്ണ ഭക്തരായി ഭഗവാനെ സ്തോത്രം ചെയ്യുന്നതും പുരാണങ്ങളിൽ കാണാം.

എന്നാൽ ശ്രീകൃഷ്ണൻ ദേഹോത്സർഗ്ഗം ചെയ്തശേഷം കർമ്മ, ഭക്തി, യോഗ, ജ്ഞാനമാർഗ്ഗങ്ങളിൽക്കൂടി ജന്മസാഫല്യം സാധിച്ച ശ്രീകൃഷ്ണ ഭക്തന്മാർ അസംഖ്യമാണ്. കന്യാകുമാരി മുതൽ കൈലാസം വരെ കാലാകാലങ്ങളിൽ അനവധിശ്രീകൃഷ്ണ ഭക്തന്മാർ സ്വാനുഭൂതി സാധിച്ച് ഇതരർക്ക് മാർഗ്ഗദർശികളായി ജീവിച്ചിരുന്നു. അത്തരം പുണ്യാത്മാക്കൾ ഇന്നും ജീവിക്കുന്നുണ്ട്. എന്നെന്നും ഉണ്ടായിരിക്കുകയും ചെയ്യും. ഈ മാനവഭക്തന്മാർക്കുവേണ്ടി ശ്രീകൃഷ്ണൻ എന്തെല്ലാം സ്വരൂപങ്ങളിൽ പ്രകാശിക്കുകയും മറയുകയും ചെയ്തുകൊണ്ടിരിക്കുന്നു? ചണ്ഡാലനായി, യാചകനായി, പ്രാകൃതനായി, പരിഷ്കാരിയായി, ദരിദ്രനായി, ദാതാവായി, പ്രജയായി,രാജാവായി, കാവല്ക്കാരനായി, തൂപ്പുകാരനായി, സ്ത്രീയായി, പുരുഷനായി, അച്ഛനായി. മകനായി, പത്നിയായി, പതിയായി, തരവനായി, തസ്കരനായി, പാമരനായി, പണ്ഡിതനായി, ദേശീയനായി വിദേശീയനായി എന്നിങ്ങനെ മനുഷ്യ—പശു—പക്ഷ്യാദിരൂപഭാവങ്ങളിൽ ഭഗവാൻ ഭക്തന്മാർക്ക് അഭീഷ്ടദാതാവായി പ്രകാശിച്ചുകൊണ്ടിരിക്കുന്നു. ഉത്തമാധമമദ്ധ്യമ ഭക്തന്മാരുടെ സംസ്കാരവും സാധനതീവ്രതയുമനുസരിച്ച് ഉദ്ദിഷ്ട ഫലപ്രാപ്തിയടയുന്നു.

## കൃഷ്ണ കൃഷ്ണേതിനാമം

ശങ്കരൻ, മാദ്ധ്വൻ, രാമാനുജൻ, ശ്രീധരൻ, നിംബാർക്കൻ, വിഷ്ണുചിത്തൻ, ഗൗരാംഗൻ, രൂപഗോസ്വാമി, സനാതനൻ, എഴുത്തച്ഛൻ തുടങ്ങിയ ആചാര്യന്മാരും; പൂന്താനം, ആണ്ടാൾ, പുരന്ദരദാസ്, സൂരദാസ്. മീരാ,

നരസീമേഹ്താ, കൃഷ്ണപ്രേമി, ദിലീപ്കുമാർ, വിദ്യാപതി, വില്വമംഗൽ, ജയദേവൻ, രസഖാൻ, ലത്തീഫ്ഷാ രവിദാസ്, രാമദാസർ, ശങ്കരദേവൻ, തുടങ്ങിയ ഭക്തകോടികളും മഹത്തായ അവരുടെ കർമ്മജ്ഞാന ഭക്തി യോഗമയ ജീവിതത്തിലൂടെ ശ്രീകൃഷ്ണ ഭക്തിയെന്തെന്നു കാട്ടിത്തരുന്നു. എങ്കിലും വിധിവൈപരീത്യം കൊണ്ടായിരിക്കാം ഭാരതവാസികൾ വിദേശവാസികളിൽ നിന്നും ശ്രീകൃഷ്ണഭക്തി ഗ്രഹിക്കേണ്ടുന്ന ഒരു പതനത്തിലാണെത്തിയിരിക്കുന്നതു്!

1970 – നോടടുപ്പിച്ച് 60 കഴിഞ്ഞ ഒരു ശ്രീകൃഷ്ണഭക്തൻ ഭാഗവതവുമെടുത്തു കപ്പൽ മാർഗ്ഗം വിദേശത്തേയ്ക്കു പോയി. മറ്റൊരാളുടെ വീട്ടുവരാന്തയിലിരുന്നു ഭാഗവതപാരായണ പ്രവചനം തുടങ്ങി. അതു കേൾക്കാൻ അന്യമതസ്ഥരായ ആളുകൾ കൂടിക്കൊണ്ടിരുന്നു. ഏതാനും മാസത്തിനകം അതൊരു മഹാപ്രസ്ഥാനമായി രൂപാന്തരപ്പെട്ടു. ശ്രീകൃഷ്ണചൈതന്യ പരമ്പരയിലെ ഭക്തിവേദാന്തസ്വാമി പ്രഭുപാദരാണ് ആ ഭക്തൻ. അദ്ദേഹത്തിൻെറ വിശ്വവ്യാപകമായ ''ഹരേ കൃഷ്ണ'' പ്രസ്ഥാനം വിദേശങ്ങളിലെയും ഭാരതത്തിലെയും മുറ്റിമുരടിച്ച ബുദ്ധിജീവികളെപ്പോലും അത്ഭുതപരതന്ത്രരാക്കിയിരിക്കുന്നു. 40 വിദേശ രാജ്യങ്ങളിൽ ശ്രീകൃഷ്ണ ക്ഷേത്രങ്ങളും 'ഹരേ കൃഷ്ണ' സംഘങ്ങളും സ്ഥാപിച്ചുകൊണ്ട് ഭാരതത്തിൽ മടങ്ങിവന്നു് വൃന്ദാവനത്തിൽവെച്ച് മഹാസമാധി പ്രാപിച്ച പ്രഭുപാദസ്വാമികളുടെ മൂലധനം ''കൃഷ്ണനാമം'' മാത്രമായിരുന്നു.

എല്ലാം ഭഗവാങ്കൽ സമർപ്പിച്ച് ജീവിക്കുക; ഇക്കാണും ധനസമ്പത്തുകളെല്ലാം ആരുടേതുമല്ല; ഭഗ

വാൻേറത്തുമാത്രം....ഈ ആശയത്തിലേയ്ക്കു അടുക്കുന്ന ശ്രീകൃഷ്ണഭക്തന്മാർ വിദേശങ്ങളിൽ ദിനംപ്രതിവർദ്ധിച്ചുകൊണ്ടിരിക്കുന്നു. "ഭഗവാനിലേക്കു മുഖം തിരിക്കുക" എന്ന ഹരേകൃഷ്ണ....പത്രിക നാനാഭാഷകളിലായി ലക്ഷോപലക്ഷം പ്രതികൾ പ്രചരിച്ചുകൊണ്ടിരിക്കുന്നു.

അനന്തതയുടെ അഗാധകയങ്ങളിലാണ്ടിറങ്ങി ചന്ദ്രനെപ്പോലും കീഴടക്കിയെന്നു അഹങ്കരിക്കുകയും ഭൗതികനേട്ടങ്ങളുടെ അങ്ങേയറ്റം ചെന്നെത്തുകയും എന്നിട്ടും അസ്വസ്ഥതകളുടെ വേലിയേറ്റമേറുകയും ചെയ്തിരിക്കുന്ന അമേരിക്കപോലുള്ള രാജ്യങ്ങളിലാണ് ഇന്നു വ്രതനിഷ്ഠരും ദൃഢചിത്തരുമായവരുടെ ശ്രീകൃഷ്ണഭക്തിപ്രസ്ഥാനം ആവേശപൂർവ്വം വ്യാപരിക്കുന്നത്.

"ജീവിതത്തിൽ ഭൗതികമായ സുഖഭോഗങ്ങളിൽ മുഴകി കഴിഞ്ഞിരുന്ന എനിക്കു ഒരിക്കലും ആന്തരിക സമാധാനമോ സംതൃപ്തിയോ ലഭിച്ചിരുന്നില്ല. എന്നാൽ ശ്രീകൃഷ്ണനാമത്തിന്റെ ആവേശം എന്നിൽ പരിവർത്തനം വരുത്തിയിരിക്കുന്നു. ഇപ്പോൾ അവാച്യവും അഭൗമവുമായ മാനസികശാന്തി എനിക്കനുഭവപ്പെടുന്നു".

എന്ന് സ്വജീവിതം ശ്രീകൃഷ്ണ ഭക്ത്യുന്മുഖമാക്കിത്തീർത്ത, ഓഹിയോ സർവ്വകലാശാലയിലെ ഇംഗ്ലീഷ് പ്രഫസ്സർ ഹവാർഡ് എം. ഹീലറെപ്പോലെ ഏററുപറയുന്ന നിരവധി ജീവിതങ്ങളെ ഇന്നു ലോകമെങ്ങും കാണാം.

എന്തെന്നാൽ സകല വേദങ്ങളുടെയും സാരം ശ്രീകൃഷ്ണനാമം ആകുന്നു. ശാശ്വതാനന്ദസ്വരൂപമാണ് ശ്രീകൃഷ്ണൻ,

"സകല നിഗമവല്ലീസൽഫലം കൃഷ്ണനാമ"

# 37 അന്യമതസ്ഥരുടെ കൃഷ്ണഭക്തി

ശ്രീകൃഷ്ണഭക്തി ഇന്നു് ഒരു അന്തരാഷ്ട്രപ്രസ്ഥാനമായി പ്രചാരപ്പെട്ടിട്ടുണ്ടു്. ശ്രീചൈതന്യപരമ്പരയിലെ പ്രഭുദാസാദി പ്രഭൃതികളാണു് അതിൻെറ ഉപജ്ഞാതാക്കൾ. ഈ പ്രസ്ഥാനത്തിൽ ഇതര മതസ്ഥരായ ആയിരക്കണക്കിനു് ഭക്തന്മാർ ഇതിനകം അനുയായികളായി മാറിയിട്ടുണ്ടു്. ഭാരതത്തിലും വിദേശങ്ങളിലെ പ്രധാന നഗരങ്ങളിലും അവരുടെ വക കൃഷ്ണക്ഷേത്രങ്ങളും പ്രവർത്തനകേന്ദ്രങ്ങളും സ്ഥാപിച്ചിരിക്കുന്നു. എന്നാൽ പ്രസ്ഥാനങ്ങളൊന്നും ഇല്ലാതിരുന്ന മുൻകാലങ്ങളിലും അന്തഃപ്രചോദനം കൊണ്ടുമാത്രം ശ്രീകൃഷ്ണഭക്തരായി ജീവിച്ചിരുന്ന അന്യമതസ്ഥർ പലരുമുണ്ടായിരുന്നു. മുസ്ലിമിങ്ങളുടെ മതഭ്രാന്തുപിടിച്ച വാഴ്ചകാലത്തുതന്നെ ശ്രീകൃഷ്ണശരണാഗതനായ രസഖാനെപ്പോലുള്ള ഭക്തന്മാരുണ്ടായിരുന്നു. ഇംഗ്ലീഷുകാരുടെ ഭരണകാലത്തു് പ്രൊഫ: വിൽസനെപ്പോലുള്ള പരമശ്രീകൃഷ്ണഭക്തന്മാരുണ്ടായിരുന്നു. യഥാർത്ഥഭക്തന്മാർക്കു് ജാതിമതാദിഭേദങ്ങളൊന്നും ബാധകമല്ല. ഒരു വിദേശ പാതിരിയുടെയും, ഒരു മുസ്ലിം മഹിളയുടെയും ശ്രീകൃഷ്ണ ഭക്തിയെപ്പററി അല്പം പരിചയപ്പെടുത്തുകയാണു് ഈ ലേഖനോദ്ദേശം.

ബ്രി: ഭരണകാലത്തു് അമേരിക്കയിൽനിന്നും അഭ്യസ്ഥവിദ്യനും സമർത്ഥനുമായ ഒരു യുവമിഷനറിയെ ഭാരതത്തിലേക്കു് അയച്ചു. റവ: സാമുവൽ ഈവൻസ് സ്റ്റോക്സ് നാമാവായ ആ മിഷനറി ഉത്തരഭാരതത്തിലെ ഹിമാല

യസാനുകളിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടി ക്രിസ്തുമതപ്രചാരം നടത്തിക്കൊണ്ടിരുന്നു. പ്രതിഭാശാലിയും സേവനോത്സുകനുമായ സ്റ്റോക്സ് പാതിരിയുടെ പ്രവർത്തനരീതി ദരിദ്രരും ദീനരുമായ ഗ്രാമവാസികളെ ഹഠാദാകർഷിക്കുകയും അവർ അദ്ദേഹത്തെ ഒരു ദേവതയെപ്പോലെ ആദരിക്കുകയും ചെയ്തു. അങ്ങനെ ആയിരക്കണക്കിനു ഹിന്ദുക്കളെ മതം മാററാനും ആ ഭാഗങ്ങളിലെല്ലാം ക്രിസ്തുമത മിഷനറി സ്ഥാപനങ്ങൾ സ്ഥാപിക്കുവാനും അദ്ദേഹത്തിനു് സാധിച്ചു. പ്രസ്തുത സ്ഥാപനങ്ങളിൽ, വിദ്യാലയങ്ങളിലും, ആശുപത്രികളിലും പോകുന്ന മതം മാറാത്ത ഹിന്ദുക്കളുടെ ഭവനങ്ങളിൽനിന്നു ഏതോ മാന്ത്രികശക്തിയാലെന്നപോലെ ഗീത–രാമായണാദി പുസ്തകങ്ങളും ശ്രീരാമകൃഷ്ണാദി ദേവതാ ചിത്രങ്ങളും അകററപ്പെടുകയും തത്സ്ഥാനത്തു ബൈബിളും കുരിശും സ്ഥാനംപിടിക്കുകയുംചെയ്തു.

അങ്ങനെയിരിക്കെ ഒരു ദിവസം റവഃ സ്റ്റോക്സ് തന്റെ കോടാഗഢ് കേന്ദ്രത്തിൽനിന്നും സായാഹ്ന സഞ്ചാരത്തിനായി പുറത്തിറങ്ങി നടക്കുകയായിരുന്നു. പ്രധാന പാതയിലെത്തിയപ്പോൾ കാഷായവസ്ത്രധാരിയായ ഒരു സന്യാസി നടന്നുപോകുന്നതു കണ്ടു. സ്വതവേ വിനയശീലനായ പാതിരി സന്യാസിയെ വന്ദിച്ചു് കുശലാന്വേഷണം ചെയ്തതിൽ അദ്ദേഹം പൂർവ്വാശ്രമത്തിൽ മദ്രാസ്കാരനായ ഒരു ഉദ്യോഗസ്ഥനായിരുന്നുവെന്നും സന്യാസനാമം സ്വാമി സത്യാനന്ദനെന്നും, ഹിമാലയതീർത്ഥാടനയാത്രയിലാണെന്നും അറിഞ്ഞു. സ്വാമിജിയെ അന്നു രാത്രി തന്റെ വസതിയിൽ വിശ്രമിക്കുവാൻ താഴ്മയോടെ ക്ഷണിച്ച പാതിരി "അങ്ങേയ്ക്കു വിരോധമി

ല്ലെങ്കിൽ മത തത്വങ്ങളെക്കുറിച്ച് അല്പസമയം ചർച്ചചെയ്യുകയുമാവാമല്ലോ'' എന്നും കൂട്ടിച്ചേർത്തു. അദ്ദേഹത്തിന്റെ ക്ഷണനം സ്വാമി സത്യാനന്ദജി സസന്തോഷം സ്വീകരിച്ചു. സ്വാമിജിയുടെ ഉത്തമമായ പെരുമാററത്തിലും സ്നേഹമസൃണമായ വാക്കുകളിലും ആകൃഷ്ടനായ പാതിരിയും അദ്ദേഹത്തെ പ്രത്യേക അതിഥിഭവനത്തിലല്ല കുടുംബാംഗങ്ങളോടൊപ്പം താൻ വസിക്കുന്ന ഭവനത്തിലേയ്ക്കാണ് കൊണ്ടുപോയതു്.

ആ ഭവനത്തിലും തന്റെ മുറിയിലിരുന്നു സ്വാമിജി ശ്രീകൃഷ്ണപൂജ, ഗീതപാരായണം എന്നീ നിത്യോപാസനകറം നിർവ്വഹിക്കുന്നതു് പാതിരി കുടുംബത്തിന്റെ ശ്രദ്ധാവിഷയമായി. അത്താഴം കഴിഞ്ഞു് റവ: സ്റ്റോക്സും കുടുംബാംഗങ്ങളും സ്വാമിജിയുടെ മുറിയിൽവന്നു. സ്വാമിജി അവരോടു് ഹിന്ദുധർമ്മത്തെപ്പററിയും ശ്രീകൃഷ്ണോപാസനയുടെ മഹത്വത്തെപ്പററിയും സംസാരിച്ചു. ഇന്നത്തെ ഭൗതികവാദജന്യമായ അസ്വസ്ഥതകളിൽ നിന്നും അശാന്തിയിൽനിന്നും മോചനം ലഭിക്കുന്നതിനു് സർവ്വജനീനമായ ശ്രീകൃഷ്ണസന്ദേശം എങ്ങനെ ഫലപ്രദമാവുമെന്നതിനെപ്പറ്റി അദ്ദേഹം ശ്രുതിയുക്ത്യനുഭവേരസമാംവിധം വിശദീകരിച്ചു. ഭാരതീയ സംസ്കാരത്തിന്റെ സവിശേഷതകളെപ്പററി സ്റ്റോക്സും കുടുംബാംഗങ്ങളും ശ്രദ്ധിച്ചു കേട്ടു.

പിറേറ ദിവസം ആ യുവ പാതിരി സ്വാമിജിയോടപേക്ഷിച്ചു: എന്റെ ജീവിതത്തിന്റെ പാരമാർത്ഥിക ലക്ഷ്യം ഇപ്പോറം കണ്ടെത്തിയിരിക്കുന്നതിനാൽ അങ്ങു് അടുത്ത സന്ദർഭത്തിൽ എന്നെയും കുടുംബത്തേയും യഥാ

വിധി ഹിന്ദുധർമ്മാവലംബികളാക്കി മാററണമെന്നപേക്ഷിക്കുന്നു. ഞങ്ങളുടെ ഭാവി ജീവിതത്തിൽ ഹിന്ദുധർമ്മത്തിൻെറയും ഭഗവൽഗീതയുടെയും പ്രചരണത്തിനും പാവപ്പെട്ട ഹിന്ദുക്കളെ ശുശ്രൂഷിക്കുന്നതിനും തീരുമാനിച്ചു. ഇനി ഞങ്ങൾ ഭാരതധർമ്മപ്രകാരം ജീവിക്കുവാൻ സ്വയം സമർപ്പണം ചെയ്തിരിക്കുന്നു''.

അങ്ങനെ റവ: സാമുവൽ ഇവൻസ് സ്റ്റോക്സ്, ശ്രീസത്യാനന്ദ സ്റ്റോക്സ് ആയി മാറി. കോടാഗഡിൽ തന്നെ ഒരു ശ്രീകൃഷ്ണക്ഷേത്രവും ഗീതാമന്ദിരവും സ്ഥാപിച്ചു. ബർമ്മയിൽനിന്നു വിശേഷപ്പെട്ട മരപ്പലകകൾ വരുത്തി അതിൽ ഭഗവൽഗീത മുഴുവനും ശില്പികളെക്കൊണ്ടു് ആലേഖനം ചെയ്യിച്ചു. ഭാരതത്തെ മനസാവാചാകർമ്മണാ തൻെറ പുണ്യഭൂമിയായി വരിച്ച സത്യാനന്ദാ സ്റ്റോക്സ് ഭാരത സ്വാതന്ത്ര്യസമരത്തിലും സജീവമായി പങ്കെടുത്തു് ആറുമാസം ജയിൽവാസവും അനുഭവിച്ചു. രാഷ്ട്രീയത്തിൽ അദ്ദേഹത്തിൻെറ മാർഗ്ഗദർശകൻ പണ്ഡിത മദനമോഹന മാളവ്യയായിരുന്നു. ശ്രീ സ്റ്റോക്സ് പാശ്ചാത്യദേശങ്ങളെപ്പറ്റി രചിച്ച ഗ്രന്ഥത്തിനു് ശ്രീ ദീനബന്ധു ആൺട്രൂസ് അവതാരിക എഴുതിയിട്ടുണ്ടു്. ഈശ്വരോപാസന, ഉണരുന്ന ഭാരതത്തിലേക്കു്, ഗീതാതത്വം തുടങ്ങിയ ഗ്രന്ഥങ്ങൾ അദ്ദേഹത്തിൻെറ ഭാരതീയ പ്രതിഭയ്ക്കു ഉത്തമോദാഹരണങ്ങളാണു്.

ഒരിക്കൽ ശ്രീ സ്റ്റോക്സിനോടു് ''താങ്കൾ ഹിന്ദുക്കളെ മതംമാററി ക്രിസ്ത്യാനികളാക്കാൻവേണ്ടി ഭാരതത്തിൽ വന്നിട്ടു് എന്തുകാരണത്താലാണു് സ്വയം ക്രിസ്തുമതം ഉപേക്ഷിച്ചു് ഹിന്ദുധർമ്മാവലംബിയായതു്?'' എന്നു്

പണ്ഡിതമാളവ്യജി ചോദിച്ചതിനു് അദ്ദേഹത്തിൻെറ മറുപടി ഇതാണു്:- ബ്രിട്ടനോ അമേരിക്കയോ ഭാരതത്തിൽ ക്രിസ്തുവിൻെറ സന്ദേശം പ്രചരിപ്പിച്ചു് സുഖ-സമാധാനങ്ങൾ സ്ഥാപിക്കാമെന്നും അങ്ങനെ മനുഷ്യസമുദായത്തെ സേവിക്കാമെന്നുമുണ്ടായിരുന്ന എൻെറ തെററിദ്ധാരണ ശ്രീകൃഷ്ണഭഗവാൻെറ കൃപകൊണ്ടു് നീങ്ങി. മാനവരാശിയുടെ യഥാർത്ഥ സേവ ഭഗവൽഗീത, ഹിന്ദുധർമ്മം കാട്ടുന്ന ആദ്ധ്യാത്മികമാർഗ്ഗത്തിലൂടെ മാത്രമേ സാദ്ധ്യമാവൂവെന്നു ഞാൻ ഉണർന്നു. ഗീതാ തത്വത്തിൽ, ശ്രീകൃഷ്ണസന്ദേശത്താൽ ചരിതാർത്ഥനായ കാരണത്താൽ, ഞങ്ങൾ ഹിന്ദുധർമ്മത്തെ അവലംബിച്ചു് ഭാരതത്തെ ശരണം പ്രാപിച്ചിരിക്കുന്നു.''

അതുപോലെ റൈഹാനാതയ്യബ്ജി എന്ന മുസ്ലീം മഹിളാരത്നത്തെപ്പററി ശ്രീകൃഷ്ണ ഭക്തന്മാരെങ്കിലും അറിഞ്ഞിരിക്കേണ്ടതാണു്. സ്വാതന്ത്ര്യസമരത്തിൽ മുന്നണി സേനാനിയായിരുന്ന ശ്രീഅബ്ബാസ് തയ്യബ്ജിയുടെ പുത്രിയാണു് റൈഹാനാ. ഹിന്ദുധർമ്മം ശരിക്കു പഠിച്ചു് ശ്രീകൃഷ്ണഭക്തയായി. ശ്രീകൃഷ്ണോപാസനയിലൂടെ ജീവിതസാക്ഷാൽക്കാരം നേടിയ പരമഭക്ത. 1923-ൽ ''യംഗ്ഇന്ത്യ'' വാരികയിൽ മഹാത്മാഗാന്ധി ഭഗവൽഗീതയെപ്പററി എഴുതിയ ലേഖനം വായിച്ചിട്ടു് കൈമോശം വന്ന ഒരു അമൂല്യ സാധനം തനിക്കു തിരിച്ചുകിട്ടിയ പ്രതീതി അവക്കുണ്ടായി. സ്വന്തമായി ഒരു 'ഭഗവൽഗീത' വാങ്ങിച്ചു് അതു തുടർച്ചയായി പാരായണം ചെയ്തുപഠിക്കുകയും വിചാരം ചെയ്യുകയുമുണ്ടായി. ''അപ്പോൾ എൻെറ മനസ്സിലും മസ്തിഷ്ക്കത്തിലും, പ്രാണസഞ്ചാരത്തിലും എല്ലാം പറഞ്ഞറിയിക്കാനാവാത്ത

ഒരു വിദ്യുത് പ്രവാഹം അനുഭവപ്പെട്ടു. ആ പവിത്ര ഗ്രന്ഥം എനിക്ക് ഏറ്റവും ഹൃദയംഗമമായി തീൎന്നു. ഉറങ്ങുമ്പോരം കൂടി ആ പരമനിധി എന്റെ തലയ്ക്കൽ സൂക്ഷിച്ചു. ഗീതാതത്വത്തോടൊപ്പം ഭഗവാൻ ശ്രീകൃഷ്ണന്റെ വിശ്വരൂപം എന്നെ കനിഞ്ഞനുഗ്രഹിക്കുന്നതായി അനുഭവപ്പെട്ടു. എന്റെ കൺമുമ്പിൽ അത്ഭുതസുന്ദരവും തേജോമയവും ആനന്ദമയവുമായ ലോകം തുറക്കപ്പെട്ടിരിക്കുന്നതായി കണ്ടു. ഗീതയിലെ 700 ശ്ലോകങ്ങളിൽ 14 ലോകങ്ങളുരംപ്പെട്ട ബ്രഹ്മാണ്ഡത്തിന്റെ സൂക്ഷ്മരഹസ്യം കണ്ടു. ബാഹ്യവും ആഭ്യന്തരവുമായ പ്രശ്നങ്ങരംക്കെല്ലാം സമാധാനം ഗീതയിൽ കണ്ടെത്തി. സന്ദേഹങ്ങരംക്കെല്ലാം ഉടനുടൻ ഉത്തരം കിട്ടി. കടുത്ത കൂരിരുട്ടും അത്യുജ്വലദീപമായി പ്രകാശിച്ചു. തെററും കുററവും ആ മാർഗ്ഗദർശനത്തിൽ സ്വയം തിരുത്തപ്പെട്ടു. ഗീതയിൽ നിന്നു എനിക്കു സർവ്വവും ലഭിച്ചു. ഭഗവൽകൃപ ഒന്നുകൊണ്ടുമാത്രമാണ് എനിക്കിതെല്ലാം ലഭിച്ചത്. ഇതേ മാർഗ്ഗത്തിൽതന്നെ ഞാൻ ശ്രീകൃഷ്ണോപാസനയിൽ നിത്യനിരതയായിത്തീൎന്നു.''

''ശ്രീകൃഷ്ണനെ താങ്കരം സാക്ഷാൽ അവതാരപുരുഷനായോ, മഹാത്മാവായോ, യോഗേശ്വരനായോ ആരാധിക്കുന്നത്'''? ഒരു പണ്ഡിതന്റെ ഈ ചോദ്യത്തിനു മറുപടിയായി റൈഹാനാ പറഞ്ഞു: ഭഗവാൻ ശ്രീകൃഷ്ണൻ സമ്പൂർണ്ണാവതാര സ്വരൂപനായ പരബ്രഹ്മമാകുന്നു. ആ പരമാത്മാവ് തന്നെ യഥാകാലം പ്രത്യക്ഷസ്വരൂപനായി ദർശനം നൽകുന്നതും. ധർമ്മത്തിനു ച്യുതിയുണ്ടാവുമ്പോരം വിവിധ രൂപഭാവങ്ങളിൽ അവതാരമെടുത്തു ധർമ്മദ്രോഹികളെ ഉദ്ധ

രിക്കുന്നതും നവംനവമായ ഉരക്കാഴ്ച നൽകുന്നതും ഒരേ ഭഗവാൻ തന്നെ. മീരാബായിക്കു ദർശനം നൽകി സന്തുഷ്ടയാക്കി, സുരദാസിന്റെ കൂടെ കളിച്ചു, നരസിംഹ ഭക്തന്റെ സഹായിയായി, ഇങ്ങനെ എത്ര യെങ്കിലും സജീവദൃഷ്ടാന്തങ്ങളുണ്ട് ഭഗവല്ലീലാമാ ഹാത്മ്യത്തിനു്. നിർഭാഗ്യരായ അലസരാണ് ഭഗ വാനെ ഒരു മനുഷ്യനായി കണക്കാക്കുന്നത്. അഥവാ ഭഗവാൻ ആരിൽ കൃപാലുവാകുമോ ആ പുണ്യാത്മാവ് ഭഗവാനെ അറിയാൻ അർഹതനേടുന്നു".

കാകാസാഹെബ്കാലേൽക്കർ, മഹാത്മാഗാന്ധി തുടങ്ങിയ മഹൽവ്യക്തികൾപോലും ശ്രീറൈഹാനാതയ്യബ്ജിയുടെ ശ്രീകൃഷ്ണഭക്തി കണ്ട് ആശ്ച ര്യപ്പെട്ടിട്ടുണ്ട്. ശ്രീ റൈഹാനാ തന്റെ 74-ാമത്തെ വയസ്സിൽ (ഏതാണ്ട് 12 വർഷം മുമ്പ്) ദിവംഗത യാവുമ്പോൾ ആദ്ധ്യാത്മികമായി പരിപൂർണ്ണത പ്രാപിച്ചിരുന്നു.

ഈ ഭക്ത ശ്രേഷ്ഠർക്കുള്ള വിശേഷത എന്താണെ ന്നാൽ അവർ ആരെയും അനുയായികളാവാനോ പ്രത്യേക 'മിഷൻ' സ്ഥാപിക്കുവാനോ അനുകൂലി ച്ചിരുന്നില്ല എന്നതാണ്. ഭക്തിയും വിശ്വാസവും ആരാധനയും എല്ലാം നേരിട്ടു ശ്രീകൃഷ്ണ സമക്ഷം വേണം, നശ്വരനരരൂപത്തിലൂടെ വേണ്ടെന്നു പറഞ്ഞു തങ്ങളുടെ ആരാധകരെ നയിക്കുകയാണ് ചെയ്തത്. മേൽപറഞ്ഞ രണ്ടുപുണ്യാത്മാക്കളും സംഘടിത മത സമുദായത്തിൽ പെട്ടവരായിരുന്നതിനാൽ സ്വാഭാവി കമായും എതിർപ്പുകളും മതഭ്രാന്തിന്റെ ദ്രോഹങ്ങളും ധാരാളം സഹിക്കേണ്ടി വന്നിട്ടുണ്ട്. വാസ്തവത്തിൽ

ഒരു ഹിന്ദുവിനേക്കാൾ എത്ര കഠിനമായ തടസ്ഥങ്ങളാണ് അവർക്ക് നേരിടേണ്ടിയിരുന്നതും അനായസേന തരണം ചെയ്തു ലക്ഷ്യം പിഴക്കാതെ പരമഗതി പ്രാപിച്ചതുമെന്നു ഓർക്കുമ്പോൾ നാം ആശ്ചര്യഭരിതരാവും. അത്രക്ക് തീഷ്ണവും സുദൃഢവുമായിരുന്നു അന്യമതസ്ഥരുടെ ശ്രീകൃഷ്ണഭക്തി. സംഘടിതമായ പിൻബലങ്ങളൊന്നുമില്ലാതിരുന്ന കാലത്തും ഇങ്ങനെ ഹിന്ദുധർമ്മാവലംബികളായും ഭഗവത്ഭക്തരായും ധന്യജീവിതം നയിച്ച പുണ്യാത്മാക്കൾ അന്യനാടുകളിലും അന്യമതസ്ഥരിലും എത്രയെങ്കിലുമുണ്ടായിരുന്നു.



1977 നവമ്പർ "ഗുരുകുലം" മാസികയിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 38 കൃഷ്ണഗീതാമന്ദിരം

വിവിധ ഭാഷകളിലുള്ള ഭഗവത്ഗീതാ ഗ്രന്ഥങ്ങൾ ശേഖരിച്ച് ഏവരുടെയും ഹൃദയം കവരുന്ന രീതിയിൽ അതിമനോഹരമായ ഷെൽഫുകളിൽ ഭംഗിയായി നിരത്തിയടുക്കി സൂക്ഷിച്ചിരിക്കുന്ന ഒരു ഫ്റാൻസുകാരനുണ്ട്. ഒരു ഗീതാക്ഷേത്രമാക്കി സ്വഭവനത്തെ രൂപപ്പെടുത്തിയിരിക്കുന്ന ആ ഗീതാഭക്തൻെറ പേരു് പാംഹ്യൂബർട്ടു് എന്നാണു്. ഉന്നത ഔദ്യോഗികരംഗങ്ങളിൽ പ്രശോഭിച്ചിരുന്ന ശ്രീ ഹ്യൂബർട്ടു് ഉദ്യോഗങ്ങളിൽ നിന്നെല്ലാം വിരമിച്ചിട്ടു് ഗീതയുടെ ഒരു നിത്യപൂജാരിയായിത്തീന്നതിൽ ആശ്ചര്യപ്പെടാത്തവരാരുമില്ല. മിക്ക പാശ്ചാത്യഭാഷകളിലും പാണ്ഡിത്യമുള്ള ഇദ്ദേഹം ഇന്നാകട്ടെ, ഒരു ഒന്നാംകിട സംസ്കൃതപണ്ഡിതനും കൂടിയാണു്. പാരീസിലുള്ള അദ്ദേഹത്തിൻെറ ഗീതാക്ഷേത്രത്തിൻെറ ഗീതാസംഭരണങ്ങളുടെ കൂട്ടത്തിൽ മററു ചില അമൂല്യസംസ്കൃതഗ്രന്ഥങ്ങളും ഉൾപ്പെടുന്നുണ്ടു്. 'പാരീസ് സന്ദശിക്കുന്ന ഏതൊരു ഭാരതീയനും പാംഹ്യൂബർട്ടിനെ കാണേണ്ടതാണു്. അദ്ദേഹത്തിൻെറ ജീവിതം അവരിൽ രോമാഞ്ചമുളവാക്കാതിരിക്കയില്ല' എന്നു് പ്രസ്തുത ഗീതാകേന്ദ്രം സന്ദർശിച്ചിട്ടു് മടങ്ങിവന്ന ശ്രീലിപികാററായി ശുപാർശചെയ്യുന്നു.

പാംഹ്യൂബർട്ടു് പ്രഥമമായി ഗീതാപാരായണത്തിൽക്കൂടിയാണു് സംസ്കൃതം പഠിച്ചുതുടങ്ങിയതു്. അനിബസൻറ് അമ്മയുടേയും, ബാബു ഭഗവൻദാസിൻേറയും ഗീതാവ്യാഖ്യാനങ്ങൾ നിത്യപാരായണം ചെയ്തുവരവേ അദ്ദേഹത്തിനു് സംസ്കൃതം പഠിക്കണമെന്ന അഭിനിവേശ

മുണ്ടായി. പദാനുപദ തർജ്ജിമയും, സംസ്കൃതപ്രാഥമിക വ്യാകരണം അനുബന്ധമായും ചേർത്തിരുന്ന പ്രസ്തുത ഗീതാഗ്രന്ഥങ്ങളിൽക്കൂടി സംസ്കൃതം സ്വയം അഭ്യസിച്ചു തുടങ്ങി. ഗീതയിലെ ജീവിതവീക്ഷണങ്ങളും ദാർശനിക സിദ്ധാന്തങ്ങളും അദ്ദേഹത്തെ ഇരുത്തി ചിന്തിപ്പിച്ചു. ഗീതയെ വാക്കിലും പൊരുളിലും നന്നായി ഗ്രഹിക്കുവാൻ വേണ്ടി സംസ്കൃതാഭ്യസനത്തിൽ മുഴുകിക്കഴിഞ്ഞു. അങ്ങനെ നിരന്തരയത്നംകൊണ്ടു് എതാനും വർഷങ്ങൾക്കകം അദ്ദേഹത്തിനു് സംസ്കൃതഭണ്ഡാഗാരത്തിലേയ്ക്കു് ഇറങ്ങിച്ചെല്ലാൻ കഴിഞ്ഞു. ഒരു ഭാരതീയ സംസ്കൃതപണ്ഡിതനെപ്പോലെ ഗീതയിലെ മൂലശ്ലോകങ്ങൾ ചൊല്ലി അവയുടെ ഭാവാർത്ഥങ്ങൾകൂടി വിവരിക്കാമെന്നായി. തുടന്നു് ഭഗവത്ഗീത എവിടെയെല്ലാം ഏതെല്ലാം ഭാഷകളിലുണ്ടോ അവ സമ്പാദിക്കാനുള്ള ശ്രമത്തിലാമഗ്നനായി. ശ്രീ. ഹ്യൂബർട്ടു് ആദ്യമായി ഫ്രഞ്ചു് ഭാഷയിലുള്ള ഗീതാതർജ്ജമകൾ ശേഖരിച്ചു് അവ മൂലശ്ലോകങ്ങളുമായി തട്ടിച്ചുനോക്കിയപ്പോൾ പല പോരായ്മകളും കണ്ടെത്തി. അതുകൊണ്ടു് ഇതര ഭാഷകളിലുള്ള ഗീതാഗ്രന്ഥങ്ങൾ കിട്ടാവുന്നേടത്തോളം അദ്ദേഹം ശേഖരിക്കുകയും താരതമ്യപഠനം നടത്തുകയുംചെയ്തു. മൂലശ്ലോകങ്ങൾ അർത്ഥമറിഞ്ഞു് പാരായണം ചെയ്യുമ്പോഴുണ്ടാവുന്ന ദിവ്യാവേശവും അനുഭൂതിയും മററു് തർജ്ജമകൾ വായിക്കുന്നതുകൊണ്ടു് ലഭ്യമല്ലെന്നതാണു് ശ്രീ ഹ്യൂബർട്ടിൻേറയും അഭിപ്രായം.

ഗീതാഗ്രന്ഥങ്ങൾ തേടിപ്പിടിച്ചു് സൂക്ഷിക്കുന്നതിനു വേണ്ടി ശ്രീ പാൾ ഹ്യൂബർട്ടു് തൻെറ ജീവിതത്തിൻെറ അധികഭാഗവും ചെലവഴിച്ചിരിക്കുന്നു. ഇന്നാവട്ടെ നാനാഭാഷകളിലുള്ള ഭഗവത്ഗീതാ ഗ്രന്ഥങ്ങളെക്കൊണ്ടു് നിറഞ്ഞിരിക്കുകയാണു് അദ്ദേഹത്തിൻെറ ഗീതാ ഭവനം. ഈ

ജ്ഞാനയജ്ഞത്തിൽ അദ്ദേഹത്തിനു താങ്ങും തണലുമായി നിലകൊള്ളുന്നതു് അദ്ദേഹത്തിൻെറ സഹധർമ്മിണിയാണ്. തൻെറ പ്രിയപത്നിയുടെ സഹായവും സഹകരണവുമില്ലായിരുന്നുവെങ്കിൽ തനിക്കിത്രമാത്രം പ്രവർത്തിക്കുവാൻ സാധിക്കയില്ലായിരുന്നുവെന്നാണ് ഹ്യൂബർട്ടിൻെറ ദൃഢാഭിപ്രായം. തൻെറ കാലശേഷവും ഈ ഗീതാകേന്ദ്രം നഷ്ടപ്പെടാതെ നിലനിർത്താനായി വേണ്ട വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. ഇതിഹാസങ്ങളും, തത്വശാസ്ത്രങ്ങളും അഭ്യസിക്കാനുള്ള ഒരു സാംസ്കാരിക സ്ഥാപനം രജിസ്റ്റർ ചെയ്തു് അതിൻെറ വകയാക്കിത്തീർത്തിരിക്കുകയാണീ ഗീതാമന്ദിരം. പ്രസ്തുത സാംസ്കാരിക സ്ഥാപനത്തിൻെറ സ്ഥാപകാദ്ധ്യക്ഷൻ പാറഹ്യൂബർട്ടു് തന്നെയാണ്. അതിൻെറ ആജീവനാംഗങ്ങളിൽ ഒരാളാണ് അദ്ദേഹത്തിൻെറ പത്നി. തൻെറ ഗീതാന്വേഷണശ്രമങ്ങളുടെ ഫലമായി ശ്രീ. ഹ്യൂബർട്ടു് രചിച്ച "ഭഗവത്ഗീതയുടെ 1782 മുതൽ ഇതേവരെയുള്ള ചരിത്രം" എന്ന പുസ്തകം ഇതിനകം അഡയാറിൽ നിന്നും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ലോകം അതിശീഘ്രം പരിവർത്തനപ്പെട്ടുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ശ്രീകൃഷ്ണഭഗവാൻെറ ഉപദേശത്തിനുമാത്രമേ അന്തിമമായ വിധികല്പിക്കാനാവൂ. എല്ലാകാലത്തേയ്ക്കും എല്ലാദേശത്തേയ്ക്കും സാർവ്വജനീനവും ശാശ്വത മൂല്യമുള്ളതുമായ ദിവ്യസന്ദേശമാണ് അതിലുൾക്കൊള്ളുന്നതു്. എന്തെല്ലാം സംഭവിച്ചാലും മാനവത്വത്തിൻെറ മഹിമാതിശയവും മഹത്തായ ലക്ഷ്യവും അറിയണമെന്നുള്ളവർ അപൂർവ്വമായെങ്കിലും ഉണ്ടാവും. അവർ ഗീതയിലൂടെ പുനരുജ്ജീവനം കൊള്ളുകയും ചെയ്യും.

ഗീതാജയന്തി കൊണ്ടാടുന്ന ഈ അവസരത്തിൽ പാഠം ഹ്യൂബർട്ടിനെപ്പോലെ ഗീതാദ്ധ്യയനവും ഗീതാപ്രചരണവും സ്വകർത്തവ്യമായി കരുതുന്ന ഭാരതീയരെത്രയുണ്ടാവുമെന്നു് ആരായേണ്ടിയിരിക്കുന്നു. പ്രത്യേകിച്ചും വിദ്യാഭ്യാസ വിഷയത്തിൽ മുന്നണിനാടായി നിലകൊള്ളുന്ന കേരളത്തിൽ അനേകം ഭാഷാവ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുതന്നെയും അവരവരുടെ ഭവനങ്ങളിൽ നിത്യപാരായണത്തിനു് ഓരോ ഗീതാഗ്രന്ഥം വാങ്ങി സൂക്ഷിക്കാൻകഴിയാത്ത (?) കേരളീയർ ഒരാത്മപരിശോധന നടത്തേണ്ടതാണു്. പ്രായവും പഠിപ്പും ഉള്ളവരുടെ ഉള്ളം പ്രതികൂലമാണെങ്കിൽ ഭാവിപൗരന്മാരാവാൻ തയാറെടുക്കുന്ന ഇന്നത്തെ വിദ്യാർത്ഥിലോകത്തിനു് ഗീതയെപ്പററി കേട്ടുകേൾവിപോലുമില്ലാത്തതിൽ അതിശയിക്കാനുമില്ല. പക്ഷെ "ഒരു ഹിന്ദു ബാലികയോ ബാലനോ ഗീത പഠിച്ചിട്ടില്ലെങ്കിൽ അതേററവും ലജ്ജാവഹമാണെന്നു് കരുതുക" എന്ന ഗാന്ധിവചനമെങ്കിലും നാം മറക്കാതിരിക്കട്ടെ.



1955 ഡിസമ്പർ "മലയാളി" പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 39 ശ്രീകൃഷ്ണസാഹിത്യം-തമിഴിൽ

സംസ്കൃതവും ഭാരതത്തിലെ ഇതരഭാഷകളും ശ്രീകൃഷ്ണപരമായ ഗദ്യപദ്യസാഹിത്യങ്ങളെക്കൊണ്ടു് പവിത്രവും പൂർണ്ണവുമായിട്ടുണ്ടു്. ശ്രീകൃഷ്ണഭക്തികാവ്യങ്ങളില്ലാത്ത യാതൊരു ഭാഷയുമില്ല. ഹിന്ദിയിലാവട്ടെ പല കൈവഴികളിലൂടെ ശ്രീകൃഷ്ണലീലാകീർത്തനങ്ങൾ പ്രവഹിക്കുന്നതു കാണാം. മറ്റ് ഉത്തരേന്ത്യൻ ഭാഷകളിലെന്നപോലെ ദക്ഷിണഭാരതത്തിലെ തമിഴ്, തെലുങ്ക്, കർണ്ണാടകം, മലയാളം എന്നീ ഭാഷകളും ശ്രീകൃഷ്ണസാഹിത്യങ്ങളാൽ അഴകും മിഴിവും നിറഞ്ഞവയാണ്,

തമിഴ് നാട്ടിൽ പിറന്ന വൈഷ്ണവ ഭക്തകവികളിൽ 'പന്ത്രണ്ട്'' ആഴ്വാർകൾ പ്രസിദ്ധരാണല്ലോ. ആ പുണ്യാത്മാക്കൾ രചിച്ച വൈഷ്ണവ ഗാനങ്ങൾ 'നാലായിര പ്രബന്ധ'മെന്നപേരിലറിയപ്പെടുന്നു.

പന്ത്രണ്ട് ആഴ്വാർകളിൽ കേരളത്തിലെ കുലശേഖരപെരുമാളും ഉൾപ്പെടും. ശ്രീകൃഷ്ണനെ ശിശുഭാവത്തിൽ ഉപാസിച്ച്കൊണ്ട് തൻെറ ഉണ്ണിയും, പ്രാണനും, പ്രാണനാഥനും എല്ലാം അവിടുന്നു തന്നെയെന്നു അനുഭവപ്പെടുത്തിയ വിഷ്ണു ചിത്തനെ പെരിയാഴ്വാർ എന്നറിയപ്പെടുന്നു. ഭക്തിയിൽ മാത്രമല്ല കോതൈനായകി എന്ന ആണ്ടാളിനെ ശിശുരൂപത്തിൽ സ്വീകരിച്ചു വളർത്താനുള്ള ഭാഗ്യവും

ഈ പുണ്യാത്മാവിന് സിദ്ധിച്ചു. അങ്ങനെ എല്ലാംകൊണ്ടും ആഴ്വാർമാരിൽ ഇദ്ദേഹം പെരിയാഴ്വാരായി പ്രകീർത്തിക്കപ്പെട്ടു.

ശ്രീകൃഷ്ണഭക്തിയിൽ ദക്ഷിണഭാരതത്തിലെ 'മീര' എന്നറിയപ്പെടുന്ന 'ആണ്ടാൾ' പാടിയ ഭക്തിഭാവഗാനങ്ങൾ പ്രസിദ്ധമാണ്. ആ പുണ്യവതിയുടെ കൃതികൾ 'തിരുപ്പാവൈ' 'നാച്ചിയാർത്തിരുമൊഴി' എന്നീ പേരുകളിൽ ദിവ്യപ്രബന്ധത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഗോപികകളുടെ പ്രേമഭക്തി സാധനയാണ് ആണ്ടാൾ സ്വീകരിച്ച ഭക്തിമാർഗ്ഗം. ഭഗവാൻെറ തൃക്കല്യാണ വൈഭവം താൻ സ്വപ്നത്തിൽ ദർശിക്കുന്നതായി ആണ്ടാൾ തൻെറ തോഴിക്കു വർണ്ണിച്ചു കേൾപ്പിക്കുന്ന പത്തുപാടലുകളുണ്ട്. അതിൻെറ ഭാവഗംഭീരവും സംഗീതാത്മകത്വവും മനസ്സിലാക്കാൻ ഒന്നുമാത്രം ഇവിടെ ഉദ്ധരിക്കുന്നു.

മദ്ദളംകൊട്ട പരിശംഖം നിൻദ്രത
മുത്തുടൈത്താമം നിറൈ താഴ്ന്ത പന്തർകീഴ്
മൈത്തുനൻ നമ്പി മധുസൂദനൻ വന്തെന്നൈ
കൈത്തലംപററക്കനൊക്കണ്ടേൻ തോഴീനാൻ"

ഭക്തൻ ഭഗവാനെ മുഖത്തോടുമുഖം നോക്കി കീർത്തിക്കുന്ന ശക്തിവിശേഷം ഈ വരികളിൽ കാണാം.

ശ്രീഹരി മാത്രമാണ് പുരുഷോത്തമൻ. ആ സർവ്വവല്ലഭൻെറ ദാസീദാസന്മാരാണ് സമസ്ത ജീവന്മാരും—ഈ ഭക്തിഭാവത്തിൽ തന്നെ നായിക—നായകഭാവവും പ്രസിദ്ധമാണ്. അതായതു് ഭഗവാൻ നായകനും ഭക്തന്മാരെല്ലാം നായികമാരുമെന്ന ഭാവം.

ശ്രീ ആണ്ടാളുടെ മുപ്പതു ഗാനങ്ങളടങ്ങിയ "തിരുപ്പാവൈ" ഈ ഭാവത്തിലെ ഉന്നതനില വ്യക്തമാക്കുന്ന കൃതികളാണ്; ഭക്തഹൃദയങ്ങളെ തട്ടിയുണർത്തി ഈശ്വരങ്കലേക്കു നയിക്കുന്നവയാണ്.

ഉദാഹരണത്തിനു ഒന്നിതാ:—

പുള്ളും ചിലമ്പിന കാൺ പുള്ളരൈയൻ കോയിലിൽ
വെള്ളൈ വിളി ശംഖിൻ പേരരവം കേട്ടിലൈയോ
പിള്ളായ് എഴുന്തിരായ് പേയ്മുലൈ നഞ്ചുണ്ടു
കള്ളച്ചകടം കലക്കഴിയക്കാലോച്ചി
വെള്ളത്തരവിൽ തുയിലമർന്ത വിത്തിനൈ
ഉള്ളത്തുക്കൊണ്ടു മുനിവർകളും യോഗികളും
മെള്ളവെഴുന്തു ഹരിയെന്ന പേരരവം
ഉള്ളം പുകുന്തു കളിർന്തേലോരെംപാവായ്

(തിരുപ്പാവൈ—ഗീതം. 6)

പ്രഭാതത്തിൽ സ്ത്രീകൾ കൂട്ടമായി പുഴയിൽ കുളിക്കുവാനും സ്നാനാനന്തരം ഭഗവൽ പൂജയും ഭജനയും നടത്താനും പോകുന്ന സന്ദർഭം. കൂട്ടത്തിലുള്ള ഒരുത്തി ആ ബ്രഹ്മമുഹൂർത്തത്തിൽ എണീറ്റില്ലെങ്കിൽ, കൂവി ഉണർത്തുകയാണ്. ഗരുഡാരുഢനായ ഭഗവാന്റെ ക്ഷേത്രത്തിൽ വെൺശംഖിന്റെ ആഹ്വാനനാദം കൂടി അവൾ കേട്ടില്ല; പൂതനയുടെ വിഷം തേച്ച മുലകുടിച്ചു അവളെ മുക്തയാക്കിയവനും, ശകടാസുരനെ തൊഴിച്ചു കൊന്നവനും, പാൽക്കടലിൽ അനന്തന്റെമേൽ ശയിച്ചു നിദ്രകൊള്ളുന്നവനുമായ ഭഗവാന്റെ 'ഹരി' യെന്ന നാമോച്ചാരണത്തോടുകൂടി ഭക്തഗണങ്ങൾ എണീറ്റിരിക്കുമ്പോൾ, ആ തിരുനാമം ഞങ്ങളെയും കുളിർമ്മപ്പെടുത്തിയിരിക്കെ, നിനക്കു മാത്രം എന്തുപറ്റി;ഇനിയും ഉറങ്ങാ തെഴുണന്നെണീക്കൂ.

ഇതിലെ വേദാന്ത തത്വമെന്തെന്നാൽ പ്രകൃത്യാ മനുഷ്യനിലുള്ള അഹങ്കാരവും മമാകാരവുമാണ് വിഷമയസ്തനങ്ങൾ, കാമമാണ് ശകടാസുരൻ. ജീവിതചക്രത്തിൽ ചുറ്റിക്കൊണ്ടിരിക്കുന്ന ആറുവിധ ദുർഗ്ഗുണങ്ങളാണ് കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം എന്നിവ. അഹങ്കാരമമാകാരങ്ങളെയും ദുർഗ്ഗുണങ്ങളെയും അറുത്തെറിഞ്ഞുകൊണ്ട് 'ശ്രീഹരി'യെന്നതിരുനാമ ശ്രവണം ശ്രദ്ധാപൂർവ്വം ഏറ്റുകൊള്ളുന്നവൻ ശാശ്വതമായ ആനന്ദത്തെ പ്രാപിക്കുന്നു.

ഇങ്ങനെ വേദാന്തതത്വനിർഭരമാണ് ഓരോ ഗീതവും.

ശ്രീകൃഷ്ണൻെറഅവതാരദിനത്തിന്നു നാം സാധാരണ 'ശ്രീകൃഷ്ണജയന്തി' എന്നു പറയുന്നു. മററു ചിലേടങ്ങളിൽ 'അഷ്ടമിരോഹിണി' എന്നും 'ശ്രീകൃഷ്ണജന്മാഷ്ടമി' എന്നും പറയാറുണ്ട്. എന്നാൽ 'ശ്രീജയന്തി' എന്ന പേരിലാണ് 'ശ്രീകൃഷ്ണജയന്തി' ദിനം തമിഴ്നാട്ടിൽ പരക്കെ അറിയപ്പെടുന്നതു്.. 'ശ്രീജയന്തി' ദിനാഘോഷങ്ങളിൽ നവംനവമായ ഭക്തികാവ്യങ്ങൾ രൂപംകൊണ്ട ചരിത്രങ്ങൾ തമിഴിലുണ്ട്.

സുമാർ 1200 കൊല്ലം മുൻപ് ശ്രീവില്ലിപ്പുത്തൂരിൽ ജീവിച്ചിരുന്ന പെരിയാഴ്വാർ മികച്ച ശ്രീകൃഷ്ണഭക്തനായിരുന്നു. അദ്ദേഹം ആണ്ടോടാണ്ടു് 'ശ്രീജയന്തി' ആഘോഷിക്കും. ജീവിതത്തിൽ അതിപ്രധാനമായ ഒരാഘോഷമാണ് പെരിയാഴ്വാർക്ക് ശ്രീജയന്തി. കംസൻെറ കാരാഗൃഹത്തിൽ അവതരിച്ച ദിവ്യശിശു ഗോകുലത്തിൽ ആപത്തുകളെയെല്ലാം

സ്വലീലകൊണ്ടു് മംഗളോത്സവമാക്കുന്ന ദിവ്യദർശനം പെരിയാഴ്‌വാർക്കു സിദ്ധിക്കുന്നു. രാജ്യമെല്ലാം അന്നു് ഒരേ കുതൂഹലം തന്നെ:

ഓടുവാർ, വിഴുവാർ; ഉകന്തു ആലിപ്പാർ
നാടുവാർ; നമ്പിരാൻ എങ്കുത്താൻ? എൻപാർ,
പാടുവാർകളും പൽപറൈ കൊട്ടനിൻറു
ആടുവാർകളും ആയിററു ആയപ്പാടിയേ!!

ആഹ്ലാദവും ആഘോഷവും എവിടെ നോക്കിയാലും കാണാം. ആനന്ദസ്വരൂപനായ മായാമയൻെറ ലീലക ളുടെ കീർത്തനങ്ങൾ കാതിനെന്നപോലെ കരളിന്നും കുളിർമ്മ പകരുന്നു. അതെ, അമ്പാടിയിൽ ദിവ്യ ശിശുവിനെ ദർശിക്കുവാൻ വരുന്ന ഗോകുലവാസി കൾ വഴുതിവീണാൽകൂടി വേദന അറിയാത്തവിധം ആഹ്ലാദപൂർണ്ണരാണു്. "നമ്മുടെ കൊച്ചുരാജാ എവിടെ" എന്നു് എല്ലാവരും അത്യാകാംക്ഷാപൂർവ്വം അന്വേഷിച്ചുകൊണ്ടു് ജയജയാരവത്തോടുകൂടി മുന്നോട്ടു നീങ്ങുന്നു. പാട്ടും, വാദ്യമേളങ്ങളും, നൃത്തവും എല്ലാം അമ്പാടിയിലെ ശ്രീജയന്തി ഉത്സവ ത്തിൽ പെരിയാഴ്‌വാർ കാണുന്നതായിട്ടാണു് ഈ ഗാന ത്തിൽ വർണ്ണിച്ചിരിക്കുന്നതു്. ഉത്സവത്തിൻെറ ഊക്ക വും ഉൽസാഹവും വർദ്ധിക്കുന്തോറും പെരിയാഴ് വാരും അതിൽ ലയിച്ചു് ആനന്ദലഹരിയിൽ ആറാ ടുന്നു.

പാലും നെയ്യും തൈരും ഉറിയോടുകൂടി കൊണ്ടു വരുന്ന ഗോപ സ്ത്രീകൾ നന്ദഗോപരുടെ അരമന യിലെത്തുന്നു. അവരവിടെ ആവേശപൂർവ്വം ആടി പ്പാടി കളിക്കുകയാണു്. അരമനപ്പടിയ്ക്കൽ ജനത്തി രക്കു്. ജനസമുദ്രംതന്നെ. എല്ലാവർക്കും അമ്പാടി യിലെ ശിശുവിനെ കാണാം.

ഇതിനിടക്കു യശോദ ശിശുവിനെ കുളിപ്പിച്ച് തൊട്ടിലിൽ കിടത്തുന്നതും തിരുവാഭരണങ്ങൾ അണിയിച്ചൊരുക്കുന്നതും 'തൂളി' എന്ന പട്ടുകൊണ്ടു കുഞ്ഞിനെ പുതപ്പുന്നതും ആഴ്വാർ മനംകുളുക്കെ കാണുന്നതായി കീർത്തിക്കുന്നു. അമ്പാടിക്കൃഷ്ണശിശുവിനെ അമ്മ എടുത്തുകൊണ്ട് പുറത്തേയ്ക്കു വരുന്നതും കൂടിനിന്നവരെല്ലാം ജയജയാരവം മുഴക്കി അഭിവാദ്യം ചെയ്യുന്നതും വർണ്ണിക്കുന്ന പെരിയാഴ്വാരുടെ 'പാടൽ' പാടാൻ കഴിയുന്നവക്ക് ആ പുണ്യചരിതനോടൊപ്പം ആനന്ദാനുഭൂതി നേടാം. മാനുഷികമായ മുറയിൽ ദൈവാനുഭൂതിയിലേയ്ക്കു നയിക്കുന്ന ഈ ദിവ്യഗാനങ്ങൾ അനുഭവസ്ഥനായ ഭക്തനു മാത്രമേ രചിക്കുവാൻ കഴിയൂ.

ആഴ്വാർകളെ പിന്തുടന്നുകൊണ്ട് പല ഭക്തകവികളും ശ്രീകൃഷ്ണഭക്തിഗാനങ്ങൾ രചിച്ചിട്ടുണ്ട്. എന്നാൽ ദേശഭക്തനും ദേശീയ മഹാകവിയുമായ ശ്രീ. സുബ്രഹ്മണ്യഭാരതി "ഭാരതഭൂമിയുടെ ആത്മാവ്" എന്നു പണ്ഡിതന്മാർ പ്രകീർത്തിക്കുന്ന ശ്രീകൃഷ്ണന്റെ ജന്മദിനം ആഘോഷിക്കുന്നതും അറിയേണ്ടതാണ്. ഒരു ശ്രീജയന്തി ദിനത്തിൽ ആഘോഷങ്ങൾ തീർന്നസമയം ധ്യാനനിമഗ്നനായ സുബ്രഹ്മണ്യഭാരതിക്കു ലഭിച്ച ദിവ്യദർശനം ഇങ്ങനെ വർണ്ണിക്കുന്നു:—

കണ്ണൻ പിറന്താൻ;—എങ്കൾ കണ്ണൻ പിറന്താൻ—
ഇന്തക്കാററൈതെ എട്ടുത്തിശൈയിലും കൂറിടും!
തിണ്ണമുടൈയാൻ,—മണിവണ്ണമുടൈയാൻ, ഉയർ
ദേവർ തലൈവൻ ഭുവിമിചൈത്തോൻറിനൻ!
കണ്ണൻ പിറന്താൻ!—എങ്കൾ കണ്ണൻ പിറന്താൻ!

കാററിലൂടെ നാനാദിക്കിലും കൊട്ടിഘോഷിക്കുന്ന ഭഗവാന്റെ അവതാരവൃത്താന്തം എത്ര തന്മയത്വത്തോടും

ഗംഭീരഭാവത്തിലും ആണ് ആ ദേശീയ മഹാകവി വർണ്ണിക്കുന്നതെന്നു നോക്കുക. ആശയും ആശ്വാസവും അരുളുന്ന ആ വരികൾ വീണ്ടും തുടരുന്നു:

പണ്ണൈ ഇശൈപ്പീർ—നെഞ്ചിൽ
പുണ്ണൈ ഒഴിപ്പീർ!—ഇന്തപ്പാരിനിലേ തുയർ
നീങ്കിടും എൻറിതൈ എണ്ണിടൈക്കൊൾവീർ—നൻകു
കണ്ണൈ വിഴിപ്പീർ!—ഇനി ഏതും കുറൈവില്ലൈ
വേദം തുണൈയുണ്ടു കണ്ണൻ പിറന്താൻ—
എങ്കൾ കണ്ണൻ പിറന്താൻ.

മനോവേദനകളെല്ലാം അകററി ആനന്ദം പകരുന്ന ഒരതിശയ ഔഷധം പറഞ്ഞുതരുന്ന വിധത്തിലാണ് ശ്രീഭാരതി ശ്രീകൃഷ്ണജനനം വർണ്ണിക്കുന്നത്. തൻെറ ആത്മദൃക്കിലൂടെ കവി കൃഷ്ണനെ ദർശിക്കുന്നു. കൃഷ്ണാവതാരത്തിൽ മണ്ണും വിണ്ണും ഒരുപോലെ മോദത്താൽ മതിമറക്കുന്നു. അതോടൊപ്പം ആസുരശക്തിയുടെ നാശവും ദൈവീകശക്തിയുടെ ഉയിർത്തെഴുന്നേൽപ്പും കവി കാട്ടിത്തരുന്നു:

പാവി അസുരർകൾ പൊക്കെനെ വിഴ്ന്താർ; ഉയീർ
കക്കിമുടിന്താർ—കടൽപോല ഒലിക്കുതു വേദം ഭുവിമിശൈ!

ഇങ്ങനെ വേദഘോഷം മുഴക്കിക്കൊണ്ടും സർവ്വത്ര മംഗളം നേരുകയാണ്.

ശങ്കരൻ വന്താൻ—ഇങ്കു മംഗളം എൻറാൻ;

....ഇങ്ങനെ ഇന്ദ്രാദിദേവതകളും ശങ്കരാദി ത്രിമൂർത്തികളും ശ്രീകൃഷ്ണ ജന്മാഘോഷത്തിൽ പങ്കെടുത്തു മംഗളഘോഷം മുഴക്കി. ഈ ഭൂതലത്തിൽ വസിക്കുന്നവരുടെ നന്മയ്ക്കും മേന്മയ്ക്കുമായി ഭഗവാൻ മുകളിൽ നിന്ന് ശിശുവായി

താഴോട്ടിറങ്ങി ഭൂതലത്തിൽ ഇഴഞ്ഞു വിളയാടുന്നതായി ദർശിക്കുന്ന കവി 'ശ്രീജയന്തി' കാവ്യം ഇങ്ങനെ ഉപസംഹരിക്കുന്നു:—

ഗംഗയും വന്താൾ;—കലൈമങ്കയും വന്താൾ;—ഇൻപ
കാളി പരാശക്തി അൻപുടൻ എയ്തിനാൾ
ചെങ്കമലത്താൾ—എഴിൽ പൊങ്കുമുകത്താൾ—തിരു-
ത്തേവിയും വന്തുചിറപ്പുറ നിൻറനൾ
കണ്ണൻപിറന്താൻ!—എങ്കൾ കണ്ണൻ പിറന്താൻ!

കാർഷികവിഭവങ്ങളെല്ലാം ഗംഗയായും, ജ്ഞാനങ്ങളെല്ലാം സരസ്വതിയായും, ശക്തികളെല്ലാം കാളി പരാശക്തിയായും, ധനസമ്പത്തുക്കളെല്ലാം ശ്രീലക്ഷ്മി ദേവിയായും എഴുന്നള്ളിവന്ന് കൃഷ്ണശിശുവിനു ചുററും അണിനിരന്നു. എന്തിന്? ശ്രീജയന്തി ആഘോഷിക്കുവാൻ!



1962 "കേരളം" വിശേഷാൽ പ്രതിയിൽ പ്രസിദ്ധപ്പെടുത്തിയത്.

# 40 വാർക്കരി തീർത്ഥാടനം

പ്രസിദ്ധമായ പണ്ഡരീപുരം മഹാക്ഷേത്രത്തിലേയ്ക്ക് ആണ്ടുതോറും ആഷാഢകാർത്തികമാസ ശുക്ലപക്ഷ ഏകാദശി ദിനങ്ങളിൽ നടത്തപ്പെടുന്ന തീർത്ഥയാത്ര പ്രസിദ്ധമാണല്ലോ. വൈഷ്ണവം—ശ്രീകൃഷ്ണൻ-ആണ് ക്ഷേത്രത്തിലെ പ്രതിഷ്ഠാമൂർത്തി. പണ്ഡരീനാഥൻ, പാണ്ഡുരംഗൻ, വിഠലൻ, വിഠോബാ തുടങ്ങിയ തിരുനാമങ്ങളിൽ ആ ഉപാസ്യദേവത പ്രകീർത്തിക്കപ്പെടുന്നു. മേല്പറഞ്ഞ രണ്ടുമാസത്തിലും ശുക്ലപക്ഷ ഏകാദശിക്ക ക്ഷേത്രസന്നിധിയിലെത്തി ദർശനം ചെയ്യത്തക്കവിധം മഹാരാഷ്ട്രയിലെ മിക്കവാറും എല്ലാ ഗ്രാമങ്ങളിൽനിന്നും ഭക്തന്മാർ സംഘം സംഘമായി ചേർന്ന് നിശ്ചിത വ്രതാനുഷ്ഠാനങ്ങളോടുകൂടി കടന്നുപോകുകയാണ് പതിവ്. ഓരോ സംഘവും പതാക പിടിച്ച് ഭജന മേളങ്ങളോടുകൂടി യാത്രചെയ്യുമ്പോഠം "ശ്രീ വിഠൽ വിഠൽ" ധ്വനി കൊണ്ടു മുഖരിതമായിരിക്കും അന്തരീക്ഷം. പണ്ഡരീപുരം കേന്ദ്രമാക്കി വളർന്നിട്ടുള്ള ഭക്തജ്ഞാനികഠം രചിച്ച അഭംഗ ഗീതങ്ങളാണ് മുഖ്യമായും പാടാറുള്ളതു്. ഈ ഭക്തി സാധനയുടെ ആധാരം ശ്രീഭാഗവത ധർമ്മംതന്നെ.

ശ്രീ ശബരിമല തീർത്ഥാടനത്തെ അനുസ്മരിപ്പിക്കുന്ന ഈ പണ്ഡരീപുര തീർത്ഥയാത്രയ്ക്ക് 600 വർഷത്തെ പഴക്കമുണ്ട്. ക്ഷേത്രം വനാന്തരത്തിലല്ലെന്നതുകൊണ്ടായിരിക്കാം എല്ലാ ദിവസവും ദർശനാർത്ഥികളുടെ തിരക്കാണ്. എല്ലാ വെളുത്തപക്ഷ ഏകാദശിക്കും 5000 മുതൽ 10000 വരെ ഭക്തജനങ്ങഠം ഭജനമേളങ്ങളോടുകൂടി അവിടെക്കൂടാറുണ്ട്. അർദ്ധ—വാർഷിക തീർ

ത്ഥാടനങ്ങളിൽ 5 ലക്ഷം മുതൽ 10 ലക്ഷം വരെ കൂടുന്ന ഭക്തജനങ്ങളിൽ മഹാരാഷ്ട്രക്കാരായിരിക്കും ഭൂരിപക്ഷ മെങ്കിലും ഭാരതത്തിലെ എല്ലാപ്രദേശങ്ങളെയും പ്രതിനി ധീകരിക്കുന്നവരുണ്ടായിരിക്കും. ഇവരിൽ വിശേഷ വ്ര താനുഷ്ഠാനങ്ങളോടുകൂടി സംഘംചേർന്ന് പാരമ്പര്യ വി ശ്വാസമനുസരിച്ച പോകുന്നവർ "വാർക്കരി" സമ്പ്രദായ ക്കാരെന്നറിയപ്പെടുന്നു. വിശേഷ വ്രതാനുഷ്ഠാനത്തിനു 'വാരി' എന്നും ആ വ്രതനിയമങ്ങൾ നിഷ്കർഷമായി അനു സരിക്കുന്നവരെ "വാർക്കരി" എന്നും പറയുന്നു. നാമദേ വൻ, ജ്ഞാനേശ്വരൻ, തുക്കാറാം, ഏകനാഥൻ തുടങ്ങിയ ഭക്തോത്തമന്മാരാണ് ഈ ഭക്തിസമ്പ്രദായത്തിൻെറ ഉപ ജ്ഞാതാക്കൾ. ഭാഗവതവും, ഭഗവത്ഗീതയും ഈ പദ്ധതി യുടെ പ്രാമാണിക ഗ്രന്ഥങ്ങളാണ്.

"ഭാഗവതധർമ്മ ഉപാസനപദ്ധതിയുടെ മർമ്മം ഞ ങ്ങൾ കണ്ടെത്തിയിരിക്കുന്നു." (ആമ്ഹാം സാംപ്ഡലേ വർമ്മ്കർും ഭാഗവത ധർമ്മ്) എന്നാണ് നാമദേവൻ ഉദ്ഘോഷിക്കുന്നത്. "ആഷാഢ–കാർത്തിക മാസങ്ങ ളിലെ ശുക്ലപക്ഷ എകാദശിക്ക് ഭക്തന്മാർ വിശേഷഭാ വേന ഭഗവൽ ദർശനം ചെയ്യണ"മെന്ന ആദേശപ്രകാര മാണ് ശ്രീ പാണ്ഡുരംഗ സന്നിധിയിൽ ലക്ഷോപലക്ഷം ഭക്തന്മാർ കൂടുന്നതിനും പ്രേരണ ലഭിച്ചത്. "ഏകാദശി നാളുകളിൽ എന്നെ ഏകാഗ്രമായി സ്മരിക്കുക" എന്നു ഭഗ വാൻ പാണ്ഡുരംഗൻ തന്നോട് അരുൾ ചെയ്തതായി സന്ത് നാമദേവൻ പറയുന്നു. പരമ ഭാഗവതരായ അക്കാലത്തെ ഭക്തന്മാരിൽ മിക്കവരും അവരവരുടെ ദിവ്യാനന്ദാനുഭൂതി കൾ, അനുഭവരസികതയോടെ അഭംഗഗീതങ്ങളായി രചി ച്ചിട്ടുണ്ട്. ശ്രുതി, മൃദംഗ, താളമേളങ്ങളോടുകൂടി ഞങ്ങൾ

ഭഗവത്ഭജനംചെയ്തു ദിവ്യഭാവോജ്ജ്വലരാവുമ്പോരം പരമാനന്ദപ്രചോദിതരായി പ്രേമമഗ്നരാവുകയും ബ്രഹ്മാനന്ദരസം നുകരുകയും ചെയ്യുന്നു.''—

ലാ ഊനി മൃദംഗ ശ്രുതിതാളഘോഷ്
സേവ്യം ബ്രഹ്മരസ് ആ ബഡീനെ

എന്നാണ് സന്ത് തുക്കാറാം പാടുന്നതു്- "ഞങ്ങരം ഭക്തിയുടെ പെരുമ്പറ മുഴക്കും, ആ ദിവ്യശബ്ദധ്വനിയുടെ ഏകാത്മകമായ ശക്തികൊണ്ടു് കലികാല കല്മഷങ്ങളെ ജയിച്ചടക്കും. ജയജയാരവത്തോടെ ആനന്ദ നൃത്തം ചെയ്യും."

വാർക്കരി സമ്പ്രദായത്തിൻെറ ആദ്യകാല പ്രവർത്തകർ നാമദേവൻ, ജ്ഞാനേശ്വരൻ, ഭാനുദാസ്, നിവൃത്തിനാഥ്, സോപാനദേവ്, മുക്താബായി, ചോക്കാമേളം രൈദാസ്, ഗോരാകുംഹാർ, നരഹരി, സേനനായി തുടങ്ങിയ ഭക്തകോടികളാണ്. അവരിൽ ജാതി, ലിംഗഭേദമെന്യേ എല്ലാ വിഭാഗക്കാരുമുണ്ടു്. ജാതിവ്യത്യാസം കർശമായിരുന്ന കാലഘട്ടത്തിൽപോലും ജാതിവിലക്കിനെ അവഗണിച്ചുകൊണ്ടു് ഭഗവത്സന്നിധിയിൽ ഭക്തന്മാരെല്ലാമൊന്നുപോലെയെന്നു പ്രായോഗികമാക്കിയ പാരമ്പര്യമാണു് വാർക്കരി തീർത്ഥാടകക്കുള്ളതു്. പക്ഷെ, പ്രബല സവർണ്ണ വിഭാഗങ്ങളിൽനിന്നു് ഈ പുണ്യാത്മാക്കരം ഒട്ടുവളരെ പീഡനങ്ങരം അനുഭവിക്കുകയും ഭഗവൽകൃപയാൽ അവയെല്ലാം അനായാസേന തരണംചെയ്യുകയുമുണ്ടായിട്ടുണ്ടു്.

ഈ ഭക്തകോടികളിൽ യോഗികളും ജ്ഞാനികളും, കർമ്മികളും സിദ്ധന്മാരും, ഉണ്ടു്. 600 വർഷം മുമ്പു് ജീവിച്ചിരുന്ന ജ്ഞാനേശ്വരൻ പരമജ്ഞാനിയായിരുന്നു.

അദ്ദേഹം മറാഠിയിൽ രചിച്ച ഭഗവൽഗീതാഭാഷ്യം "ജ്ഞാനേശ്വരിഗീത" എന്ന പേരിൽ പ്രസിദ്ധമാണ്. സരളമായ പ്രതിപാദനം, സമ്പന്നമായ ഉപമാലങ്കാരങ്ങൾ, അനുഭവരസം തുളുമ്പുന്ന ശൈലി—എല്ലാംകൊണ്ടും ഭാഗവതധർമ്മത്തിന്റെ ആധികാരികമായ ഉൽകൃഷ്ടഗ്രന്ഥമാണ് 8000 പദ്യങ്ങളുടങ്ങിയ "ജ്ഞാനേശ്വരിഗീത" കർമ്മം, ഭക്തി, ജ്ഞാനം, യോഗം, ഉപാസന ഇത്യാദി വിഷയങ്ങൾ സാമാന്യജനങ്ങൾക്ക് എളുപ്പം ഗ്രഹിക്കത്തക്കവിധം ഇതിൽ വിചാരം ചെയ്തിരിക്കുന്നു. ഈ ഭക്തി ജ്ഞാനസംഹിതയ്ക്കു സമാന്തരമായി നാമദേവൻ, രൈദാസ്, ഭാനുദാസ് തുടങ്ങിയ പുണ്യാത്മാക്കൾ ഭക്തിഗീതങ്ങൾ രചിച്ച് ധർമ്മപ്രചാരം ചെയ്തിരുന്നു. ശ്രീ ജ്ഞാനേശ്വരനു ശേഷം 150 വർഷം കഴിഞ്ഞു് സന്ത് ഏകനാഥൻ പണ്ഡരീപുരത്തിൽ ഉദിച്ചുയർന്നു. ഭാഗവതധർമ്മത്തിന്റെ ആധികാരിക വക്താവായ ഈ ഭാഗവതോത്തമൻ ശ്രീമൽ ഭാഗവതം ഏകാദശ സ്കന്ധത്തെ അധികരിച്ച് അതിവിസ്തൃതമായ മാറാഠി ഭാഗവതം രചിച്ചു. 18000 ഈരടികളുള്ളതും ആദ്യന്തം ഭക്തിരസാമൃതവുമായ ഈ ബൃഹൽഗ്രന്ഥം "ഏകനാഥീഭാഗവതം" എന്ന പേരിൽ പ്രസിദ്ധമാണ്. ശ്രീ ഏകനാഥന്റെ കാലശേഷം വീണ്ടും 150 വർഷം കഴിഞ്ഞ് സന്ത്തുക്കാറാമിന്റെ ഉദയമായി, മറാഠിയിലെ ഭക്തിജ്ഞാന വൈരാഗ്യ സമ്പന്നമായ അഭംഗ ഗീതങ്ങളിൽ മികച്ചു നിൽക്കുന്നതു് ശ്രീ തുക്കാറാമിന്റെ കൃതികളാകുന്നു. ജ്ഞാനേശ്വരിഗീത, ഏകനാഥീ ഭഗവതം, ഭക്തകൃതികൾ ഇവ മൂന്നും വാർക്കരീ പ്രസ്ഥാനത്തിന്റെ പ്രസ്ഥാനത്രയിയാകുന്നു. ഇവ മൂന്നും മറാഠിഭാഷയിലെ അമൂല്യ നിധികളാണ്. മഹാരാഷ്ട്രരുടെ പൈതൃക സമ്പത്താകുന്നു. ഭക്തഗാനങ്ങളാണെങ്കിൽ ഭാരതത്തിലെങ്ങും ഭക്തജനങ്ങളുടെ പ്രിയങ്കരമായ ഭജനഗീതങ്ങളായാലപിക്കപ്പെടുന്നു.

ആയിരക്കണക്കിനുള്ള ഈ ഭക്തി ഗീതങ്ങൾ ഓരോന്നും ഒരേസമയം ഈശ്വരസ്തുതിയും തത്വബോധാത്മകവുമാണു്. പണ്ഡരീപുര തീർത്ഥാടകർ സംഘംസംഘമായി പാടിക്കൊണ്ടു് പോകുമ്പോൾ ആത്മശുദ്ധിയോടൊപ്പം ധർമ്മപ്രചാരവും നിർവ്വഹിക്കുന്നതനുഭവപ്പെടും. വാർഷിക യാത്രകളിൽ വാർക്കരി സമ്പ്രദായത്തിൻെറ ഉപജ്ഞാതാക്കളായ മഹാത്മാക്കളുടെ പ്രതീകങ്ങൾ ചുമന്നു കൊണ്ടു് ഭജനാഘോഷപൂർവ്വം പണ്ഡരീപുരത്തിൻ ചെല്ലുണമെന്നുണ്ടു്. അങ്ങനെ ജ്ഞാനേശ്വരൻെറ സമാധിസ്ഥലമായ അളന്ദിയിൽനിന്നു തിരിക്കുന്ന ഭക്തസംഘത്തിൽ മാത്രം 20000 ത്തിൽപരം ഭക്തന്മാർ കൂടാറുണ്ടു്. ഇതേപോലെയഥാക്രമം തുക്കാറാം, നിവൃത്തിനാഥൻ, സോപാനദേവു്, മുക്താബായി ഏകനാഥൻ എന്നിവരുടെ സമാധി സ്ഥാനങ്ങളായ ദേഹു, ത്രയംബകേശ്വരം, സാസവദ്, ഏദലാബാദ്, പൈഠൺ എന്നിവിടങ്ങളിൽനിന്നും ഭജനഘോഷയാത്രയായി പണ്ഡരീപുരത്തിലെത്തും.

നിശ്ചിത വ്രതാചരണങ്ങളോടുകൂടി കൂട്ടംകൂട്ടമായി നിശ്ചിത ക്ഷേത്രങ്ങളിലേയ്ക്കു തീർത്ഥയാത്ര ചെയ്യുന്ന പാരമ്പര്യം ഭാരതത്തിൽ പണ്ടുമുതല്ക്കേ പതിവുള്ളതാണു്. ചില ക്ഷേത്രങ്ങൾ ദുർഗ്ഗമങ്ങളായ വനാന്തരങ്ങളിലും ഗിരിശൃംഗങ്ങളിലുമാണെങ്കിൽ മററു ചിലവ കടൽത്തീരങ്ങളിലും പുണ്യനദീതീരങ്ങളിലുമായിരിക്കും. ചന്ദ്രഭാഗാനദിക്കരയിലെ പണ്ഡരീപുരം മഹാരാഷ്ട്രത്തിലെ ഒരു സമതലപ്രദേശമാണു്. ഭാഗവതധർമ്മം ജനസാമാന്യരിലേയ്ക്കു് വ്യാപരിപ്പിച്ച പ്രമുഖ ക്ഷേത്രമാണിതു്. ഭാഗവ

തധർമ്മം ശ്രവിച്ചാലും പഠിച്ചാലും സ്മരിച്ചാലും അഭിരുചി ഉണ്ടായാലും പരദ്രോഹികരം ആണെങ്കിൽപ്പോലും വേഗം പവിത്രരാവാൻ വഴി തുറന്നുകിട്ടു''മെന്ന ശ്രീനാരദ വാക്യം അന്വർത്ഥമാകുമാറു് വാർക്കരി സമ്പ്രദായ തീർത്ഥാടനം പരമപ്രയോജനപ്രദമാണെന്നു് കാണാം. ആത്മമോക്ഷത്തിനും ധർമ്മാചരണത്തിനും ഉത്തേജനം ഉൾക്കൊള്ളുന്ന ഉൽകൃഷ്ട തീർത്ഥാടന പദ്ധതിയാണു് പണ്ഡരീപുരത്തെ വാർക്കരി.

കൃഷ്ണ കൃഷ്ണേതി കൃഷ്ണേതി
യോ മാം സ്മരതി നിത്യശ:
ജലം ഭിത്വാ യഥാപത്മം
നരകാദുദ്ധരാമ്യഹം (പത്മപുരാണം)



1977 നവമ്പർ ''ശ്രീ അയ്യപ്പൻ'' മാസികയിൽ പ്രസിദ്ധപ്പെടുത്തിയതു്.

# 41 കൃഷ്ണഭക്തനായ ശങ്കരദേവൻ

ഒരു യഥാർത്ഥ ശ്രീകൃഷ്ണഭക്തൻ അഥവാ ഈശ്വരഭക്തൻ സദ്വിചാരം, സദ്വചനം, സദാചാരം, എന്നീ സദ്ഗുണങ്ങളുടെ നിറകുടമായിരിക്കും. സന്താപത്തിലും സന്തോഷത്തിലും ശ്രീകൃഷ്ണ സാന്നിദ്ധ്യം ദർശിക്കുന്ന ആ ഭക്തോത്തമനു് ദാരിദ്ര്യത്തിലും ദുഃഖത്തിലും ആരോടും ആവലാതിയില്ല. തനിക്കു് അർഹതയുള്ളവ ഭഗവാൻ തരുന്നു. ഭഗവത് പ്രീതി മാത്രമാണു് പ്രധാനം. ശ്രീകൃഷ്ണശരണാഗതരായ ഈ ഭക്തസത്തമന്മാരുടെ സാമീപ്യവും സമ്പർക്കവും കൊണ്ടു് സമാശ്വാസം നേടുന്ന ആർത്തരും ദുഃഖിതരും വിരളമല്ല. വിളംബരമില്ലാത്ത ശ്രീകൃഷ്ണശരണാഗതഭക്തനിൽ ഭക്തിമയജ്ഞാനവും ഭക്തിമയ കർമ്മവും സ്ഫുരിച്ചുവെന്നിരിക്കട്ടെ, ആ മഹാത്മാവു് മാർഗ്ഗദർശിയും ദീർഘദർശിയുമായി ഭവിക്കുന്നു. ആ ഭക്തശ്രേഷ്ഠന്റെ വിചാരവും വാക്കും പ്രവൃത്തിയും ഈശ്വരഹിതം മാത്രം. തനിക്കെന്നുമൊന്നുമില്ലാത്ത ത്യാഗമൂർത്തിയായ ഭക്തന്റെ മഹത്തായ ഇച്ഛ ഒന്നുകൊണ്ടുമാത്രം സർക്കാരുകൾക്കും സംഘടനകൾക്കും സാധിക്കാത്ത വലിയ വലിയ ശുഭപര്യവസായിയായ കാര്യങ്ങൾ നിർവ്വഹിക്കപ്പെടുന്നു: മനുഷ്യമനസ്സുകളുടെ ശുദ്ധീകരണം—അതാണല്ലോ ജനക്ഷേമസമാധാനങ്ങൾക്കു നിദാനം. ഇങ്ങനെ ശ്രീകൃഷ്ണഭക്തി എന്ന മാദ്ധ്യമത്തിലൂടെ ജനങ്ങളെ സത്കർമ്മനിരത

രാക്കാനും സഹോദരസ്നേഹഭാവേന ഒരുമിപ്പിക്കുവാനും ദേശീയൈക്യം പുനഃസ്ഥാപിക്കുവാനും സാധിച്ച ഭക്തോത്തമനാണ് ശ്രീശങ്കരദേവൻ.

ആസ്സാം പ്രദേശത്തു് ബരദോവാഗ്രാമത്തിൽ എ. ഡി. 1449–ൽ, കാർത്തികമാസം അമാവാസി അർദ്ധരാത്രി ആ ഭഗവജ്ജ്യോതി ആവിർഭവിച്ചു. മാതാപിതാക്കളായ സത്യസന്ധാദേവിയും കുസുമവരനും തികഞ്ഞ ശിവഭക്തരാണ്. തങ്ങളുടെ പുത്രനും ശിവകിങ്കരനാവണമെന്ന അഭിവാഞ്ഛയോടെ ശിശുവിനു് ശങ്കരവരൻ എന്ന നാമകരണം ചെയ്തു. എന്നാൽ മാതൃലാളനയേല്ക്കാൻ ഈ ശിശുവിനു ഭാഗ്യമുണ്ടായില്ല. ജനിച്ച് ഏതാനും ദിവസം കഴിഞ്ഞപ്പോൾ മാതാവ് ദിവംഗതയായി. പിന്നീട് അമ്മൂമ്മയുടെ സംരക്ഷണത്തിലാണ് വളർത്തപ്പെട്ടതു്.

ധർമ്മനിഷ്ഠയുള്ള കുടുംബങ്ങളിൽ വീട്ടമ്മമാർ കുട്ടികൾക്കു പുരാണകഥകൾ പറഞ്ഞുകൊടുക്കും. അക്കഥകൾ ശ്രദ്ധയോടെ ശ്രവിക്കുകയും കൂട്ടുകാരോടുകൂടി വീട്ടുവളപ്പിലെ ഉദ്യാനത്തിൽ വിളയാടുകയുമല്ലാതെ പാഠശാലയിൽ ചേർന്ന പഠിക്കുവാൻ ശങ്കരനു താൽപര്യമുണ്ടായില്ല. പക്ഷേ പന്ത്രണ്ടാം വയസ്സിൽ അടുത്ത പാഠശാലയിൽ ചേർന്നു. അക്കാലത്തെ സംസ്കൃത പണ്ഡിതനും ശാസ്ത്രജ്ഞനും ധർമ്മനിഷ്ഠനുമായ ശ്രീമഹേന്ദ്രകന്ദലിയുടെ ശിക്ഷണത്തിൽ വിദ്യാഭ്യാസം തുടങ്ങി. വിദ്യാലയം വിട്ടിറങ്ങിയാൽ ബ്രഹ്മപുത്രാനദീതടത്തിൽ ഏകാന്തമായിരിക്കാൻ വെമ്പുന്ന ശങ്കരൻ ഒരു അസാധാരണ വ്യക്തിയാണെന്ന് ഗുരുനാഥൻ മനസ്സിലാക്കി. പുറമെ

അധികം പഠിക്കുന്നതായി കാണുന്നില്ലെങ്കിലും അസാധാരണധിഷണാവൈഭവം ആ കുട്ടിയിൽ തെളിഞ്ഞു കണ്ടിരുന്നു. ദിവസവും പഠിപ്പിക്കുന്ന പാഠങ്ങൾ ഒന്നാമനായി പഠിച്ചുകേൾപ്പിക്കുന്നതിനു പുറമേ അടുത്ത പാഠത്തിന്റെ ആശയവും ശങ്കരൻ പറയും. അങ്ങനെ വിദ്യാഭ്യാസം ശീഘ്രഗതിയിൽ പുരോഗമിച്ചു. ആസ്സാമിയയിലും സംസ്കൃതത്തിലും വിദ്വത്വം നേടി. വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ മാതൃഭാഷയിൽ ശ്രീകൃഷ്ണ കീർത്തനങ്ങൾ രചിച്ച് കൂട്ടുകാരൊത്തു ഭജന നടത്തുക പതിവാക്കി. ഗുരുനാഥനും ബന്ധുക്കളും അതിൽ പങ്കെടുക്കുകയും ശങ്കരന്റെ ഭക്തിഭാവത്തിൽ ആമഗ്നരായി ആമോദിക്കയും ചെയ്തിരുന്നു. ശാസ്ത്രജ്ഞാനത്തോടൊപ്പം സംഗീതസാഹിത്യാദികളിലും അസാധാരണപാണ്ഡിത്യം പ്രകാശിപ്പിക്കുന്ന ശങ്കരനെ 'മഹാപുരുഷ ശങ്കരദേവ്' എന്നു് ഗുരുനാഥൻതന്നെ കീർത്തിക്കുവാൻ തുടങ്ങി. അങ്ങനെ വിദ്യാഭ്യാസം പൂർത്തിയാക്കി പുറത്തുവന്ന ശങ്കരദേവൻ അന്നത്തെ തമസ്കരണം ബാധിച്ച സമുദായമദ്ധ്യത്തിലേയ്ക്കിറങ്ങി; തന്റെ കീർത്തനഘോഷവും ധർമ്മോപദേശവും ത്യാഗോജ്ജ്വലഭക്തിപ്രഭാവവുംകൊണ്ടു് ഒരു കോളിളക്കംതന്നെ സൃഷ്ടിച്ചു.

പുരാണങ്ങളിൽ പ്രാഗ്ജ്യോതിഷപുരിയെന്നും മഹാഭാരതത്തിൽ കാമരൂപമെന്നും അറിയപ്പെട്ടിരുന്ന പ്രദേശത്തു് പതിമ്മൂന്നാം നൂറ്റാണ്ടിൽ ബർമ്മയിൽ നിന്നു് ആഹമജാതിജനത അതിക്രമിച്ചു കടന്നു. നാടു ഭരിക്കാൻ തുടങ്ങിയ ആഹമജാതീയർ 'കാമരൂപ'ത്തിനു്

ആഹമമെന്ന പേർ വിളിച്ചു. സങ്കരജാതികളുടെ നാട്ടുവാഴി പ്രഭുത്വങ്ങൾ അങ്ങുമിങ്ങും നിലവിൽ വന്നു. അവർ തമ്മിൽ ഈർഷ്യയും വിദ്വേഷവും പകവീട്ടലും സഹജമായി. സങ്കീർണ്ണമായ പ്രശ്നങ്ങൾക്കൊപ്പം ആരാധനസമ്പ്രദായങ്ങളും വികാര പ്രധാനം അഥവാ രജസ്തമോഗുണ പ്രധാനമായിത്തീർന്നു.

പ്രധാന ശക്തിപീഠങ്ങളിലൊന്നായ 'കാമാഖ്യ' ക്ഷേത്രത്തെ കേന്ദ്രീകരിച്ചുകൊണ്ട്, മഹാഭാരത പ്രസിദ്ധമായ ഭഗദത്തനെപ്പോലുള്ള മഹാരാജാക്കന്മാർ ഭരിച്ചിരുന്ന കാമരൂപരാജ്യം അങ്ങനെ ആഹമവും ക്രമേണ ആഹമം പരിണമിച്ച് ആസ്സാമുമായിത്തീന്നു. ശ്രീശങ്കരദേവിൻെറ ജനനകാലത്തു്, അതായതു് ഇന്നേയ്ക്കു് 500 വർഷം മുമ്പ് ഏതാനും സാമന്തരാജാക്കന്മാരുടെയും സങ്കരജാതിക്കാരുടെയും ഭരണത്തിലായിരുന്നു ആസ്സാം. അവരുടെ ആധികാരികാനുവാദത്തോടുകൂടി ആരാധനാസമ്പ്രദായങ്ങളിൽ ജന്തുഹിംസകൾക്കു പ്രാബല്യമുണ്ടായി. അക്കാലത്തെ ശൈവശാക്താരാധനകേന്ദ്രങ്ങളിലെല്ലാം ജന്തുബലി സാധാരണമായിരുന്നു. കാമാഖ്യാദിശാക്തക്ഷേത്രങ്ങളിൽ നരബലിപോലും പതിവായിരുന്നുവെന്നാണ് പറയപ്പെടുന്നതു്. ഇങ്ങനെ കിരാതജീവിതം നയിച്ചിരുന്ന ജനസമൂഹങ്ങളുടെ നടുക്കാണ് സാത്വികഭക്തിജ്വാലയുമേന്തി ശങ്കരദേവ് സഞ്ചരിച്ചിരുന്നത്.

സാമ–ദാന—ഭേദ—ദണ്ഡനീതികൾക്കൊന്നും വഴങ്ങാത്ത മനുഷ്യമനസ്സുകളെ ഭഗവദ്ഭക്തിയെന്ന ദിവ്യരസായനത്താൽ അലിയിച്ചുകൊണ്ട് പരമഭാഗവതനായ ശങ്കരദേവ് ആസ്സാം രാജ്യമെങ്ങും സഞ്ചരിച്ചു.

അദ്ദേഹത്തിൻെറ ശ്രീകൃഷ്ണശരണാഗതിപ്രസ്ഥാനം നാടിൻെറ നാനാഭാഗങ്ങളിലും പ്രചുരപ്രചാരമായി. ഹിംസാകുതുകികളായ ജനങ്ങളിൽ മിക്കവരും ദൈവീകമായ സ്നേഹശൃംഖലയാൽ ബന്ധിക്കപ്പെട്ടു. പരസ്പരമുള്ള മദമത്സരങ്ങൾ മറന്ന് ശ്രീകൃഷ്ണഭക്തിഭാവേന സദ്വൃത്തന്മാരായി. ഇങ്ങനെ ശാന്തമായ അന്തരീക്ഷത്തിൽ, സ്വപിതാവിൻെറയും ഗുരുനാഥന്റെയും നിർബ്ബന്ധത്തിനു വഴങ്ങി ശങ്കരദേവ് സൂര്യവതി എന്ന കന്യകയെ വിവാഹം ചെയ്തു. ഗൃഹസ്ഥാശ്രമജീവിതത്തിലും അദ്ദേഹം മാതൃകാപുരുഷനായിരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി സാരോപദേശകഥകൾ നിറഞ്ഞ ഗാനങ്ങൾ രചിച്ചു പഠിപ്പിക്കുകയും സകുടുംബം തൻെറ ഭവനത്തിൽ വന്നുകൊണ്ടിരുന്ന അതിഥികളെ വേണ്ടവിധം സല്ക്കരിക്കുകയും ചെയ്തിരുന്നു. ഒരു പെൺകുഞ്ഞു ജനിച്ച് ഏതാനും മാസം കഴിഞ്ഞ് പത്നി സൂര്യവതിയും തുടർന്ന് പിതാവും ദിവംഗതരായി. ലീലാമയനായ ഭഗവാൻ ജീവിതം എങ്ങനെയായിരിക്കണമെന്നു കളമൊരുക്കിത്തരികയാണ്. തന്റെ ഏകപുത്രി മനുകുമാരിയുടെ സംരക്ഷണത്തിനും വിവാഹത്തിനും വേണ്ട വ്യവസ്ഥകളെല്ലാം ചെയ്തിട്ട് ശ്രീശങ്കരദേവ് അനുയായികളോടുകൂടി തീർത്ഥാടനത്തിനു പുറപ്പെട്ടു.

ഈ വൈഷ്ണവതീർത്ഥാടകസംഘത്തിൽ ശ്രീമഹേന്ദ്രകന്ദലി ഉൾപ്പെടെ തൻെറ മുൻ ഗുരുനാഥന്മാരും, കാപാലികവൃത്തികളിൽനിന്ന് മനഃപരിവർത്തനമുണ്ടായി ഭഗവത്ഭക്തന്മാരായി മാറിവന്നവരും ഉണ്ടായിരുന്നു. 'ശ്രീകൃഷ്ണഭക്തി മാത്രമാണ് ജീവന്റെ ഏകാവലംബ'മെന്ന് ഉപദേശിക്കുന്ന ശങ്കരദേവ് മററ് ഈശ്വരനാമങ്ങളും തത്സ്വരൂപത്തിൽ കാണുന്നുണ്ട്. അക്കാലത്ത് ശൈവ-ശാക്തോപാസനകളുടെ പേരിൽ സാർവ്വത്രികമായി നടന്നി

രുന്ന ജന്തുഹിംസകളെയും മനുഷ്യക്കരുതികളെയും ശാസ്ത്രോക്തമായ ധാർമ്മികപിന്തുണയോടെ നിഷേധിച്ചുവെന്നല്ലാതെ മറേറതെങ്കിലും ആരാധനസമ്പ്രദായത്തോട് അദ്ദേഹത്തിനു് വൈമുഖ്യമോ വിരോധമോ ഇല്ല. 'ഒരു മരച്ചുവട്ടിൽ ഒഴിക്കുന്ന വെള്ളത്തിൻെറ അംശം എങ്ങനെ അതിൻെറ ശാഖോപശാഖകളിലും ഇലകളിലും ചെന്നെത്തുന്നുവോ അതുപോലെ തൻെറ ശ്രീകൃഷ്ണഭക്തിസാധനകൊണ്ട് എല്ലാ ദേവീദേവന്മാരും പ്രീതരാവുന്നു.' എന്നാണു് ശങ്കരദേവിൻെറ ഉപദേശം. ഭക്തിമയകർമ്മവും ഭക്തിമയജ്ഞാനവും വഴി ശ്രീകൃഷ്ണശരണാഗതിയിലെത്തുകയാണു് ജീവിതലക്ഷ്യം. അതുതന്നെ ശാശ്വതസുഖവും മുക്തിയും. ഈവിധം ഭഗവദ്ഗുണഗണകഥാകീർത്തനങ്ങൾവഴി ജനങ്ങളെ ജാഗരൂകരാക്കിക്കൊണ്ട് കാശി, ഗയ, മഥുര—വൃന്ദാവനം, ബദരീനാഥം, ദ്വാരക മുതലായ പുണ്യക്ഷേത്രങ്ങളും ആശ്രമങ്ങളും സന്ദർശിച്ചു. സാധു-സന്യാസിമാരും, മഠാധിപതികളുമായ പല മഹാത്മാക്കളുമായി സത്സംഗം നടത്തി; ധാർമ്മികവും ആദ്ധ്യാത്മികവുമായ ആശയവിനിമയം ചെയ്തു. വൃന്ദാവനത്തിൽ തങ്ങിയിരുന്ന മാസങ്ങളിൽ ശ്രീ ശങ്കരദേവ് വ്രജഭാഷയിൽ പരിചയം നേടുകയും 'ബഡഗീതം' ഭക്തികാവ്യവും 'കേളിഗോപാൽ' നാടകവും രചിക്കുകയും ചെയ്തു. പന്ത്രണ്ടുവർഷത്തെ വിജയകരമായ തീർത്ഥാടനത്തിനുശേഷം അവർ ആസ്സാമിൽ മടങ്ങിയെത്തിയപ്പോഠം ഭക്തജനങ്ങളുടെ ഹൃദയസ്പർശിയായ സ്വീകരണമുണ്ടായി. അതിൽ ആസ്സാമിലെ മിക്ക നാട്ടുരാജാക്കന്മാരും ഉൾപ്പെട്ടിരുന്നു.

തീർത്ഥയാത്രയ്ക്കുശേഷം ബരപേടാഗ്രാമത്തിൽ പതബൗസി എന്ന സ്ഥലം തൻെറ നിവാസസ്ഥാനമാക്കിയ ശ്രീശങ്കരദേവ് ശ്രീമഹാഭാഗവതം ഭാഷാന്തരപ്പെടുത്തുകയും

സംസ്കൃതത്തിലും ആസ്സാമിയായിലുമായി ഒട്ടേറെ ഗ്രന്ഥങ്ങൾ രചിക്കുകയുംചെയ്തു. ഇക്കാരണത്താൽതന്നെ ആസാമിയ ഭാഷയുടെ പിതാവെന്ന നിലയിലും ആ പരമഭാഗവതൻ പ്രകീർത്തിതനായി. ആസാമിലെ ആദികവി ഹേമസരസ്വതിയിൽനിന്നും ആസാമിയരാമായണകർത്താവായ മാധവകന്ദലിയിൽനിന്നും വേണ്ടത്ര പ്രചോദനമേററ് ഭാഷയ്ക്ക് ഉദാരവും വിശാലവുമായ രൂപഭാവങ്ങൾ നൽകിയതു് ശങ്കരദേവ്തന്നെ. അദ്ദേഹത്തിൻെറ കൃതികളിലെല്ലാം ഭാരതഭൂമിയുടെ മാഹാത്മ്യവും ശ്രീകൃഷ്ണഭക്തിതരംഗങ്ങളും ഓതപ്രോതമായിരിക്കുന്നു. ഉദാഹരണത്തിനു് ചില വരികളിതാ—

ഹരിക ഭക്തി അഹി പരമസംപദ
ദോഹേ ദോസ് സബ് മിലാവയ മനോരഥ്

(മററെല്ലാ സമ്പാദ്യങ്ങളും നൈമിഷികങ്ങളും സുഖദുഃഖസമ്മിശ്രങ്ങളുമാണ്. ശ്രീഹരിഭക്തി മാത്രമാണ് ശാശ്വതസുഖപ്രദമായ പരമസമ്പത്ത്.)

ഭാരതതനരതന നപായിബാ സേനഥരേ
രാമനാമ ബാന്ധവക ധരാ നിരന്തരേ.

(ഭാരതത്തിൽ മനുഷ്യജന്മം ലഭിക്കുക അപൂർവ്വമാണെന്നു് ഓർമ്മിച്ചുകൊണ്ടു് ഭഗവന്നാമബാന്ധവനായി ഭവിക്കുക.)

ദേവരോ ദുർല്ലഭ ഇടോ ജന്മ ഭാരതാത
ഹരായ ചിന്താമണി യേന ജാനിബാ ഹാതത്.

(ഭഗവത്കൃപയാൽ ഭാരതത്തിൽ മനുഷ്യജന്മം സിദ്ധിച്ചു. അതിനെ നൈമിഷിക സുഖങ്ങൾക്കായി വ്യർത്ഥമാക്കുന്നതു് കൈയ്യിൽകിട്ടിയ കനകത്തെ കളഞ്ഞുകളിക്കുന്നതിനു് തുല്യമാണ്.)

ഭാരത വരിഷ് കലിയുഗ് ഹടോ
ഹരിനാമ, നരകായ
ചാരിരോ സംയോഗ് മഹാഭാഗ്യേ രൈല്
ആരോ ആഛാ ബാട്ട് ചായീ.

(ഭാരതവർഷം, കലിയുഗം, ഹരിനാമം, മനുഷ്യശരീരം— ഇവ നാലും നിങ്ങളുടെ മഹാഭാഗ്യംകൊണ്ടു ലഭിച്ചിരിക്കുന്നു. എന്നിട്ടും ധർമ്മപഥത്തിൽ ചരിക്കാതെ നിശ്ചേഷ്ടരായിരിക്കുന്നതു് കഷ്ടവും നഷ്ടവുമല്ലേ?

മലയാളത്തിലെ ശ്രീഹരിനാമകീർത്തനം, ജ്ഞാനപ്പാന തുടങ്ങിയ അമൂല്യകൃതികൾക്ക് സമാനവും സമാന്തരവുമായവ ഭാരതീയഭാഷകളിലെല്ലാം കാണാം. അസ്സാമിയയിൽ അത്തരം കൃതികളുടെ കർത്താവു് കൃഷ്ണഭക്തനായ ശങ്കരദേവാകുന്നു. മഹാഭാഗവത വിവർത്തനത്തിനു് പുറമേ പാരിജാതഹരണം, വൈഷ്ണവാമൃതം, ഭക്തിരത്നാകരം, കീർത്തനഘോഷം, ബഡഗീതം, രുഗ്മിണീഹരണം തുടങ്ങിയ കാവ്യങ്ങളും കേളിഗോപാൽ, രാമവിജയം മുതലായ നാടകങ്ങളും ഒട്ടനവധി സാരോപദേശപൂർണ്ണമായ കീർത്തനങ്ങളും ശങ്കരദേവവിരചിതങ്ങളായിട്ടുണ്ടു്. കൂച്ച്ബിഹാർ മഹാരാജാ നരനാരായണൻ, സഹോദരൻ ശീലറായി എന്നീ ശിഷ്യരുടെ ആഗ്രഹമനുസരിച്ചാണു് നാടകങ്ങൾ പലതും രചിച്ചിട്ടുള്ളതു്.

ശ്രീ രാമാനുജാചാര്യൻെറ വിശിഷ്ടാദ്വൈത ദർശനാന്തർഗ്ഗതമായ ശ്രീകൃഷ്ണശരണാഗതി സമ്പ്രദായത്തിൽ ശ്രീശങ്കരദേവിൽനിന്നു് ദീക്ഷ സ്വീകരിച്ച അനവധി ശിഷ്യന്മാർ ഉണ്ടായിരുന്നു. അവരിൽ പ്രമുഖരായ മാധവദേവ്, ദാമോദരദേവ്, ഹരിദേവ് മുതലായ ആചാര്യന്മാർ മഹാപുരുഷ ശങ്കരദേവിൻെറ അനുയായികളെന്ന നില

യിൽ ഈ ശരണാഗതി പ്രസ്ഥാനത്തെ 'മഹാപുരുഷീയ' മെന്നും വിശേഷിപ്പിച്ചിട്ടുണ്ടു്. മഹാഭാഗവതവും, ഭഗവദ്ഗീതയുമാണു് പ്രമാണ ഗ്രന്ഥങ്ങൾ. പരമാരാദ്ധ്യൻ ഭഗവാൻ ശ്രീകൃഷ്ണൻതന്നെ. ഈ ഭാഗവത ധർമ്മത്തിൻെറ ആസ്സാമിയാചാര്യനാണു് ശ്രീശങ്കരദേവ്. വീണ്ടും തൻെറ അനുയായികളോടുകൂടി 82-ാമത്തെ വയസ്സിൽ, രാമേശ്വരംവരെ തീർത്ഥാടനം നടത്തിയതായും, കാശിയിലും പുരിയിലുംവെച്ചു് യഥാക്രമം കബീർദാസിനേയും ശ്രീകൃഷ്ണചൈതന്യനെയും കണ്ടു് സത്സംഗം നടത്തിയതായും പറയപ്പെടുന്നു. മനുഷ്യായുഷ്ക്കാലം മുഴുവൻ അദ്ദേഹം ജീവിച്ചിരുന്നതായും അതിനിടയ്ക്കു രണ്ടാവൃത്തി ആസേതു ഹിമാചലം സഞ്ചരിച്ചതായും ജീവചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ടു്. തൻെറ ശിഷ്യഗണങ്ങളോടുകൂടി പ്രധാന പീഠസത്രത്തിൽ വിശ്രമിക്കവേ എ.ഡി. 568-ാമാണ്ടിൽ മഹാപുരുഷ ശങ്കരദേവ് തനിക്കേററവും ഇഷ്ടപ്പെട്ട ശ്രീകൃഷ്ണമന്ത്രങ്ങൾ ഉച്ചരിച്ചുകൊണ്ടു് 'തദ്വിഷ്ണോഃ പരമം പദം' പ്രാപിച്ചു് മഹാസമാധിസ്ഥനായി.

ശ്രീകൃഷ്ണഃ ശരണം മമ.



---

1977 സെപ്തംബർ "പ്രബുദ്ധ കേരളം" മാസികയിൽ പ്രസിദ്ധപ്പെടുത്തിയതു്.

# അനുബന്ധം

ഓം ശ്രീകൃഷ്ണാർപ്പണമസ്തു

ശ്രീകൃഷ്ണ, വൃഷ്ണികുലപുഷ്‌കരജോഷദായിൻ,
ക്ഷ്മാ നിർജ്ജരദ്വിജ പശുദധി വൃദ്ധികാരിൻ
ഉദ്ധർമശാർവരഹര, ക്ഷിതി രാക്ഷസധ്രു—
ഗാ കല്പമാർകമർഹൻ, ഭഗവൻ നമസ്തേ

ഹേ ശ്രീകൃഷ്ണ! വൃഷ്ണികുലമാകുന്ന പത്മത്തിന്നു പ്രീതിദനായുള്ളോവേ, സൂര്യഭഗവാനേ! ഭൂ—ദേവാദിലോകങ്ങളുടെ അന്ധകാരം നീക്കി അഭിവൃദ്ധിയേകുന്ന സൂര്യ—ചന്ദ്രാദിസ്വരൂപാ! സമസ്തചൈതന്യ ശക്തികൾക്കും പൂജനീയനായിട്ടുള്ളോവേ! ഹേ സർവ്വേശ്വര! നിന്തിരുവടിയ്ക്കു കല്പാന്തങ്ങളോളം നമസ്ക്കാരം!!

—ഭാഗവതം 10–44–40 (ബ്രഹ്മസ്തുതി)

കൃഷ്ണ കൃഷ്ണ, മഹായോഗിൻ വിശ്വാത്മൻ വിശ്വസംഭവ
ഭവതാലോകനാഥേന സനാഥാ വയമച്യുത

ഹേ കൃഷ്ണ കൃഷ്ണ! ഹേ മഹായോഗിൻ, സർവ്വാത്മസ്വരൂപ, സർവ്വകാരണഭൂത, കരുണാനിധേ ലോകനാഥനായിരിക്കുന്ന നിന്തിരുവടിയാൽ ഞങ്ങൾ രക്ഷിക്കപ്പെട്ടു—സനാഥരായി.

—ഭാഗവതം 10–27–19

നമസ്തേ സർവ്വഭാവായ ബ്രഹ്മണേƒനന്തശക്തയേ
കൃഷ്ണായ വാസുദേവായ യോഗാനാം പതയേ നമഃ

സർവ്വകാരണഭൂതനും, എന്നാലും നിർവ്വികാരനുമായ അവിടേയ്ക്കു നമസ്ക്കാരം. സർവ്വാശ്രയനും സ്വയംപ്രകാശനും സർവ്വയോഗഫലദാതാവും സച്ചിദാനന്ദമൂർത്തിയുമായ ഹേ കൃഷ്ണ, വാസുദേവ അവിടേയ്ക്കു നമസ്ക്കാരം.

—ഭാഗവതം 10–64–29

നമഃ പരമകല്ല്യാണ, നമഃ പരമമംഗള
വാസുദേവായ ശാന്തായ യദൂനാം പതയേ നമഃ

വിശ്വകല്ല്യാണമൂർത്തേ, പരമമംഗള സ്വരൂപ, അവിടേയ്ക്കു നമസ്കാരം നമസ്ക്കാരം. സർവ്വാശ്രയനും സ്വയം പ്രകാശനും പരമശാന്തനും യദുകുലാലംകാരഭൂതനുമായ അവിടേയ്ക്കു നമസ്ക്കാരം.

—ഭാഗവതം 10–10—36

കൃഷ്ണ കൃഷ്ണാ പ്രമേയാത്മൻ, പ്രപന്നഭയഭഞ്ജന
വയം ത്വാം ശരണം യാമോ ഭവഭീതാ: പൃഥഗ്ധിയഃ

ഹേ സച്ചിദാനന്ദമൂർത്തേ കൃഷ്ണാ! ആരാലും അറിയപ്പെടുവാൻ കഴിയാത്ത പരമാത്മൻ: ശരണാഗതരുടെ സർവ്വഭയങ്ങളെയും നശിപ്പിക്കുന്ന കരുണാമൂർത്തേ ഭേദബുദ്ധികളും അതുകൊണ്ടുതന്നെ സംസാരഭീരുക്കളുമായ അടിയങ്ങൾ നിന്തിരുവടിയെ ശരണം പ്രാപിക്കുന്നു.

—ഭാഗവതം 10–69–26

കൃഷ്ണായ വാസുദേവായ ഹരയേ പരമാത്മനേ
പ്രണതക്ലേശനാശായ ഗോവിന്ദായ നമോനമഃ

സച്ചിദാനന്ദമൂർത്തിയും സർവ്വാശ്രയനും സ്വയം പ്രകാശനും സർവ്വപാപനാശകനും സർവ്വാന്തര്യാമിയും ശരണാഗതന്മാരുടെ സർവ്വക്ലേശങ്ങളും നശിപ്പിക്കുന്നവനും ഉപനിഷദ്വേദ്യനുമായ ഹേ കൃഷ്ണ! നിന്തിരുവടിക്കു നമസ്ക്കാരം, നമസ്ക്കാരം!

—ഭാഗവതം 10–73–16

താവദ്രാഗാദയഃ സ്തേനാഃ താവൽകാരാഗൃഹം ഗൃഹം
താവന്മോഹോ ഽംഘ്രിനിഗഡോ
യാവൽ കൃഷ്ണ നതേ ജനാഃ

ഭഗവാനേ കൃഷ്ണ! ജനങ്ങൾ അങ്ങയുടെ സ്വന്തം ആളുകളാവാതിരിക്കും കാലത്തോളം രാഗാദിവികാരങ്ങൾ അവരുടെ വിവേകധനത്തെ കക്കുന്ന കള്ളന്മാരും, ഗൃഹം ജയിൽ മുറിയും, അജ്ഞാനം പാദശൃംഖലയുമായിരിക്കുന്നു. അങ്ങയുടെ ആളുകളായി കഴിഞ്ഞാൽ എല്ലാം അനുകൂലങ്ങളായിത്തീരുന്നു.

അതിനാൽ സംസാരത്തിൽ നിന്നു ജീവനു രക്ഷപ്പെടാനുള്ള മുഖ്യോപായം ശ്രീകൃഷ്ണഭക്തിതന്നെ.

ഓം ശ്രീകൃഷ്ണാർപ്പണമസ്തു!

## ശ്രീകൃഷ്ണശരണാഗതി

(ശ്രീഹരി റോയിഗോസ്വാമി വിരചിതം)

1 സർവ്വസാധന ഹീനസ്യ പരാധീനസ്യ സർവ്വത:
പാപ പീനസ്യ ദീനസ്യ ശ്രീകൃഷ്ണ: ശരണം മമ

2 സംസാര സുഖസംപ്രാപ്തി സമ്മുഖസ്യ വിശേഷത:
ബഹിർമ്മുഖസ്യ സതതം ശ്രീകൃഷ്ണ: ശരണം മമ

3 സദാ വിഷയകാമസ്യ ദേഹാരാമസ്യ സർവ്വഥാ
ദുഷ്ടസ്വഭാവ വാമസ്യ ശ്രീകൃഷ്ണ: ശരണം മമ

4 സംസാരസർപ്പദഷ്ടസ്യ ധർമ്മഭ്രഷ്ടസ്യ ദുർമ്മതേ:
ലൗകികപ്രാപ്തി കഷ്ടസ്യ ശ്രീകൃഷ്ണ: ശരണം മമ

5 വിസ്മൃത സ്വീയധർമ്മസ്യ കർമ്മമോഹിത ചേതസ:
സ്വരൂപ ജ്ഞാനശൂന്യസ്യ ശ്രീകൃഷ്ണ: ശരണം മമ

6 സംസാര സിന്ധുമഗ്നസ്യ ഭഗ്നഭാവസ്യ ദുഷ്കൃതേ:
ദുർഭാവലഗ്നമനസ: ശ്രീകൃഷ്ണ: ശരണം മമ

7 വിവേക ധൈര്യ ഭക്ത്യാദി രഹിതസ്യ നിരന്തരം
വിരുദ്ധ കരണാസക്തേ: ശ്രീകൃഷ്ണ: ശരണം മമ

8 വിഷയാക്രാന്തദേഹസ്യ വൈമുഖ്യ ഹൃതസന്മതേ:
ഇന്ദ്രിയാശ്വഗൃഹീതസ്യ ശ്രീകൃഷ്ണ: ശരണം മമ

ഓം ശ്രീകൃഷ്ണാർപ്പണമസ്തു!

## ''ഹിന്ദുധർമ്മപരിചയ''ത്തെപ്പററി 1969 സെപ്തമ്പർ ലക്കം ''ശ്രീ അയ്യപ്പൻ'' മാസികയിലെ പുസ്തകാഭിപ്രായം

ഏതൊരു ഹിന്ദുവിനും ''സനാതനധർമ്മങ്ങളെ''പററി വിജ്ഞനായാലും, അജ്ഞനായാൽ പ്രത്യേകിച്ചും വായിച്ചു പഠിക്കാൻ പററിയ ഒരു മഹൽഗ്രന്ഥമാണു് ''ഹിന്ദുധർമ്മപരിചയം'' വിദ്യാസമ്പന്നരെന്നഭിമാനിക്കുന്ന ബിരുദധാരികളായ ഹിന്ദുക്കൾ പോലും അവരുടെ പൈതൃകമായ സനാതനധർമ്മത്തെപ്പററി ഏറിയ കൂറും അജ്ഞരാണെന്നതാണു് പരമാർത്ഥം. അത്തരക്കാരുടെ അജ്ഞതയെപ്പററി ഈ ഗ്രന്ഥത്തിൽ സരസമായൊരു പരാമർശമുണ്ടു്.

ഹിന്ദുക്കൾക്കൊരു മതസ്ഥാപകനുണ്ടോ? ഒരു മതമുണ്ടോ? ഒരു മതഗ്രന്ഥമുണ്ടോ? എന്നിത്യാദി ചോദ്യങ്ങൾക്കു് ഈ ഗ്രന്ഥത്തിൽക്കൂടി നൽകുന്ന മറുപടി ഏതൊരു ഹിന്ദുവും അറിഞ്ഞിരിക്കേണ്ടതാണു്.

''ഉണ്ടു്. ഹിന്ദുക്കൾക്കൊരു മതമുണ്ടു്; എന്നെന്നും നിലനില്ക്കുന്ന'' ''സനാതനധർമ്മം''

ഹിന്ദുക്കൾക്കൊരു മതസ്ഥാപകനുണ്ടു്—സച്ചിദാനന്ദസ്വരൂപനായ ''ഈശ്വരൻ''

ഹിന്ദുക്കൾക്കൊരു മതഗ്രന്ഥമുണ്ടു്—ജ്ഞാനവിജ്ഞാനങ്ങളുടെ കലവറയായ ''വേദം.''

ഹിന്ദുക്കൾക്കൊരു ചരിത്രമുണ്ടു്—ഇന്നു് മനുഷ്യനറിയുവാൻ സാധിക്കുന്നതിൽ അതി പുരാതനമായ ഒരു ചരിത്രം.

ഹിന്ദുമതത്തിൽ എല്ലാമുണ്ടു്—ഹിന്ദുമതത്തിലില്ലാത്തതൊന്നും മറെറാരു മതത്തിലുമില്ല. എന്തെന്നാൽ ഹിന്ദുമതം ''സനാതനധർമ്മ''മാണു്. അതു് സർവ്വമതങ്ങളുടെയും മാതാവാണു്; പ്രഭവസ്ഥാനമാണു്.

ഇത്തരത്തിലാണു് ഈ മഹൽ ഗ്രന്ഥത്തിൽ സനാതനധർമ്മത്തെപ്പററിയും, ഹിന്ദുമതത്തെപ്പററിയും വിവരിക്കുന്നതു്. സാഗരം

സാഗരോപമം (കടൽ കടൽപോലെ) എന്ന നിലയിൽ ഈ ഗ്രന്ഥം പോലെ ഈ ഗ്രന്ഥം മാത്രമേയുള്ളു. നാല്പത്തിരണ്ടദ്ധ്യായങ്ങളിൽ കൂടി സുലളിതമായ ഭാഷയിൽ ഹിന്ദുമതതത്വങ്ങളെ വേദം, ഭഗവത് ഗീത, ഉപനിഷത്തുക്കൾ മുതലായ അടിസ്ഥാന മതഗ്രന്ഥങ്ങളിൽ നിന്നും സന്ദർഭോചിതം വേണ്ടത്ര പ്രമാണങ്ങൾ എടുത്ത് ഉദ്ധരിച്ചു കൊണ്ട് ഈ ഗ്രന്ഥം നിർമ്മിച്ച ശ്രീ സാധുശീലൻ പരമേശ്വരൻ പിള്ളയെ എത്രതന്നെ പ്രശംസിച്ചാലും അതധികമാവില്ല. ഉള്ള ടക്കംപോലെതന്നെ ഈ ഗ്രന്ഥത്തിന്റെ കെട്ടും മട്ടും, അച്ചടിയും വളരെ നന്നായിട്ടുണ്ട്.

ഓരോ ഹിന്ദുഭവനത്തിലും വാങ്ങി സൂക്ഷിക്കുകയും, വളർന്നു വരുന്ന നമ്മുടെ കുട്ടികളെ പഠിപ്പിക്കേണ്ടതുമായ ഒരു പുസ്തകമാണ് "ഹിന്ദുധർമ്മപരിചയം".

## "മഹാത്മാഗാന്ധി–മാർഗ്ഗവും ലക്ഷ്യവും"

### 27–5–1979 "മാതൃഭൂമി" വാരാന്തപ്പതിപ്പിൽ വന്ന പു സ്ത കാ ഭി പ്രാ യം

വിദ്യാർത്ഥികൾക്കുവേണ്ടി ലളിതമായ ഭാഷയിൽ രചിച്ചിട്ടുള്ള ഈ ഗ്രന്ഥത്തിൽ വിവേകാനന്ദനിലൂടെ മഹാത്മാഗാന്ധിയിൽ സ്വാധീനം ചെലുത്തിയ ഭാരതീയജീവിതാദർശം എന്താണെന്നു വിവരിക്കുന്നു. മഹാത്മാവിന്റെ മാർഗ്ഗത്തിൽനിന്ന് അകന്നുപോവുകയും അദ്ദേഹത്തിന്റെ സങ്കല്പങ്ങൾ നിർദ്ദയം ശിഥിലമാക്കുകയും ചെയ്ത ഭാരതത്തിന്റെ ഇന്നത്തെ ദുരവസ്ഥയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും ഗ്രന്ഥകാരൻ നിർദ്ദേശിക്കുന്നുണ്ട്. ഗാന്ധിജിയുടെ ജീവിതത്തിലെ അനശ്വരസത്യം കണ്ടെത്തണം ഭാവിതലമുറയ്ക്കു് അതിന്റെ പ്രകാശം കാണിച്ചു കൊടുക്കണം. ഇതാണ് ഗ്രന്ഥകാരനായ സാധുശീലൻ പരമേശ്വരൻ പിള്ളയുടെ ലക്ഷ്യം.

ആത്മകഥാപരമായ അനുസ്മരണത്തോടുകൂടി ഇളം മനസ്സിൽ പതിയുന്ന രണ്ടു ചിത്രങ്ങൾ ഒന്നാം അദ്ധ്യായത്തിൽ അവതരിപ്പിക്കുന്നുണ്ട്. ജയ് വിളികൾ കൊണ്ടു ഭാരതത്തിലെ ഗ്രാമാന്തരീക്ഷം പോലും മുഖരിതമായ കാലഘട്ടത്തിൽ കൗമാര ഹൃദയത്തിലൂടെ

കടന്നുപററിയ വിവേകാനന്ദന്റേയും ഗാന്ധിജിയുടേയും ചിത്രങ്ങഠം സ്വന്തം ജീവിതഗതിയിൽ വരുത്തിയ വിസ്മയകരമായ വ്യതിയാനം അദ്ദേഹം അനുസ്മരിക്കുന്നു. അന്നത്തെ തലമുറയ്ക്കു കിട്ടിയ വെളിച്ചം സ്വാതന്ത്ര്യഭാരതത്തിൽ എത്ര പെട്ടെന്നാണു് മടങ്ങിപ്പോയതു്! അതിന്റെ നഷ്ടബോധത്തോടുകൂടി വരും തലമുറയെ ഗാന്ധി ചിന്തയിലേയ്ക്കു പ്രത്യാനയിക്കുന്നതിനുള്ള മാർഗ്ഗമാണു് ഈ ഗ്രന്ഥത്തിൽ അവതരിപ്പിക്കുന്നതു്.

വ്യക്തിത്വവികാസവും സ്വഭാവ സംസ്കാരവും ലക്ഷ്യമാക്കുന്ന ഒരു ദേശീയവിദ്യാഭ്യാസപരിപാടിയാണു് ഇദ്ദേഹം നിർദ്ദേശിക്കുന്ന പ്രധാനമാർഗ്ഗം. കുട്ടിക്കാലത്തു് കുടുംബത്തിൽനിന്നു ലഭിച്ച സ്വഭാവ സംസ്കാരത്തിന്റെ അസ്ഥിവാരത്തിൽ പടുത്തുയർത്തിയ ഗാന്ധിജിയുടെ ജീവിതത്തിന്റെ മഹിമയും അനുഭവപരമ്പരയും വ്യക്തമാക്കിയിട്ടുണ്ടു്. അശ്ലീലകഥകളും കുററവാസന വളർത്തുന്ന ചിത്രങ്ങളും ഇന്നത്തെ കുട്ടികളിൽ വളർത്തുന്ന വിനകളും അതോടൊപ്പം ചൂണ്ടിക്കാണിക്കുന്നു. വിദ്യാർത്ഥി ജീവിതം, വിദ്യാഭ്യാസം, പ്രശ്നപരിഹാരം എന്നീ മൂന്നു അദ്ധ്യായങ്ങളിലായി സ്വഭാവസംസ്കാരത്തിൽ ഊന്നിയ ദേശീയ വിദ്യാഭ്യാസത്തെപ്പററിയാണു് ചർച്ച ചെയ്യുന്നതു്. വിദ്യാഭ്യാസരംഗത്തു് ആളിപ്പടരുന്ന അസ്വസ്ഥതകളും നാട്ടിൽ നടമാടുന്ന അക്രമപ്രവണതകളും അവസാനിക്കണമെങ്കിൽ ആത്മവിശ്വാസവും ജീവിതഭദ്രതയും വിദ്യാർത്ഥികഠംക്കു നൽകുന്ന ഒരു പരിവർത്തനം ഉണ്ടാക്കാൻ അധികാരികഠംക്കു കഴിയണം. ധർമ്മബോധത്തിന്റെ പ്രാധാന്യം, ചൂഷണവിമുക്തമായ സമൂഹം, സത്യവും അഹിംസയും, സാധനയും സമരവും. സർവ്വോദയം എന്നീ വിവിധ അദ്ധ്യായങ്ങളിലായി രാഷ്ട്ര പുനർ നിർമ്മാണത്തിനു വേണ്ടി ഗാന്ധിജി സമർപ്പിച്ച വിചാരധാരകഠം ഓരോന്നും ഇതിൽ അപഗ്രഥിക്കുന്നുണ്ടു്.





Pioneer Muthu Printing House, Krishnancoil, Nagercoil.


# കൃഷ്ണം ശരണം ഗച്ഛാമി

(സാധുശീലൻ പരമേശ്വരൻപിള്ള)

ഗ്രന്ഥകാരൻ അപ്പോഴപ്പോൾ പല മാസികകളിലും വാരികകളിലുമായി പ്രസിദ്ധീകരിച്ച നാല്പത്തൊന്നു ലേഖനങ്ങളാണ് ഈ പുസ്തകത്തിലെ ഉള്ളടക്കത്തിന്റെ സ്ഥൂലസ്വരൂപം. എല്ലാ ലേഖനങ്ങളുടേയും അന്തർധാര ഒന്നുമാത്രമാണ്—"ശ്രീകൃഷ്ണഭക്തി."

...ഭക്തന്മാർക്ക് പൊതുവേയും ശ്രീകൃഷ്ണഭക്തന്മാർക്ക് പ്രത്യേകമായും സന്തോഷത്തെ കൊടുക്കുന്ന ഒന്നാണ് "കൃഷ്ണം ശരണം ഗച്ഛാമി" എന്ന ഈ പുതിയ പ്രസിദ്ധീകരണം...."

— "അവതാരിക"യിൽനിന്ന്



ശ്രീഹരി: ശരണം